Digitized by Arya Samaj Foundation Chennai and eGangotri

ഉപദേശസാഹസ്രി



ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം
കാലടി – 683574

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുതിനിഗദിതമാർഗ്ഗ

സ്ഥാപനായാവതീർണ്ണം

ജിനനയബഹുവാദ

ഭ്രാന്തിമുന്മൂലയജ്ഞം

ഭുവനവിജയകീർത്തിം

ശങ്കരം ഭാഷ്യകാരം

വിമലപരമഹംസം

രാമകൃഷ്ണം ഭജാമഃ

— സ്വാമി അഭേദാനന്ദ

ശ്രീശങ്കര ഭഗവത്പാദ രൂപത്തിൽ അവതരിച്ച് വേദോക്തമായ ധർമ്മമാർഗ്ഗത്തെ പുനഃസ്ഥാപിക്കുകയും, നിരീശ്വരമായ ബൗദ്ധവാദഭ്രാന്തിന് ഉന്മൂലനാശം വരുത്തുകയും, പണ്ഡിത ലോകത്തെ മുഴുവൻ വാദത്തിൽ തോൽപിച്ച് സർവ്വജ്ഞപീഠാരോഹണം ചെയ്ത് വിജയശ്രീലാളിതനാകുകയും, പ്രസ്ഥാനത്രയത്തിന് ഭാഷ്യം നിർമ്മിക്കുകയും ചെയ്ത ശുദ്ധപരമാത്മ (പരമഹംസ) സ്വരൂപിയായ ശ്രീരാമകൃഷ്ണദേവനെ ഞങ്ങൾ ഭജിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

DONATION

7812

पुस्तकालय
पुस्तकालय

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപദേശസാഹസ്രി

(ശ്രീ ശങ്കരാചാര്യവിരചിതം)

7812

DONATION

പരിഭാഷകർ:

ഡോക്ടർ ഇ. ആർ. ശ്രീകൃഷ്ണശർമ്മ

വേദാന്തശിരോമണി എ. ശങ്കരശർമ്മ

പ്രസാധകർ:

ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം

കാലടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

UPADESASAHASRI

(One thousand teachings of Sri Sankaracharya)

Malayalam translation by
Dr: E. R. Srikrishna Sarma
and
Vedanta Siromani A. Sankara Sarma

Published by
Swami Gananda
President
Sri Ramakrishna Advaita Ashrama,
P. O. Kalady. PIN: 683574.

First Edition, January 1984.

Copies 1000
All rights reserved by the Publisher.

Paper used for the book was made available by the Govt. of India at a concessional rate.

Printed with the financial assistance from the Ministry of Education and Culture, Government of India.

Printed at the Kairali Press. Trichur.

Price. **Rs. 18**

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയസൂചി

ഗദ്യപ്രബന്ധം— ഒന്നാംഭാഗം	പേജ്
അദ്ധ്യായം ഒന്ന്—	
ശിഷ്യപ്രതിബോധവിധിപ്രകരണം	1
അദ്ധ്യായം രണ്ട്—	
കൂടസ്ഥാദ്വയാത്മബോധപ്രകരണം	38
അദ്ധ്യായം മൂന്ന്—	
പരിസംഖ്യാനപ്രകരണം	82
പദ്യപ്രബന്ധം— രണ്ടാംഭാഗം	
അദ്ധ്യായം ഒന്ന്—	
ഉപോദ്ഘാതപ്രകരണം	90
അദ്ധ്യായം രണ്ട്—	
ആത്മജ്ഞാനോൽപത്തി പ്രകരണം	101
അദ്ധ്യായം മൂന്ന്—	
ഈശ്വരാത്മപ്രകരണം	104
അദ്ധ്യായം നാല്—	
തത്വജ്ഞാനസ്വഭാവപ്രകരണം	107
അദ്ധ്യായം അഞ്ച്—	
ബുദ്ധ്യപരാധപ്രകരണം	109
അദ്ധ്യായം ആറ്—	
വിശേഷാപോഹപ്രകരണം	112
അദ്ധ്യായം ഏഴ്—	
ബുദ്ധ്യാരൂഢപ്രകരണം	115
അദ്ധ്യായം എട്ട്—	
മതിവിലാപനപ്രകരണം	118

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം ഒൻപതു് —
സൂക്ഷ്മതാവ്യാപിതാപ്രകരണം 121
അദ്ധ്യായം പത്തു് —
ദൃശിസ്വരൂപപരമാത്മദർശനപ്രകരണം 126
അദ്ധ്യായം പതിനൊന്നു് —
ഈക്ഷിതൃത്വ പ്രകരണം 134
അദ്ധ്യായം പന്ത്രണ്ടു് —
പ്രകാശപ്രകരണം 141
അദ്ധ്യായം പതിമൂന്നു് —
അചക്ഷുഷ്ട്വപ്രകരണം 150
അദ്ധ്യായം പതിനാലു് —
സ്വപ്നസ്മൃതി പ്രകരണം 161
അദ്ധ്യായം പതിനഞ്ചു് —
നാന്യദന്യത് പ്രകരണം 184
അദ്ധ്യായം പതിനാറ്
പാർത്ഥിവപ്രകരണം 210
അദ്ധ്യായം പതിനേഴ്
സമ്യങ്മതിപ്രകരണം 247
അദ്ധ്യായം പതിനെട്ടു് —
തത്വമസിപ്രകരണം 291
അദ്ധ്യായം പത്തൊൻപതു് —
ആത്മമനഃസംവാദപ്രകരണം 389

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്താവന

സമുദ്രംപോലെ അഗാധവും ആകാശംപോലെ വിശാലവുമാണ് ശ്രീശങ്കരാചാര്യപ്രണീതമായ പ്രസ്ഥാനത്രയി. രത്നാകരസദൃശമായ ഗീതാ_ഉപനിഷത് _ബ്രഹ്മസൂത്ര ഭാഷ്യങ്ങളിൽനിന്ന് പെറുക്കിഎടുത്ത് ഉരച്ചു മാററുകൂട്ടിയ വേദാന്തരത്നങ്ങളാണ് സുപ്രസിദ്ധമായ ഉപദേശസാഹസ്രി. ശ്രീ ശങ്കരൻെറ പിൻഗാമികളായ വേദാന്താചാര്യന്മാർ ശ്രീശങ്കരപ്രകാശിതമായ അദ്വൈതസിദ്ധാന്തപഠനം സുഗമമാക്കുന്നതിന് വേദാന്തസാരം, വേദാന്തപരിഭാഷ മുതലായ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ദ്വൈതികളുടേയും താർക്കികന്മാരുടേയും വാദഗതികളെ അഭിമുഖീകരിക്കുന്നതിനും അവയെ ഖണ്ഡിച്ച് അദ്വൈതം സ്ഥാപിക്കുന്നതിനും ആവക ഗ്രന്ഥങ്ങൾ എന്നും ആധികാരികമായി നിലകൊള്ളുന്നു. എന്നാൽ ആചാര്യസ്വാമികൾ തന്നെ ശിഷ്യപ്രതിബോധനാർത്ഥം നിസർഗ്ഗസുന്ദരമായ കവിതാമാദ്ധ്യമത്തിൽകൂടി വേദാന്തസിദ്ധാന്തങ്ങളെ അവതരിപ്പിക്കുന്ന ഒട്ടനവധി പ്രകരണഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ എല്ലാംകൊണ്ടും ആധികാരികവും ആകാരത്തിൽ ആകർഷകവും വിവേകികൾക്ക് നിത്യചൂഡാരത്നവുമായ തത്വസമാഹാരമാണ് ഉപദേശസാഹസ്രി.

ശ്രീശങ്കരാചാര്യസ്വാമികളുടെ ലഘുഗ്രന്ഥാവലിയിൽപ്പെട്ട ബൃഹത്തായ കൃതിയും ഇതുതന്നെയാണ്. ഇതിന് മലയാളത്തിൽ അധികം പരിഭാഷകൾ ഉണ്ടായിട്ടില്ല. ഉണ്ടെങ്കിൽതന്നെ പുസ്തകരൂപത്തിൽ അതൊന്നും ഇന്ന് സുലഭവുമല്ല.

ഉപദേശസാഹസ്രിയുടെ ഒരു മലയാളവിവർത്തനം അടുത്ത കാലത്ത് ''പ്രബുദ്ധകേരള''ത്തിൽകൂടി ഞ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾ പ്രസിദ്ധം ചെയ്തിരുന്നു. അന്നു് ഞങ്ങളുടെ സ്കൂളിൽ അദ്ധ്യാപകനായിരുന്ന വേദാന്തശിരോമണി ഇ. ആർ. ശ്രീകൃഷ്ണശർമ്മ അവർകളാണു് തർജ്ജമചെയ്തതു്. ശ്രീ ശ്രീകൃഷ്ണശർമ്മ ഉപരിപഠനദ്വാരാ ഉന്നതസ്ഥാനങ്ങളിൽ പ്രതിഷ്ഠിതൻ(തിരുപ്പതി വെങ്കിടേശ്വര യൂണിവേഴ്സിററിയിലെ സംസ്കൃതം പ്രൊഫസർ സ്ഥാനത്തു്) ആകുകയും പ്രബുദ്ധകേരളം മാസികയുടെ പ്രസിദ്ധീകരണം കാലടിയിൽനിന്നു് പുറനാട്ടുകരയ്ക്കു മാറുകയും ചെയ്തതിനാൽ ഉപദേശസാഹസ്രിയുടെ തത്ത്വമസിപ്രകരണം 155–ാം ശ്ലോകംമുതലുള്ള ഭാഗങ്ങൾ അച്ചടിക്കാൻ സാധിച്ചില്ല. പരിഭാഷതന്നെ പൂർത്തിയാക്കാൻ ശ്രീ ശർമ്മാജിയ്ക്കു സമയവും ലഭിച്ചില്ല. ഇങ്ങനെ പരിഭാഷ മുഴുവനാകാതെയും പുസ്തകരൂപത്തിൽ പ്രകാശിതമാകാതെയും ഇരുന്ന ഉപദേശസാഹസ്രി പൂർത്തിയാക്കി പ്രസിദ്ധീകരിക്കണമെന്നു് ബ്രഹ്മലീനനായ ശ്രീമദ് ആഗമാനന്ദ സ്വാമികൾ ആഗ്രഹിച്ചിരുന്നതാണു്. ശ്രീമദാഗമാനന്ദസ്വാമികളുടെ തർജ്ജിമയോടുകൂടിയ വിവേകചൂഡാമണിയും സർവ്വവേദാന്ത സിദ്ധാന്ത സാരസംഗ്രഹവും, ആത്മബോധം വാക്യ വൃത്തി തുടങ്ങിയ മററുപലേ ശാങ്കരഗ്രന്ഥങ്ങളും ഞങ്ങൾ പ്രസിദ്ധീകരിക്കുകയും പുന:പ്രകാശനം നടത്തുകയും ചെയ്തിട്ടുണ്ടു്. ഉപദേശസാഹസ്രിയുടെ പരിഭാഷകൂടി പ്രസിദ്ധീകരിക്കണമെന്നുള്ള ഞങ്ങളുടെ ആഗ്രഹത്തിനും ജിജ്ഞാസുക്കളായ ബഹുജനങ്ങളുടെ ആഗ്രഹത്തിനും പൂർത്തീകരണം ലഭിയ്ക്കുന്നതിനു് ഇപ്പോൾ മാത്രമാണു് അവസരം സിദ്ധിച്ചതു്.

തത്ത്വമസിപ്രകരണം 155_ാം ശ്ലോകംമുതലുള്ള ഭാഗങ്ങൾ ഞങ്ങളുടെ വിനീതമായ അഭ്യർത്ഥനയനുസരിച്ച് പണ്ഡിതശ്രേഷ്ഠനും അഭിവന്ദ്യനുമായ വേദാന്തശിരോമണി ശ്രീ എ. ശങ്കരശർമ്മ പരിഭാഷപ്പെടുത്തിത്തന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആശ്രമസുഹൃത്തുക്കളായ പ്രസ്തുത പണ്ഡിതന്മാർ പ്രതിഫലംകൂടാതെ ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണാവകാശം ആശ്രമത്തിനു തരികയും ചെയ്തു. എന്നിട്ടും സാമ്പത്തികഭാരംമൂലം പ്രസിദ്ധീകരണം നീണ്ടുപോയി.

ഭാരതസർക്കാർ കുറഞ്ഞ വിലയ്ക്കു് കടലാസ് നൽകുകയും അച്ചടിയ്ക്കുവേണ്ടി സഹായധനം വാഗ്ദാനം ചെയ്യുകയും ചെയ്തതോടെ ഞങ്ങളുടെ ആഗ്രഹനിവൃത്തിവരുമെന്നു് തീർച്ചയായി. പരിചയസമ്പന്നനും ആശ്രമസുഹൃത്തുമായ കൈരളീപ്രസ്സ്മാനേജർ അച്ചടിയുടെ ചുമതല ഏറെറടുത്തു് നിറവേററിയതിനു് അദ്ദേഹത്തോടു് ഞങ്ങൾ എന്നും കൃതജ്ഞരാണു്. ഗ്രന്ഥപരിശോധനയിലും കയ്യെഴുത്തുപ്രതി ഉണ്ടാക്കിതരുന്നതിലും പ്രയത്നിച്ചിട്ടുള്ള ബ്രഹ്മചാരി സത്യദാസ്, സ്വാമി പുരന്ദരാനന്ദ എന്നിവരും പ്രൂഫ് നോക്കിതരുന്നതിൽ സഹായിച്ച ശ്രീ സ്വപ്രഭാനന്ദസ്വാമികളും ഞങ്ങളുടെ അഭിനന്ദനം അർഹിക്കുന്നു. ഇന്ത്യാഗവണ്മേൻറ് ഞങ്ങളുടെസവിശേഷമായ കൃതജ്ഞതയ്ക്കു് പാത്രമാണു്.

ഞങ്ങളുടെ പ്രയത്നം സഫലമാകുന്നതും ഞങ്ങളെ കൃതാർത്ഥരാക്കുന്നതും മററാരുമല്ല. പരഗുണപരമാണുക്കളെ പർവ്വതീകരിയ്ക്കുന്ന സത്തുക്കളും സഹൃദയന്മാരും ഉദാരമതികളുമായ ക്രേതാക്കളും ജിജ്ഞാസുക്കളായ അനുവാചകരും വിദ്യാർത്ഥികളുമാണു്. അവരുടേയും ഗുരുജനങ്ങളുടേയും കരകമലങ്ങളിൽ ഈ ഉപദേശസാഹസ്രിയാകുന്ന മധുചഷകത്തെ സാദരം സമർപ്പിച്ചുകൊള്ളുന്നു.

ശ്രീരാമകൃഷ്ണാശ്രമം
കാലടി, പ്രസാധകർ
20-11-1983.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപദേശസാഹസ്രി

(ശ്രീശങ്കരാചാര്യവിരചിതം)

ഗദ്യപ്രബന്ധം-പ്രഥമഭാഗം

ശിഷ്യപ്രതിബോധവിധിപ്രകരണം

അദ്ധ്യായം ഒന്ന്

അഥ മോക്ഷസാധനോപദേശവിധിം വ്യാഖ്യാസ്യാമോ മുമുക്ഷൂണാം ശ്രദ്ദധാനാനാമർഥിനാമർഥായ. 1

ഇനി ഇപ്പോൾ മോക്ഷമാഗ്രഹിക്കുന്നവരും ശ്രദ്ധാലുക്കളും ആവശ്യക്കാരുമായവർക്കുവേണ്ടി മോക്ഷോപായം ഉപദേശിക്കേണ്ടതെങ്ങനെയെന്ന് നിരൂപിക്കാം.

തദിദം മോക്ഷസാധനം ജ്ഞാനം സാധനസാധ്യാദനിത്യാത് സർവ്വസ്മാദ്വിരക്തായ ത്യക്തപുത്രവിത്തലോകൈഷണായ പ്രതിപന്നപരമഹംസ പാരിവ്രാജ്യായ ശമദമദയാദിയുക്തായ ശാസ്ത്രപ്രസിദ്ധശിഷ്യഗുണസമ്പന്നായ ശുചയേ ബ്രാഹ്മണായ വിധിവദുപസന്നായ ശിഷ്യായ ജാതികർമ്മവൃത്തവിദ്യാഭിജനൈഃ പരീക്ഷിതായ ബ്രൂയാത് പുനഃപുനഃ യാവദ്ഗ്രഹണം ദൃഢീഭവതി 2

മോക്ഷസാധനമായ ഈ ജ്ഞാനത്തെ താഴെ വിവരിക്കുന്ന ഗുണങ്ങളിണങ്ങിയ ശിഷ്യന് അയാളുടെ ഹൃദയത്തിൽ നന്നായി പതിയുന്നതുവരെ വീണ്ടും വീണ്ടും ഉപദേശിക്കണം. ആ ശിഷ്യൻ, ഉപകരണങ്ങളെക്കൊണ്ട് സാധിക്കാവുന്നതും തന്മൂലം നശ്വരവുമായ എല്ലാററിൽ നിന്നും വിരക്തനായിരിക്കണം. പുത്രൻ, ധനം, ഇഹലോകപരലോകങ്ങൾ (ഇതിൽ വൈകുണ്ഠം കൈലാസം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുതലായവയും ഉൾപ്പെട്ടു) എന്നിവയിൽ ആഗ്രഹമില്ലാത്തവനായിരിക്കണം. പരമഹംസപരിവ്രാജകൻ (ഒരിടത്തും സ്ഥിരമായി താമസിക്കാത്തവനും പ്രപഞ്ചത്തെ പൂർണ്ണമായിത്തള്ളിയവനും) ആയ സന്ന്യാസി ആയിരിക്കണം. ശമം, ദമം, (ഇന്ദ്രിയനിഗ്രഹം) ദയ എന്നീ ഗുണങ്ങൾ ഉള്ളവനായിരിക്കണം. ശാസ്ത്രപ്രസിദ്ധമായ ശിഷ്യഗുണങ്ങളെല്ലാം ഒത്തിണങ്ങിയവനായിരിക്കണം. ശുചിയായ ഈബ്രാഹ്മണൻ(വേദനിഷ്ഠൻ) വിധിപ്രകാരം ഗുരുവിൻെറ അടുക്കൽ ജ്ഞാനഗ്രഹണത്തിന്ന് ചെന്നവനമാവണം. ഇങ്ങനെയുള്ള ശിഷ്യനെ അയാളുടെ ജന്മം, കർമ്മം, വൃത്തി, വിദ്യ, കുലം, എന്നിവ പരിശോധിച്ചതിനുശേഷം വേണം ഗുരു ഉപദേശിക്കുവാൻ 2

ശ്രുതിശ്ച—''പരീക്ഷ്യലോകാൻ....തത്ത്വതോ ബ്രഹ്മവിദ്യാം'' ഇതി. ദൃഢഗൃഹീതാ ഹി വിദ്യാ ആത്മനഃശ്രേ-യസേ സന്തത്യൈ ച ഭവതി. വിദ്യാസന്തതിശ്ച പ്രാണ്യനുഗ്രഹായ ഭവതി, നൗരിവ നദീം തിതീർഷോഃ. ശാസ്ത്രം ച-''യദ്യപ്യസ്മാ ഇമാമദ്ഭിഃ പരിഗൃഹീതാം ധനസ്യ പൂർണ്ണാം ദദ്യാത് ഏതദേവ തതോ ഭൂയഃ'' ഇതി. അന്യഥാ ച ജ്ഞാനപ്രാപ്ത്യഭാവാത്—''ആചാര്യവാൻ പുരുഷോ വേദ'', 'ആചാര്യാദ്ധൈവ വിദ്യാ വിദിതാ, 'ആചാര്യഃ പ്ലാവയിതാ', 'സമ്യഗ്ജ്ഞാനം പ്ലവ ഇഹോച്യതേ' ഇത്യാദി ശ്രുതിഭ്യഃ, 'ഉപദേക്ഷ്യന്തി തേ ജ്ഞാനം' ഇത്യാദി സ്മൃതേശ്ച. 3

ശ്രുതിയും പറയുന്നു:—

പരീക്ഷ്യലോകാൻ കർമ്മചിതാൻ, ബ്രാഹ്മണോ നിർവ്വേദമായാത്, നാസ്ത്യകൃതഃ കൃതേന, തദ്വിജ്ഞാനാർത്ഥം സഃ ഗുരുമേവാഭിഗച്ഛേത് സമിത്പാണിഃ ശ്രോത്രിയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മനിഷ്ഠം'. തസ്മൈ സ വിദ്വാൻ ഉപസന്നായ സമ്യക് പ്രശാന്തചിത്തായ ശമാന്വിതായ, യേനാക്ഷരം പുരുഷം വേദ സത്യം പ്രോവാച താം തത്ത്വതോ ബ്രഹ്മവിദ്യാം.

കർമ്മങ്ങളെക്കൊണ്ടു സമ്പാദിയ്ക്കേണ്ട ലോകം നശ്വരമാണ്; കാരണം, നശ്വരങ്ങളെക്കൊണ്ട് അനശ്വരമായതു ലഭിക്കുകയില്ല. എന്നിങ്ങനെ കണ്ടറിഞ്ഞ ബ്രഹ്മജിജ്ഞാസു അവയിൽനിന്ന് വിരക്തനായി, അനശ്വരമായതിനെ അറിയുവാൻ, വേദനിഷ്ണാതനും ബ്രഹ്മനിഷ്ഠനുമായ ഗുരുവിനെ ചമത കൈയ്യിലെടുത്തുകൊണ്ട് സമീപിക്കണം. ആ ഗുരുവാകട്ടെ ശമസമ്പന്നനും, ശാന്തചിത്തനും, വിധിപ്രകാരംതന്നെ സമീപിച്ചവനുമായ ശിഷ്യന് അനശ്വരമായ ബ്രഹ്മത്തെ അറിയുന്നതിനുള്ള ഉപായത്തെ വ്യക്തമായി ഉപദേശിക്കണം. ഇപ്രകാരം ഉറപ്പായി ഗ്രഹിച്ച വിദ്യകൊണ്ടേ നന്മയുണ്ടാവൂ. വിദ്യ പ്രചരിക്കണമെങ്കിലും തുടന്ന് നിലനില്ക്കണമെങ്കിലും ദൃഢമായി ഗ്രഹിക്കുകതന്നെ വേണം. പ്രചരിക്കപ്പെടുന്ന വിദ്യ പുഴ കടക്കേണ്ടവന്ന് തോണിയെന്നപോലെ ജീവികൾക്ക് അനുഗ്രഹത്തിന്നായി ഭവിക്കുന്നു. ശാസ്ത്രം പറയുന്നതു് നോക്കുക; ''യദ്യപ്യസ്മാ ഇമാം അദ്ഭിഃ പരിഗൃഹീതാം ധനസ്യ പൂർണ്ണാം ദദ്യാത് ഏതദേവ തതോഭൂയഃ'' (ആചാര്യന് സമുദ്രത്താൽ ചുററപ്പെട്ടതും ഐശ്വര്യപൂർണ്ണവുമായ ഭൂമിതന്നെ കൊടുക്കേണ്ടിവന്നാലും, അതിനെക്കാൾ വിലയേറിയതാണ് ഈ ജ്ഞാനം.) മറെറാരു തരത്തിലും ജ്ഞാനം സാധ്യമല്ല. ''ആചാര്യവാൻ പുരുഷോ വേദ'' (ഛാ.6.14.2) (ആചാര്യനുള്ളവനേ ബ്രഹ്മജ്ഞാനം ഉണ്ടാവൂ) ''ആചാര്യാദ്ധൈവ വിദ്യാ വിദിതാ'' (ഛാ.4.9.3) (ആചാര്യനിൽ നിന്ന് സമ്പാദിച്ച ജ്ഞാനമേ പൂർണ്ണമാവൂ.) ''ആചാര്യഃ പ്ലാവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

യിതാ'' (ആചാര്യനാണ് കടത്തുകാരൻ) ''സമ്യഗ്ജ്ഞാനം പ്ലവ ഇഹോച്യതേ'' (ശരിയായ ജ്ഞാനത്തെയാണ് 'വഞ്ചി' (പൊങ്ങുതടി) എന്ന് ഇവിടെ പറയുന്നത്.) തുടങ്ങിയ ശ്രുതിവാക്യങ്ങളും ''ഉപദേക്ഷ്യന്തി തേ ജ്ഞാനം'' (ഗീത.4.34) (ജ്ഞാനികൾ നിനക്ക് ജ്ഞാനം ഉപദേശിക്കും.) എന്നും മററുമുള്ള സ്മൃതിവാക്യങ്ങളും ഇതുതന്നെയാണ് പറയുന്നത്. 3

ശിഷ്യസ്യ ജ്ഞാനാഗ്രഹണം ച ലിങ്ഗൈർബുദ്ധ്വാ അഗ്രഹണേ ഹേതൂൻ അധർമ്മ–ലൌകിക–പ്രമാദ–നിത്യാനിത്യവിവേകവിഷയാസംജാതദൃഢപൂർവ്വശ്രുതത്വ–ലോകചിന്താവേക്ഷണ–ജാത്യാദ്യഭിമാനാദീൻ തത്പ്രതിപക്ഷൈഃ ശ്രുതിസ്മൃതിവിഹിതൈഃ അപനയേത, അക്രോധാദിഭിരഹിംസാദിഭിശ്ച യമൈഃ, ജ്ഞാനാവിരുദ്ധൈശ്ച നിയമൈഃ. 4

ശിഷ്യൻ ജ്ഞാനം ഗ്രഹിക്കുന്നില്ലെന്ന് അഥവാ തെററായി ഗ്രഹിക്കുന്നുവെന്ന് ചിഹ്നങ്ങളെക്കൊണ്ട് മനസ്സിലാക്കിയിട്ട് ഗുരു കാരണങ്ങളെ ഇല്ലാതാക്കണം. ആ കാരണങ്ങൾ താഴെപ്പറയുന്നവയാവാം:–അധർമ്മം, (കഴിഞ്ഞകാലത്തുചെയ്തപാപം) പ്രമാദം (വിവേചനമില്ലാതെയുള്ള ഭക്ഷണം, ഭാഷണം മുതലായവ) നിത്യവും അനിത്യവുമായ വസ്തുക്കളെക്കുറിച്ചുള്ള മുന്നറിവിന്ന് ഉറപ്പില്ലായ്മ; ലോകത്തിൻെറ പ്രീതി സമ്പാദിപ്പാൻ വേണ്ടിയുള്ള പെരുമാററം, ജാതി, വംശം, വയസ്സ് എന്നിവയെ പററിയുള്ള അഭിമാനം മുതലായവ. ഈ കാരണങ്ങളെ അവസ്ഥ വിരുദ്ധമായി ശ്രുതിസ്മൃതികളിൽ വിധിച്ചിട്ടുള്ള അക്രോധം, അഹിംസ തുടങ്ങിയ യമങ്ങളെക്കൊണ്ടും ജ്ഞാനത്തിന് വിരുദ്ധമല്ലാത്ത നിയമങ്ങളെക്കൊണ്ടും വേണം ഇല്ലാതാക്കുവാൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമാനിത്വാദിഗുണം ച ജ്ഞാനോപായം സമ്യക് ഗ്രാഹയേത്. 5

ജ്ഞാനോപായമായ അമാനിത്വം (അഭിമാനമില്ലായ്മ) തുടങ്ങിയ ഗുണങ്ങളേയും അയാളെ നന്നായി ഗ്രഹിപ്പിക്കണം. 5

ആചാര്യസ്തു ഊഹാപോഹ ഗ്രഹണധാരണശമദമദയാനുഗ്രഹാദിസമ്പന്നോ ലബ്ധാഗമോ ദൃഷ്ടാദൃഷ്ടഭോഗേഷ്വനാസക്തഃ ത്യക്തസർവ്വകർമ്മസാധനോ ബ്രഹ്മവിത് ബ്രഹ്മണി സ്ഥിതോഽഭിന്നവൃത്തോ ദംഭ ദർപ കുഹക ശാഠ്യ മായാമാത്സര്യാനൃതാഹങ്കാരമമത്വാദിദോഷവർജിതഃ കേവലപരാനുഗ്രഹപ്രയോജനോ വിദ്യോപയോഗാർഥീ പൂർവ്വമുപദിശേത്:—'സദേവ സോമ്യേദമഗ്ര ആസീദേകമേവാദ്വിതീയം,' 'യത്ര നാന്യത് പശ്യതി,' 'ആത്മൈവേദം സർവ്വം,' 'ആത്മാ വാ ഇദമേക ഏവാഗ്ര ആസീത്,' 'സർവ്വം ഖല്വിദം ബ്രഹ്മ' ഇത്യാദ്യാഃ ആത്മൈക്യപ്രതിപാദനപരാഃ ശ്രുതീഃ. 6

ആചാര്യനാകട്ടെ ഊഹാപോഹവിചക്ഷണനും, ആദ്ധ്യാത്മിക കാര്യങ്ങൾ മനസ്സിലാക്കുന്നതിലും, അവയെ ഓർമ്മിക്കുന്നതിലും മിടുക്കനും, മനശ്ശാന്തി, ഇന്ദ്രിയനിഗ്രഹം, ദയ, അന്യരെ സഹായിക്കുവാനുള്ള സന്നദ്ധത, എന്നീ ഗുണങ്ങൾ ഒത്തിണങ്ങിയവനും, ശാസ്ത്രങ്ങൾ പഠിച്ചവനും, കാണപ്പെടുന്നതും കാണപ്പെടാത്തതുമായ ഭോഗവിഷയങ്ങളിൽ ആസക്തിയില്ലാത്തവനും, എല്ലാ കർമ്മങ്ങളേയും അവയുടെ ഉപകരണങ്ങളോടുകൂടി ത്യജിച്ചവനും, ബ്രഹ്മജ്ഞാനിയും, ബ്രഹ്മനിഷ്ഠനും ആയിരിക്കണം. മര്യാദകളെ അതിലംഘിക്കാത്തവനുമാവണം. ഡംഭ്, അഹങ്കാരം, അന്യരെ കബളിപ്പിക്കൽ, ശാഠ്യം, ചതി, മാത്സര്യം, കളവുപറയൽ, 'ഞാൻ' 'എൻേറതു്' എന്നിങ്ങ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

നെയുള്ള ദുരഭിമാനം തുടങ്ങിയ ദോഷങ്ങരം തീണ്ടാത്തവ നുമായരിക്കണം. പരാനുഗ്രഹം എന്ന ഒരേയൊരു പ്രയോജനത്തിനുവേണ്ടി മാത്രം പ്രവത്തിക്കുന്നവനുമാവണം; തൻെറ വിദ്യ സോപയോഗമായിത്തീരണമെന്നു് ആഗ്രഹിക്കുന്നവനും ആവണം. അങ്ങനെയുള്ള ആചാര്യൻ ഒന്നാമതായി ആത്മൈക്യത്തെ (താനും ബ്രഹ്മവും ഒന്നാണെന്ന സത്യത്തെ) പ്രതിപാദിക്കുന്ന ശ്രുതിവാക്യങ്ങളെ ശിഷ്യനായി ഉപദേശിക്കണം. ഇതൊക്കെയാണു് ആ വാക്യങ്ങരം: 'സദേവ സോമ്യേദമഗ്ര ആസീത് ഏകമേവാദ്വിതിയം' (ഛാ. 6. 2. 1) (എൻെറ കുഞ്ഞേ! തുടക്കത്തിൽ ഉണ്മയായി ഇതൊന്നു മാത്രമേ ഉണ്ടായിരുന്നുള്ളു, മറെറാന്നുമുണ്ടായിരുന്നില്ല.) 'യത്ര നാന്യത് പശ്യതി' (ഛാ. 7. 24. 1.) (എവിടെ വേറെ ഒന്നിനേയും കാണുന്നില്ലയോ.) 'ആത്മൈവേദം സവ്വം' (ഛാ. 7. 25. 2.) (ഇതെല്ലാമാത്മാവുതന്നെ.) 'ആത്മാ വാ ഇദമേക ഏവാഗ്ര ആസീത്'' (ഐ. 1.1.1) (തുടക്കത്തിൽ ഈ ആത്മാവു് ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളു.) 'സവ്വം ഖല്വിദം ബ്രഹ്മ' (ഛാ. 3. 14. 1.) (ഇതെല്ലാം തന്നെ ബ്രഹ്മമാണു്.) 6

ഉപദിശ്യ ച ഗ്രാഹയേത്–ബ്രഹ്മണോ ലക്ഷണം 'യ ആത്മാഽപഹതപാപ്മാ', യത്''സാക്ഷാദപരോക്ഷാദ് ബ്രഹ്മ', 'യോഽശനായാപിപാസേ', 'നേതി' നേതി'' 'അസ്ഥൂലമനണു' 'സ ഏഷ നേതി' 'അദൃഷ്ടം ദ്രഷ്ടൃ', ''വിജ്ഞാനമാനന്ദം'', ''സത്യം ജ്ഞാനമനന്തം'' 'അദൃശ്യേഽനാത്മ്യേ', 'സ വാ ഏഷ മഹാനജ ആത്മാ' 'അപ്രാണോ ഹ്യമനാഃ, ''സ ബാഹ്യാഭ്യന്തരോ ഹ്യജഃ'' 'വിജ്ഞാനഘന ഏവ', 'അനന്തരമബാഹ്യം', അന്യദേവതദ്വിദിതാദഥോ അവിദിതാത്'', ആകാശോ വൈ നാമ'' ഇത്യാദി ശ്രുതിഭിഃ. 7

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്മൃതിഭിശ്ച—"ന ജായതേ മ്രിയതേവാ", "നാദത്തേ കസ്യചിത്പാപം", "യഥാകാശസ്ഥിതോ നിത്യം", "ക്ഷേത്രജ്ഞം ചാപി മാം വിദ്ധി", "ന സത്തന്നാസദുച്യതേ", "അനാദിത്വാന്നിർഗ്ഗുണത്വാത്", "സമം സർവ്വേഷു ഭൂതേഷു", "ഉത്തമഃ പുരുഷസ്ത്വന്യഃ" ഇത്യാദിഭിഃ ശ്രുത്യുക്തലക്ഷണാവിരുദ്ധാഭിഃ പരമാത്മാസംസാരിത്വപ്രതിപാദനപരാഭിഃ തസ്യ സർവ്വേണാനന്യത്വപ്രതിപാദനപരാഭിശ്ച. 8

ഇങ്ങനെ ഉപദേശിച്ചശേഷം താഴെക്കാണുന്ന ശ്രുതിവാക്യങ്ങൾകൊണ്ട് ബ്രഹ്മത്തിന്റെ ലക്ഷണം വഴിപോലെ ധരിപ്പിക്കുകയും വേണം. "യ ആത്മാ അപഹതപാപ്മാ"(ഛാ. 8. 7. 1.) (യാതൊരുആത്മാവ് പാപം തീണ്ടാത്തതാണ്.) 'യത്സാക്ഷാദപരോക്ഷാദ്ബ്രഹ്മ'. (ബൃ. 3. 4. 1) (ബ്രഹ്മം സദാ പ്രത്യക്ഷമാണെന്നു സാരം.) 'യോഽശനായാപിപാസേ' (ബൃ. 3. 5. 1) (അതു വിശപ്പു, ദാഹം എന്നിവയിൽനിന്ന് അതീതമാണ്.) 'നേതി നേതി' (ബൃ. 2. 3. 6.) (ഇതല്ല ഇതല്ല.) 'അസ്ഥൂലമനണു' (ബൃ. 3. 8. 8.) (സ്ഥൂലമല്ലാ സൂക്ഷ്മമല്ല) സ ഏഷ നേതി നേതി (ബൃ.3.9.26.) (ഈ ആത്മാവ്ഇതല്ലഇതല്ല) 'അദൃഷ്ടം ദൃഷ്ടൃ' (ബൃ. 3.8.11.) (അതു കാണപ്പെടാത്തതും എല്ലാററിനേയും കാണുന്നതും ആണ്.) വിജ്ഞാനമാനന്ദംബ്രഹ്മ'(ബൃ.3.9.27) (ബ്രഹ്മം വിജ്ഞാനസ്വരൂപവും ആനന്ദവുമാണ്.) 'സത്യം ജ്ഞാനമനന്തം ബ്രഹ്മ' (തൈ. 2. 1.)(ബ്രഹ്മം സത്യസ്വരൂപവും ജ്ഞാനസ്വരൂപവും അനന്തവുമാണ്.) 'അദൃശ്യേഽനാത്മ്യേ' (തൈ. 2. 7.) (കാണാൻ വയ്യാത്തതും ശരീരമില്ലാത്തതുമാണ്.) 'സ വാ ഏഷ മഹാനജ ആത്മാ' (ബൃ. 4. 4. 22) (ഈ ആത്മാവ് മഹത്തും ജനനമില്ലാത്തതുമാണ്) 'അപ്രാണോ ഹ്യമനാഃ' (മുണ്ഡകം. 2 1. 2.) (പ്രാണനും മനസ്സുമില്ലാത്തതാണ്.) 'സ ബാഹ്യാഭ്യന്തരോ ഹ്യജഃ (മു: 2.1.2) ജനനമില്ലാത്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തും അകവും പുറവും നിറഞ്ഞുനില്ക്കുന്നതുമാണ്.) 'വിജ്ഞാനഘന ഏവ' (ബൃ.2.4.12) (ജ്ഞാനമാത്രസ്വരൂപി) 'അനന്തരമബാഹ്യം' (ബൃ. 2. 5. 19.) (അകവും പുറവുമില്ലാത്തതു്.) 'അന്യദേവ തദ്വിദിതാദഥോ അവിദിതാത്''. (കേനം. 1. 3.) (അറിയപ്പെട്ടതുമല്ല; അറിയപ്പെടാത്തതുമല്ല.) 'ആകാശോ വൈ നാമ (ഛാ.8.14. 1) (ആകാശമെന്നു പറയപ്പെടുന്നതു്.) 7

അതുപോലെ, ശ്രുതിയിൽപറഞ്ഞ ലക്ഷണങ്ങൾക്ക് വിരുദ്ധമല്ലാത്തവയും, പരമാത്മാവിന് ജനന മരണാദി സംസാരങ്ങൾ ഇല്ലെന്നുപറയുന്നവയും, ആ ആത്മാവുതന്നെയാണ് ഇതെല്ലാം എന്ന തത്ത്വത്തെ പ്രതിപാദിക്കുന്നവയുമായ സ്മൃതിവാക്യങ്ങളേക്കൊണ്ടും, ലക്ഷണം വേണ്ടപോലെ ബോധിപ്പിക്കണം. ആ വാക്യങ്ങളാകട്ടെ ''നാദത്തേ കസ്യചിത്പാപം' (ഗീ.5.15.) (ആരുടേയും പാപം അതിൽ പററുന്നില്ല.) 'യഥാകാശസ്ഥിതോ നിത്യം' (ഗീ. 9. 6.) (ആകാശത്തിലെങ്ങും നിറഞ്ഞുനില്ക്കുന്ന വായുപോലെ)' ന ജായതേ മ്രിയതേ വാ' (ഗീ.2.20) (ഈ ആത്മാവ് ജനിക്കുന്നുമില്ല. മരിക്കുന്നുമില്ല.)'ക്ഷേത്രജ്ഞം ചാപി മാം വിദ്ധി' (ഗീത. 13. 2.) (വ്യഷ്ടി രൂപമായ ആത്മാവ് സമഷ്ടിരൂപവുമാണെന്നറിയണം.) 'ന സത്തന്നാസദുച്യതേ' (ഗീ. 13. 12.) (ഉള്ളതെന്നു പറയാൻ വയ്യാ, ഇല്ലാത്തതെന്നും പറയാൻ വയ്യാ) 'അനാദിത്വാന്നിർഗ്ഗുണത്വാത്'' (ഗീ. 13. 31.) (തുടക്കമില്ലാത്തതും നിർഗ്ഗുണവുമാകുന്നു)'സമം സർവ്വേഷു ഭൂതേഷു' (ഗീ.1.3.27) (ആത്മാവ് എല്ലാററിലും ഒന്നുപോലെ തന്നെയാണ്.) ഉത്തമഃ പുരുഷസ്ത്വന്യഃ (ഗീ. 15. 17.) (ഉത്തമനായ പുരുഷൻ ഇതിൽനിന്നു ഭിന്നൻ) 8

ഏവം ശ്രുതിസ്മൃതിഭിഃ ഗൃഹീതപരമാത്മലക്ഷണം ശിഷ്യം സംസാരസാഗരാദുത്തിതീർഷും പൃച്ഛേത്. 'കസ്ത്വമസി സോമ്യേതി.' 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങനെ ശ്രുതിസ്മൃതികളിൽനിന്നു് പരമാത്മാവിന്റെ ലക്ഷണം ഇന്നതെന്നു ധരിച്ചുകഴിഞ്ഞവനും സംസാരസാഗരത്തിന്നക്കരെ പററുവാൻ ആഗ്രഹിക്കുന്നവനുമായ ശിഷ്യനോടു് ആചാര്യൻ ചോദിക്കണം 'കുട്ടീ നീ ആരാണു്?' എന്നു്. 9

സ യദി ബ്രൂയാത്—ബ്രാഹ്മണപുത്രഃ അദോന്വയഃ ബ്രഹ്മചാര്യാസം, ഗൃഹസ്ഥോ വാ ഇദാനീമസ്മി പരമഹംസ പരിവ്രാട് സംസാരസാഗരാത് ജന്മമൃത്യു മഹാഗ്രാഹാത് ഉത്തിതീർഷുരിതി. 10

ആചാര്യോ ബ്രൂയാത്—ഇഹൈവ തവ സോമ്യ മൃതസ്യ ശരീരം വയോഭിരദ്യതേ മൃദ്ഭാവം വാപദ്യതേ, തത്ര കഥം സംസാരാദ്ഉദ്ധർത്തുമിച്ഛസീതി. നഹി നദ്യാഃ അവരേ കൂലേ ഭസ്മീഭൂതേ നദ്യാഃ പാരം തരിഷ്യസീതി. 11

അയാറം ഇങ്ങനെ പറയുന്നു എന്നു വച്ചുക: 'ഞാൻ ബ്രാഹ്മണപുത്രനാണു്, ഇന്ന വംശത്തിൽ ജനിച്ചവനാണു്; ബ്രഹ്മചാരിയായിരുന്നു, അഥവാ ഗൃഹസ്ഥനായിരുന്നു; ഇപ്പോറം ജനനമരണമാകുന്ന വൻ മുതല വസിക്കുന്ന ഈ സംസാര സാഗരത്തിൽനിന്നു് രക്ഷപ്രാപിക്കുന്നതിന്നായി സന്യാസിയായിത്തീന്നിരിക്കുന്നു. 10

അപ്പോറം ആചാര്യൻ പറയണം:—'കുഞ്ഞേ നീ മരിച്ചുകഴിഞ്ഞാൽ നിന്റെ ശരീരം ഇവിടെവച്ചുതന്നെ ഒന്നിലോ പക്ഷികറംക്കു തീററയാകും, അല്ലെങ്കിൽ മണ്ണായിത്തീരും, പിന്നെയെങ്ങനെ സംസാരത്തിന്റെ അക്കരെ കടക്കുവാൻ ആഗ്രഹിക്കുന്നു? പുഴയുടെ ഇക്കരെവച്ചുതന്നെ ചാമ്പലായിത്തീന്നവന്നു് അക്കരെ പററുവാൻ കഴിയുമോ?' 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ യദി ബ്രൂയാത്_അന്യോഽഹം ശരീരാത്. ശരീരം തു ജായതേ മ്രിയതേ, വയോഭിരദ്യതേ, ശസ്ത്രാഗ്ന്യാദി-ഭിശ്ച വിനാശ്യതേ, വ്യാധ്യാദിഭിശ്ച പ്രയുജ്യതേ. തസ്മിൻ അഹം സ്വകൃതധർമ്മാധർമ്മവശാത് പക്ഷീനീഡമിവ പ്രവിഷ്ടഃ പുനഃ പുനഃ ശരീരവിനാശേ ധർമ്മാധർമ്മവശാത് ശരീരാന്തരം യാസ്യാമി, പൂർവ്വനീഡവിനാശേ പക്ഷീവ നീഡാന്തരം. ഏവമേവാഹമനാദൗ സംസാരേ ദേവമനുഷ്യതിര്യങ്നിരയസ്ഥാനേഷു സ്വകർമ്മവശാ-ദുപാത്തമുപാത്തം ശരീരം ത്യജൻ, നവം നവം ച അന്യദുപാദദാനോ, ജന്മമരണപ്രബന്ധചക്രേ ഘടീയന്ത്രവത് സ്വകർമ്മണാ ഭ്രാമ്യമാണഃ ക്രമേണേദം ശരീരമാസാദ്യ സംസാരചക്രഭ്രമണാത് അസ്മാന്നിർവിണ്ണോ ഭഗവന്ത-മുപസന്നോഽസ്മി സംസാരചക്രഭ്രമണപ്രശമായ. തസ്മാ-ന്നിത്യഏവാഹം ശരീരാദന്യഃ. ശരീരാണി ആഗച്ഛന്ത്യപ-ഗച്ഛന്തി ച വാസാംസീവ പുരുഷസ്യേതി. 12

ആചാര്യോ ബ്രൂയാത്—സാധുവാദീഃ സമ്യക് പശ്യസി. കഥം മൃഷാഽവാദീഃ, ബ്രാഹ്മണപുത്രോഽദോന്വയോ ബ്രഹ്മചാര്യാസം, ഗൃഹസ്ഥോ വാ, ഇദാനീമസ്മി പരമഹംസ പരിവ്രാഡിതി. 13

അപ്പോൾ ശിഷ്യൻ ഇങ്ങനെപറയുന്നു എന്നുവിചാരിക്കുക:_ഞാൻ ശരീരമല്ല, ശരീരം ജനിക്കുന്നു, മരിക്കുന്നു, പക്ഷികൾക്കു തീററയായിത്തീരുന്നു. ആയുധം, തീയ് എന്നിവയാൽ നശിപ്പിക്കപ്പെടുന്നു; രോഗബാധിതമായും തീരുന്നു. അങ്ങനെയുള്ള ശരീരത്തിൽ സ്വയം ചെയ്ത ധർമ്മാധർമ്മങ്ങളനുസരിച്ച് പക്ഷി കൂട്ടിലെന്ന പോലെ ഞാനകപ്പെട്ടിരിക്കുകയാണ്. ശരീരമോരോന്നും നശിക്കവേ ഞാൻ പുണ്യപാപവശാത് മറെറാരു ശരീരത്തിലേക്ക്, ആദ്യത്തെ കൂടുനശിച്ച പക്ഷി മറെറാരു കൂട്ടിലേയ്ക്കെന്നപോലെ പോകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങനെ ഞാൻ അനാദിയായ സംസാരത്തിൽ സ്വകർമ്മമനുസരിച്ച്, ദേവൻ, മനുഷ്യൻ, തിര്യക്, നരകജീവി എന്നിങ്ങനെ ഓരോ ദേഹമെടുക്കുകയും ത്യജിക്കുകയും ചെയ്യുന്നു; വീണ്ടും പുതുതായി ഓരോ ദേഹമെടുക്കുന്നു. ജനനം, മരണം, എന്നീ തുടർന്നുവരുന്ന പരിവർത്തനക്രമത്തിനു്, തേക്കുയന്ത്രംപോലെ, അധീനനായി, സ്വകർമ്മത്താൽ വട്ടം ചുററിക്കപ്പെടുന്നു. അങ്ങിനെ കറങ്ങിക്കൊണ്ടിരിക്കേ ക്രമത്തിൽ ഈ ശരീരമെടുത്തു് ഈ സംസാര ചക്രത്തിൽ കിടന്നു വലഞ്ഞു മനസ്സുമുട്ടി ഇപ്പോളിതാ നിവൃത്തികിട്ടുവാനായി ഭഗവാൻെറ സമീപത്തിലെത്തിച്ചേർന്നിരിക്കുന്നു. അതുകൊണ്ടു് ശരീരത്തിൽ നിന്നന്യനായ ഞാൻ നിത്യനാണു്. (നാശമില്ലാത്തവനാണു്.) ശരീരങ്ങൾ ഒരു പുരുഷൻെറ വസ്ത്രങ്ങളെന്നപോലെ വരികയും പോകയും ചെയ്യുന്നു. 12

അപ്പോൾ ആചാര്യൻപറയണം:–നീപറയുന്നതു ശരിയാണു്. നീ കാര്യങ്ങൾ ശരിക്കുകാണുന്നു. പിന്നെ എന്തേ തെററിപ്പറഞ്ഞതു്? ''ഞാൻ ബ്രാഹ്മണപുത്രനാണു്, ഇന്നവംശത്തിൽ പിറന്നവനാണു്, ബ്രഹ്മചാരിയായിരുന്നു, അല്ലെങ്കിൽ ഗൃഹസ്ഥനായിരുന്നു, ഇപ്പോൾ പരിവ്രാജകനായിരിക്കുന്നു'' എന്നെല്ലാം. 13

തം പ്രതി ബ്രൂയാദാചാര്യഃ–സ യദി ബ്രൂയാത് ഭഗവൻ, കഥമഹം മൃഷാഽവാദിഷമിതി. 14

യതസ്ത്വം ഭിന്നജാത്യന്വയസംസ്കാരം ശരീരം ജാത്യന്വയവർജിതസ്യാത്മനഃ പ്രത്യഭ്യജ്ഞാസീഃ ബ്രാഹ്മണപുത്രോഽദോന്വയ ഇത്യാദിനാ വാക്യേനേതി. 15

അപ്പോൾ ''ഭഗവൻ! ഞാൻ പറഞ്ഞതെങ്ങനെയാണു് തെററാകുന്നതു്?'' എന്നു ശിഷ്യൻ ചോദിക്കുകയാണെങ്കിൽ, അവനോടു് ആചാര്യൻ ഇങ്ങനെ പറയണം–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്തെന്നാൽ, ''ഞാൻ ബ്രാഹ്മണ പുത്രനാണ്; ഇന്നവംശത്തിൽപിറന്നവനാണ്''. ഇത്യാദി വാക്യങ്ങൾ കൊണ്ട് ജാതി, കുലം, എന്നിവയൊന്നുമില്ലാത്ത ആത്മാവും തദ് ഭിന്നമായി ജാതി, കുലം, സംസ്കാരം എന്നിവ ഇണങ്ങുന്ന ശരീരവും ഒന്നാണെന്ന്—രണ്ടും വേറെയല്ലെന്ന്—നീ പറഞ്ഞുവല്ലോ. 14–15

സ യദി പൃച്ഛേത് കഥം ഭിന്നജാത്യന്വയസംസ്കാരം ശരീരം, കഥം വാ അഹം ജാത്യന്വയസംസ്കാരവർജ്ജിത ഇതി. 16

ആചാര്യോ ബ്രൂയാത്:—ശൃണു സോമ്യ, യഥേദം ശരീരം ത്വത്തോ ഭിന്നം ഭിന്നജാത്യന്വയസംസ്കാരം, ത്വം ച ജാത്യന്വയസംസ്കാരവർജ്ജിതഃ, ഇത്യുക്ത്വാ തം സ്മാരയേത്—സ്വത്ത്വമഹ്സി സോമ്യ, പരമാത്മാനം, സർവ്വാത്മാനം യഥോക്തലക്ഷണം ശ്രാവിതോഽസി ''സദേവ സോമ്യേദം'' ഇത്യാദിഭിഃ ശ്രുതിഭിഃ സ്മൃതിഭിശ്ച. ലക്ഷണം ച തസ്യ ശ്രുതിഭിഃ സ്മൃതിഭിശ്ച. 17

അപ്പോൾ അയാൾ ചോദിക്കുകയാണെന്നു വിചാരിക്കുക: ''ശരീരം ആത്മഭിന്നമായി ജാതി, വംശം, സംസ്കാരം എന്നിവയോടുകൂടിയതാണ്. ഞാനാകട്ടെ ജാതി, കുലം, സംസ്കാരം എന്നിവയുമായി ബന്ധമില്ലാത്തവനും. ഇതെങ്ങനെ?'' എന്ന്. 16

അപ്പോൾ ആചാര്യൻ പറയണം:— ''കുഞ്ഞേ! നിന്നിൽനിന്നും അന്യമായ ഈ ശരീരം ആത്മഭിന്നമായി ജാതി, വംശം, സംസ്കാരം എന്നിവയോടു കൂടിയതാണ്. നീയാകട്ടെ ജാതി, കുലം, സംസ്കാരം മുതലായി യാതൊന്നുമില്ലാത്തവനുമാണ്, ഇതെങ്ങനെയെന്നു പറയാം''—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങനെ പറഞ്ഞതിനുശേഷം ഇപ്രകാരം ഓർമ്മിപ്പിക്കണം:—''ഓർക്കുക കുഞ്ഞേ! പരമാത്മാവു തന്നെയാണ് എല്ലാററിൻേറയും ആത്മാവ്'' എന്നു് ''സദേവ സോമ്യേദം'' എന്നു തുടങ്ങിയ ശ്രുതിവാക്യങ്ങൾകൊണ്ടും സ്മൃതിവാക്യങ്ങൾകൊണ്ടും ഞാൻ നിന്നോടു പറഞ്ഞു കഴിഞ്ഞു. ശ്രുതിസ്മൃതികൾ അനുസരിച്ച് പരമാത്മാവിൻെറ ലക്ഷണവും പറഞ്ഞു കഴിഞ്ഞതാണ്. 17

ലബ്ധപരമാത്മലക്ഷണസ്മൃതയേ ബ്രൂയാത്:—യോഽസാവാകാശനാമാ നാമരൂപാഭ്യാമർത്ഥാന്തരഭൂതഃ അശരീരഃ അസ്ഥൂലാദിലക്ഷണഃ അപഹതപാപ്മാദിലക്ഷണശ്ച സർവ്വൈഃ സംസാരധർമ്മൈഃഅനാഗന്ധിതഃ 'യത് സാക്ഷാദപരോക്ഷാദ് ബ്രഹ്മഃ' 'യ ആത്മാ സർവ്വാന്തരഃ' 'അദൃഷ്ടോ ദ്രഷ്ടാ അശ്രുതഃ ശ്രോതാ അമതോ മന്താ അവിജ്ഞാതോ വിജ്ഞാതാ' നിത്യവിജ്ഞാനസ്വരൂപഃ അനന്തരഃ അബാഹ്യഃ വിജ്ഞാനഘന ഏവ, പരിപൂർണ്ണഃ ആകാശവത്, അനന്തശക്തിഃ, ആത്മാ സർവ്വസ്യ, അശനായാദിവർജിതഃ, ആവിർഭാവതിരോഭാവവർജിതശ്ച, സ്വാത്മവിലക്ഷണയോഃ നാമരൂപയോഃ ജഗദ്ബീജഭൂതയോഃ സ്വാത്മസ്ഥയോഃ തത്ത്വാന്യത്വാഭ്യാമനിർവചനീയയോഃ സ്വയംവേദ്യയോഃ സദ്ഭാവമാത്രേണാ-ചിന്ത്യശക്തിത്വാദ് വ്യാകർത്താ അവ്യാകൃതയോഃ. 18

ഇങ്ങനെ പരമാത്മാവിൻെറ ലക്ഷണം ഇന്നതെന്നു അവൻെറ ഓർമ്മയിൽ വന്നുകഴിഞ്ഞാൽ വീണ്ടും അവനോടു പറയണം:— ആകാശമെന്നു പേരുള്ളതും നാമരൂപങ്ങളിൽ നിന്നു ഭിന്നവും ശരീരമില്ലാത്തതും 'സ്ഥൂലമല്ല; സൂക്ഷ്മമല്ല' എന്നും മററുമുള്ള ലക്ഷണങ്ങളിണങ്ങിയതും 'പാപം തീണ്ടാത്തതു്'എന്നും മററുമുള്ള ലക്ഷണമുള്ളതും സംസാരധർമ്മങ്ങളൊന്നിൻേറയും ഗന്ധംപോലുമേശാത്തതും 'സാക്ഷാത് പ്രത്യക്ഷമായ' ബ്രഹ്മവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'എങ്ങും നിറഞ്ഞുനില്ക്കുന്ന ആത്മാവും,' കാണപ്പെടാത്തതും എല്ലാററിനേയും കാണുന്നതും, കോക്കപ്പെടാത്തതും കോക്കുന്നതും, ചിന്തകൊണ്ടറിയപ്പെടാത്തതും ചിന്തിക്കുന്നതും, ഒന്നുകൊണ്ടും അറിയപ്പെടാത്തതും, എല്ലാമറിയുന്നതും നിത്യവിജ്ഞാനസ്വരൂപവും അകവും പുറവും ഇല്ലാത്തതും, വിജ്ഞാനഘനവും, ആകാശംപോലെ എങ്ങും നിറഞ്ഞതും, അവസാനമില്ലാത്ത ശക്തികളൊത്തിണങ്ങിയതും, എല്ലാററിന്റേയും ആത്മാവും, വിശപ്പ്, ദാഹം തുടങ്ങിയയാതൊന്നുമില്ലാത്തതും, ആവിർഭാവതിരോഭാവങ്ങളോടുകൂടാത്തതുമായ ഈ ആത്മാവ്, അചിന്ത്യമായ ശക്തിവിശേഷങ്ങളാംകൊണ്ട്, അവ്യാകൃതങ്ങളായി തന്നിൽ തന്നെ കിടക്കുന്ന നാമരൂപങ്ങളെ വ്യാകൃതങ്ങളാക്കിത്തീർക്കുന്നു. ഈ നാമരൂപങ്ങളാം ആത്മവിലക്ഷണങ്ങളും (ആത്മാവ്, ചേതനം; നാമരൂപങ്ങളാം, ജഡം.) ആത്മാവിന്റെ ഉണ്മയോടൊപ്പം അതിൽ നില്ക്കുന്നവയും പ്രപഞ്ചത്തിന്റെ ഉപാദാനകാരണവും, അതുതന്നെയാണെന്നോ മറെറാന്നാണെന്നോ പറഞ്ഞു വിവേചിക്കാൻ സാധിക്കാത്തതും ആത്മാവിനാൽ മാത്രം അറിയപ്പെടുന്നതുമാണ്. 18

തേ നാമരൂപേ അവ്യാകൃതേ സതീ വ്യാക്രിയമാണേ തസ്മാദേതസ്മാദാത്മന ആകാശനാമാകൃതീ സംവൃത്തേ. തച്ചാകാശാഖ്യം ഭൂതമനേന പ്രകാരേണ പരമാത്മനഃ സംഭൂതം പ്രസന്നാദിവ സലിലാന്മലമിവ ഫേനം. ന സലിലം ന ച സലിലാദത്യന്തഭിന്നം ഫേനം. സലിലവ്യതിരേകേണാദർശനാത്. സലിലം തു സ്വച്ഛം അന്യത് ഫേനാന്മലരൂപാത്. ഏവം പരമാത്മാ നാമരൂപാഭ്യാമന്യഃ ഫേനസ്ഥാനീയാഭ്യാം ശുദ്ധഃ പ്രസന്നഃ തദ്വിലക്ഷണം. തേ നാമരൂപേ അവ്യാകൃതേ സതീ വ്യാക്രിയമാണേ ഫേനസ്ഥാനീയേ ആകാശനാമാകൃതീ സംവൃത്തേ. 19

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വതവേ അവ്യാകൃതങ്ങളായ ആ നാമരൂപങ്ങൾ ഇപ്പറഞ്ഞ ആത്മാവിൽനിന്നു് വ്യാകൃതമായപ്പോൾ ആകാശമെന്ന പേരും ആകൃതിയുമുള്ളതായിത്തീൎന്നു. ഇങ്ങനെ ആകാശമെന്ന പേരുള്ള ഭൂതമാകട്ടെ തെളിഞ്ഞ വെള്ളത്തിൽനിന്നു് അഴുക്കായ പതപോലെ, പരമാത്മാവിൽ നിന്നുമുണ്ടായി. പത വെള്ളമല്ല; വെള്ളത്തിൽനിന്നത്യന്തഭിന്നവുമല്ല. വെള്ളമില്ലാതെ പതമാത്രമായി കാണപ്പെടുന്നില്ലല്ലോ. എന്നാൽ വെള്ളം നിൎമ്മലമാണു്. അതു മലരൂപമായ പതയിൽനിന്നു് ഭിന്നവുമാണു്. ഇതുപോലെ തന്നെ പതപോലെ കരുതാവുന്ന നാമരൂപങ്ങളിൽനിന്നു് അന്യമാണു് പരമാത്മാവു്. ആ ആത്മാവു് ശുദ്ധമാണു്, പ്രസന്നമാണു്, നാമരൂപവിലക്ഷണവുമാണു്. അങ്ങിനെ പതയായി കല്പിക്കാവുന്ന അവ്യാകൃതങ്ങളായ ആ നാമരൂപങ്ങൾ വ്യാകൃതങ്ങളായപ്പോൾ, ആകാശമെന്ന പേരും രൂപവുമുള്ളതായിത്തീൎന്നു. 19

തതോഽപി സ്ഥൂലഭാവമാപദ്യമാനേ നാമരൂപേ വ്യാക്രിയമാണേ വായുഭാവമാപദ്യേതേ, തതോഽപ്യഗ്നിഭാവം,അഗ്നേരബ്ഭാവം, തതഃപൃഥിവീഭാവം ഇത്യേവം ക്രമേണ പൂൎവ്വപൂർവ്വാനുപ്രവേശേന പഞ്ചമഹാഭൂതാനി പൃഥിവ്യന്താന്യുത്പന്നാനി. തതഃ പഞ്ചമഹാഭൂതഗുണവിശിഷ്ടാ പൃഥിവീ. പൃഥിവ്യാശ്ച പഞ്ചാത്മികേഭ്യോ വ്രീഹിയവാദ്യാ ഓഷധയോ ജായന്തേ. താഭ്യോ ഭക്ഷിതാഭ്യോ ലോഹിതം ച ശുക്രം ച സ്ത്രീപുംസ ശരീരസംബന്ധി ജായതേ. തദുഭയമൃതുകാലേ അവിദ്യാപ്രയുക്തകാമഖജനിൎമ്മഥനോദ്ധൃതം മന്ത്രസംസ്കൃതം ഗൎഭാശയേ നിഷിച്യതേ. തത്സ്വയോനിരസാനുപ്രവേശേന വിവർദ്ധമാനം ഗൎഭീഭൂതംനവമേ ദശമേ വാ മാസി സഞ്ജായതേ.20

നാമരൂപങ്ങൾ വ്യാകരിക്കപ്പെട്ടു് പിന്നേയും സ്ഥൂലഭാവം കൈക്കൊണ്ടപ്പോൾ വായു എന്ന ഭാവം ഉള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തായിത്തീരുന്നു. അതിൽനിന്നു് അഗ്നിഭാവവും അഗ്നിഭാവത്തിൽനിന്നു് അബ്ഭാവവും അതിൽനിന്നു് പൃഥിവീഭാവവും ആയിത്തീരുന്നു. ഇങ്ങനെ ക്രമത്തിൽ ആദ്യമുണ്ടായതു് പിന്നീടുണ്ടായതിൽ പ്രവേശിച്ചു് പൃഥിവി വരെയുള്ള അഞ്ചു് മഹാഭൂതങ്ങൾ ഉണ്ടായി. അതിനാൽ അഞ്ചു മഹാഭൂതങ്ങളുടേയും ഗുണങ്ങളിണങ്ങിയതാണു് പൃഥിവി. പൃഥിവിയിൽനിന്നു് പഞ്ചമഹാഭൂതാത്മകങ്ങളായ വ്രീഹി, യവം തുടങ്ങിയ ധാന്യങ്ങൾ ഉണ്ടാകുന്നു. അവയെ സ്ത്രീപുരുഷന്മാർ ഭക്ഷിക്കുകയും അതിൽനിന്നു് സ്ത്രീപുരുഷ ശരീരങ്ങളോടു ബന്ധപ്പെട്ട ലോഹിതശുക്ലങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഋതുകാലത്തിൽ അവിദ്യയിൽനിന്നുമുടലെടുത്ത കാമം നിമിത്തം കടഞ്ഞു പുറത്തേയ്ക്കെടുക്കപ്പെട്ട ശുക്ലശോണിതങ്ങൾ മന്ത്രത്താൽ സംസ്കരിക്കപ്പെട്ടു് ഗർഭാശയത്തിൽ സേചനം ചെയ്യപ്പെടുന്നു. മാതൃശരീരത്തിലെ രസദ്രവ്യങ്ങളാൽ പുഷ്ടിപ്പെട്ടു വന്നു് അതു് ഗർഭമായി ഒമ്പതാം മാസത്തിലോ പത്താം മാസത്തിലോ പിറക്കുന്നു. 20

തജ്ജാതം ലബ്ധനാമാകൃതികം ജാതകർമ്മാദിഭിഃ മന്ത്രസംസ്കൃതം പുനഃ ഉപനയന സംസ്കാരയോഗേന ബ്രഹ്മചാരിസംജ്ഞം ഭവതി. തദേവ ശരീരം പത്നീയോഗസംസ്കാരയോഗേന ഗൃഹസ്ഥസംജ്ഞം ഭവതി. തദേവ വനസ്ഥസംസ്കാരേണ താപസസംജ്ഞം ഭവതി. തദേവ ക്രിയാവിനിവൃത്തിനിമിത്തസംസ്കാരേണ പരിവ്രാട് സംജ്ഞം ഭവതി. ഇത്യേവം ത്വത്തോ ഭിന്നം ഭിന്നജാത്യന്വയസംസ്കാരം ശരീരം. 21

അങ്ങനെ പിറന്നു് നാമരൂപങ്ങൾ ലഭിച്ചതും ജാതകർമ്മം തുടങ്ങിയ ക്രിയകളാൽ മന്ത്രസംസ്കൃതവുമായ അതു് (ദേഹം) ഉപനയനം എന്ന സംസ്കാരത്തോടു ബന്ധപ്പെട്ടു ''ബ്രഹ്മചാരി'' എന്നപേരുള്ളതായിത്തീരുന്നു. അ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ ശരീരം തന്നെ 'ഭാര്യായോഗം' എന്ന സംസ്കാരത്തോടു ചേരുമ്പോൾ 'ഗൃഹസ്ഥൻ' എന്നപേരുള്ളതായിത്തീരുന്നു. വനത്തിൽവെച്ചുള്ള സംസ്കാരങ്ങളോടൊത്തിണങ്ങുമ്പോൾ അതുതന്നെ 'താപസൻ' എന്ന പേരിന്നർഹമാകുന്നു. അതുതന്നെ സർവ്വകർമ്മങ്ങളിൽനിന്നും പിൻതിരിയുവാൻ കാരണമാകുന്ന സംസ്കാരത്തോടു ചേർക്കുമ്പോൾ 'പരിവ്രാട്' എന്ന പേരുള്ളതാകുന്നു. ഇങ്ങനെ ആത്മഭിന്നങ്ങളായ ജാതി, കുലം, സംസ്കാരം എന്നിവയിണങ്ങിയ ശരീരം നിന്നിൽനിന്നു് വേറേതന്നെയാണു്. 21

മനശ്ചേന്ദ്രിയാണി ച നാമരൂപാത്മകാന്യേവ
'അന്നമയം ഹി സോമ്യ മനഃ' ഇത്യാദിശ്രുതിഭ്യഃ 22

ശരീരം മാത്രമല്ല; മനസ്സും ഇന്ദ്രിയങ്ങളും നാമരൂപാത്മകമാകുന്നു. ശ്രുതിപറയുന്നതു നോക്കുക: 'അന്നമയം ഹി സോമ്യ മനഃ' (ഛാ.6.5.4, 6. 5. 6.) കുഞ്ഞേ! മനസ്സ് അന്നമയം തന്നെയാണു്. 22

കഥം ചാഹം ഭിന്നജാത്യന്വയസംസ്കാരവർജിത ഇത്യേതച്ഛൃണു. യോഽസൗ നാമരൂപയോർവ്യാകർത്താ നാമരൂപധർമ്മവിലക്ഷണഃ സ ഏവ നാമരൂപേ വ്യാകുർവൻ സൃഷ്ട്വേദം ശരീരം സ്വയം സംസ്കാരധർമ്മവർജിതോ നാമരൂപേ ഇഹ പ്രവിഷ്ടഃ അന്യൈരദൃഷ്ടഃ സ്വയം പശ്യൻ, തഥാഽശ്രുതഃ ശൃണ്വൻ, അമതോ മന്വാനോ, അവിജ്ഞാതോ വിജാനൻ—'സർവ്വാണി രൂപാണി വിചിത്യധീരോ നാമാനി കൃത്വാഽഭിവദൻ യദാസ്തേ ഇതി. അസ്മിന്നർത്ഥേ ശ്രുതയഃ സഹസ്രശഃ 'തത്സൃഷ്ട്വാ തദേവാനുപ്രാവിശത്,' 'അന്തഃ പ്രവിഷ്ടഃ ശാസ്താ ജനാനാം,' 'സ ഏഷ ഇഹ പ്രവിഷ്ടഃ,' 'ഏഷ ത ആത്മാ', സ ഏതമേവ സീമാനം വിദാര്യൈതയാ ദ്വാരാ പ്രാപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്യത', 'ഏഷ സവ്വേഷു ഭൂതേഷു ഗൂഢോऽത്മാ, 'സേയം ദേവതൈക്ഷത ഹന്താഹമിമാസ്തിസ്രോ ദേവതാഃ' ഇത്യാദ്യാഃ. 23

''ഞാനെങ്ങനെ ആത്മഭിന്നമായ ജാത്യന്വയസംസ്കാരങ്ങാം തീണ്ടാത്തവനായി?'' എന്നുചോദിച്ചുവല്ലോ. അതുപറയാം. കേട്ടുകൊള്ളു: ''നാമരൂപങ്ങളെ വ്യാകൃതങ്ങളാക്കിത്തീത്തവനും എന്നാൽ അതേസമയം നാമരൂപധർമ്മങ്ങാം ഒന്നും ഇല്ലാത്തവനും ആയ യാതൊരുവനുണ്ടോ ആ ഇവൻതന്നെ നാമരൂപങ്ങളെ വ്യാകരിച്ചുകൊണ്ടു് ഈ ശരീരത്തെ സൃഷ്ടിച്ചു്, സ്വയം സംസ്കാരധർമ്മങ്ങളൊന്നും ഇല്ലാത്തവനെങ്കിലും നാമരൂപങ്ങളിൽ പ്രവേശിച്ചു്, മററുള്ളവയൊന്നിനാലും കാണപ്പെടാതെ, മററെല്ലാററിനേയും കാണുന്നവനായി, ആരാലും കോംക്കപ്പെടാതെ, എല്ലാററിനേയും കോംക്കുന്നവനായി, ആരാലും ചിന്തിക്കപ്പെടാതെ, എല്ലാററിനേയും ചിന്തിക്കുന്നവനായി, ആരാലും അറിയപ്പെടാതെ എല്ലാററിനേയും അറിയുന്നവനായി, സർവ്വജ്ഞനായി, എല്ലാ രൂപങ്ങളേയും കൈക്കൊണ്ടു് എല്ലാററിനും നാമം കൊടുത്തു് വത്തിക്കുന്നു. (സർവ്വാണി രൂപാണി വിചിത്യധീരോ–നാമാനികൃത്വാऽഭിവദൻ യദാസ്തേ) (തൈ. ആ 3 12_7) ഈ അത്ഥത്തിൽ ആയിരക്കണക്കിൽ ശ്രുതിവാക്യങ്ങളുണ്ടു്. 'തത്സൃഷ്ട്വാ തദേവാനുപ്രാവിശത്'' (തൈ. 2. 6.) (അതിനെസൃഷ്ടിച്ചു് അതിൽതന്നെ പ്രവേശിച്ചു.) 'അന്തഃ പ്രവിഷ്ടഃ ശാസ്താ ജനാനാം' (തൈ: ആ: 3-11_1.2.) (ജനങ്ങളുടെ ഉള്ളിൽ പ്രവേശിച്ചു ഭരിക്കുന്നവൻ) 'സ ഏഷ ഇഹ പ്രവിഷ്ടഃ' (ബൃ:1.4-7) (ഈ ആത്മാവു് ഈ ദേഹങ്ങളിൽ പ്രവേശിച്ചിരിക്കുന്നു.) ''ഏഷ ത ആത്മാ'' (ബൃ 3.4.1) ഇതു് നിൻെറ ആത്മാവാണു്) 'സ ഏതമേവ സീമാനം വിദാര്യൈതയാ ദ്വാരാ പ്രാപദ്യത' (ഐ:1.3.12)(ആത്മാവു് ഈ തലയോടിൻെറ വിളുമ്പു്പൊട്ടിച്ചു തുറന്നു് ആ ദ്വാര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിലൂടെ അകത്തുകടന്നു.) 'ഏഷ സർവ്വേഷു ഭൂതേഷു ഗൂഢോത്മാ'' (കഠം 3. 12) (ഈ ആത്മാവു് എല്ലാ ഭൂതങ്ങളിലും മറഞ്ഞിരിക്കുന്നു.) സേയം ദേവതൈക്ഷത ഹന്താഹമിമാസ്തിസ്രോദേവതാഃ. (ഛാ 6. 3. 2) ആ ദേവത വിചാരിച്ചു: ''ഞാൻ ഈ മൂന്നു ദേവതകളിലും പ്രവേശിച്ചേക്കാം.'' 23

സ്മൃതയോഽപി 'ആത്മൈവ ദേവതാഃ സർവ്വാഃ' 'നവദ്വാരേ പുരേ ദേഹീ' 'ക്ഷേത്രജ്ഞം ചാപി മാം വിദ്ധി' 'സമഃസർവ്വേഷു ഭൂതേഷു', 'ഉപദ്രഷ്ടാനുമന്താ ച' 'ഉത്തമഃ പുരുഷസ്ത്വന്യ' 'അശരീരം ശരീരേഷു' ഇത്യാദ്യാഃ. തസ്മാത് ജാത്യന്വയ സംസ്കാരവർജിതസ്ത്വമിതി സിദ്ധം. 24

സ്മൃതിവാക്യങ്ങളും ഇതേവസ്തുത പറയുന്നുണ്ടു്. 'ആത്മൈവ ദേവതാഃ സർവ്വാഃ' (മനു: 12. 11. 9) (എല്ലാദേവതകളും ആത്മാവുതന്നെയാണു്) 'നവദ്വാരേ പുരേ ദേഹീ' (ഗീത 5. 13) (ആത്മാവു് ഒൻപതു ദ്വാരങ്ങളുള്ള കോട്ടയിലാണു്) 'ക്ഷേത്രജ്ഞം ചാപി മാം വിദ്ധി.' (ഗീത 13.2) (വ്യഷ്ടിയായ ആത്മാവു് ഞാൻ (സമഷ്ടി) തന്നെയെന്നു് അറിഞ്ഞാലും) 'സമഃ സർവ്വേഷു ഭൂതേഷു' (ഗീത 13. 27) (എല്ലാ ഭൂതങ്ങളിലും ഒന്നു തന്നെയായ.) 'ഉപദ്രഷ്ടാനുമന്താ ച' (ഗീത 13. 22) (സാക്ഷീഭൂതനും എല്ലാററിനേയും അനുവദിക്കുന്നവനും) 'ഉത്തമഃപുരുഷസ്ത്വന്യഃ' (ഗീ 15. 17) (പരമാത്മാവു് വേറെയാണു്.) 'അശരീരം ശരീരേഷു.' (ശരീരങ്ങളിൽ വസിക്കുന്നതും സ്വയം ശരീരം ഇല്ലാത്തതും.) ആകുന്നു ഈ അത്മാവു്. അതിനാൽ ജാതി കുല സംസ്കാരങ്ങളൊന്നും നിനക്കില്ലെന്നു് സിദ്ധമായി. 24

സ യദി ബ്രൂയാത് —അന്യ ഏവാഹമജ്ഞഃ സുഖീ ദുഃഖീ ബദ്ധഃ സംസാരീ, അന്യോഽസൗ മദ്വിലക്ഷണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസംസാരീ ദേവഃ, തമഹം ബല്യുപഹാര നമസ്കാരാദി ഭിഃ വർണ്ണാശ്രമകർമ്മഭിശ്ചാരാധ്യഃ സംസാരസാഗരാദുത്തി തീർഷുരസ്മി, കഥമഹം സ ഏവേതി. 25

അപ്പോൾ അയാൾ ഇങ്ങനെ പറയുകയാണെന്നു വെക്കുക. 'ഞാൻ അറിവില്ലാത്തവനാണ്; സുഖദുഃഖാദി കളുള്ളവനാണ്; ബദ്ധനാണ്; സംസാരിയാണ്; എന്നിൽനിന്ന് വിലക്ഷണനായി പ്രകാശമയനായ പരമാത്മാവാകട്ടെ സംസാരിയല്ല. ഞങ്ങൾ രണ്ടും വേറെ തന്നെ. ഞാൻ അദ്ദേഹത്തെ പൂജ, നമസ്കാരം, ഉപഹാരം തുടങ്ങിയവയെക്കൊണ്ടും വർണ്ണാശ്രമവിഹിതങ്ങളായ കർമ്മങ്ങളേക്കൊണ്ടും ആരാധിച്ച് സംസാരസാഗരത്തിൻെറ കരകേറുവാൻ ആഗ്രഹിക്കുന്നു. ഞാൻ അദ്ദേഹം തന്നെയെന്ന് എങ്ങനെപറയാം?' 25

ആചാര്യോ ബ്രൂയാത്— നൈവം സോമ്യ പ്രതിപത്തുമർഹസി, പ്രതിഷിദ്ധത്വാദ് ഭേദപ്രതിപത്തേഃ. കഥം പ്രതിഷിദ്ധാഭേദപ്രതിപത്തിരിത്യത്ര ആഹ— 'അന്യോfസാവന്യോfഹമസ്മീതി ന സ വേദ,' 'ബ്രഹ്മ തം പരാദാദ്യോfന്യത്രാത്മനോ ബ്രഹ്മ വേദ,' 'മൃത്യോഃ സ മൃത്യുമാപ്നോതി യ ഇഹ നാനേവ പശ്യതി' ഇത്യേവമാദ്യാഃ 26

അതിന് ആചാര്യൻ പറയണം:— നീ ഇങ്ങനെ വിചാരിക്കുന്നതു് ശരിയല്ല കുഞ്ഞേ! ഭേദജ്ഞാനം (രണ്ടെന്നുള്ള അറിവു്)പ്രതിഷേധിക്കപ്പെട്ടിരിക്കുന്നു. 'ഭേദജ്ഞാനമെവിടെ പ്രതിഷേധിക്കപ്പെട്ടിരിക്കുന്നു?' എന്ന ചോദ്യത്തിനുത്തരം താഴെക്കാണുന്ന ശ്രുതികൾ തന്നെ. 'അന്യോf സാവന്യോfഹമസ്മീതി ന സ വേദ' (ബൃ 1.4.10)

28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ബ്രഹ്മവും താനും ഭിന്നമാണെന്നറിയുന്നവൻ ബ്രഹ്മത്തെ അറിയുന്നില്ല.) 'ബ്രഹ്മ തം പരാദാദ്യോ'ന്യത്രാത്മനോ ബ്രഹ്മവേദ,' (ബൃ 2.4.6) (ബ്രഹ്മം തന്നിൽ നിന്നന്യമാണ് എന്നു വിചാരിക്കുന്നവനെ ബ്രഹ്മവും നിരാകരിക്കുന്നു.) 'മൃത്യോഃ സ മൃത്യുമാപ്നോതി യ ഇഹ നാനേവ പശ്യതി' (ബൃ 4.4.19) (നാനാത്വം കാണുന്നവൻ മൃത്യുവിൽനിന്നും മൃത്യുവിലേക്കുപോകുന്നു.) 26

ഏതാ ഏവ ശ്രുതയോ ഭേദപ്രതിപത്തേഃ സംസാരഗമനം ദർശയന്തി. 27

ഈ ശ്രുതിവാക്യങ്ങൾ ഭേദദർശനം കൊണ്ടു് സംസാരത്തിലേക്കാണ് എത്തിച്ചേരുന്നതെന്നു് കാണിച്ചു തരുന്നുണ്ടു്. 27

7812

അഭേദപ്രതിപത്തേശ്ച മോക്ഷം ദർശയന്തി സഹസ്രശഃ—'സ ആത്മാ തത്ത്വമസി' ഇതി പരമാത്മഭാവം വിധായ 'ആചാര്യവാൻ പുരുഷോ വേദ' ഇത്യുക്ത്വാ 'തസ്യ താവദേവ ചിരം' ഇതി മോക്ഷം ദർശയന്ത്യഭേദവിജ്ഞാനാദേവ. സത്യാഭിസന്ധസ്യ അതസ്കരസ്യേവ ദാഹാദ്യഭാവവത് സംസാരാഭാവം ദശ്യന്തി ദൃഷ്ടാന്തേന, ഭേദദശ്നാദസത്യാഭിസന്ധസ്യ സംസാരഗമനം ദശ്യന്തി തസ്കരസ്യേവ ദാഹാദിദൃഷ്ടാന്തേന. 28

നേരേമറിച്ചു് അഭേദജ്ഞാനംകൊണ്ടു് സംസാരത്തിൽനിന്നു് വിടുതൽ കിട്ടുമെന്നു് അസംഖ്യങ്ങളായ ശ്രുതിവാക്യങ്ങൾ വിളിച്ചു പറയുന്നുണ്ടു്. 'സ ആത്മാ തത്ത്വമസി' (ഛാ 6, 13. 3) (അതാണു് ആത്മാവു്, നീ അതാകുന്നു) എന്നിങ്ങനെ വ്യഷ്ടിയായ ആത്മാവു പരമാത്മാവിൽനിന്നു് ഭിന്നമല്ലെന്നു കാണിച്ചു് 'ആചാര്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാൻ പുരുഷോ വേദ'' (ഛാ. 6. 14. 2) (ആചാര്യനെ ലഭിച്ച പുരുഷൻ ബ്രഹ്മത്തെ അറിയുന്നു) എന്നു പറഞ്ഞു കൊട്ടത്തശേഷം 'തസ്യ താവദേവ ചിരം' (ഛാ.6.14.2) (ബ്രഹ്മജ്ഞാനിക്കു്, ബ്രഹ്മത്തിൽ ലയിക്കേണ്ട താമസമേ ഉള്ളൂ.) എന്നിങ്ങനെ അഭേദജ്ഞാനം കൊണ്ടേ മോക്ഷം ഉണ്ടാവുകയുള്ളൂ എന്നു ശ്രുതി പറയുന്നു.

കള്ളനല്ലാത്തവന്നു് പഴുപ്പിച്ച ഇരുമ്പുകട്ട ഏല്പിച്ചാലും പൊള്ളലേല്ക്കാത്തപോലെ സത്യദർശിക്കു (അഭേദജ്ഞാനമുള്ളവന്നു്) സംസാരം പാടെ നശിക്കുന്നു എന്നു് സദൃഷ്ടാന്തം കാണിച്ചിട്ടുണ്ടു്. അതുപോലെ ഭേദജ്ഞാനംകൊണ്ടു്, (ഭേദജ്ഞാനം സത്യമാണെന്ന) അസത്യത്തെ പറയുന്നവന്നു്, കള്ളനു് പൊള്ളലെന്നപോലെ സംസാരപ്രാപ്തിയുണ്ടാകുമെന്നും ഉദാഹരണസഹിതം തെളിയിച്ചിരിക്കുന്നു.

'ത ഇഹ വ്യാഘ്രോ വാ' ഇത്യാദിനാ ച അഭേദദർശനാത്'സ സ്വരാട് ഭവതി' ഇത്യുക്ത്വാ തദ്വിപരീതേന ഭേദദർശനേന സംസാരഗമനം ദർശയന്തി–'അഥ യേഽന്യഥാഽതോ വിദുരന്യരാജാനസ്തേ ക്ഷയ്യ ലോകാഭവന്തി' ഇതി പ്രതിശാഖം. തസ്മാത് മൃഷൈവൈവമവാദീഃ–ബ്രാഹ്മണപുത്രോഽദോന്വയഃ സംസാരീ പരമാത്മവിലക്ഷണ ഇതി. 29

'ത ഇഹ വ്യാഘ്രോവാ' (ഛാ. 6. 9. 3.) (ഈ ജന്തുക്കൾ എന്തുതന്നെയായാലും ഒരു കടുവയോ അല്ലെങ്കിൽ മററു വല്ലതുമോ) എന്നു തുടങ്ങുന്ന ശ്രുതിവാക്യം അഭേദജ്ഞാനംകൊണ്ടു'സ സ്വരാട് ഭവതി' (ഛാ6.25.2) (ജ്ഞാനി ബ്രഹ്മമായി ഭവിക്കുന്നു) എന്നു പറഞ്ഞതിനുശേഷം അതിനു വിപരീതമായി ഭേദദർശനമാണുണ്ടാകുന്നതെങ്കിൽ സംസാരപ്രാപ്തിയാണുണ്ടാവുന്നതെന്നു് കാണിക്കുന്നു:–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'അഥ യേ/ന്യഥാ/തോ വിദുരന്യരാജാനസ്തേ ക്ഷയ്യ ലോകാഭവന്തി' (ഛാ. 7.25.2) (ഇങ്ങനെയല്ലാതെ അറിയുന്നവർ മററുള്ളവക്കടിമയായി നശ്വരമായ ലോകത്തിലെത്തിച്ചേരുന്നു) (അനശ്വരമായ ബ്രഹ്മസാമ്രാജ്യം അവക്കില്ലെന്നത്ഥം.) ഇപ്രകാരമുള്ള നിഗമനങ്ങരം വേദത്തിലെ എല്ലാ ശാഖകളിലുമുണ്ട്. അതുകൊണ്ട് 'ഞാൻ ബ്രാഹ്മണപുത്രനാണ്; ഇന്ന വംശത്തിൽ പിറന്നവനാണ്.; സംസാരിയാണ്; പരമാത്മാവിൽനിന്ന് വ്യത്യസ്തനാണ്.' എന്നെല്ലാം പറഞ്ഞതു് തെററു തന്നെയാണ്. 29

തസ്മാത് പ്രതിഷിദ്ധത്വാദ് ഭേദദശനസ്യ, ഭേദവിഷയത്വാച്ച കമ്മോപാദാനസ്യ കമ്മസാധനത്വാച്ച യജ്ഞോപവീതാദേഃ കമ്മസാധനോപാദാനസ്യ പരമാത്മാ/ഭേദപ്രതിപത്ത്യാ പ്രതിഷേധഃ കൃതോ വേദിതവ്യഃ കമ്മണാം തത്സാധനാനാം ച യജ്ഞോപവീതാദീനാം പരമാത്മാഭേദപ്രതിപത്തിവിരുദ്ധത്വാത്. സംസാരിണോ ഹി കമ്മാണി വിധീയന്തെ തത്സാധനാനി ച യജ്ഞോപവീതാദീനി ന പരമാത്മനോ/ഭേദദശിനഃ ഭേദദശന മാത്രേണ ച തതോ/ന്യത്വം. 30

അങ്ങിനെ ഭേദജ്ഞാനം പ്രതിഷേധിക്കപ്പെട്ടിരിക്കുന്നു. കമ്മാനുഷ്ഠാനമാകട്ടെ ഭേദവിഷയകമാണ്. (ആത്മാവും പരമാത്മാവും ഭിന്നമാണെന്ന ജ്ഞാനമുള്ളപ്പോഴേ കമ്മത്തിനു പ്രസക്തിയുള്ളു.) യജ്ഞോപവീതം മുതലായവ കർമ്മത്തിനുള്ള ഉപകരണങ്ങളുമാണ്. അതിനാൽ പരമാത്മാവിനോടുകൂടി ഐക്യജ്ഞാനമുണ്ടകുമ്പോരം, കമ്മസാധനങ്ങളായ യജ്ഞോപവീതാദികരം പ്രതിഷേധിച്ചതാണെന്നു് അറിഞ്ഞുകൊള്ളുക. എന്തെന്നാൽ കമ്മങ്ങളും തത്സാധനങ്ങളായ യജ്ഞോപവീതാദികളും, പരമാത്മാവും, താനും ഒന്നാണെന്ന ബോധത്തിനു് പ്രതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബന്ധകങ്ങളാണ്. സംസാരിയായിട്ടുള്ളവന്നാണ് കർമ്മങ്ങളും തദുപകരണങ്ങളായ യജ്ഞോപവീതാദികളും വിധിച്ചിട്ടുള്ളത്; അല്ലാതെ പരമാത്മാവും താനും ഒന്നാണെന്ന അഭേദജ്ഞാനമുള്ളവനല്ല. ഭേദജ്ഞാനംകൊണ്ടു തന്നെയാണ് പരമാത്മാവും താനും വെവ്വേറെയാണെന്നു തോന്നുന്നത്. 30

'കർമ്മങ്ങളെല്ലാം ചെയ്യുകതന്നെ വേണം, അവയിൽനിന്നു നിവർത്തിക്കരുതു്'' എന്നായിരുന്നു ശ്രുതിക്കു താല്പര്യമെങ്കിൽ കർമ്മങ്ങളോടും അതിന്റെ സാധനങ്ങളോടും, കർമ്മത്തിനു കാരണമായ ജാതി, ആശ്രമം എന്നിവയോടും സംബന്ധമില്ലാത്ത പരമാത്മാവിനും ഈ ആത്മാവിനും (പ്രത്യഗാത്മാവിനും) തമ്മിൽ അഭേദജ്ഞാനമുണ്ടാകുമെന്ന്, 'സ ആത്മാ തത്ത്വമസി' (ഛാ 6.8.7) (അതാണ് ആത്മാവ് നീ അതാകുന്നു) എന്ന് സംശയരഹിതമായി ഉറപ്പിച്ചു പറയുമായിരുന്നില്ല. അതുപോലെ 'ഏഷോ നിത്യോ മഹിമാ ബ്രാഹ്മണസ്യ' (ബൃ. 4.4.23.) (ഇതാണ് ബ്രഹ്മജ്ഞാനിയുടെ അനശ്വരമായ മഹിമ), 'അനന്വാഗതം പുണ്യേനാനന്വാഗതം. പാപേന അത്രസ്തേനോऽസ്തേനഃ' (ബൃ. 4. 3. 22) (പുണ്യവും പാപവും ഏശാത്തതു്; ഇവിടെ കള്ളൻ കള്ളനല്ല) എന്നിങ്ങനെയുള്ള വാക്യങ്ങൾകൊണ്ടു് ഭേദജ്ഞാനത്തെ നിന്ദിക്കുകയും ചെയ്യുമായിരുന്നില്ല. 31

കർമ്മാസംബന്ധിസ്വരൂപത്വം കർമ്മനിമിത്തവർണാദ്യസംബന്ധസ്വരൂപതാം ച നാഭ്യധാസ്യത്, കർമ്മാണി ച കർമ്മസാധനാനി ച യജ്ഞോപവീതാദീനി യദ്യപരിത്യാജയിഷിതാനി. തസ്മാത് സസാധനം കർമ്മ പരിത്യക്തവ്യം മുമുക്ഷുണാ, പരമാത്മാऽഭേദദർശനവിരോധാത്, ആത്മാ ച പര ഏവേതി പ്രതിപത്തവ്യോ യഥാശ്രുത്യുക്തലക്ഷണഃ. 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കമ്മങ്ങളും തത്സാധനങ്ങളായ യജ്ഞോപവീതാദികളും പരിത്യജിക്കേണ്ട എന്ന പക്ഷമാണുണ്ടായിരുന്നതെങ്കിൽ, ആത്മാവിന്നു് കമ്മവുമായി യാതൊരു ബന്ധവുമില്ലെന്നും കമ്മകാരണങ്ങളായ വണ്ണം, ആശ്രമം മുതലായവയോടും സംബന്ധമില്ലെന്നും പറയുകയില്ലായിരുന്നു. അതുകൊണ്ടു് മോക്ഷമാഗ്രഹിക്കുന്നവൻ, കമ്മങ്ങളെ തത്സാധനങ്ങളോടുകൂടി ത്യജിക്കുകതന്നെ വേണം. കാരണം: കമ്മാദികാം പരമാത്മാവിനോടുകൂടി സ്വാത്മാവിന്നു് ഭേദമില്ലെന്ന ജ്ഞാനത്തിന്നു് വിരുദ്ധങ്ങളാണു്. സ്വാത്മാവു് ശ്രുതിയിൽ പറഞ്ഞ ലക്ഷണങ്ങളൊത്ത പരമാത്മാ തന്നെയാണെന്നു് അറിയുകയും വേണം. 32

സ യദി ബ്രൂയാത്_ഭഗവൻ! ദഹ്യമാനേ ഛിദ്യമാനേ വാ ദേഹേ പ്രത്യക്ഷാ വേദനാ, അശനായാദി നിമിത്തം ച പ്രത്യക്ഷം ദുഃഖം മമ. പരശ്ചായമാത്മാ, 'അയമാത്മാഽപഹതപാപ്മാ വിജരോ വിമൃത്യുർവിശോകോ വിജിഘത്സോഽപിപാസഃ സർവ്വ ഗന്ധ രസവർജിതഃ' ഇതി ശ്രൂയതേ സർവ്വശ്രുതിഷു സ്മൃതിഷു ച. കഥം തദവിലക്ഷണഃ അനേകസംസാരജന്മസംയുക്തഃ പരമാത്മാനമാത്മത്വേന ച മാം സംസാരിണം പരമാത്മത്വേന അഗ്നിമിവ ശീതത്വേന പ്രതിപദ്യേയം? സംസാരീ ച സൻ സർവ്വാഭ്യുദയനിഃശ്രേയസസാധനേ അധികൃതഃ അഭ്യുദയനിഃശ്രേയസസാധനാനി കമ്മാണി തത്സാധനാനി ച യജ്ഞോപവീതാദീനി കഥം പരിത്യജേയമിതി. 33

അപ്പോഠം ശിഷ്യൻ ഇങ്ങനെ ചോദിക്കുന്നു എന്നിരിക്കട്ടെ:—''ഭഗവൻ! ശരീരം പൊള്ളുകയോ മുറിയുകയോ ചെയ്യാൽ വേദന പ്രത്യക്ഷമായി അനുഭവപ്പെടുന്നു; വിശപ്പു മുതലായതുനിമിത്തമുള്ള ദുഃഖം എനിക്കനുഭവസിദ്ധമാണു്.'' ഈ പരമാത്മാവാകട്ടെ ''അയമാത്മാഽപഹതപാപ്മാ വിജരോ വിമൃത്യുർവിശോകോ വിജിഘത്സോഽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിപാസഃ സർവ്വഗന്ധരസവർജിതഃ'' (ഛാ. 8.7.1) (പാപം, വാദ്ധക്യം, മരണം, ദുഃഖം, വിശപ്പ്, ദാഹം മുതലായവയില്ലാത്തതും, ഗന്ധരസങ്ങളൊഴിഞ്ഞതുമാണ് ഈ ആത്മാവ്,) എന്നിങ്ങനെ എല്ലാ ശ്രുതികളിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

അങ്ങനെയിരിക്കെ, ആ ലക്ഷണങ്ങൾക്ക് വിപരീതലക്ഷണങ്ങളുള്ളവനും, പലവിധത്തിലുള്ള സംസാരധർമ്മങ്ങൾക്കിരിപ്പിടവുമായ ഞാനെങ്ങിനെ പരമാത്മാവിനെ സ്വാത്മാവായും, സംസാരിയായ എന്നെ പരമാത്മാവായും ഗ്രഹിക്കും? ഇത് തീയ്ക്ക് തണുപ്പാണെന്നു ഗ്രഹിക്കുന്നതുപോലെയല്ലേ? ഇപ്പോൾ ഞാൻ സംസാരിയാണ്, ഇഹലോകത്തിലും പരലോകത്തിലുമുള്ള എല്ലാവിധ അഭിവൃദ്ധിയും സമ്പാദിക്കുന്നതിന്ന് അധികാരമുള്ളവനുമാണ്. അപ്പോൾ ഇഹപരലോകങ്ങളിലെ അഭിവൃദ്ധി സാധിക്കുവാനുള്ള കർമ്മങ്ങളേയും, അതിനുപകരണങ്ങളായ യജ്ഞോപവീതാദികളേയും ഞാനെങ്ങിനെ പരിത്യജിക്കും? 33

തം പ്രതിബ്രൂയാത്—യദവോചോ ദഹ്യമാനേ ഛിദ്യമാനേവാദേഹേ പ്രത്യക്ഷാ വേദനോപലഭ്യതേ മമേതി തദസത്. കസ്മാത്? ദഹ്യമാനേ ഛിദ്യമാന ഇവ വൃക്ഷേ ഉപലബ്ധുരുപലഭ്യമാനേ കർമ്മണി ശരീരേ ദാഹച്ഛേദവേദനായാ ഉപലഭ്യമാനത്വാത് ദാഹാദി സമാനാശ്രയൈവ വേദനാ. യത്ര ഹി ദാഹഃ ഛേദോ വാ ക്രിയതേ തത്രൈവ വ്യപദിശതി ദാഹാദിവേദനാം ലോകഃ, ന വേദനാം ദാഹാദ്യുപലബ്ധരീതി. കഥം? ക്വ തേ വേദനേതി പൃഷ്ടഃ ശിരസി മേ വേദനാ ഉരസി ഉദരേ ഇതി വ യത്ര ദാഹാദിസ്തത്രൈവ വ്യപദിശതി. ന ത്തുപലബ്ധരീതി. യദ്യുപലബ്ധരി വേദനാ സ്യാത്, വേദനാ നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിത്തം വാ ദാഹച്ഛേദാദി, വേദനാശ്രയത്വേനോ(നവ്യ) പദിശേദ്ദാഹാദ്യാശ്രയവത്. 34

അപ്പോഠം ശിഷ്യനോട്ട പറയണം:— 'നീ പറഞ്ഞുവല്ലോ, ദേഹത്തിൽ പൊള്ളലും മുറിവും ഏല്ക്കുമ്പോഠം വേദന എനിക്കു് അനുഭവസിദ്ധമാണു്, എന്നു്. അതുതന്നെ തെററു്. എന്തുകൊണ്ടാണെന്നാണെങ്കിൽ പറയാം: കത്തുന്നതോ മുറിക്കപ്പെടുന്നതോ ആയ വൃക്ഷം നമ്മുടെ ജ്ഞാനത്തിനു് വിഷയമാകുന്നപോലെ, ഈ ശരീരവും (പൊള്ളലും മുറിവും) ഏല്ക്കുന്നതു് ജ്ഞാതാവിന്റെ ജ്ഞാനത്തിനു് വിഷയമാണു്. (സ്വയം ജ്ഞാതാവല്ലെന്നത്ഥം). വൃക്ഷത്തിലെ പൊള്ളലും മുറിവും കൊണ്ടുള്ള വേദന വൃക്ഷത്തെകാണുന്ന നമുക്കനുഭവപ്പെടാത്തതുപോലെ, ദേഹത്തിലുള്ള പൊള്ളലും മുറിവും അതുകൊണ്ടുള്ള വേദനയും ദേഹത്തിനുമാത്രമുള്ളതാണു്. (ജ്ഞാതാവിനുള്ളതല്ല.) പൊള്ളലും മുറിവും എവിടെയാണോ ഉണ്ടാകുന്നതു് അവിടെ വേദനയുമുണ്ടെന്നാണു് ജനങ്ങഠം പറഞ്ഞുവരാറു്. അല്ലാതെ, പൊള്ളുന്നതും മററും കണ്ടുനില്ക്കുന്നവനു് വേദനയുണ്ടെന്നു് ആരും പറയാറില്ല, എങ്ങിനെയെന്നാൽ 'നിനക്കെവിടെയാണു് വേദന എന്നുചോദിച്ചാൽ 'തലയിൽ അല്ലെങ്കിൽ, നെഞ്ചിൽ; അല്ലെങ്കിൽ വയററിൽ' എന്നിങ്ങനെ എവിടെയാണോ പൊള്ളലോ മുറിവോ മറേറാ പററിയിരിക്കുന്നതു് അവിടെ വേദനയുണ്ടെന്നേ പറയാറുള്ളു. അല്ലാതെ, ജ്ഞാതാവിൽ വേദനയുണ്ടെന്നു പറയാറില്ല. വേദനയും വേദനയ്ക്കു കാരണമായ പൊള്ളൽ, മുറിവു് മുതലായവയും, ജ്ഞാതാവിലാണു് ഉണ്ടാകുന്നതെന്നിരിക്കട്ടെ, എന്നാൽ വേദനയ്ക്കാശ്രയം മുറിവിനും പൊള്ളലിനും ആശ്രയമായിട്ടു് ദേഹം എന്നപോലെ ജ്ഞാതാവാണെന്നു പറയുമായിരുന്നു. 34

സ്വയം ച നോപലഭ്യേത ചക്ഷുർഗതരൂപവത്. തസ്മാത് ദാഹച്ഛേദാദി സമാനാശ്രയത്വേന ഉപലഭ്യമാനത്വാദ്ദാഹാദിവത് കമ്മഭൂതൈവ വേദനാ. ഭാവരൂപത്വാച്ച സാശ്രയാ തണ്ഡുലപാകവത്. വേദനാസമാനാശ്രയ ഏവ തത്സംസ്കാരഃ. സ്മൃതിസമാനകാല ഏവോപലഭ്യമാനത്വാത് വേദനാവിഷയഃ. തന്നിമിത്ത വിഷയശ്ച ദ്വേഷോഽപി സംസ്കാരസമാനാശ്രയ ഏവ. തഥാ ചോക്തം—'രൂപസംസ്കാരതുല്യാഽധീരാഗദ്വേഷൗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭയം ച യത്. ഗൃഹ്യതേ ധീശ്രയം തസ്മാജ്ജ്ഞാത്
ശുദ്ധോƒഭയഃ സദാ' 35

മാത്രമല്ല, വേദന ജ്ഞാതാവിൽ (ആത്മാവിൽ) ആണെങ്കിൽ ആത്മാവിന് വേദന അറിവാൻ സാധ്യമല്ല. കണ്ണിൻെറ രൂപം കണ്ണിനുതന്നെ സ്വയം അറിയുവാൻ സാധ്യമാണോ? അതിനാൽ വേദനയും അതിനു കാരണമായ പൊള്ളൽ മുറിവ് മുതലായവയും ഒരേ വസ്തുവിൽ (ദേഹത്തിൽ) ആശ്രയിച്ച് നില്ക്കുന്നതായിട്ടനുഭവമുള്ളതുകൊണ്ട്, മുറിവു മുതലായവയെപ്പോലെ വേദനയും ജ്ഞാനത്തിന് വിഷയം മാത്രമാണ്. കാര്യരൂപമായതിനാൽ വേദനയ്ക്ക് ഒരാശ്രയവും ഉണ്ടായിരിക്കണം. 'അരിയുടെ വേവ്'' ഒരു കാര്യമാണ്. അത് അരിയെ ആശ്രയിച്ചിരിക്കുന്നതാണല്ലോ. വേദനയ്ക്കും അതിൻെറ സംസ്കാരത്തിനും (സ്മൃതിക്കു കാരണമായ മനോവൃത്തി) ആശ്രയം ഒരേ ഒന്നു തന്നെ. എന്തെന്നാൽ സ്മരണയുണ്ടാകാവുന്ന കാലങ്ങളിൽ (ജാഗ്രത്, സ്വപ്നം) മാത്രമേ വേദനയുണ്ടാകുന്നുള്ളു. അതിൻെറ സംസ്കാരവും അക്കാലങ്ങളിലേ ഉണ്ടാകാൻ നിവൃത്തിയുള്ളു. അതിനാൽ വേദനയ്ക്കും അതിൻെറ സംസ്കാരത്തിനും ആശ്രയം ഒന്നുതന്നെയാണ്. വേദനക്കു കാരണമായ ദാഹച്ഛേദാദികളോടുള്ള ദ്വേഷത്തിനും സംസ്കാരത്തിനും ആശ്രയം ഒന്നുതന്നെയാണ്. (ആത്മാവല്ല ആശ്രയമെന്നർത്ഥം) ഇക്കാര്യം പറഞ്ഞിട്ടുമുണ്ട്:— 'രൂപസംസ്കാരതുല്യാƒധീരാഗദ്വേഷൌ ഭയം ച യത് ഗൃഹ്യതേ ധീശ്രയം തസ്മാജ്ജ്ഞാതാ ശുദ്ധോƒഭയഃ സദാ.' (നീലപീതാദി രൂപങ്ങളുടെ സംസ്കാരങ്ങളേയും സ്മൃതിക്കു കാരണമായ വാസനകളുടേയും രാഗം, ദ്വേഷം, ഭയം എന്നീ വികാരങ്ങളുടേയും ആശ്രയം ഒന്നുതന്നെയാണ്.) ഇവയെല്ലാം ബുദ്ധിയെ ആശ്രയിച്ചാണ് നില്ക്കുന്നതു്. അതിനാൽ ജ്ഞാതാവായ ആത്മാവ് എപ്പോഴും ഭയരഹിതവും ശുദ്ധസ്വഭാവവുമാണ്. 35

കിമാശ്രയാഃ പുനാ രൂപാദിസംസ്കാരാദയ ഇതി. ഉച്യതേ. യത്ര കാമാദയഃ ക്വ പുനസ്തേ കാമാദയഃ? 'കാമഃ സങ്കല്പോ വിചികിത്സാ' ഇത്യാദിശ്രുതേഃ ബുദ്ധാ... വേവ. തത്രൈവ രൂപാദിസംസ്കാരാദയോƒപി, 'കസ്മിന്നു രൂപാണി പ്രതിഷ്ഠിതാനീതി ഹൃദയേ' ഇതി ശ്രുതേഃ 'കാമാ യേƒസ്യ ഹൃദി ശ്രിതാഃ' 'തീർണ്ണോഹി തദാ സ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ർവ്വാൻ ശോകാൻ ഹൃദയസ്യ' 'അസങ്ഗോഹ്യയം,' 'തദാ അനന്യൈതദതിച്ഛന്ദാഃ ഇത്യാദി ശ്രുതിഭ്യഃ, 'അവികാര്യോഽയമുച്യതേ', 'അനാദിത്വാന്നിർഗ്ഗുണത്വാത്'' ഇത്യാദി ഇച്ഛാദ്വേഷാദി ച ക്ഷേത്രസ്യൈവ വിഷയസ്യ ധർമ്മോ നാത്മന ഇതി സ്മൃതിഭ്യശ്ച കർമ്മസ്യൈവാശുദ്ധിഃ നാത്മനസ്ഥാ ഇതി. 36

രൂപാദികളുടെ സംസ്കാരങ്ങൾക്കിരിപ്പിടമേതാണെന്നാണെങ്കിൽ പറയാം—കാമാദികൾക്കാശ്രയമായതേതോ അതുതന്നെ കാമാദികൾക്കാശ്രയമേതാണ്? 'കാമഃ സങ്കല്പോ വിചികിത്സാ' (ബൃ 1.5.3) (കാമം, സങ്കല്പം, സംശയം ഇവയെല്ലാം മനസ്സുതന്നെ) എന്ന ശ്രുതിയനുസരിച്ച് ബുദ്ധിതന്നെ ആശ്രയം രൂപാദികളുടെ സംസ്കാരങ്ങളും അവിടെത്തന്നെയാണ്. ''കസ്മിന്നു രൂപാണി പ്രതിഷ്ഠിതാനീതി ഹൃദയേ'' (ബൃ. 3.9 20.) (രൂപങ്ങൾ എവിടെ ആശ്രയിച്ചിരിക്കുന്നു? ബുദ്ധിയിൽ) എന്ന ശ്രുതിവാക്യം നോക്കുക. ''കാമായേഽസ്യ ഹൃദിശ്രിതാഃ'' (ബൃ. 4.4.7) (ബുദ്ധിയെ ആശ്രയിച്ചുനില്ക്കുന്ന കാമങ്ങൾ) ''തീർണ്ണോ ഹി തദാ സർവ്വാൻ ശോകാൻ ഹൃദയസ്യ''. (ബൃ. 4. 3 22) (അപ്പോൾ അവൻ ഹൃദയത്തിലെ (ബുദ്ധിയിലെ) എല്ലാ ദുഃഖങ്ങൾക്കും അതീതനാകുന്നു.)

''അസങ്ഗോഹ്യയം'' (ബൃ. 4.3.16.) (എന്തെന്നാൽ ഈ ആത്മാവ് അസംഗനാണ്.) ''തദാ അനന്യൈതദതിച്ഛന്ദാ:'' (ബൃ 4.3.21) (അതിന്റെ രൂപം കാമങ്ങൾ തീണ്ടാത്തതാണ്) എന്ന് തുടങ്ങിയ ശ്രുതിശതങ്ങളിൽനിന്നും ''അവികാര്യോഽയമുച്യതേ.'' (ഗീത 2. 25) (ഈ ആത്മാവ് വികാരങ്ങളൊന്നുമില്ലാത്തതാണ്.) ''അനാദിത്വാന്നിർഗ്ഗുണത്വാത് ഗീ. 13. 31. (ആത്മാവ് അനാദിയും ഗുണസ്പർശമില്ലാത്തതുമാണ്) എന്നു തുടങ്ങിയ സ്മൃതികളിൽനിന്നും, ഇച്ഛാദ്വേഷം തുടങ്ങിയവയെല്ലാം ജ്ഞാനവിഷയമായ ക്ഷേത്രത്തിന്റെ ധർമ്മമാണെന്നും (ക്ഷേത്രം— ആത്മാവൊഴിച്ചുള്ള സംഘാതം) ക്ഷേത്രിയായ ആത്മാവിന്റേതല്ലെന്നും മനസ്സിലാകുന്നുണ്ട്. അതിനാൽ അശുദ്ധിയും ജ്ഞാനവിഷയകമായ ക്ഷേത്രത്തിന്നേയുള്ളു. ജ്ഞാതാവായ ആത്മാവിന്നില്ല. 36

അതോ രൂപാദിസംസ്കാരാദ്യശുദ്ധിസംബന്ധാഭാവാത് ന പരസ്മാദാത്മനോ വിലക്ഷണത്വമിതി പ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്യക്ഷാദിവിരോധാഭാവാത് യുക്തം പര ഏവാത്മാഽഹമിതി പ്രതിപത്തും—'തദാത്മാനമേവാവേദഹം ബ്രഹ്മാസ്മി', 'ഏകധൈവാനുദ്രഷ്ടവ്യം', 'അഹമേവാധസ്താതി', 'ആത്മൈവാഽധസ്താത്', 'സർവ്വമാത്മാനം പശ്യത്', 'യത്ര ത്വസ്യ സർവ്വമാത്മൈവ', 'ഇദം സർവ്വം യദയമാത്മാ', 'സ ഏഷോഽകലഃ', 'അനന്തരമബാഹ്യം', 'സബാഹ്യാഭ്യന്തരോഹ്യജഃ,' 'ബ്രഹ്മൈവേദം', 'ഏതയാ ദ്വാരാ പ്രാപദ്യത', 'പ്രജ്ഞാനസ്യ നാമധേയാനി' 'സത്യം ജ്ഞാനമനന്തം ബ്രഹ്മ', 'തസ്മാദ്വാ' 'തത്സൃഷ്ട്വാ തദേവാനുപ്രാവിശത്' 'ഏകോ ദേവഃ സർവ്വഭൂതേഷു ഗൂഢഃ സർവ്വവ്യാപീ', 'അശരീരം ശരീരേഷു', 'ന ജായതേ മ്രിയതേ' 'സ്വപ്നാന്തം ജാഗരിതാന്തം', ''സ മ ആത്മേതി വിദ്യാത്'', 'യസ്തു സർവ്വാണി ഭൂതാനി' 'തദേജതി തന്നൈജതി' 'വേനസ്തത്പശ്യൻ', 'തദേവാഗ്നിഃ' 'അഹം മനുരഭവം സൂര്യശ്ച' 'അന്തഃ പ്രവിഷ്ടഃ ശാസ്താ ജനാനാം' 'സദേവ സോമ്യ,' 'തത്സത്യം സ ആത്മാ തത്വമസി' ഇത്യാദി ശ്രുതിഭ്യഃ 37

സ്മൃതിഭ്യശ്ച-'പൂഃ പ്രാണിനഃ സർവ്വഗുഹാശയസ്യ' ആത്മൈവദേവതാഃ', 'നവദ്വാരേ പുരേ' 'സമം സർവ്വേഷു ഭൂതേഷു', 'വിദ്യാവിനയസമ്പന്നേ', 'അവിഭക്തം വിഭക്തേഷു. 'വാസുദേവഃ സർവ്വം' ഇത്യാദിഭ്യഃ ഏക ഏവാത്മാ പരം ബ്രഹ്മ സർവ്വസംസാരധർമ്മവിനിർമുക്തസ്വമിതി സിദ്ധം. 38

അതുകൊണ്ട് ആത്മാവിന് ത്രപാദികളുടെ സംസ്കാരങ്ങളും മുതലായ യാതൊരശുദ്ധിയും ഇല്ലാത്തതിനാൽ പരമാത്മാവിനും നിനക്കും തമ്മിൽ ഒരു വ്യത്യാസവുമില്ല. പരമാത്മാവും, നീയെന്നു പറയുന്ന വ്യഷ്ടിയായ ആത്മാവും ഭിന്നലക്ഷണമല്ലെന്നു താല്പര്യം. പ്രത്യക്ഷാദി വിരോധവുമൊന്നുമില്ല. അതുകൊണ്ടു പരമാത്മാവുതന്നെയാണ് 'ഞാൻ' എന്ന ബോധം ശരിക്കും ശരിതന്നെ. ശ്രുതി പറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുന്നതു നോക്കുക:– 'തദാത്മാനമേവാവേദഹം ബ്രഹ്മാസ്മീതി, (ബൃ. 1. 4. 10) (ഞാൻ ബ്രഹ്മമാണ് എന്നിങ്ങനെ ആത്മാവിനെ ത്തന്നെ പരമാത്മാവായി അറിഞ്ഞു.) 'ഏകധൈവാനുദ്രഷ്ടവ്യം' (ബൃ 4. 4. 20) (അതൊന്നേ ഉള്ളൂ എന്നു കണ്ടുകൊള്ളണം.) 'അഹമേവാധസ്താത്' (ഛാ. 7. 25. 1.) (ഞാൻ തന്നെയാണു് താഴത്തു്) 'ആത്മൈവാധസ്താത്' (ഛാ 7. 25. 2.) (ആത്മാവു തന്നെയാണ് താഴത്തു്.) 'സർവ്വമാത്മാനം പശ്യേത്' (ബൃ 4.4. 23) (എല്ലാററിനേയും ആത്മാവായിക്കാണണം.) 'യത്ര ത്വസ്യ സർവ്വമാത്മൈവ' (ബൃ. 2. 4. 14.) (ഇവന്നു് എല്ലാമാത്മാവായിത്തീരുമ്പോൾ) 'ഇദം സർവ്വം യദയമാത്മാ', (ബൃ. 2.4. 6)(ഇതെല്ലാം തന്നെ ആത്മാവാണു്) 'സ ഏഷോfകലഃ' (പ്രശ്നം 6 .5.) (അതു് അംശങ്ങളില്ലാത്തതാകുന്നു.) അനന്തരമബാഹ്യം' (ബൃ. 2. 5. 19.) (അകവും പുറവുമില്ലാത്തതു്) 'സ ബാഹ്യാഭ്യന്തരോഹ്യജഃ'(മു. 2. 1. 2.) (ജന്മമില്ലാത്തവനും അകവും പുറവും നിറഞ്ഞുനില്ക്കുന്നവനും.) 'ബ്രഹ്മൈവേദം' (മു. 2. 2. 11.) (ഇതെല്ലാം ബ്രഹ്മം തന്നെ.) 'ഏതയാ ദ്വാരാ പ്രാപദ്യത.' (ഐത. 1. 3. 12.) (ഈ ദ്വാരത്തിലൂടെ പ്രവേശിച്ചു) 'പ്രജ്ഞാനസ്യ നാമധേയാനി' (ഐത. 3. 1. 2.) ശുദ്ധജ്ഞാനത്തിൻെറ പേരുകൾ മാത്രം) 'സത്യം ജ്ഞാനമനന്തം ബ്രഹ്മഃ' (തൈ:2. 1.1.) (സത്യവും ഉണ്മജ്ഞാനവും അവസാനമില്ലാത്തതുമാണ് ബ്രഹ്മം.') 'തസ്മാദ്വാ' (തൈ. 2.1. 1.) (അതിൽനിന്നുതന്നെ ആകാശം.) 'തത്സൃഷ്ട്വാ തദേവാനുപ്രാവിശത്'(തൈ.2.1.6) (അതിനെ സൃഷ്ടിച്ചു അതിൽ തന്നെ പ്രവേശിച്ചു.) 'ഏകോ ദേവഃ സർവ്വഭൂതേഷു ഗൂഢഃ സർവ്വ വ്യാപീ'(ശ്വേ.6. 11.)(ജ്യോതിരൂപമായി ഒന്നു് എല്ലാ ഭൂതങ്ങളിലും ഒളിഞ്ഞുനിൽക്കുന്നതും എല്ലായിടത്തുംവ്യാപിച്ചുനില്ക്കുന്നതുമാണ്.) 'അശരീരം ശരീരേഷു' (കഠ 2. 22.) (എല്ലാ ശരീരങ്ങളിലും ശരീരമില്ലാത്ത അതു സ്ഥിതിചെയ്യുന്നു.) 'ന ജായതേ മ്രിയതേ.' (കഠ 2. 18) (അതു ജനിക്കുന്നുമില്ല; മരിക്കുന്നുമില്ല.) 'സ്വപ്നാന്തം ജാഗരിതാന്തം (കഠ 2. 1. 4.) (സ്വപ്നവും ജാഗ്രത്തും അറിഞ്ഞുകൊണ്ടും.) 'സ മ ആത്മേതി വിദ്യാത്' (കൗഷീ. 3. 8.) അതു് [പരമാത്മാവു്] എൻെറ ആത്മാവാണെന്നറിയണം. 'യസ്തു സർവ്വാണി ഭൂതാനി' (ഈശം. 6.) (ആരാണോഎല്ലാ ഭൂതങ്ങളും ആത്മാവാണെന്നറിയുന്നതു്.) 'തദേജതി തന്നൈജതി' (ഈശം 5.) (അതു ചലിക്കുന്നു; ചലിക്കുന്നില്ല.) 'വേനസ്തത്പശ്യൻ' (മനാ. ഉപ 2. 3.) (അതിനെ അറിയുന്നവൻ ആരാധ്യനായിത്തീരുന്നു.) 'തദേവാഗ്നിഃ (തൈ. ആ. 10.1.) (അതു അഗ്നിതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണ്.) 'അഹം മനുരഭവം സൂര്യശ്ച' (ബൃ 1. 4. 10.) (ഞാൻ മനുവായും സൂര്യനായും തീൎന്നു) '(അന്തഃപ്രവിഷ്ടഃ ശാസ്താജനാനാം ') (തൈ ആ 3. 11. 1. 2) (ജനങ്ങളുടെ ഉള്ളിൽ പ്രവേശിച്ച് അവരെ നിയന്ത്രിക്കുന്നു.) 'സദേവസോമ്യ' (ഛാ 6. 2. 1.) (എന്റെ കുഞ്ഞേ! ഉണ്മ മാത്രമെ ആദ്യം ഉണ്ടായിരുന്നുള്ളു.) തത്സത്യം സ ആത്മാ തത്ത്വമസി' (ഛാ 6.8 7.)(അതാണ് സത്യം, അതാണ് ആത്മാവ് അതു നീയാകുന്നു) 37

താഴെപ്പറയുന്ന സ്മൃതിവാക്യങ്ങൾകൊണ്ടും എല്ലാ സംസാരധൎമ്മങ്ങളിൽനിന്നും വേറിട്ടുനില്ക്കുന്ന പരബ്രഹ്മരൂപമായ ആത്മാവ് തന്നെയാണു് നീ എന്നു സിദ്ധിക്കുന്നു.:—'പൂഃ പ്രാണിനഃ സൎവ്വഗുഹാശയസ്യ'(ആപസ്തംബ ധ സൂ. 1. 8. 22)(എല്ലാവരുടേയും ഹൃദയത്തിൽ നിവസിക്കുന്ന ആ ഒന്നിന്റെ ദേഹങ്ങളാണു് ഈ ഭൂതങ്ങളെല്ലാം) 'ആത്മൈവദേവതാഃ' (മനു. 12. 119) (ദേവതങ്ങളെല്ലാം ആത്മാവു തന്നെയാണു്) 'നവദ്വാരേ പുരേ ദേഹീ (ഗീ. 5. 13) (ഒമ്പതു് ദ്വാരങ്ങളോടുകൂടിയ പുരത്തിൽ ആത്മാവു വസിക്കുന്നു.) 'സമം സൎവ്വേഷു ഭൂതേഷു' (ഗീ. 13. 27) (എല്ലാ വസ്തുക്കളിലും ഒരേ ഒന്നു്) 'വിദ്യാവിനയസമ്പന്നേ (ഗീ 5. 18) (വിദ്യാവിനയസമ്പന്നനായ ബ്രാഹ്മണൻ തുടങ്ങിയവരിൽ) 'അവിഭക്തം വിഭക്തേഷു' (ഗീ 13. 16) (വെവ്വേറേയുള്ള വസ്തുക്കളിൽ മാററമില്ലാതെ ഒന്നായി നില്ക്കുന്നതു്.) 'വാസുദേവഃ സൎവ്വം' (ഗീ. 7. 19) (എല്ലാം വാസുദേവനായ പരമാത്മാവാണ്.) 38

സ യദി ബ്രൂയാത്—യദി ഭഗവൻ 'അനന്തരോഽബാഹ്യഃ' 'സബാഹ്യാഭ്യന്തരോ ഹ്യജഃ' 'കൃത്സ്നഃ,' 'പ്രജ്ഞാനഘന ഏവ', സൈന്ധവഘനവദാത്മാ സൎവ്വമൂൎത്തിഭേദവൎജിതഃ ആകാശവദേകരസഃ, തൎഹി കിമിദം ദൃശ്യതേ ശ്രൂയതേ വാ സാധ്യം സാധനം വാ സാധകശ്ചേതി ശ്രുതിസ്മൃതിലോകപ്രസിദ്ധം വാദിശതവിപ്രതിപത്തിവിഷയ ഇതി. 39

ആ സമയം ശിഷ്യൻ ഇങ്ങനെപറഞ്ഞു എന്നിരിക്കട്ടെ, 'ഭഗവൻ ആ ആത്മാവ് അങ്ങു പറഞ്ഞവിധം 'അകവും പുറവും ഇല്ലാത്തതും 'ജനനമില്ലാത്തതും,' 'ഉപ്പുകട്ടപോലെ ജ്ഞാനഘനസ്വരൂപനും'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'യാതൊരു ത്രുപഭേദമില്ലാത്തവനും', 'എങ്ങുമൊരേവിധം വ്യാപിച്ചു നില്ക്കുന്നതു'മാണെങ്കിൽ, ശ്രുതി, സ്മൃതി, ലോകവ്യവഹാരം എന്നിവയിൽ പ്രസിദ്ധമായും, നിരവധി വാദികളുടെ അഭിപ്രായഭേദത്തിനു് വിഷയമായും സാധ്യം, സാധനം, സാധകൻ എന്നിവ നാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടല്ലോ. അതിൻെറ അർത്ഥമെന്തു്?' (ആത്മാവൊന്നു മാത്രമേ ഉള്ളു എങ്കിൽ സ്വർഗ്ഗാദിഫലങ്ങളും, തത്സാധകങ്ങളായ കർമ്മങ്ങളും, അനുഷ്ഠിക്കുന്ന പുരുഷൻ എന്നീ ഭേദവ്യവഹാരം എങ്ങനെ ഉണ്ടായി?) 39

ആചാര്യോ ബ്രൂയാത്—അവിദ്യാകൃതമേതദ്യദിദം ദൃശ്യതേ ശ്രൂയതേവാ പരമാർത്ഥതസ്ത്വേക ഏവാത്മാ അവിദ്യാദൃഷ്ടേഃ അനേകവത് ആഭാസതേ, തിമിരദൃഷ്ട്യാ അനേകചന്ദ്രവത്. 'യത്ര വാ അന്യദിവ സ്യാത്'' 'യത്ര ഹി ദ്വൈതമിവ ഭവതി തദിതര ഇതരം പശ്യതി' 'മൃത്യോഃ സ മൃത്യുമാപ്നോതി', 'അഥ യത്രാന്യത്പശ്യതി അന്യച്ഛൃണോതി അന്യദ്വിജാനാതി തദല്പം, അഥ യദല്പം തന്മർത്ത്യമിതി,' 'വാചാരംഭണം വികാരോ നാമധേയം മൃത്തികേത്യേവ സത്യം', 'അന്യോഽസാവന്യോഽഹം' ഇതി ഭേദദർശന നിന്ദോപപത്തേരവിദ്യാകൃതം ദ്വൈതം 'ഏകമേവാദ്വിതീയം', 'യത്ര ത്വസ്യ', 'തത്ര കോ മോഹഃ കഃ ശോകഃ', ഇത്യാദ്യേകത്വവിധിശ്രുതിഭ്യശ്ചേതി. 40

അപ്പോൾ ആചാര്യൻ പറയണം, ഇങ്ങനെ ഭിന്നമായിക്കാണുന്നതും കേൾക്കുന്നതുമെല്ലാം—അവിദ്യാ—അറിവില്ലായ്മ—കൊണ്ടാണ്. വാസ്തവത്തിൽ ഏകമായ ആത്മാവ്അവിദ്യാദൃഷ്ടിക്ക്—അറിവില്ലാത്തവനു്—അനേകമെന്നപോലെ തോന്നുന്നു. തിമിരം ബാധിച്ച കണ്ണിനു് ഒരേ ചന്ദ്രൻ അനേകമായിത്തോന്നുന്നുണ്ടല്ലോ. അതുപോലെ ''യത്ര വാ അന്യദിവസ്യാത്'', (ബൃ.4.3.31) (എവിടെ മറ്റൊന്നുള്ളതുപോലെ തോന്നുന്നുവോ)'യത്ര ഹി ദ്വൈതമിവ ഭവതി തദിതര ഇതരം പശ്യതി' (ബൃ.2 4.14) (എവിടെ രണ്ടുള്ളതുപോലെ തോന്നുന്നുവോ, അവിടെ ഒന്നു മറ്റൊന്നിനെക്കാണുന്നു.) 'മൃത്യോഃ സ മൃത്യുമാപ്നോതി' (ബൃ 4.4.19) (അവൻ—ഭേദം കാണുന്നവൻ— മൃത്യുവിലേക്ക്, സംസാരത്തിൽചെന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേരുന്നു) ''അഥ യത്രാന്യത് പശ്യതി അന്യച്ഛൃണോതി അന്യദ്വിജാനാതി തദല്പം, അഥ യദല്പം തന്മർത്ത്യമിതി'' (ഛാ 7.24.1) (എവിടെയാണോ തന്നിൽനിന്നും വേറേ ഒന്നിനെക്കാണുകയും, മററൊന്നിനെ കേൾക്കുകയും, മററൊന്നിനെ അറിയുകയും ചെയ്യുന്നതു്, അതല്പമാണ്: പരിച്ഛിന്നവുമാണു്. അല്പമായതെല്ലാം നശ്വരവുമാണു്) 'വാചാരംഭണം വികാരോനാമധേയം മൃത്തികേത്യേവ സത്യം' (ഛാ 6.1 4.) (വികാരങ്ങളെല്ലാം—കാര്യങ്ങൾ-[ഉദാഹരണം മൺകുടം] വെറും പേരുകൾ മാത്രമാണ്. വാക്കുകൾ കൊണ്ടുള്ള കളി മാത്രമാണ്. അതു മണ്ണാണെന്നുള്ളതാണു സത്യം) 'അന്യോഽസാവന്യോഽഹം' (ബൃ. 1. 4. 10.) (അതു വേറേ, ഞാൻ വേറേ) എന്നിങ്ങനെ ഭേദജ്ഞാനം ശരിയാണെന്നുള്ള ബോധത്തെ നിന്ദിക്കുന്ന ശ്രുതികളിൽ നിന്നും രണ്ടെന്ന തോന്നൽ വെറും അജ്ഞാനത്തിൽനിന്നു് ഉണ്ടായതാണു് എന്നു സ്പഷ്ടം. മാത്രമല്ല, ഐക്യം വിധിക്കുന്ന ശ്രുതിവാക്യങ്ങളിൽ നിന്നും സ്പഷ്ടമാകുന്നതു് ഇതു തന്നെയാണു്. നോക്കുക:— 'ഏകമേവാദ്വിതീയം' (ഛാ 6. 2. 1.) രണ്ടാമതൊന്നില്ലാത്ത ഒരേ ഒരു വസ്തു 'യത്രത്വസ്യ' (ബൃ. 4. 5. 15) (ബ്രഹ്മജ്ഞാനിക്കു് എല്ലാം ആത്മാവായിത്തീരുമ്പോൾ പിന്നെ ആർ ആരെക്കാണും) 'തത്ര കോ മോഹഃ കഃ ശോകഃ' (ഈശം 7) (എല്ലാം ഒന്നായിക്കാണുന്നവന്നു് പിന്നെ, മോഹമെവിടെ? ശോകമെവിടെ?) 40

യദ്യേവം ഭഗവൻ, കിമർത്ഥം ശ്രുത്യാ സാധ്യസാധനാദിഭേദ ഉച്യതേ ഉത്പത്തിഃ പ്രലയശ്ചേതി 41

ഭഗവൻ, അങ്ങിനെയാണു് വാസ്തവമെങ്കിൽ, ശ്രുതി പിന്നെ എന്തിനാണു് സാധ്യസാധനാദിഭേദവും, പ്രപഞ്ചത്തിന്റെ ഉൽപത്തിയും, പ്രളയവും എല്ലാം പ്രതിപാദിക്കുന്നതു്? 41

അത്രോച്യതേ_അവിദ്യാവത ഉപാത്തശരീരാദിഭേദസ്യ ഇഷ്ടാനിഷ്ടയോഗിനമാത്മാനം മന്യമാനസ്യ സാധനൈരേവേഷ്ടാ നിഷ്ടപ്രാപ്തിപരിഹാരോപായ വിവേകമജാനതഃ ഇഷ്ടപ്രാപ്തിം ചാനിഷ്ടപരിഹാരം ചേച്ഛതഃ ശനൈഃ ന്തദ്വിഷയമജ്ഞാനം നിവർത്തയിതും ശാസ്ത്രം ന സാധ്യസാധനാദിഭേദം വിധത്തേ. അനിഷ്ട രൂപഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംസാരോ ഹി സ ഇതി തദ്ഭേദദൃഷ്ടിമേവാവിദ്യാം സംസാരമൂന്മൂലയതി ഉത്പത്തിപ്രലയാദ്യേകതോപപത്തിപ്രദർശനേന. 42

പറയാം:_അജ്ഞാനിയും, ശരീരാദിഭേദങ്ങളുള്ളവനും, ആത്മാവിന്ന് ഇഷ്ടാനിഷ്ടപ്രാപ്തി ഉണ്ടാകുന്നതായി കരുതുന്നവനും, ഇഷ്ടം പ്രാപിക്കുന്നതിനും, അനിഷ്ടം പരിഹരിക്കുന്നതിനും ആഗ്രഹമുണ്ടെങ്കിലും, ശരിയായ ഏതു് ഉപകരണങ്ങൾകൊണ്ടു് ഇഷ്ടപ്രാപ്തിയും അനിഷ്ടപരിഹാരവും എങ്ങിനെ സാധിക്കാമെന്ന് വിവേകബോധമില്ലാത്തവനുമായ പുരുഷന്നു്, അവൻെറ ആഗ്രഹസിദ്ധിക്കുള്ള ഉപകരണങ്ങളെ കാണിച്ചുകൊടുത്തു് അതിലുള്ള അവൻെറ അറിവില്ലായ്മയെ പടിപടിയായി പരിഹരിക്കുകയാണ് ശാസ്ത്രം ചെയ്യുന്നതു്; അല്ലാതെ സാധ്യമായ സ്വർഗ്ഗാദികളും സാധനങ്ങളായ കർമ്മങ്ങളും ഭിന്നമാണെന്നും, അവ സത്യമാണെന്നും വിധിക്കുകയല്ല ശാസ്ത്രത്തിൻെറ ലക്ഷ്യം. എന്തെന്നാൽ ഈ ഭേദജ്ഞാനമാണ് അനിഷ്ടമായ ഈ സംസാരം തന്നെ. അതിനാൽ ശ്രുതികൾ സംസാരത്തിൻെറ പ്രതിഭാസത്തിന്നു് കാരണമായ ഈ 'ഭേദജ്ഞാന'മെന്ന അജ്ഞാനത്തെ, ഈ പ്രപഞ്ചത്തിൻെറ ഉല്പത്തിയും പ്രളയവും സ്ഥിതിയുമെല്ലാം ഒന്നിൽ തന്നെയെന്നു കാണിച്ച് പരിഹരിക്കുകയാണ് ചെയ്യുന്നതു്. 42

അവിദ്യായാമുൻമൂലിതായാം ശ്രുതിസ്മൃതിന്യായേഭ്യഃ അനന്തരമബാഹ്യം, സബാഹ്യാഭ്യന്തരോഹ്യജഃ, സൈന്ധവഘനവത് 'പ്രജ്ഞാനഘന ഏവൈക ആത്മാ, ആകാശവത്പരിപൂർണ്ണഃ ഇത്യതൈവ ഏകാ പ്രജ്ഞാപ്രതിഷ്ഠാ പരമാത്മദർശിനോ ഭവതി, ന സാധ്യസാധനോത്പത്തിപ്രളയാദിഭേദേന അശുദ്ധിഗന്ധോഽപ്യുപപദ്യതേ. 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രുതി, സ്മൃതി, യുക്തി എന്നിവയുടെ സഹായത്തോടു കൂടി അവിദ്യയെ നശിപ്പിച്ചുകഴിഞ്ഞാൽ, അകവും പുറവും ഇല്ലാത്തതും, ജനനമില്ലാത്തതും, ഉപ്പുകട്ടപോലെ വിജ്ഞാനഘനവും ആകാശത്തെപ്പോലെ എങ്ങും നിറഞ്ഞു നില്ക്കുന്നതുമായ ഒരേ ആത്മാവിൽതന്നെ സത്യദർശിയുടെ ബുദ്ധി ഏകതാനമായിത്തീരുന്നു. അപ്പോൾ സാദ്ധ്യം, സാധനം, ഉല്പത്തി, പ്രളയം എന്നിവയുടെ ഭേദംകൊണ്ടുള്ള അശുദ്ധിയുടെ ഗന്ധംപോലും, യുക്തമല്ലതന്നെ. 43

തച്ചൈതത് പരമാത്മദർശനം പ്രതിപത്തുമിച്ഛതാ വർണ്ണാശ്രമാദ്യഭിമാനകൃതപാങ്ക്തരൂപപുത്ര വിത്ത ലോകൈഷണാദിഭ്യോ വ്യുത്ഥാനം കർത്തവ്യം. സമ്യക്പ്രത്യയവിരോധാത് തദഭിമാനസ്യ ഭേദദശ്നപ്രതിഷേധാർത്ഥോപപത്തിശ്ചോപപദ്യതേ. നഹ്യേകസ്മിന്നാത്മന്യസംസാരിത്വബുദ്ധൗ ശാസ്ത്ര ന്യായോത്പാദിതായാം തദ്വിപരീതാ ബുദ്ധിർഭവതി. നഹ്യഗ്നൗ ശീതത്വബുദ്ധിഃ, ശരീരേ വാ അജരാമരണബുദ്ധിഃ. തസ്മാദവിദ്യാകാര്യത്വാത് സർവ്വ കർമ്മണാം തത്സാധനാനാം ച യജ്ഞോപവീതാദീനാം പരമാത്മദർശനനിഷ്ഠേന ത്യാഗഃ കർത്തവ്യഃ 44

ഇങ്ങനെയുള്ള പരമാത്മജ്ഞാനമുണ്ടാകണമെന്നാഗ്രഹിക്കുന്നവൻ, വർണ്ണാശ്രമാദ്യഭിമാനത്തിൽ_ഞാൻ ഇന്ന ജാതിയാണ്; ഇന്ന ആശ്രമിയാണ് എന്നു തുടങ്ങിയ അഭിമാനത്തിൽ-നിന്നുണ്ടാകുന്നതും അഞ്ചുതരത്തിൽ എന്ന് ശ്രുതികൾ ഘോഷിച്ചിട്ടുള്ളതുമായ പുത്രേഷണ (പുത്രൻ ഉണ്ടാകണമെന്നുള്ള ആഗ്രഹം) വിത്തേഷണ, ലോകേഷണ എന്നിവയുടെ പിടിയിൽനിന്നും വിട്ടുമാറി ഉയരണം. എന്തെന്നാൽ ഇത്തരത്തിലുള്ള അഭിമാനം ജ്ഞാനത്തെ തടസ്സപ്പെടുത്തുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഭേദജ്ഞാനപ്രതിഷേധവും യുക്തമായിരിക്കുന്നത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാസ്ത്രയുക്തികളേക്കൊണ്ടു് ആത്മാവു് ഒന്നേയുള്ള എന്നും അതു് സംസാരിയല്ലെന്നും അറിയുന്നവന്നു് അതിന്നു വിപരീതമായി മററൊരു ജ്ഞാനം ഉണ്ടാവാൻ സാധ്യമല്ലല്ലോ. അഗ്നി തണുത്തതാണെന്നും ശരീരം ജരാമരണങ്ങളില്ലാത്തതാണെന്നുമുള്ള ജ്ഞാനം ജ്ഞാനമാകുമോ? അതിനാൽ എല്ലാ കർമ്മങ്ങളും, അവയുടെ ഉപകരണങ്ങളായ യജ്ഞോപവീതാദികളും അജ്ഞാനസൃഷ്ടിമാത്രമാകയാൽ പരമാത്മ ജ്ഞാനത്തിലടിയുറച്ചവൻ അവയെ ത്യജിക്കുകതന്നെവേണം. 44

ഇങ്ങനെ ശിഷ്യപ്രതിബോധവിധിപ്രകരണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 2

കൂടസ്ഥാദ്വയാത്മബോധപ്രകരണം

സുഖമാസീനം ബ്രാഹ്മണം ബ്രഹ്മനിഷ്ഠം കശ്ചിദ് ബ്രഹ്മചാരീ ജന്മമരണലക്ഷണാത് സംസാരാത് നിർവിണ്ണോ മുമുക്ഷുഃ വിധിവദുപസന്നഃ പപ്രച്ഛ: –ഭഗവൻ, കഥമഹം സംസാരാന്മോക്ഷിഷ്യേ? ശരീരേന്ദ്രിയവിഷയവേദനാവാൻ ജാഗരിതേ ദുഃഖമനുഭവാമി, തഥാ സ്വപ്നേഽനുഭവാമി, പുനഃ പുനഃ സുഷുപ്തി–പ്രതിപത്ത്യാ വിശ്രമ്യ വിശ്രമ്യ. കിമയമേവ മമ സ്വഭാവഃ, കിം വാ അന്യസ്വഭാവസ്യ സതോ നൈമിത്തിക ഇതി....യദി സ്വഭാവഃ, ന മേ മോക്ഷാശാ, സ്വഭാവസ്യാവർജനീയത്വാത്. അഥ നൈമിത്തികഃ, നിമിത്തപരിഹാരേ സ്യാന്മോക്ഷോപപത്തിഃ 45

ജനനമരണരൂപമായ സംസാരത്തിൽ കിടന്നു വലഞ്ഞു മനസ്സുമുട്ടി അതിൽനിന്നും വിടുതൽ ആഗ്രഹിച്ചു കൊണ്ടു് ഒരു ബ്രഹ്മചാരി, ബ്രഹ്മനിഷ്ഠനും, ഒരിടത്തിരിക്കുന്നവനുമായ ബ്രഹ്മജ്ഞാനിയെ ശാസ്ത്രവിധിപ്രകാരം സമീപിച്ചു് ചോദിച്ചു; ''ഭഗവൻ! ശരീരം, ഇന്ദ്രിയങ്ങൾ, വിഷയങ്ങൾ എന്നിവയുടെ ജ്ഞാനമുള്ള ഞാൻ എങ്ങിനെയായാൽ സംസാരത്തിൽനിന്നും മുക്തനാകും? ഉണർന്നിരിക്കുമ്പോൾ ഞാൻ ദു:ഖം അനുഭവിക്കുന്നു. അതുപോലെ സ്വപ്നകാലത്തും ഞാൻ ദു:ഖമനുഭവിക്കുന്നു. ഇടയ്ക്കിടയ്ക്കു് സുഷുപ്തിയിൽ ഉണ്ടാകുന്ന വിശ്രമം അനുഭവിക്കുന്നെങ്കിലും ജാഗ്രത്തിലും സ്വപ്നത്തിലും ഞാൻ ദു:ഖം അനുഭവിക്കുന്നു. ഇതു തന്നെയാണോ എന്റെ സാക്ഷാൽ സ്വരൂപം? അതോ വാസ്തവത്തിൽ അന്യസ്വഭാവനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എനിക്ക് ഇതു് നൈമിത്തികം (കാരണവശാൽ ഇടയ്ക്കു വെച്ചുണ്ടാകുന്നതു്) മാത്രമാണോ? ഇതു് സാക്ഷാൽസ്വഭാവമാണെങ്കിൽ മോക്ഷം കിട്ടുമെന്ന ആശക്കു വഴിയില്ല. സ്വഭാവം മാററാൻ ആരെക്കൊണ്ടു സാധിക്കും? അല്ല നൈമിത്തികം മാത്രമാണെങ്കിൽ നിമിത്തം (കാരണം) ഇല്ലാതാക്കിയാൽ മോക്ഷം ലഭിക്കാവുന്നതാണല്ലോ?''

തം ഗുരുരുവാച—ശൃണു വത്സ, ന തവായം സ്വഭാവഃ (കിം തു) നൈമിത്തികഃ. 46

അയാളോടു ഗുരു പറഞ്ഞു:—കേൾക്കു കുട്ടി, ഇതു നിന്റെ സ്വഭാവമല്ല. നൈമിത്തികം മാത്രമാണു്. 46

ഇതി ഉക്തഃ ശിഷ്യ ഉവാച_കിം നിമിത്തം, കിം വാ തസ്യ നിവർത്തകം, കോ വാ മമ സ്വഭാവഃ, യസ്മിന്നിമിത്തേ നിവർത്തിതേ നൈമിത്തികാഭാവഃ, രോഗനിമിത്തനിവൃത്താവിവ രോഗീ സ്വഭാവം പ്രപദ്യേയേതി. 47

ഇങ്ങനെ ഗുരുനാഥൻ പറഞ്ഞപ്പോൾ ശിഷ്യൻ ചോദിക്കുകയാണു്:—എന്താണു കാരണം? ആ കാരണത്തെ ഇല്ലാതാക്കുന്നതേതു്? എന്റെ സാക്ഷാൽ സ്വഭാവമെന്താണു്? നിമിത്തമില്ലാതാക്കിത്തീർത്താൽ നൈമിത്തികവും (ആ കാരണം കൊണ്ടുണ്ടായ കാര്യം) ഇല്ലാതായിത്തീരുമല്ലോ. ഇങ്ങനെ രോഗത്തിന്റെ കാരണമില്ലാതാക്കിയാൽ രോഗി, രോഗവിമുക്തനായി തന്റെ പൂർവ്വാവസ്ഥയെ പ്രാപിക്കുന്നതുപോലെ നിമിത്തമില്ലാതാകുമ്പോൾ നൈമിത്തികമായ സംസാരബോധം നശിച്ചു് ഞാൻ എന്റെ സാക്ഷാൽ സ്വരൂപത്തെ പ്രാപിക്കുമല്ലോ. 47

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരുരുവാച_അവിദ്യാനിമിത്തം, വിദ്യാ തസ്യ നിവർത്തികാ, അവിദ്യായാം നിവൃത്തായാം തന്നിമിത്താഭാവാത് മോക്ഷ്യസേ ജന്മമരണ ലക്ഷണാത് സ്വപ്നജാഗ്രദ്ദുഖം ച നാനുഭവിഷ്യസീതി. 48

ഗുരു പറഞ്ഞു:_അവിദ്യ (അറിവില്ലായ്മ) യാണു കാരണം. വിദ്യ (ജ്ഞാനം) അതിനെ ഇല്ലാതാക്കുന്നതാണ്. അവിദ്യ നശിച്ചാൽ, കാരണമില്ലാത്തതുകൊണ്ട് ജനനമരണരൂപമായ സംസാരത്തിൽനിന്ന് നിനക്കു വിടുതൽ കിട്ടും. പിന്നെ സ്വപ്നത്തിലും ജാഗ്രത്തിലും ദുഃഖാനുഭവം ഉണ്ടാകുകയില്ല. 48

ശിഷ്യ ഉവാച—കാ സാ അവിദ്യാ, കിം വിഷയാ വാ, വിദ്യാ ച കാ യയാ സ്വഭാവം പ്രതിപദ്യേയേതി. 49

ശിഷ്യൻ ചോദിച്ചു:– ആ അവിദ്യ എന്നതു് എന്താണ്? എന്താണതിന്റെ വിഷയം? ഏതിന്റെ അനുഗ്രഹംകൊണ്ട് ഞാൻ എന്റെ സാക്ഷാൽ സ്വഭാവത്തെ പ്രാപിക്കും? അവിദ്യയെ ഇല്ലാതാക്കുന്ന ആ വിദ്യ ഏതാണ്?. 49

ഗുരുരുവാച—ത്വം പരമാത്മാനം സന്തം അസംസാരിണം സംസാര്യഹമസ്മീതി വിപരീതം പ്രതിപദ്യസേ, അകർത്താരം സന്തം കർത്തേതി, അഭോക്താരം സന്തം ഭോക്തേതി, വിദ്യമാനം ച അവിദ്യമാനമിതി ഇയമവിദ്യാ. 50

ഗുരു പറഞ്ഞു:- സത്യസ്വരൂപവും സംസാരധർമ്മങ്ങളൊന്നുമില്ലാത്തതുമായ പരമാത്മാവിനെ നീ ''സംസാരിയായ ഞാനാണ്'' എന്നിങ്ങനെ വിപരീതമായി ധ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിച്ചുവയ്ക്കുന്നു. അതുപോലെതന്നെ ഒന്നും ചെയ്യാത്ത പരമാത്മാവിനെ എല്ലാം ചെയ്യുന്നതെന്നും, ഒന്നും അനുഭവിക്കാത്ത അതിനെ എല്ലാം അനുഭവിക്കുന്നതെന്നും, അനശ്വരമായ അതിനെ നശ്വരം എന്നും കരുതുന്നു. ഇതാണ് അവിദ്യാ. 50

ശിഷ്യ ഉവാച–യദ്യപ്യഹം വിദ്യമാനഃ തഥാപി ന പരമാത്മാ കർതൃത്വഭോക്തൃത്വലക്ഷണഃ സംസാരോ മമ സ്വഭാവഃ, പ്രത്യക്ഷാദിഭിഃ പ്രമാണൈഃ അനുഭൂയമാനത്വാത്; ന അവിദ്യാ നിമിത്തഃ, അവിദ്യായാഃ സ്വാത്മവിഷയത്വാനുപപത്തേഃ. അവിദ്യാ നാമ അന്യസ്മിൻ അന്യധർമ്മാധ്യാരോപണാ യഥാ പ്രസിദ്ധം രജതം പ്രസിദ്ധായാം ശുക്തികായാം യഥാ പ്രസിദ്ധം പുരുഷം സ്ഥാണാവധ്യാരോപയതി, പ്രസിദ്ധം വാ സ്ഥാണും പുരുഷേ. നാഽപ്രസിദ്ധം പ്രസിദ്ധേ, പ്രസിദ്ധം ചാഽപ്രസിദ്ധേ ന ചാത്മന്യനാത്മാനമധ്യാരോപയതി. ആത്മനഃ അപ്രസിദ്ധത്വാത്. തഥാ ആത്മാനം അനാത്മനി ആത്മനോഽപ്രസിദ്ധത്വാദേവ. 51

ശിഷ്യൻ പറഞ്ഞു:– ഞാൻ ശാശ്വതനായിരിക്കാം. എന്നാലും ഞാൻ പരമാത്മാവല്ല. കർതൃത്വം ഭോക്തൃത്വം (കർമ്മം ചെയ്യൽ അതിന്റെ ഫലം അനുഭവിക്കൽ) എന്നിവയുൾക്കൊള്ളുന്ന സംസാരമാണ് എന്റെ സ്വഭാവം പ്രത്യക്ഷാദി പ്രമാണങ്ങൾകൊണ്ട് അങ്ങനെയാണല്ലോ അനുഭവം. അതിനു കാരണം അവിദ്യയല്ല. എന്തെന്നാൽ അജ്ഞാനത്തിനു വിഷയം ആത്മാവാണെന്നത് ശരിയാവുകയില്ല. അവിദ്യ (അജ്ഞാനം) എന്നു പറഞ്ഞാൽ മറ്റൊന്നിൽ വേറൊന്നിന്റെ ധർമ്മം ആരോപിക്കുകയാണല്ലോ. ഉദാഹരണമായി, പ്രസിദ്ധമാണ് വെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ള്ളി. അതിനെ പ്രസിദ്ധമായ ചിപ്പിയിൽ ആരോപി ക്കുന്നു. അതുപോലെ പ്രസിദ്ധമായ റ്റുണിൽ പുരുഷനെ ആരോപിക്കുന്നു. (ചിപ്പിയെ വെള്ളിയെന്നും റ്റുണിനെ ആളെന്നും തെററിദ്ധരിക്കുന്നു എന്നു സാരം.) അഥവാ പ്ര സിദ്ധമായ റ്റുണിനെ പുരുഷനിൽ ആരോപിക്കുന്നു. ഏ തായാലും അപ്രസിദ്ധമായ ഒരു വസ്തുവിനെ പ്രസിദ്ധമാ യ ഒന്നിലോ, പ്രസിദ്ധമായ ഒരു വസ്തുവിനെ അപ്രസി ദ്ധമായ മറെറാന്നിലോ ആരോപിക്കാറില്ല. അത്മാവിൽ അനാത്മാവിനെ (ആത്മാവല്ലാത്തതിനെ) അധ്യാരോ പണം ചെയ്‌വാൻ സാധ്യമല്ല. കാരണം, ആത്മാവ് പ്ര സിദ്ധമല്ലല്ലോ. അതേ കാരണത്താൽതന്നെ ആത്മാവി നെ ആത്മാവല്ലാത്തതിലും ആത്മാവല്ലാത്തതിനെ ആ ത്മാവിലും ആരോപിക്കാൻ സാധ്യമല്ല. കാരണം ആ ത്മാവ് പ്രസിദ്ധമല്ലല്ലോ. (ദേഹാദികറം എല്ലാവക്കും പ്രത്യക്ഷസിദ്ധമാണ്. ആത്മാവങ്ങനെയല്ലല്ലോ. അ താണ് അപ്രസിദ്ധമെന്നു പറഞ്ഞതു്.) 51

തം ഗുരുരുവാച—ന, വ്യഭിചാരാത്. നഹി വത്സ, പ്രസിദ്ധം പ്രസിദ്ധഏവാധ്യാരോപയതീതിനി യ ന്തും ശക്യം. ആത്മന്യധ്യാരോപണദശ്നാത്. ഗൗ രോƒഹം കൃഷ്ണോƒഹമിതി ദേഹധമ്മസ്യ അഹം പ്ര ത്യയവിഷയേ ആത്മനി, അഹം പ്രത്യയവിഷയ സ്യ ച ആത്മനഃ ദേഹേ അയമസ്മീതി. 52

അയാളോട്ട് ഗുരു പറഞ്ഞു:—അങ്ങനെയല്ല, നീ പറ ഞ്ഞ നിയമം സാധുവല്ല. കുഞ്ഞേ, പ്രസിദ്ധമായതിനെ പ്രസിദ്ധമായതിൽ മാത്രമേ ആരോപിക്കാൻ ഒക്കു എന്ന് അളന്നു മുറിച്ചു പറയുവാൻ കഴിയുകയില്ല. കാരണം പ്രകൃ തമായ ആത്മാവിൽതന്നെ അദ്ധ്യാരോപണം അനുഭവസി ദ്ധമാണല്ലോ. ''ഞാൻ വെളുത്തവനാണ്,'' ''ഞാൻ കറു ത്തവനാണ്'' എന്നിങ്ങനെ ദേഹത്തിൻെറ ധമ്മങ്ങളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''ഞാൻ'' എന്ന ബോധത്തിന്ന് വിഷയമായ ആത്മാവി ലും, ''ഇതാ ഞാനിവിടെയുണ്ട്'' എന്നിങ്ങനെ 'ഞാൻ' എന്ന ബോധത്തിന്ന് വിഷയമായ ആത്മാവിനെ ദേഹ ത്തിലും ആരോപിക്കുന്നതു് അനുഭവസിദ്ധമല്ലേ? 52

ശിഷ്യആഹ–പ്രസിദ്ധ ഏവ തഹ്യാത്മാ അഹം പ്ര ത്യയവിഷയതയാ, ദേഹശ്ച അയമിതി. തത്രൈ വംസതി പ്രസിദ്ധയോരേവ ദേഹാത്മനോരിതരേ തരാധ്യാരോപണാത് സ്ഥാണുപുരുഷയോഃ ശുക്തി കാരജതയോരിവ. തത്ര കം വിശേഷമാശ്രിത്യ ഭഗവതോക്തം പ്രസിദ്ധയോരിതരേതരാധ്യാരോ പണേതി നിയന്തും ന ശക്യതേ ഇതി. 53

ശിഷ്യൻ പറയുകയാണ്:—അങ്ങിനെയാണെങ്കിൽ ''ഞാൻ'' എന്ന ബോധത്തിന്ന് വിഷയമാകയാൽ ആ ത്മാവും ''ഇതു്'' എന്ന ബോധത്തിന്ന് വിഷയമാകയാൽ ദേഹവും പ്രസിദ്ധം തന്നെയാണ്; അപ്പോൾ വെള്ളി, ചി പ്പിയെന്നിവപോലേയും തൂണ്, ആള് എന്നിവപോലേ യും പ്രസിദ്ധങ്ങളായ ദേഹാത്മാക്കൾക്ക തന്നെയാണ് പരസ്പരാധ്യാരോപം. പിന്നെ എന്തു പ്രത്യേകത കണ്ടിട്ടാ ണ് അവിടുന്നു പറഞ്ഞതു്, ''പ്രസിദ്ധങ്ങൾക്ക മാത്രമേ ഒന്നിൽ മറെറാന്നിൻെറ അധ്യാരോപം സാധ്യമാകൂ'' എന്നു നിയമിക്കുവാൻ കഴിയുകയില്ലെന്നു്? 53

ഗുരുരാഹ–ശൃണു. സത്യം പ്രസിദ്ധൗ ദേഹാത്മാനൗ, നതു സ്ഥാണുപുരുഷാവിവ വിവിക്തപ്രത്യയവി ഷയതയാ സർവ്വലോകപ്രസിദ്ധൗ. കഥം തർഹി? നിത്യമേവ നിരന്തരാവിവിക്തപ്രത്യയവിഷയത യാ. നഹി അയം ദേഹഃ, അയമാത്മാ, ഇതി വിവി ക്താഭ്യാം പ്രത്യയാഭ്യാം ദേഹാത്മാനൗ ഗൃഹ്ണാതി യതഃ കശ്ചിത്. അത ഏവ ഹി മോമുഹ്യതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകഃ ആത്മാനാത്മവിഷയേ ഏവമാത്മാ നൈവ മാത്മാഇതി. ഇമം വിശേഷമാശ്രിത്യാവോചം നൈവം നിയന്തും ശക്യമിതി. 54

ഗുരു പറഞ്ഞു:—കേട്ടുകൊള്ളുക. ദേഹവും ആത്മാവും പ്രസിദ്ധം തന്നെയാണ്. പക്ഷേ, തൂണും ആളും പോലെ വെവ്വേറേയുള്ള ബോധത്തിന് വിഷയമായി എല്ലാവക്കും പ്രസിദ്ധങ്ങളായവയല്ല. പിന്നെ എങ്ങനെയാണെന്നാണെങ്കിൽ—എല്ലാപ്പോഴും വേർതിരിക്കാത്ത ഒരേ ജ്ഞാനത്തിൻെറ വിഷയങ്ങളായിട്ടാണ് അവ അറിയപ്പെടുന്നത്. എന്തെന്നാൽ ആരും 'ഇതു് ദേഹം' 'ഇതു് ആത്മാവ്' എന്നിങ്ങനെ വെവ്വേറേ രണ്ടു ജ്ഞാനങ്ങൾ കൊണ്ടു് ദേഹത്തിനേയും ആത്മാവിനേയും ഗ്രഹിക്കാറില്ല. അതുകൊണ്ടുതന്നെയാണ് ആത്മാവിനേയും ആത്മാവല്ലാത്തതിനേയുംകുറിച്ച് ആളുകൾ അജ്ഞരായിത്തീന്നു് 'ആത്മാവിങ്ങനെയാണ്', 'ആത്മാവിങ്ങനെയല്ല', എന്നെല്ലാം പറയുന്നതു്. ഈ വിശേഷം (പ്രത്യേകത) കൊണ്ടാണ്ഞാൻ പറഞ്ഞതു് പ്രസിദ്ധങ്ങൾ തമ്മിലേ ആരോപമുണ്ടാകയുള്ളു എന്നു്, നിയന്ത്രിക്കാൻ കഴിയില്ലെന്നു്. 54

നനു അവിദ്യാധ്യാരോപിതം യത്രയത് തദസത് തത്ര ദൃഷ്ടം. യഥാ രജതം ശുക്തികായാം. സ്ഥാണൌ പുരുഷഃ, രജ്വാം സർപ്പഃ, ആകാശേ തലമലിനത്വമിത്യാദി, തഥാ ദേഹാത്മനോരപി നിത്യമേവ നിരന്തരാവിവിക്തപ്രത്യയതയാ ഇതരേതരാധ്യാരോപണാ കൃതാ സ്യാത് തദിതരേതരയോഃ നിത്യമേവ അസത്വംസ്യാത്. യഥാ ശുക്തികാദിഷു അവിദ്യാധ്യാരോപിതാനാം രജതാദീനാം നിത്യമേവ അത്യന്താസത്വം, തദ്വിപരീതാനാം ച വിപരീതേഷു, തദ്വത് ദേഹാത്മനോരവിദ്യയൈവ ഇതരേതരാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധ്യാരോപേണ കൃതാ സ്യാത്. തത്രൈവം സതി ദേഹാത്മനോരസത്വം പ്രസജ്യേത. തച്ചാനിഷ്ടം, വൈനാശികപക്ഷത്വാത്. അഥ തദ്വിപര്യയേണ ദേഹഃ ആത്മന്യവിദ്യയാ/ധ്യാരോപിതഃ ദേഹസ്യാത്മനി സതി അസത്വം പ്രസജ്യേത. തച്ചാനിഷ്ടം, പ്രത്യക്ഷാദിവിരോധാത്. തസ്മാദ്ദേഹാത്മാനൗ നാവിദ്യയാ ഇതരേതരസ്മിൻ അധ്യാരോപിതൗ. കഥം
തർഹി വംശസ്തംഭവന്നിത്യസംയുക്തൗ. 55

ഇവിടെയൊരു പൂർവ്വപക്ഷം: അജ്ഞാനംകൊണ്ടു് ഏതെങ്കിലുമൊരു വസ്തു മറെറാരു വസ്തുവിലാരോപിക്കപ്പെടുകയാണെങ്കിൽ (മറെറാരു വസ്തുവായി തെററിദ്ധരിക്കപ്പെടുകയാണെങ്കിൽ) ആരോപിക്കപ്പെട്ട വസ്തു, ആ വസ്തുവിൽ ഇല്ലാത്തതായിരിക്കും. ഉദാഹരണമായി ചിപ്പിയിൽ ആരോപിക്കപ്പെട്ട വെള്ളി, ചിപ്പിയിൽ വാസ്തവത്തിൽ ഇല്ലാത്തതാണല്ലോ. അതുപോലെതന്നെ തൂണിലാരോപിക്കപ്പെട്ട പുരുഷനും, കയറിൽ പാമ്പും, ആകാശത്തിൽ നീലനിറം മുതലായവയും. അപ്രകാരം ദേഹാത്മാക്കൾ രണ്ടും, എല്ലായ്പോഴും ഒന്നിച്ചുള്ള ഒരേ ബോധത്തിനു് വിഷയമാകയാൽ അവിടെ പരസ്പരാരോപമാണുള്ളതെന്നു് (ആത്മാവിൽ ദേഹത്വവും, ദേഹത്തിൽ ആത്മത്വവും ആരോപിക്കൽ) പറയുകയാണെന്നു വെയ്ക്കുക. എന്നാൽ അപ്പോൾ ആരോപിക്കപ്പെടുന്ന ദേഹവും ആത്മാവും രണ്ടും തീരെ ഇല്ലാത്തതാണെന്നു വന്നുചേരും. അജ്ഞാനംകൊണ്ടു് ചിപ്പിയിൽ അധ്യാരോപണം ചെയ്യപ്പെട്ട വെള്ളി അവിടെ തീരെ ഒരു കാലത്തും ഇല്ലാത്തതാണല്ലോ. നേരെമറിച്ച് വെള്ളിയിൽ ചിപ്പി ആരോപിക്കപ്പെടുന്നതായാലും ഇതുതന്നെ ഫലം. അതുപോലെ, അജ്ഞാനം നിമിത്തം ദേഹത്തെ ആത്മാവിലും ആത്മാവിനെ ദേഹത്തിലും ആരോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിച്ചിരിക്കുകയാണെന്നു പറയുകയാണെങ്കിൽ, ദേഹവും ആത്മാവും ഇല്ലാത്തതാണെന്നു പറയേണ്ടിവരും. അങ്ങിനെ പറയാമെന്നുവച്ചാൽ അതു് ശരിയല്ല. അതു ശൂന്യവാദികളുടെ(ആത്മാവില്ലെന്നു പറയുന്നവരുടെ) പക്ഷമേ ആകൂ. അല്ല, ദേഹമാണു് അവിദ്യകൊണ്ടു് ആത്മാവിൽ ആരോപിക്കപ്പെട്ടുന്നതു് എന്നു പറയുകയാണെങ്കിൽ, ആത്മാവുള്ളപ്പോഴം (ഞാനെന്ന ബോധമുള്ളപ്പോളെന്നർത്ഥം) ദേഹമില്ലാത്തതാണെന്നു പറയേണ്ടിവരും. അതു ശരിയല്ല, പ്രത്യക്ഷാദിപ്രമാണവിരുദ്ധമല്ലേ അങ്ങനെ പറയുന്നതു്? അതുകൊണ്ടു് ദേഹവും ആത്മാവും അവിദ്യകൊണ്ടു് ഒന്നു മററൊന്നിൽ ആരോപിക്കപ്പെട്ടിരിക്കുകയാണെന്നുള്ളപക്ഷം ശരിയല്ല. പിന്നെ എന്താണവയ്ക്കു തമ്മിലുള്ള ബന്ധം എന്നാണെങ്കിൽ മുളകളും തൂണുകളുംപോലെ നിത്യസംയോഗമുള്ളവയാണെന്നു പറയാം. 55

ന. അനിത്യത്വപരാർത്ഥത്വപ്രസംഗാത്. സംഹതത്വാത് പരാർത്ഥത്വം അനിത്യത്വം ച, വംശസ്തംഭാദിവദേവ. കിം ച യസ്യ പരൈർദ്ദേഹേന സംഹതഃ കല്പിത ആത്മാ സ സംഹതത്വാത് പരാർത്ഥഃ. തേന അസംഹതഃ പരോഽന്യോ നിത്യഃ സിദ്ധസ്താവത് 56

അതു ശരിയല്ല. കാരണം, അനിത്യത്വവും പരാർത്ഥത്വവും വന്നുചേരും. മുള, തൂണു് മുതലായതുപോലെ സംഹതമാകയാൽ മററൊന്നിനുവേണ്ടി നിലകൊള്ളുന്നതും, അനിത്യവുമാണു് അതു് എന്നു വരും. മാത്രമല്ല, പരപക്ഷികാം ദേഹത്തോടു സംഹതമായി കല്പിക്കുന്ന ആത്മാവു്, സംഹതമാകയാൽ, പരാർത്ഥമാണു്—മററൊന്നിനുവേണ്ടി നിലകൊള്ളുന്നതാണു്. അതുകൊണ്ടു് ദേഹത്തോടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഹതമല്ലാത്തതായി കല്പിതമല്ലാത്ത ദേഹാതീതമായ ഒരാത്മാവുണ്ടെന്നു സിദ്ധമായി. 56

തസ്യാസംഹതസ്യ ദേഹേ ദേഹമാത്രതയാ അധ്യാരോപിതത്വേന അസത്വാനിത്യത്വാദി ദോഷ പ്രസങ്ഗോ ഭവതി. തത്ര നിരാത്മകോ ദേഹ ഇതി വൈനാശികപക്ഷപ്രാപ്തിദോഷഃ സ്യാത്. 57

ശിഷ്യൻ:- അങ്ങനെ അസംഹതമായ ആത്മാവ് ദേഹത്തിൽ ദേഹമാത്രമായി ആരോപിക്കപ്പെടുന്നതാകയാൽ, അതു് ഇല്ലാത്തതും, അനിത്യവും മററുമാണെന്ന ദോഷങ്ങളെല്ലാം വന്നുചേരും. അങ്ങനെ ആയാൽ, ദേഹം ആത്മാവില്ലാത്തതാണെന്ന, വിനാശവാദിയുടെ പക്ഷത്തിലാണ് അദ്വൈതിയും, എന്ന ദോഷം വരുകതന്നെ ചെയ്യും. 57

ന. സ്വത ഏവാത്മനഃ ആകാശസ്യേവ അസംഹതത്വാഭ്യുപഗമാത്. സർവ്വേണാസംഹതഃ സ ച ആത്മേതി ന നിരാത്മകോ ദേഹാദിഃ സർവ്വഃ സ്യാത് യഥാ ച ആകാശം സർവ്വേണാസംഹതമിതി സർവ്വം ന നിരാകാശം ഭവതി, ഏവം. തസ്മാന്ന വൈനാശികപക്ഷപ്രാപ്തിദോഷഃ സ്യാത്. 58

ഗുരു പറയുന്നു:- ഇപ്പറഞ്ഞതു ശരിയല്ല. ആത്മാവ് ആകാശംപോലെ ഒന്നിനോടും ബന്ധപ്പെടാതെ നിലക്കുന്നതാണെന്നാണ് നാം സ്വീകരിച്ചിരിക്കുന്ന പക്ഷം. ആകാശം ഒന്നിനോടും സംഹതമല്ലാത്തതാണെങ്കിലും ഏതെങ്കിലും വസ്തു ആകാശമില്ലാത്തതായുണ്ടോ? (ആകാശം എങ്ങുമുണ്ടല്ലോ.) അതുപോലെതന്നെ ഒന്നിനോടും സംഹതമല്ലാത്തതാണ് ആത്മാവ് എന്നുള്ളതുകൊണ്ട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേഹാദികൾ ആത്മാവില്ലാത്തതാണെന്ന് പറയാൻ കഴിയുകയില്ല. (ആത്മാവ് ദേഹത്തിലുണ്ട്—പക്ഷെ 'സംഹതത്വമല്ല' സംബന്ധമെന്ന സാരം) അതുകൊണ്ട് ശൂന്യവാദം വന്നുചേരുമെന്ന പറഞ്ഞതു് ശരിയല്ല. 58

യത് പുനരുക്തം ദേഹസ്യാത്യന്താസത്വേ പ്രത്യക്ഷാദി വിരോധഃ സ്യാദിതി. തന്ന. പ്രത്യക്ഷാദിഭിഃ ആത്മനി ദേഹസ്യ സത്വാനുപലബ്ധേഃ. ന ഹ്യാത്മനി കുണ്ഡേ ബദരം ക്ഷീരേ സർപിഃ, തിലേ തൈലം ഭിത്തൗ ചിത്രമിവ ച, പ്രത്യക്ഷാദിഭിഃ ദേഹ ഉപലഭ്യതേ. തസ്മാന്ന പ്രത്യക്ഷാദിവിരോധഃ. 59

പിന്നെയൊന്ന പറഞ്ഞതു്, ദേഹം ഇല്ലാത്തതാണെന്നു വന്നാൽ പ്രത്യക്ഷാദി വിരോധം വരുമെന്നാണല്ലൊ. അതും തെററ്. പ്രത്യക്ഷാദിപ്രമാണങ്ങൾകൊണ്ട് ആത്മാവിൽ ദേഹമുണ്ടെന്ന മനസ്സിലാക്കുന്നില്ലല്ലോ. കൊട്ടയിൽ ലന്തക്കുരു എന്ന പോലെയോ, പാലിൽ നെയ്യെന്നപോലെയോ, എള്ളിൽ എണ്ണ എന്ന പോലെയോ, ചുമരിൽ ചിത്രം എന്ന പോലെയോ, പ്രത്യക്ഷാദി പ്രമാണങ്ങൾകൊണ്ട് ആത്മാവിൽ ദേഹമുള്ളതായി അറിയപ്പെടുന്നില്ല. അതുകൊണ്ട് പ്രത്യക്ഷാദി വിരോധമൊന്നുമില്ല. 59

കഥം തർഹി പ്രത്യക്ഷാദ്യപ്രസിദ്ധാത്മനി ദേഹാധ്യാരോപണാ, ദേഹേ ച ആത്മാരോപണാ? 60

ശിഷ്യൻ:— അങ്ങനെയാണെങ്കിൽ പ്രത്യക്ഷാദികൾകൊണ്ട് അറിയപ്പെടാത്ത ആത്മാവിൽ ദേഹത്തിന്റെ ആരോപവും ദേഹത്തിൽ ആത്മാരോപവും എങ്ങിനെ? 60

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നായം ദോഷഃ. സ്വഭാവപ്രസിദ്ധത്വാദാത്മനഃ. നഹി കാദാചിത്കത്വസിദ്ധാവേവ അധ്യാരോപണാ, ന നിത്യസിദ്ധൗ, ഇതി നിയന്തും, ശകലം. ആകാശേ തലമലാദ്യധ്യാരോപണ ദർശനാത്. 61

ഗുരു:_ ഇതൊരു ദോഷമല്ല. ആത്മാവ് സ്വഭാവേനതന്നെ അറിയപ്പെടുന്നതാണ്. ചിലപ്പോഠം മാത്രം നമ്മുടെ അറിവിന്നു് വിഷയമാകുന്ന വസ്തുക്കളിൽ മാത്രമേ അധ്യാരോപം പാടുള്ളു എന്നും, നമ്മുടെ ജ്ഞാനത്തിനു വിഷയമായ, നിത്യസിദ്ധമായ വസ്തുക്കളിൽ അധ്യാരോപം പാടില്ല എന്നും ഇല്ല. നിത്യസിദ്ധമായ ആകാശത്തിൽ തലത്വം (ചട്ടിയുടെ ആകൃതി) മലിനത്വം (നീലനിറം) എന്നിവയെല്ലാം സാധാരണമായി ആരോപിച്ചു കാണാറുണ്ടല്ലോ. 61

കിം ഭഗവൻ! ദേഹാത്മനോഃ ഇതരേതരാധ്യാരോപണാ ദേഹാദിസംഘാതകൃതാ അഥവാ ആത്മകൃതേതി? 62

ശിഷ്യൻ: ഭഗവൻ! ദേഹത്തെ ആത്മാവിലും, ആത്മാവിനെ ദേഹത്തിലും ഇങ്ങനെയുള്ള ആരോപണം ദേഹാദിസംഘാതത്താലുണ്ടാക്കപ്പെട്ടതോ (ദേഹം, ഇന്ദ്രിയങ്ങഠം, ബുദ്ധി ഇവ കൂടിച്ചേർന്നതു്) അല്ല, ആത്മാവിനാലുണ്ടാക്കപ്പെട്ടതോ? 62

ഗുരുരുവാച_യദി ദേഹാദിസംഘാതകൃതാ, യദിവാ ആത്മകൃതാ, കിം തത്ര സ്യാത്? 63

ഗുരു പറഞ്ഞു;—ദേഹാദി സംഘാതമാണ് ആരോപിച്ചതു്, അല്ലെങ്കിൽ ആത്മാവാണ് ആരോപിച്ചതു്. എന്നുപറഞ്ഞാൽ എന്താണ് വിശേഷം? 63

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്തഃ ശിഷ്യ ആഹ–യദ്യഹം ദേഹാദി സംഘാതമാത്രഃ, തതോ മമാചേതനത്വാത് പരാർത്ഥത്വമിതി ന മത്കൃതാ ദേഹാത്മനോഃ ഇതരേതരാധ്യാരോപണാ. അഥാഹമാത്മാപരോऽന്യഃ സംഘാതാത് ചിതിമത്വാത് സ്വാർത്ഥ ഇതി മയൈവ ചിതിമാതാ ആത്മനി അധ്യാരോപണാ ക്രിയതേ സർവ്വാനർത്ഥബീജഭൂതാ. 64

ഇങ്ങനെ പറഞ്ഞപ്പോഠം ശിഷ്യൻ:–ഞാൻ ദേഹാദികളുടെ ഒരു സംഘാതം മാത്രമാണെങ്കിൽ അചേതനവും (ജഡവും) ആയിരിക്കണമല്ലോ? അപ്പോഠം മററൊന്നിന വേണ്ടിയായിരിക്കും എൻെറ സത്ത. അങ്ങനെ വരുമ്പോഠം, ദേഹാത്മാക്കളുടെ പരസ്പരാധ്യാരോപം (ആത്മാവിനെ ദേഹമായും ദേഹത്തെ ആത്മാവായുമുള്ള തെററിദ്ധരിക്കൽ) ഞാൻ ചെയ്യതായിരിക്കുകയില്ല. അല്ല, സംഘാതത്തിൽനിന്നും വേറിട്ടുനില്ക്കുന്ന സാക്ഷാത് ആത്മാവാണ് ഞാൻ, എന്നിരിക്കിൽ, ഞാൻ ചേതനനും, എനിക്കുവേണ്ടിത്തന്നെ സത്തയുള്ളവനുമായിരിക്കും. അങ്ങനെയാകുമ്പോഠം ചേതനനായ (ബോധമുള്ളവനായ) ഞാൻതന്നെ എല്ലാ അനർത്ഥങ്ങഠംക്കും കാരണമായ ഈ അധ്യാരോപത്തെ എന്നിൽത്തന്നെ ചെയ്യുന്നു എന്നായി അർത്ഥം. 64

ഇത്യുക്തോ ഗുരുരുവാച–അനർത്ഥബീജഭൂതാം ചേത് മിഥ്യാധ്യാരോപണാം ജാനീഷേ, മാ കാർഷീസ്തർഹി. 65

ഇങ്ങനെ പറഞ്ഞപ്പോഠം ഗുരുവിൻെറ മറുപടി:–മിഥ്യയായ (അവാസ്തവമായ,) ഈ അധ്യാരോപം അനർത്ഥങ്ങഠംക്കു കാരണമാണെന്നറിയാമെങ്കിൻ പിന്നെ ആരോപം ചെയ്യേണ്ടെന്നു വെച്ചേക്കരുതോ? 65

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൈവ ഭഗവൻ ശക്നോമി ന കർത്തും. അന്യേന കേനചിത് പ്രയുക്തോഽഹം, ന സ്വതന്ത്ര ഇതി 66

ശിഷ്യൻ:—എന്നാൽ അപ്രകാരം ആരോപം ചെയ്യാതിരിക്കുവാൻ എനിക്കു കഴിയുന്നില്ലല്ലോ ഭഗവാനേ! മററാരോ എന്നെ പ്രവർത്തിപ്പിക്കുകയാണ്. ഞാൻ സ്വതന്ത്രനല്ല. 66

ന തർഹി അചിതിമത്വാത് സ്വാർത്ഥഃ ത്വം. യേന പ്രയുക്തഃ അസ്വതന്ത്ര പ്രവർത്തസേ, സ ചിതിമാൻ സ്വാർത്ഥഃ, സംഘാത ഏവ ത്വം. 67

അങ്ങനെയാണെങ്കിൽ നീ അചേതനനാണ്; അതിനാൽ നിനക്കുവേണ്ടി സത്തയുള്ളവനല്ല. (അന്യൻെറ പ്രേരണയ്ക്കു വശംവദമാണ് നിൻെറ ഉണ്മ) ആരുടെ പ്രേരണകൊണ്ടാണോ അസ്വതന്ത്രനായി പ്രവർത്തിക്കുന്നതു്; ആ ചേതനനാണ് തനിക്കുവേണ്ടി ഉണ്മയിയലുന്നവൻ. നീ സംഘാതംതന്നെയാണ്. 67

യദ്യചേതനോഽഹം, കഥം സുഖദു:ഖവേദനാം ഭവദുക്തം ച ജാനാമി. 68

ശിഷൻ:— ഞാൻ അചേതനനാണെങ്കിൽ സുഖദു:ഖാനുഭവവും, അവിടുന്നു പറയുന്നതിൻെറ ബോധവും എനിക്കെങ്ങനെയുണ്ടാകുന്നു? 68

ഗുരുരുവാച—കിം സുഖഃദുഖ വേദനായാ മദുക്താച്ചാന്യസ്ത്വം, കിം വാ അനന്യഏവേതി 69

ഗുരു പറഞ്ഞു—സുഖദുഃഖബോധത്തിൽനിന്ന്, ഞാൻ പറയുന്നതിൽനിന്നും നീ വേറിട്ടാണോ, അല്ല അന്യനാണോ? 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിഷ്യഉവാച–നാഹം താവദനന്യഃകസ്മാത്? യസ്മാത്തദുഭയം കർമ്മഭൃതം ഘടാദികമിവ ജാനാമി. യദ്യനന്യോഽഹം, തേന തദുഭയം ന ജാനീയാം; കിന്തു ജാനാമി, തസ്മാദന്യഃ; സുഖദുഃഖവേദനാവിക്രിയാ ച സ്വാത്മൈവ പ്രാപ്നോതി ത്വദുക്തം ച സ്യാത് അനന്യത്വേ, ന ച തയോഃ സ്വാർത്ഥതാ യുക്താ. നഹി ചന്ദനകണ്ടകകൃതേ സുഖദുഃഖേ ചന്ദനകണ്ടകാർത്ഥേ ഘടോപയോഗോ വാ ഘടാർത്ഥഃ. തസ്മാത് തദവിജ്ഞാതുർമമ ചന്ദനാദികൃത അർത്ഥഃ. അഹം ഹി തതോഽന്യഃ സമസ്തമർത്ഥം ജാനാമി ബുദ്ധ്യാരൂഢം. 70

ശിഷ്യൻ പറയുകയാണ്:– ഞാൻ അനന്യനല്ല (അന്യനാണ്)എന്തുകൊണ്ട്? അതോ, പറയാം. സുഖദുഃഖങ്ങളേയും അവിടുന്നു പറയുന്നതിനേയും ഈ കാണുന്ന വസ്തുക്കളെന്നപോലെ (ഘടാദികളെന്നപോലെ) ഞാൻ അറിയുന്നുണ്ടല്ലോ. ഞാൻ അതു തന്നെയായിരുന്നെങ്കിൽ (ഞാനും സുഖദുഃഖബോധവും ഒന്നുതന്നെയായിരുന്നെങ്കിൽ) അവയെ ഞാൻ അറിയുമായിരുന്നില്ല. ഇപ്പോഴാകട്ടെ ഞാൻ സുഖദുഃഖങ്ങളേയും അങ്ങു പറയുന്നതിനേയും അറിയുന്നുണ്ട്. അതുകൊണ്ട് ഞാനും അവയും വേറെ വേറെ തന്നെയാണ്. ഞാൻ അനന്യനാണെങ്കിൽ, സുഖഃദുഖാദി വികാരങ്ങളും, അവിടുന്നു പറഞ്ഞ വാക്കുകളും അവയ്ക്കുവേണ്ടി മാത്രമുള്ളവയാണെന്നു വരും. (അവയും ഞാനും ഭിന്നമല്ലെങ്കിൽ അവ അവയ്ക്കുവേണ്ടി മാത്രമുള്ളവയാകുമല്ലോ.) അതു യുക്തമല്ല. ചന്ദനംകൊണ്ടുണ്ടാകുന്ന സുഖവും മുള്ളുകൊണ്ടുണ്ടാകുന്ന ദുഃഖവും ചന്ദനത്തിനും മുള്ളിനും വേണ്ടിയുള്ളതാണോ? കുടത്തിൻെറ ഉപയോഗം കുടത്തിനുവേണ്ടിയുള്ളതല്ലല്ലോ. അതുകൊണ്ട് വിജ്ഞാതാവായ (ഇതിനെയെല്ലാം അനുഭവിക്കുകയും അറിയുകയും ചെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ്യുന്ന) എനിക്കുവേണ്ടിയുള്ളതാണ് ചന്ദനാദി വസ്തുക്കൾ. അതിൽനിന്നും വേറിട്ടവനായ ഞാൻ ബുദ്ധികൊണ്ടു ഗ്രഹിക്കപ്പെട്ട എല്ലാ കാര്യങ്ങളേയും അറിയുന്നു. 70

തം ഗുരുരുവാച—ഏവം തർഹി സ്വാത്മസ്ഥം, ചിതിമത്ത്വാന്ന പരേണ പ്രയുജ്യസേ. നഹി ചിതിമാൻ പരതന്ത്രഃ പരേണ പ്രയുജ്യതേ, ചിതിമതശ്ചിതിമദർത്ഥത്വാനുപപത്തേഃ, സമത്വാത്, പ്രദീപ പ്രകാശയോരിവ. നാപി അചിതിമദർത്ഥത്വം ചിതിമതോ ഭവതി. അചിതിമതോഽചിതിമത്വാദേവ സ്വാത്മസംബന്ധാനുപപത്തേഃ. നാപി അചിതിമതോഃ അന്യോന്യാർത്ഥത്വം ദൃഷ്ടം. നഹി കാഷ്ഠകുഡ്യേ അന്യോന്യാർത്ഥം കുർവാതേ. 71

അയാളോടു ഗുരു പറഞ്ഞു:—ഇങ്ങനെയാണെങ്കിൽ നീ നിനക്കുവേണ്ടിയുള്ളവനാണ്. ചേതനനായ നിന്നെ വേറെ ആരും പ്രേരിപ്പിക്കുന്നുമില്ല—ചേതനൻ (ബോധമുള്ളവൻ) പരതന്ത്രനല്ല; മറ്റൊരാൾ അയാളെ പ്രേരിപ്പിക്കുന്നുമില്ല. ഒരു ചേതനൻ മറ്റൊരു ചേതനനുവേണ്ടിയുള്ളവനാണെന്നു പറയുന്നതു യുക്തമല്ല. കാരണം, രണ്ടു പേരും സമന്മാരാണ്. രണ്ടു വിളക്കുകളുടെ പ്രകാശം പോലെ ചേതനൻ അചേതനത്തിന്നു വേണ്ടിയുള്ളവനാണെന്നും പറഞ്ഞുകൂടാ. അചേതനം, അചേതനമാണെന്നകാരണത്താൽത്തന്നെ തനിക്കുവേണ്ടിമാത്രം ഉള്ളതല്ല. (ചേതനനായ മറ്റൊന്നിന്നു വേണ്ടിയുള്ളതാണ്.) അചേതനങ്ങളായ രണ്ടു വസ്തുക്കൾ അന്യോന്യാർത്ഥങ്ങൾ ഓരോന്നും മറ്റൊന്നിനുവേണ്ടിയുള്ളതു് ആണെന്നും പറയാൻ കഴിയുകയില്ല. മരക്കഷണവും കട്ടിച്ചുവരും അന്യോന്യം എന്തു കാര്യമാണ് ചെയ്യുന്നതു്? 71

നനു ചിതിമത്വേ സമേഽപി ഭൃത്യസ്വാമിനോഃ അന്യോന്യാർത്ഥത്വം ദൃഷ്ടം. 72

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിഷ്യൻ:— ചേതനത്വം സമാനമാണെങ്കിലും യജമാനനും ഭൃത്യനും അന്യോന്യം ഉപകരിക്കുന്നതായി കാണുന്നുണ്ടല്ലോ. 72

നൈവം, അഗ്നേരുഷ്ണപ്രകാശവത് തവ ചിതിമത്വസ്യ വിവക്ഷിതത്വാത് പ്രദർശിതശ്ച ദൃഷ്ടാന്തഃ പ്രദീപപ്രകാശയോരിതി. തത്രൈവം സതി സ്വബുദ്ധ്യാരൂഢമേവ സർവ്വമുപലഭസേ അഗ്ന്യുഷ്ണപ്രകാശതുല്യേന കൂടസ്ഥനിത്യചൈതന്യസ്വരൂപേണ. യദി ചൈവം, ആത്മനഃ സർവ്വദാ നിർവിശേഷത്വമുപഗച്ഛസി. കിമിത്യൂചിവാൻ, സുഷുപ്തേ വിശ്രമ്യ വിശ്രമ്യ ജാഗ്രത്സ്വപ്നയോഃ ദുഃഖമനുഭവാമി ഇതി. കിം അയമേവ മമ സ്വഭാവഃ, കിം വാ നൈമിത്തികഃ ഇതി ച. കിമസൗ വ്യാമോഹോഽപഗതഃ, കിം വാ നേതി. 73

ഗുരു:— അങ്ങിനെയല്ല. തീയ്ക്കു് ചൂടും വെളിച്ചവും പോലെ നിനക്കുള്ള ചേതനത്വത്തെപ്പററിയല്ലേ ഞാനിവിടെ പറയുന്നതു്? ''രണ്ടു വിളക്കുകളുടെ പ്രകാശങ്ങളും പോലെ'' എന്ന ദൃഷ്ടാന്തവും കാണിച്ചുകഴിഞ്ഞു. അതുകൊണ്ടു്, തീയുടെ ചൂടും വെളിച്ചവും പോലെ കൂടസ്ഥവും (പരിണാമമില്ലാത്തതും) നിത്യവും (നാശമില്ലാത്തതും) ആയ ചൈതന്യസ്വരൂപമായിനിന്നുകൊണ്ടു്, നീ ബുദ്ധിയിൽ സമർപ്പിതമായ എല്ലാററിനേയും അറിയുന്നു. ഇങ്ങനെ ആത്മാവു് നിർവിശേഷമാണെന്നു് (യാതൊരു പരിണാമവും പ്രത്യേകതയുമില്ലാത്തതാണെന്നു) നീ എല്ലായ്പ്പോഴും അറിഞ്ഞുകൊണ്ടിരിക്കുന്നു എങ്കിൽ ''സുഷുപ്തിയിൽ വിശ്രമിച്ചു വിശ്രമിച്ചു്, ഇടവിട്ടിടവിട്ടു്, ജാഗ്രത് സ്വപ്നങ്ങളിൽ ഞാൻ ദുഃഖം അനുഭവിക്കുന്നു.'' എന്നു നീ പറഞ്ഞതെന്തുകൊണ്ടു്? ഇതു് എൻെറ സാക്ഷാത് സ്വഭാവമോ, അല്ലാ നൈമിത്തികമായുണ്ടായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തോ എന്നും പറയാനെന്താണു കാരണം? ഇപ്പോഠം നിൻെറ ഈ വ്യാമോഹം ഇല്ലാതായോ? 73

ഇത്യുക്തഃ ശിഷ്യആഹ—ഭഗവൻ, അപഗതഃത്വത്പ്രസാദാത് വ്യാമോഹഃ, കിം തു മമ കൂടസ്ഥതായാം സംശയഃ. കഥം? ശബ്ദാദീനാം സ്വതഃസിദ്ധിർനാസ്തി, അചേതനത്വാത്. ശബ്ദാദ്യാകാരപ്രത്യയോത്പത്തേസ്തു തേഷാം; പ്രത്യയാനാമിതരേതരവ്യാവൃത്തിവിശേഷണാനാം നീലപീതാദ്യാകാരവതാം സ്വതഃസിദ്ധ്യസംഭവാത്. തസ്മാദ്ബാഹ്യാകാരനിമിത്തത്വം ഗമ്യതേ, ഇതി ബാഹ്യാകാരവത് ശബ്ദാദ്യാകാരത്വസിദ്ധിഃ. തഥാ പ്രത്യയാനാമപി അഹം പ്രത്യയാലംബനവസ്തുഭേദാനാം സംഹതത്ത്വാത് അചൈതന്യോപപത്തേഃ സ്വാത്ഥത്വാസംഭവാത് സ്വരൂപവ്യതിരിക്തഗ്രാഹ്യത്വേന സിദ്ധിഃ; ശബ്ദാദിവദേവ. അസംഹതത്വേ സതി ചൈതന്യാത്മകത്വാത് സ്വാത്ഥോ *f* പി അഹംപ്രത്യയാനാം നീലപീതാദ്യാകാരാണാമുപലബ്ധേതി വിക്രിയാവാനേവ കൂടസ്ഥഃ, ഇതി സംശയഃ 74

ഇങ്ങനെ ഗുരു പറഞ്ഞുകഴിഞ്ഞപ്പോഠം ശിഷ്യൻ പറയുന്നു:—ഭഗവൻ; അവിടുത്തെ അനുഗ്രഹംകൊണ്ടു് വ്യാമോഹം ഇല്ലാതായി; എന്നാലും ആത്മാവു് കൂടസ്ഥനാണെന്നു പറഞ്ഞതിൽ സംശയമുണ്ടു്. എന്താണു് സംശയം? ശബ്ദാദികഠംക്കു്, അവ അചേതനങ്ങളാകയാൽ സ്വതന്ത്രമായ സത്തയില്ല. പിന്നെ അവയ്ക്കു സത്തയുണ്ടാകുന്നതു്, ശബ്ദാദ്യാകാരമായ പ്രത്യയം (ബോധം) ഉണ്ടാകുമ്പോഴാണു്. ഈ പ്രത്യയങ്ങഠം (ബോധങ്ങഠം) ക്കും സ്വതന്ത്രമായ സത്തയില്ല. എന്തെന്നാൽ 'നീല', 'മഞ്ഞ' മുതലായ ആകാരങ്ങളുള്ളവയും അന്യോന്യം വേറിട്ടുനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലുന്ന ശബ്ദാദ്യാകാരങ്ങളോടു കൂടിയവയുമാണല്ലോ അവ. അതുകൊണ്ടു് ബാഹ്യങ്ങളായ ശബ്ദാദിപദാർത്ഥങ്ങൾ ആണ് ആ പ്രത്യയങ്ങൾക്കു് (ബോധങ്ങൾക്കു്) കാരണമെന്നൂഹിക്കപ്പെടുന്നു. അതിനാൽ പ്രത്യയങ്ങൾക്കു് ബാഹ്യാകാരങ്ങളുള്ളതുപോലെ ശബ്ദാദ്യാകാരത്വമുണ്ടെന്നു സിദ്ധിക്കുന്നു. (ചൈതന്യത്തിൽനിന്നും വേറിട്ടു് ആകാരമുള്ളവയാണു് ശബ്ദാദികൾ. തത്കൃതാകാരത്വം കൊണ്ടാണു് പ്രത്യയങ്ങൾക്കു് സത്തയുണ്ടാകുന്നതു്. അല്ലാതെ സ്വതവേ അവയ്ക്കു് സത്തയില്ല.) അതുപോലെ പ്രത്യയങ്ങളും അചേതനങ്ങളാണു്. കാരണം ദേഹാദികൾ പോലെ അവയും സംഹതങ്ങളാണു്. എങ്ങനെയെന്നാൽ 'ഞാൻ' എന്ന ബോധത്തിനു്—ആലംബമായ അന്തഃകരണത്തിന്റെ വൃത്തിവിശേഷങ്ങളാണല്ലോ പ്രത്യയങ്ങൾ. (സംഹതങ്ങൾ, ഉൽപത്തിനാശങ്ങളുള്ളവയാണു്–ദേഹാദികളേപ്പോലെ) ജഡങ്ങളാകയാൽ അവ മറ്റൊരു ചൈതന്യത്തിനു വേണ്ടിയുള്ളവയായിരിക്കും. അപ്പോൾ, തങ്ങളിൽനിന്നു വേറിട്ട മറ്റേതോ ഗ്രാഹകനാണു് (ജ്ഞാതാവാണു്) അവയെ അറിയുന്നതു്. അതിനാൽ ശബ്ദാദികൾപോലെതന്നെ പ്രത്യയങ്ങളും. (രണ്ടും സ്വയം പ്രകാശകങ്ങളല്ല; രണ്ടിനേയും ഗ്രഹിക്കുന്നതു് മറ്റൊരു ചേതന വസ്തുവാണു് എന്നു താല്പര്യം.) അതുകൊണ്ടു് ആത്മാവു് അസംഹതനും, ചേതനനും, തനിക്കുവേണ്ടി സത്തയിയലുന്നവനുമാണെങ്കിലും, 'ഞാൻ' എന്നിങ്ങനെ അന്തഃകരണവൃത്തികളായ നീലപീതാദ്യാകാരങ്ങളെ അറിയുന്നവനാകയാൽ (ജ്ഞാനത്തിന്റെ കർത്താവാകയാൽ) വികാരമുള്ളവനാവണമല്ലോ? അപ്പോൾ പിന്നെ എങ്ങനെ കൂടസ്ഥനാകും? എന്നാണു് സംശയം. 74

തം ഗുരുരുവാച—ന യുക്തസ്തവ സംശയഃ. യതസ്തേഷാം പ്രത്യയാനാം നിയമേന അശേഷതഃ ഉപലബ്ധേരേവ അപരിണാമിത്വാത് കൂടസ്ഥത്വസിദ്ധൗ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിശ്ചയഹേതുമേവ അശേഷചിത്തപ്രചാരോപലബ്ധിം സംശയഹേതുമാത്ഥ. യദി ഹി തവ പരിണാമിത്വം സ്യാത്, അശേഷസ്വവിഷയചിത്തപ്രചാരോപലബ്ധിർ ന സ്യാത്, ചിത്തസ്യേവ സ്വവിഷയേ, യഥാ ചേന്ദ്രിയാണാം സ്വവിഷയേഷു. ന ച തഥാ*f*ത്മനസ്തവ സ്വവിഷയൈകദേശോപലബ്ധിഃ. അതഃ കൂടസ്ഥതൈവ തവേതി. 75

അയാളോടു ഗുരു പറഞ്ഞു:-- നിൻെറ സംശയം ശരിയല്ല. എല്ലാ പ്രത്യയങ്ങളേയും (വസ്തുബോധരൂപമായ മനോവൃത്തികളെ) ഒന്നൊഴിയാതെ ഒരേ സമയത്തു് അറിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ, പരിണാമമില്ലാത്തതായ ആത്മാവു് കൂടസ്ഥമാണെന്നു് (വികാരരഹിതം) തെളിയുന്നുണ്ടല്ലോ. അപ്പോഠം, എല്ലാ പ്രത്യയങ്ങളേയും അറിയുന്നതാകയാൽ ആത്മാവു്, കൂടസ്ഥമാണെന്നു് തെളിഞ്ഞിരിക്കേ, അതേ കാരണം വച്ചുകൊണ്ടു് നീ സംശയിച്ചതു് വിചിത്രം തന്നെ. എന്തെന്നാൽ, നീ—ആത്മാവു്—പരിണാമമുള്ളതായിരിക്കട്ടെ. എന്നാൽ ആത്മാവു്, എല്ലാ ചിത്തവൃത്തികളേയും ഒരേ സമയത്തു് അറിയുക എന്നതു് സംഭവിക്കുകയില്ല. പരിണാമിയായ മനസ്സും ഇന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളെ മുഴുവൻ ഒരേസമയത്തു് അറിയുന്നില്ല. (ഒന്നിനുശേഷം മററൊന്നായി വിഷയങ്ങളേ വ്യാപിക്കുന്നതേയുള്ളു) അതുപോലെ, ആത്മാവായ നീ വിഷയങ്ങളുടെ ഏകദേശത്തെ മാത്രമല്ല ഒരേ സമയത്തു് ഗ്രഹിക്കുന്നതു്. അതുകൊണ്ടു് നീ—ആത്മാവു്—കൂടസ്ഥൻ തന്നെയാണു്. 75

തത്രാഹ- ഉപലബ്ധിർനാമ ധാത്വർത്ഥോ വിക്രിയൈവ, ഉപലബ്ധുഃ കൂടസ്ഥാത്മതാ ചേതി വിരുദ്ധം 76

*8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്പോ‍ാം ശിഷ്യൻ പറഞ്ഞു:– ഉപലബ്ധി (ജ്ഞാനം; അറിയൽ) എന്നതു് ഒരു ധാതുവിൻെറ അൎത്ഥമാണു്. അതായതു്–ക്രിയ. അതു വികാരം (ഉല്പത്തിവിനാശങ്ങാം) ഉള്ളതാണു്. ഉപലബ്ധാവായ (ജ്ഞാതാവു്) ആത്മാവാകട്ടെ കൂടസ്ഥനാണെന്നാണല്ലോ പറഞ്ഞതു്. ഇതു് സ്വോക്തിവിരുദ്ധമാവില്ലേ? (അറിയൽ എന്നതു് മാററമുള്ളതാണെങ്കിൽ അതുള്ളതു അറിയുന്നവനും മാററമുള്ളതാവില്ലേ? എന്നാണു് ശിഷ്യൻെറ ചോദ്യം) 76

ന. ധാത്വൎത്ഥവിക്രിയായാം ഉപലബ്ധ്യുപചാരാത്. യോ ഹി ബൗദ്ധഃ പ്രത്യയഃ സ ധാത്വൎത്ഥോ വിക്രിയാത്മകഃ ആത്മനഃ ഉപലബ്ധ്യാഭാസഫലാവസാന ഇതി ഉപലബ്ധിശബ്ദേന ഉപചര്യതേ. യഥാ ഛിദിക്രിയാ ദ്വൈധീഭാവഫലാവസാനേതി ധാത്വൎത്ഥത്വേന ഉപചര്യതേ, തദ്വത്. 77

ഗുരു:– വൈരുദ്ധ്യമൊന്നുമില്ല. എന്തെന്നാൽ ജ്ഞാനം എന്ന പദത്തെ ധാത്വർത്ഥമായ പരിണാമം എന്നൎത്ഥത്തിൽ ഉപചരിച്ചിരിക്കുകയാണു്. (ഉപചാരം = നേരേയുള്ള, യഥാൎത്ഥമായ, അൎത്ഥമല്ല; ലക്ഷണയാ പറയുന്നതാണു്.) ബുദ്ധിയിലുണ്ടാകുന്ന വൃത്തി (പരിണാമം, വ്യാപാരം) പരിണാമരൂപമാണു്; അതു് ആത്മസ്വരൂപമായ 'ജ്ഞാന'പ്രതിബിംബത്തിൽ ചെന്നവസാനിക്കുന്നതിനാൽ 'ജ്ഞാനം' (ഉപലബ്ധി) എന്ന പദംകൊണ്ടു് പറയപ്പെടുന്നു എന്നേയുള്ളു. ഉദാഹരണമായി ഛേദനക്രിയ (മുറിക്കൽ) ചെന്നവസാനിക്കുന്നതു് രണ്ടാക്കിത്തീക്കുക എന്ന ഫലത്തിലാകയാൽ ''ഛിദി ദ്വൈധീഭാവേ'' (ഛിദ് ധാതു–രണ്ടാക്കിത്തീക്കുക–എന്ന അൎത്ഥത്തിലാണു്) എന്നർത്ഥം പറഞ്ഞുവരുന്നു. അതുപോലെതന്നെ പ്രകൃതത്തിലും. 77

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇത്യുക്തഃ ശിഷ്യ ആഹ:—നനു ഭഗവൻ, മമ കൂടസ്ഥത്വപ്രതിപാദനം പ്രതി അസമർത്ഥോ ദൃഷ്ടാന്തഃ. കഥം? ഛിദിഃ ഛേദ്യവിക്രിയാവസാനാ ഉപചര്യതേ യഥാ ധാത്വർത്ഥത്വേന, തഥാ ഉപലബ്ധിശബ്ദോപചരിതോഽപി ധാത്വർത്ഥോ ബൗദ്ധപ്രത്യയഃ ആത്മനഃ ഉപലബ്ധിവിക്രിയാവസാനശ്ചേത്, നാത്മനഃ കൂടസ്ഥതാം പ്രതിപാദയിതും സമർത്ഥഃ. 78

ഇങ്ങനെ ഗുരു പറഞ്ഞപ്പോൾ ശിഷ്യൻ പറഞ്ഞു:— ഭഗവൻ! ഞാൻ കൂടസ്ഥനാണെന്നു തെളിയിക്കുന്നതിനായി പറഞ്ഞ ദൃഷ്ടാന്തം ശരിയല്ല. എന്തുകൊണ്ട്? മുറിക്കൽ എന്ന പ്രവൃത്തി, മുറിക്കപ്പെടുന്ന വസ്തുവിൻെറ വികാരത്തിൽ (ദ്വൈധീഭാവം—രണ്ടായിത്തീരൽ) ചെന്നവസാനിക്കുന്നതുകൊണ്ട് ധാത്വർത്ഥമെന്ന് ഉപചരിക്കുന്നതുപോലെ ജ്ഞാനം എന്ന ശബ്ദംകൊണ്ട് ഉപചരിതമായ, ബുദ്ധിവൃത്തി എന്ന ധാത്വർത്ഥവും ആത്മാവിൻെറ ഉപലബ്ധി (ജ്ഞാനം) എന്ന വികാരത്തിലാണ് ചെന്നവസാനിക്കുന്നതെങ്കിൽ, ഈ ദൃഷ്ടാന്തംകൊണ്ട് ആത്മാവിൻെറ കൂടസ്ഥത്വം എങ്ങിനെ പ്രതിപാദിക്കാൻ സാധിക്കും? 78

ഗുരുരുവാച:—സത്യമേവം സ്യാത്, യദി ഉപലബ്ധ്യുപലബ്ധ്രോഃ വിശേഷഃ. നിത്യോപലബ്ധിമാത്ര ഏവ ഹി ഉപലബ്ധാ, ന തു താർക്കികസമയ ഇവ അന്യാ ഉപലബ്ധിഃ അന്യ ഉപലബ്ധാ ച. 79

ഗുരു പറഞ്ഞു:—ഉപലബ്ധാവും ഉപലബ്ധിയും (ജ്ഞാതാവും ജ്ഞാനവും,)വെവ്വേറെ ആയിരുന്നെങ്കിൽ നീ പറഞ്ഞതു് ശരിയാകുമായിരുന്നു. പക്ഷേ ഉപലബ്ധാവ് നമ്മുടെ അഭിപ്രായത്തിൽ നിത്യജ്ഞാനസ്വരൂപമാണ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അല്ലാതെ, താർക്കികന്മാരുടെ അഭിപ്രായത്തിലെന്നപോലെ, ജ്ഞാനം ഒന്നു വേറേ, ജ്ഞാതാവൊന്നു വേറെ എന്നു നാം പറയുന്നില്ല. 79

നനു ഉപലബ്ധിഫലാവസാനോ ധാത്വർത്ഥഃ കഥമിതി?. 80

ശിഷ്യൻ:—പിന്നെ ക്രിയ എങ്ങിനെ ഉപലബ്ധിയെന്ന ഫലത്തിൽ ചെന്നവസാനിക്കും? 80

ഉച്യതേ:—ശൃണു, ഉപലബ്ധ്യാഭാസഫലാവസാന ഇത്യുക്തം, കിം ന ശ്രുതം തത് ത്വയാ? ന ത്വാത്മാവിക്രിയോത്പാദനാവസാന ഇതി മയോക്തം. 81

ഗുരു:—കേൾക്കൂ! ''ഉപലബ്ധ്യാഭാസ''മെന്ന ഫലത്തിൽ ചെന്നവസാനിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. അതു കേട്ടില്ലായിരിക്കാം. ആത്മാവിൽ ഒരു വികാരം ഉണ്ടാക്കപ്പെടുന്നതുവരെ എന്നു ഞാൻ പറഞ്ഞില്ല. 81

ശിഷ്യ ഉവാച:—കഥം തർഹി കൂടസ്ഥ മയി അശേഷസ്വവിഷയചിത്തപ്രചാരോപലബ്ധൃത്വമിത്യാത്ഥ. 82

ശിഷ്യൻ പറഞ്ഞു:—അങ്ങിനെ ഞാൻ കൂടസ്ഥനാണെങ്കിൽ (മാററമില്ലാത്തവൻ) ജ്ഞാനവിഷയങ്ങളായ എൻെറ എല്ലാ ചിത്തവൃത്തികളേയും അറിയുന്നവനാണ് ഞാൻ എന്നെങ്ങനെ പറഞ്ഞു? 82

തം ഗുരുരുവാച:—സത്യമവോചം, തേനൈവ കൂടസ്ഥതാമബ്രുവം തവ. 83

ഗുരു പറയുകയാണ്:— ഞാൻ പറഞ്ഞതു സത്യമാണ്. അതുകൊണ്ടുതന്നെയാണ് (നീ എല്ലാ ചിത്തവൃത്തികളേയും ഒരേ സമയത്തു് അറിയുന്നവനായതുകൊണ്ട്) നീ കൂടസ്ഥനാണെന്നും ഞാൻ പറഞ്ഞതു്. 83

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യദ്യേവം ഭഗവൻ! കൂടസ്ഥനിത്യോപലബ്ധി സ്വ രൂപേ മയി ശബ്ദാദാകാരബൗദ്ധപ്രത്യയേഷു ച മത്സ്വരൂപോപലബ്ധ്യാഭാസഫലാവസാനവത്സു ഉ ത്പദ്യമാനേഷു, കസ്തപരാധോ മമ. 84

ശിഷ്യൻ:—ഇങ്ങനെയാണെങ്കിൽ, ഭഗവൻ, കൂടസ്ഥ നം നിത്യോപലബ്ധിസ്വരൂപനും ആയ (നിത്യജ്ഞാന സ്വരൂപൻ) എന്നിൽ, ശബ്ദാദ്യാകാരങ്ങളും. എന്റെ സാക്ഷാത്സ്വരൂപമായ ജ്ഞാനത്തിന്റെ അവഭാസ ത്തിൽ (പ്രതിബിംബത്തിൽ) ചെന്നവസാനിക്കുന്നവയു മായ ചിത്തവൃത്തികളുണ്ടാവുകയാണെങ്കിൽ അതിലെ നിന്റെയെന്താണ് കുററം? 84

സത്യം, നാസ്ത്യപരാധഃ കിം തു അവിദ്യാമാത്രസ്തു അപരാധ ഇതി പ്രാഗേവാവോചം. 85

ഗുരു:— വാസ്തവമാണ്. നിനക്ക് യാതൊരു കുററ വുമില്ല. ഞാൻ ആദ്യം പറഞ്ഞപോലെ അവിദ്യ— അജ്ഞാനം—മാത്രമാണ് തെററ്. 85

യദി ഭഗവൻ! സുഷുപ്ത ഇവ മമ വിക്രിയാ നാസ്തി, കഥം സ്വപ്ന ജാഗരിതേ. 86

ശിഷ്യൻ:—ഭഗവൻ! സുഷുപ്തിയിൽ (ഗാഢനിദ്ര) എനിക്ക യാതൊരു വികാരവുമില്ല. ഞാൻ വാസ്തവ ത്തിൽ എല്ലാപ്പോഴും തീരേ വികാരമില്ലാത്തവനാണെ ങ്കിൽ പിന്നെ സ്വപ്നാവസ്ഥയും ജാഗ്രദവസ്ഥയും എങ്ങി നെയുണ്ടാകുന്നു? 86

തം ഗുരുരുവാച—കിം തു അനുഭൂയേതേ ത്വയാ സതതം. 87

അയാളോട്ട ഗുരു പറഞ്ഞു:—എന്നാൽ നീ അവയെ അനുഭവിക്കുന്നു എന്നുള്ളത് ശരിയാണല്ലോ. 87

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ബാഢം അനുഭവാമി, കിം തു വിച്ഛിദ്യ വിച്ഛിദ്യ, ന തു സന്തതം. 88

ശിഷ്യൻ:- അനുഭവിക്കുന്നുണ്ട്: തീർച്ച, പക്ഷേ ഇട വിട്ടിടവിട്ടുമാത്രം. എല്ലാപ്പോഴും ഇല്ല. 88

തം ഗുരുരുവാച;—തർഹി ആഗന്തുകേ ത്വേതേ, ന തവാത്മഭൂതേ. യദി തവാത്മഭൂതേ ചൈതന്യസ്വരൂപവത് സ്വതസ്സിദ്ധേ സന്തതേ ഏവ സ്യാതാം. കിം ച സ്വപ്നജാഗരിതേ ന തവ ആത്മഭൂതേ, വ്യഭിചാരിത്വാത്, വസ്ത്രാദിവത്. ന ഹി യസ്യ യത് സ്വരൂപം തത് തദ്വ്യഭിചാരി ദൃഷ്ടം. സ്വപ്നജാഗരിതേ തു ചൈതന്യമാത്രത്വാത് വ്യഭിചരതഃ. സുഷുപ്തേ ചേത് സ്വരൂപം വ്യഭിചരേത്, തന്നഷ്ടം നാസ്തീതി വാ ബാധ്യമേവ സ്യാത്; ആഗന്തുകാനാം അതദ്ധർമ്മാണാം ഉഭയാത്മകത്വദർശനാത്, യഥാ ധനവസ്ത്രാദീനാം നാശോ ദൃഷ്ടഃ, സ്വപ്നഭ്രാന്തിലബ്ധാനാം തു അഭാവോ ദൃഷ്ടഃ. 89

അയാളോട് ഗുരു പറഞ്ഞു:—എന്നാൽ അവ ആഗന്തുകങ്ങളാണ് (ഇടയ്ക്കിടെ വന്നുചേരുന്നവയാണ്.) സ്വാഭാവികങ്ങളല്ല. അവ സ്വാഭാവികങ്ങളായിരുന്നുവെങ്കിൽ ചൈതന്യസ്വരൂപംപോലെ, സ്വതസ്സിദ്ധങ്ങളായിരിക്കും; എല്ലാപ്പോഴും ഉള്ളവയുമായിരിക്കും. മാത്രമല്ല, സ്വപ്നവും ജാഗ്രത്തും നിനക്ക് സ്വാഭാവികമായുള്ളവയല്ല. അവ വസ്ത്രാദികംപോലെ എല്ലാപ്പോഴും നിന്നിലില്ലാത്തവയാണല്ലോ. ഒരു വസ്തുവിന് സ്വാഭാവികമായിട്ടുള്ളത് (വസ്തുസ്വരൂപം) ഒരിക്കലും അതിൽ ഇല്ലാത്തതായിക്കാണപ്പെടുന്നില്ല. സ്വപ്നവും ജാഗ്രത്തുമാകട്ടെ എല്ലാപ്പോഴുമുള്ളവയല്ല; ചൈതന്യം മാത്രമാണ് എല്ലാപ്പോഴുമുള്ളത്. സുഷുപ്തിയിൽ ചൈതന്യം ഇല്ലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നവരുകിൽ അതു് ഒന്നുകിൽ നശിച്ചതായിരിക്കണം. (ഉണ്ടായിരുന്നിട്ട നശിച്ചതായിരിക്കണം) അല്ലെങ്കിൽ സ്വതവേ ഇല്ലാത്തതായിരിക്കണം—ആഗന്തുകങ്ങളായ അന്യധർമ്മങ്ങൾക്കു് (വാസ്തവത്തിൽ അതിൻെറ ധർമ്മങ്ങളല്ലാത്തവസ്തു്) ഈ രണ്ടുതരം സ്വഭാവമേ കണ്ടിട്ടുള്ളു. ഉദാഹരണമായി ധനം, വസ്ത്രം മുതലായവ നശിക്കുന്നതായും, സ്വപ്നത്തിലും ഭ്രമത്തിലും കാണപ്പെട്ട വസ്തുക്കൾ ഇല്ലാത്തതായും അനുഭവമുണ്ടല്ലോ. 89

7812

നനേവം ഭഗവൻ; ചൈതന്യസ്വരൂപമപി ആഗന്തുകം പ്രാപ്തം, സ്വപ്നജാഗരിതയോരിവ, സുഷുപ്തേ അനുപലബ്ധേഃ. അചൈതന്യസ്വരൂപോ വാ സ്യാമഹം. 90

ശിഷ്യൻ:—ഇങ്ങനെയാണെങ്കിൽ, ഭഗവൻ! ചൈതന്യസ്വരൂപവും ആഗന്തുകമാണെന്നാണു് വന്നുചേരുന്നതു്. സ്വപ്നത്തിലും ജാഗ്രത്തിലും എന്നപോലെ സുഷുപ്തിയിലും അതു് അനുഭവഗോചരമാവുന്നില്ലല്ലോ, അല്ലെങ്കിൽ, ഞാൻ ചൈതന്യസ്വരൂപമേ അല്ലെന്നു വരാം. 90

ന, പശ്യ, തദനുപപത്തേഃ. ചൈതന്യസ്വരൂപം ചേതു് ആഗന്തുകം പശ്യസി, പശ്യ. നൈതദബ്ദശതേനാപി ഉപപത്യാ കലയിതും ശക്നുമോ വയം, അന്യോ വാഽചൈതന്യോഽപി. സംഹതത്വാതു് പാരാർത്ഥ്യം അനേകത്വം നാശിത്വം ച ന കേനചിതു് ഉപപത്യാ വാരയിതും ശക്യം. അസ്വാർത്ഥസ്യ സ്വതഃസിദ്ധ്യഭിവാദിത്യവോചാമ. ചൈതന്യസ്വരൂപസ്യ തു ആത്മനഃ സ്വതഃസിദ്ധേഃ അന്യാനപേക്ഷത്വം ന കേനചിതു് വാരയിതും ശക്യം അവ്യഭിചാരാതു്. 91

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗുരു;_അതല്ല; നോക്കു. നീ പറഞ്ഞതു യുക്തമല്ല. ചൈതന്യസ്വരൂപം ആഗന്തുകമാണെന്നു് വിചാരിക്കുക യാണെങ്കിൽ, നീ അങ്ങനെ വിചാരിച്ചുകൊള്ളൂ. പക്ഷേ, നൂറു വർഷംകൊണ്ടും അതിനെ യുക്തികൊണ്ടു സമർത്ഥി ക്കുവാൻ നമുക്കു് കഴിയുകയില്ല. ഒരു ബുദ്ധിഹീനനും അ ങ്ങനെ പറയാൻ സാധിക്കുകയില്ല. ബൗദ്ധപ്രത്യയ (ചി ത്തവൃത്തി)ങ്ങളുടെ സംഹതിയായ ജ്ഞാനം സംഹതമായ തുകൊണ്ടുതന്നെ മററൊന്നിനുവേണ്ടിയുള്ളതും, അനേക വും, നാശമുള്ളതുമാണു്; ഇതു് ഒരിക്കലും ആരാലും യുക്തി കൊണ്ടു തടുക്കുവാൻ കഴിയുകയില്ല. മററൊന്നിനുവേണ്ടി യുള്ളതു് സ്വതവേ ഉള്ളതായിരിക്കുകയില്ലെന്നു (സ്വതഃ സിദ്ധമല്ലെന്നു) ഇതിനു മുമ്പുതന്നെ നാം പറഞ്ഞിട്ടുണ്ടു്. ചൈതന്യസ്വരൂപമായ ആത്മാവാകട്ടെ സ്വതസ്സിദ്ധമാ കാൻ മററൊന്നിനെ അപേക്ഷിക്കുന്നില്ല. ഇതിങ്ങനെ യല്ലാതെ തെളിയിക്കുവാൻ ആർക്കും കഴിയുകയില്ല. എന്തെന്നാൽ അതൊരിക്കലും ഇല്ലാത്തതാകുന്നില്ല. (നി യമേന ഉള്ളതാണു്.) 91

നനു വ്യഭിചാരോ ദർശിതോ മയാ സുഷുപ്തേ ന പശ്യാമീതി. 92

ശിഷ്യൻ: ഈ നിയമവും ശരിയല്ലെന്നു ഞാൻ കാ ണിച്ചുകഴിഞ്ഞുവല്ലോ; ''സുഷുപ്തിയിൽ ഞാൻ ആത്മാ വിനെ അറിയുന്നില്ല'' എന്നു'. 92

ന വ്യാഹതത്ത്വാത്. കഥം വ്യാഘാതഃ? പശ്യത സ്തവ ന പശ്യാമി ഇതി വ്യാഹതം വചനം. നഹി കദാചിത് ഭഗവൻ! സുഷുപ്തേ മയാ ചൈതന്യം അന്യദ്വാ കിഞ്ചിത് ദൃഷ്ടം. പശ്യൻ തർഹി സുഷു പ്തേ ത്വം. യസ്മാത് ദൃഷ്ടമേവ പ്രതിഷേധസി, ന ദൃഷ്ടിം. യാ തവ ദൃഷ്ടിഃ തത് ചൈതന്യമിതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മയോക്തം. യയാ ത്വം വിദ്യമാനയാ ന കിഞ്ചിത് ദൃഷ്ടമിതി പ്രതിഷേധസി, സാ ദൃഷ്ടിഃ ത്വച്ചൈതന്യം. തർഹി സർവ്വത്ര അവ്യഭിചാരാത് കൂടസ്ഥനിത്യത്വം സിദ്ധം സ്വത ഏവ, ന പ്രമാണാപേക്ഷം. സ്വതഃ സിദ്ധസ്യ ഹി പ്രമാതുഃ അന്യസ്യ പ്രമേയസ്യ പരിച്ഛിത്തിം പ്രതി പ്രമാണാപേക്ഷാ. യാ തു അന്യാ നിത്യാ പരിച്ഛിത്തിഃ അപേക്ഷ്യതേ അന്യസ്യ അപരിച്ഛിത്തിരൂപസ്യ പരിച്ഛേദായ, സാ ഹി നിത്യൈവ കൂടസ്ഥാ സ്വയം ജ്യോതിഃസ്വഭാവാ. ആത്മനി പ്രമാണത്വേ പ്രമാതൃത്വേ വാ ന താം പ്രതി പ്രമാണാപേക്ഷാ, തത്സ്വഭാവത്വാത്. യഥാ പ്രകാശനം ഉഷ്ണത്വം വാ ലോഹോദകാദിഷു പരതഃ അപേക്ഷ്യതേ. അഗ്ന്യാദിത്യാദിഭ്യഃ, അതത്സ്വഭാവത്വാത്, ന അഗ്ന്യാദിത്യാദീനാം തദപേക്ഷാ, സർവ്വദാ തത്സ്വഭാവത്വാത്. 93

ഗുരു:_അങ്ങനെയല്ല. നിൻെറ വാദം സ്വയം വിരുദ്ധമാണ്. എങ്ങിനെ സ്വയം വിരുദ്ധമെന്നോ? പറയാം. നീ അറിയുമ്പോഠം തന്നെ അറിയുന്നില്ല, എന്നു പറയുന്നതുതന്നെ വൈരുദ്ധ്യം. ''ഭഗവൻ, സുഷുപ്തിയിൽ ചൈതന്യമോ, മറേറതെങ്കിലുമോ ഞാൻ കാണുന്നില്ലല്ലോ'' എന്നു് നീ പറയുന്നു. അപ്പോഠം നീ സുഷുപ്തിയിൽ ബോധമുള്ളവനാണ്. എന്തെന്നാൽ, ജ്ഞാനവിഷയങ്ങളെയല്ലേ പ്രതിഷേധിക്കുന്നതു്? ജ്ഞാനത്തെയല്ലല്ലോ. (ജ്ഞാനവിഷയമില്ല; ജ്ഞാനം ഉണ്ടെന്നു കിട്ടി. ''ഒന്നും അറിയുന്നില്ല,'' എന്ന ജ്ഞാനം സുഷുപ്തിയിൽ ഉണ്ടെന്നു ശിഷ്യൻതന്നെ സമ്മതിച്ചുവല്ലോ) നിൻെറ ആ ജ്ഞാനത്തെത്തന്നെയാണ് ചൈതന്യമെന്നു ഞാൻ പറഞ്ഞതു്. ഏതൊരു ജ്ഞാനമുള്ളതുകൊണ്ടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണോ നീ ''സുഷുപ്തിയിൽ ഞാനൊന്നും അറിഞ്ഞില്ല'' എന്നിങ്ങനെ പ്രതിഷേധിക്കുന്നതു്, ആ ജ്ഞാനം—ദൃഷ്ടി—തന്നെയാണ്—നീ-എന്നു പറയുന്ന ചൈതന്യം. അപ്പോഴും എല്ലാപ്പോഴും ഉള്ളതാകയാൽ അതു കൂടസ്ഥവും നിത്യവുമാണെന്നു് സ്വതസ്സിദ്ധമാണ്. മററു പ്രമാണങ്ങളെ അപേക്ഷിച്ചല്ല അതിൻെറ കൂടസ്ഥത്വവും നിത്യത്വവും സിദ്ധിക്കുന്നതു്. സ്വതസ്സിദ്ധനായ പ്രമാതാവിന്നു് (ജ്ഞാതാവിന്നു്) തന്നിൽനിന്നും വേറിട്ട വസ്തുവിനെ അറിയുന്നതിന്നു് പ്രമാണങ്ങളേ അപേക്ഷിക്കണം. (സ്വസ്വരൂപമായ ജ്ഞാനത്തിന്നു് പ്രമാണാപേക്ഷ ഇല്ലെന്നർത്ഥം.) തന്നിൽനിന്നും വിഭിന്നമായ അചേതനങ്ങളുടെ ജ്ഞാനത്തിന്നായി അപേക്ഷിക്കപ്പെടുന്ന ആ നിത്യമായ ജ്ഞാനമുണ്ടല്ലോ, അതു സ്വയംപ്രകാശവുമാണു്; കൂടസ്ഥവുമാണ്. ആ ആത്മാവുണ്ടെന്നറിയുന്നതിന്നോ, ആത്മാവാണ് ജ്ഞാതാവു് എന്നറിയുന്നതിന്നോ, മററൊരു പ്രമാണത്തേയും അപേക്ഷിക്കേണ്ടതില്ല. ഉണ്മയും ജ്ഞാനവുമാണ് ആത്മസ്വഭാവംതന്നെ. ഉദാഹരണമായി സ്വതവേ ചൂടും വെളിച്ചവുമില്ലാത്ത ഇരുമ്പു്, വെള്ളം മുതലായ വസ്തുക്കൾക്കു് ചൂടും പ്രകാശവും മററും വേണമെങ്കിൽ, തീയ്, സൂര്യൻ തുടങ്ങിയ മററു വസ്തുക്കളെ ആശ്രയിക്കണം. എന്നാൽ അഗ്നിക്കും സൂര്യനും, ചൂടിനും വെളിച്ചത്തിന്നും വേണ്ടി മററൊന്നിനേയും ആശ്രയിക്കേണ്ട; ചൂടും വെളിച്ചവും അവയുടെ പ്രകൃതിമാത്രമാണ്. 93

> അനിത്യത്വേ ഏവ പ്രമാ സ്യാത് ന നിത്യത്വേ ഇതി ചേത്. 94

ശിഷ്യൻ:_ജ്ഞാനം അനിത്യമാണെങ്കിലല്ലേ അതു പ്രമ (യഥാർത്ഥജ്ഞാനം) യാവുകയുള്ളു. നിത്യജ്ഞാനം എങ്ങനെ പ്രമയാകും? (പ്രത്യക്ഷം, അനുമാനം മുതലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ പ്രമാണങ്ങളെക്കൊണ്ടു് ഉണ്ടാകുന്നതാണു് യഥാൎത്ഥ ജ്ഞാനം. പ്രമാണങ്ങളെ ഒന്നും അപേക്ഷിക്കാത്ത നിത്യജ്ഞാനം എങ്ങനെ പ്രമയാകും?), എന്നാണു് ശിഷ്യൻ ചോദിക്കുന്നതു്. 94

ന. അവഗതേഃ നിത്യത്വാനിത്യത്വയോഃ വിശേഷാനുപപത്തേഃ. ന ഹി അവഗതേഃ പ്രമാത്വേ അനിത്യാ അവഗതിഃ പ്രമാ, ന നിത്യാഃ ഇതി വിശേഷഃ അവഗമ്യതേ. 95

ഗുരു:—അതു ശരിയല്ല. ജ്ഞാനത്തിൽ നിത്യം, അനിത്യം എന്നീ വിശേഷങ്ങൾക്കൊന്നും യുക്തിയില്ല. ജ്ഞാനമാണല്ലോ പ്രമ. അതിൽ ''അനിത്യജ്ഞാനമേ പ്രമയാകൂ. നിത്യജ്ഞാനം പ്രമയല്ല.'' ഇങ്ങനെയുള്ള യാതൊരു വിശേഷവും കാണുന്നില്ല. 95

നിത്യായാം പ്രമാതുഃ അപേക്ഷാഭാവഃ. അനിത്യായാം തു യത്നാന്തരിതത്വാത് അവഗതിഃ അപേക്ഷ്യത ഇതി വിശേഷഃ സ്യാദിതി ചേത്:—96

ശിഷ്യൻ:-നിത്യമായ പ്രമക്കു് ജ്ഞാതാവിന്റെ (അറിയുന്നവന്റെ) അപേക്ഷയില്ല; അനിത്യമായ പ്രമക്കാകട്ടെ, ജ്ഞാതാവും, അയാളുടെ യത്നവും ഇടയ്ക്കു വേണം. അതാണു് അവക്കു തമ്മിലുള്ള വിശേഷം എന്നു പറയാമല്ലോ. 96

സിദ്ധാ തർഹി ആത്മനഃ പ്രമാതുഃ സ്വതഃസിദ്ധിഃ, പ്രമാണനിരപേക്ഷതയൈവേതി. 97

ഗുരു:—എന്നാലപ്പോൾ ആത്മാവായ പ്രമാതാവു് സ്വതസ്സിദ്ധമാണെന്നു കിട്ടിക്കഴിഞ്ഞു. അപ്പോൾ മററൊരു പ്രമാണത്തേയും അതു് ആശ്രയിക്കുന്നില്ലല്ലോ. 97

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭാവേ/പി അപേക്ഷാഭാവഃ, നിത്യത്വാത് ഇതി ചേത്. ന. അവഗതേരേവ ആത്മനി സദ്ഭാവാദിതി പരിഹൃതമേതത്. 98

ശിഷ്യൻ:–(ആത്മപ്രമ നിത്യമാകയാൽ മററു പ്രമാണങ്ങളെയൊന്നും ആശ്രയിക്കുന്നില്ലെന്ന് പറയുകയാണെങ്കിൽ) ആത്മപ്രമയെ എന്നും ഇല്ലാത്തതായതുകൊണ്ടാണ് (ആത്മപ്രമയെ_ആത്മാവേ ഇല്ലെന്നർത്ഥം.) ഇതരപ്രമാണാപേക്ഷയില്ലാത്തത് എന്ന പറഞ്ഞുകൂടെ?

ഗുരു:– പാടില്ല. ആത്മാവിൽ പരിശുദ്ധജ്ഞാനം മാത്രമാണുള്ളത്, എന്ന പറഞ്ഞതിൽനിന്ന് ആത്മാവുണ്ടെന്നും സംശയം തെററാണെന്നും തെളിഞ്ഞതാണ്. 98

പ്രമാതുശ്ചേത് പ്രമാണാപേക്ഷാസിദ്ധിഃ, കസ്യ പ്രമിത്സാ സ്യാത്? യസ്യ പ്രമിത്സാ സ ഏവ പ്രമാതാ അഭ്യുപഗമ്യതേ. തദീയാ ച പ്രമിത്സാ പ്രമേയവിഷയൈവ, ന പ്രമാതൃവിഷയാ. പ്രമാതൃവിഷയത്വേ. അനവസ്ഥാപ്രസംഗാത്. പ്രമാതുഃ തദിച്ഛായാശ്ച, തസ്യാപ്യന്യഃ പ്രമാതാ, തസ്യാപ്യന്യ ഇതി. ഏവമേവ ഇച്ഛായാഃ പ്രമാതൃവിഷയത്വേ പ്രമാതുരാത്മനഃ അവ്യവഹിതത്വാച്ച പ്രമേയത്വാനുപപത്തിഃ. ലോകേ ഹി പ്രമേയം നാമ പ്രമാതുഃ ഇച്ഛാ–സ്മൃതി–പ്രയത്ന_പ്രമാണജന്മവ്യവഹിതം സിദ്ധ്യതി, നാന്യഥാ, അവഗതിഃ പ്രമേയവിഷയാ ദൃഷ്ടാ. നച പ്രമാതുഃ പ്രമാതാ സ്വസ്യ സ്വയമേവ കേനചിത് വ്യവഹിതഃ കല്പയിതും ശക്യഃ ഇച്ഛാദീനാംഅന്യതമേനാപി. സ്മൃതിശ്ച സ്മർത്തവ്യവിഷയാ, ന സ്മർത്തൃവിഷയാ. തഥാ ഇച്ഛായാഃ ഇഷ്ടവിഷയത്വമേവ, ന ഇച്ഛാവദ്വിഷയത്വം. സ്മർത്രിച്ഛാവദ്വിഷയത്വേ/

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

പി ഹി ഉഭയോഃ അനവസ്ഥാ പൂർവ്വവദപരിഹാ
ര്യാസ്യാത്. 99

അറിയുന്നവനെ അറിയുവാൻ പ്രമാണങ്ങളെ അപേക്ഷിക്കണമെന്നു വന്നാൽ അറിയണം എന്നു് ആഗ്രഹമുണ്ടാകുന്നതാർക്കാണു്? ആർക്കാണോ അറിയാനാഗ്രഹമുള്ളതു് അയാളെത്തന്നെയാണു് അറിയുന്നവനായും നാം കണക്കാക്കുന്നതു്. അയാളുടെ അറിവാനുള്ള ആഗ്രഹം, പ്രമേയത്തെ (അറിയപ്പെടേണ്ട വസ്തുവിനെ വിഷയീകരിച്ചുള്ളതാണു്, അല്ലാതെ പ്രമാതാവിനെ, അറിയുന്നവനേ—ആ ആഗ്രഹത്തിനു് വിഷയീകരിച്ചുള്ളതല്ല.) പ്രമാതാവാണു് വിഷയമെന്നു പറയുന്നപക്ഷം, അറിയുന്നവനും അവൻെറ ഇച്ഛയും ഒരിക്കലും അവസാനിക്കാത്തവിധം ''വിത്തും മുളയുംപോലെ'' പരസ്പരം ബന്ധപ്പെട്ടു നീണ്ടു നീണ്ടു കിടക്കും. ഒരു പ്രമാതാവിനെ അറിയാൻ ഒരാരാംക്കിച്ഛയുണ്ടെന്നു വെയ്ക്കുക, അയാളുടെ ഒരു പ്രമാതാവു്, ആ പ്രമാതാവിനു് മറെറാരു പ്രമാതാവു് ഇങ്ങനെ അവസാനിക്കാത്ത ഒരു പരമ്പരയായിത്തീരും. ഇതുപോലെത്തന്നെ, ഇച്ഛയും പ്രമാതൃവിഷയമാണെന്നു പറയുന്നപക്ഷം, അതിന്നും അനവസ്ഥ വരും. പ്രമാതാവായ ആത്മാവു് (ആത്മാവാണു് അറിയപ്പെടുന്നതു് എന്നു പറയുന്നപക്ഷം) അവ്യവഹിതമാകയാൽ (അതിനിടയിൽ മറെറാന്നുമില്ലാത്തതിനാൽ) അതൊരിക്കലും ജ്ഞാനവിഷയം--പ്രമേയം—ആവുകയില്ല.

സാധാരണയായി അറിയപ്പെടുന്ന വസ്തുവിന്നും അറിയുന്നവന്നുമിടയ്ക്കു് അറിയുന്നവൻെറ ഇച്ഛ, സ്മരണം, പ്രയത്നം, പ്രമാണം മുതലായവയുണ്ടായിരിക്കും. അല്ലാതെ (ഇവിടെയൊന്നും മദ്ധ്യത്തിലില്ലാതെ) ഒരു വസ്തുവിൻെറ ജ്ഞാനം ഉണ്ടാകുന്നതായി കണ്ടിട്ടില്ല. അറിയുന്നവൻ, തന്നിൽനിന്നുതന്നെ ഇച്ഛ തുടങ്ങിയ മുൻപറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞ്ഞതേതെങ്കിലും ഒന്നുകൊണ്ടു് വ്യവഹിതനാണെന്നു പറയുകയും സാധ്യമല്ല. എന്തെന്നാൽ സ്മരിക്കപ്പെടുന്ന വസ്തു സ്മരണത്തിന്നു് വിഷയമാവാമെന്നല്ലാതെ സ്മരിക്കുന്നവൻതന്നെ സ്മരണത്തിനു വിഷയമാവുന്നതല്ല. അതുപോലെ ആഗ്രഹിക്കപ്പെടുന്ന വസ്തു ഇച്ഛക്കു വിഷയമാകാം. ആഗ്രഹിക്കുന്നവൻ (ഇച്ഛിക്കുന്നവൻ) ഇച്ഛാവിഷയമാവില്ല. അതല്ല; സ്മരിക്കുന്നവനും ഇച്ഛിക്കുന്നവനും സ്മരണേച്ഛകൾക്കു വിഷയമാണെന്നു പറയുന്നുവെങ്കിൽ, ആദ്യം പറഞ്ഞതുപോലെ അനവസ്ഥ ഇല്ലാതാകുവാൻ സാദ്ധ്യമല്ലാതാവുകയും ചെയ്യും. 99

നനു പ്രമാതൃവിഷയാവഗത്യനുത്പത്തൗ അനവഗത ഏവ പ്രമാതാ സ്യാദിതി ചേത്. 100

ശിഷ്യൻ:—ഇങ്ങനെ ജ്ഞാതാവിനെ വിഷയമാക്കിക്കൊണ്ടുള്ള ജ്ഞാനമില്ല എന്നു പറയുകയാണെങ്കിൽ, ജ്ഞാതാവു് എപ്പോഴും അജ്ഞാതനായിത്തന്നെ ഇരിക്കുമല്ലോ. (ജ്ഞാതാവുണ്ടെന്ന ജ്ഞാനം എങ്ങനെയുണ്ടാകും എന്നർത്ഥം.) 100

ന, അവഗന്തുഃ അവഗതേഃ അവഗന്തവ്യവിഷയത്വാത്. അവഗന്തൃവിഷയത്വേ ച അനവസ്ഥാ പൂർവ്വവത് സ്യാത്. അവഗതിശ്ച ആത്മനി കൂടസ്ഥനിത്യാത്മജ്യോതിഃ അന്യതഃ അനപേക്ഷൈവ സിദ്ധാ, അഗ്ന്യാദിത്യാദ്യുഷ്ണപ്രകാശവത്, 'ഇതി പൂർവ്വമേവ പ്രസാധിതം. അവഗതേഃ ചൈതന്യാത്മജ്യോതിഷഃ സ്വാത്മനി അനിത്യത്വേ ആത്മനഃ സ്വാർത്ഥതാനുപപത്തിഃ, കാര്യകാരണസംഘാതവത് സംഹതത്വാത് പാരാർത്ഥ്യം ദോഷവത്വം ച അവോചാമ. കഥം? ചൈതന്യാത്മജ്യോതിഷഃ സ്വാത്മനി അനിത്യത്വേ സ്മൃത്യാദി വ്യവധാനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത് സാന്തരത്വം. തതശ്ച തസ്യ ചൈതന്യജ്യോതിഷഃ പ്രാഗുല്പത്തേഃ പ്രധ്വംസാച്ചോർദ്ധ്വം ആത്മന്യേവ അഭാവാത്, ചക്ഷുരാദീനാമിവ സംഹതത്വാത്, പാരാർത്ഥ്യം സ്യാത്. യദാ ച തത് ഉത്പന്നം ആത്മനി വിദ്യതേ, ന തദാ ആത്മനഃ സ്വാർത്ഥത്വം. തത്ഭാവാഭാവാപേക്ഷാഹി ആത്മാനാത്മനോഃ സ്വാർത്ഥത്വപരാർദ്ധത്വസിദ്ധിഃ. തസ്മാത് ആത്മനഃ അന്യനിരപേക്ഷമേവ നിത്യ ചൈതന്യ ജ്യോതിഷ്ട്വം സിദ്ധം. 101

ഗുരു:—ഇല്ല, ജ്ഞാതാവിൻെറ ജ്ഞാനത്തിനുള്ള വിഷയം ജ്ഞേയമായ (അറിയപ്പെടേണ്ട) വസ്തുവാണ്. ജ്ഞാതാവിനെ വിഷയമാക്കിക്കൊണ്ടുള്ളതാണ് ആ ജ്ഞാനമെന്നു പറയുകയാണെങ്കിൽ മുൻപറഞ്ഞപോലെ അനവസ്ഥ വന്നുചേരുകയും ചെയ്യും. അഗ്നിയിലും ആദിത്യനിലും, ചൂടും വെളിച്ചവുംപോലെ ആത്മാവിൽ ജ്ഞാനമെന്നതു് കൂടസ്ഥവും നിത്യവുമായ ആത്മചൈതന്യമാണെന്നും അതു സ്വതഃസിദ്ധമാണെന്നും മുൻപുതന്നെ വിസ്തരിച്ചു പറഞ്ഞുകഴിഞ്ഞു. സ്വപ്രകാശരൂപമായ ജ്ഞാനം ആത്മാവിൽ അനിത്യമാണെന്നു പറയുന്ന പക്ഷം ആത്മാവു് മററൊന്നിനുവേണ്ടിയുള്ളതാണെന്നും തനിക്കുവേണ്ടിയുള്ളതല്ലെന്നും പറഞ്ഞേ തീരൂ; അപ്പോൾ കാര്യകാരണസംഘാതംപോലെ ആത്മാവു് സംഹതമായതിനാൽ മററൊന്നിനുവേണ്ടി നിലനില്ക്കുന്നതും, അശുദ്ധവുമായിത്തീരുമെന്നു് പറഞ്ഞുകഴിഞ്ഞതാണ്. അതെങ്ങിനെ? സ്വയംപ്രകാശമായ ജ്ഞാനം ആത്മാവിൽ അനിത്യമാണെങ്കിൽ, സ്മൃതി മുതലായവ കൊണ്ടു് വ്യവഹിതമാകയാൽ സാന്തമാണെന്നു് സിദ്ധം. അനിത്യമായ ജ്ഞാനം, സ്മൃതി, ഇച്ഛ തുടങ്ങിയ കാരണങ്ങളാൽകൊണ്ടുണ്ടാകുന്നതും, പിന്നീടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നശിക്കുന്നതുമാണെന്നാണല്ലൊ പറയേണ്ടിവരിക. (അപ്പോഠ ആ ജ്ഞാനത്തിനും ജ്ഞാതാവിനുമിടയ്ക്ക് സ്മൃത്യാദികളുണ്ടെന്നർത്ഥം.) അപ്പോഠ സ്വയം പ്രകാശകമായ ജ്ഞാനം, ഉണ്ടാവുന്നതിന്ന് മുൻപിലും നശിച്ചതിനുശേഷവും ആത്മാവില്ലെന്നു പറയേണ്ടിവരും. അങ്ങനെയായാൽ, ആത്മാവ് ചക്ഷുരാദി ഇന്ദ്രിയങ്ങളെപ്പോലെ സംഹതമാണെന്നും, മറെറാന്നിനുവേണ്ടി നിലനില്ക്കുന്നതാണെന്നും വന്നുചേരും. സ്വയംപ്രകാശകമായ ജ്ഞാനം മുമ്പില്ലാതിരുന്നിട്ട് ആത്മാവിലുണ്ടായി നിലനില്ക്കുന്നുവെന്നായാൽ അപ്പോഠ ആത്മാവ് തനിക്കവേണ്ടി നിലനില്ക്കുന്നതാവില്ല. എന്തെന്നാൽ, സംഹതത്വത്തിൻെറ ഇല്ലായ്മയും ഉണ്മയുമാണ്, ആത്മാവ് തനിക്കുവേണ്ടി നിലനില്ക്കുന്നതും അനാത്മാവ് മറെറാന്നിനുവേണ്ടിയുള്ളതും ആണെന്നതിൻെറ നിദാനം. (ആഗന്തുകമായ ചൈതന്യപ്രകാശത്താൽ അറിയപ്പെടുന്നതെല്ലാം അനാത്മാവ്; തദ്വിലക്ഷണം ആത്മാവ് എന്നു താല്പര്യം.) അതുകൊണ്ട് മറെറാന്നിൻേറയും അപേക്ഷ കൂടാതെതന്നെ ആത്മാവ് നിത്യചൈതന്യവും സ്വയംപ്രകാശവുമാണെന്ന് സിദ്ധംതന്നെ. 101

നനു ഏവം സതി അസതി പ്രമാശ്രയത്വേ കഥം പ്രമാതുഃ പ്രമാതൃത്വം. 102

ശിഷ്യൻ:- ഇങ്ങിനെ പ്രമാതാവ് നിത്യചൈതന്യസ്വരൂപമാണെങ്കിൽ, പ്രമാണങ്ങഠകൊണ്ടുണ്ടാകുന്ന ജ്ഞാനത്തിന് ആശ്രയമില്ലെങ്കിൽ, അതിനെ പ്രമാതാവ് (അറിയുന്നവൻ) എന്നെങ്ങനെ പറയാം. 102

ഉച്യതേ—പ്രമായാഃ നിത്യത്വേ ച അനിത്യത്വേ ച രൂപവിശേഷാഭാവാത്. അവഗതിർഹി പ്രമാ. തസ്യാഃ സ്മൃതീച്ഛാദിപൂർവ്വികായാഃ അനിത്യായാഃ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂടസ്ഥനിത്യായാ വാ, ന സ്വരൂപവിശേഷോ വിദ്യതേ. യഥാ ധാത്വർത്ഥസ്യ തിഷ്ഠത്യാദേഃ ഫലസ്യ ഗത്യാദി പൂർവ്വകസ്യ അനിത്യസ്യ അപൂർവ്വസ്യ നിത്യസ്യ വാ, രൂപവിശേഷോ നാസ്തീതി തുല്യോ വ്യപദേശോ ദൃഷ്ടഃ—തിഷ്ഠന്തി മനുഷ്യാഃ തിഷ്ഠന്തി പർവ്വതാഃ ഇത്യാദി, തഥാ നിത്യാവഗതിസ്വരൂപേഽപി പ്രമാതരി പ്രമാതൃത്വവ്യപദേശോ ന വിരുധ്യതേ, ഫലസാമാന്യാദിതി. 103

ഗുരു:-പറയാം: പ്രമ--പ്രമാണങ്ങൾകൊണ്ടുണ്ടാകുന്ന യഥാർത്ഥജ്ഞാനം—നിത്യമായാലും അനിത്യമായാലും അതിൻെറ സ്വഭാവത്തിൽ വിശേഷമൊന്നുമില്ല. ജ്ഞാനംതന്നെയാണല്ലോ പ്രമ (നിത്യമായാലും, പ്രമാണലബ്ധമായാലും). സ്മൃതി, ഇച്ഛ മുതലായതിനെ തുടൎന്നു വരുന്ന പ്രമ അനിത്യമാണ്. കൂടസ്ഥമായ ജ്ഞാനം നിത്യപ്രമയുമാണ്. രണ്ടിൻേറയും സ്വരൂപത്തിൽ വിശേഷമൊന്നുമില്ല. രണ്ടും ജ്ഞാനംതന്നെ. 'തിഷ്ഠതി' എന്ന ക്രിയയുടെ അർത്ഥം 'നില്ക്കൽ' (അചലാവസ്ഥ) ആണ്. ആദ്യം ചലനമുള്ളതിൻെറ അചലാവസ്ഥയേയും സ്വതേ ചലനമില്ലാത്തതിൻെറ അചലാവസ്ഥയേയും പറയാൻ ആ ക്രിയ ഉപയോഗിക്കാറുമുണ്ട്. ''മനുഷ്യൻ നില്ക്കുന്നു,—പർവ്വതങ്ങൾ നില്ക്കുന്നു.'' എന്നീ ഉദാഹരണങ്ങൾ നോക്കുക. എന്തെന്നാൽ, ''ഇളകാത്ത നില്പു്'' എന്ന ഫലത്തിൽ അവസ്ഥ തമ്മിൽ വിശേഷമൊന്നുമില്ല—അതുപോലെ നിത്യജ്ഞാനസ്വരൂപമായ പ്രമാതാവിനെ (അറിയുന്നവനെ) പ്രമാതാവ് എന്നു പറയുന്നതിൽ യാതൊരു തെററും ഇല്ല. പ്രമാണങ്ങളെക്കൊണ്ടുണ്ടാകുന്ന ജ്ഞാനമായാലും നിത്യജ്ഞാനമായാലും അറിയൽ എന്ന ഫലത്തിൽ വിശേഷമൊന്നുമില്ലല്ലോ. 103

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്രാഹ ശിഷ്യ:-നിത്യാവഗതിസ്വരൂപസ്യ ആത്മനഃ അവിക്രിയത്വാത് കാര്യകരണൈഃ അസംഹത്യ, തക്ഷാദീനാമിവ വാസ്യാദിഭിഃ കർതൃത്വം നോപപദ്യതേ, അസംഹതസ്വഭാവസ്യ ച കാര്യകരണോപാദാനേ അനവസ്ഥാ പ്രസജ്യേത. തക്ഷാദീനാം തു കാര്യകരണൈഃ നിത്യമേവ സംഹതത്വമിതി വാസ്യാദ്യുപാദാനേ നാനാവസ്ഥാ സ്യാദിതി. 104

ഇവിടെ ശിഷ്യൻ ചോദിക്കുകയാണ്:- നിത്യവിജ്ഞാനസ്വരൂപമായ ആത്മാവിന് മാററമൊന്നുമില്ലാത്തതിനാൽ ദേഹത്തിനോടും ഇന്ദ്രിയാദികളോടും സംബന്ധമില്ലാത്ത ആ അതു്, ഉളി മുതലായതുകൊണ്ടു് പ്രവൃത്തിയെടുക്കുന്ന ആശാരിയെപ്പോലെ കർത്താവ് (പ്രവൃത്തിയെടുക്കുന്നവൻ) ആണ് എന്നു പറയുന്നതു് യുക്തമല്ലല്ലൊ. ദേഹേന്ദ്രിയങ്ങളോടു് സംഹതമല്ലാത്ത ആത്മാവു് അവയേ ഉപകരണങ്ങളായി ഉപയോഗിക്കുന്നു എന്നു പറഞ്ഞാൽ അനവസ്ഥതന്നെ ഫലം. ദൃഷ്ടാന്തത്തിൽ ആശാരി മുതലായവക്കു് അവരുടെ ദേഹേന്ദ്രിയാദികളുമായി നിത്യസംബന്ധമുള്ളതിനാൽ ഉളി മുതലായ ആയുധങ്ങളെ ഉപയോഗിക്കുന്നതിൽ അനവസ്ഥ ഒന്നുമില്ലതാനും. 104

ഇഹ തു അസംഹതസ്വഭാവസ്യ കരണാനുപാദാനേ കർതൃത്വം നോപപദ്യത ഇതി കരണം ഉപാദേയം, തദുപാദാനമപി വിക്രിയൈവേതി തത് കർതൃത്വേ കരണാന്തരമുപാദേയം, തദുപാദാനേ/പി അന്യദിതി പ്രമാതുഃ സ്വാതന്ത്ര്യേ അനവസ്ഥാ അപരിഹാര്യാ സ്യാത് ഇതി. ന ച ക്രിയൈവ ആത്മാനം കാരയതി, അനിർവർതിതായാഃ സ്വരൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാഭാവാത്. അഥ അന്യത് ആത്മാനം ഉപേത്യ ക്രിയാം കാരയതീതി ചേത്. ന. അന്യസ്യ സ്വതഃ സിദ്ധത്വാവിഷയത്വാദ്യനുപപത്തേഃ. ന ഹി ആത്മനഃ അന്യത് അചേതനം വസ്തു സ്വപ്രമാണകം ദൃഷ്ടം. ശബ്ദാദിസർവ്വമേവ അവഗതി ഫലാവസാനപ്രത്യയപ്രമിതം സിദ്ധം സ്യാത്. അവഗതിശ്ചേദാത്മനോഽന്യസ്യ സ്യാത്, സോഽപി ആത്മൈവ അസംഹതഃ സ്വാർത്ഥഃ സ്യാത്, ന പരാർത്ഥഃ. ന ച ദേഹേന്ദ്രിയവിഷയാണാം സ്വാർത്ഥതാം അവഗന്തും ശക്നുമഃ, അവഗത്യവസാനപ്രത്യയാപേക്ഷ സിദ്ധിദർശനാത്. 105

ഗുരു: ഉപകരണങ്ങൾ ഉപയോഗിക്കാതെ കർതൃത്വമുണ്ടാവില്ല. അതുകൊണ്ട് ഉപകരണങ്ങളെ സ്വീകരിക്കതന്നെവേണം. അതിനെ സ്വീകരിക്കുന്നതും, തീർച്ചയായും ഒരു പ്രവൃത്തിതന്നെയാണ്. ഈ പ്രവൃത്തിയുടെ കർത്താവായിത്തീരുവാൻ മററു് ഉപകരണങ്ങളെ സ്വീകരിക്കണം. ഇങ്ങനെ ഈ ഉപകരണങ്ങളെ സ്വീകരിക്കലും ഒരു പ്രവൃത്തിതന്നെ. ആകയാൽ അതിനു വേണ്ടി പിന്നേയും വേറെ ഉപകരണങ്ങൾ വേണം. അപ്പോൾ ഒന്നിനോടും സംഹതമല്ലാത്ത ആത്മാവു് കർത്താവാണെന്നു പറയുകയാണെങ്കിൽ അനവസ്ഥ വരികതന്നെ ചെയ്യും.

ക്രിയതന്നേയാണ് ആത്മാവിനെ പ്രവർത്തിപ്പിക്കുന്നതെന്നു് (ഇതു് മീമാംസകമതമാണ്) പറയുന്നതും ശരിയല്ല. അനുഷ്ഠിച്ചുകഴിയാത്ത ക്രിയക്ക് അസ്തിത്വമേ ഇല്ല. മുൻപുതന്നേയുള്ളതായ ഒന്നു് ആത്മാവിനെ പ്രവർത്തിപ്പിക്കുന്നു എന്നു പറയുന്നതും യുക്തമല്ല. ആത്മാവൊഴിച്ച മററൊന്നിനും സ്വാതന്ത്ര്യമായ സത്തയില്ല. മാത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

മല്ല, അതെല്ലാം മറേറതെങ്കിലും ഒന്നിൻെറ വിഷയവു മായിരിക്കും, (പരാത്ഥമായിരിക്കും) ആത്മാവല്ലാത്ത തെല്ലാം അചേതനമാണ്. അവയ്യൊന്നും സ്വതന്ത്രമായ സത്തയുള്ളതായി കണ്ടിട്ടില്ല. ആത്മചൈതന്യാഭാസ രൂപമായ ജ്ഞാനത്തിൽ ചെന്നവസാനിക്കുന്ന ചിത്ത വൃത്തികരംകൊണ്ടു് അറിയപ്പെട്ടമ്പോഴാണല്ലൊ ശബ്ദം മുതലായതെല്ലാററിനും, ഉണ്മയുണ്ടായിത്തീരുന്നതു്. ആ ത്മാവല്ലാത്ത ഒന്നിൽ ബോധം (ജ്ഞാനം) ഉണ്ടെന്നു പറ യുന്നപക്ഷം ആ വസ്തുവും ആത്മാവുതന്നേ ആയിരിക്ക ണം. അതിനാൽ സ്വതന്ത്രസത്തയുള്ളതുമായിരിക്കണം.

ദേഹം, ഇന്ദ്രിയങ്ങരം അവയുടെ വിഷയങ്ങരം എ ന്നിവ സ്വാത്ഥങ്ങരം (സ്വതന്ത്രമായ സത്തയുള്ളവ, ത ങ്ങരംക്കുവേണ്ടിമാത്രം നിലനില്ക്കുന്നവ) ആണെന്നും നമു ക്കു പറവാൻ കഴികയില്ല. അവയെല്ലാംതന്നെ അവ സാനം ആത്മചൈതന്യാവഭാസരൂപമായ ജ്ഞാനത്തി ലെത്തിച്ചേരുന്ന, ചിത്തവൃത്തികളെ ആശ്രയിച്ചു് മാത്ര മുണ്ടാവുന്നതായേ നമുക്കനുഭവമുള്ളു. 106

നനു ദേഹസ്യാവഗതൗ ന കശ്ചിത് പ്രത്യക്ഷാദി പ്രത്യയാന്തരം അപേക്ഷതേ. 106

ശിഷ്യൻ:—ദേഹത്തെ അറിയുവാൻ ആരുംതന്നെ പ്രത്യക്ഷാദിപ്രമാണങ്ങളെയൊന്നുമാശ്രയിക്കാറില്ലല്ലൊ. (മനുഷ്യനായ ഞാൻ കാണുന്നു.) ഇത്യാദി വാക്യങ്ങ ളിൽ, സ്വസംവേദ്യത്വമാണല്ലൊ ദേഹത്തിനനുഭവപ്പെ ടുന്നതു്. (സ്വസംവേദ്യത്വമെന്നാൽ മററൊന്നിൻെറ അ പേക്ഷയില്ലാതെതന്നെ താൻതന്നെ അറിയൽ).

ബാഢം, ജാഗ്രതി ഏവം സ്യാത്, മൃതിസുഷുപ്ത്യോ സ്തു ദേഹസ്യാപി പ്രത്യക്ഷാദിപ്രമാണാപേക്ഷൈവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിദ്ധിഃ. തഥൈവ ഇന്ദ്രിയാണാം. ബാഹ്യാ ഏവ ഹി ശബ്ദാദയോ ദേഹേന്ദ്രിയാകാരപരിണതാ ഇതി പ്രത്യക്ഷാദിപ്രമാണാപേക്ഷൈവ ഹി സിദ്ധിഃ, സിദ്ധിരിതി ച പ്രമാണഫലം അവഗതിം അവോചാമ, സാ ച അവഗതിഃ കൂടസ്ഥാ സ്വയം സിദ്ധാത്മജ്യോതിസ്വരൂപേതി ച. 107

ഗുരു:—ശരിയാണ്. ജാഗ്രദവസ്ഥയിൽ മററു പ്രമാണങ്ങളുടെ അപേക്ഷയൊന്നുമില്ല. പക്ഷേ മൃതിയിലും സുഷുപ്തിയിലും ദേഹജ്ഞാനമുണ്ടാകുന്നതു് പ്രത്യക്ഷാദി പ്രമാണങ്ങളെ ആശ്രയിച്ചുതന്നെയാണ്. അതുപോലെ തന്നെ ഇന്ദ്രിയങ്ങളുടേയും നില. ബാഹ്യങ്ങളായ ശബ്ദാദികാംതന്നേയാണ് ദേഹേന്ദ്രിയാദികളായി പരിണമിച്ചിരിക്കുന്നതു്. അതുകൊണ്ടു് ദേഹേന്ദ്രിയാദികളും അറിയപ്പെടുന്നതു് പ്രത്യക്ഷാദിപ്രമാണങ്ങാംകൊണ്ടുതന്നെയാണ്. പ്രമാണങ്ങാംകൊണ്ടുണ്ടാകുന്ന ജ്ഞാനവും (അവഗതി എന്നു പറഞ്ഞതു്.) സ്വയംപ്രകാശവും സ്വയം സിദ്ധവും, നിത്യവുമായ ജ്ഞാനംതന്നെയാണ്. ജ്ഞാനം എന്നു ഞാൻ പറഞ്ഞതിൻെറ അൎത്ഥം അതാണ്. 107

അത്രാഹ ചോദകഃ—അവഗതിഃ പ്രമാണാനാം ഫലം, കൂടസ്ഥനിത്യാത്മജ്യോതിഃസ്വരൂപേതി ച വിപ്രതിഷിദ്ധം. ഇത്യുക്തവന്തമാഹ—ന വിപ്രതിഷിദ്ധം. കഥം തർഹി കൂടസ്ഥാ നിത്യാപി സതി പ്രത്യക്ഷാദി പ്രത്യയാന്തേ ലക്ഷ്യതേ, താദർത്ഥ്യാത്. പ്രത്യക്ഷാദി പ്രത്യയസ്യ അനിത്യത്വേ അനിത്യേവ ഭവതി. തേന പ്രമാണാനാം ഫലം ഇതി ഉപചര്യതേ. 108

അപ്പോഠം ശിഷ്യൻ ചോദിക്കുന്നു:—പ്രമാണങ്ങളുടെ ഫലമായുണ്ടാകുന്നതാണ് ജ്ഞാനമെന്നും (അവഗതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അതു കൂടസ്ഥവും നിത്യവും സ്വയംപ്രകാശവുമാണെന്നും പറയുന്നതു് വിരുദ്ധമല്ലേ?

'അല്ലാ; വിരുദ്ധമല്ല,' എന്നുത്തരം. പിന്നെ ജ്ഞാനം പ്രമാണങ്ങളുടെ 'ഫല'മാവുന്നതെങ്ങനെ?.

'കൂടസ്ഥവും നിത്യവുമാണ്' ജ്ഞാനം (അവഗതി). എങ്കിലും പ്രത്യക്ഷം തുടങ്ങിയ ചിത്തവൃത്തികൾ ഉണ്ടാവുമ്പോൾ അതു കാണപ്പെടുന്നു. എന്തെന്നാൽ പ്രത്യക്ഷാദികൾ അതിനെ അവഭാസിപ്പിക്കുന്നു. പ്രത്യക്ഷാദി വൃത്തികൾ അനിത്യങ്ങളാകയാൽ അവ മൂലം അവഭാസിക്കുന്ന ആ നിത്യജ്ഞാനവും അനിത്യമെന്നപോലെ തോന്നുന്നു. അതുകൊണ്ടു് ജ്ഞാനം പ്രമാണങ്ങളുടെ ഫലമാണ്' (പ്രമാണങ്ങൾകൊണ്ടുണ്ടാകുന്നതാണ്') എന്നു പറയുന്നതു് മുഖ്യാർത്ഥത്തിലല്ല, ഉപചാരാർത്ഥത്തിലാണ്' 108

യദ്യേവം ഭഗവൻ! കൂടസ്ഥനിത്യാവഗതിഃ ആത്മജ്യോതിഃ സ്വരൂപൈവ സ്വയംസിദ്ധാ, ആത്മനി പ്രമാണനിരപേക്ഷത്വാത് തതോഽന്യത് അചേതനം സംഹത്യകാരിത്വാത് പരാർത്ഥം. യേന ച സുഖദുഃഖമോഹപ്രത്യയാവഗതിസ്വരൂപേണ പാരാർത്ഥ്യം, തേനൈവ സ്വരൂപേണ അനാത്മനഃ അസ്തിത്വം, നാന്യേന രൂപാന്തരേണ, അതോ നാസ്തിത്വമേവ പരമാർത്ഥതഃ. യഥാ ഹി ലോകേ രജ്ജുസർപ്പമരീച്യുദകാദീനാം തദവഗതിവ്യതിരേകേണ അഭാവോ ദൃഷ്ടഃ, ഏവം ജാഗ്രത്സ്വപ്നദ്വൈതഭാവസ്യാപി തദവഗതിവ്യതിരേകേണ അഭാവോ യുക്തഃ. ഏവമേവ പരമാർത്ഥതഃ ഭഗവൻ! അവഗതേഃ ആത്മജ്യോതിഷഃ നൈരന്തര്യാഭാവാത് കൂടസ്ഥനിത്യതാ, അദ്വൈതഭാവശ്ച, സർവ്വപ്രത്യയഭേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേഷു അവ്യഭിചാരാത്. പ്രത്യയഭേദാസ്തു അവ ഗതിം വ്യഭിചരന്തി. യഥാ സ്വപ്നേ നീല പീതാദ്യാകാരഭേദരൂപാഃ പ്രത്യയാഃ തദവഗതിം വ്യഭിചരന്തഃ പരമാത്ഥതോ ന സന്തീത്യുച്യന്തേ, ഏവം ജാഗ്രത്യപി നീലപീതാദിപ്രത്യയഭേദാഃ താമേവാവഗതിം വ്യഭിചരന്തഃ അസത്യരൂപാ ഭവി തുമഹ്ന്തി. തസ്യാശ്ചാവഗതേഃ അന്യഃ അവഗന്താ നാസ്തീതി ന സ്വേന സ്വരൂപേണ സ്വയം ഉപാ ദാതും ഭാതും വാ ശക്യതേ, അന്യസ്യ ച അഭാ വാത് 109

ശിഷ്യൻ:_ഭഗവൻ! അങ്ങ് ഇപ്പറഞ്ഞവിധമാണെ ങ്കിൽ കൂടസ്ഥവും നിത്യവുമായ ജ്ഞാനം ആത്മചൈ തന്യസ്വരൂപംതന്നെയാണ്. പ്രമാണങ്ങളെ ഒന്നുമപേ ക്ഷിക്കാതെതന്നെ സ്വയം സിദ്ധവുമാണ്. അതിൽനി ന്നും ഭിന്നമായതെല്ലാം അചേതനമാണ്. അവ ഓരോ ന്നും തമ്മിൽ ചേൻ്ന്നു പ്രവത്തിക്കുകയാണ്. അതിനാൽ മററൊന്നിനുവേണ്ടി, ആത്മാവിനുവേണ്ടി—നിലനില്ക്കു ന്നവയാണ്. (സ്വതന്ത്രമായ സത്ത അവക്കില്ലെന്ന ത്ഥം). സുഖം, ദുഃഖം, മോഹം എന്നീ ചിത്തവികാര ങ്ങളുടെ ജ്ഞാനമെന്ന രൂപത്തിലാണ് അനാത്മാവായതു് (ആത്മാവല്ലാത്തതു്) പരമാത്ഥമായിത്തീരുന്നതു്. (മ ററൊന്നിനുപകരിക്കുന്നതു്). ആ രൂപത്തിൽ മാത്രമേ അവസ്സു് അസ്തിത്വമുള്ള, മററൊരു രൂപത്തിലുമില്ല. അതിനാൽ പരമാത്ഥത്തിൽ ഇല്ലായ്മതന്നെയാണ് അനാ ത്മാവിന്നു്, ജഡത്തിനു്, ഉള്ളതു്. ലോകത്തിൽ രജ്ജു സപ്പം (കയറിൽ തെററിദ്ധരിക്കപ്പെടുന്ന പാമ്പു്) മരീ ചൃദകം (വെയിലിൻെറ ശക്തികൊണ്ടു് വെള്ളമില്ലാത്ത ദിക്കിൽ ഉണ്ടെന്നു തോന്നുന്ന വെള്ളം) മുതലായവസ്സു് അവയുടെ ജ്ഞാനം എന്ന രൂപത്തിലല്ലാതെ മററുരൂപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ സത്തയില്ലല്ലൊ. അതേപോലെതന്നെ ജാഗ്ര ത്തിലും സ്വപ്നത്തിലും കാണുന്ന രണ്ടെന്ന ഭാവത്തിനും (ദ്വൈതഭാവം) അവയുണ്ടെന്ന അറിവിലല്ലാതെ, വേറെ അസ്തിത്വമില്ല. അതുപോലെതന്നെ ഭഗവൻ! ജ്ഞാന സ്വരൂപമായ ആത്മചൈതന്യം വിച്ഛേദമില്ലാതെ തുട ന്നിരിക്കുന്നതായതുകൊണ്ടു് പരമാത്ഥത്തിൽ കൂടസ്ഥവു മാണു് നിത്യവുമാണു്. എല്ലാ പ്രവൃത്തിഭേദങ്ങളിലും ഭേദമില്ലാതെ നില്ക്കുന്നതായതിനാൽ ആത്മാവു് അദ്വൈ തമാണു്. (രണ്ടാമതൊന്നില്ലാത്തതാണു്.) ആത്മജ്ഞാ നം തുടൻകൊണ്ടിരിക്കുമ്പോഴും ചിത്തവൃത്തികൾ ഇല്ലാ തായിത്തീരുന്നു; മാറുകയും ചെയ്യുന്നു. സ്വപ്നത്തിൽ നീ ലയായും മഞ്ഞയായും മററും പ്രത്യക്ഷപ്പെടുന്ന ചിത്ത വൃത്തികൾ (ബുദ്ധിപ്രത്യയങ്ങൾ) അവയെ അറിയുന്ന ജ്ഞാനം (ആത്മചൈത്യം) തുടൻകൊണ്ടിരിക്കേതന്നെ ഇല്ലാതായിത്തീരുന്നതുകൊണ്ടു് പരമാത്ഥങ്ങളല്ലെന്നും, ഇല്ലാത്തവയാണെന്നും നാം പറയുന്നു. അതുപോലെത്ത ന്നെ ജാഗ്രദവസ്ഥയിലും, നീലപീതാദി ചിത്തവൃത്തി കൾ അവയെ അറിയുന്ന ജ്ഞാനമായ ആത്മചൈതന്യം ഉള്ളപ്പോഴും നശിച്ചുകാണുന്നതിനാൽ അസത്യങ്ങളായി രിപ്പാനേ വഴിയുള്ളു. ആ ജ്ഞാനത്തിൻെറ (ആത്മചൈ തന്യത്തിൻെറ) ജ്ഞാതാവായി ആരുമില്ല. അതിനാൽ അതിനു തന്നത്താൻ സ്വീകരിപ്പാനോ തള്ളുവാനോ സാ ദ്ധ്യമല്ല—മറെറാരു വസ്തുവുമില്ലതാനും. അങ്ങനെ അവി ടത്തെ കാരുണ്യംകൊണ്ടു് എൻെറ ജീവിതലക്ഷ്യം പരി പൂൎണ്ണമായി. 109

തദ്വൈവേതി. ഏഷാ അവിദ്യാ, യന്നിമിത്തഃ സംസാരോ ജാഗ്രത്സ്വപ്നലക്ഷണഃ. തസ്യാ അ വിദ്യായാഃ വിദ്യാ നിവൎത്തികാ. ഇത്യേവം ത്വം അഭയം പ്രാപ്തോഷി. നാതഃപരം ജാഗ്രത്സ്വപ്ന ദുഃഖമനുഭവിഷ്യസി, സംസാരദുഃഖാന്മുക്തോഽസീ തി. 110

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ഗുരു:—നീ പറഞ്ഞതുതന്നെ ശരി, ഇതാണ് അവിദ്യ, അതു നിമിത്തമാണ് ജാഗ്രത്സ്വപ്നസ്വരൂപമായ ഈ സംസാരം ഉണ്ടായതു്. ഈ അവിദ്യയെ ഇല്ലാതാക്കുന്നതാണ് വിദ്യ. ഇങ്ങനെ നീ അഭയത്തിൽ എത്തിച്ചേൎന്നിരിക്കുന്നു. ഇനിമേൽ ജാഗ്രത്തിലും സ്വപ്നത്തിലുമുള്ള ദുഃഖം അനുഭവിക്കേണ്ടതില്ല. നീ സംസാരദുഃഖത്തിൽനിന്നും മുക്തനായിരിക്കുന്നു. 110

ഓം ഇതി! 111

ശിഷ്യൻ:—അതേ ഭഗവൻ! 111

*11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 3

പരിസംഖ്യാനപ്രകരണം

മുമുക്ഷൂണാം ഉപാത്തപുണ്യാപുണ്യക്ഷപണപരാണാം അപൂർവ്വാനപചയാൎത്ഥിനാം പരിസംഖ്യാനമിദമുച്യതേ. അവിദ്യാഹേതവോ ദോഷാഃ വാങ്മനഃകായപ്രവൃത്തിഹേതവഃ, പ്രവൃത്തേശ്ച ഇഷ്ടാനിഷ്ടമിശ്രഫലാനി കൎമ്മാണി ഉപചീയന്തേ, ഇതി തന്മോക്ഷാൎത്ഥം. 112

മോക്ഷമാഗ്രഹിക്കുന്നവരും സഞ്ചിതമായ പുണ്യപാപങ്ങളെ നശിപ്പിക്കുന്നതിൽ തല്പരന്മാരും, ഇനി പുതുതായി പുണ്യപാപങ്ങൾ ഉണ്ടാവരുതെന്ന് ആഗ്രഹിക്കുന്നവരുമായ സജ്ജനങ്ങൾക്കുവേണ്ടി ഈ പരിസംഖ്യാനം (പറഞ്ഞതിനെ വീണ്ടും പറയൽ) ആരംഭിക്കുന്നു. അജ്ഞാനം ദോഷങ്ങളെ (രാഗദ്വേഷങ്ങളെ ഉണ്ടാക്കുന്നു.) ദോഷങ്ങൾകാരണം, ശരീരവും മനസ്സും വാക്കും പ്രവൎത്തിക്കുന്നു. പ്രവൃത്തികൊണ്ട്, ഇഷ്ടഫലങ്ങളും അനിഷ്ടഫലങ്ങളും മിശ്രഫലങ്ങളുമായ കൎമ്മങ്ങൾ കൂടിക്കൂടി വരുന്നു. ഇവിടെ ഇതു പറയുന്നതു് ഇതിൽനിന്നെല്ലാം മോക്ഷമാണ് വേണ്ടതെന്ന് ഉദ്ദേശിച്ചാണ്, 112

തത്ര ശബ്ദസ്പൎശരൂപരസഗന്ധാനാം വിഷയാണാം ശ്രോത്രാദിഗ്രാഹ്യത്വാത് സ്വാത്മനി പരേഷു വാ വിജ്ഞാനാഭാവഃ, തേഷാമേവ പരിണതാനാം യഥാ ലോഷ്ടാദീനാം ശ്രോത്രാദിദ്വാരൈശ്ച ജ്ഞായന്തേ. യേന ച ജ്ഞായന്തേ സഃ ജ്ഞാതൃത്വാത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതജ്ജാതീയഃ. തേ ഹി ശബ്ദാദയഃ അന്യോന്യ സംസൃഷ്ടിത്വാത് ജന്മവൃദ്ധിവിപരിണാമാപക്ഷയ നാശസംയോഗവിയോഗാവിർഭാവതിരോഭാവവി കാരവികാരി ക്ഷേത്രബീജാദ്യനേകധർമ്മാണഃ, സാമാന്യേന ച സുഖദുഃഖാദ്യനേകകർമ്മാണഃ. തത് വിജ്ഞാതൃത്വാദേവ തദ് വിജ്ഞാതാ സർവ്വശബ്ദാദി ധർമ്മവിലക്ഷണഃ. 113

ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ വിഷയങ്ങൾ ശ്രോത്രാദികളായ ഇന്ദ്രിയങ്ങൾകൊണ്ട് അറിയപ്പെടുന്നവയായതുകൊണ്ട് ആ വിഷയങ്ങൾ തങ്ങളെത്തന്നെയൊ മററുള്ളവയേയൊ അറിയുന്നില്ല. അവ ദേഹാദികളായി രൂപം മാറുമ്പോൾ (പരിണമിക്കുമ്പോൾ) കല്ലിനു തുല്യംതന്നെ. (തങ്ങളെപ്പററിയോ മററുള്ളവയെപ്പററിയൊ അവയ്ക്കു ജ്ഞാനമില്ല.) അവ ശ്രോത്രാദികളായ ഇന്ദ്രിയങ്ങളിലൂടെ അറിയപ്പെടുകയും ചെയ്യുന്നു. ആരാണോ അവയെ അറിയുന്നത് അയാൾ ജ്ഞാതാവായതിനാൽ, അവയിൽനിന്നും വിഭിന്നജാതീയനാവണം. ആ ശബ്ദാദികളെല്ലാംതന്നെ തമ്മിൽത്തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നവയാകയാൽ, ജന്മം, വളർച്ച, മാററം, ക്ഷയം, നാശം, സംയോഗം, വിയോഗം, ആവിർഭാവം, തിരോഭാവം, കാരണം, കാര്യം, ലിംഗഭേദം തുടങ്ങിയ പല ധർമ്മങ്ങളുമുള്ളവയാണ്. എല്ലാംതന്നെ സുഖം, ദുഃഖം തുടങ്ങിയ പലേ അനുഭവങ്ങളേയും ഉണ്ടാക്കുന്നവയുമാണ്. ആ ശബ്ദാദികളെ അറിയുന്നവൻ, ആ കാരണം കൊണ്ടുതന്നെ (ജ്ഞാതാവാണെന്ന കാരണംകൊണ്ട്) ശബ്ദാദികളുടെ ധർമ്മത്തിൽനിന്നെല്ലാം വിലക്ഷണനാണ്. 113

തത്ര ശബ്ദാദിഭിഃ ഉപലഭ്യമാനൈഃ പീഡ്യമാനോ വിദ്വാൻ ഏവം പരിസംചക്ഷീത. 114

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദസ്തു ധ്വനിസാമാന്യമാത്രേണ, വിശേഷധർമ്മൈർവാ ഷഡ്ജാതിഭിഃ, പ്രിയൈഃ സ്തുത്യാദിഭിഃ ഇഷ്ടൈഃ, അനിഷ്ടൈശ്ച അസത്യബീഭത്സപരിഭവാക്രോശാദിഭിർവചനൈഃ, മാം ദൃക്സ്വഭാവം അസംസർഗ്ഗിണം അവിക്രിയം അചലം അനിധനം അഭയം അത്യന്തസൂക്ഷ്മം അവിഷയം ഗോചരീകൃത്യ സ്പ്രഷ്ടും നൈവാർഹതി അസംസർഗ്ഗിത്വാദേവ മാം. അത ഏവ ന ശബ്ദനിമിത്താ ഹാനിഃ വൃദ്ധിർവാ. അതോ മാം കിം കരിഷ്യതി സ്തുതിനിന്ദാദിപ്രിയാപ്രിയത്വാദിലക്ഷണഃ ശബ്ദഃ? അവിവേകിനം ഹി ശബ്ദം ആത്മത്വേന ഗതം പ്രിയഃ ശബ്ദോ വർദ്ധയേത്, അപ്രിയശ്ച ക്ഷപയേത്, അവിവേകിത്വാത്. നനു മമ വിവേകിനോ വാലാഗ്രമാത്രമപി കർത്തുമുത്സഹത ഇതി. ഏവമേവ സ്പർശസാമാന്യേന, തദ്വിശേഷൈശ്ച ശീതോഷ്ണമൃദുകർക്കശാദിജ്വരോദരശൂലാദിലക്ഷണൈശ്ച അപ്രിയൈശ്ച, പ്രിയൈശ്ച കൈശ്ചിത് ശരീരസമവായിഭിഃ ബാഹ്യാഗന്തുകനിമിത്തൈശ്ച ന മമ കാചിത് വിക്രിയാ വൃദ്ധിഹാനിലക്ഷണാ അസ്പർശത്വാത് ക്രിയതേ, വ്യോമ്ന ഇവ മുഷ്ടിഘാതാദിഭിഃ. തഥാ രൂപസാമാന്യേന തദ്വിശേഷൈശ്ച പ്രിയാപ്രിയൈഃ സ്ത്രീവ്യഞ്ജനാദിലക്ഷണൈഃ, അരൂപത്വാത് ന മമ കാചിത് ഹാനിഃ വൃദ്ധിർവാ ക്രിയതേ. തഥാ രസസാമാന്യേന, തദ്വിശേഷൈശ്ച പ്രിയാപ്രിയൈഃ മധുരാമ്ലലവണകടുതിക്തകഷായൈഃ മൂഢബുദ്ധിഭിഃ പരിഗൃഹീതൈഃ, അരസാത്മകസ്യ മമ ന കാചിത് ഹാനിഃ വൃദ്ധിർവാ ക്രിയതേ, തഥാ ഗന്ധസാമാന്യേന, തദ്വിശേഷൈഃ പ്രിയാപ്രിയൈഃ പുഷ്പാദ്യനുലേപനാദിലക്ഷണൈഃ, അഗന്ധാത്മകസ്യ ന മമ, കാചിത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹാനിഃ വൃദ്ധിർവാ ക്രിയതേ. 'അശബ്ദമസ്പർശമരൂപമവ്യയം തഥാ രസം നിത്യമഗന്ധവച്ച യത്' ഇതി ശ്രുതേഃ. 115

അനുഭവഗോചരമാകുന്ന ശബ്ദാദികളാൽ വ്യാകുലചിത്തനായ അറിവുള്ളവൻ ഇപ്രകാരം വീണ്ടും വീണ്ടും തുടൎന്നു ചിന്തിക്കണം:—ശബ്ദം, അതിന്റെ സാമാന്യസ്വഭാവമായ നാദരൂപത്തിലോ വിശേഷധൎമ്മങ്ങളായ ഷഡ്ജം, ഗാന്ധാരം മുതലായവയുടെ രൂപത്തിലോ പ്രിയംകരങ്ങളും ആഗ്രഹിക്കപ്പെടുന്നവയുമായ സ്തുത്യാദികളുടെ രൂപത്തിലോ, അനിഷ്ടങ്ങളായ അസത്യവാക്കുകൾ, വെറുപ്പുണ്ടാക്കുന്ന വാക്കുകൾ, പരിഭവമുണ്ടാക്കുന്ന പദങ്ങൾ, ചീത്ത വാക്കുകൾ എന്നിവയുടെ രൂപത്തിലോ, ജ്ഞാനസ്വരൂപനും, അസംഗനും, വികാരമില്ലാത്തവനും, സ്ഥിരനും, നാശമില്ലാത്തവനും, ഭയരഹിതനും, അതിസൂക്ഷ്മസ്വഭാവനും, ഒന്നിനും വിഷയമല്ലാത്തവനുമായ എന്നെ സ്പൎശിക്കപോലും അരുതാത്തതാണ്. ഞാൻ അസംഗനാണെന്നുള്ളതുകൊണ്ടുതന്നെ, ശബ്ദവുമായി എനിക്കു യാതൊരു ബന്ധവുമില്ല. അതുകൊണ്ടുതന്നെ ശബ്ദം കാരണമായി എനിക്ക് ഏററക്കുറച്ചിലുകളൊന്നും ഉണ്ടാകുന്നില്ല. അപ്പോൾ സ്തുതി, നിന്ദ, പ്രിയം, അപ്രിയം എന്നീ രൂപങ്ങളിലുള്ള ശബ്ദത്തിന് എന്നോടെന്തു ചെയ്യുവാൻ കഴിയും? ശബ്ദം ആത്മാവിന്റേതാണെന്ന് തെററായി വിചാരിക്കുന്നവനിൽ, പ്രിയമായ ശബ്ദം ഏററത്തേയും, അപ്രിയമായ ശബ്ദം കുറച്ചിലിനേയും, ഉണ്ടാക്കിയേക്കാം—എന്തെന്നാൽ അവൻ അവിവേകിയാണല്ലൊ. ഞാനാകട്ടെ വിവേകജ്ഞാനമുള്ളവനാണ്. എന്നിൽ ഒരു രോമാഗ്രത്തോളംപോലും ഏററമോ കുറച്ചിലോ ഉണ്ടാക്കുവാൻ അതിനു കഴികയില്ല. അതുപോലെതന്നെ സ്പൎശസാമാന്യംകൊണ്ടോ, അതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ൻെറ വിശേഷധർമ്മങ്ങളായ ചൂട്, തണുപ്പ്, മിനുമിനുപ്പ്, പരുപരുപ്പ്, പനി, വയറുവേദന തുടങ്ങിയ അപ്രിയങ്ങളായ സ്പർശങ്ങളെക്കൊണ്ടോ, ശരീരത്തോട് എപ്പോഴും ബന്ധപ്പെട്ടവയും പുറമേനിന്നും ആഗന്തുകങ്ങളായി വന്നുചേരുന്നവയുമായ ഇഷ്ടപ്പെട്ട സ്പർശങ്ങളെക്കൊണ്ടോ, എന്നിൽ, ഏററമോ, കുറച്ചിലോ മററു യാതൊരു വികാരമോ ഉണ്ടാകുവാൻ സാദ്ധ്യമല്ല; കാരണം ഞാൻ സ്പർശമില്ലാത്തവനാണ്. ആകാശത്തിൽ കൈ ചുരുട്ടിയിടിക്കുന്നതുകൊണ്ടും മററും വല്ല വികാരവും ഉണ്ടാകുവാൻ സാധിക്കുമോ? ആകാശംപോലെ അസംഗനാണ് ഞാനും. അതുപോലെതന്നെ സാമാന്യരൂപത്തിനും അതിൻെറ വിശേഷരൂപങ്ങളായ കാമിനീരൂപം മുതലായവയ്ക്കും എന്നിൽ യാതൊരു ഏററക്കുറച്ചിലും ഉണ്ടാക്കാൻ കഴികയില്ല; കാരണം ഞാനരൂപനാണ്. അതുപോലെതന്നെ രസസാമാന്യംകൊണ്ടോ, അതിൻെറ (ഇഷ്ടപ്പെടാത്തതും, ഇഷ്ടപ്പെടുന്നതുമായ) വിശേഷങ്ങളായ മധുരം, പുളി, എരുവ്, ഉപ്പ്, കയ്പ്, ചവർപ്പ് എന്നിവയെക്കൊണ്ടോ എനിക്ക് യാതൊരു ഏററക്കുറച്ചിലും ഉണ്ടാകുന്നതല്ല. വിവേകമില്ലാത്തവരാണ് അവയെ കാര്യമായെടുക്കുന്നത്. എനിക്കാകട്ടെ രസവുമായി യാതൊരു ബന്ധവുമില്ല. അതേവിധം, ഗന്ധസാമാന്യംകൊണ്ടോ, അതിൻെറ വിശേഷങ്ങളായ, പുഷ്പാദികരം, ചന്ദനാദിലേപങ്ങരം (പ്രിയങ്ങളും, അപ്രിയങ്ങളുമായവ) എന്നിവകൊണ്ടോ എനിക്ക് വൃദ്ധിക്ഷയങ്ങളൊന്നും ഉണ്ടാവുകയില്ല; കാരണം ഞാൻ ഗന്ധവുമായി യാതൊരു ബന്ധവുമില്ലാത്തവനാണ്. 'അശബ്ദം, അസ്പർശം, അരൂപം, അവ്യയം തഥാ/രസം നിത്യമഗന്ധവച്ച യത്') കാം 3–15 (യാതൊരാത്മാവ്, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, എന്നിവയൊന്നുമില്ലാത്തതും, മാററമില്ലാത്തതുമാണ്) എന്നാണ് ശ്രുതി ഘോഷിക്കുന്നത്.

114–115

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിം ച യ ഏവ ബാഹ്യാഃ ശബ്ദാദയഃ തേ ശരീരാകാരേണ സംസ്ഥിതാഃ, തത്ഗ്രാഹകൈശ്ച ശ്രോത്രാദ്യകാരൈഃ അന്തഃകരണ ദ്വയതദ്വിഷയാകാരേണ ച, അന്യോന്യസംസൃഷ്ടിത്വാത് സംഹതത്വാച്ച സർവ്വക്രിയാസു. തത്ര ഏവം സതി വിദുഷോ മമ ന കശ്ചിത് ശത്രുഃ മിത്രം ഉദാസീനോ വാ അസ്തി. തത്ര യദി കശ്ചിത് മിഥ്യാജ്ഞാനാഭിമാനേന പ്രിയം അപ്രിയം വാ പ്രയുയുങ്ക്ഷേത ക്രിയാഫലലക്ഷണം, തൻമൃഷൈവ പ്രയുയുങ്ക്ഷതേ സഃ. തസ്യ അവിഷയത്വാൻ മമ—'അവ്യക്തോഽയമചിന്ത്യോഽയം' ഇതി സ്മൃതേഃ. തഥാ സർവ്വേഷാം പഞ്ചാനാമപി ഭൂതാനാം അവികാര്യഃ, അവിഷയത്വാത്. 'അച്ഛേദ്യോഽയമദാഹ്യോഽയം' ഇതി സ്മൃതേഃ. യാപി ശരീരേന്ദ്രിയസംസ്ഥാനമാത്രമുപലക്ഷ്യ മദ്ഭക്താനാം വിപരീതാനാം ച ക്രിയാഽക്രിയാദിപ്രയുയുങ്ക്ഷാ, തജ്ജാ ച ധർമ്മധർമ്മാദിപ്രാപ്തിഃ, സ തേഷാമേവ, ന തു മയി അജരേ അമൃതേ അഭയേ, 'നൈനം കൃതാകൃതേ തപതഃ', 'ന കർമ്മണാ വർദ്ധതേ നോ കനീയാൻ', 'സ ബാഹ്യാഭ്യന്തരോഹ്യജഃ, 'ന ലിപ്യതേ ലോകദുഃഖേന ബാഹ്യഃ' ഇത്യാദി ശ്രുതിസ്മൃതിഭ്യഃ. അനാത്മവസ്തുനശ്ച അസത്വാത് ഇതി പരമോ ഹേതുഃ. ആത്മനശ്ച അദ്വയത്വവിഷയാണി, ദ്വയസ്യാസത്വാത് യാനി സർവ്വാണി ഉപനിഷദ്വാക്യാനി, വിസ്തരശഃ സമീക്ഷിതവ്യാനി സമീക്ഷിതവ്യാനി.

116

മാത്രമല്ല; ശബ്ദം തുടങ്ങിയ ബാഹ്യവസ്തുക്കൾതന്നേയാണ്, ശരീരമായും, ആ ശബ്ദാദികളെ അറിയുന്ന ശ്രോത്രം മുതലായ ഇന്ദ്രിയങ്ങളായും, മനസ്സ്, ബുദ്ധി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

എന്നു രണ്ടു വിധത്തിലുള്ള അന്തഃകരണമായും, അവയുടെ വിഷയങ്ങളായും പരിണമിച്ചു നില്ക്കുന്നതു്. കാരണം, അവ തമ്മിൽത്തമ്മിൽ ബന്ധപ്പെട്ടു നില്ക്കുന്നവയും, എല്ലാ പ്രവൎത്തികളിലും ഒന്നിച്ചു ചേൎന്നിരിക്കുന്നവയുമാണു്. അങ്ങനെയാകകൊണ്ടു് ജ്ഞാനിയായ എനിക്കു് ശത്രുവായോ, മിത്രമായോ ഉദാസീനനായോ ആരുംതന്നെയില്ല. അപ്പോൾ മിഥ്യാജ്ഞാനംകൊണ്ടുള്ള അഭിമാനത്തിനു് വശംവദനായി, ആരെങ്കിലും, എനിക്കു പ്രിയമോ അപ്രിയമോ ആയ എന്തെങ്കിലും വരുത്തിക്കൂട്ടുവാൻ ആഗ്രഹിച്ചു പ്രവൎത്തിക്കുന്നപക്ഷം അതു് വെറുതെയാണു്. പ്രിയാപ്രിയങ്ങൾക്കൊന്നും ഞാൻ വിഷയമല്ലല്ലൊ. 'അവ്യക്തോഽയമചിന്ത്യോഽയം' ഗീതാ 2_25. (ഈ ആത്മാവു് അവ്യക്തമാണു്, അചിന്ത്യമാണു്.) എന്നാണു് സ്മൃതി ഘോഷിക്കുന്നതു്. അതുപോലെ ഞാൻ പഞ്ചഭൂതങ്ങളിലൊന്നിനാലും യാതൊരു മാററവും ഉണ്ടാക്കപ്പെടുവാൻ കഴിയാത്തവനാണു്. ഞാൻ വിഷയമേ അല്ലല്ലോ_ ഞാൻ അവികാൎയ്യനാണു്_'അച്ഛേദ്യോഽയം അദാഹ്യോഽയം' ഗീത 2_24 (ഈ ആത്മാവിനെ മുറിക്കാനോ, പൊള്ളിക്കാനോ കഴികയില്ല) എന്നാണല്ലൊ സ്മൃതി പറയുന്നതു്,_ദേഹേന്ദ്രിയാദികളുടെ സംഘാതത്തെ ഞാനായി കാണുന്ന എന്റെ മിത്രങ്ങളൊ, ശത്രുക്കളൊ എന്നെ ലക്ഷ്യമാക്കി നന്മതിന്മകൾ ചെയ്യുകയാണെങ്കിൽ, ആ നന്മതിന്മകളും അവയുടെ ഫലമായുണ്ടാകുന്ന ധൎമ്മാധൎമ്മങ്ങളും അവയ്ക്കു് (ദേഹേന്ദ്രിയാദികൾക്കു്) മാത്രമാണു്. വാൎദ്ധക്യം, മരണം, ഭയം, എന്നിവയില്ലാത്ത എന്നിൽ ഒന്നും ഏശുകയില്ല. ശ്രുതിസ്മൃതികൾ ഉദ്ഘോഷിക്കുന്നതു നോക്കുക:_'നൈനം കൃതാകൃതേ തപതഃ' ബൃ: 4-4--22 (ചെയ്യലും, ചെയ്യാതിരിക്കലും ആത്മാവിന്നു് ദുഃഖമൊന്നുമുണ്ടാക്കുന്നില്ല.) 'ന കൎമ്മണാ വൎദ്ധതേ നോ കനീയാൻ' ബൃ: 4—4—23, (യാതൊരു കൎമ്മംകൊണ്ടും

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ഏററമോ കുറച്ചിലോ അതിന്—ആത്മാവിന്_ഉണ്ടാകുന്നില്ല.) 'സ ബാഹ്യാഭ്യന്തരോഹ്യജഃ' മുണ്ഡ: 2-1-2 (ജനനമില്ലാത്തതും അകവും പുറവും നിറഞ്ഞു നില്ക്കുന്നതുമാണ് ആത്മാവ്). 'ന ലിപ്യതേ ലോകദുഃഖേന ബാഹ്യഃ' കഠം 5-11. (ജീവികളുടെ ദുഃഖമൊന്നും ആത്മാവിൽ ഏശുന്നില്ല; അതു സംഗരഹിതമാണ്) ഞാൻ അസംഗനാണെന്നുള്ളതിന് ഏററവും പരമമായ കാരണം ആത്മാവല്ലാതെ മറെറാന്നും യഥാർത്ഥത്തിൽ ഇല്ലെന്നതാണ്. ദ്വൈതമില്ലാത്തതിനാൽ ആത്മാവ് അദ്വയമാണ്—അതിലേയ്ക്കു് അതേപ്പററി പ്രതിപാദിക്കുന്ന ഉപനിഷദ്‌വാക്യങ്ങൾ വിസ്തരിച്ച് ചിന്തിച്ചുറപ്പിക്കണം; ചിന്തിച്ചുറപ്പിക്കണം. 116

ഇങ്ങനെ ശ്രീശങ്കരഭഗവദ്പാദരുടെ കൃതിയായ ഉപദേശസാഹസ്രിയിൽ ഗദ്യപ്രബന്ധം അവസാനിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദ്യപ്രബന്ധം-രണ്ടാംഭാഗം

ഉപോദ്ഘാതപ്രകരണം

ചൈതന്യം സർവ്വഗം സർവ്വം സർവ്വഭൂതഗുഹാശയം
യത് സർവ്വ വിഷയാതീതം തസ്മൈ സർവ്വവിദേ നമഃ 1

അന്വയം:-യത് ചൈതന്യം സർവ്വഗം സർവ്വം സർവ്വഭൂതഗുഹാശയം സർവ്വവിഷയാതീതം സർവ്വവിദേ തസ്മൈ നമഃ

സാരം:-സർവ്വവ്യാപിയും, സർവ്വസ്വരൂപിയും എല്ലാ ജീവജാലങ്ങളുടേയും ബുദ്ധിയിൽ പ്രകാശിക്കുന്നതും, അറിവിന്നു വിഷയമായ വസ്തുക്കൾക്കെല്ലാം അപ്പുറത്തുള്ളതുമായ ആത്മചൈതന്യത്തിന്നു നമസ്കാരം. 1

സമാപയ്യ ക്രിയാഃ സർവ്വാഃ ദാരാഗ്ന്യാധാനപൂർവ്വികാഃ
ബ്രഹ്മവിദ്യാമഥേദാനീം വക്തും വേദഃ പ്രചക്രമേ. 2

അന്വയം: വേദഃ ദാരാഗ്ന്യാധാനപൂർവ്വികാഃ സർവ്വാഃ ക്രിയാഃ സമാപയ്യ അഥ ഇദാനീം ബ്രഹ്മവിദ്യാം വക്തും പ്രചക്രമേ.

സാരം: വിവാഹം അഗ്ന്യാധാനം എന്നിവയിൽനിന്നു തുടങ്ങുന്ന എല്ലാവിധ കർമ്മങ്ങളേയും പ്രതിപാദിച്ചു കഴിഞ്ഞതിനുശേഷം, വേദം, ജ്ഞാനകാണ്ഡംകൊണ്ടു ബ്രഹ്മപ്രാപ്തിക്കുള്ള ഉപായമായ വിദ്യയെ പ്രതിപാദിക്കുവാൻ, തുടങ്ങുന്നു. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർമ്മാണി ദേഹയോഗാർത്ഥം
ദേഹയോഗേ പ്രിയാപ്രിയേ
ധ്രുവേ സ്യാതാം തതോ രാഗോ
ദ്വേഷശ്ചൈവ തതഃ ക്രിയാഃ 3

ധർമ്മാധർമ്മൗ തതോ/ജ്ഞസ്യ
ദേഹയോഗസ്തഥാ പുനഃ
ഏവം നിത്യപ്രവൃത്തോ/യം
സംസാരശ്ചക്രവദ് ഭൃശം. 4

അന്വയം: കർമ്മാണി ദേഹവിയോഗാർത്ഥം ദേഹയോഗേ പ്രിയാപ്രിയേ ധ്രുവേ തതഃ രാഗഃ ദ്വേഷഃ ച ഏവ തതഃ ക്രിയാഃ അജ്ഞസ്യ തതഃ ധർമ്മാധർമ്മൌ തഥാ പുനഃ ദേഹയോഗഃ ഏവം അയം സംസാരഃ ചക്രവത് ഭൃശം നിത്യപ്രവൃത്തഃ.

സാരം: വിഹിതങ്ങളും പ്രതിഷിദ്ധങ്ങളുമായ കർമ്മങ്ങൾ ദേഹയോഗത്തിന് കാരണമായിത്തീരുന്നു. ദേഹമുള്ളവന്ന് ഇഷ്ടാനിഷ്ടങ്ങൾ—സുഖദുഃഖങ്ങൾ—ഉണ്ടാവുമെന്ന് തീർച്ച. സുഖദുഃഖാനുഭവത്തിൽനിന്ന് രാഗദ്വേഷങ്ങൾ ഉദ്ഭവിക്കുന്നു. അപ്പോൾ വീണ്ടും കർമ്മാനുഷ്ഠാനമായി. കർമ്മാനുഷ്ഠാനംകൊണ്ട് പുണ്യപാപങ്ങൾ; അവനിമിത്തം വീണ്ടും ശരീരയോഗം ഇങ്ങിനെ ഈ സംസാരം, ഒരു ചക്രംപോലെ തിരിഞ്ഞുകൊണ്ടേ ഇരിക്കുന്നു. (3–4)

അജ്ഞാനം തസ്യ മൂലം സ്യാ–
ദിതിതദ്ധാനമിഷ്യതേ
ബ്രഹ്മവിദ്യാ/ത ആരബ്ധാ
തതോ നിഃശ്രേയസം ഭവേത്. 5

അന്വയം: തസ്യ മൂലം അജ്ഞാനം സ്യാദിതി തദ്ധാനം ഇഷ്യതേ അതഃ ബ്രഹ്മവിദ്യാ ആരബ്ധാ തതഃ നിഃശ്രേയസം ഭവേത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സംസാരത്തിൻെറ മൂലം അജ്ഞാനമാണ്. അതുകൊണ്ട് അതിനെ നശിപ്പിക്കണം. അതിനുവേണ്ടിയാണ് ബ്രഹ്മവിദ്യ ആരംഭിച്ചത്. ബ്രഹ്മവിദ്യ കൊണ്ട് സംസാരത്തിൽനിന്നും വിട്ടുതൽ കിട്ടും. 5

വിദ്യൈവാജ്ഞാനഹാനായ ന കർമ്മാപ്രതികൂലതഃ
നാജ്ഞാനസ്യാപ്രഹാണേ ഹി രാഗദ്വേഷക്ഷയോ
ഭവേത് 6

രാഗദ്വേഷക്ഷയാഭാവേ കർമ്മ ദോഷോദ്ഭവം ധ്രുവം
തസ്മാന്നിഃശ്രേയസാർത്ഥായ വിദ്യൈവാത്ര
വിധീയതേ 7

അന്വയം: അജ്ഞാനഹാനായ വിദ്യാ ഏവ ന കർമ്മ അപ്രതികൂലതഃ അജ്ഞാനസ്യ അപ്രഹാണേ രാഗദ്വേഷ ക്ഷയഃ ന ഭവേത് ഹി രാഗദ്വേഷക്ഷയാഭാവേ ദോഷോദ്ഭവം കർമ്മ ധ്രുവം തസ്മാത് നിഃശ്രേയസാർത്ഥായ അത്ര വിദ്യാ ഏവ വിധീയതേ.

സാരം: അജ്ഞാനത്തെ നശിപ്പിക്കാൻ ജ്ഞാനത്തിന്നേ കഴിയൂ; കർമ്മത്തിന്നു കഴികയില്ല. കർമ്മവും അജ്ഞാനവും വിരുദ്ധമല്ല (ജ്ഞാനാജ്ഞാനങ്ങളാവട്ടേ വിരുദ്ധങ്ങളാണ്). അജ്ഞാനം നശിക്കാത്തപക്ഷം രാഗദ്വേഷങ്ങളും നശിക്കയില്ല. രാഗദ്വേഷങ്ങരം നശിക്കാത്തപ്പോരം, അവ കാരണമായി വീണ്ടും കർമ്മമുണ്ടാവുമെന്നതും തീർച്ചതന്നെ. അതിനാൽ മോക്ഷസാധനമായി വിദ്യയെ മാത്രമാണ് വേദാന്തം വിധിക്കുന്നതു്. 6–7

നനു കർമ്മ തഥാ നിത്യം കർത്തവ്യം ജീവനേ സതി
വിദ്യായാഃ സഹകാരിത്വം മോക്ഷം പ്രതി
ഹി തദ് വ്രജേത്. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: നനു തഥാ ജീവനേസതി നിത്യം കർമ്മ കർത്തവ്യം ഹി തദ് മോക്ഷം പ്രതി വിദ്യായാഃ സഹകാരിത്വം വ്രജേത്.

സാരം: ഇവിടെ ഒരു പൂർവ്വപക്ഷം:_നിത്യകർമ്മങ്ങൾ ജീവിച്ചിരിക്കുന്ന കാലത്തോളം അനുഷ്ഠിക്കണമെന്നാണല്ലൊ വേദവിധി. ജ്ഞാനവും വേണം മോക്ഷത്തിന്ന്. അപ്പോൾ നിത്യകർമ്മാനുഷ്ഠാനം മോക്ഷലാഭത്തിൽ ജ്ഞാനത്തിന് സഹകാരിയായി ഉപകരിക്കുകതന്നെ ചെയ്യുമല്ലോ. 8

യഥാ വിദ്യാ തഥാ കർമ്മ ചോദിതത്വാവിശേഷതഃ
പ്രത്യവായസ്മൃതേശ്ചൈവ കാര്യം കർമ്മ മുമുക്ഷുഭിഃ 9

അന്വയം: യഥാ വിദ്യാ തഥാ കർമ്മ ചോദിതത്വാവിശേഷതഃ പ്രത്യവായസ്മൃതേഃ ച ഏവ മുമുക്ഷുഭിഃ കർമ്മ കാര്യം.

സാരം: ജ്ഞാനവും കർമ്മാനുഷ്ഠാനവും രണ്ടും വേദവിഹിതമാണ്. നിത്യകർമ്മങ്ങളനുഷ്ഠിക്കാഞ്ഞാൽ അധർമ്മമുണ്ടാകുമെന്നു സ്മൃതികളും ഘോഷിക്കുന്നു. അതുകൊണ്ടു് മോക്ഷേച്ഛുവിന്ന്, ജ്ഞാനംപോലെത്തന്നെ കർമ്മവും ആവശ്യമാണ് 9

നനു ധ്രുവഫലാ വിദ്യാ നാന്യത്കിഞ്ചിദപേക്ഷതേ
നാ,ഗ്നിഷ്ടോമോ തഥൈവാന്യത് ധ്രുവകാര്യോഽ
പ്യപേക്ഷതേ. 10

തഥാ ധ്രുവഫലാ വിദ്യാ കർമ്മനിത്യമപേക്ഷതേ
ഇത്യേവം കേചിദിച്ഛന്തി ന,കർമ്മ,പ്രതികൂലതഃ 11

അന്വയം: നനു ധ്രുവഫലാ വിദ്യാ അന്യത് കിഞ്ചിത് ന അപേക്ഷതേ ന ധ്രുവകാര്യഃ അപി അഗ്നി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ്ടോമഃ യഥാ അന്യത് അപേക്ഷതേ തഥാ ധ്രുവഫലാ വിദ്യാ നിത്യം കർമ്മ അപേക്ഷതേ ഇതി ഏവം കേചിത് ഇച്ഛന്തി കർമ്മ ന പ്രതികൂലതഃ

സാരം: ജ്ഞാനത്തിൻെറ ഫലമിന്നതെന്നു് നിശ്ചിതമാണല്ലൊ. അതിനു് കർമ്മത്തിൻെറ സാഹായ്യമൊന്നും വേണ്ട എന്നു പറഞ്ഞാൽ അതു് ശരിയല്ല. അഗ്നിഷ്ടോമയാഗത്തിൻെറയും ഫലമിന്നതെന്നു് ക്ലിപ്തമല്ലെ? എന്നാലും ഉദ്ഗീഥം മുതലായ വേറെ ചിലതിനെക്കൂടി അതാശ്രയിക്കുന്നുണ്ടല്ലൊ. അതുപോലെ ധ്രുവഫലമാണെങ്കിലും ജ്ഞാനത്തിനു് കർമ്മസാഹായ്യം വേണം എന്നിങ്ങനെ ചിലർ പറയുന്നു. ഇതിന്നു സമാധാനം പറയാം: ജ്ഞാനവും കർമ്മവും പരസ്പരവിരുദ്ധങ്ങളാകയാൽ, ജ്ഞാനത്തിൻെറ ഫലം കിട്ടുന്നതിൽ കർമ്മത്തിൻെറ സഹകാരിത്വം സംഭവിക്കുകയില്ല. 10–11

വിദ്യായാഃ പ്രതികൂലം ഹി കർമ്മ സ്യാത് സാഭിമാനതഃ
നിർവ്വികാരാത്മബുദ്ധിശ്ച വിദ്യേതീഹ
പ്രകീർത്തിതാ. 12

അന്വയം: സാഭിമാനതഃ കർമ്മ വിദ്യായാഃ പ്രതികൂലം ഹി നിർവ്വികാരാത്മബുദ്ധിഃ വിദ്യാ ഇതി ഇഹ പ്രകീർത്തിതാ.

സാരം: 'ഞാൻ ചെയ്യുന്നു' എന്നിങ്ങനെ അഭിമാനത്തോടുകൂടിയേ കർമ്മാനുഷ്ഠാനം സാദ്ധ്യമാവൂ. ജ്ഞാനമെന്നു പറയുന്നതു്, 'ആത്മാവു് നിർവ്വികാരമാണു്' എന്ന ഉറച്ച ബോധത്തെയാണു്. പിന്നെയെങ്ങിനെ കർമ്മവും ജ്ഞാനവും വിരുദ്ധമല്ലാതിരിക്കും? 12

അഹം കർത്താ മമേദം സ്യാദിതി കർമ്മ പ്രവർത്തതേ
വസ്ത്വധീനാ ഭവേദ്വിദ്യാ കർത്രധീനോ ഭവേദ്വിധിഃ 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അഹം കര്‍ത്താ മമ ഇദം സ്യാത് ഇതി കര്‍മ്മപ്രവര്‍ത്തതേ വിദ്യാ വസ്ത്വധീനാ ഭവേത് വിധിഃ കര്‍ത്ത്രധീനഃ ഭവേത്.

സാരം: 'ഞാന്‍ ചെയ്യുന്നു'—'എനിക്കു് ഇന്ന ഫലമുണ്ടാകും,' എന്ന ബോധത്തില്‍നിന്നാണു് കര്‍മ്മാനുഷ്ഠാനമുണ്ടാകുന്നതു്. ജ്ഞാനം അതിന്റെ വസ്തുവിനെ ആശ്രയിച്ചാണിരിക്കുന്നതു്. കാര്യമാകട്ടെ, അനുഷ്ഠാതാവിനെ ആശ്രയിച്ചിരിക്കുന്നു. 13

കാരകാണ്യുപമൃദ്നാതി വിദ്യാബുദ്ധിമിവോഷരേ
ഇതി തത്സത്യമാദായ കര്‍മ്മകര്‍ത്തും വ്യവസ്ഥിതി 14

അന്വയം: വിദ്യാ ഊഷരേ ബുദ്ധിം ഇവ കാരകാണി ഉപമൃദ്നാതി ഇതി തത്സത്യം ആദായ കര്‍മ്മ കര്‍ത്തും വ്യവസ്യതി.

സാരം: കര്‍മ്മാനുഷ്ഠാനത്തില്‍, കര്‍ത്താവു്, കര്‍മ്മം, ഉപകരണങ്ങള്‍ എന്നിവയുടെ ബോധമുണ്ടായിരിക്കണം—മരുപ്രദേശമാണിതെന്ന യഥാര്‍ത്ഥജ്ഞാനമുണ്ടായാല്‍ വെള്ളമുണ്ടെന്ന ഭ്രാന്തി ഇല്ലാതായിത്തീരുന്നതുപോലെ ആത്മയാഥാര്‍ത്ഥ്യജ്ഞാനമുണ്ടാവുമ്പോള്‍ 'കര്‍ത്താവു്, കര്‍മ്മം' തുടങ്ങിയ കാരകജ്ഞാനമെല്ലാം നശിച്ചുപോകും. കാരകങ്ങള്‍ സത്യങ്ങളാണെന്ന ബോധത്തോടെ അവയെ വെച്ചുകൊണ്ടാണു് ഒരുവന്‍ കാര്യാനുഷ്ഠാനത്തിന്നൊരുമ്പെടുന്നതു്. (അതിനാല്‍ കര്‍മ്മജ്ഞാനങ്ങള്‍ കടകവിരുദ്ധങ്ങളാണെന്നു താല്പര്യം.) 14

വിരുദ്ധത്വാദതഃ ശക്യം കര്‍മ്മ കര്‍ത്തും ന വിദ്യയാ
സഹൈവ വിദുഷാ തസ്മാത്കര്‍മ്മ ഹേയം
മുമുക്ഷുണാ. 15

അന്വയം: അതഃ വിരുദ്ധത്വാത് വിദുഷാ വിദ്യയാ സഹ ഏവ കര്‍മ്മ കര്‍ത്തും ന ശക്യം തസ്മാത് മുമുക്ഷുണാ കര്‍മ്മ ഹേയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഇങ്ങിനെ ജ്ഞാനകർമ്മങ്ങൾ പരസ്പരവിരുദ്ധങ്ങളാകയാൽ ജ്ഞാനിക്കു് കർമ്മാനുഷ്ഠാനം സാദ്ധ്യമല്ല. അതുകൊണ്ടു് മോക്ഷമാഗ്രഹിക്കുന്നവൻ കർമ്മങ്ങളെ വെടിയുകതന്നെ വേണം. 15

ദേഹാദ്യൈരവിശേഷേണ
ദേഹിനോ ഗ്രഹണം നിജം
പ്രാണിനാം തദവിദ്യോത്ഥം
താവത് കർമ്മവിധിർഭവേത് 16

അന്വയം: ദേഹാദ്യൈഃ അവിശേഷേണ ദേഹിനഃ ഗ്രഹണം പ്രാണിനാം നിജം തദ് അവിദ്യോത്ഥം താവത് കർമ്മവിധിഃ ഭവേത്,

സാരം: ആത്മാവു് ദേഹാദികളാണെന്നിങ്ങനെ, ആത്മദേഹങ്ങളെ വെവ്വേറെ തിരിച്ചറിയായ്ക, എല്ലാ പ്രാണികൾക്കും സ്വാഭാവികം മാത്രമാണു്. അതു് അജ്ഞാനത്തിൽനിന്നും ഉടലെടുത്തതുമാണു്. ഈ തിരിച്ചറിവില്ലായ്മ ഉള്ളേടത്തോളംകാലം കർമ്മാനുഷ്ഠാനവിധി സംഭവിക്കാം. 16

നേതി നേതീതി ദേഹാദീ-
നപോഹ്യാത്മാവശേഷിതഃ
അവിശേഷാത്മബോധാത്ഥം
തേനാവിദ്യാ നിവത്തിതാ. 17

അന്വയം: നേതി നേതി ഇതി ദേഹാദീൻ അപോഹ്യ ആത്മാ അവശേഷിതഃ അവിശേഷാത്മാ ബോധാത്ഥം തേന അവിദ്യാ നിവത്തിതാ

സാരം: 'നേതിനേതി' (ഇതല്ല, ഇതുമല്ല) എന്നു തുടങ്ങിയ ശ്രുതിവാക്യങ്ങൾ ദേഹാദികളെയെല്ലാം പ്രതിഷേധിച്ചു്, യാതൊരു വിശേഷവുമില്ലാത്ത (നിർവ്വി-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശേഷമായ) ആത്മാവിനെ ബോധിപ്പിച്ചിരിക്കുന്നു. ഇങ്ങിനെ ആത്മാവു് നിർവ്വിശേഷമാണു് (ദേഹാദികളുമായി യാതൊരു ബന്ധവുമില്ലാത്തതാണു) എന്ന ജ്ഞാനമുണ്ടാവുമ്പോൾ അജ്ഞാനം നശിക്കുന്നു.

നിവൃത്താ സാ കഥം ഭൂയഃ
പ്രസൂയേത പ്രമാണതഃ
അസത്യേവാവിശേഷേfപി
പ്രത്യഗാത്മനി കേവലേ. 18

അന്വയം: പ്രമാണേന നിവൃത്താ സാ അസതീ ഏവ അവിശേഷേ കേവലേ പ്രത്യഗാത്മനി അപി കഥം ഭൂയഃ പ്രസൂയേത.

സാരം: യഥാർത്ഥജ്ഞാനകരണംകൊണ്ടു് പ്രതിഷേധിക്കപ്പെട്ടുകഴിഞ്ഞ അജ്ഞാനം ഇല്ലാതായിത്തീന്നാൽ പിന്നെ എങ്ങനെ അതു് നിർവ്വിശേഷവും അദ്വിതീയവുമായ ആത്മാവിലോ, അനാത്മവസ്തുവിലോ രണ്ടാമതും ജന്മമെടുക്കും? (അജ്ഞാനം നശിച്ചാൽ അതു് പിന്നെ വീണ്ടും ഉണ്ടാവുകയില്ല.) 18

ന ചേദ്ഭൂയഃ പ്രസൂയേത
കത്താ ഭോക്തേതി ധീ കഥം?
സദസ്മീതി ച വിജ്ഞാനേ
തസ്മാദവിദ്യാfസഹായികാ. 19

അന്വയം: സത് അസ്മി ഇതി വിജ്ഞാനേച ഭൂയഃ ന ചേത് പ്രസൂയേത കത്താ ഭോക്താ ഇതി ധീഃ കഥം? തസ്മാത് വിദ്യാ അസഹായികാ.

സാരം: 'ഞാൻ സദ്രൂപമായ ബ്രഹ്മമാണു്' എന്ന ബോധമുറക്കുമ്പോൾ, നശിച്ച അജ്ഞാനം വീണ്ടും ഉയി

*13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രെടുക്കുകയില്ല. പിന്നെ ഞാൻ ചെയ്യുന്നവനാണ്, അനുഭവിക്കുന്നവനാണ് എന്നീ ബോധമൊക്കെ ഉണ്ടാകുന്നതെങ്ങനെ? അതുകൊണ്ട് മോക്ഷം സാധിക്കുന്നതിൽ ജ്ഞാനത്തിന് കർമ്മമോ മറ്റേതെങ്കിലുമോ സഹായകമായിട്ടില്ല. 19

അത്യരേചയദിത്യുക്തോ
ന്യാസഃ ശ്രുത്യാത ഏവ ഹി
കർമ്മഭ്യോ മാനസാന്തേഭ്യ
ഏതാവദിതി വാജിനാം. 20

അമൃതത്വം ശ്രുതം യസ്മാത്
ത്യാജ്യം കർമ്മമുമുക്ഷുഭിഃ
അഗ്നിഷ്ടോമവദിത്യുക്തം
തത്രേദമഭിധീയതേ. 21

അന്വയം: അതഃ ഏവ ഹി മാനസാന്തേഭ്യ കർമ്മഭ്യഃ ന്യാസഃ അത്യരേചയത് ഇതി ശ്രുത്യാ ഉക്തഃ യസ്മാത് ഏതാവത് ഇതി വാജിനാം അമൃതത്വം ശ്രുതം തസ്മാദ് മുമുക്ഷുഭിഃ കർമ്മത്യാജ്യം അഗ്നിഷ്ടോമവത് ഇത്യുക്തം തത്ര ഇദം അഭിധീയതേ

സാരം: മോക്ഷം സാധിക്കുന്നതിൽ ജ്ഞാനത്തിന് കർമ്മസാഹായ്യമൊന്നുമില്ലെന്നുള്ളതുകൊണ്ടുതന്നെയാണ് (നാരായണോപനിഷത്തിൽ) ശ്രുതിയിൽ എല്ലാ കർമ്മങ്ങളേക്കാളും കർമ്മസന്യാസമാണുത്തമം എന്നു പറഞ്ഞിരിക്കുന്നതു്. ബൃഹദാരണ്യകോപനിഷത്തിലും ജ്ഞാനം തന്നെയാണ് മോക്ഷപ്രാപ്തിക്കു സാധനമെന്ന് നിർദ്ധാരണംചെയ്തു് പറഞ്ഞിട്ടുണ്ട്. അതിനാൽ മോക്ഷമാഗ്രഹിക്കുന്നവർ കർമ്മത്തെ ത്യജിയ്ക്കുതന്നെ വേണം.

ഇനി 'അഗ്നിഷ്ടോമംപോലെ' എന്ന് ദൃഷ്ടാന്തം പറഞ്ഞു്, ജ്ഞാനത്തിന് കർമ്മത്തിന്റെ സഹായമുണ്ടെന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ഥാപിക്കുവാൻ പൂർവ്വപക്ഷി ശ്രമിച്ചുവല്ലോ. അതിനു കൂടി സമാധാനം താഴെ പറയാം. 20–21

നൈകകാരകസാദ്ധ്യത്വാത്
ഫലാന്യത്വാച്ച കർമ്മണഃ
വിദ്യാതദ്വിപരീതാതോ
ദൃഷ്ടാന്തോ വിഷമോ ഭവേത്. 22

അന്വയം: കർമ്മണഃ നൈകകാരകസാദ്ധ്യത്വാത് ഫലാന്യത്വാച്ച വിദ്യാ തദ്വിപരീതാ അതഃ ദൃഷ്ടാന്തഃ വിഷമഃ ഭവേത്

സാരം: കർമ്മം അനേകോപകരണങ്ങൾകൊണ്ടു സാധിക്കേണ്ടതാണ്. വിദ്യയങ്ങിനെയല്ല. കർമ്മത്തിനും വിദ്യയ്ക്കുമുള്ള ഫലങ്ങളും വെവ്വേറെയാണ്. അപ്പോൾ വിദ്യയും കർമ്മവും.വിരുദ്ധസ്വഭാവങ്ങളാണ്. അതിനാൽ 'അഗ്നിഷ്ടോമംപോലെ' എന്നു കൊടുത്ത ദൃഷ്ടാന്തം ശരിയല്ല (ദൃഷ്ടാന്തം കൊടുക്കുമ്പോൾ, ദൃഷ്ടാന്തദാർഷ്ടാന്തികങ്ങൾ സമാനങ്ങളായിരിക്കണമല്ലൊ. ഇവിടെ അങ്ങിനെയല്ല എന്നർത്ഥം). 22

കൃഷ്യാദിവത് ഫലാർത്ഥത്വാ-
ദന്യകർമ്മോപബൃംഹണം
അഗ്നിഷ്ടോമസ്ത്വപേക്ഷേത
വിദ്യാന്യത് കിമപേക്ഷതേ 23

അന്വയം: അഗ്നിഷ്ടോമഃ ഫലാർത്ഥത്വാത് കൃഷ്യാദിവത് അന്യകർമ്മോപബൃംഹണം അപേക്ഷേത വിദ്യാ അന്യത് കിം അപേക്ഷതേ.

സാരം: അഗ്നിഷ്ടോമം തുടങ്ങിയ കർമ്മങ്ങൾക്ക് ഇത്രയേ ഫലമുള്ളു എന്ന് നിശ്ചിതമാണ്. ആ ഫലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർമ്മാനുഷ്ഠാനംകൊണ്ട് ഉൽപാദ്യവുമാണ്. അപ്പോഴം, കൃഷി, കച്ചവടം മുതലായവയെപ്പോലെ അവാന്തരങ്ങളായ മററു പലതിന്റേറയും അപേക്ഷയുണ്ടാവാം. വിദ്യയാവട്ടെ നിരതിശയഫലമാണ്. അത് മററെന്തൊന്നിനെ അപേക്ഷിക്കും?

'അകുർവ്വൻ വിഹിതം കർമ്മ, പ്രത്യവായസ്മൃതേശ്ച' എന്നു പറഞ്ഞതിന് സമാധാനം പറയുന്നു. 23

പ്രത്യവായസ്തു തസൈ്യവ
യസ്യാഹങ്കാര ഇഷ്യതേ
അഹങ്കാരഫലാർത്ഥിത്വേ-
വിദ്യേതേ നാത്മവേദിനഃ 24

അന്വയം: യസ്യ അഹങ്കാരഃ ഇഷ്യതേ തസ്യ ഏവ തു പ്രത്യവായഃ ആത്മവേദിനഃ അഹംകാരഫലാർത്ഥിത്വേന വിദ്യതേ.

സാരം: അഹങ്കാരമുള്ളവന്നേ, കർമ്മമനുഷ്ഠിക്കാത്തതുകൊണ്ടുള്ള അധർമ്മമുണ്ടാവുകയുള്ളൂ. ആത്മജ്ഞാനിക്കാകട്ടെ, അഭിമാനവുമില്ല, ഫലേച്ഛയുമില്ല. 24

തസ്മാദജ്ഞാനഹാനായ
സംസാരവിനിവൃത്തയേ
ബ്രഹ്മവിദ്യാവിധാനായ
പ്രാരബ്ധോപനിഷത്ത്വിയം 25

അന്വയം: തസ്മാദ് സംസാരവിനിവൃത്തയേ അജ്ഞാനനാശായ ബ്രഹ്മവിദ്യാ വിധാനായ ഇയം ഉപനിഷത് പ്രാരബ്ധാ.

സാരം: അതിനാൽ സംസാരനാശത്തിന് കാരണമായ അജ്ഞാനനാശത്തിന്നായി ബ്രഹ്മവിദ്യയെ ഉപദേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിക്കുവാൻ ഉപനിഷത്ത് (വേദാന്തഭാഗം) ആരംഭിച്ചിരിക്കുന്നു. 'ഉപനിഷത്' എന്ന പദത്തിന്റെ അർത്ഥം പറയുന്നു.

സദേരുപനിപൂർവ്വസ്യ
കിപി ചോപനിഷദ്ഭവേത്
മന്ദീകരണഭാവാച്ച
ഗർഭാദേഃ ശാതനാത്തഥാ. 26

അന്വയം: ഉപനിപൂർവ്വസ്യ സദേഃ ക്വിപിച ഉപനിഷത് ഭവേത് മന്ദീകരണഭാവാത്. തഥാ ഗർഭാദേഃ ശാതനാത് ച.

സാരം: 'ഉപ' 'നി' എന്ന ഉപസർഗ്ഗങ്ങൾ ചേർത്ത 'സദ്' ധാതുവിൽനിന്നു് 'ക്വിപ്' പ്രത്യയം വെച്ചുണ്ടാക്കിയതാണു് 'ഉപനിഷത്' ശബ്ദം. അതിന്റെ അർത്ഥം ബന്ധത്തെ ശിഥിലീകരിക്കുന്നതെന്നും, ജനനമരണാദികളെ ഇല്ലാതാക്കുന്നതെന്നുമാകുന്നു.

ഉപോദ്ഘാതപ്രകരണം കഴിഞ്ഞു.

ആത്മജ്ഞാനോല്പത്തിപ്രകരണം

പ്രതിഷേദ്ധുമശക്യത്വാന്നേതിനേതീതി ശേഷിതം
ഇദം നാഹമിദം നാഹമിത്യദ്ധാ പ്രതിപദ്യതേ. 1

അന്വയം: പ്രതിഷേദ്ധും അശക്യത്വാത് നേതി നേതി ഇതി ശേഷിതം ഇദം ന അഹം ഇതി അദ്ധാ പ്രതിപദ്യതെ.

സാരം: 'നേതി നേതി' എന്ന ശ്രുതിയനുസരിച്ച് ദേഹേന്ദ്രിയാദികളെ പ്രതിഷേധിച്ചകററി ഒടുവിൽ ആത്മാവുമാത്രം ശേഷിക്കുന്നു. 'ഞാൻ ഇതു് അല്ല' എന്നിങ്ങനെയുള്ള ബോധരൂപമാണാത്മാവു്. വിഷയങ്ങളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യല്ലാതെ വിഷയിയായ ആത്മാവിനെ പ്രതിഷേധിച്ചക റ്റുക സാദ്ധ്യമല്ല. 1

അഹം ധീരിദമാത്മോത്ഥാ വാചാരംഭണ ഗോചരാ
നിഷിദ്ധാത്മോദ്ഭവത്വാത് സാ ന പുനർമ്മാനതാം
വ്രജേത്. 2

അന്വയം: അഹം ധീഃ ഇദമാത്മോത്ഥാ വാചാരം-ഭണ ഗോചരാ സാ നിഷിദ്ധാത്മോദ്ഭവത്വാത് മാന താം പുനഃ ന വ്രജേത്.

സാരം: ആത്മാവല്ലാത്ത ദേഹാദികളിൽ 'ഞാൻ' എന്ന ബോധം വാസനാവാസിതമായ അന്തഃകരണ ത്തിൽനിന്നുമുണ്ടാവുന്നതാണ്. വെറും നാമരൂപാത്മക ങ്ങളായ ജഡവസ്തുക്കളാണതിൻെറ വിഷയവും. 'നേതി, നേതി' എന്ന ശ്രുതികൊണ്ടു് അതിനെ പ്രതിഷേധിച്ചു കഴിഞ്ഞിരിക്കേ, അതു വീണ്ടും പ്രമാണമാവുകയില്ല. 2

പൂർവ്വബുദ്ധിമബാധിത്വാ നോത്തരാ ജായതേ മതിഃ
ദൃശിരേകഃ സ്വയം സിദ്ധഃ ഫലത്വാത് സ ന
ബാദ്ധ്യതേ. 3

അന്വയം: പൂർവ്വബുദ്ധിം അബാധിത്വാ ഉത്തരാ മതിഃ ന ജായതേ ദൃശിഃ ഏകഃ സ്വയംസിദ്ധഃ ഫല-ത്വാത് സഃ ന ബാദ്ധ്യതേ.

സാരം: ആദ്യമുണ്ടായ ജ്ഞാനത്തെ ബാധിച്ചുകൊ ണ്ടേ രണ്ടാമതൊരു ജ്ഞാനമുണ്ടാകൂ (ഞാൻ കർത്താവാണ്, ഭോക്താവാണ്, എന്നിങ്ങനെ ആദ്യമുണ്ടായിരുന്ന ജ്ഞാ നത്തെ നശിപ്പിച്ചുകൊണ്ടാണ്, 'ആത്മാവു് നിർവ്വി കാരമാണ്'' എന്ന യഥാർത്ഥ ജ്ഞാനമുണ്ടാവുന്നതെ ന്നർത്ഥം) ആ ആത്മജ്ഞാനമാകട്ടെ സ്വയംസിദ്ധവും അദ്വിതീയവുമാണ്. അതു് ഫലഭൂതവുമാണ്. അതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാൽ പിന്നീടൊരു ജ്ഞാനംകൊണ്ടു് അതിനു് ബാധ യുണ്ടാകുന്നതല്ല. 3

ഇദം വനമതിക്രമ്യ ശോകമോഹാദിദൂഷിതം
വനാദ്ഗാന്ധാരകോ യദ്വത്സ്വാത്മാനം
പ്രതിപദ്യതേ. 4

അന്വയം: വനാത് ഗാന്ധാരകഃ യദ്വത് ശോക മോഹാദി ദൂഷിതം ഇദം വനം അതിക്രമ്യ സ്വാത്മാനം പ്രതിപദ്യതേ.

സാരം: ഗാന്ധാരദേശത്തിലുള്ള ഒരുവനെ കള്ളന്മാർ കണ്ണു കെട്ടി കാട്ടിലാക്കിയെന്നുവെയ്ക്കുക. അവൻ ബുദ്ധി മാനെങ്കിൽ, നിലവിളിച്ചു നടന്നു് ആരെയെങ്കിലും സ ഹായത്തിനു കിട്ടി, കെട്ടഴിപ്പിച്ചു് പലരോടും ചോദിച്ചു് ചോദിച്ചു് സ്വദേശത്തിൽതന്നെ എത്തിച്ചേരും. അതു പോലെ, അജ്ഞാനം, ദുഃഖം മുതലായവകൊണ്ടു് അസ ഹനീയമായ ഈ സംസാരമാകുന്ന വനത്തേയും കടന്നു് ബുദ്ധിമാനായവൻ തന്നു സ്വരൂപമായ ആത്മാവിലെ ത്തിച്ചേരുന്നു. 4

ആത്മജ്ഞാനോല്പത്തിപ്രകരണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 3

ഈശ്വരാത്മപ്രകരണം

ഈശ്വരശ്ചേദനാത്മാ സ്യാന്നാസാവസ്മീതി ധാരയേത്
ആത്മാ ചേദീശ്വരോഽസ്മീതി വിദ്യാ സാഽന്യ-
നിവർത്തികാ. 1

അന്വയം: ഈശ്വരഃ അനാത്മാസ്യാത് ചേത് അസൗ അസ്മി ഇതി ന ധാരയേത് ഈശ്വരഃ ആത്മാ അസ്മീതി ചേത് സാ വിദ്യാ അന്യനിവർത്തികാ.

സാരം: ആത്മാവു് ബ്രഹ്മമല്ലായിരുന്നുവെങ്കിൽ 'ഞാൻ ബ്രഹ്മമാണ്' എന്ന ചിന്തനം സാദ്ധ്യമല്ലല്ലൊ. അങ്ങിനെ ചിന്തിക്കണമെന്നാണ് ശ്രുതി പറയുന്നതു്. അപ്പോൾ ആത്മാവുതന്നെ ബ്രഹ്മം. അതിനാൽ 'ഞാൻ തന്നെയാണ് ബ്രഹ്മം' എന്നു് ചിന്തിക്കണം. ഈ വിദ്യ അജ്ഞാനത്തെ മുരടോടെ നശിപ്പിക്കുന്നു. 1

ആത്മനോഽന്യസ്യ ചേദ്ധർമ്മാ അസ്ഥൂലത്വാദയോ മതാഃ
അജ്ഞേയത്വേഽസ്യ കിം തൈഃ സ്യാദാത്മത്വേ ഹ്യ-
ന്യധീഹ്നുതിഃ 2

അന്വയം: അസ്ഥൂലത്വാദയഃ ധർമ്മാഃ ആത്മനഃ അന്യസ്യ മതാഃ ചേത് അസ്യ അജ്ഞേയത്വേ തൈഃ കിം സ്യാത് ആത്മത്വേ ഹി അന്യധീഹ്നുതിഃ

സാരം: ശ്രുതിയിൽ 'അസ്ഥൂലമതണു' എന്നിങ്ങനെ ബ്രഹ്മത്തിനു് സ്ഥൌല്യാദിധർമ്മമൊന്നുമില്ലെന്നു് പറഞ്ഞിട്ടുണ്ടു്. ബ്രഹ്മം ആത്മാവല്ലാത്തപക്ഷം, . ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധർമ്മങ്ങരം ഉണ്ടെന്നു പറഞ്ഞതുകൊണ്ടെന്തു വിശേഷം? ബ്രഹ്മംതന്നെയാണാത്മാവ് എന്നാണെങ്കിലാവട്ടെ. ഇതേവരെ ആത്മാവിന്നുള്ളതാണെന്നു് വിചാരിച്ചിരുന്ന സ്ഥൌല്യാദി ധർമ്മങ്ങരം അതിൻേറതല്ല; കാരണം അതു ബ്രഹ്മമാണു്, എന്നിങ്ങനെ ആദ്യമുണ്ടായ മിഥ്യാ ജ്ഞാനത്തെ നശിപ്പിക്കുവാൻ ഇതു മതിയാകും. അതിനാൽ ബ്രഹ്മവും ആത്മാവും ഒന്നെന്നുതന്നെയാണു് ശ്രുതിയുടെ അഭിപ്രായം. 2

മിഥ്യാധ്യാസനിഷേധാർത്ഥം തതോഽസ്ഥൂലാദി
ഗൃഹ്യതാം
പരത്ര ചേന്നിഷേധാർത്ഥം ശൂന്യതാവർണ്ണനം ഹി തത്. 3

അന്വയം: തതഃ മിഥ്യാധ്യാസനിഷേധാർത്ഥം അസ്ഥൂലാദി ഗൃഹ്യന്താം തത് പരത്ര നിഷേധാർത്ഥംചേത് ശൂന്യതാവർണ്ണനം ഹി.

സാരം: അതിനാൽ സ്ഥൌല്യാദികളെ നിഷേധിച്ചതു് ആത്മാവിൽതന്നെയാണെന്നറിഞ്ഞുകൊള്ളണം. അതിൻെറ ഫലമാകട്ടെ അജ്ഞാനംകൊണ്ടുണ്ടായ തെററായ അദ്ധ്യാസത്തെ ഇല്ലായ്മ ചെയ്യലാണു്. ആത്മാവല്ലാത്തതിന്നു സ്ഥൌല്യാദികളില്ലെന്നാണു് ശ്രുതി പറയുന്നതെന്നു വ്യാഖ്യാനിച്ചാൽ, നന്നായി. അതു് വെറുമൊരു ശൂന്യതാവർണ്ണനം മാത്രമല്ലാതെ വേറെന്താണു്? 3

ബുഭുത്സോര്യദി ചാന്യത്ര പ്രത്യഗാത്മന ഇഷ്യതേ
അപ്രാണോ ഹ്യമനാ ശുഭ്ര ഇതി ചാനർത്ഥകം വചഃ 4

അന്വയം: ബുഭുത്സോഃ പ്രത്യഗാത്മനഃ അന്യത്ര യദി ഇഷ്യതേ അപ്രാണോ ഹ്യമന ശുഭ്ര ഇതി വചഃ ച അനർത്ഥകം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: മാത്രമല്ല, മുൻപറഞ്ഞ നിഷേധങ്ങൾ, ആത്മാവിനെയല്ല, അനാത്മവസ്തുവിനെക്കുറിച്ചാണെന്നു പറയുകയാണെങ്കിൽ പ്രാണനില്ലാത്തതു്, മനസ്സില്ലാത്തതു്, ശുദ്ധം എന്നിങ്ങിനെ ആത്മലക്ഷണം പറഞ്ഞിരിക്കുന്ന ശ്രുതിവാക്യങ്ങൾക്കു് അത്ഥമേ ഉണ്ടാവില്ല. (ആത്മാവല്ലാത്ത ജഡവസ്തുക്കളിലുണ്ടോ പ്രാണനും മനസ്സുമൊക്കെ. പിന്നെ അവയെ എങ്ങിനെ പ്രതിഷേധിക്കാൻ സാധിക്കും.) 4

ഈശ്വരാത്മപ്രകരണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യായം 3

തത്വജ്ഞാനസ്വഭാവപ്രകരണം

അഹം പ്രത്യയബീജം യദഹം പ്രത്യയവത്സ്ഥിതം
നാഹം പ്രത്യയവഹ്ന്യഷ്ടം കഥം കർമ്മപ്രരോഹതി 1

അന്വയം: യത് അഹം പ്രത്യയബീജം 'അഹം പ്രത്യയവത് സ്ഥിതം കർമ്മ നാഹം പ്രത്യയവഹ്ന്യഷ്ടം കഥം പ്രരോഹതി.

സാരം: അഭിമാനത്തിൽനിന്നാണ് (ആത്മാവല്ലാത്തതിൽ ആത്മാവെന്ന അഭിമാനത്തിൽനിന്ന്) കർമ്മം ഉണ്ടാവുന്നതു്; അഭിമാനത്തിന്നിരിപ്പിടമായ അന്തഃകരണമാണ് അതിന്റെ ആവാസസ്ഥാനം. അങ്ങിനെ ഇരിക്കേ, 'ഞാൻ കർത്താവല്ല, ഭോക്താവല്ല' എന്നിങ്ങനെ നിരഭിമാനമാകുന്ന തീയിൽ ദഹിച്ചുകഴിഞ്ഞാൽ വീണ്ടും എങ്ങിനെ അതു് മുളക്കും? 1

ദൃഷ്ടവച്ചേത്പ്രരോഹ സ്യാന്നാന്യകർമ്മാ സ ഇഷ്യതേ
തന്നിരോധേ കഥം തത്സ്യാത്പൃച്ഛാമോ വസ്ത—
ദുച്യതാം. 2

അന്വയം: ദൃഷ്ടവത് പ്രരോഹം സ്യാത് ചേത് അന്യകർമ്മാ ഇഷ്യതേ തന്നിരോധേ കഥം തത് സ്യാത്, വഃ പൃച്ഛാമഃ തത് ഉച്യതാം.

സാരം: (ഇവിടെ ഒരു പൂർവ്വപക്ഷം) ജ്ഞാനിക്കു് ഭിക്ഷാടനം മുതലായ കർമ്മം കാണുന്നുണ്ടു്; അതിനു ഫലവുമുണ്ടു്. അതുപോലെ അദൃഷ്ടഫലകമായ കർമ്മവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സഫലമാവണമല്ലൊ, എന്നാണെങ്കിൽ (സമാധാനം) അതു ശരിയല്ല. ഭിക്ഷാടനാദികാംക്കു് കാരണം പ്രാരബ്ധകർമ്മമാണു്. പ്രാരബ്ധകർമ്മവും ജ്ഞാനവും വിരുദ്ധമല്ല. (മറുചോദ്യം) അഹങ്കാരമില്ലാതായിത്തീൎന്ന ആളാണല്ലൊ ജ്ഞാനി. പിന്നെയെങ്ങിനെ അത്തരത്തിലുള്ള കർമ്മം ഉണ്ടാവും? എന്നു ചോദിക്കുകയാണെങ്കിൽ, നിങ്ങളെന്തുത്തരം പറയും? 2

ദേഹാദ്യാരംഭസാമൎത്ഥ്യാത് ജ്ഞാനം സദ്വിഷയം ത്വയി
അഭിഭൂയ ഫലം കുര്യാത് കൎമ്മാന്തേ ജ്ഞാനമുദ്ഭവേത്. 3

അന്വയം: കൎമ്മ ദേഹാദ്യാരംഭസാമൎത്ഥ്യാത് ത്വയി സദ്വിഷയം ജ്ഞാനം അഭിഭൂയ ഫലം കുര്യാത് അന്തേ ജ്ഞാനം ഉദ്ഭവേത്,

മുൻ ശ്ലോകത്തിലുന്നയിച്ച ചോദ്യത്തിനുത്തരം പറയുന്നു:—പ്രാരബ്ധകർമ്മം ദേഹാദികളെ സൃഷ്ടിക്കുന്നതിൽ സമർത്ഥമാണു്. അതിനാൽ ബ്രഹ്മാത്മവിജ്ഞാനത്തെ കൂടി വകവെയ്ക്കാതെ, ജ്ഞാനിയിൽ ദേഹം ലോകം എന്നിവയുടെ സ്വപ്നതുല്യമായ ജ്ഞാനമുണ്ടാക്കുവാൻ പ്രാരബ്ധകർമ്മം ശക്തമാണു്. അതാണു് പ്രാരബ്ധകർമ്മത്തിന്റെ ഫലം. അതു് തനിയെ അനുഭവിച്ചു് ക്ഷയിക്കുമ്പോൾ ജ്ഞാനം സ്വയം പ്രകാശിക്കുകയും ചെയ്യും. 3

ആരബ്ധസ്യ ഫലേ ഹ്യേതേ ഭോഗോ ജ്ഞാനം ച കൎമ്മണഃ
അവിരോധസ്തയോര്യുക്തോ വൈധൎമ്മ്യം ചേതരസ്യ തു. 4

അന്വയം: ഏതേ ഭോഗോ ജ്ഞാനം ച ആരബ്ധസ്യ കൎമ്മണഃ ഫലേ ഹി തയോഃ അവിരോധഃ യുക്തഃ ഇതരസ്യ തു വൈധൎമ്മ്യം,

സാരം: ഈ ദേഹത്തിനു കാരണമായ പ്രാരബ്ധകൎമ്മത്തിന്റെ ഫലങ്ങളാണു് ജ്ഞാനവും, സുഖദുഃഖാനുഭവവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിനാൽ അവസ്ഥ തമ്മിൽ വിരോധമില്ല. എന്നാൽ, സഞ്ചിതകർമ്മങ്ങളും, ജ്ഞാനോല്പത്തിക്കശേഷം ചെയ്യപ്പെടുന്ന കർമ്മങ്ങളും അങ്ങിനെയല്ല. അവ ജ്ഞാനത്തിന് വിരുദ്ധങ്ങളാണ്. ജ്ഞാനമുണ്ടായതിനുശേഷം അവസ്ഥ് നിലനില്പില്ലെന്നർത്ഥം. 4

ദേഹാത്മജ്ഞാനവജ്ഞാനം ദേഹാത്മജ്ഞാനബാധകം
ആത്മന്യേവ ഭവേദ്യസ്യ സ നേച്ഛന്നപിമുച്യതേ
തതഃ സർവ്വമിദം സിദ്ധം പ്രയോഗോ/സ്മാഭിരീരിതഃ 5

അന്വയം: ദേഹാത്മജ്ഞാനവത് ദേഹാത്മജ്ഞാനബാധകം ജ്ഞാനം യസ്യ ആത്മനി ഏവ ഭവേത് സഃ നേച്ഛൻ അപി മുച്യതേ തതഃ ഇദം സർവ്വം സിദ്ധം പ്രയോഗഃ അസ്മാഭി ഈരിതഃ

സാരം: പ്രാകൃതൻ ദേഹം ആത്മാവെന്ന് വിചാരിക്കുന്നതുപോലെ, 'ദേഹമല്ല ആത്മാവ്, ബ്രഹ്മംതന്നെയാണ്'' എന്ന ജ്ഞാനം ആക്കുണ്ടാകുന്നുവോ, അവൻ മോക്ഷമാഗ്രഹിക്കുന്നില്ലെങ്കിൽക്കൂടി മുക്തനാവുകതന്നെ ചെയ്യുന്നു. അതുകൊണ്ട് ഇപ്പറഞ്ഞതെല്ലാം ശ്രുത്യാദി പ്രമാണങ്ങളാംകൊണ്ട് സിദ്ധമാണ്. വേണ്ടിടത്തോളം യുക്തികളും ഞാൻ കാണിച്ചുകഴിഞ്ഞു.

തത്വജ്ഞാനസ്വഭാവപ്രകരണം കഴിഞ്ഞു.

ബുദ്ധ്യപരാധപ്രകരണം

മൃത്രാശങ്കോ യഥോദങ്കോ നാഗ്രഹീദമൃതം യഥാ
കർമ്മനാശഭയാത്ജന്തോഃ ആത്മജ്ഞാനാഗ്രഹസ്തഥാ. 1

അന്വയം: ഉദങ്കഃ മൃത്രാശങ്കഃ യഥാ അമൃതം ന അഗ്രഹീത് തഥാ കർമ്മനാശഭയാത് ജന്തോ ആത്മജ്ഞാനാഗ്രഹഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഉദങ്കൻ മൂത്രമാണെന്നു വിചാരിച്ചു നേരെ മുമ്പിൽ കിട്ടിയ അമൃതം സ്വീകരിക്കാത്തതുപോലെ മനുഷ്യർ വർണ്ണാശ്രമങ്ങളാകുന്ന ഉപാധികളനുസരിച്ച് വിധിച്ച കർമ്മം നശിച്ചുപോയെങ്കിലോ എന്നു ഭയപ്പെട്ട് ആത്മജ്ഞാനത്തെ ഗ്രഹിക്കുന്നില്ല, (ആത്മാവിൻെറ യഥാർത്ഥസ്വരൂപത്തെപ്പററി അവക്കറിയാത്തതിനാലും വിപരീതജ്ഞാനത്താലുമാണെന്നു താല്പര്യം. 1

ബുദ്ധിസ്ഥശ്ചലതീവാത്മാ ധ്യായതീവ ച ദൃശ്യതേ.
നൗഗതസ്യ യഥാ വൃക്ഷാസ്തദ്വത് സംസാരവിഭ്രമഃ 2

അന്വയം: ബുദ്ധിസ്ഥഃ ആത്മാ ചലതി ഇവ, ധ്യായതി ഇവ ച ദൃശ്യതേ യഥാ നൌഗതസ്യ വൃക്ഷാഃ തദ്വത് സംസാരവിഭ്രമഃ

സാരം: വാസ്തവത്തിൽ അന്തഃകരണമാണ് ചലിക്കുന്നതു്, ആത്മാവല്ല. ആത്മാവു് അന്തഃകരണസ്ഥിതനാവുമ്പോരം, ചലനമുള്ളപോലെയും, ധ്യാനിക്കുന്നതുപോലെയും തോന്നുന്നു. പോയ്ക്കൊണ്ടിരിക്കുന്ന തോണിയിലിരിക്കുന്നവനു് തീരത്തിലെ വൃക്ഷങ്ങരം നീങ്ങുന്നതുപോലെ തോന്നുന്നുണ്ടല്ലോ—അതുപോലെതന്നെയാണ് ആത്മാവിനു് ജനനമരണങ്ങരം ഉണ്ടെന്ന സംസാരഭ്രമവും. 2

നൌസ്ഥസ്യ പ്രാതിലോമ്യേന നഗാനാം ഗമനം യഥാ
ആത്മനഃ സംസൃതിസ്തദ്വത് ധ്യായതീവേതിഹി ശ്രുതിഃ 3

അന്വയം: നൌസ്ഥസ്യ പ്രാതിലോമ്യേന യഥാ നഗാനാം ഗമനം തദ്വത് ആത്മനഃ സംസൃതിഃ ഹി ധ്യായതീവ ഇതി ശ്രുതിഃ

സാരം: മുൻ പറഞ്ഞതിനെ വീണ്ടും വിവരിക്കുന്നു. തോണിയിൽ കിഴക്കോട്ടു പോകുന്നവനു്, തീരത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലുള്ള വൃക്ഷങ്ങൾ പടിഞ്ഞാട്ടു നീങ്ങുന്നതുപോലെ തോന്നും. വാസ്തവത്തിൽ അവയ്ക്കു ചലനമില്ല. അതു പോലെ ആത്മാവു് നിശ്ചലമാണെങ്കിലും അന്തഃകരണത്തിന്നു ചലനാദികൾ ഉള്ളതിനാൽ, തദുപഹിതനായ ആത്മാവിന്നും ചലനാദി സംസാരമുള്ളപോലെ തോന്നുന്നു.

ശ്രുതി പറയുന്നു:–'ധ്യായതീവ ലേലായതീവ (ബൃ. 4–3–7) (ധ്യാനിക്കുന്നതുപോലെയും ഇളകുന്നപോലെയും തോന്നുന്നു) വാസ്തവത്തിൽ കൂടസ്ഥൻ മാത്രമാണെന്നർത്ഥം. 3

ചൈതന്യ പ്രതിബിംബേന വ്യാപ്തോബോധോ ഹി
ജായതേ
ബുദ്ധേഃ ശബ്ദാദിഭിർഭാസസ്തേന മോമുഹ്യതേ ജഗത്. 4

അന്വയം: ബുദ്ധേഃ ബോധഃ ചൈതന്യപ്രതിബിംബേന വ്യാപ്തഃ ഹി ജായതേ ശബ്ദാദിഭിഃ ഭാസഃ തേന ജഗത് മോമുഹ്യതേ.

സാരം: അന്തഃകരണവൃത്തികളിൽ ചൈതന്യം പ്രതിബിംബിക്കുമ്പോഴാണു് ജ്ഞാനമുണ്ടാകുന്നതു്. അതിനാൽ അന്തഃകരണവൃത്തികളായ ശബ്ദാദിവിഷയങ്ങളായി, ചൈതന്യം അവഭാസിക്കുന്നു. അപ്പോൾ, ജനങ്ങൾ, ശബ്ദാദികൾതന്നെയാണു് ആത്മാവു് എന്നിങ്ങനെ ചൈതന്യത്തേയും ശബ്ദാദി വിഷയങ്ങളേയും ഒന്നായെടുക്കുന്നു. ഇതു് തെററിദ്ധാരണയാണു്. ഇതുതന്നെയാണു് അജ്ഞാനം. 4

ചൈതന്യഭാസ്യതാഹമസ്താദർത്ഥ്യം ച തദസ്യ യത്
ഇദമംശ പ്രഹാണേന പരഃ സോഽന്ദഭവോ ഭവേത്. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അഹമഃ ചൈതന്യഭാസ്യതാ അസ്യ താദത്മ്യം ച യത് തദ് ഇദമംശപ്രഹാണേന പരഃ സഃ അനുഭവഃ ഭവേത്.

സാരം: അന്തഃകരണം ചൈതന്യരൂപമായ ജ്ഞാനത്തിന്ന് വിഷയമാണ്; ചൈതന്യത്തിനുവേണ്ടിയാണ് അതു നിലനില്ക്കുന്നതും (അപ്രധാനമെന്നർത്ഥം) അപ്പോഴ് വിഷയാംശമായ അന്തഃകരണത്തെ വേർതിരിക്കുന്നതോടുകൂടി പരമമായ ആത്മചൈതന്യം സ്വസ്വരൂപത്തിൽ അനുഭവമാകുന്നു, 5

ഇങ്ങനെ ബുദ്ധ്യപരാധപ്രകരണം കഴിഞ്ഞു.

വിശേഷാപോഹ പ്രകരണം

ഛിത്വാ ത്യക്തേന ഹസ്തേന സ്വയം നാത്മാ
വിശിഷ്യതേ
തഥാ ശിഷ്ടേന സർവ്വേണ യേന യേന വിശിഷ്യതേ. 1

അന്വയം: ഛിത്വാ ത്യക്തേന ഹസ്തേന ആത്മാ സ്വയം ന വിശിഷ്യതേ യേന യേന വിശേഷ്യതേ ശിഷ്ടേന സർവ്വേണ തഥാ

സാരം: മുറിച്ചു കളഞ്ഞ കയ്യ് ആത്മാവിന്റെ വിശേഷണമല്ലെന്നു നമുക്കറിയാം. കൈ മുറിച്ചാൽപിന്നെ 'ഹസ്തവാൻ ആത്മാ' എന്നു പറയാറില്ല. അതുപോലെ തന്നെയാണ്, ദേഹജാതിനാമാദികളായ മറ്റു പദാർത്ഥങ്ങളൊന്നുംതന്നെ ആത്മാവിനു ചേർന്നവയല്ല. ചേർന്നവയാണെന്നതു് വെറും തെററിദ്ധാരണ മാത്രമാണ്. 1

തസ്മാത്യക്തേന ഹസ്തേന തുല്യം സർവ്വം വിശേഷണം
അനാത്മത്വേന തസ്മാത്ജ്ഞോ മുക്തഃ സർവ്വൈ-
വിശേഷണൈഃ 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: തസ്മാത് അനാത്മത്വേന സർവ്വം വിശേഷണം ത്യക്തേന ഹസ്തേന തുല്യം തസ്മാത് ജ്ഞഃ സർവ്വൈഃ വിശേഷണൈഃ മുക്തഃ

സാരം: ആത്മാവൊഴിച്ചുള്ളതെല്ലാം, മുറിച്ചുകളഞ്ഞ കൈപോലെത്തന്നെ ആത്മാവിനെ ചേർന്നതാവുകയില്ല. കാരണം അവയെല്ലാം അനാത്മവസ്തുക്കളാണ്,—ആത്മാവിന്ന് യാതൊരു വിശേഷവുമില്ല. നിർവ്വിശേഷമാണത്. (ദേഹേന്ദ്രിയ ജാതിമതാദികളൊന്നും ആത്മാവിനെ ചേർന്നതല്ലെന്നു സാരം.) 2

വിശേഷണമിദം സർവ്വം സാദ്ധ്വലങ്കരണം യഥാ
അവിദ്യാദ്ധ്യാസതഃ സർവ്വം ജ്ഞാത ആത്മന്യസദ്
ഭവേത്. 3

അന്വയം: ഇദം സർവ്വം വിശേഷണം യഥാ അലങ്കരണം അവിദ്യാദ്ധ്യാസതഃ സാധു ആത്മനി ജ്ഞാതേ സർവ്വം അസത് ഭവേത്.

സാരം: ദേഹത്തിലണിയുന്ന ആഭരണങ്ങൾപോലെ മാത്രമാണ് ആത്മാവിന്ന് ദേഹേന്ദ്രിയ ജാതിമതാദി വിശേഷങ്ങളെല്ലാം. വാസ്തവത്തിൽ അവ അജ്ഞാനം കൊണ്ട് അദ്ധ്യസ്തങ്ങൾ മാത്രമാണ്. യഥാർത്ഥമായ ആത്മജ്ഞാനമുണ്ടാകുമ്പോൾ അവയെല്ലാം മിഥ്യയാണെന്ന് ബോദ്ധ്യമാവും. 3

ജ്ഞാതൈവാത്മാ സദാ ഗ്രാഹ്യോ ജ്ഞേയമുത്സൃജ്യ
കേവലഃ
അഹമിത്യപി യദ്ഗ്രാഹ്യം വ്യപേതാങ്ഗസമം
ഹി തത് 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: സദാ ജ്ഞേയം ഉത്സൃജ്യ ജ്ഞാതാ ഏവ കേവലഃ ആത്മാ ഗ്രാഹ്യഃ യദപി അഹമിതി ഗ്രാഹ്യം തത് വ്യപേതാങ്ഗസമം ഹി.

സാരം: വിഷയമായ അന്തഃകരണത്തെത്തള്ളി യാതൊരു വിശേഷണവുമിണങ്ങാത്തതായി (നിർവ്വിശേഷമായി) ത്തന്നെ ആത്മാവിനെ സ്വീകരിക്കണം. 'ഞാൻ' എന്നിങ്ങനെ ഭാസിക്കുന്ന അന്തഃകരണമാകുന്ന വിഷയാംശം, മുറിച്ചുകളയപ്പെട്ട അവയവംപോലെയാണ്— (അതിന്ന് ആത്മാവുമായി ബന്ധമൊന്നുമില്ലെന്നർത്ഥം.) 4

യാവാൻസ്യാദിദമംശോ യഃ സ സ്വതോഽന്യോ
വിശേഷണം
വിശേഷപ്രക്ഷയോ യത്ര സിദ്ധോ ജ്ഞശ്ചിത്രഗുര്യഥാ. 5

അന്വയം; യാവാൻ ഇദമംശഃ യഃ യത്ര വിശേഷണം സഃ ജ്ഞഃ അന്യഃ വിശേഷപ്രക്ഷയഃ സ്വതഃ സിദ്ധഃ

സാരം: വിഷയാംശമായ അന്തഃകരണം മുഴവൻ ആത്മാവിൻെറ വിശേഷണമായിട്ടാണ് ധരിച്ചു വെയ്ക്കുന്നത്. അതു് ശരിയല്ല. ആത്മാവു് വിഷയമായ അന്തഃകരണത്തിൽനിന്നും ഭിന്നമാണ്. ആത്മാവു് നിർവ്വിശേഷമാണ്; സ്വതഃസിദ്ധവുമാണ്. (പല നിറത്തിലുള്ള പശുക്കരം ഒരാരംക്കുണ്ടെന്നു വിചാരിക്കുക. അയാരം ആ പശുക്കളിൽനിന്നും വേർപെട്ടവനാണ്. അവയുടെ അസ്തിത്വത്തെ ആശ്രയിച്ചല്ല അയാളുടെ അസ്തിത്വം. അയാരം അവയ്ക്കു മുൻപും പിൻപും ഉണ്ട്.) അതുപോലെ അന്തഃകരണവും തദ്വൃത്തികളും അനേകം. ആത്മാവാകട്ടെ സ്വതഃസിദ്ധം. അതിൻെറ ഉണ്മ അന്തഃകരണ തദ് വൃത്തികളുടെ ഉണ്മയെ ആശ്രയിച്ചിരിക്കുന്നതല്ല. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇദമംശോfഹമിത്യത്ര ത്യാജ്യോ നാത്മേതി -
പണ്ഡിതൈഃ
അഹം ബ്രഹ്മേതി ശിഷ്ടാംശോ ഭൂതപൂർവ്വഗതേർഭവേത് 6

അന്വയം: അഹം ഇതി അത്ര ഇദമംശഃ ന ആത്മാ ഇതി പണ്ഡിതൈഃ ത്യാജ്യഃ അഹം ബ്രഹ്മ ഇതി ഭൂതപൂർവ്വഗതേഃ ശിഷ്ടഃ അംശഃ ഭവേത്.

സാരം: 'ഞാൻ' എന്നതിലെ വിഷയാംശം ആത്മാവെന്നറിഞ്ഞ് പണ്ഡിതന്മാർ ആത്മാവിനേയും അതിനേയും കൂട്ടിക്കുഴയ്ക്കരുത്. അവയെ വേർതിരിച്ചറിയണം. 'ഞാൻ ബ്രഹ്മമാണ്'' എന്ന ജ്ഞാനത്തിലെ 'ഞാൻ' എന്നതാകട്ടെ വിഷയാംശം നീക്കിക്കഴിഞ്ഞ് ബാക്കിയുള്ള ചൈതന്യത്തെ മാത്രമാണ് ലക്ഷ്യമാക്കുന്നത്. പണ്ടുണ്ടായിരുന്ന മിശ്രത പരിഗണിച്ച് 'ഞാൻ' എന്ന പദം പ്രയോഗിക്കുന്നുവെന്നുമാത്രം. (പട്ടാളത്തിൽനിന്നു പിരിഞ്ഞു വന്നവനേയും 'പട്ടാളക്കാരൻ' എന്നു പറയുന്ന പോലെ.) 6

വിശേഷാപോഹപ്രകരണം കഴിഞ്ഞു.

ബുദ്ധ്യാരൂഢപ്രകരണം

ബുദ്ധ്യാരൂഢം സദാ സർവ്വം ദൃശ്യതേ യത്ര തത്ര വാ
മയാ തസ്മാത്പരം ബ്രഹ്മ സർവ്വജ്ഞശ്ചാസ്മി സർവ്വഗഃ 1

അന്വയം: മയാ സർവ്വം യത്ര തത്ര വാ ബുദ്ധ്യാരൂഢം സദാ ദൃശ്യതേ തസ്മാത് സർവ്വഗഃ സർവ്വജ്ഞഃ ച പരം ബ്രഹ്മ അസ്മി.

സാരം: ബുദ്ധിവൃത്തിയിൽക്കൂടി എല്ലാ കാലത്തും എല്ലാ ദേശത്തുമുള്ള വസ്തുക്കളെയെല്ലാം പ്രകാശിപ്പിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതു് ഞാനാണു്. അതിനാൽ സർവ്വവ്യാപിയും സർവ്വ ജ്ഞവുമായ പരബ്രഹ്മംതന്നെയാണു് ഞാൻ. 1

യഥാത്മബുദ്ധിചാരാണാം
സാക്ഷീ തദ്വത് പരേഷ്വപി
നൈവാപോഢും ന വാ ദാതും
ശക്യസ്തസ്മാത് പരോഹ്യഹം 2

അന്വയം: യഥാ അഹം ആത്മബുദ്ധി ചാരാണാം സാക്ഷീ തദ്വത് പരേഷു അപി തസ്മാത് പരഃ അപോഢും നൈവ ശക്യഃ ന വാ ആദാതും ശക്യഃ ഹി.

സാരം: എൻെറ ബുദ്ധിക്കു വിഷയങ്ങളായ പദാർത്ഥങ്ങളെയെല്ലാം സാക്ഷിയായിനിന്നു പ്രകാശിപ്പിക്കുന്നതു് ഞാനാണു്. അതുപോലെതന്നെ മററുള്ളവരുടെ ബുദ്ധിക്കു വിഷയങ്ങളായ പദാർത്ഥങ്ങളുടേയും അവഭാസകൻ ഞാൻതന്നെയാണു്. (ബുദ്ധിക്കും വിഷയങ്ങൾക്കും ഭേദമുണ്ടെങ്കിലും അവയുടെ അവഭാസകമായ സാക്ഷി ചൈതന്യം ഏകവും സർവ്വവ്യാപിയും ആണെന്നർത്ഥം) അതിനാൽ എന്നെ ത്യജിക്കുവാനും സ്വീകരിക്കുവാനും സാദ്ധ്യമല്ല. ഞാൻ എല്ലാററിനുമതീതമായ ചൈതന്യമാണു്. 2

വികാരിത്വമശുദ്ധത്വം ഭൗതികത്വം ന ചാത്മനഃ
അശേഷബുദ്ധിസാക്ഷിത്വാത് ബുദ്ധിവച്ചാല്പവേദനാ. 3

അന്വയം: അശേഷബുദ്ധിസാക്ഷിത്വാത് ആത്മനഃ വികാരിത്വം അശുദ്ധത്വം ഭൗതികത്വം ച ബുദ്ധിവത് അല്പവേദനാ ച ന.

സാരം: ആത്മാവു് എല്ലാ ബുദ്ധികൾക്കും അവയുടെ വിഷയങ്ങൾക്കും സാക്ഷിയാണു്; അവയെ പ്രകാശിപ്പി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നതാണ്. അതിനാൽ ബുദ്ധിവിഷയധർമ്മങ്ങളായ, അല്പജ്ഞാനം, മാററം, അശുദ്ധി, ഭൗതികത്വം എന്നിവ യൊന്നും ആത്മാവിനില്ല. (അതു സർവ്വജ്ഞവും, നിർവ്വി കാരവും നിത്യശുദ്ധവും അഭൗതികവുമാണെന്നർത്ഥം.) 3

മണൗ പ്രകാശ്യതേ യദ്വദ്രക്താദ്യാകാരതാതപേ
മയി സംദൃശ്യതേ സർവ്വമാതപേനേവ തന്മയാ. 4

അന്വയം: യദ്വത് ആതപേ മണൗ രക്താദ്യാ-കാരതാ പ്രകാശ്യതേ മയി സർവ്വം സംദൃശ്യതേ തത് ആതപേന ഇവ മയാ.

സാരം: സൂര്യപ്രകാശമുള്ളപ്പോൾ നിർമ്മലങ്ങളായ സ്ഫടികാദി രത്നങ്ങളിൽ അടുത്തിരിക്കുന്ന വസ്തുക്കളുടെ നിറം പകർന്നു കാണുന്നതുപോലെ സാക്ഷിയായ ചൈത ന്യം പ്രകാശിക്കവേ, ബുദ്ധിയിൽ എല്ലാ വിഷയങ്ങളും പ്രകാശിക്കുന്നു. അപ്പോൾ സാക്ഷിചൈതന്യം നിർവ്വി കാരവും നിഷ്പ്രകമ്പവുമായിരുന്നുകൊണ്ടു് സ്വസാന്നിദ്ധ്യ ത്താൽ വസ്തുക്കളെ പ്രകാശിപ്പിക്കുന്നു എന്നു താല്പര്യം. 4

ബുദ്ധൗ ദൃശ്യം ഭവേദ് ബുദ്ധൗ സത്യാം നാസ്തി വിപര്യയേ
ദ്രഷ്ടാ യസ്മാത്സദാ ദ്രഷ്ടാ തസ്മാത് ദ്വൈതം ന
വിദ്യതേ. 5

അന്വയം: ബുദ്ധൗ സത്യാം ബുദ്ധൗ ദൃശ്യം ഭവേത് വിപര്യയേ നാസ്തി യസ്മാത് ദ്രഷ്ടാ സദാ ദ്രഷ്ടാ തസ്മാത് ദ്വൈതം ന വിദ്യതേ.

സാരം: ജാഗ്രത്തിലും, സ്വപ്നത്തിലും അന്തഃകരണ മുണ്ടു്; ദൃശ്യവുമുണ്ടു്. സുഷുപ്തിയിൽ അന്തഃകരണമില്ല; ദൃശ്യവുമില്ല. അറിയുന്നവനാകട്ടെ മൂന്നവസ്ഥകളിലും മാററമില്ലാതെ നില്ക്കുന്നു. (സുഷുപ്തിയിലും, വിഷയമി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലെന്നേയുള്ളു; ജ്ഞാനമുണ്ട്. ഉറക്കം കഴിഞ്ഞവന് 'സുഖമായുറങ്ങി ഒന്നുമറിഞ്ഞില്ല' എന്ന ജ്ഞാനം ഉണ്ടാവുന്നുണ്ടല്ലോ) അതിനാൽ രണ്ടെന്ന ഭാവം-ദ്വൈതം—ഇല്ല. ജ്ഞാതാവായ സാക്ഷി ഏകമാണെന്നർത്ഥം. 5

അവിവേകാത്പരാഭാവം യഥാ ബുദ്ധിരവൈത്തഥാ
വിവേകാത്തുപരാദന്യഃ സ്വയം ചാപി ന വിദ്യതേ. 6

അന്വയം: യഥാ ബുദ്ധിഃ അവിവേകാത് പരാഭാവം അവൈത് തഥാ വിവേകാത് തു പരാത് അന്യഃ സ്വയം ച അപി ന വിദ്യതേ.

സാരം: ഇപ്പോഴും തെററിദ്ധാരണകൊണ്ട് പരമമായ സാക്ഷിചൈതന്യമുണ്ടെന്ന കഥ അന്തഃകരണമറിയുന്നില്ല. വിവേകമുണ്ടാകുമ്പോഴാകട്ടെ, ആ പരമാത്മചൈതന്യം മാത്രമേയുള്ളു. അന്തഃകരണവും മററുള്ളതുമെല്ലാം ഇല്ലാത്തതുമാത്രം. 6

ഇങ്ങനെ ബുദ്ധ്യാരൂഢപ്രകരണം കഴിഞ്ഞു.

മതിവിലാപനപ്രകരണം

ചിതിസ്വരൂപേ സ്വത ഏവ മേ മതേ
രസാദിയോഗസ്തവമോഹകാരിതഃ
അതോ ന കിഞ്ചിത്തവ ചേഷ്ടിതേന മേ
ഫലം ഭവേത് സർവ്വവിശേഷഹാനതഃ 1

അന്വയം: മേ മതേ! സ്വതഃ ഏവ ചിതിസ്വരൂപേ രസാദിയോഗഃ തവ മോഹകാരിതഃ അതഃ സർവ്വവിശേഷഹാനതഃ തവ ചേഷ്ടിതേന മേ കിഞ്ചിത് ഫലം ന ഭവേത്.

സാരം: (ആത്മമനഃസംവാദരൂപേണയാണ് ഈ പ്രകരണമവതരിപ്പിക്കുന്നത്.) അല്ലയോ മനസ്സേ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാൻ സ്വഭാവേന ചൈതന്യസ്വരൂപമാണ്. വിഷയാദികളുമായി എനിയ്ക്കുണ്ടെന്നു തോന്നുന്ന ബന്ധം നിൻെറ അവിവേകംകൊണ്ടുണ്ടാക്കപ്പെട്ടതാണ്. എനിക്കു യാതൊരു ധർമ്മവുമില്ല; നിർവ്വിശേഷനാണ് ഞാൻ. അതിനാൽ, അജ്ഞാനമൂഢനായ നിൻെറ (മനസ്സിൻെറ) പ്രവൃത്തനംകൊണ്ട് എനിക്കൊന്നുമുണ്ടാവാൻ പോകുന്നില്ല. 1

വിമുച്യ മായാമയകാര്യതാമിഹ
പ്രശാന്തിമായാഹ്യസദീഹിതാൽ സദാ
അഹം പരം ബ്രഹ്മ സദാ വിമുക്തവ-
ത്തഥാജമേകം ദ്വയവർജ്ജിതം യതഃ. 2

അന്വയം: മായാമയകാര്യതാം വിമുച്യ ഇഹ സദാ അസദീഹിതാത് പ്രശാന്തിം ആയാഹി യതഃ അഹം സദാ വിമുക്തവത് തഥാ അജം ദ്വയവർജ്ജിതം ഏകം പരം ബ്രഹ്മ.

സാരം: അല്ലയോ മനസ്സേ മിഥ്യാചേഷ്ടിതങ്ങളിൽനിന്നും, നിഷ്പ്രയോജനങ്ങളായ ആശകളിൽനിന്നും വിരമിച്ച് ആത്മാവിൽ ശാന്തി തേടൂ. എന്തെന്നാൽ, ബന്ധമോക്ഷങ്ങളില്ലാത്തതും, അദ്വിതീയവും കേവലവുമായ പരബ്രഹ്മംതന്നെയാണ് ഞാൻ. (ഈ ആത്മാവ്) 2

സദാ ച ഭൂതേഷു സമോഽസ്മി കേവലോ
യഥാ ച ഖം സർവ്വഗമക്ഷരം ശിവം
നിരന്തരം നിഷ്കലമക്രിയം പരം
തതോ ന മേഽസ്തീഹ ഫലം തവേഹിതൈഃ 3

അന്വയം: കേവലഃ സദാ ച ഭൂതേഷു സമഃ അസ്മി ഖം യഥാ ച സർവ്വഗം അക്ഷരം ശിവം നിരന്തരം നിഷ്കലം അക്രിയം പരം തതഃ മേ തവ ഈഹിതൈഃ ഇഹ ഫലം ന അസ്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: നിർവ്വിശേഷമായ ഞാൻ എല്ലാററിലുമൊന്നുപോലെ വത്തിക്കുന്നവനാണ്. ആകാശംപോലെ സർവ്വവ്യാപിയും, നാശമററതും മംഗളരൂപവും ഇടതിങ്ങിയതും, നിരാമയവും നിഷ്ക്രിയവുമായ പരബ്രഹ്മം തന്നെയാണ് ഞാൻ. അതിൽ അല്ലയോ മനസ്സേ, നിൻെറ ചേഷ്ടിതങ്ങളാംകൊണ്ട് എനിക്കൊരു ഫലവുമില്ല. 3

അഹം മമൈകേ ന തദന്യദിഷ്യതേ
തഥാ ന കസ്യാപ്യഹമസ്മ്യസംഗതഃ
അസങ്ഗരൂപോഽഹമതോ ന മേ ത്വയാ
കൃതേന കാര്യം തവ ചാദ്വയത്വതഃ 4

അന്വയം: അഹം ഏകഃ തതഃ മമ അന്യത് ന ഇഷ്യതേ തഥാ അസംഗതഃ അഹം കസ്യാപി നാസ്മി. അഹം അസംങ്ഗരൂപഃ അതഃ തവ അദ്വയത്വതഃ ച ത്വയാ കൃതേന മേ ന കാര്യം.

സാരം: ഞാൻ കേവലനാണ്. ഞാനൊഴിച്ച മറെറാരു ധർമ്മവും എന്നിലില്ല. അതുപോലെതന്നെ അസംഗനായ ഞാൻ മറെറാന്നിൻേറയും ധർമ്മവുമല്ല. അങ്ങിനെ, ഞാൻ അസംഗനായതിനാലും പരമാത്മത്തിൽ നീയും (മനസ്സും) മത്സ്വരൂപം മാത്രമായിരുന്നതിനാലും നിനക്കു വേറിട്ട് അസ്തിത്വമില്ലാത്തതിനാലും—നിൻെറ ചേഷ്ടിതങ്ങളാംകൊണ്ട് എനിക്കൊരു പ്രയോജനവുമില്ല. അതിനാൽ മനസ്സേ! നീ ശാന്തമാകു. 4

ഫലേ ച ഹേതൗ ച ജനോ വിഷക്തവാൻ
ഇതി പ്രചിന്ത്യാഹമതോ വിമോക്ഷണേ
ജനസ്യ സംവാദമിമം പ്രക്ലൃപ്തവാൻ
സ്വരൂപ തത്ത്വാത്മവിബോധകാരണം. 5

അന്വയം: ജനഃ ഫലേ ച ഹേതൗ ച വിഷക്തവാൻ ഇതി പ്രചിന്ത്യ അഹം ജനസ്യ അതഃ വിമോക്ഷണേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വരൂപതത്ത്വാർത്ഥവിബോധകാരണം ഇമം സംവാദം പ്രക്ലൃപ്തവാൻ.

സാരം: ലോകം മുഴുവൻ ഹേതുഫലാത്മകമായ സംസാരത്തിൽ മുഴുകിയിരിക്കുകയാണ്. അതിൽനിന്നു മോക്ഷം കിട്ടണം. അതിനായി ആത്മാവും ബ്രഹ്മതത്ത്വവും ഒന്നാണെന്ന പരമാർത്ഥബോധമരുളുന്ന ഈ ആത്മമനഃ സംവാദത്തെ ഞാൻ നിർമ്മിച്ചിരിക്കുന്നു. 5

സംവാദമേതം യദി ചിന്തയേന്നരോ
വിമുച്യതേഽജ്ഞാനമഹാഭയാഗമാത്
വിമുക്തകാമശ്ച തഥാ ജനഃ സദാ
ചരത്യശോകഃ സമ ആത്മവിത് സുഖീ. 6

അന്വയം: നരഃ ഏതം സംവാദം യദി ചിന്തയേത് അജ്ഞാനമഹാഭയാഗമാത് വിമുച്യതേ തഥാ ച ജനഃ വിമുക്തകാമഃ അശോകഃ സമഃ ആത്മവിത് സദാ സുഖീ ചരതി.

സാരം: മേൽ ചൊന്ന ആത്മമനഃസംവാദത്തെ ചിന്തിക്കുന്ന മനുഷ്യൻ അറിവില്ലായ്മകൊണ്ടുണ്ടായിത്തീർന്ന ഈ സംസാരത്തിൽനിന്നും മോക്ഷമടയുന്നു. കാമത്തെ ജയിച്ച്, ദുഃഖാസ്പൃഷ്ടനായി, ആത്മജ്ഞാനിയും സുഖിയുമായി എല്ലാ ഭൂതങ്ങളിലും സമത്വബുദ്ധിയോടെ ലോകത്തിൽ വർത്തിക്കുകയും ചെയ്യുന്നു. 6

ഇങ്ങനെ മതിവിലാപനപ്രകരണം കഴിഞ്ഞു.

സൂക്ഷ്മതാവ്യാപിതാപ്രകരണം

സൂക്ഷ്മതാവ്യാപിതേ ജ്ഞേയേ ഗന്ധാദേരുത്തരോത്തരം
പ്രത്യഗാത്മാവസാനേഷു പൂർവ്വപൂർവ്വപ്രഹാണതഃ 1

*16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഗന്ധാദേഃ ഉത്തരോത്തരം പ്രത്യഗാത്മാ– വസാനേഷു പൂൎവ്വപൂൎവ്വപ്രഹാണതഃ സൂക്ഷ്മതാവ്യാപിതേ ജ്ഞേയേ.

സാരം: പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം, ആത്മാവ് എന്നിങ്ങനെ ഉത്തരോത്തരം കാരണങ്ങളാകുന്നു. പൃഥിവിയുടെ കാരണം ജലം, ജലകാരണം തേജസ്സ്, എന്നിങ്ങനെ ക്രമം. അവ ഉത്തരോത്തരം സൂക്ഷ്മവും, വ്യാപകവുമാണ്. അപ്പോൾ പൂർവ്വപൂർവ്വനിരാകരണംകൊണ്ട് അവസാനം അതിസൂക്ഷ്മവും സർവ്വവ്യാപകവും സർവ്വകാരണവുമായ ആത്മവസ്തുവിലെത്തിച്ചേരുന്നു എന്നു താല്പര്യം. 1

ശാരീരാ പൃഥിവീ താവദ്യാവദ്ബാഹ്യാ പ്രമാണതഃ
അംബ്വാദീനി ച തത്ത്വാനി താവജ്ജ്ഞേയാനി
കൃത്സ്നശഃ 2

അന്വയം: പ്രമാണതഃ യാവത് ബാഹ്യാ പൃഥിവീ താവത് ശാരീരാ പൃഥിവീ അംബ്വാദീനി തത്ത്വാനി ച കൃത്സ്നശഃ താവത് ജ്ഞേയാനി.

സാരം: പ്രമാണപ്രകാരം ബാഹ്യപൃഥിവിയുള്ളതുവരെ ശാരീരപൃഥിവിയും ഉണ്ട്. ബാഹ്യജലമുള്ളതുവരെ ശാരീരജലവുമുണ്ട്. ബാഹ്യാഗ്നിയുള്ളതുവരെ ശാരീരാഗ്നിയുണ്ട്. ബാഹ്യവായുവുള്ളതുവരെ ശാരീരവായുവുണ്ട്. ബാഹ്യാകാശമുള്ളതുവരെ ശാരീരികാകാശമുണ്ട്. എപ്പോൾ ബാഹ്യമായിട്ടാകട്ടെ ശാരീരമായിട്ടാകട്ടെ ഉള്ള പഞ്ചഭൂതങ്ങളും ആത്മാവിനാൽ വ്യാപ്തമെന്നറിയുന്നുവോ അപ്പോൾ ആത്മാവു മാത്രം അവശേഷിക്കുന്നതിനാൽ പിന്നെ ബാഹ്യഭൂതങ്ങളെന്നും ശാരീരഭൂതങ്ങളെന്നും ഉള്ള വ്യത്യാസം ഉള്ളതായറിയപ്പെടുന്നില്ല. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായ്വാദീനാം യഥോത്പത്തേഃ പൂർവ്വം ഖം സർവ്വഗം തഥാ
അഹമേകസ്സദാസർവ്വശ്ചിന്മാത്രസ്സർവ്വഗോഽദ്വയഃ 3

അന്വയം: യഥാ വായ്വാദീനാം ഉത്പത്തേഃ പൂർവ്വം ഖം സർവ്വഗം തഥാ സദാ ചിന്മാത്രഃ അഹം അദ്വയഃ ഏകഃ സർവ്വഗഃ സർവ്വഃ.

സാരം: വായു, തേജസ്സ് മുതലായവ ഉണ്ടാകുന്നതിനു മുൻപും ആകാശം സർവ്വവ്യാപിയാണ്. അതുപോലെതന്നെ ജ്ഞാനസ്വരൂപമായ ആത്മാവ് എല്ലാപ്പോഴും കേവലവും, മററൊന്നില്ലാത്തതും, സർവ്വവ്യാപിയും, സർവ്വാത്മകവുമാണ്. 3

ബ്രഹ്മാദ്യാഃ സ്ഥാവരാന്താ യേ പ്രാണിനോ മമ
പൂഃ സ്മൃതാ
കാമക്രോധാദയോ ദോഷാ ജായേരൻമേ കുതോഽന്യതഃ. 4

അന്വയം: ബ്രഹ്മാദ്യാഃ സ്ഥാവരാന്താഃ യേ പ്രാണിനഃ മമ പൂഃ സ്മൃതാ മേ അന്യതഃ കുതഃ കാമക്രോധാദയഃ ദോഷാഃ ജായേരൻ.

സാരം: ബ്രഹ്മാവു തുടങ്ങി സ്ഥാവരവസ്തുക്കൾവരെയുള്ള എല്ലാ ഭൂതങ്ങളും ആത്മാവിൻെറ ശരീരമാണ്. (ആത്മാവ് അവയിലെല്ലാം നിറഞ്ഞു നില്ക്കുന്നു എന്നർത്ഥം) ഉൽപത്തിവിനാശങ്ങളിയലുന്ന കാമക്രോധാദികൾ എന്നോടു ബന്ധമുള്ളവയല്ല. അവ മററെവിടെനിന്നും ഉണ്ടാകുന്നവയുമല്ല. കാരണം, ആത്മാവല്ലാതെ മററൊരു വസ്തുവും ഇല്ലല്ലോ. 4

ഭൂതദോഷൈഃ സദാഽസ്പൃഷ്ടം സർവ്വഭൂതസ്ഥമീശ്വരം
നീലംവ്യോമ യഥാ ബാലോ ദുഷ്ടം മാം വീക്ഷതേ ജനഃ 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: സദാ ഭൂതദോഷൈഃ അസ്പൃഷ്ടം സർവ്വ-ഭൂതസ്ഥം ഈശ്വരം മാം ജനഃ ബാലഃ വ്യോമനീലം യഥാ ദൃഷ്ട്വം വീക്ഷതേ.

സാരം: ജീവികളിലുള്ള ദോഷങ്ങളൊന്നും എന്നെ ത്തൊട്ടുന്നുപോലുമില്ല. എല്ലാററിൻേറയും ഉള്ളിലിരുന്നു കൊണ്ട് എല്ലാററിനേയും നിയന്ത്രിക്കുന്ന ആത്മാവ് കാമാദിദോഷങ്ങളുള്ളതാണെന്ന് ലോകം വിചാരിക്കുന്നു. അറിവില്ലാത്തവൻ ആകാശം നീലനിറമാണെന്നു വിചാരിക്കുന്നതുപോലെ വെറും തെററിദ്ധാരണ മാത്രമാണിതു്. 5

മച്ചൈതന്യാവഭാസ്യത്വാത് സർവ്വപ്രാണിധിയാം സദാ
പൂർമ്മ പ്രാണിനഃ സർവ്വേ സർവ്വജ്ഞസ്യവിപാപ്മനഃ 6

അന്വയം: സർവ്വപ്രാണിധിയാം സദാ മച്ചൈതന്യാ-വഭാസ്യത്വാത് സർവ്വേ പ്രാണിനഃ സർവ്വജ്ഞസ്യ വി-പാപ്മനഃ മമ പൂഃ.

സാരം: എല്ലാ പ്രാണികളുടേയും അന്തഃകരണങ്ങളെ പ്രകാശിപ്പിക്കുന്നതു് ആത്മചൈതന്യമാണ്. അതിനാൽ സർവ്വജ്ഞവും പാപാദി സംബന്ധമില്ലാത്തതുമായ ആത്മാവിൻെറ ശരീരമാണ് എല്ലാ ജീവികളും. 6

ജനിമജ്ജ്ഞാനവിജ്ഞേയം
സ്വപ്നജ്ഞാനവദിഷ്യതേ
നിത്യം നിർവ്വിഷയം ജ്ഞാനം
തസ്മാത് ദ്വൈതം ന വിദ്യതേ. 7

അന്വയം: ജനിമത് ജ്ഞാനവിജ്ഞേയം സ്വപ്ന-ജ്ഞാനവത് ഇഷ്യതേ. (യസ്മാത്) ദ്വൈതം ന വിദ്യതേ തസ്മാത് ജ്ഞാനം നിത്യം നിർവ്വിഷയം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഉല്പത്തിയുള്ളതും, ജ്ഞാനത്തിന്റെ വിഷയമാവുന്നതുമെല്ലാം മിഥ്യയാണ്; സ്വപ്നജ്ഞാനതുല്യമാണ്. യഥാർത്ഥത്തിൽ രണ്ടെന്ന ഭാവം ഇല്ല. അതിനാൽ ജ്ഞാനം നിത്യവും നിർവ്വിഷയവുമാണ്. 7

ജ്ഞാതുർജ്ഞാതിർഹി നിത്യോക്താ
സുഷുപ്തേത്വന്യ ശൂന്യതഃ
ജാഗ്രജ്ജ്ഞാതിസ്ത്വവിദ്യാത-
സ്തദ് ഗ്രാഹ്യം ചാസദിഷ്യതാം. 8

അന്വയം: സുഷുപ്തേ തു അന്യശൂന്യതഃ ജ്ഞാതുഃ ജ്ഞാതിഃ നിത്യാ ഉക്താ ഹി ജാഗ്രജ്ജ്ഞാതിഃ തു അവിദ്യാതഃ തദ്ഗ്രാഹ്യം ച അസത് ഇഷ്യതാം.

സാരം: സുഷുപ്തിയിൽ ആത്മാവൊഴിച്ച് മറ്റൊന്നുമില്ല. (ദേഹേന്ദ്രിയാദികൾ ഇല്ലെന്നർത്ഥം) അപ്പോഴത്തെ ജ്ഞാനം നിത്യമാണ് എന്ന് ശ്രുതി പറഞ്ഞിട്ടുണ്ട്. ആ ജ്ഞാനം ജ്ഞാതാവായ ആത്മസ്വരൂപംതന്നെയാണ്. ജാഗ്രദവസ്ഥയിൽ ജ്ഞാനമുണ്ടെന്നു തോന്നുന്നത് അവിദ്യനിമിത്തമാണ്. ജ്ഞാനം നിർവിഷയമാണെന്നത് ശ്രുതിസിദ്ധമായിരിക്കേ, സവിഷയമായി തോന്നുന്ന ജാഗ്രജ്ജ്ഞാനം മിഥ്യയാവാനല്ലേ തരമുള്ളൂ! അങ്ങിനെ ആ ജ്ഞാനം മിഥ്യയാണെന്നുവന്നാൽ, തദ്വിഷയങ്ങളായ ജാഗ്രത്പദാർത്ഥങ്ങളും മിഥ്യതന്നെ. അവയ്ക്കും യഥാർത്ഥത്തിൽ സത്തയില്ല. 8

രൂപവത്വാദ്യസത്വാന്ന ദൃഷ്ട്യാദേഃ കർമ്മതാ യഥാ
ഏവം വിജ്ഞാനകർമ്മത്വം ഭൂമ്നോ നാസ്തീതി ഗമ്യതേ. 9

അന്വയം: ഭൂമ്നഃ രൂപവത്വാദ്യസത്വാത് യഥാ ന ദൃഷ്ട്യാദേഃ കർമ്മതാ ഏവം വിജ്ഞാനകർമ്മത്വം നാസ്തി ഇതി ഗമ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ബ്രഹ്മത്തിന്ന് രൂപാദികളില്ല. അതിനാൽ അതു ദർശനവിഷയമല്ല. അതുപോലെതന്നെ ജ്ഞാനവിഷയവുമല്ല. (ബ്രഹ്മജ്ഞാനമെന്നാൽ ബ്രഹ്മത്തെ വിഷയമായി_ജ്ഞാനകർമ്മമായി–അറിയുകയല്ല; ബ്രഹ്മമായിത്തീരുകയാണ്.) 9

ഇങ്ങനെ സൂക്ഷ്മതാവ്യാപിതാപ്രകരണം കഴിഞ്ഞു.

ദൃശിസ്വരൂപപരമാർത്ഥദർശനപ്രകരണം

ദൃശിസ്വരൂപം ഗഗനോപമം പരം
സകൃദ്വിഭാതം ത്വജമേകമക്ഷരം
അലേപകം സർവ്വഗതം യദദ്വയം
തദേവ ചാഹം സതതം വിമുക്ത ഓം 1

അന്വയം: യത് തു ദൃശിസ്വരൂപം ഗഗനോപമം പരം സകൃദ്വിഭാതം അജം ഏകം അക്ഷരം അലേപകം സർവ്വഗതം അദ്വയം തത് ഏവ ച അഹം സതതം വിമുക്തഃ ഓം.

സാരം: ജ്ഞാനസ്വരൂപവും ആകാശതുല്യവും സർവ്വാതീതവും, വ്യക്തമായി എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നതും, ജനനനാശങ്ങളില്ലാത്തതും, കേവലവും, അസംഗവും, സർവ്വാന്തര്യാമിയും അദ്വയവുമായ ബ്രഹ്മം തന്നെയാണ് ഞാൻ. അതിനാൽ സദാ വിമുക്തനുമാണ്. ഓം. 1

ദൃശിസ്തു ശുദ്ധോഽഹമവിക്രിയാത്മകോ
ന മേഽസ്തി കശ്ചിദ്വിഷയഃ സ്വഭാവതഃ
പുരസ്തിരശ്ചോർദ്ധ്വമധശ്ച സർവ്വതഃ
സംപൂർണ്ണഭൂമാ ത്വജ ആത്മനി സ്ഥിതഃ 2

അന്വയം: ദൃശിഃ തു അഹം ശുദ്ധഃ അവിക്രിയാത്മകഃ മേ സ്വഭാവതഃ കശ്ചിത് വിഷയഃ നാസ്തി. പുരഃ തിരഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച ഊർദ്ധ്വം അധഃ ച സർവ്വതഃ സംപൂർണ്ണഭൂമാ തു അജഃ ആത്മനി സ്ഥിതഃ

സാരം: ശുദ്ധനും വികാരമില്ലാത്തവനും ജ്ഞാന സ്വരൂപനുമാണ് ഞാൻ. സ്വഭാവേന എനിയ്ക്ക്, പ്രകാശിക്കപ്പെടേണ്ടതായി ഒരു വസ്തുവുമില്ല. മുൻപിലും പിൻപിലും ഭാഗങ്ങളിലും മുകളിലും കീഴിലും എങ്ങും നിറഞ്ഞു നില്ക്കുന്നതാണെന്റെ മഹത്വം. ജനനമില്ലാത്ത ഞാൻ എന്നിൽത്തന്നെ നില്ക്കുന്നവനാണ്. (എനിക്കാധാരമായി ഞാൻതന്നെയാണ്, മററൊന്നില്ല എന്നു സാരം) 2

അജോഽമരശ്ചൈവ തഥാഽജരോഽമൃതഃ
സ്വയംപ്രഭഃ സർവ്വഗതോഽഹമദ്വയഃ
ന കാരണം കാര്യമതീവ നിർമ്മലഃ
സദൈകതൃപ്തശ്ച തതോ വിമുക്ത ഓം. 3

അന്വയം: അഹം അജഃ അമരഃ ച ഏവ തഥാ അജരഃ അമൃതഃ സ്വയംപ്രഭഃ സർവ്വഗതഃ അദ്വയഃ അതീവ നിർമ്മലഃ ന കാരണം, കാര്യം, സദാ ഏകതൃപ്തഃ ച തതഃ വിമുക്തഃ ഓം.

സാരം: എനിക്കു ജനനമില്ല, മരണമില്ല, വാർദ്ധക്യമില്ല; ഞാൻ അമരണസ്വഭാവനുമാണ്. സ്വയംപ്രകാശനും എങ്ങും നിറഞ്ഞവനുമാണ്. ഞാനല്ലാതെ മററൊന്നുമില്ലതാനും. അതിശുദ്ധനായ ഞാൻ കാര്യവുമല്ല കാരണവുമല്ല. ഞാൻ എപ്പോഴും എന്റെ ആനന്ദത്തിൽത്തന്നെ തൃപ്തനുമാണ്. അതിനാൽ ഞാൻ വിമുക്തൻതന്നെയാണ്. ഓം. 3

സുഷുപ്തജാഗ്രത് സ്വപതശ്ച ദർശനം
ന മേഽസ്തി കിഞ്ചിത് സ്വമിവേഹ മോഹനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വതശ്ച തേഷാം പരതോഽപ്യസത്വത-
സ്തുരീയ ഏവാസ്മി സദാ ദൃഗദ്വയഃ. 4

അന്വയം: സുഷുപ്തജാഗ്രത്സ്വപതഃ മേ ഇഹ സ്വം ഇവ കിംചിത് ദർശനം ന അസ്തി മോഹനം തേഷാം സ്വതഃ ച പരതഃ അപി അസത്വതഃ സദാ ദൃക് അദ്വയഃ തുരീയഃ ഏവ അസ്മി.

സാരം: ഉണർന്നിരിക്കുമ്പോഴും, സ്വപ്നാവസ്ഥയിലും ഉറങ്ങുമ്പോഴും ഉണ്ടാകുന്ന ജ്ഞാനമൊന്നും എന്റേതല്ല; അവ മായികങ്ങളാണ്. കാരണം, ഇച്ചൊന്ന മൂന്നവസ്ഥകളും സ്വതന്ത്രമായോ, ആത്മാവിനെ ആശ്രയിച്ചോ നിലനില്പില്ല. (അവ മിഥ്യയാണ്.) അതിനാൽ 'ഞാൻ' ഈ മൂന്നവസ്ഥകളിൽനിന്നും അതീതനായ 'തുരീയ'നാണ്. (നാലാമത്തെ അവസ്ഥയുള്ളവൻ) ഈ എല്ലാ അവസ്ഥകളേയും അറിയുന്നവനും അതേ സമയം അദ്വയനുമാണ് ഞാൻ. 4

ശരീരബുദ്ധീന്ദ്രിയദുഃഖസന്തതി-
ർന്ന മേ ന ചാഹം മമ നിർവ്വികാരതഃ
അസത്വഹേതോശ്ച തഥൈവ സന്തതേ-
രസത്വമസ്യാഃ സ്വപതോ ഹി ദൃശ്യവത്. 5

അന്വയം: മമ നിർവ്വികാരതഃ തഥൈവ സന്തതേഃ അസത്വഹേതോഃ ച ശരീരബുദ്ധീന്ദ്രിയദുഃഖസന്തതിഃ ന മേ ന ച അഹം. സ്വപതഃ ദൃശ്യവത് അസ്യാഃ അസത്വം ഹി.

സാരം: ഞാൻ (ആത്മാവ്) നിർവ്വികാരനാണ്, ശരീരാദികൾ വാസ്തവത്തിൽ ഇല്ലാത്തവയും. അതിനാൽ ദുഃഖത്തെയുണ്ടാക്കുന്ന ശരീരം, ബുദ്ധീന്ദ്രിയങ്ങൾ എന്നിവയും ഞാനുമായി യാതൊരു തരത്തിലുള്ള ബന്ധവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇല്ല. സ്വപ്നത്തിൽ കാണുന്ന പദാൎത്ഥങ്ങളെപ്പോലെ തന്നെ ജാഗ്രത്തിലനുഭൂതമാകുന്ന ഈ ശരീരാദികളും യഥാൎത്ഥത്തിൽ ഇല്ലാത്തവയാകുന്നു. 5

ഇദം തു സത്യം മമ നാസ്തിവിക്രിയാ
വികാരഹേതുർനഹി മേഽദ്വയത്വതഃ
ന പുണ്യപാപേ ന ച മോക്ഷബന്ധനേ
ന ചാസ്തി വൎണ്ണാശ്രമതാഽശരീരതഃ. 6

അന്വയം: മേ അദ്വയത്വതഃ മമ വിക്രിയാ നാസ്തി വികാരഹേതുഃ നഹി ഇദം തു സത്യം അശരീരതഃ പുണ്യപാപേ ന മോക്ഷബന്ധനേ ച വൎണ്ണാശ്രമതാ ച നാസ്തി.

സാരം: ഞാൻ ആത്മാവ്, വികാരമില്ലാത്തവനാണ്; ഞാനൊഴിച്ച് മറ്റൊരു വസ്തുവും പരമാൎത്ഥത്തിലില്ലാത്തതിനാൽ വികാരത്തിനു യാതൊരു കാരണവുമില്ലല്ലോ. ശരീരമില്ലാത്ത എനിക്ക്, തന്നിമിത്തമായ പുണ്യപാപങ്ങളോ, മോക്ഷബന്ധങ്ങളോ, വൎണ്ണാശ്രമങ്ങളോ ഒന്നുംതന്നെയില്ല. 6

അനാദിതോ നിർഗ്ഗുണതോ ന കൎമ്മ മേ
ഫലം ച തസ്മാത് പരമോഽഹമദ്വയഃ
യഥാ നഭഃ സർവ്വഗതം ന ലിപ്യതേ
തഥാപ്യഹം ദേഹഗതോഽപി സൂക്ഷ്മതഃ

അന്വയം: അനാദിതഃ നിർഗ്ഗുണതഃ മേ കൎമ്മഫലം ച ന; തസ്മാത് അഹം പരമഃ അദ്വയഃ സർവ്വഗതം നഭഃ യഥാ ന ലിപ്യതേ തഥാ അഹം ദേഹഗതഃ അപി സൂക്ഷ്മതഃ

*17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഞാൻ (ആത്മാവ്) അനാദിയും നിർഗ്ഗുണനമാണ്. അതിനാൽ, കർമ്മവും അതിന്റെ ഫലവുമായി എനിക്കു ബന്ധമൊന്നുമില്ല. ഞാൻ സർവ്വാതീതനാണ്; ഞാനല്ലാതെ മറ്റൊന്നുമില്ലതാനും. എങ്ങും വ്യാപിച്ചുനില്ക്കുന്നതാണെങ്കിലും ആകാശം ഒന്നിനോടും ഒട്ടാതെ നില്ക്കുന്നതുപോലെ, ദേഹവർത്തിയായി അറിയപ്പെടുന്നവനാണെങ്കിലും അതിസൂക്ഷ്മനായ ഞാൻ അതിനോടു ബന്ധമുള്ളവനല്ല. 7

സദാ ച ഭൂതേഷു സമോഽഹമീശ്വരഃ
ക്ഷരാക്ഷരാഭ്യാം പരമോ ഹ്യഥോത്തമഃ
പരാത്മതത്ത്വശ്ച തഥാദ്വയോഽപി സൻ
വിപര്യയേണാഭിമതസ്ത്വവിദ്യയാ. 8

അന്വയം: അഹം ഈശ്വരഃ ഭൂതേഷു സദാസമഃ ക്ഷരാക്ഷരാഭ്യാം പരമഃ അഥ ഉത്തമഃ പരാത്മതത്ത്വഃ തഥാ അദ്വയഃ ച സൻ അപി അവിദ്യയാ തു വിപര്യയേണ അഭിമതഃ

സാരം: ഞാൻ (ആത്മാവ്) സർവ്വനിയന്താവും, എല്ലാ വസ്തുക്കളിലും ഒരുപോലിരിക്കുന്നവനുമാണ്. നാശമുള്ളതായിക്കാണുന്ന വസ്തുക്കളിൽനിന്നും, നാശമില്ലാത്ത വസ്തുവിൽനിന്നും (ബ്രഹ്മശക്തിയായ മായയ്ക്കു) അതീതനാണ്. ഏകനും പരമാത്മസ്വരൂപനുമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും, അജ്ഞാനം കാരണം ഞാൻ ഇതിനൊക്കെ വിപരീതമായി ധരിക്കപ്പെട്ടിരിക്കുന്നു. 8

അവിദ്യയാ ഭാവനയാ ച കർമ്മഭി-
ർവ്വിവിക്ത ആത്മാഽവ്യവധിഃ സുനിർമ്മലഃ
ദൃഗാദിശക്തിപ്രചിതോഽഹമദ്വയഃ
സ്ഥിതഃ സ്വരൂപേ ഗഗനം യഥാഽചലം. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അവിദ്യയാ ഭാവനയാ കർമ്മഭിഃ ച വിവിക്തഃ അവ്യവധിഃ ആത്മാ സുനിർമ്മലഃ അദ്വയഃ അചലം ഗഗനം യഥാ സ്വരൂപേ സ്ഥിതഃ അഹം ദൃഗാദിശക്തിപ്രചിതഃ.

സാരം: അജ്ഞാനം, മിഥ്യാഭിമാനം കർമ്മം എന്നിവയോടൊന്നും സംബന്ധമില്ലാത്ത ആത്മാവ് സർവ്വദോഷവർജ്ജിതമാണ്. ഏകവും അചലവുമായ ആകാശംപോലെ സ്വാധിഷ്ഠാനത്തിൽമാത്രം നിലനില്ക്കുന്നതുമായ ആ ആത്മാവ്, ജ്ഞാനാദിക്രിയകൾക്ക് കർത്താവാണെന്നു തോന്നുന്നത്, അന്തഃകരണത്തേയും ആത്മാവിനേയും വേർതിരിച്ചറിയായ്കയാലാണ്. 9

അഹം പരം ബ്രഹ്മവിനിശ്ചയാത്മദൃക്
ന ജായതേ ഭൂയ ഇതി ശ്രുതേർവചഃ
ന ചൈവ ബീജേ ത്വസതി പ്രജായതേ
ഫലം ന ജന്മാസ്തി തതോ ഹ്യമോഹതാ. 10

അന്വയം: അഹം പരം ബ്രഹ്മ വിനിശ്ചയാത്മദൃക് ഭൂയഃ ന ജായതേ ഇതി ശ്രുതേഃ വചഃ ബീജേ തു അസതി ഫലം ന ച പ്രജായതേ ഏവ ഹി അമോഹതാ തതഃ ജന്മ നാസ്തി.

സാരം: 'ഞാൻ ബ്രഹ്മമാണ്' എന്നിങ്ങനെ ഉറച്ച ബ്രഹ്മാത്മജ്ഞാനം കൈവന്നവന്നു് രണ്ടാമതു് ജനനമില്ലെന്നു് ശ്രുതി ഘോഷിക്കുന്നു. അതു യുക്തിയുക്തവുമാണ്. കാരണമില്ലെങ്കിൽ കാര്യമുണ്ടാവുന്നതെങ്ങിനെ? ആത്മജ്ഞാനം സിദ്ധിച്ചവന്നു് അജ്ഞാനമില്ലാത്തതിനാൽ, തൽഫലമായുണ്ടാവുന്ന ജന്മവും ഉണ്ടാവില്ലെന്നു താല്പര്യം. 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമേദമിത്ഥം ച തഥേദമീദൃശം
തഥാ*f*ഹമേവം ന പരോ ന വാന്യഥാ
വിമൂഢതൈവം ന ജനസ്യ കല്പനാ
സദാ സമേ ബ്രഹ്മണി ചാദ്വയേ ശിവേ. 11

അന്വയം: മമ ഇദം ഇത്ഥം ച തഥാ ഇദം ഈദൃശം തഥാ അഹമേവം ന പരഃ ന അന്യഥാ വാ ഏവം ജനസ്യ കല്പനാ വിമൂഢതാ അദ്വയേ ശിവേ സദാ സമേ ബ്രഹ്മണി ന.

സാരം: 'ഇതെൻേറതു്', 'ഇതിങ്ങിനെ', 'ഇതങ്ങിനെ', 'ഞാൻ ഇങ്ങിനെ', 'മററവൻ ഇങ്ങിനെയല്ല' എന്നീ മിഥ്യാഭിമാനങ്ങളെല്ലാം അജ്ഞാനംമാത്രം. ഏകവും മംഗളസ്വരൂപവും എങ്ങും എപ്പോഴുമൊരുപോലെയിരിക്കുന്നതുമായ ബ്രഹ്മത്തിൽ ഇത്തരത്തിലുള്ള മിഥ്യാഭിമാനങ്ങൾക്കെല്ലാം സ്ഥാനമെവിടെ? 11

യദദ്വയം ജ്ഞാനമതീവനിർമ്മലം
മഹാത്മനാം തത്ര ന ശോകമോഹതാ
തയോരഭാവേ നഹി കർമ്മ ജന്മ വാ
ഭവേദയം വേദവിദാം വിനിശ്ചയ: 12

അന്വയം: അദ്വയം അതീവനിർമ്മലം യദ്ജ്ഞാനം തത്ര മഹാത്മനാം ശോകമോഹതാ ന തയോഃ അഭാവേ കർമ്മ ജന്മ വാ ന ഭവേത് അയം വേദവിദാം വിനിശ്ചയഃ.

സാരം: തെററിദ്ധാരണയേശാത്ത ഏകാത്മജ്ഞാനമുണ്ടായ മഹാന്മാർക്കു് ദുഃഖമോ അജ്ഞാനമോ ഇല്ല. അവയില്ലെങ്കിൽ കർമ്മവും ജന്മവുമുണ്ടാവില്ല. ഇതാണു് വേദവിത്തുകളായ വേദാന്തികളുടെ പരമസിദ്ധാന്തം. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഷുപ്തവജ്ജാഗ്രതി യോ ന പശ്യതി
ദ്വയം തു പശ്യന്നപി ചാദ്വയത്വതഃ
തഥാ ച കുർവ്വന്നപി നിഷ്ക്രിയശ്ച യഃ
സ ആത്മവിന്നാന്യ ഇതീഹ നിശ്ചയഃ 13

അന്വയം: യഃ തു അദ്വയത്വതഃ ജാഗ്രതി ദ്വയം പശ്യന്നപി സുഷുപ്തവത് ന പശ്യതി തഥാ ച യഃ കുർവ്വൻ അപി നിഷ്ക്രിയഃ ച സഃ ആത്മവിത് ന അന്യഃ ഇതി ഇഹ നിശ്ചയഃ.

സാരം: ഉണർന്നിരിക്കുമ്പോഴം, പൂർവവാസന നിമിത്തം രണ്ടെന്ന നിലയിൽ ലോകത്തെ കാണുന്നവനെങ്കിലും, ആരാണോ ഉറങ്ങിയവനേപ്പോലെ വാസ്തവത്തിൽ ലോകത്തെ കാണാതിരിക്കുന്നതു്, (രണ്ടെന്ന ഭാവം അറിയാതിരിക്കുന്നതു്) ആരാണോ കർമ്മം ചെയ്യുമ്പോഴും വാസ്തവത്തിൽ ഒന്നും ചെയ്യാതിരിക്കുന്നതു് അവനാണു് ആത്മജ്ഞാനി; അല്ലാതെ പുസ്തകപണ്ഡിതനല്ല. എന്നാണു് വേദാന്തസിദ്ധാന്തം 13

ഇതീദമുക്തം പരമാത്മദശ്നം
മയാ ഹി വേദാന്തവിനിശ്ചിതം പരം
വിമുച്യതേഽസ്മിൻ യദി നിശ്ചിതോ ഭവേത്
ന ലിപ്യതേ വ്യോമ ഇവേഹ കമ്മഭിഃ 14

അന്വയം: ഇതി വേദാന്തവിനിശ്ചിതം പരം ഇദം പരമാത്മദശ്നം മയാ ഉക്തം ഹി അസ്മിൻ യദി നിശ്ചിതഃ ഭവേത് വിമുച്യതേ. വ്യോമ ഇവ ഇഹ കമ്മഭിഃ ന ലിപ്യതേ.

സാരം; ഇപ്പ്രകാരം വേദാന്തനിർണ്ണീതമായ സത്യദർശനം ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ ജ്ഞാനത്തിലുറച്ചു നില്ക്കുന്നവൻ മോക്ഷം പ്രാപിക്കും. ഇഹലോകത്തിലെ കർമ്മങ്ങളവനിലൊട്ടുകയുമില്ല.

ഇങ്ങനെ ദൃശിസ്വരൂപപരമാത്മദശ്നപ്രകരണം കഴിഞ്ഞു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈക്ഷിതൃത്വപ്രകരണം

ഈക്ഷിതൃത്വം സ്വതഃ സിദ്ധം
ജന്തൂനാം ച തതോഽന്യതാ
അജ്ഞാനാദിത്യതോഽന്യത്വം
സദസീതി നിവർത്ത്യതേ. 1

അന്വയം; ജന്തൂനാം ഈക്ഷിതൃത്വം സ്വതഃസിദ്ധം ച തതഃ അന്യതഃ അജ്ഞാനാത് ഇതി അതഃ സത് അസി ഇതി അന്യത്വം നിവർത്യതേ.

സാരം: പ്രകൃത്യാ ജീവികളെല്ലാം ജ്ഞാനസ്വരൂപികളാണ്. അങ്ങിനെയല്ലെന്ന് തോന്നുന്നത് അറിവില്ലായ്മകൊണ്ടാണ്. അതിനാൽ 'നീ സദ്രൂപമാണ്' എന്നിങ്ങനെ പറഞ്ഞ്, ശ്രുതി, ഭേദഭാവത്തെ നിരാകരിക്കുന്നു. 1

ഏതാവദ്ധ്യമൃതത്വം ന കിംചിദന്യത് സഹായകം
ജ്ഞാനസ്യേതി ബ്രുവച്ഛാസ്ത്രം സലിങ്ഗം
കർമ്മ ബാധതേ. 2

അന്വയം: ഏതാവത് ഹി അമൃതത്വം അന്യത് കിംചിത് ന സഹായകം ഇതി ബ്രുവത് ശാസ്ത്രം സലിംഗം കർമ്മ ബാധതേ.

സാരം: 'ഏതാവദരേ ഖല്വമൃതത്വം' (ബൃ. 4_5-15) എന്നിങ്ങനെ, ജ്ഞാനം മാത്രമാണ് മോക്ഷസാധനമെന്നും, ജ്ഞാനത്തിന്നു സഹായകമായി മറ്റൊന്നുമില്ലെന്നും വ്യക്തമായിപ്പറയുന്ന ശാസ്ത്രം, സോപകരണമായ കർമ്മാനുഷ്ഠാനം മോക്ഷസാധനമാവുകയില്ലെന്ന് വ്യക്തമായിപ്പറഞ്ഞിട്ടുണ്ട്. 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വേഷാം മനസോ വൃത്തമവിശേഷേണ പശ്യതഃ
തസ്യ മേ നിർവ്വികാരസ്യ വിശേഷഃസ്യാത് കഥംചന 3

അന്വയം: സർവ്വേഷാം മനസഃ വൃത്തം അവിശേഷേണ പശ്യതഃ നിർവ്വികാരസ്യ തസ്യ മേ കഥംചന വിശേഷഃ സ്യാത്.

സാരം: എല്ലാ ജീവികളിലുമുള്ള അന്തഃകരണവൃത്തികളെ ഒരുപോലെ കണ്ടുകൊണ്ടിരിക്കുന്നവനും, നിർവ്വികാരനുമായ എനിക്ക് (ആത്മാവിന്) കർത്തൃത്വം, ഭോക്തൃത്വം തുടങ്ങിയ വിശേഷങ്ങളൊക്കെ എങ്ങിനെയുണ്ടാവാനാണ്. 3

മനോവൃത്തം മനശ്ചൈവ സ്വപ്നവജ്ജാഗ്രദീക്ഷിതുഃ
സംപ്രസാദേ ദ്വയാസത്വാച്ചിന്മാത്രഃ സർവ്വഗോ$ƒ$വ്യയഃ 4

അന്വയം: മനോവൃത്തം മനഃ ച ഏവ സ്വപ്നവത് ജാഗ്രതി ഈക്ഷിതുഃ [എന്തു വിശേഷമാണുണ്ടാവുക എന്ന് മുൻശ്ലോകവുമായന്വയിക്കണം.] സംപ്രസാദേ ദ്വയാസത്വാത് ചിന്മാത്രഃ സർവ്വഗഃ അവ്യയഃ.

സാരം: അന്തഃകരണത്തേയും അന്തഃകരണവ്യാപാരങ്ങളേയും സ്വപ്നാവസ്ഥയിലെന്നോണം ജാഗ്രദവസ്ഥയിലും കണ്ടുകൊണ്ടിരിക്കുന്ന ഞാൻ (ആത്മാവ്) നിർവ്വിശേഷനാണ്. സുഷുപ്തിയിൽ ഞാനൊഴിച്ച് മറ്റൊന്നുമില്ലാത്തതിനാൽ ഞാൻ കേവലജ്ഞാനസ്വരൂപനും സർവ്വവ്യാപിയും മാററമില്ലാത്തവനുമാണെന്ന് സിദ്ധമാണല്ലോ. 4

സ്വപ്നഃസത്യോ യഥാ$ƒ$ബോധാ-
ദ്ദേഹാത്മത്വം തഥൈവ ച
പ്രത്യക്ഷാദേഃ പ്രമാണത്വം
ജാഗ്രത്സ്യാദാ$ƒ$ത്മവേദനാത്. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യഥാ ആബോധാത് സ്വപ്നഃ സത്യഃ തഥാ ഏവ ജാഗ്രത് ആത്മവേദനാത് ദേഹാത്മത്വം പ്രത്യക്ഷാദേഃ പ്രമാണത്വം ച.

സാരം: ഉണരുന്നതുവരെ സ്വപ്നം സത്യമാണ്. അതുപോലെ ആത്മജ്ഞാനമുണ്ടാകുന്നതുവരെ ദേഹാത്മബോധവും പ്രത്യക്ഷാദി പ്രമാണങ്ങളും സത്യംതന്നെയാണ്. ആത്മജ്ഞാനമുണ്ടാകുമ്പോൾ ഇവയെല്ലാം മിഥ്യയാണെന്നു് ബോദ്ധ്യമാവും 5

വ്യോമവത് സർവ്വഭൂതസ്ഥോ
ഭൂതദോഷൈർവിവർജ്ജിതഃ
സാക്ഷീ ചേതാഽഗുണശ്ശുദ്ധോ
ബ്രഹ്മൈവാസ്മീതി കേവലഃ 6

അന്വയം: വ്യോമവത് സർവ്വഭൂതസ്ഥഃ ഭൂതദോഷൈഃ വിവർജ്ജിതഃ സാക്ഷീ ചേതാ അഗുണഃ ശുദ്ധഃ കേവലഃ ബ്രഹ്മ ഏവ അസ്മി ഇതി.

സാരം: ആകാശംപോലെ എല്ലാററിലും നിറഞ്ഞു നില്ക്കുന്നവനും, വസ്തുദോഷങ്ങൾ തീണ്ടാത്തവനും, സർവ്വസാക്ഷിയും, ചേതനനും നിർഗ്ഗുണനും, ഏകനുമായ ഞാൻ ബ്രഹ്മംതന്നെയാണ്. ഇതാണ് പരമാർത്ഥജ്ഞാനം. 6

നാമരൂപക്രിയാഭ്യോഽന്യോ നിത്യമുക്തസ്വരൂപവാൻ
അഹമാത്മാ പരം ബ്രഹ്മ ചിന്മാത്രോഽഹം സദാഽദ്വയഃ 7

അന്വയം: നാമരൂപക്രിയാഭ്യഃ അന്യഃ നിത്യമുക്തസ്വരൂപവാൻ ആത്മാ അഹം പരംബ്രഹ്മ അഹം അദ്വയഃ ചിന്മാത്രഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: നാമം, രൂപം, ക്രിയ ഇവയിൽനിന്നു വേറിട്ടതും, നിത്യമുക്തവുമായ ആത്മാവാണ് ഞാൻ. ദേഹാദികളല്ല. അതിനാൽ ഞാൻ പരബ്രഹ്മംതന്നെയാണ്. ഞാൻ കേവലനും ജ്ഞാനസ്വരൂപനുമാണ്. 7

അഹം ബ്രഹ്മാസ്മി കർത്താ ച ഭോക്താചാസ്മീതി യേ വിദുഃ
തേ നഷ്ടാ ജ്ഞാനകർമ്മഭ്യാം നാസ്തികാഃസ്യുർന്ന സംശയഃ 8

അന്വയം: അഹം ബ്രഹ്മ അസ്മി. കർത്താ ഭോക്താ ച അസ്മി ഇതി യേ വിദുഃ തേ ജ്ഞാനകർമ്മഭ്യാം നഷ്ടാഃ നാസ്തികാഃ സ്യുഃ ന സംശയഃ.

സാരം: ഞാൻ (ആത്മാവ്) ബ്രഹ്മമാണ്. ഞാൻ ചെയ്യുന്നു എന്നും അനുഭവിക്കുന്നു എന്നും വിചാരിക്കുന്നവർ ജ്ഞാനഭ്രഷ്ടരും കർമ്മഭ്രഷ്ടരുമാണ്. അവർ നാസ്തികന്മാരാണ്; സംശയമില്ല. 8

ധർമ്മാധർമ്മഫലൈർയോഗഃ ഇഷ്ടോഽദൃഷ്ടോ യഥാഽത്മനഃ
ശാസ്ത്രാദ്ബ്രഹ്മത്വമപ്യസ്യ മോക്ഷോ ജ്ഞാനാത്തഥേ-
ഷ്യതാം. 9

അന്വയം: ആത്മനഃ ധർമ്മാധർമ്മഫലൈഃ അദൃഷ്ടഃ യോഗഃ യഥാ ഇഷ്ടഃ തഥാ ശാസ്ത്രാത് അസ്യ ബ്രഹ്മത്വം ജ്ഞാനാത് മോക്ഷത്വമപി ഇഷ്യതാം.

സാരം: കർമ്മവാദികൾ ശ്രുതിയെ പ്രമാണമാക്കി, ആത്മാവിന്നു് പുണ്യാപുണ്യങ്ങളും അവയുടെ ഫലമായ സുഖദുഃഖങ്ങളുമായി സംബന്ധമുണ്ടെന്നു പറയുന്നു. വാസ്തവത്തിൽ ആത്മാവിന്നു് പുണ്യാപുണ്യങ്ങളുണ്ടെന്നതു് പ്രത്യക്ഷസിദ്ധമല്ല. അതുപോലെത്തന്നെ, ശ്രുതിയെ പ്രമാണമാക്കിത്തന്നെ, ആത്മാവ് ബ്രഹ്മമാണെന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനംകൊണ്ടേ മോക്ഷപ്രാപ്തിയുണ്ടാകൂ എന്നും എന്തു കൊണ്ടു നിശ്ചയിക്കുന്നില്ല? (വേദത്തെ പ്രമാണമാക്കുന്ന പക്ഷം ഇതു രണ്ടും സമ്മതിക്കാതിരിക്കാൻ നിവൃത്തിയി ല്ലെന്നർത്ഥം.) 9

യാ മാഹാരജനാദ്യാസ്താഃ വാസനാ സ്വപ്നദർശിഭിഃ
അനുഭൂയന്ത ഏവേഹ തതോഽന്യഃ കേവലോ ദൃശിഃ 10

അന്വയം: യാ മാഹാരജനാദ്യാഃ താഃ വാസനാഃ സ്വപ്നദർശിഭിഃ ഇഹ അനുഭൂയന്തേ ഏവ തതഃ അന്യഃ കേവലഃ ദൃശിഃ.

സാരം: 'മഞ്ഞളിൽ മുക്കിയ മുണ്ടുപോലെ'യുള്ളവ യാണ് വാസനകൾ എന്ന് ശ്രുതിയിൽ പറഞ്ഞിട്ടുണ്ട്. സ്വപ്നത്തിൽ ആ വാസനകൾ അനുഭവമാവുന്നുമുണ്ട്. ആ വാസനകളെ കാണുന്ന (അനുഭവിക്കുന്ന)—ജ്ഞാന സ്വരൂപനായ—ആത്മാവ് അവയിൽനിന്നും ഭിന്ന നാണ്. 10

കോശാദിവ വിനിഷ്കൃഷ്ടഃ കാര്യകാരണവർജ്ജിതഃ
യഥാഽസിർദൃശ്യതേ സ്വപ്നേ തദ്വദ്ബോദ്ധാ സ്വയംപ്രഭഃ

അന്വയം: കോശാത് വിനിഷ്കൃഷ്ടഃ അസിഃ ഇവ തദ്വത് സ്വപ്നേ സ്വയംപ്രഭഃ ബോദ്ധാ കാര്യകാരണ-വർജ്ജിതഃ ദൃശ്യതേ.

സാരം: ഉറയിൽനിന്ന് ഊരിയെടുത്ത വാൾ വിസ്പ ഷ്ടം ദൃശ്യമാവുന്നുണ്ടല്ലോ. അതുപോലെ സ്വപ്നത്തിൽ, കാര്യകാരണങ്ങളിൽനിന്ന് വേറിട്ടു നില്ക്കുന്ന സ്വയം പ്രകാശമായ ആത്മാവ് (ദ്രഷ്ടാവെന്ന നിലയിൽ) അനു ഭവപ്പെടുന്നു. (ദൃഷ്ടാന്തത്തിലും ദാർഷ്ടാന്തികത്തിലും ഉപാ ധികളിൽനിന്ന് വേറിട്ടതായി, വാളും ആത്മാവും യഥാ ക്രമം അറിയപ്പെടുന്നു എന്നു താല്പര്യം.) 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആപേഷാത് പ്രതിബുദ്ധസ്യ
ജ്ഞസ്യ സ്വാഭാവികം പദം
ഉക്തം നേത്യാദിവാക്യേന
കല്പിതസ്യാപനേതൃണാ. 12

അന്വയം: ആപേഷാത് പ്രതിബുദ്ധസ്യ ജ്ഞസ്യ സ്വാഭാവികം പദം കല്പിതസ്യ അപനേതൃണാ നേത്യാദി വാക്യേന ഉക്തം.

സാരം: 'തം പാണിനാ*ff*പേഷം ബോധയാംചകാര, സഹോത്തസ്ഥൗ' (ബൃ. 4. 1.) എന്ന് ശ്രുതിയിൽ, 'ഉറങ്ങിയവൻ കൈകൊണ്ട് ഉപമർദ്ദിച്ചപ്പോൾ മാത്രമേ എഴുന്നേററുള്ളൂ' എന്നിപ്രകാരം, ദേഹമനഃപ്രാണങ്ങളിൽനിന്നും വിലക്ഷണനാണാത്മാവെന്ന് പറഞ്ഞിട്ടുണ്ട്. ആത്മാവിൻെറ യഥാർത്ഥ നില ബ്രഹ്മഭാവമാണ്. അതിനെയാണ്, കല്പിതങ്ങളായ ദേഹാദികളെ നിഷേധിക്കുന്ന 'നേതി നേതി' (ഇതല്ല, ഇതല്ല) എന്ന ശ്രുതിവാക്യം പ്രതിപാദിക്കുന്നതു്. 12

മഹാരാജാദയോ ലോകാഃ മയി യദ്വത്പ്രകല്പിതാഃ
സ്വപ്നേ തദ്വദ്ദ്വയം വിദ്യാദ്രൂപം വാസനയാ സഹ. 13

അന്വയം: സ്വപ്നേ യദ്വത് മഹാരാജാദയഃ ലോകാഃ മയി പ്രകല്പിതാഃ തദ്വത് വാസനയാ സഹ ദ്വയം രൂപം.

സാരം: സ്വപ്നത്തിൽ 'ഞാൻ മഹാരാജാവാണ്' എന്നിങ്ങനെ, മഹാരാജത്വം തുടങ്ങിയതെല്ലാം വെറും കല്പിതങ്ങളും അതിനാൽ അയഥാർത്ഥങ്ങളുമാണെന്നതു് അനുഭവസിദ്ധമാണല്ലോ. അതേപോലെ, വാസനകളോടുകൂടിയ മൂർത്തമായ ശരീരാദികളും അമൂർത്തങ്ങളായ ഇന്ദ്രിയം, മനസ്സ് മുതലായവയും ആത്മാവിൽ കല്പിതങ്ങൾ മാത്രമാണ്. അതിനാൽ അവ അയഥാർത്ഥങ്ങളാണ്. 13

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേഹലിംഗാത്മനാ കാര്യാ
വാസനാരൂപിണാ ക്രിയാഃ
നേതിനേത്യാത്മരൂപത്വാ-
ന്ന മേ കാര്യാ ക്രിയാ കചിത് 14

അന്വയം: വാസനാരൂപിണാ ദേഹലിംഗാത്മനാ ക്രിയാഃ കാര്യാഃ നേതി നേതി ആത്മരൂപത്വാത് മേ കചിത് ക്രിയാ ന കാര്യാ.

സാരം: വാസനകരം നിറഞ്ഞ സ്ഥൂലസൂക്ഷ്മദേഹങ്ങരംകൊണ്ടാണ് കാര്യങ്ങരം ചെയ്യേണ്ടതു്. ഞാനാകട്ടെ ദേഹാദികളല്ലെന്നും കേവലാത്മാവാണെന്നും ശ്രുതി വിസ്പഷ്ടം വിളിച്ചുപറയുന്നു. അപ്പോരം എനിക്കിവിടെ എന്തു കർമ്മമാണ് ചെയ്യേണ്ടതായിട്ടുള്ളതു്? 14

ന തതോഽമൃതതാശാസ്തി കർമ്മണോഽജ്ഞാനഹേതുതഃ
മോക്ഷസ്യ ജ്ഞാനഹേതുത്വാന്ന തദന്യദപേക്ഷതേ. 15

അന്വയം: കർമ്മണഃ അജ്ഞാനഹേതുതഃ തതഃ അമൃതാശാ ന അസ്തി മോക്ഷസ്യ ജ്ഞാനഹേതുത്വാത് തത് അന്യത് ന അപേക്ഷതേ.

സാരം: കർമ്മം അജ്ഞാനത്തിൽനിന്നും ഉടലെടുത്തതാകയാൽ, കർമ്മംകൊണ്ടു് മോക്ഷമുണ്ടാവുമെന്നാശ വേണ്ട. ജ്ഞാനം മാത്രം മതി മോക്ഷം സാധിക്കാൻ; അതിനു വേറെ സഹായമൊന്നുമാവശ്യമില്ല. 15

അമൃതം ചാഭയം നാർത്തം നേതീത്യാത്മാ പ്രിയോ മമ
വിപരീതമതോന്യദ്യത്ത്യജേത്തത്, സക്രിയം തതഃ 16

അന്വയം: അമൃതം ച അഭയം നാർത്തം മമ പ്രായഃ നേതി ഇതി ആത്മാ അതഃ അന്യത് യത് തത് വിപരീതം തതഃ സക്രിയം (തത്) ത്യജേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ബ്രഹ്മസ്വരൂപമായ മോക്ഷം ഭയാശങ്കയെഴാത്തതും നാശമററതുമാണ്. ആത്മാവിന്നു് പ്രിയമായി തോന്നുന്ന വസ്തുക്കരം യഥാർത്ഥത്തിൽ ആത്മാവുതന്നെയാണ്. (ബൃഹദാരണ്യകോപനിഷത്ത് **1.4.8;** 2.4.3. നോക്കുക) ആത്മാവല്ലാത്തതെല്ലാം ഭയദവും നാശമുള്ളതുമാണ്. അതിനാൽ അവയേയും അവയ്ക്കുവേണ്ടിയുള്ള കാര്യങ്ങളേയും ത്യജിക്കതന്നെ വേണം.

ഇങ്ങിനെ ഈക്ഷിതൃത്വപ്രകരണം കഴിഞ്ഞു.

പ്രകാശപ്രകരണം

പ്രകാശസ്ഥം യഥാ ദേഹം സാലോകമഭിമന്യതേ
ദ്രഷ്ട്രാഭാസം തഥാ ചിത്തം ദ്രഷ്ടാഹമിതി മന്യതേ. 1

അന്വയം: യഥാ പ്രകാശസ്ഥം ദേഹം സാലോകം അഭിമന്യതേ തഥാ ദ്രഷ്ട്രാഭാസം ചിത്തം അഹം ദ്രഷ്ടാ ഇതി മന്യതേ.

സാരം: (സൂര്യന്റേയും മററും) വെളിച്ചത്തിൽ വർത്തിക്കുന്ന ദേഹം സപ്രകാശമാണെന്നു് ലോകം തെററിദ്ധരിക്കാറുണ്ട്. അതുപോലെ വാസ്തവത്തിൽ ജഡമെങ്കിലും അന്തഃകരണം, സാക്ഷിചൈതന്യം തന്നിൽ പ്രതിഫലിക്കുമ്പോരം 'ഞാൻ അറിയുന്നു' എന്നിങ്ങനെ തെററിദ്ധരിക്കുന്നു. (ജ്ഞാനം അന്തഃകരണത്തിന്റെ ധർമ്മമല്ലെന്നർത്ഥം.) 1

യദേവ ദൃശ്യതേ ലോകേ തേനാഭിന്നത്വമാത്മനഃ
പ്രപദ്യതേ തതോ മൂഢഃ തേനാത്മാനം ന വിന്ദതി. 2

അന്വയം: യദേവ ലോകേ ദൃശ്യതേ തേന ആത്മനഃ അഭിന്നത്വം മൂഢഃ പ്രപദ്യതേ തതഃ തേന ആത്മാനം ന വിന്ദതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ലോകവ്യവഹാരത്തിൽ അറിയപ്പെടുന്ന ദേഹം, ഇന്ദ്രിയം, മനസ്സ്, പ്രാണൻ എന്നിവയും ആത്മാവുമൊന്നാണെന്ന് മൂഢൻ മനസ്സിലാക്കിവെച്ചിരിക്കുന്നു. അതിനാൽ ആത്മാവ് ഇതിൽനിന്നെല്ലാം വേറിട്ട ശുദ്ധസ്വരൂപമാണെന്ന് അയാൾ അറിയുന്നില്ല. താൻ ബ്രഹ്മമാണെന്ന ബോധം അയാൾക്കുണ്ടാകുന്നില്ലെന്നു താല്പര്യം. 2

ദശമസ്യ നവാത്മത്വപ്രതിപത്തിവദാത്മനഃ
ദൃശ്യേഷു തദ്വദേവായം മൂഢോ ലോകോ ന ചാന്യഥാ. 3

അന്വയം: ദശമസ്യ ആത്മനഃ നവാത്മത്വപ്രതിപത്തിവത് തദ്വത് ഏവ അയം ലോകഃ ദൃശ്യേഷു മൂഢഃ അന്യഥാ ച ന.

സാരം: ഒരു കഥയുണ്ട്. പത്തു കുട്ടികൾകൂടി പുഴയിലിറങ്ങി നീന്തി—അക്കരെ എത്തിയപ്പോൾ, ആൾ കുറവുണ്ടോ എന്നു നോക്കുവാനായി ഓരോരുത്തരും എണ്ണിനോക്കി. എണ്ണിയവൻ തന്നെമാത്രം എണ്ണാൻ വിട്ടുപോയി. അങ്ങിനെ പത്താമത്തവൻ തന്നെ വിട്ടുകളഞ്ഞതിനാൽ, ഒൻപതു പേരെമാത്രമേ കണ്ടുള്ളു. അതുപോലെയാണ് ജനങ്ങളും ചെയ്യുന്നതു്. ദൃശ്യങ്ങളായ ദേഹേന്ദ്രിയാദികളെ മാത്രമേ അവർ കാണുന്നുള്ളു. ആത്മാവിനെ അവയിൽനിന്നും വേറിട്ടു കാണുവാൻ അവർക്കു കഴിയുന്നില്ല. 3

ത്വം കുരു ത്വം തദേവേതി പ്രത്യയാവേകകാലികൗ
ഏകനീഡൗ കഥം സ്യാതാം വിരുദ്ധൗ ന്യായതോ വദ 4

അന്വയം: ത്വം കുരു ത്വം തത് ഏവ ഇതി ഏകനീഡൗ വിരുദ്ധൗ പ്രത്യയൗ ഏകകാലികൗ കഥം സ്യാതാം ന്യായതഃ വദ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: 'നീ കർമ്മം ചെയ്യണം' എന്നും 'നീ ബ്രഹ്മമാണ്'' എന്നും ഒരേ വ്യക്തിയെ വിഷയമാക്കി, വിരുദ്ധങ്ങളായ രണ്ടു ജ്ഞാനങ്ങൾ ഒരേ സമയത്തെങ്ങിനെയുണ്ടാകും? യുക്തിപൂർവ്വം പറയാൻ കഴിയുമോ? 4

ദേഹാഭിമാനിനോ ദുഃഖം നാദേഹസ്യ സ്വഭാവതഃ
സ്വാപവത്തത് പ്രഹാണായ തത്വമിത്യുച്യതേ ദൃശേഃ 5

അന്വയം: ദേഹാഭിമാനിനഃ ദുഃഖം അദേഹസ്യ സ്വാപവത്സ്വഭാവതഃ ന തത് പ്രഹാണായ ദൃശേഃ തത്ത്വം ഇതി ഉച്യതേ.

സാരം: ദേഹാഭിമാനമുള്ളവന്നു ദുഃഖമുണ്ട്. അതില്ലാത്തവന്നു ദുഃഖമില്ല. സുഷുപ്തിയിലെന്നപോലെ പ്രകൃത്യാ ആത്മാവ് ആനന്ദരൂപമാണ്. അതിനാൽ മൂലമായ അവിദ്യയോടുകൂടി ദേഹാഭിമാനത്തെ ഇല്ലാതാക്കാൻവേണ്ടിയാണ് 'അതു നീ' എന്നു ശ്രുതി ഘോഷിച്ചിട്ടുള്ളതു്. 5

ദൃശേശ്ഛായാ യദാരൂഢാ മുഖച്ഛായേവ ദർശനേ
പശ്യംസ്തം പ്രത്യയം യോഗീ ദൃഷ്ട ആത്മേതി മന്യതേ. 6

അന്വയം: ദർശനേ മുഖച്ഛായാ ഇവ ദൃശേഃ ച്ഛായാ യദാരൂഢാ തം പ്രത്യയം പശ്യൻ യോഗീ ആത്മാ ദൃഷ്ടഃ ഇതി മന്യതേ.

സാരം: കണ്ണാടി മുതലായ വസ്തുക്കളിൽ മുഖത്തിന്റെ ച്ഛായ പ്രതിബിംബിക്കുന്നു. ആ പ്രതിബിംബം വാസ്തവത്തിൽ മിഥ്യയാണ്. അതുപോലെ അന്തഃകരണത്തിൽ ആത്മചൈതന്യം പ്രതിഫലിക്കുമ്പോൾ, യഥാർത്ഥ ജ്ഞാനമുണ്ടായിക്കഴിഞ്ഞിട്ടില്ലാത്ത യോഗി, ആത്മാവിനെ കണ്ടതായി വിചാരിക്കുന്നു;—യഥാർത്ഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ ആത്മദർശനത്തിലാകട്ടെ അന്തഃകരണസ്പർശമേ ഇല്ല. —അപ്പോഠം, അങ്ങിനത്തെ യോഗിക്കു് വീണ്ടും വീണ്ടും ദുഃഖം തുടൻണ്ടായിക്കൊണ്ടേയിരിക്കാം. 6

തം ച മൂഢം ച യദ്യന്യം പ്രത്യയം വേത്തി നോ ദൃശേഃ
സ ഏവ യോഗിനാം പ്രേഷ്ഠോ നേതരഃ സ്യാന്ന സംശയഃ 7

അന്വയം: തം പ്രത്യയം മൂഢം ച അന്യം ച യദി വേത്തി ദൃശേഃ നോ, വേത്തി സ ഏവ യോഗിനാം പ്രേഷ്ഠഃ ഇതരഃ ന സ്യാത് ന സംശയഃ.

സാരം: ചൈതന്യം പ്രതിബിംബിച്ച അന്തഃകരണത്തേയും, അവിവേകംകൊണ്ടു കല്പിച്ച മററുവസ്തുക്കളേയും ആത്മഭിന്നങ്ങളായറിയുന്നവനാണു് തത്ത്വദ്രഷ്ടാക്കളിൽ വെച്ചു് ഏററവും ഉൽകൃഷ്ടൻ. മററാരുമല്ല. ഇതിൽ സംശയമില്ല. 7

വിജ്ഞാതേർയസ്തു വിജ്ഞാതാ സത്വമിത്യുച്യതേ യതഃ
സ സ്യാദനുഭവസ്തസ്യ തതോfന്യോfനുഭവോ മൃഷാ. 8

അന്വയം: യഃ തു വിജ്ഞാതേഃ വിജ്ഞാതാ സഃ ത്വം ഇതി യതഃ ഉച്യതേ തസ്യ സഃ അനുഭവഃ സ്യാത് തതഃ അന്യഃ അനുഭവഃ മൃഷാ.

സാരം: 'തത്ത്വമസി' മുതലായ വാക്യങ്ങരംകൊണ്ടു് ജ്ഞാനത്തിൻെറ ജ്ഞാതാവായ സാക്ഷിചൈതന്യവും ജീവനും ഒന്നാണെന്നു് ശ്രുതി ബോധിപ്പിച്ചിരിക്കുന്നു. അതിനാൽ സാക്ഷിചൈതന്യമെന്നു വിളിക്കപ്പെടുന്ന ബ്രഹ്മവും ജീവനും ഒന്നാണെന്ന അനുഭവമാണുണ്ടാവേണ്ടതു്. അങ്ങിനെയല്ലാത്ത അനുഭവമെല്ലാം മിഥ്യയാണു്. 8

ദൃശിരൂപേ സദാ നിത്യേ ദർശനാദർശനേ മയി
കഥം സ്യാതാം തതോ നാന്യ ഇഷ്യതേfനുഭവസ്തതഃ 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: സദാ നിത്യേ ദൃശിരൂപേ മയി ദർശനാ-ദർശനേ കഥം സ്യാതാം തതഃ തതഃ അന്യഃ അനുഭവഃ ന ഇഷ്യതേ.

സാരം: നിത്യജ്ഞാനസ്വരൂപമാണ് ആത്മാവ്. അതിൽ ചിലപ്പോഴം അജ്ഞാനവും ഉണ്ടാവുക എന്നത് സംഭാവ്യമല്ല. അതിനാൽ ജ്ഞാനസ്വരൂപമാണ് ആത്മാവ് എന്ന അനുഭവം മാത്രം ശരി. അങ്ങിനെയല്ലാത്ത അനുഭവം മിഥ്യ. 9

യത്സ്ഥസ്താപോ രവേർദേഹേ
ദൃശേഃ സ വിഷയോ യഥാ
സത്വസ്ഥസ്തദ്വദേവേഹ
ദൃശേസ്സ വിഷയസ്തഥാ. 10

അന്വയം: ദേഹേ രവേഃ താപഃ യത്സ്ഥഃ സഃ യഥാ ദൃശേഃ വിഷയഃ തദ്വത് ഏവ ഇഹ സഃ സത്വസ്ഥഃ തഥാ ദൃശേഃ വിഷയഃ.

സാരം: വെയിൽകൊണ്ടുള്ള ചൂട് ദേഹത്തിൻെറ ഏതു ഭാഗത്താണോ, ആ ദേഹഭാഗത്തോടുകൂടി മാത്രമേ വെയിലിൻെറ ചൂടും അനുഭവമാവുന്നുള്ളു. അതുപോലെ ഈ ലോകവ്യവഹാരത്തിലും അന്തഃകരണത്തിൽ വർത്തിക്കുന്ന സുഖദുഃഖാദികളെല്ലാം അന്തഃകരണസഹിതമായേ ജ്ഞാനത്തിന്നു വിഷയമാവുന്നുള്ളു. 10

പ്രതിഷിദ്ധേദമംശോഽജ്ഞഃ ഖമിവൈകരസോഽദ്വയഃ
നിത്യമുക്തസ്തഥാ ശുദ്ധഃ സോഽഹംബ്രഹ്മാസ്മി കേവലഃ 11

അന്വയം: പ്രതിഷിദ്ധേദമംശഃ ജ്ഞഃ ഖം ഇവ ഏകരസഃ അദ്വയഃ നിത്യമുക്തഃ തഥാ ശുദ്ധഃ കേവലഃ സഃ അഹം ബ്രഹ്മ അസ്മി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: വിഷയാംശത്തെ നീക്കി ശേഷിക്കുന്ന ശുദ്ധജ്ഞാനസ്വരൂപനും, ആകാശംപോലെ എങ്ങുമൊന്നു പോലെ വത്തിക്കുന്നവനും, നിത്യമുക്തശുദ്ധസ്വഭാവനും ഏകനുമായ ഞാൻ (ആത്മാവ്) ബ്രഹ്മംതന്നെയാണ്. (ഇതാണ് യഥാത്ഥ അനുഭവം.) 11

വിജ്ഞാതുന്നൈവ വിജ്ഞാതാ പരോഽന്യഃ സംഭവത്യതഃ
വിജ്ഞാതാഽഹം പരോ മുക്തഃ സവ്വഭൂതേഷു സവ്വദാ. 12

അന്വയം: വിജ്ഞാതുഃ വിജ്ഞാതാ പരഃ അന്യഃ ന സംഭവതി ഏവ അതഃ അഹം സവ്വഭൂതേഷു സവ്വദാ മുക്തഃ പരഃ വിജ്ഞാതാ.

സാരം: അറിയുന്നവനേയും അറിയുന്നവനായി ഒരു വ്യാപകവ്യക്തിയില്ല. അതിനാൽ, എല്ലാ ജീവികളിലും എല്ലാ അവസ്ഥകളിലും (ജാഗ്രത്, സ്വപ്നം, സുഷുപ്തി) അറിയുന്നവൻ, വിഷയങ്ങളിൽനിന്ന് വേർപെട്ടുനില്ക്കുന്ന ഞാൻ (ആത്മാവ്) തന്നെയാണ്. 12

യോ വേദാലുപ്തദൃഷ്ടിത്വമാത്മനോഽകർത്തൃതാം തഥാ
ബ്രഹ്മവിത്ത്വം തഥാ മുക്ത്വാ സ ആത്മജ്ഞോ ന
ചേതരഃ 13

അന്വയം: യഃ ആത്മനഃ അലുപ്തദൃഷ്ടിത്വം തഥാ അകർത്തൃത്വം ആത്മനഃ തഥാ ബ്രഹ്മവിത്ത്വം മുക്ത്വാ വേദ സ ആത്മജ്ഞഃ ന ച ഇതരഃ.

സാരം: ആത്മാവ് ജ്ഞാനസ്വരൂപമെന്നും, ആ ജ്ഞാനം മാററമില്ലാത്തതാണെന്നും ആത്മാവ് കത്താവല്ലെന്നും അറിയുന്നവനും, താൻ ബ്രഹ്മത്തെ അറിയുന്നു എന്ന മിഥ്യാഭിമാനമില്ലാത്തവനുമാണ് യഥാത്ഥ ആത്മജ്ഞാനി. ബ്രഹ്മത്തെ അറിയുന്നു എന്നു വിചാരിക്കുന്നവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാകട്ടെ, അന്തഃകരണവിശിഷ്ടമായ ആത്മാവിനെയേ അറിയുന്നുള്ളു, യഥാർത്ഥമായ ആത്മജ്ഞാനമവനുണ്ടാവുന്നില്ല. 13

ജ്ഞാതൈവാഹമവിജ്ഞേയഃ ശുദ്ധോ മുക്തഃ സദേത്യപി
വിവേകീ പ്രത്യയോ ബുദ്ധേഃ ദൃശ്യത്വാന്നാശവാൻ യതഃ.

അന്വയം: യതഃ അഹം ജ്ഞാതാ ഏവ അവിജ്ഞേയഃ ശുദ്ധഃ സദാ മുക്തഃ ഇത്യപി വിവേകീ പ്രത്യയഃ ബുദ്ധേഃ ദൃശ്യത്വാത് നാശവാൻ.

സാരം: ഞാൻ അറിയുന്നവനാണ്, ശുദ്ധനാണ്, എന്നെ അറിവാൻ കഴികയില്ല; ഞാൻ നിത്യമുക്തനാണ് എന്നിങ്ങനെ വേർതിരിച്ചുള്ള ജ്ഞാനമെല്ലാം ബുദ്ധിവിഷയകമായതിനാൽ (ആ ജ്ഞാനത്തിൽ അന്തഃകരണാംശംകൂടി ഉൾപ്പെട്ടിരിക്കുന്നതിനാൽ) അനിത്യമാണ്. യഥാർത്ഥമായ ആത്മജ്ഞാനത്തിൽ, 'ഞാൻ അറിയുന്നു' എന്ന വിവക്തബോധമേ ഉണ്ടാവുകയില്ല. 14

അലുപ്താ ത്വാത്മനോ ദൃഷ്ടിർ–
നോത്പാദ്യാകാരകൈർയതഃ
ദൃശ്യയാ ചാന്യയാ ദൃഷ്ട്യാ
ജന്യതാ/സ്യാഃ പ്രകല്പിതാ. 15

അന്വയം: ആത്മനഃ ദൃഷ്ടിഃ തു യതഃ കാരകൈഃ ന ഉത്പാദ്യാ അലുപ്താ അന്യയാ ദൃശ്യയാ ദൃഷ്ട്യാ ച അസ്യാഃ ജന്യതാ പ്രകല്പിതാ.

സാരം: ആത്മസ്വരൂപമായ ജ്ഞാനം ഉപകരണങ്ങൾകൊണ്ട് ഉണ്ടാക്കപ്പെട്ടതല്ല; നിത്യമാണ്. എങ്കിലും അന്തഃകരണവൃത്തിരൂപമായ നിത്യജ്ഞാനത്താൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മസ്വരൂപമായ ജ്ഞാനവും അനിത്യമാണെന്നു് തെററിദ്ധരിച്ചിരിക്കയാണു്. അതു ശരിയല്ല. 15

ദേഹാത്മബുദ്ധ്യപേക്ഷത്വാത് ആത്മനഃ കർതൃതാ മൃഷാ
നൈവ കിംചിത് കരോമീതി സത്യാ ബുദ്ധിഃ പ്രമാണജാ

അന്വയം: ദേഹാത്മബുദ്ധ്യപേക്ഷത്വാത് ആത്മനഃ കർത്തൃതാ മൃഷാ കിംചിത് നൈവ കരോമി ഇതി ബുദ്ധിഃ പ്രമാണജാ സത്യാ.

സാരം: 'ആത്മാവു് കർത്താവാണു്' എന്ന ബോധമുണ്ടാവണമെങ്കിൽ, ദേഹം ആത്മാവാണെന്ന ബോധമുണ്ടായിരിക്കണം. അതിനാൽ മിഥ്യാജ്ഞാനപൂർവ്വകമായ 'ആത്മാവു് ചെയ്യുന്നവനാണു്' എന്ന ജ്ഞാനം മിഥ്യയാണു്. 'ഞാൻ (ആത്മാവു്) ഒന്നും ചെയ്യുന്നില്ല' എന്ന ജ്ഞാനം ശ്രുതിസിദ്ധമാണു്. 'നിഷ്ക്രിയം നിഷ്കലം ശാന്തം', (ശ്വേ. 6. 19) (ആത്മാവു് നിഷ്ക്രിയവും ശാന്തവും അവയവരഹിതവുമാണു്) എന്നു ശ്രുതി. അതിനാൽ ആ ജ്ഞാനം സത്യമാണു്. 16

കർതൃത്വം കാരകാപേക്ഷമകർതൃത്വം സ്വഭാവതഃ
കർത്താ ഭോക്തേതി വിജ്ഞാനം മൃഷൈവേതി
സുനിശ്ചിതം. 17

അന്വയം: കർതൃത്വം കാരകാപേക്ഷം അകർതൃത്വം സ്വഭാവതഃ കർത്താ ഭോക്താ ഇതി വിജ്ഞാനം മൃഷാ ഏവ ഇതി സുനിശ്ചിതം.

സാരം: കർമ്മം ചെയ്യുവാൻ ഉപകരണങ്ങളെ ആശ്രയിക്കണം. ഒന്നും ചെയ്യാതിരിക്കലാണു് ആത്മസ്വഭാവം. നിരവയവമായ ആത്മാവു്, 'ചെയ്യുന്നു' എന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'അനുഭവിക്കുന്നു' എന്നുമുള്ള തോന്നൽ, അതിനാൽ മിഥ്യ യാവാനേ വഴിയുള്ളു. ഇതു് ശ്രുതി തീർത്തുപറഞ്ഞിട്ടുമുണ്ടു്. 17

ഏവം ശാസ്ത്രാനുമാനാഭ്യാം സ്വരൂപേഽവഗതേ സതി
നിയോജ്യോഽഹമിതി ഹ്യേഷാ സത്യാബുദ്ധിഃ
കഥം ഭവേത്. 18

അന്വയം: ഏവം ശാസ്ത്രാനുമാനാഭ്യാം സ്വരൂപേ അവഗതേ സതി അഹം നിയോജ്യഃ ഇതി ഏഷാ ബുദ്ധിഃ സത്യാ കഥം ഭവേത്.

സാരം; ഇപ്രകാരം ശ്രുതിയുക്തികൾകൊണ്ടു് സ്വരൂപജ്ഞാനം ഉണ്ടായിക്കഴിഞ്ഞാൽ, 'ഞാൻ കർമ്മം ചെയ്യാനായി ശാസ്ത്രത്താൽ പ്രേരിപ്പിക്കപ്പെടുന്നു' എന്ന ജ്ഞാനം എങ്ങിനെ സത്യമായിത്തീരും? 18

യഥാ സർവ്വാന്തരം വ്യോമ വ്യോമ്നോഽപ്യഭ്യന്തരോ ഹ്യഹം
നിർവ്വികാരോഽചലഃ ശുദ്ധോഽജരോ മുക്തഃ സദാദ്വയഃ. 19

അന്വയം: യഥാ വ്യോമ സർവ്വാന്തരം അഹം വ്യോമ്നഃ അപി അഭ്യന്തരഃ ഹി. (അതഃ) നിർവ്വികാരഃ അചലഃ ശുദ്ധഃ അജരഃ സദാ മുക്തഃ അദ്വയഃ

സാരം; ആകാശം എങ്ങും നിറഞ്ഞുനില്ക്കുന്നു. ഞാൻ (ആത്മാവു്) ആകാശത്തിൻെറ ഉള്ളിൽക്കൂടി നിറഞ്ഞു നില്ക്കുന്നവനാണു്. അതിനാൽ, ഞാൻ (ആത്മാവു്) നിർവ്വികാരനും, ഇളകാത്തവനും, ധർമ്മാധർമ്മങ്ങളില്ലാത്തവനും, വർദ്ധക്യാദി ദേഹധർമ്മങ്ങളററവനും, സർവ്വബന്ധനിർമുക്തനും, കേവലസ്വരൂപനുമാണു്—ബ്രഹ്മം തന്നെയാണു് ഞാൻ എന്നു താല്പര്യം. 19

ഇങ്ങനെ പ്രകാശപ്രകരണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അചക്ഷുഷ്ട്വപ്രകരണം

അചക്ഷുഷ്ട്വാന്ന ദൃഷ്ടിർമേ
തഥാ ശ്രോത്രസ്യ കാ ശ്രുതിഃ
അവാക്ത്വാന്ന തു വക്തിഃ സ്യാത്
അമനസ്ത്വാന്മതിഃ കുതഃ 1

അന്വയം: അചക്ഷുഷ്ട്വാത് മേ ദൃഷ്ടിഃ ന തഥാ അശ്രോത്രസ്യ കാ ശ്രുതിഃ അവാക്ത്വാത് തു വക്തിഃ ന സ്യാത് അമനസ്ത്വാത് മതിഃ കുതഃ.

സാരം: കാഴ്ചയുള്ള ചക്ഷുരിന്ദ്രിയമെനിക്ക് (ആത്മാവിന്ന്) ഇല്ല. പിന്നെ കാഴ്ചയുണ്ടാവുന്നതെങ്ങനെ? കാതില്ലാത്ത ഞാൻ കേൾക്കുന്നതെങ്ങനെ? വാഗിന്ദ്രിയമില്ലാത്ത ഞാൻ പറയുന്നുമില്ല. മനസ്സില്ലാത്ത എനിയ്ക്ക് ചിന്തയുമില്ല. (ദർശനാദികൾ ഇന്ദ്രിയധർമ്മങ്ങളാണ്, ആത്മധർമ്മങ്ങളല്ല; എന്നു താല്പര്യം.) 1

അപ്രാണസ്യ ന കർമ്മാഽസ്തി ബുദ്ധ്യഭാവേ ന വേദിതാ
വിദ്യാവിദ്യേ തതോ ന സ്തശ്ചിന്മാത്രജ്യോതിഷോ മമ 2

നിത്യമുക്തസ്യ ശുദ്ധസ്യ കൂടസ്ഥസ്യാവിചാലിനഃ
അമൃതസ്യാക്ഷരസ്യൈവമശരീരസ്യ സർവ്വദാ 3

അന്വയം: അപ്രാണസ്യ കർമ്മ ന അസ്തി ബുദ്ധ്യഭാവേ ന വേദിതാ തതഃ നിത്യമുക്തസ്യ ശുദ്ധസ്യ കൂടസ്ഥസ്യ അവിചാലിനഃ അമൃതസ്യ അക്ഷരസ്യ ഏവം സർവ്വദാ അശരീരസ്യ ചിന്മാത്രജ്യോതിഷഃ മമ വിദ്യാവിദ്യേ ന സ്തഃ

സാരം: പ്രാണനില്ലാത്തതിനാൽ, എനിയ്ക്ക് പ്രവർത്തനമില്ല. അന്തഃകരണമില്ലാത്തവനായതിനാൽ ഞാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറിയുന്നവനുമല്ല. (അറിയുക എന്ന ക്രിയയും എന്നിലു ണ്ടാവുന്നില്ല.) അതിനാൽ, നിത്യമുക്തനും, ശുദ്ധനും, നിർവ്വികാരനും ഇളക്കമില്ലാത്തവനും, അമരണപ്രകൃതി യും, നാശമററവനും, ശരീരമില്ലാത്തവനുമായ ഞാൻ (ആത്മാവ്) വെറും ജ്ഞാനമാത്രത്താൽ പ്രകാശിച്ചുകൊ ണ്ടിരിക്കുന്നവനാണ്. എന്നിൽ ജ്ഞാനമോ അജ്ഞാന മോ ഇല്ല. ഞാൻ ജ്ഞാനസ്വരൂപനാണ്. എന്നു താല്പര്യം. 2 ,3

ജിഘത്സാ വാ പിപാസാ വാ ശോകമോഹൗ ജരാമൃതീ
ന വിദ്യന്തേഽശരീരത്വാദ്വ്യോമവദ്വ്യാപിനോ മമ. 4

അന്വയം: വ്യോമവത്‌വ്യാപിനഃ മമ അശരീര—ത്വാത് ജിഘത്സാ വാ പിപാസാ വാ ശോകമോഹൗ ജരാമൃതീ ന വിദ്യന്തേ.

സാരം: ഞാൻ (ആത്മാവ്) ആകാശംപോലെ സർവ്വ വ്യാപിയാണ്. എനിക്കു ശരീരമില്ല. അതിനാൽ വിശപ്പ്, ദാഹം, ദുഃഖം, അജ്ഞാനം, വാർദ്ധക്യം, മരണം എന്നീ വികാരങ്ങളൊന്നും ഇല്ല. 4

അസ്പൃശ്യത്വാന്നമേ സ്പൃഷ്ടിർനാജിഹ്വത്വാദ്രസജ്ഞതാ
നിത്യവിജ്ഞാനരൂപസ്യ ജ്ഞാനാജ്ഞാനേ ന മേ സദാ. 5

അന്വയം: അസ്പൃശ്യത്വാത് മേ സ്പൃഷ്ടിഃ ന അജി—ഹ്വത്വാത് രസജ്ഞതാ ന സദാ നിത്യവിജ്ഞാന രൂപസ്യ മേ ജ്ഞാനാജ്ഞാനേ ന.

സാരം: സ്പർശേന്ദ്രിയമില്ലാത്തതിനാൽ സ്പർശവും രസേന്ദ്രിയമില്ലാത്തതിനാൽ രസജ്ഞതയും എന്നിലില്ല. ഞാൻ എന്നും നിത്യവിജ്ഞാനസ്വരൂപനാണ്. അതി നാൽ ജ്ഞാനാജ്ഞാനങ്ങളും എന്നിൽ ഇല്ല. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാ തു സ്യാന്മാനസീവൃത്തിശ്ചാക്ഷുഷ്ടാരൂപരഞ്ജനാ
നിത്യമേവാത്മനോ ദൃഷ്ട്യാ നിത്യയാ ദൃശ്യതേ ഹി സാ. 6

അന്വയം: ചാക്ഷുഷ്ടാ രൂപരഞ്ജനാ യാ മാനസീ വൃത്തിഃ സ്യാത് സാ നിത്യയാ ആത്മനഃ ദൃഷ്ട്യാ നിത്യ-മേവ ദൃശ്യതേ ഹി.

സാരം: ചക്ഷുരിന്ദ്രിയദ്വാരാ ഉണ്ടായതും രൂപാകാരവുമായ അന്തഃകരണവൃത്തി നാശമുള്ളതാണ്. അതിനെ എല്ലാപ്പോഴും പ്രകാശിപ്പിക്കുന്നതു്, നിത്യവും, ആത്മസ്വരൂപഭൂതവുമായ ജ്ഞാനമാണ്. 6

തഥാന്യേന്ദ്രിയ യുക്താ യാ വൃത്തയോ വിഷയാഞ്ജനാ
സ്മൃതീരാഗാദിരൂപാ ച കേവലാന്തർമനസ്യപി 7

മാനസ്യസ്തദ്വദന്യസ്യ ദൃശ്യന്തേ സ്വപ്നവൃത്തയഃ
ദ്രഷ്ടുർദൃഷ്ടിസ്തതോ നിത്യാ ശുദ്ധാഽനന്താ ച കേവലാ 8

അന്വയം: തഥാ വിഷയാഞ്ജനാഃ അന്യേന്ദ്രിയയുക്താഃ യാ വൃത്തയഃ അന്തർമനസി കേവലം സ്മൃതിഃ രാഗാദി രൂപാ അപി തദ്വത് മാനസ്യഃ സ്വപ്നവൃത്തയഃ അന്യസ്യ ദൃശ്യന്തേ തതഃ ദ്രഷ്ടുഃ ദൃഷ്ടിഃ നിത്യാ ശുദ്ധാ അനന്താ കേവലാ-

സാരം: മുൻചൊന്ന മാതിരി മററിന്ദ്രിയങ്ങളിലൂടെയുള്ള വിഷയാകാരമായ അന്തഃകരണവൃത്തികളും ഇന്ദ്രിയാപേക്ഷ കൂടാതെ മനസ്സിൽ മാത്രമുണ്ടാവുന്ന സ്മരണം, രാഗം, ദ്വേഷം മുതലായ വൃത്തികളും വിഷയാപേക്ഷയില്ലാതെയുണ്ടാകുന്ന സ്വപ്നവൃത്തികളും, സാക്ഷിചൈതന്യത്താലാണ് പ്രകാശിപ്പിക്കപ്പെടുന്നതു്. അതിനാൽ സാക്ഷിചൈതന്യരൂപമായ ജ്ഞാനം എന്നുമുള്ളതും നാശമില്ലാത്തതും വിഷയസ്പർശമില്ലാത്തതിനാൽ ശുദ്ധവും കേവലവുമാണ്. 7-8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനിത്യാ സാഽവിശുദ്ധേതി ഗൃഹ്യതേഽത്രാവിവേകതഃ
സുഖീ ദുഃഖീ തഥാ ചാഹം ദൃശ്യയോപാധിഭൂതയാ. 9

അന്വയം: ഉപാധിഭൂതയാ ദൃശ്യയാ അവിവേകതഃ സാ അത്ര അനിത്യാ അശുദ്ധാ ഇതി ഗൃഹ്യതേ തഥാ അഹം സുഖീ ദുഃഖീ ഇതി ച.

സാരം: ആത്മചൈതന്യത്തിനെ ഉപാധിമാത്രമായ അന്തഃകരണവൃത്തികളുമായി കൂട്ടിക്കുഴച്ച് വേർതിരിച്ചറിയാത്തതിനാൽ നിത്യവും ശുദ്ധവുമായ ആത്മചൈതന്യജ്ഞാനം അനിത്യവും അശുദ്ധവുമാണെന്ന് ലോകം വ്യവഹരിക്കുന്നു- അതുപോലെതന്നെ ഇതേ കാരണത്താൽ ആത്മാവിന്നു് സുഖദുഃഖങ്ങളുണ്ടെന്നും ജനങ്ങൾ വിചാരിക്കുന്നു. 9

മൂഢയാ മൂഢ ഇത്യേവം ശുദ്ധയാ ശുദ്ധ ഇത്യപി
മന്യതേ സർവ്വലോകോഽയം യേന സംസാരമൃച്ഛതി. 10

അന്വയം: അയം സർവ്വലോകഃ മൂഢയാ മൂഢഃ ഇതി ഏവം ശുദ്ധയാ ശുദ്ധഃ ഇതി അപി മന്യതേ യേന സംസാരം ഋച്ഛതി.

സാരം: 'ഞാൻ മൂഢനാണ്' എന്ന അന്തഃകരണവൃത്തിയുമായി ആത്മചൈതന്യത്തെ ഒന്നെന്നു തെററിദ്ധരിക്കകാരണം, താൻ അജ്ഞനാണെന്നും, ശുദ്ധനാണെന്ന അന്തഃകരണവൃത്തിയുമായി ആത്മചൈതന്യത്തെ ഒന്നെന്നു തെററി മനസ്സിലാക്കുകനിമിത്തം താൻ ശുദ്ധനാണെന്നും ലോകം വിചാരിക്കുന്നു. ഈ തെററിദ്ധാരണയാണ് ജനനമരണരൂപമായ സംസാരത്തിന്നു കാരണം. 10

*20

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അചക്ഷുഷ്ട്വാദിശാസ്ത്രോക്തം സബാഹ്യാഭ്യന്തരം ത്വജം
നിത്യമുക്തമിഹാത്മാനം മുമുക്ഷുശ്ചേത് സദാ സ്മരേത്

അന്വയം: ഇഹ മുമുക്ഷുഃ ചേത് തു ആത്മാനം അചക്ഷുഷ്ട്വാദിശാസ്ത്രോക്തം സ ബാഹ്യാഭ്യന്തരം അജം നിത്യമുക്തം സദാ സ്മരേത്.

മോക്ഷം വേണമെന്നാഗ്രഹിക്കുന്നവൻ, ആത്മാവ് ഇന്ദ്രിയാദികളില്ലാത്തതാണെന്നും, അകവും പുറവുമൊന്നു പോലെ വ്യാപിച്ചുനില്ക്കുന്നതും, അനാദിയുമാണെന്നും, നിത്യമുക്തമാണെന്നും എപ്പോഴും സ്മരിക്കണം. 11

അചക്ഷുഷ്ട്വാദിശാസ്ത്രാച്ച നേന്ദ്രിയാണി സദാ മമ
'അപ്രാണോ ഹ്യമനാശ്ശുഭ്ര' ഇതി ചാഥർവ്വണേർവ്വചഃ 12

അന്വയം: അചക്ഷുഷ്ട്വാദിശാസ്ത്രാത് ച മമ സദാ ഇന്ദ്രിയാണി ന അപ്രാണഃ ഹി അശുഭ്രഃ ഇതി ച ആഥ-ർവ്വണേഃ വചഃ ച.

സാരം: ശ്രുതിയിൽ (ബൃ. ഉ. 3. 8. 8.) ആത്മാവ് ഇന്ദ്രിയങ്ങളില്ലാത്തതാണെന്ന് വിളിച്ചുപറഞ്ഞിട്ടുണ്ട്. മുണ്ഡകോപനിഷത്തിലും 'അപ്രാണോഹ്യമനാശ്ശുഭ്രഃ' എന്നിങ്ങനെ ആത്മാവ്, പ്രാണൻ, അന്തഃകരണം എന്നിവയൊന്നുമില്ലാത്തതും, ശുദ്ധസ്വഭാവവുമാണെന്ന് പറഞ്ഞു കാണുന്നു. അതിനാൽ ആത്മാവായ ഞാൻ ഇന്ദ്രിയങ്ങളില്ലാത്തവനാണ് ഒരിക്കലും. 12

ശബ്ദാദീനാമഭാവശ്ച ശ്രൂയതേ മമ കാഠകേ
അപ്രാണോ ഹ്യമനാ യസ്മാദവികാരീ സദാ ഹ്യഹം 13

അന്വയം: മമ ശബ്ദാദീനാം അഭാവഃ കാഠകേ ശ്രൂയതേ ച അഹം അപ്രാണോ ഹി അമനാഃ യസ്മാത് സദാ അവികാരീ ഹി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: കഠോപനിഷത്തിൽ 'അശബ്ദമസ്പർശമരൂപമവ്യയം' എന്നിങ്ങനെ ആത്മാവിന്നു് ശബ്ദാദികളൊന്നുമില്ലെന്നു് പറഞ്ഞിട്ടുമുണ്ടു്. പ്രാണൻ, അന്തഃകരണം എന്നിവയൊന്നുമില്ലാത്തതിനാൽ ഞാൻ (ആത്മാവു്) സദാ നിർവ്വികാരനാണു്. 13

വിക്ഷേപോ നാസ്തി തസ്മാന്മേ ന സമാധിസ്തതോ മമ
വിക്ഷേപോ വാ സമാധിർവ്വാ മനസഃ സ്യാദ്വികാരിണഃ

അന്വയം: തസ്മാത് മേ വിക്ഷേപഃ നാസ്തി. തതഃ മമ സമാധിഃ ന. വിക്ഷേപഃ വാ സമാധിഃ വാ വികാരിണഃ മനസഃ സ്യാത്.

സാരം: അതിനാൽ ആത്മാവിന്നു് വിക്ഷേപമില്ല. വിക്ഷേമില്ലാത്തതിനാൽ സമാധിയും ഐകാഗ്ര്യവും ഇല്ല. വികാരവത്തായ മനസ്സിൻെറ ധർമ്മങ്ങളാണു് വിക്ഷേപവും ഏകാഗ്രതയും. ആത്മാവാകട്ടെ നിർവ്വികാരനാണു്. 14

അമനസ്കസ്യ ശുദ്ധസ്യ കഥം തത് സ്യാദ്ദ്വയം മമ
അമനസ്ത്വാവികാരിത്വേ വിദേഹവ്യാപിനോ മമ 15

അന്വയം: അമനസ്കസ്യ ശുദ്ധസ്യ മമ തത് ദ്വയം കഥം സ്യാത് വിദേഹവ്യാപിനഃ മമ അമനസ്ത്വാവികാരിത്വേ?

സാരം: അന്തഃകരണമില്ലാത്തവനും, നിർവ്വികാരനമായ എനിക്കു് (ആത്മാവിന്നു) വിക്ഷേപവും, സമാധിയും എങ്ങിനെയുണ്ടാകും? ശരീരമില്ലാത്തവനും സർവ്വവ്യാപിയുമായ എനിക്കു് (ആത്മാവിന്നു്) അന്തഃകരണമോ, വികാരമോ ഇല്ല. (ശരീരമില്ലാത്തതിനാൽ അന്തഃകരണമില്ല; സർവ്വവ്യാപിയായതിനാൽ വികാരവുമില്ല.) 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ഇത്യേതദ്യാവദജ്ഞാനം താവത് കാര്യം മമാഭവത്
നിത്യമുക്തസ്യ ശുദ്ധസ്യ ബുദ്ധസ്യ ച സദാ മമ. 16

അന്വയം: നിത്യമുക്തസ്യ സദാ ശുദ്ധസ്യ ബുദ്ധസ്യ ച മമ യാവത് അജ്ഞാനം താവത് ഇതി ഏതത് കാര്യം അഭവത്.

സാരം: ഞാൻ (ആത്മാവ്) നിത്യമുക്തശുദ്ധബുദ്ധ സ്വഭാവനാണ്. എങ്കിലും, ആ ജ്ഞാനമുണ്ടാവുന്നതുവരെ സമാധി തുടങ്ങിയതെല്ലാം അനുഷ്ഠിക്കേണ്ടതുതന്നെയാ യിരുന്നു. ഇപ്പോഠം യഥാത്ഥജ്ഞാനമുണ്ടായിക്കഴിഞ്ഞ തിനാൽ, അവയ്ക്കു പ്രസക്തിയേ ഇല്ല. 16

സമാധിർവ്വാഽസമാധിർവാ
കാര്യം ചാന്യത് കുതോ ഭവേത്
മാം ഹി ധ്യാത്വാ ച ബുദ്ധ്വാ ച
മന്യന്തേ കൃതകൃത്യതാം. 17

അന്വയം: സമാധിഃ വാ അസമാധിഃ വാ അന്യത് കാര്യം ച കുതഃ ഭവേത് ഹി. മാം ധ്യാത്വാ ച ബുദ്ധ്വാ ച കൃതകൃത്യതാം മന്യന്തേ.

സാരം: സമാധിയോ, അസമാധിയോ, മററന്തെ ങ്കിലുമോ ചെയ്യേണ്ടതായിട്ടെങ്ങനെയുണ്ടാകും. എന്നെ (ആത്മാവിനെ) ധ്യാനിച്ചും അറിഞ്ഞും, തങ്ങളുടെ ജന്മം കൃതാത്ഥമായെന്നാണ് ബുദ്ധിമാന്മാർ കരുതുന്നത്. 17

അഹം ബ്രഹ്മാസ്മി സർവ്വോഽസ്മി
ശുദ്ധോ ബുദ്ധോഽസ്മ്യതഃ സദാ
അജഃ സർവ്വത ഏവാഹ—
മജരശ്ചാക്ഷയോഽമൃതഃ 18

അന്വയം: അഹം ബ്രഹ്മ അസ്മി സർവ്വഃ അസ്മി സദാ— ശുദ്ധഃ ബുദ്ധഃ അസ്മി. അതഃ അഹം അജഃ സർവ്വതഃ ഏവ അജരഃ അക്ഷയഃ അമൃതഃ ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഞാൻ ബ്രഹ്മമാണ്. അതിനാൽ എല്ലാം ഞാൻതന്നെയാണ്. ഞാൻ നിത്യശുദ്ധബുദ്ധസ്വഭാവനാണ്. ഞാൻ ജനനമില്ലാത്തവനും സർവ്വവ്യാപിയും വാർദ്ധക്യനാശങ്ങളില്ലാത്തവനും അമരണസ്വഭാവനുമാണ്. 18

മദന്യഃ സർവ്വഭൂതേഷു
ബോദ്ധാ കശ്ചിന്ന വിദ്യതേ
കർമ്മാദ്ധ്യക്ഷശ്ച സാക്ഷീ ച
ചേതാ നിത്യോഽഗുണോഽദ്വയഃ. 19

അന്വയം: സർവ്വഭൂതേഷു മദന്യഃ ബോദ്ധാ കശ്ചിത് ന വിദ്യതേ കർമ്മാദ്ധ്യക്ഷശ്ച സാക്ഷീ ച ചേതാ നിത്യഃ അഗുണഃ അദ്വയഃ.

സാരം: സർവ്വജീവികളിലും ജ്ഞാതാവായിരിക്കുന്നത് ഞാൻതന്നെയാണ്; മററാരുമല്ല. എല്ലാ കർമ്മങ്ങളേയും നോക്കിക്കൊണ്ടു്, വിഷയങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടു് സാക്ഷിയായി വർത്തിക്കുന്നതും ഞാൻതന്നെ. ചേതനനും, നിത്യനും നിർഗ്ഗുണനും, കേവലനുമാണ് ഞാൻ (ആത്മാവു്). 19

ന സച്ചാഹം ന ചാഽസച്ച നോഭയം കേവലഃ ശിവഃ
ന മേ സന്ധ്യാ ന രാത്രിർവാ നാഹർവാ സർവ്വദാ ദൃശേഃ 20

അന്വയം: അഹം ന സത് ച അസത് ച, ന ച ഉഭയം; കേവലഃ ശിവഃ. സർവ്വദാ ദൃശേഃ മേ ന സന്ധ്യാ ന രാത്രിഃ വാ ന അഹഃ വാ.

സാരം: ഞാൻ (ആത്മാവു്) ഉള്ളതുമല്ല; ഇല്ലാത്തതുമല്ല; ഉഭയാത്മകവുമല്ല. കേവലനും, മംഗളരൂപിയുമാണ് ഞാൻ. എപ്പോഴും ഉണർന്നിരിക്കുന്ന, ജ്ഞാനസ്വരൂപനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

യ എനിക്കു് (ആത്മാവിന്നു്) സന്ധ്യയും രാത്രിയും, പകലും ഒന്നുമില്ല. (ഉള്ളതു് =കാണാവുന്ന പദാർത്ഥങ്ങരം; പൃഥിവി, അപ്, തേജസ്സ്. ഇല്ലാത്തതു്=അദൃശ്യപദാർത്ഥങ്ങരം-വായു, ആകാശം)- 20

സർവ്വമൂർത്തിവിയുക്തം യദ്യഥാ ഖം സൂക്ഷ്മമദ്വയം
തേനാപ്യസ്മി വിനാ ഭൂതം ബ്രഹ്മൈവാഹം തഥാ/ദ്വയം

അന്വയം: യഥാ യത് ഖം സർവ്വമൂർത്തിവിയുക്തം സൂക്ഷ്മം അദ്വയം തഥാ അഹം തേന അപി വിനാഭൂതം അദ്വയം ബ്രഹ്മ ഏവ അസ്മി.

സാരം: ആകാശം നീരൂപമാണു്. സൂക്ഷ്മമാണു്; ഏകമാണു്. ആകാശവുംകൂടി ബ്രഹ്മത്തോടു (ആത്മാവിനോടു്) ബന്ധപ്പെട്ടതല്ല. അതിനാൽ ഞാൻ (ആത്മാവു്) ഏകമായ ബ്രഹ്മംതന്നെയാകുന്നു. 21

മമാത്മാ സ്വത ആത്മേതി ഭേദോ വ്യോമ്നോ യഥാ ഭവേത്
ഏകസ്യ സുഷിഭേദേന തഥാ മമ വികല്പിതഃ 22

അന്വയം: ഏകസ്യ വ്യോമ്നഃ സുഷിഭേദേന യഥാ ഭേദഃ ഭവേത് തഥാ മമ ആത്മാ സ്വതഃ ആത്മാ ഇതി (ഭേദഃ) വികല്പിതഃ.

സാരം: ആകാശം ഒന്നേ ഉള്ളവെങ്കിലും ഛിദ്രഭേദം കൊണ്ടു്, ഘടാകാശം, ഗൃഹാകാശം എന്നിങ്ങനെ ഭേദം കല്പിച്ചു് പറയാറുണ്ടല്ലോ. അതുപോലെതന്നെ ഞാൻ (ആത്മാവു്) ഏകമാണെങ്കിലും, 'എന്റെ ആത്മാവു്' എന്നും സ്വതവേയുള്ള ആത്മാവ് എന്നും ഭേദം വെറും കല്പിതമാണു്. (വാസ്തവത്തിൽ ഭേദമില്ല; ഉപാധികൃതമാണു് ഭേദം എന്നർത്ഥം.) 22

ഭേദോ/ഭേദസ്തഥാ ചൈകോ
നാനാ ചേതി വികല്പിത;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞേയം ജ്ഞാതാ ഗതിർഗന്താ
മയ്യേകസ്മിൻ കുതോ ഭവേത്. 23

അന്വയം: ഏകസ്മിൻ മയി ഭേദഃ അഭേദഃ തഥാ ച ഏകഃ നാനാ ജ്ഞേയം ജ്ഞാതാ ഗതിഃ ഗന്താ ഇതി ച വികല്പിതഃ (ഏകസ്മിൻ മയി) കുതഃ ഭവേത്.

സാരം: ഞാൻ (ആത്മാവ്) കേവലമാണ്. ഭേദം അഭേദം, ഒന്ന് പലത്, അറിയപ്പെടുന്നത്, അറിയുന്നത്, കർമ്മഫലം, കർമ്മകർത്താവ്, ഭോക്താവ് എന്നീ വികല്പങ്ങളൊന്നും എന്നിൽ യഥാർത്ഥമല്ല. വെറും കല്പിതം മാത്രം. 23

ന മേ ഹേയം ന ചാദേയം അവികാരീ യതോ ഹ്യഹം
സദാ മുക്തസ്തഥാ ശുദ്ധഃ സദാ ബുദ്ധോഽഗുണോഽദ്വയഃ. 24

അന്വയം; യതഃ അഹം അവികാരീ ഹി മേ ഹേയം ന ആദേയം ച ന സദാ മുക്തഃ തഥാ ശുദ്ധഃ സദാ ബുദ്ധഃ അഗുണഃ അദ്വയഃ.

സാരം: ഞാൻ (ആത്മാവ്) നിർവ്വികാരനായതിനാൽ, തള്ളപ്പെടേണ്ടതായിട്ടോ സ്വീകാര്യമായിട്ടോ എനിക്കൊന്നുംതന്നെയില്ല. സദാ ശുദ്ധനും, മുക്തനും ബുദ്ധനും നിർഗ്ഗുണനും, കേവലനുമാണ് ഞാൻ. 24

ഇത്യേവം സർവ്വദാത്മാനം
വിദ്യാത് സർവ്വം സമാഹിതഃ
വിദിത്വാ മാം സ്വദേഹസ്ഥ–
മൃഷിർ മുക്തോ ധ്രുവോ ഭവേത്. 25

അന്വയം: ഇതി ഏവം സർവ്വദാ സമാഹിതഃ ആത്മാനം സർവ്വം വിദ്യാത്. മാം സ്വദേഹസ്ഥം വിദിത്വാ ഋഷിഃ മുക്തഃ ധ്രുവഃ ഭവേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം; ഇച്ചൊന്നവിധം, എല്ലാപ്പോഴും ഏകാഗ്രമാനസനായി എല്ലാമാത്മാവാണെന്ന് ധ്യാനിച്ചുറപ്പിക്കണം. ആത്മാവ് തൻെറ ദേഹത്തിൽത്തന്നെ കുടികൊള്ളുന്നതാണെന്നറിയുന്നവൻ സർവ്വദർശിയും മുക്തനുമായിത്തീരുന്നു. സംശയമില്ല. 25

കൃതകൃത്യശ്ച സിദ്ധശ്ച യോഗീ ബ്രാഹ്മണ ഏവ ച
യ ഏവം വേദ തത്ത്വാർത്ഥമന്യഥാ ഹ്യാത്മഹാ ഭവേത് 26

അന്വയം: യഃ ഏവം തത്ത്വാർത്ഥം വേദ കൃതകൃത്യഃ ച സിദ്ധഃ ച യോഗീ ബ്രാഹ്മണഃ ഏവ ച അന്യഥാ ഹി ആത്മഹാ ഭവേത്.

സാരം: ഇപ്രകാരം പരമാർത്ഥമറിയുന്നവൻ കൃതാർത്ഥനാണ്. അവന് ലക്ഷ്യം കരഗതമാവുന്നു. അവൻ പരിപൂർണ്ണനും ബ്രാഹ്മണനും(ബ്രഹ്മജ്ഞാനിയു) മാണ്. അല്ലാത്തവൻ ആത്മഘാതിയാണുതാനും. 26

വേദാർത്ഥോ നിശ്ചിതോ ഹ്യേഷ സമാസേന മയോദിതഃ
സന്ന്യാസിഭ്യഃ പ്രവക്തവ്യഃ ശാന്തേഭ്യഃ ശിഷ്ടബുദ്ധിനാ.

അന്വയം: സമാസേന മയാ ഉദിതഃ ഏഷഃ നിശ്ചിതഃ വേദാർത്ഥഃ ശാന്തേഭ്യഃ സംന്യാസിഭ്യഃ ശിഷ്ട-ബുദ്ധിനാ പ്രവക്തവ്യഃ.

സാരം: ഇങ്ങനെ വേദാന്തസിദ്ധാന്തം മുഴുവൻ ഞാൻ ചുരുക്കത്തിൽ പറഞ്ഞു. ഇതു് ഇന്ദ്രിയവിഷയങ്ങളിൽ നിന്നു് പിൻതിരിഞ്ഞവരും കർമ്മങ്ങളെ ത്യജിച്ചവരുമായ സംന്യാസികൾക്കായി യഥാർത്ഥജ്ഞാനം കൈവന്നവൻ ഉപദേശിക്കേണ്ടതാണ്. 27

ഇങ്ങനെ അചക്ഷുഷ്ട്വപ്രകരണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

സ്വപ്നസ്മൃതിപ്രകരണം

സ്വപ്നസ്മൃത്യോർഘടാദേർഹി രൂപാഭാസഃ പ്രദൃശ്യതേ
പുരാ നൂനം തദാകാരാ ധീർദൃഷ്ടേത്യനുമീയതേ. 1

അന്വയം: ഹി സ്വപ്നസ്മൃത്യോഃ ഘടാദേഃ രൂപാഭാസഃ പ്രദൃശ്യതേ പുരാ നൂനം തദാകാരാ ധീഃ ദൃഷ്ടാ ഇതി അനുമീയതേ.

സാരം: സ്വപ്നത്തിലും സ്മരണത്തിലും കുടം മുതലായ വസ്തുക്കളുടെ രൂപം പ്രതിഭാസിക്കുന്നു. അതിനാൽ അതിനു മുൻപുതന്നെ തീർച്ചയായും, ആ വസ്തുക്കളുടെ ജ്ഞാനം ഉണ്ടായിരിക്കണമെന്നൂഹിക്കാം. 1

ഭിക്ഷാമടൻ യഥാ സ്വപ്നേ ദൃഷ്ടോ ദേഹോ ന സ സ്വയം
ജാഗ്രദ്ദൃശ്യത്തഥാ ദേഹാദ്രഷ്ടൃത്വാദന്യ ഏവ സഃ. 2

അന്വയം: യഥാ സ്വപ്നേ ഭിക്ഷാം അടൻ ദൃഷ്ടഃ (യഃ) ദേഹഃ സഃ ന സ്വയം (ദ്രഷ്ടാ) തഥാ ദ്രഷ്ടൃത്വാത് സഃ ജാഗ്രദ്ദൃശ്യാത് ദേഹാത് അന്യഃ ഏവ.

സാരം: താൻ ഭിക്ഷ തെണ്ടുന്നതായി സ്വപ്നം കാണാറുണ്ട്. ആ ഭിക്ഷ തെണ്ടുന്ന ദേഹവും, അതു സ്വപ്നത്തിൽ ദർശിക്കുന്നവനും യഥാർത്ഥത്തിൽ വെവ്വേറെയാണെന്നതിൽ സംശയമില്ല. അതുപോലെ ഉണർന്നിരിക്കുമ്പോഴും കാണുന്ന ദേഹവും ആത്മാവും വെവ്വേറെതന്നെയാണ്. ആത്മാവു് ജ്ഞാതാവാണ്; ദേഹം ജ്ഞേയവും.

മൂഷാസിക്തം യഥാ താമ്രം തന്നിഭം ജായതേ തഥാ
രൂപാദീൻ വ്യാപ്നുവച്ചിത്തം തന്നിഭം ദൃശ്യതേ ധ്രുവം. 3

അന്വയം: മൂഷാസിക്തം താമ്രം യഥാ തന്നിഭം ജായതേ തഥാ രൂപാദീൻ വ്യാപ്നുവത് ചിത്തം ധ്രുവം തന്നിഭം ദൃശ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: മൂശയിലൊഴിച്ച (ഉരുക്കിയ) ചെമ്പ്, ആ മൂശയുടെ ആകൃതിയെ കൈക്കൊള്ളുന്നതുപോലെ രൂപം തുടങ്ങിയ വിഷയങ്ങളിൽ വ്യാപിക്കുമ്പോൾ അന്തഃകരണം, ആ രൂപാദികളെപ്പോലെതന്നെ കാണപ്പെടുന്നു. അതായതു് തദാകാരമായിത്തീരുന്നു. 3

വ്യഞ്ജകോ വാ യഥാഽലോകോ
വ്യങ്ഗ്യസ്യാകാരതാമിയാത്
സർവ്വാർത്ഥവ്യഞ്ജകത്വാദ്ധീ-
രർത്ഥാകാരാ പ്രദൃശ്യതേ. 4

അന്വയം: യഥാ വ്യഞ്ജകഃ ആലോകഃ വ്യങ്ഗ്യസ്യ ആകാരതാം ഇയാത്. സർവ്വാർത്ഥവ്യഞ്ജകത്വാത് ധീഃ അർത്ഥാകാരാ പ്രദൃശ്യതേ.

സാരം: വിഷയങ്ങളെ പ്രകാശിപ്പിക്കുന്ന വെളിച്ചം, വിഷയാകാരമായി കാണുന്നതുപോലെ, സർവ്വ വിഷയങ്ങളേയും പ്രകാശിപ്പിക്കുന്ന അന്തഃകരണം ആ വിഷയങ്ങളുടെ രൂപത്തിൽ കാണപ്പെടുന്നു.

ധീരേവാർത്ഥസ്വരൂപാ ഹി
പുംസാ ദൃഷ്ടാ പുരാഽപി ച
ന ചേത് സ്വപ്നേ കഥം പശ്യേത്
സ്മരതോ വാ കൃതിഃ കുതഃ. 5

അന്വയം: പുരാ അപി ച അർത്ഥസ്വരൂപാ ധീഃ ഏവ പുംസാ ദൃഷ്ടാ ഹി ന ചേത് സ്വപ്നേ കഥം പശ്യേത് സ്മരതഃ ആകൃതിഃ വാ കുതഃ.

സാരം: ജാഗ്രദവസ്ഥയിലും, വിഷയങ്ങളല്ല വിഷയാകാരമായിത്തീർന്ന അന്തഃകരണം (ജ്ഞാനം) തന്നെയാണ് മനുഷ്യന്നു ഗോചരമാവുന്നതു്. അല്ലാത്തപക്ഷം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയങ്ങളൊന്നുമില്ലാത്ത സ്വപ്നാവസ്ഥയിൽ, വിഷയങ്ങളെ കാണുന്നതെങ്ങിനെ? (സ്വപ്നത്തിൽ, അന്തഃകരണംതന്നെയാണ് വിഷയാകാരമായിക്കാണപ്പെടുന്നതു്. അതുപോലെതന്നെ ജാഗ്രത്തിലും എന്നർത്ഥം.) സ്മരിക്കുന്നവനു്, രൂപാദികളുടെ ബോധമുണ്ടാവുന്നതുമെങ്ങിനെ? (സ്മരണത്തിൽ രൂപാകാരമായുള്ള അന്തഃകരണവൃത്തിയല്ലേയുള്ളു!) 5

വ്യഞ്ജകത്വം തദേവാസ്യ രൂപാദ്യാകാരദൃശ്യതാ
ദ്രഷ്ടൃത്വം ച ദൃശേസ്തദ്വദ്വ്യാപ്തിഃ സ്യാദ്ധിയ ഉത്ഭവേ. 6

അന്വയം: രൂപാദ്യാകാരദൃശ്യതാ (യത്) തത് ഏവ അസ്യാഃ വ്യഞ്ജകത്വം തദ്വത് ദൃശേഃ ദ്രഷ്ടൃത്വം ച ധീയഃ ഉത്ഭവേ വ്യാപ്തിഃ സ്യാത്.

സാരം: അന്തഃകരണം വ്യഞ്ജകമാണു്. വിഷയങ്ങളെ പ്രകാശിപ്പിക്കുന്നതാണ്—എന്നു പറഞ്ഞാൽ, അന്തഃകരണംതന്നെ വിഷയാകാരേണ പരിണമിച്ചു് കാണപ്പെടുന്നു എന്നർത്ഥം. അതുപോലെ, ആത്മചൈതന്യം എല്ലാം കാണുന്നതാണെന്നതിൻെറ അർത്ഥം, അന്തഃകരണവൃത്തികൾ ഉണ്ടാവുമ്പോൾതന്നെ, ആത്മചൈതന്യം അവയിൽ പ്രതിഫലിച്ചു നില്ക്കുന്നു എന്നുമാണ്. 6

ചിന്മാത്രജ്യോതിഷാ സർവ്വാഃ സർവ്വദേഹേഷു ബുദ്ധയഃ
മയാ യസ്മാത് പ്രകാശ്യന്തേ സർവ്വസ്യാത്മാ തതോഹ്യഹം

അന്വയം: യസ്മാത് ചിന്മാത്രജ്യോതിഷാ മയാ സർവ്വദേഹേഷു സർവ്വാഃ ബുദ്ധയഃ പ്രകാശ്യന്തേ തതഃ അഹം സർവ്വസ്യ ആത്മാ ഹി.

സാരം: ജ്ഞാനമാത്രപ്രകാശനായ ഞാൻതന്നെയാണ്, എല്ലാ ദേഹങ്ങളിലുമുള്ള അന്തഃകരണങ്ങളെ പ്രകാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിപ്പിക്കുന്നതു്. അതിനാൽ ഞാൻ എല്ലാററിൻേറയും ആത്മാവാണെന്നതു് നിശ്ചയം. 7

കരണം കർമ്മ കർത്താ ച ക്രിയാ സ്വപ്നേ ഫലം ച ധീഃ
ജാഗ്രത്യേവം യതോ ദൃഷ്ടാ ദ്രഷ്ടാ തസ്മാദതോഽന്യഥാ. 8

അന്വയം: സ്വപ്നേ കരണം കർമ്മക്രിയാ കർത്താ ഫലം ച ധീഃ യതഃ ജാഗ്രതി ഏവം ദൃഷ്ടാ തസ്മാത് ദ്രഷ്ടാ അതഃ അന്യഥാ.

സാരം: സ്വപ്നത്തിൽ, (വിഷയങ്ങളൊന്നുമില്ലായ്കയാൽ) ഉപകരണങ്ങൾ, ചെയ്യുന്നവൻ ചെയ്യപ്പെടുന്നതു്, പ്രവൃത്തി, അതിൻെറ ഫലം എന്നിതെല്ലാം വെറും അന്തഃകരണത്തിൻെറ (ജ്ഞാനത്തിൻെറ) പരിണാമം മാത്രമാണു്. ജാഗ്രദവസ്ഥയിലും ഇതുതന്നെയാണു് സ്ഥിതി. അതിനാൽ, ഇതിനെയെല്ലാം അറിയുന്ന ആത്മാവു്, അറിയപ്പെടുന്ന അന്തഃകരണത്തിൽനിന്നും വേറിട്ടവൻ തന്നെ. 8

ബുദ്ധ്യാദീനാമനാത്മത്വം
ഹേയോപാദേയരൂപതഃ
ഹാനോപാദാനകർത്താഽഽത്മാ
ന ത്യാജ്യോ ന ച ഗൃഹ്യതേ 9

അന്വയം: ഹേയോപാദേയരൂപതഃ ബുദ്ധ്യാദീനാം അനാത്മത്വം ഹാനോപാദാനകർത്താ ആത്മാ ന ത്യാജ്യഃ ന ച ഗൃഹ്യതേ.

സാരം: ബുദ്ധ്യാദികളെല്ലാം വന്നും പോയുംകൊണ്ടിരിക്കുന്നവയാണു്. അതുകൊണ്ടു് അവ ആത്മാവല്ല. ബുദ്ധ്യാദികളെ വന്നുംപോയുമിരിക്കുന്നതാക്കിത്തീർക്കുന്നതേതോ അതാണാത്മാവു്. അതിനാൽ ഇതിനെ ഇല്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താക്കുവാനോ ഉണ്ടാക്കുവാനോ ആര്ക്കും സാദ്ധ്യമല്ല—ഇതു് നിത്യസിദ്ധമാണു്.

സബാഹ്യാഭ്യന്തരേ ശുദ്ധേ പ്രജ്ഞാനൈകരസേ ഘനേ
ബാഹ്യമാഭ്യന്തരം ചാന്യത്കഥം ഹേയം പ്രകല്പ്യതേ.

അന്വയം: സബാഹ്യാഭ്യന്തരേ ശുദ്ധേ ഘനേ പ്രജ്ഞാനൈകരസേ ബാഹ്യം ആഭ്യന്തരം അന്യത് ച ഹേയം കഥം പ്രകല്പ്യതേ?

സാരം: അകവും പുറവും നിറഞ്ഞു നില്ക്കുന്നതും, ജ്ഞാനൈകഘനവുമായ ആത്മാവിൽ (ബ്രഹ്മത്തിൽ) ഹേയമായിട്ടു്, പുറത്തുള്ളതോ അകത്തുള്ളതോ വേറെ വല്ലതുമോ ആയ യാതൊരു വസ്തുവും ഉണ്ടെന്നു കല്പിക്കാൻ സാധ്യമല്ല. 10

യ ആത്മാ നേതിനേതീതി പരാപോഹേന ശേഷിതഃ
സ ചേദ് ബ്രഹ്മവിദാത്മേഷ്ടോ യതേതാതഃ പരം കഥം

അന്വയം: യഃ ആത്മാ നേതിനേതി ഇതി പരാപോഹേനശേഷിതഃ സഃ ബ്രഹ്മവിദാത്മാ ഇഷ്ടഃ ചേത് അതഃ പരം കഥം യതേത.

സാരം: 'ഇതല്ല, ഇതല്ല', എന്നിങ്ങനെ, ദേഹാദി കളെയെല്ലാം നിരാകരിച്ചതിനുശേഷം ശ്രുതി എത്തിച്ചേന്നിരിക്കുന്നതു് ശേഷിച്ച ആത്മാവിലാണു്. ആ ആത്മാവുതന്നെയാണു് ബ്രഹ്മജ്ഞാനിയുടെ ആത്മാവു് എന്നു വരുമ്പോൾ, പിന്നെ ബ്രഹ്മജ്ഞാനി എങ്ങിനെ വേറെയൊന്നിനുവേണ്ടി പ്രാർത്ഥിക്കും? 11

അശനായാദ്യതിക്രാന്തം ബ്രഹ്മൈവാസ്മി നിരന്തരം
കാര്യവാൻ സ്യാം കഥം ചാഹം വിമൃശേദേവമഞ്ജസാ. 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അശനായാദ്യതിക്രാന്തം നിരന്തരം ബ്രഹ്മ ഏവ അസ്മി. അഹം കഥം ച കാര്യവാൻ സ്യാം ഏവം അഞ്ജസാ വിമൃശേത്.

സാരം: വിശപ്പ് തുടങ്ങിയ ദേഹധർമ്മങ്ങളൊന്നും തീണ്ടാത്തതും, എങ്ങും നിറഞ്ഞുനില്ക്കുന്നതുമായ ബ്രഹ്മം തന്നെയാണ് ഞാൻ. അങ്ങിനെയിരിക്കെ, ഞാൻ എന്തു കാര്യമാണ് ചെയ്യേണ്ടതു്? എന്നിങ്ങനെ ശരിയായ വഴിക്കു ചിന്തിക്കണം. 12

പാരഗസ്സു യഥാ നദ്യാസ്തത്സ്ഥഃ പാരം യിയാസതി
ആത്മജ്ഞശ്ചേത്തഥാ കാര്യം കർത്തുമന്യദിഹേച്ഛതി. 13

അന്വയം: നദ്യാഃ പാരഗഃ തത്സ്ഥഃ യഥാ പാരം യിയാസതി ചേത് തഥാ ആത്മജ്ഞഃ അന്യത് കാര്യം കർത്തും ഇഹ ഇച്ഛതി.

സാരം: പുഴക്കക്കരെ കടന്നവൻ, അവിടെ നിന്നുകൊണ്ട്, ആ കരയിലേക്കുതന്നെ പോകാനാഗ്രഹിക്കുമോ? അതുപോലെ ആത്മജ്ഞാനിക്കു് ചെയ്യേണ്ടതായിട്ട് മററു യാതൊരു കാര്യവുമില്ല. ആത്മജ്ഞാനി എത്തേണ്ട ദിക്കിൽ എത്തിക്കഴിഞ്ഞവനാണ് എന്നു സാരം. 13

ആത്മജ്ഞസ്യാപി യസ്യസ്യാ–
ദ്ധാനോപാദാനതാ യദി
ന മോക്ഷാർഹഃ സ വിജ്ഞേയോ
വാന്തോ/സൗ ബ്രഹ്മണാ ധ്രുവം. 14

അന്വയം: ആത്മജ്ഞസ്യ അപി യസ്യ ഹാനോ–പാദാനതാ സ്യാത് സഃ മോക്ഷാർഹഃ ന വിജ്ഞേയഃ അസൗ ധ്രുവം ബ്രഹ്മണാവാന്തഃ.

സാരം: ബ്രഹ്മജ്ഞാനിയാണെന്നു പറഞ്ഞുകൊണ്ട് ഏതൊരുത്തൻ, തനിക്കു ചെയ്യേണ്ടതായും തള്ളേണ്ടതായും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാര്യമുണ്ടെന്നു വിചാരിക്കുന്നുവോ അയാാം മോക്ഷത്തിന്നർഹനല്ല; ബ്രഹ്മംതന്നെ അയാളെ പുറംതള്ളിയിരിക്കുകയാണ്; നിശ്ചയം. 14

സാദിത്യം ഹി ജഗത്പ്രാണ–
സ്തസ്മാന്നാഹർനിശൈവ വാ
പ്രാണജ്ഞസ്യാപി ന സ്യാതാം
കുതോ ബ്രഹ്മവിദോദ്വയേ. 15

അന്വയം: സാദിത്യം ജഗത്പ്രാണഃ ഹി തസ്മാത് അഹഃ നിശാ ഏവ വാ ന സ്യാതാം ബ്രഹ്മവിദഃ അദ്വയേ കുതഃ.

സാരം: പ്രാണോപാസനചെയ്തു് 'ഞാൻ പ്രാണനാണ്' എന്ന ജ്ഞാനമുള്ളവന്നുകൂടി പകലും രാത്രിയും ഇല്ല. എന്തെന്നാൽ പ്രാണൻ എന്നു പറയുന്നതു് സൂര്യനോടുകൂടിയ ഈ ലോകത്തെയാണ്. അപ്പോാം രാപ്പകലില്ല. അയാാം എല്ലാം സൂര്യൻ അഥവാ ഹിരണ്യഗർഭനെന്നറിയുന്നു. അപ്പോാം താനും സൂര്യനാകുന്നു. പിന്നെ, ബ്രഹ്മജ്ഞാനിയുടെ കാര്യത്തിൽ പറയാനുണ്ടോ?–രണ്ടെന്ന ഭാവമേ അവിടെയില്ലല്ലോ. 15

ന സ്മരത്യാത്മനോ ഹ്യാത്മാ വിസ്മരേദ്വാപ്യലുപ്തചിത്
മനോഽപി സ്മരതീത്യേതത് ജ്ഞാനമജ്ഞാനഹേതുജം. 16

അന്വയം: അലുപ്തചിത് ആത്മാ ച ആത്മനഃ ന സ്മരതി (ന) വാ വിസ്മരേത് മനഃ സ്മരതി ഇതി ഏതത് ജ്ഞാനം അപി അജ്ഞാനഹേതുജം.

സാരം: സർവ്വദാ ചൈതന്യസ്വരൂപനായ ആത്മാവ്, തന്നെ സ്മരിക്കുകയോ വിസ്മരിക്കുകയോ ചെയ്യുന്നില്ല. 'മനസ്സു് സ്മരിക്കുന്നു.' എന്ന ജ്ഞാനവും, അറിവില്ലായ്മകൊണ്ടുണ്ടാവുന്നതാണ്. യഥാർത്ഥ ബ്രഹ്മജ്ഞാനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കു് സ്മരണവിസ്മരണങ്ങളോ, മനസ്സു സ്മരിക്കുന്നു എന്ന ബോധമോ ഉണ്ടാവില്ലെന്നർത്ഥം. 16

ജ്ഞാതുർജ്ഞേയഃ പരോഹ്യാത്മാ–
സോഽവിദ്യാകല്പിതഃ സ്മൃതഃ
അപോഢേ വിദ്യയാ തസ്മിൻ
രജ്വാം സർപ്പ ഇവാഽദ്വയഃ 17

അന്വയം: പരഃ ആത്മാ ജ്ഞാതുഃ ജ്ഞേയഃ യദി സഃ അവിദ്യാകല്പിതഃ ഹി സ്മൃതഃ രജ്വാം സർപ്പഃ ഇവ വിദ്യയാ തസ്മിൻ അപോഢേ അദ്വയഃ-

സാരം: 'ബ്രഹ്മം അറിയപ്പെടാവുന്നതാണു്; ജ്ഞാനവിഷയമാണു്'' എന്ന ബോധം ജ്ഞാനത്തിൽനിന്നും ഉടലെടുത്തതാണു്; കയറിൽ കാണുന്ന പാമ്പെന്നപോലെ യഥാർത്ഥജ്ഞാനംകൊണ്ടു് ഈ ജ്ഞാനത്തിൽനിന്നുമുണ്ടായ ബോധം ഇല്ലാതാക്കപ്പെടുമ്പോഴ് ആത്മാവു് അദ്വയമാണെന്നും ആത്മാവല്ലാതെ മറ്റൊന്നുമില്ലെന്നും ബോധ്യമാകും. 17

കർത്തൃകർമ്മഫലാഭാവാത് സ ബാഹ്യാഭ്യന്തരം ഹ്യജം
മമാഹം വേത്തി യോ ഭാവസ്തസ്മിൻ കസ്യ കുതോഭവേത്

അന്വയം: കർത്തൃകർമ്മഫലാഭാവാത് അജം സബാഹ്യാഭ്യന്തരം ഹി മമ അഹം വാ ഇതി യോ ഭാവഃ തസ്മിൻ കസ്യ ഭവേത് കുതഃ (ഭവേത്)

സാരം: യഥാർത്ഥത്തിൽ, ചെയ്യുന്നവനും (കർത്താവു്) ചെയ്യപ്പെടുന്നതും (കർമ്മം) കർമ്മഫലവും എല്ലാം ഇല്ലാത്തതാകയാൽ, അനാദിയായ ആത്മാവുതന്നെ അകവും പുറവുമെങ്ങും നിറഞ്ഞുനില്ക്കുന്നു. അങ്ങിനെയിരിക്കെ, ആ ആത്മാവിൽ 'ഞാൻ' 'എന്റേതു്'' എന്നീ വി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്പങ്ങളെല്ലാം ഉണ്ടാകുന്നതു്, എവിടെനിന്നാണു്? (ജ്ഞാനം പ്രാപിച്ചുകഴിഞ്ഞാൽ പിന്നെ, 'ഞാൻ, എൻെറ' എന്ന വികല്പങ്ങളൊന്നുമില്ല എന്നർത്ഥം) 18

ആത്മാ ഹ്യാത്മീയ ഇത്യേഷ ഭാവോ*f*വിദ്യാപ്രകല്പിതഃ
ആത്മൈകത്വേഹ്യസൗ നാസ്തി ബീജഭാവേ കുതഃ ഫലം.

അന്വയം: ആത്മാ ആത്മീയഃ ഇതി ഏഷ ഭാവഃ അവിദ്യാപ്രകല്പിതഃ ഹി ആത്മൈകത്വേ അസൗ നാസ്തി ഹി ബീജാഭാവേ ഫലം കുതഃ.

സാരം: 'ഞാൻ എൻേറതു്' എന്നീ ഭാവങ്ങളെല്ലാം അജ്ഞാനംകൊണ്ടു കല്പിക്കപ്പെട്ടതാണു്. ആത്മാവു് ഏകവും അദ്വിതീയവുമാണെന്ന ബോധമുണ്ടാകുമ്പോഠം അജ്ഞാനം നശിക്കുന്നു. അജ്ഞാനം നശിച്ചാൽ പിന്നെ 'ഞാൻ, എൻേറതു്' എന്ന ബോധവും നശിക്കും. കാരണമില്ലെങ്കിൽ കാര്യം എങ്ങനെയുണ്ടാകും? 19

ദ്രഷ്ടൃശ്രോതൃ തഥാമന്തൃ വിജ്ഞാത്രേവ തദക്ഷരം
ദ്രഷ്ടാദ്യന്യന്ന തദ്യസ്മാത്തസ്മാദ്ദ്രഷ്ടാഹമക്ഷരം. 20

അന്വയം: തത് അക്ഷരം ദ്രഷ്ടൃശ്രോതൃതഥാമന്തൃ വിജ്ഞാതൃ ഏവ യസ്മാത് തത് ന ദ്രഷ്ടാദ്യന്യത് തസ്മാത് ദ്രഷ്ടാ അഹം അക്ഷരം.

സാരം: ശ്രുതിയിൽ, ബ്രഹ്മം ദ്രഷ്ടാവാണു്, ശ്രോതാവാണു്, മനനകർത്താവാണു്, ജ്ഞാതാവാണു്- ദൃശ്യമല്ല; ശ്രുതമല്ല; എന്നിപ്രകാരം ഉദ്ഘോഷിച്ചിട്ടുണ്ടു്. ഞാൻ (ആത്മാവു്) ദ്രഷ്ടാവു്—എല്ലാം കാണുന്നവൻ (അറിയുന്നവൻ) ആകയാൽ, ഞാൻ ആ ബ്രഹ്മംതന്നെയാണു്. 20

സ്ഥാവരം ജംഗമം ചൈവ ദ്രഷ്ടൃത്വാദി ക്രിയായുതം
സർവ്വമക്ഷര ഏവാതഃ സർവ്വസ്യാത്മാക്ഷരം ത്വഹം. 21

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: സ്ഥാവരം ജങ്ഗമം ച ദ്രഷ്ടൃത്വാദി ക്രിയായുതം ഏവ അതഃ സർവ്വം അക്ഷരം ഏവ. അക്ഷരം അഹം തു സർവ്വസ്യ ആത്മാ.

സാരം: ഇളകുന്നതും, ഇളകാത്തതുമായ എല്ലാ വസ്തുക്കളിലും ജ്ഞാതൃത്വം തുടങ്ങിയ ക്രിയകൾ കാണുന്നുണ്ട്. അതിനാൽ അവയെല്ലാം ബ്രഹ്മംതന്നെയാണ്. അപ്പോൾ ബ്രഹ്മസ്വരൂപനായ ഞാൻ (വ്യഷ്ടിയായ ആത്മാവ്) തന്നെയാണ് സർവ്വഭൂതങ്ങളുടേയും ആത്മാവ്. 21

അകാര്യശേഷമാത്മാനം അക്രിയാത്മക്രിയാഫലം
നിർമ്മമം നിരഹങ്കാരം യഃ പശ്യതി സ പശ്യതി. 22

അന്വയം; യഃ ആത്മാനം അകാര്യശേഷം അക്രിയാത്മക്രിയാഫലം നിർമ്മമം നിരഹങ്കാരം പശ്യതി സഃ പശ്യതി.

സാരം: ആത്മാവ്, കർത്താവല്ലെന്നും അതു കാര്യസ്വരൂപമോ, കർമ്മഫലവുമായി ബന്ധമുള്ളതോ അല്ലെന്നും, 'ഞാൻ, എൻെറ' എന്ന ബോധമൊന്നും ആത്മാവിൻേറതല്ലെന്നും ആരറിയുന്നുവോ, അവനാണ് യഥാർത്ഥ ജ്ഞാനി. 22

മമാഹങ്കാരയത്നേച്ഛാഃ
ശൂന്യാ ഏവ സ്വഭാവതഃ
ആത്മനീതി യദി ജ്ഞാതം
ആദ്ധ്വം സ്വസ്ഥാഃ കിമീഹിതൈഃ 23

അന്വയം: ആത്മനി മമാഹങ്കാരയത്നേച്ഛാഃ സ്വഭാവതഃ ഏവ ശൂന്യാഃ ഇതി യദി ജ്ഞാതം സ്വസ്ഥാഃ ആദ്ധ്വം ഈഹിതൈഃ കിം?

സാരം: യഥാർത്ഥത്തിൽ 'ഞാൻ, എൻേറതു'' എന്നീ ഭാവങ്ങളും ഇച്ഛ, പ്രയത്നം എന്നിവയും ആത്മാവിലില്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തവയാണെങ്കിൽ, നിങ്ങളെന്തിനു വെറുതേ യത്നിക്കുന്നു? ശാന്തരായിരിക്കുവിൻ. 23

യോഽഹം കർത്താരമാത്മാനം
തഥാ വേത്താരമേവ ച
വേത്തി നാത്മജ്ഞ ഏവാസൗ
യോഽന്യഥാജ്ഞഃ സ ആത്മവിത് 24

അന്വയം: യഃ ആത്മാനം അഹം കർത്താരം തഥാ വേത്താരം ഏവ ച വേത്തി അസൗ ന ഏവ ആത്മജ്ഞഃ യഃ അന്യഥാജ്ഞഃ സഃ ആത്മവിത്.

സാരം: ആത്മാവ് 'ഞാൻ' എന്ന ഭാവമുള്ളതാണെന്നും ആത്മാവ് അറിയുന്നതാണെന്നും വിചാരിക്കുന്നവൻ ആത്മാവിനെ അറിഞ്ഞവനല്ല: ആത്മാവിന്നഹങ്കാരമില്ലെന്നും, അതു ജ്ഞാതാവല്ലെന്നും അറിയുന്നവനാരോ, അവനാണ് ആത്മജ്ഞാനി. 24

യഥാഽന്യത്രേഽപി താദാത്മ്യം ദേഹാദിഷ്വാത്മനോ മതം
തഥാഽകർത്തുരവിജ്ഞാനാത് ഫലകർമ്മാത്മതാത്മനഃ 25

അന്വയം: അന്യത്രേഽപി ആത്മനഃ ദേഹാദിഷു താദാത്മ്യം യഥാ മതം തഥാ അകർത്തുഃ അവിജ്ഞാനാത് ആത്മനഃ ഫലകർമ്മാത് മതാ

സാരം: ദേഹാദികളിൽനിന്ന് ഭിന്നമാണാത്മാവെങ്കിലും, അദ്ധ്യാസംകൊണ്ട് ദേഹാദികളും ആത്മാവും ഒന്നാണെന്ന ധാരണ കാണുന്നുണ്ടല്ലോ. അതുപോലെതന്നെ, ആത്മാവു കർത്താവല്ല, എന്ന ബോധമില്ലായ്കയാൽ ആത്മാവ് കർമ്മങ്ങളെ ചെയ്യുന്നു എന്നും, ഫലമനുഭവിക്കുന്നുവെന്നും തെററായി അനുഭവപ്പെടുകയാണ്. (സ്ഥൂലദേഹവും ആത്മാവും ഒന്നാണെന്ന ബോധംപോലെതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹങ്കാരപ്രധാനമായ സൂക്ഷ്മദേഹവും ആത്മാവും ഒന്നാണെന്ന ബോധവും കല്പിതമാണ്; യഥാർത്ഥമല്ല, എന്നർത്ഥം.) 25

ദൃഷ്ടിഃ ശ്രുതിർമ്മതിർജ്ഞാതിഃ
സ്വപ്നേ ദൃഷ്ടാജനൈസ്സദാ
താസാമാത്മസ്വരൂപത്വാ-
ദതഃ പ്രത്യക്ഷതാത്മനഃ 26

അന്വയം: സദാ സ്വപ്നേ ദൃഷ്ടിഃ ശ്രുതിഃ മതിഃ ജ്ഞാതിഃ ജനൈഃ ദൃഷ്ടാ താസാമാത്മസ്വരൂപത്വാത് അതഃ ആത്മനഃ പ്രത്യക്ഷതാ.

സാരം; കാണൽ, കേരംക്കൽ, ചിന്തിക്കൽ, അറിയൽ, എന്നിതെല്ലാം സ്വപ്നത്തിൽ എല്ലാവക്കും പരിചിതമാണ്. അപ്പോരം, അവയെ അറിയുന്ന. പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന സാക്ഷിചൈതന്യം അവയിൽ നിന്ന് ഭിന്നമാണെന്നു കിട്ടി. മാത്രമല്ല, 'കാണൽ' മുതലായവയെല്ലാം അന്തഃകരണവൃത്തികളാണ്; അവയെല്ലാം ആത്മസ്വരൂപവുമാണ്. അതിനാൽ ആത്മാവു സാക്ഷാത് അപരോക്ഷമാണ്. (സുഷുപ്തിയിൽ അന്തഃകരണവും ആത്മാവിൽ ലയിക്കുന്നു. ശേഷിക്കുന്നതു്, സ്വയംപ്രകാശമായ ആത്മസ്വരൂപംമാത്രം. അതിനാൽ ആത്മാവു് അന്തഃകരണത്തിൽനിന്നും ഭിന്നമാണെന്നും, അതിനെക്കൂടി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന സാക്ഷിയാണെന്നും സിദ്ധമാകുന്നു. ഇതാണ് ആത്മാവു് നേരിട്ടു പ്രത്യക്ഷമാകുന്നു എന്നു പറഞ്ഞതിൻെറ സാരം) 26

പരലോകഭയം യസ്യ
നാസ്തി മൃത്യുഭയം തഥാ
തസ്യാത്മജ്ഞസ്യ ശോച്യാഃ സ്യുഃ
സബ്രഹ്മേന്ദ്രാ അപീശ്വരാഃ 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യസ്യ പരലോകഭയം തഥാ മൃത്യുഭയം ന അസ്തി ആത്മജ്ഞസ്യ തസ്യ സബ്രഹ്മേന്ദ്രാഃ ഈശ്വരാഃ അപി ശോച്യാഃ സ്യുഃ.

സാരം: പരലോകഭയവും മരണഭയവുമില്ലാത്ത ആത്മജ്ഞാനിക്കു് ബ്രഹ്മാവു് ഇന്ദ്രൻ തുടങ്ങിയ പ്രബലന്മാരായ ദേവന്മാർക്കുടി അനുകമ്പ്യരാണു്. 27

ഈശ്വരത്വേന കിം തസ്യ
ബ്രഹ്മേന്ദ്രത്വേന വാ പുനഃ
തൃഷ്ണാചേത് സർവ്വതശ്ഛിന്നാ
സർവ്വദൈന്യോത്ഭവാ/ശുഭാ. 28

അന്വയം: സർവ്വദൈന്യോത്ഭവാ അശുഭാ തൃഷ്ണാ സർവ്വതഃ ഛിന്നാ ചേത് തസ്യ പുനഃ ഈശ്വരത്വേന ബ്രഹ്മേന്ദ്രത്വേന വാ കിം?

സാരം: എല്ലാ ദൌർബ്ബല്യങ്ങൾക്കും ഉറവിടവും, അമംഗളവുമായ ആശയെ വേരറുത്തവന്നു്, ഐശ്വര്യം കൊണ്ടോ, ബ്രഹ്മേന്ദ്രപദവികൾകൊണ്ടോ എന്തു കാര്യം? 28

അഹമിത്യാത്മധീർയാ ച മമേത്യാത്മീയധീരപി
അർത്ഥശൂന്യേ യദാ യസ്യ സ ആത്മജ്ഞോ ഭവേത്തദാ. 29

അന്വയം: യസ്യ യദാ അഹം ഇതി ആത്മധീഃ ച യാ മമ ഇതി ആത്മീയ ധീഃ അപി അർത്ഥശൂന്യേ സ്യാതാം സഃ തദാ ആത്മജ്ഞഃ ഭവേത്.

സാരം: എപ്പോഴാണോ 'ഞാൻ' എന്നും 'എന്റേതെന്നും' ഉള്ള ബോധങ്ങൾ, അർത്ഥശൂന്യമായിത്തീരുന്നതു്, അപ്പോൾ അവൻ ആത്മജ്ഞാനിയായിത്തീരുന്നു. 29

ബുദ്ധ്യാദൌ സത്യപാധൌ ച
തഥാസത്യവിശേഷതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

യസ്യ ചേദാത്മനോ ജ്ഞാതാ
തസ്യ കാര്യം കഥം ഭവേത്. 30

അന്വയം: യസ്യ ബുദ്ധ്യാദൗ ഉപാധൗസതി തഥാ അസതി ച ആത്മനഃ അവിശേഷതാ ജ്ഞാതാ ചേത് തസ്യ കാര്യം കഥം ഭവേത്.

സാരം: ബുദ്ധി തുടങ്ങിയ ഉപാധികളുള്ളപ്പോഴും (ജാഗ്രദവസ്ഥയിലും, സ്വപ്നാവസ്ഥയിലും) അതില്ലാത്തപ്പോഴും (സുഷുപ്തിയിലും) ആത്മാവിന്നു് യാതൊരു വിശേഷവുമില്ലെന്നറിഞ്ഞവന്നു്, പിന്നെ ചെയ്യേണ്ടതായിട്ടെന്തുണ്ടാകും? അവന്നു് ചെയ്യേണ്ടതായോ അറിയേണ്ടതായോ യാതൊന്നുമില്ലെന്നർത്ഥം. 30

പ്രസന്നേ വിമലേ വ്യോമ്നി പ്രജ്ഞാനൈകരസേഽദ്വയേ
ഉൽപന്നാത്മധിയോ ബ്രൂത കിമന്യത്കാര്യമിഷ്യതേ.

അന്വയം: പ്രസന്നേ വിമലേ പ്രജ്ഞാനൈകരസേ ഘനേ വ്യോമ്നി ഉൽപന്നാത്മധിയഃ കാര്യം അന്യത് കിം ഇഷ്യതേ ബ്രൂത.

സാരം: സ്വതവേ ദോഷങ്ങളാം തീണ്ടാത്തതും, ആഗന്തുകമായ യാതൊരു കളങ്കവുമില്ലാത്തതും ജ്ഞാനമാത്രസ്വരൂപവും നിരന്തരവുമായ ആകാശസദൃശമായ ബ്രഹ്മം തന്നെയാണു് ആത്മാവു് എന്ന ജ്ഞാനമുറച്ചവന്നു്, പിന്നെയെന്തൊന്നാണു് ചെയ്യേണ്ടതായിട്ടുള്ളതു്? പറയുവിൻ_(ഒന്നുമില്ലെന്നു സാരം.) 31

ആത്മാനം സർവ്വഭൂതസ്ഥം അമിത്രം ചാത്മനോഽപി യഃ
പശ്യന്നിച്ഛത്യസൗ നൂനം ശീതീകർത്തും വിഭാവസും. 32

അന്വയം: ആത്മാനം സർവ്വഭൂതസ്ഥം ആത്മനഃ അമിത്രം ച പശ്യൻ യഃ അസൗ വിഭാവസും ശീതീകർത്തും നൂനം ഇച്ഛതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ആത്മാവു് (താൻ) എല്ലാ ഭൂതങ്ങളിലും കുടി കൊള്ളുന്നുണ്ടെന്നും തനിക്കു ശത്രുക്കളുണ്ടെന്നും ഒരേ സമയത്തു് വിചാരിക്കുന്നവൻ അഗ്നിയെ തണുപ്പിക്കാൻ ആഗ്രഹിക്കുന്നവനാണു്. (ആത്മജ്ഞനു് ശത്രുമിത്രാദി ഭേദമില്ല. അതിനാൽ അവന്നു് പ്രയത്നമുണ്ടാകയില്ലെന്നു താല്പര്യം) 32

പ്രജ്ഞാ പ്രാണാനുകാര്യാത്മാ
ഛായേവാക്ഷാദിഗോചരഃ
ധ്യായതീവേതി ചോക്തോ ഹി
ശുദ്ധോ മുക്തഃ സ്വതോഹി സഃ. 33

അന്വയം: ആത്മാ പ്രജ്ഞാ പ്രാണാനുകാരീ ഛായാ ഇവ അക്ഷാദിഗോചരഃ ധ്യായതീ ഇവ ഇതി ഉക്തഃ ച സ: സ്വതഃ ശുദ്ധഃ മുക്തഃ ഹി.

സാരം: ശ്രുതിയിൽ 'ധ്യായതീവ ലോലായതീവ' എന്നിങ്ങനെ ആത്മാവു് ധ്യാനിക്കുന്നപോലെയും ഇളകുന്നപോലെയും ഇരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ടു്. അതു് ബുദ്ധി, പ്രാണൻ എന്നിവയിൽ പ്രതിബിംബിച്ച ആത്മാവു്, ഉപാധികളായ ബുദ്ധിയും പ്രാണനും ഇളകുമ്പോൾ ആത്മാവും ഇളകുന്ന മാതിരി തോന്നുന്നു എന്നർത്ഥത്തിലാണു്. വെള്ളത്തിൽ പ്രതിബിംബിച്ച സൂര്യഛായ വെള്ളമിളകുമ്പോൾ ഇളകുമെങ്കിലും, സ്വതവേ ബിംബഭൂതമായ സൂര്യന്നു് ഇളക്കമില്ലല്ലോ. അതുപോലെ ആത്മാവു് സ്വതവേ ദോഷരഹിതവും, നിത്യമുക്തവുമാണു്. ഉപാധികൃതമാണു് ആത്മാവിന്റെ ചലനങ്ങളെല്ലാം 33

അപ്രാണസ്യാമനസ്കസ്യ തഥാഽസംസൃഗിണോ ദൃശേഃ
വ്യോമവദ്വ്യാപിനോ ഹ്യസ്യ കഥം കാര്യം ഭവേന്മമ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അപ്രാണസ്യ അമനസ്കസ്യ തഥാ അസംസഗ്ഗിണഃ ദൃശേഃ വ്യോമവത് വ്യാപിനഃ അസ്യ മമ കാര്യം കഥം ഭവേത്.

സാരം: പ്രാണൻ അന്തഃകരണം ഇവയൊന്നുമില്ലാത്തവനും യാതൊന്നുമായി ബന്ധമില്ലാത്തവനും, ജ്ഞാനസ്വരൂപനും ആകാശംപോലെ സർവ്വവ്യാപിയുമായ എനിക്കു് (ആത്മാവിന്നു്) ചെയ്യേണ്ടതായിട്ടെന്തെങ്കിലും എങ്ങിനെയുണ്ടാകും. 34

അസ്മാധിം ന പശ്യാമി
നിവ്വികാരസ്യ സവ്വദാ
ബ്രഹ്മണോ മേ വിശുദ്ധസ്യ
ശോദ്ധ്യം നാന്യദ്വിപാപ്മനഃ 35

ഗന്തവ്യം ച തഥാ നൈവ സവ്വഗസ്യാചലസ്യ ച
നോദ്ധ്വം നാധസ്തിരോ വാപി നിഷ്കലസ്യാഗുണത്വതഃ 36

അന്വയം: നിവ്വികാരസ്യ ബ്രഹ്മണഃ മേ അസമാധിം സർവ്വദാ ന പശ്യാമി വിശുദ്ധസ്യ വിപാപ്മനഃ ശോദ്ധ്യം അന്യത് ന തഥാ സർവ്വഗസ്യ അചലസ്യ ച ഗന്തവ്യം ച ന ഏവ അഗുണത്വതഃ നിഷ്കലസ്യ ഊദ്ധ്വം ന അധഃ ന തിരഃ വാ അപി (ന)

സാരം: വികാരസ്പർശമില്ലാത്ത ബ്രഹ്മമാണു് ഞാൻ. (ആത്മാവു്.) അതിനാൽ എനിയ്ക്കൊരിയ്ക്കലും ചിത്തൈകാഗ്ര്യമില്ലാതില്ല. സ്വതവേ ദോഷരഹിതനും, ആഗന്തുകമായ യാതൊരു കളങ്കവുമില്ലാത്തവനുമായ എന്നിൽ ശുദ്ധീകരിക്കപ്പെടേണ്ടതായും യാതൊന്നുമില്ല. സർവ്വവ്യാപിയും, ഇളകാതെ നില്ക്കുന്നവനുമായ എനിയ്ക്കു് പോകേണ്ടതായ സ്ഥാനവുമില്ല. നിർഗ്ഗുണനാകയാൽ, അവയവങ്ങളൊന്നുമില്ലാത്ത എനിക്കു് മേൽ കീഴു് പാർശ്വം എന്നീ ഭാഗങ്ങളൊന്നുമില്ല. 35-36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിന്മാത്രജ്യോതിഷോ നിത്യം തമസ്തസ്മിന്ന വിദ്യതേ
കഥം കാര്യം മമൈവാദ്യ നിത്യമുക്തസ്യ ശിഷ്യതേ. 37

അന്വയം: നിത്യം ചിന്മാത്രജ്യോതിഷഃ തസ്മിൻ തമഃ ന വിദ്യതേ. അദ്യ നിത്യമുക്തസ്യ മമ കാര്യം കഥം ശിഷ്യതേ ഏവ.

സാരം: ആത്മാവ് ജ്ഞാന മാത്രപ്രകാശവും അജ്ഞാനലേശമിയലാത്തതുമാണ്. അങ്ങനെ നിത്യമുക്തസ്വഭാവനായ എനിക്ക് (ആത്മാവിന്ന്) ചെയ്യേണ്ടതായിട്ടെന്താണുള്ളത്? (ഒന്നുമില്ലെന്ന താല്പര്യം.) 37

അമനസ്കസ്യ കാ ചിന്താ ക്രിയാവാനിന്ദ്രിയസ്യ കാ
'അപ്രാണോഹ്യമനാഃ ശുഭ്രാ' ഇതി സത്യം ശ്രുതേർവ്വചഃ

അന്വയം: അമനസ്കസ്യ കാ ചിന്താ അനിന്ദ്രിയസ്യ കാ വാ ക്രിയാ അപ്രാണോഹ്യമനാഃ ശുഭ്രഃ ഇതി ശ്രുതേഃ വചഃ സത്യം.

സാരം: അന്തകരണമില്ലാത്തവന്ന് ചിന്തയുണ്ടാകുന്നതെങ്ങിനെ? ഇന്ദ്രിയങ്ങളൊന്നുമില്ലാത്തവൻ എന്തു കാര്യം ചെയ്യാനാണ്? (ആത്മാവ് അന്തകരണവും ഇന്ദ്രിയങ്ങളും ഇല്ലാത്തതാകയാൽ, ചിന്തയോ കർമ്മങ്ങളോ അതിനില്ലെന്ന സാരം) ആത്മാവ് പ്രാണനും അന്തഃകരണവുമില്ലാത്തതും ദോഷരഹിതവുമാണെന്ന ശ്രുതിവാക്യം യഥാർത്ഥമാണ്. 38

അകാലത്വാദദേശത്വാദദിക്ത്വാദനിമിത്തതഃ
ആത്മനോ നൈവ കാലാദേരപേക്ഷാദ്ധ്യായതഃ സദാ.

അന്വയം: ആത്മനഃ അകാലത്വാത് അദേശത്വാത് അദിക്ത്വാത് അനിമിത്തതഃ (ആത്മനഃ) സദാധ്യായതഃ കാലാദേഃ അപേക്ഷാ ന ഏവ.

*23

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ആത്മധ്യാനം ചെയ്യുന്നതിന്നു്, കാലം, ദേശം, ദിക്കു് എന്നിവയുടെ അപേക്ഷയൊന്നുമില്ല. കാരണം, ആത്മാവിന്നു് കാലം, ദേശം, ദിക്കു്, കാരണത്വം എന്നിവയുമായി ബന്ധമൊന്നുമില്ല. 39

യസ്മിൻ ദേവാശ്ച വേദാശ്ച
പവിത്രം കൃത്സ്നമേകതാം
വ്രജേത്തന്മാനസം തീൎത്ഥം
യസ്മിൻ സ്നാത്വാഽമൃതോ ഭവേത്, 40

അന്വയം: യസ്മിൻ ദേവാഃ ച വേദാഃ ച കൃത്സ്നം പവിത്രം ഏകതാം വ്രജേത് തത് മാനസം തീൎത്ഥം യസ്മിൻ സ്നാത്വാ അമൃതഃ ഭവേത്.

സാരം: അന്തഃകരണത്തിൽ സ്ഫുരിക്കുന്ന ആത്മ ചൈതന്യമാകുന്ന തീൎത്ഥത്തിൽ എല്ലാ ദേവന്മാരും, എല്ലാ വേദങ്ങളും പാവനങ്ങളായ മററെല്ലാംതന്നെയും, നദികറം സമുദ്രത്തിൽ ചേൎന്നൊന്നായിത്തീരുന്നതുപോലെ, ഏകരൂപതയെ പ്രാപിക്കുന്നു. ആ മാനസതീൎത്ഥത്തിൽ—ആത്മചൈതന്യജ്ഞാനത്തിൽ കുളിച്ചവൻ–മരണമില്ലാത്തവനായിത്തീരുന്നു. അയാറംക്കു് ലൗകികതീർത്ഥങ്ങളുടെ ആവശ്യകതയെങ്ങിനെയുണ്ടാകും. 40

ന ചാസ്തി ശബ്ദാദിരനന്യവേദനഃ
പരസ്പരേണാപി ന ചൈവ ദൃശ്യതേ
പരേണ ദൃശ്യാസ്തു യഥാ രസാദയ—
സ്തഥൈവ ദൃശ്യത്വത ഏവ ദൈഹികാഃ 41

അന്വയം: ശബ്ദാദിഃ അനന്യവേദനഃ ന ച അസ്തി പരസ്പരേണ അപി ന ഏവ ദൃശ്യതേ ച യഥാ രസാദയഃ പരേണ തു ദൃശ്യാഃ തഥൈവ ദൃശ്യത്വതഃ ഏവ ദൈഹികാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ജഡങ്ങളായ ശബ്ദം തുടങ്ങിയ വിഷയങ്ങരം സ്വയം പ്രകാശകങ്ങളല്ല. അവ തമ്മിൽ തമ്മിലും പ്രകാശിപ്പിക്കപ്പെടുന്നില്ല. അതിനാൽ, രസം തുടങ്ങിയ ബാഹ്യവിഷയങ്ങളെല്ലാം പ്രകാശിപ്പിക്കപ്പെടുന്നതു് (അറിയപ്പെടുന്നതു്) അവയിൽനിന്നും വിലക്ഷണമായ (ചേതനമായ) മറെറാന്നിനാലാണു്. (ആത്മാവിനാൽ എന്നർത്ഥം) അങ്ങനെ ജ്ഞാനവിഷയങ്ങളാകയാൽ, അവ ദേഹസംബന്ധികളാണു്; ആത്മസംബന്ധികളല്ല. 41

അഹം മമേത്യേഷണയത്നവിക്രിയാ
സുഖാദയസ്തദ്വദിഹ പ്രദൃശ്യതഃ
ദൃശ്യത്വയോഗാച്ച പരസ്പരേണ തേ
ന ദൃശ്യതാം യാന്തി തതഃ പരോ ഭവാൻ. 42

അന്വയം: ഇഹ പ്രദൃശ്യതഃ അഹം, മമ, ഇതി ഏഷണയത്നവിക്രിയാ സുഖാദയഃ തദ്വത് ദൃശ്യത്വയോഗാദ് തേ പരസ്പരേണ ദൃശ്യതാം ന യാന്തി ച തതഃ പരഃ ഭവാൻ.

സാരം: (മുൻ ശ്ലോകംകൊണ്ടു് സ്ഥൂലദേഹത്തിൽനിന്നു് വിലക്ഷണമാണാത്മാവെന്നു് പറഞ്ഞു. ഇപ്പോരം സൂക്ഷ്മദേഹത്തിൽനിന്നും ഭിന്നമാണാത്മാവെന്നു പറയുന്നു.) 'ഞാൻ' 'എൻേറതു്' എന്നീ ജ്ഞാനങ്ങരംക്കു കാരണമായ, കാമം, പ്രയത്നം, കർത്തൃത്വം, ഭോക്തൃത്വം, സുഖം, ദുഃഖം മുതലായവയും ജ്ഞാനവിഷയങ്ങളാകയാൽ, സ്വയം പ്രകാശകങ്ങളല്ല. അവ അന്യോന്യവും പ്രകാശിപ്പിക്കുന്നില്ല. (അറിയുന്നില്ല) മുൻപറഞ്ഞതുതന്നെ യുക്തി. അതിനാൽ, ഇവയുടെ സംഘാതമായ സൂക്ഷ്മദേഹത്തിൽനിന്നും വിലക്ഷണമാണാത്മാവു്. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹം ക്രിയാദ്യാ ഹി സമസ്തവിക്രിയാ
സകർത്തൃകാ കമ്മഫലേന സംഹതാ
ചിതിസ്വരൂപേണ സമന്തതോഽക്വവത്
പ്രകാശ്യമാനാഽസിതതാത്മനോഹ്യതഃ. 43

അന്വയം: അഹം ക്രിയാദ്യാ സമസ്തവിക്രിയാ സകർത്തൃകാ കമ്മഫലേന സംഹതാ ഹി അക്വവത് ചിതിസ്വരൂപേണ സമന്തതഃ പ്രകാശ്യമാനാ അതഃ ആത്മനഃ അസിതതാ ഹി.

സാരം: അഹങ്കാരം തുടങ്ങിയ എല്ലാ ചിത്തവികാരങ്ങളും, സകർത്തൃകങ്ങളും, കമ്മഫലത്തോടു ബന്ധപ്പെട്ടവയുമാണ്. സൂര്യനെപ്പോലെ സർവ്വദാ ചൈതന്യ (ജ്ഞാന)സ്വരൂപമായ ആത്മാവിനാലാണ് അവ പ്രകാശിപ്പിക്കപ്പെടുന്നതു്. ആത്മാവാകട്ടെ സ്വയം പ്രകാശകമാകുന്നു. അതിനാൽ ആത്മാവു് നിത്യമുക്തനാണെന്നതു് സിദ്ധമായി. 43

ദൃശിസ്വരൂപേണ ഹി സവ്വദേഹിനാം
വിയദ്യഥാ വ്യാപ്യ മനാംസ്യവസ്ഥിതഃ
അതോ ന തസ്മാദപരോഽസ്തി വേദിതാ
പരോഽപി തസ്മാദത ഏക ഈശ്വരഃ 44

അന്വയം: ഹി യഥാവിയത് ദൃശിസ്വരൂപേണ സവ്വദേഹിനാം മനാംസി വ്യാപ്യ അവസ്ഥിതഃ അതഃ തസ്മാത് അപരഃ വേദിതാ ന അസ്തി തസ്മാത് പരഃ അപി (നാസ്തി) അതഃ ഈശ്വരഃ ഏകഃ.

സാരം: ജ്ഞാനസ്വരൂപനായി, ആകാശമെന്നോണം എല്ലാ ജീവികളുടേയും അന്തഃകരണങ്ങളെ വ്യാപിച്ചുനില്ക്കുന്നതാണ് ആത്മചൈതന്യം. അതിനാൽ അതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേക്കാം അപകൃഷ്ടനായോ ഉൽകൃഷ്ടനായോ മറെറാരു ജ്ഞാതാവ്ʼ ഇല്ല. അതുകൊണ്ട്ʼ സർവ്വപ്രകാശകമായ സാക്ഷിചൈതന്യം ഈശ്വരൻ ഒന്നുമാത്രമേയുള്ളു. 44

ശരീരബുദ്ധ്യോർയദി ചാന്യദൃശ്യതാ
നിരാത്മവാദാഃ സുനിരാകൃതാ മയാ
പരശ്ച ശുദ്ധോ ഹ്യവിശുദ്ധികർമ്മതഃ
സുനിർമ്മലഃ സർവ്വഗതോഽസിതോഽദ്വയഃ 45

അന്വയം: ശരീരബുദ്ധ്യോഃ അന്യദൃശ്യതാ യദി നിരാത്മവാദാഃ മയാ സുനിരാകൃതാഃ ച അവിശുദ്ധി കർമ്മതഃ പരഃ ശുദ്ധഃ സുനിർമ്മലഃ സർവ്വഗതഃ അസിതഃ അദ്വയഃ ച.

സാരം: മുൻപറഞ്ഞവിധം സ്ഥൂലശരീരവും സൂക്ഷ്മ ശരീരവും, അന്തഃകരണവുമെല്ലാം മറെറാന്നിനാൽ (ആത്മാവിനാൽ)പ്രകാശിപ്പിക്കപ്പെടുന്നവയാണെന്ന്ʼ തെളിയിച്ചതുകൊണ്ടുതന്നെ, ആത്മാവില്ലെന്ന്ʼ ബൗദ്ധാദികളുടെ വാദങ്ങൾ നിരാകൃതങ്ങളായിക്കഴിഞ്ഞിരിക്കുന്നു. ദോഷകാരണങ്ങളായ കാര്യങ്ങളൊന്നും തീണ്ടാത്ത ആത്മാവ്ʼ, സ്വതവേ ശുദ്ധനും യാതൊരു കളങ്കവുമേശാത്തവനും സർവ്വവ്യാപിയും നിത്യമുക്തനും അദ്വയനുമാണ്ʼ. 45

ഘടാദിരൂപം യദി തേന ഗൃഹ്യതേ
മനഃ പ്രവൃത്തം ബഹുധാ സ്വവൃത്തിഭിഃ
അശുദ്ധ്യചിദ്രൂപവികാരദോഷതാ
മതേർയഥാ വാരയിതും ന പാര്യതേ. 46

അന്വയം: തേ ബഹുധാ സ്വവൃത്തിഭിഃ മനഃ പ്രവൃത്തം ഘടാദിരൂപം യദി ന ഗൃഹ്യതേ മതേഃ യഥാ അശുദ്ധ്യചിദ്രൂപവികാരദോഷതാ വാരയിതും ന പാര്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

സാരം: നിരാത്മവാദികളുടെ അഭിപ്രായമനുസരിച്ച് പല തരത്തിലുള്ള അന്തഃകരണ പരിണാമങ്ങൾകൊണ്ടുണ്ടാവുന്ന പദാൎത്ഥരൂപം തദ്വ്യതിരിക്തമായ മറെറാരു ചൈതന്യത്താൽ (ആത്മാവിനാൽ) പ്രകാശിപ്പിക്കപ്പെട്ടന്നില്ലെന്നു പറയുകയാണെങ്കിൽ അന്തഃകരണത്തിനെന്നപോലെ ആത്മാവിനും അശുദ്ധി, ജഡത്വം, പരിണാമിത്വം എന്നീ ദോഷങ്ങളൊക്കെ ഉണ്ടെന്നു് പറയേണ്ടിവരും- അങ്ങിനെയായാൽ പിന്നെ മോക്ഷത്തിന്റെ കഥയെവിടെ? 46

യഥാ വിശുദ്ധം ഗഗനം നിരന്തരം
ന സജ്ജതേ നാപി ച ലിപ്യതേ തഥാ
സമസ്തഭൂതേഷു സദൈവ തേഷ്വയം
സമഃ സദാത്മാ ഹ്യജരോഽമരോഽഭയഃ 47

അന്വയം: യഥാ വിശുദ്ധം നിരന്തരം ഗഗനം ന സജ്ജതേ ന അപിലിപ്യതേ ച തഥാ സത് അയം ആത്മാ സമസ്തഭൂതേഷു സദാ ഏവ സമഃ അജരഃ അമരഃ അഭയഃ ഹി.

സാരം: നിൎമ്മലവും എങ്ങും നിറഞ്ഞുനില്ക്കുന്നതുമായ ആകാശം എപ്രകാരം ഒന്നിനോടും ബന്ധപ്പെടാത്തതും, ഒന്നിന്റേറയും ഗുണദോഷങ്ങളൊട്ടാത്തതുമാണോ, അപ്രകാരം സദ്രൂപമായ ഈ ആത്മാവും എല്ലായ്പ്പോഴും എല്ലാവസ്തുക്കളിലും ഒരുപോലെ സ്ഥിതിചെയ്യുന്നതും വാൎദ്ധക്യം, മരണം, ഭയം എന്നിവയില്ലാത്തതുമാണു്, നിശ്ചയംതന്നെ. 47

അമൂൎത്തമൂൎത്താനി ച കൎമ്മവാസനാ
ദൃശിസ്വരൂപസ്യ ബഹി പ്രകല്പിതാഃ
അവിദ്യയാ ഹ്യാത്മനി മൂഢദൃഷ്ടിഭിഃ
അപോഹ്യ നേതീത്യവശേഷിതോ ദൃശി 48

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: മൂഢദൃഷ്ടിഭിഃ അവിദ്യയാ ആത്മനി കല്പിതാഃ അമൂർത്തമൂർത്താനി കർമ്മവാസനാഃ ച ദൃശിസ്വരൂപസ്യ ബഹിഃ ഹി അപോഹ്യ ദൃശി അവശേഷിതഃ.

സാരം: കാണാവുന്നതും, കാണാൻ വയ്യാത്തതുമായ പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടാക്കപ്പെട്ട സ്ഥൂലദേഹവും, കർമ്മവാസനകളുടെ ഇരിപ്പിടമായ സൂക്ഷ്മദേഹവും അറിവില്ലാത്തവരാൽ ആത്മാവിൽ വെറുതേ ആരോപിക്കപ്പെട്ടിരിക്കുന്നു. അവ ആത്മാവിൽനിന്നു വേറിട്ടവതന്നെയാണ്. എന്തെന്നാൽ ശ്രുതി 'നേതി, നേതി' (ഇതല്ല, ഇതല്ല) എന്നിങ്ങനെ ദേഹേന്ദ്രിയാദികളെ നിഷേധിച്ച് ആത്മസ്വരൂപത്തെ വെളിവാക്കിത്തന്നിട്ടുണ്ട്. 48

പ്രബോധരൂപം മനസോऽർത്ഥയോഗജം
സ്മൃതൗ ച സുപ്തസ്യ ച ദൃശ്യതേऽർത്ഥവത്
തഥൈവ ദേഹപ്രതിമാനതഃ പൃഥക്
ദൃശേഃ ശരീരം ച മനശ്ച ദൃശ്യതഃ. 49

അന്വയം: മനസഃ അർത്ഥയോഗജം പ്രബോധരൂപം സ്മൃതൗ ച സുപ്തസ്യ ച അർത്ഥവത് ദൃശ്യതേ തഥാ ഏവ ദൃശ്യതഃ ശരീരം മനഃ ച ദേഹപ്രതിമാനതഃ ച ദൃശേഃ പൃഥക്.

സാരം: അന്തഃകരണത്തിനും വിഷയത്തിനും തമ്മിലുള്ള ബന്ധംകൊണ്ടുണ്ടാവുന്ന അന്തഃകരണ പരിണാമരൂപമായ ജ്ഞാനംതന്നെയാണ്, സ്മരണത്തിലും സ്വപ്നത്തിലും (വാസ്തവത്തിൽ അപ്പോൾ വിഷയങ്ങളില്ലല്ലൊ) വിഷയസ്വരൂപമായി അനുഭവമാകുന്നത്. അതുപോലെ, ദേഹം, മനസ്സ്, വാസനകൾ എന്നിവയെല്ലാം വിഷയങ്ങളാകയാൽ (ജാഗ്രദ്ദശയിൽ അറിയപ്പെടുന്നവയാകയാൽ) അവ ജ്ഞാനരൂപമായ ആത്മാവിൽനിന്നും ഭിന്നങ്ങൾതന്നെയാണ്. 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വഭാവശുദ്ധേ ഗഗനേ ഘനാദികേ
മലേഽപയാതേ സതി ചാഽവിശേഷതാ
യഥാച തദ്വച്ഛ്രുതിവാരിതദ്വയേ
സദാഽവിശേഷോ ഗഗനോപമേ ദൃശൗ.

അന്വയം: യഥാ ച സ്വഭാവശുദ്ധേ ഗഗനേ ഘനാദികേ മലേ സതി അപയാതേ ച അവിശേഷതാ തദ്വത് ശ്രുതിവാരിതദ്വയേ ഗഗനോപമേദൃശൗ സദാ അവിശേഷഃ

സാരം: സ്വതവേ നിർമ്മലമായ ആകാശത്തിൽ മഴക്കാറുള്ളപ്പോഴും ഇല്ലാത്തപ്പോഴും യാതൊരു വിശേഷവുമില്ല. കാരണം, ആകാശം ഒന്നിനോടും ഒട്ടിനില്ക്കുന്നതല്ല-നിർലേപമാണ്. അതുപോലെതന്നെ രണ്ടെന്ന ഭാവമേ ഇല്ലെന്ന് ശ്രുതി ഘോഷിച്ചിട്ടുള്ള, ആകാശതുല്യമായ ആത്മാവും നിർല്ലേപമാണ്; നിർവ്വിശേഷവുമാണ്. 50

ഇങ്ങനെ സ്വപ്നസ്മൃതി പ്രകരണം കഴിഞ്ഞു.

നാന്യദന്യത്പ്രകരണം

നാന്യദന്യദ്ഭവേദ്യസ്മാ-
ന്നാന്യത് കിഞ്ചിദ്വിചിന്തയേത്
അന്യസ്യാന്യത്വഭാവേ ഹി
നാശസ്തസ്യ ധ്രുവോ ഭവേത്, 1

അന്വയം: യസ്മാത് അന്യത് ന ഭവേത് കിഞ്ചിത് അന്യത് ന വിചിന്തയേത് ഹി അന്യസ്യ അന്യത്വ-ഭാവേ തസ്യ ധ്രുവ നാശഃ ഭവേത്.

സാരം: ഒന്നു മറെറാന്നായിത്തീരാത്തതിനാൽ, ബ്രഹ്മം ആത്മാവിൽനിന്നും (തന്നിൽനിന്നും) ഭിന്നമാണെന്നു വിചാരിക്കരുത്. എന്തെന്നാൽ ഒന്ന് (ആത്മാവ്) മറെറാന്നായിത്തീരുകയാണ് ചെയ്യുന്നതെങ്കിൽ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതു നശിക്കുന്നു എന്നാണർത്ഥം. ഇതാണാശയം: ജീവൻ (വ്യഷ്ടിയായ ആത്മാവ്) ബ്രഹ്മത്തിൽനിന്നും ഭിന്നമാണെന്നാണ് വിചാരിക്കുന്നതെങ്കിൽ, ജീവനുള്ളേടത്തോളംകാലം അതിന്നു് ബ്രഹ്മമായിത്തീരുക സാദ്ധ്യമല്ല. അല്ല, അതു നശിച്ച് ബ്രഹ്മമായിത്തീരുന്നു എന്നാണെങ്കിൽ, നശിച്ചുകഴിഞ്ഞാൽ പിന്നെയെങ്ങിനെയാണ് ബ്രഹ്മമായിത്തീരുക? അതുകൊണ്ടാത്മാവും ബ്രഹ്മവും ഒന്നുതന്നെയാണെന്നും അവ ഭിന്നങ്ങളല്ലെന്നുംതന്നെയാണ് മനസ്സിലാക്കേണ്ടതു്. 1

സ്മരതോ ദൃശ്യതേ ദൃഷ്ടം പടേ ചിത്രമിവാർപ്പിതം
യത്ര യേന ച തൗ ജ്ഞേയൗ സത്വക്ഷേത്രജ്ഞസംജ്ഞകൗ

അന്വയം: ദൃഷ്ടം സ്മരതഃ യത്ര പടേ അർപ്പിതം ചിത്രം ഇവ യേന ച ദൃശ്യതേ തൗ സത്വക്ഷേത്രജ്ഞ-സംജ്ഞകൗ ജ്ഞേയൗ,

സാരം: ഉണർന്നിരിക്കുമ്പോൾ അനുഭവിച്ച രൂപാദികൾ, സ്മരണത്തിൽ, വസ്ത്രത്തിൽ വരച്ച ചിത്രംപോലെ കാണപ്പെടുന്നു. അവ എവിടെ കാണുന്നുവോ, ആ അന്തഃകരണത്തിന്നു് സത്വം എന്നു പേർ. ആരാൽ കാണപ്പെടുന്നുവോ ആ ആത്മാവിന്നു് ക്ഷേത്രജ്ഞനെന്നും പേർ. 2

ഫലാന്തം ചാനുഭൂതം യദ്യുതം കർത്രാദികാരകൈഃ
സ്മര്യമാണം ഹി കർമ്മസ്ഥം പൂർവ്വം കർമ്മൈവ തച്ചിതഃ 3

അന്വയം: ഫലാന്തം കർത്രാദികാരകൈഃ യുതം ച യത് സ്മര്യമാണം കർമ്മസ്ഥം ഹി തത് പൂർവ്വം ചിതഃ കർമ്മ ഏവ.

സാരം: കർത്താവ്, കർമ്മം തുടങ്ങിയ കാരകങ്ങളോടുകൂടിയതും ഫലത്തിൽ ചെന്നവസാനിക്കുന്നതുമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വൈതകർമ്മങ്ങളെല്ലാം സ്മരിക്കപ്പെടുമ്പോഴ്, ആ സ്മൃതി ജ്ഞാനത്തിന്നു് വിഷയങ്ങളാണെന്നതു് തീച്ച്. അതുപോലെതന്നെ അവയെല്ലാം, അതിനു മുൻപും ആത്മചൈതന്യത്തിന്റെ വിഷയങ്ങൾതന്നെയാണു്. (ഇതാണു് താല്പര്യം,) ആദ്യം അനുഭവിച്ച വിഷയങ്ങളുടെ രൂപത്തിലുള്ള അന്തഃകരണവൃത്തിയാണു് സ്മരണത്തിൽ പ്രകാശിക്കുന്നതു്. അപ്പോൾ അവ ദൃശ്യങ്ങൾ (വിഷയങ്ങൾ) ആണുതാനും. അതിനാൽ, അനുഭവദശയിലും അവ ദൃശ്യങ്ങൾതന്നെയാണു്—ആത്മചൈതന്യത്താൽ പ്രകാശിക്കപ്പെടുന്നവയാണു് എന്നു സിദ്ധമാകുന്നു. 3

ദ്രഷ്ടുശ്ചാന്യദ്ഭവേദ്ദൃശ്യം
ദൃശ്യത്വാദ് ഘടവത് സദാ
ദൃശ്യാൽ ദ്രഷ്ടാഽസജാതീയോ
ന ധീവത് സാക്ഷിതാന്യഥാ. 4

അന്വയം: ദൃശ്യം സദാ ദൃശ്യത്വാത് ഘടവത് ദ്രഷ്ടുഃ അന്യത് ഭവേത് ച ദൃശ്യാത് ദ്രഷ്ടാ അസജാതീയഃ അന്യഥാ ധീവത് സാക്ഷിതാ ന.

സാരം: ജ്ഞാനവിഷയമായ കുടവും അതിനെ അറിയുന്നവനും വെവ്വേറെയാണല്ലോ. അതിനാൽ, എല്ലായിടത്തും ദ്രഷ്ടാവും ദൃശ്യവും (ജ്ഞാതാവും ജ്ഞേയവും) ഭിന്നംതന്നെയാണു്. ദൃശ്യവും ദ്രഷ്ടാവും സജാതീയമല്ല. അവയുടെ സ്വഭാവത്തിനു തമ്മിലും അന്തരമുണ്ടു്. ഒന്നു് ജഡം മറേറതു് ചേതനം. അല്ലാത്ത പക്ഷം, ആത്മാവു് അന്തഃകരണംപോലെതന്നെ, സാക്ഷിയായിത്തീരുന്നതല്ല. (അന്തക്കരണംപോലെ ദ്രഷ്ടാവായ ആത്മാവും ജഡമായാൽ പിന്നെ സ്വയം പ്രകാശത്വവും സാക്ഷിത്വവും ഒന്നുമുണ്ടാവുകയില്ലെന്നർത്ഥം.) 4

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാത്മബുദ്ധിമപേക്ഷ്യാസൗ
വിധീനാം സ്യാത് പ്രയോജകഃ
ജാത്യാദിഃ ശവവത്തേന
തദ്വന്നാനാത്മതാന്യഥാ- 5

അന്വയം: അസൗ ജാത്യാദിഃ ശവവത് സ്വാത്മബുദ്ധിം അപേക്ഷ്യ വിധീനാം പ്രയോജകഃ സ്യാത് തേന ന തദ്വത് അന്യഥാ അനാത്മതാ.

സാരം: ജാതി, വയസ്സ് തുടങ്ങിയ കാര്യങ്ങളെല്ലാം താൻ, തന്റേതു് എന്ന അഭിമാനത്തെ അപേക്ഷിച്ചാണ് യാഗാദി വിധികളിൽ മനുഷ്യനെ പ്രേരിപ്പിക്കുന്നതു്. അതിനാൽ ജാത്യാദികളെല്ലാം ശവത്തിലെന്നപോലെ 'ഞാൻ', 'എന്റെ' എന്ന ബോധത്തിന്നധീനങ്ങളാണ്. അവ വെറും ദേഹധർമ്മങ്ങളാണ്, ആത്മധർമ്മങ്ങളല്ല. ആത്മാവിന്നായിരുന്നു ജാത്യാദി ധർമ്മങ്ങളെങ്കിൽ, ആത്മാവു് ആത്മാവല്ലാതായിത്തീരുമായിരുന്നു. 5

ന പ്രിയാപ്രിയ ഇത്യുക്തേർ-
നാദേഹത്വം ക്രിയാഫലം
ദേഹയോഗഃ ക്രിയാഹേതു-
സ്തസ്മാദ്വിദ്വാൻ ക്രിയാസ്ത്യജേത്. 6

അന്വയം:—'ന പ്രിയാപ്രിയേ' ഇതി ഉക്തേഃ അദേഹത്വം ന ക്രിയാഫലം ദേഹയോഗഃ ക്രിയാഹേതുഃ തസ്മാത് വിദ്വാൻ ക്രിയാഃ ത്യജേത്.

സാരം: 'അശരീരം വാ വസന്തം ന പ്രിയാപ്രിയേ സ്പൃശതഃ' (ഛാ. 8. 12. 1.) (ശരീരമില്ലാത്ത ആത്മാവിനെ സുഖദുഃഖങ്ങൾ സ്പർശിക്കുന്നില്ല.) എന്നു ശ്രുതി പറയുന്നു. അതിനാൽ ക്രിയകൾകൊണ്ടു് ദേഹമില്ലായ്മ (ആത്മഭാവം) സമ്പാദിക്കാമെന്നാശിക്കേണ്ട. ദേഹമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വട്ടെ ക്രിയകളുടെ ഫലമായുണ്ടാവുന്നതുമാണ്. അതുകൊണ്ടു്, ജ്ഞാനി ക്രിയകളെ വെടിയുകതന്നെവേണം. 6

കൎമ്മസ്വാത്മാ സ്വതന്ത്രശ്ചേ-
ന്നിവൃത്തം ച തഥേഷ്യതാം
അദേഹത്വേ ഫലേ/കാര്യേ
ജ്ഞാതേ കുര്യാത് കഥം ക്രിയാഃ 7

അന്വയം: ആത്മാ കൎമ്മസു സ്വതന്ത്രഃ ചേത് തഥാ നിവൃത്തം ച ഇഷ്യതാം അകാര്യേ അദേഹത്വേ ഫലേ ജ്ഞാതേ കഥം ക്രിയാഃ കുര്യാത്.

സാരം: കർമ്മാനുഷ്ഠാനത്തിൽ സ്വതന്ത്രമാണാത്മാവെന്നു് പറയുകയാണെങ്കിൽ, അതുപോലെതന്നെ കർമ്മത്യാഗത്തിലും അതിന്നു് സ്വാതന്ത്ര്യമുണ്ടെന്നു് തീർച്ച. അപ്പോഠം, കർമ്മങ്ങഠംകൊണ്ടുണ്ടാക്കാൻ കഴിയാത്ത അദേഹത്വ (ആത്മത്വ) മാണു് ലക്ഷ്യമെന്നറിഞ്ഞാൽ, പിന്നെ എങ്ങനെ കർമ്മങ്ങഠം ചെയ്യും? 7

ജാത്യാദീൻ സംപരിത്യജ്യ നിമിത്തം കൎമ്മണാംബുധഃ
കൎമ്മഹേതുവിരുദ്ധം യത് സ്വരൂപം ശാസ്ത്രതഃ സ്മരേത്. 8

അന്വയം: ബുധഃ കൎമ്മണാം നിമിത്തം ജാത്യാദീൻ സംപരിത്യജ്യ ശാസ്ത്രതഃ കൎമ്മഹേതുവിരുദ്ധം യത് സ്വരൂപം (തത്) സ്മരേത്.

സാരം: അതിനാൽ ജ്ഞാനി കർമ്മാനുഷ്ഠാനത്തിന്നു കാരണമായ ജാതി മുതലായവയെപ്പററിയുള്ള ചിന്ത വെടിഞ്ഞു് ശാസ്ത്രോക്തവും കർമ്മകാരണങ്ങളായ ദേഹാദികളോടു് പൊരുത്തമില്ലാത്തതുമായ ആത്മസ്വരൂപത്തെ ധ്യാനിക്കണം. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മൈകഃ സർവ്വഭൂതേഷു താനി തസ്മിംശ്ചഖേ യഥാ
പര്യഗാദ്വ്യോമവത്സർവ്വം ശുക്രം ദീപ്തിമദിഷ്യതേ. 9

അന്വയം: സർവ്വഭൂതേഷു ആത്മാ ഏകഃ താനി ച ഖേ യഥാ തസ്മിൻ വ്യോമവത് സർവ്വം പര്യഗാത് ശുക്രം ദീപ്തിമത് ഇഷ്യതേ.

സാരം: എല്ലാ ഭൂതങ്ങളിലും ഒരേ ഒരാത്മാവു് സ്ഥിതിചെയ്യുന്നു. ആ ഭൂതങ്ങളെല്ലാം ആകാശത്തിലെന്നപോലെ ആത്മാവിലിരിക്കുന്നതായി പറയുകയും ചെയ്യാം. അതായതു് ആത്മാവു് എല്ലാററിനേയും വ്യാപിച്ചുനില്ക്കുന്നതാണു്. അതു സ്വതവേ നിർദ്ദോഷവും ജ്ഞാനപ്രകാശസ്വരൂപവുമാണു് എന്നു് ശ്രുതിയും അനുഭവസ്ഥന്മാരും അംഗീകരിച്ചിരിക്കുന്നു. 9

വ്രണസ്നായ്വോരഭാവേന സ്ഥൂലം ദേഹം നിവാരയേത്
ശുദ്ധാപാപതയാ/ലേപം ലിങ്ഗം ചാകായമിത്യത. 10

അന്വയം: വ്രണസ്നായ്വോഃ അഭാവേന സ്ഥൂലം ദേഹം നിവാരയേത് ശുദ്ധാപാപതയാ അലേപം അകായം ഇതി ലിംഗം ച.

സാരം: ആത്മാവു് മുറിവും ഞരമ്പുകളുമില്ലാത്തതാണെന്നു പറഞ്ഞു്, ശ്രുതി ആത്മാവിന്നു് സ്ഥൂലദേഹസംബന്ധം നിഷേധിച്ചിട്ടുണ്ടു്. ശുദ്ധവും പാപമേശാത്തതുമാണെന്നു പറഞ്ഞു് നിർലേപമാണാത്മാവെന്നും ശ്രുതി ഘോഷിക്കുന്നു. 'അകായം' ഇത്യാദി ശ്രുതി ആത്മാവിന്നു് സൂക്ഷ്മദേഹസംബന്ധത്തേയും നിഷേധിക്കുന്നു. 10

വാസുദേവോ യഥാശ്വത്ഥേ സ്വദേഹേ ചാബ്രവീത് സമം
തദ്വദ്വേത്തി യ ആത്മാനം സമം സ ബ്രഹ്മവിത്തമഃ. 11

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: വാസുദേവഃ അശ്വത്ഥേ സ്വദേഹേ ച സമം അബ്രവീത് യഥാ തദ്വത് യഃ ആത്മാനം സമം വേത്തി സഃ ബ്രഹ്മവിത്തമഃ.

സാരം: ഭഗവാൻ വസുദേവപുത്രൻ, ഗീതയിൽ, ചേതനത്വം കുറഞ്ഞ അരയാൽവൃക്ഷത്തിലും തന്റെ ദേഹത്തിലും ആത്മാവ് ഏകവും ഒന്നുപോലെയുള്ളതുമാണെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ ആത്മാവ് എല്ലാററിനും സമമാണെന്ന് അറിയുന്നവനാണ് ശ്രേഷ്ഠനായ ബ്രഹ്മജ്ഞാനി. 11

യഥാ ഹ്യന്യശരീരേഷു മമാഹന്താ ന ചേഷ്യതേ
അസ്മിംശ്ചാപി തഥാ ദേഹേ ധീസാക്ഷിത്വാവിശേഷതഃ

അന്വയം: യഥാ ഹി അന്യശരീരേഷു മമാഹന്താ ച ന ഇഷ്യതേ ധീസാക്ഷിത്വാഽവിശേഷതഃ അസ്മിൻ ച ദേഹേ തഥാ.

സാരം: മററുള്ളവരുടെ ശരീരാദികളിൽ 'ഞാൻ' എന്നും, 'എന്റേ'തെന്നും, ഉള്ള ബോധമുണ്ടാവാറില്ല; കാരണം അവ ജ്ഞാനവിഷയങ്ങളാണെന്ന് നമുക്കറിയാം. അതുപോലെ സ്വന്തം ദേഹവും, ജ്ഞാനവിഷയം മാത്രമായതിനാൽ അതിലും 'ഞാൻ' എന്നും 'എന്റേത്'' എന്നുമുള്ള ഭാവം ശരിയല്ല. (ഇതാണ് ശരിയായ ചിന്ത.) 12

രൂപസംസ്കാരതുല്യാധീ
രാഗദ്വേഷൌ ഭയം ച യത്
ഗൃഹ്യതേ ധീശ്രയം തസ്മാത്
ജ്ഞാതാ ശുദ്ധോഽഭയഃ സദാ. 13

അന്വയം: രൂപസംസ്കാരതുല്യാധീ രാഗദ്വേഷൗ ഭയം ച യത് ധീശ്രയം ഗൃഹ്യതേ തസ്മാത് ജ്ഞാതാ സദാ ശുദ്ധഃ അഭയഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം; നീലാദി രൂപങ്ങളുടെ സംസ്കാരങ്ങൾ അന്തഃകരണവൃത്തികളാണ്. ആ അന്തഃകരണത്തെ ആശ്രയിച്ചതന്നെയാണ് രാഗം, ദ്വേഷം, ഭയം എന്നീ ഭാവങ്ങളുമിരിക്കുന്നതു്. അവയെ അറിയുന്നതും അന്തഃകരണാശ്രിതങ്ങളെന്ന നിലയ്ക്കാണ്. അതിനാൽ ജ്ഞാതാവായ ആത്മാവു് ഇപ്പറഞ്ഞ ദോഷങ്ങളൊന്നും തീണ്ടാത്തവനും ഭയരഹിതനുമാണ്. (രാഗദ്വേഷഭയാദികൾ അന്തഃകരണധർമ്മമാണെന്നർത്ഥം) 13

യന്മനാസ്തന്മയോഽന്യത്വേ
നാത്മത്വാപ്തൗ ക്രിയാഽഽത്മനി
ആത്മത്വേ ചാനപേക്ഷത്വാത്
സാപേക്ഷം ഹി ന തത് സ്വയം. 14

അന്വയം: അന്യത്വേ യന്മനാഃ തന്മയഃ ആത്മത്വാപ്തൗ ആത്മനി ക്രിയാ ന ആത്മത്വേ ച അനപേക്ഷത്വാത് തത് സാപേക്ഷം ന സ്വയം ഹി.

സാരം: ദേവന്മാരെ ധ്യാനിക്കുന്ന മനുഷ്യൻ ആരെ ധ്യാനിക്കുന്നുവോ തദ്രൂപനായിത്തീരുന്നു. അവിടെ ധ്യാനിക്കുന്നവനും ധ്യാനിക്കപ്പെടുന്നവനും വെവ്വേറെ തന്നെയാണ്. ആത്മസ്വരൂപമായ മോക്ഷമാകട്ടെ ആത്മഭിന്നമല്ല. അതുകൊണ്ടു് മറ്റൊന്നിനേയും സഹായകമാക്കേണ്ടതില്ലായ്കയാൽ ആത്മസ്വരൂപത്തിലെത്തിച്ചേരാൻ ആത്മാവിനു് കർമ്മാപേക്ഷയൊന്നുമില്ല. അതല്ല, കർമ്മാപേക്ഷയുണ്ടെന്നു പറയുകയാണെങ്കിൽ, അതാത്മസ്വരൂപമല്ലെന്നർത്ഥം. (ആത്മസ്വരൂപത്തെ പ്രാപിക്കാൻ ആത്മാവിന്നു് മറ്റൊന്നിന്റെ സഹായം വേണമെന്നു പറയുന്നതു് വിരുദ്ധമാണെന്നു താല്പര്യം.) 14

ഖമിവൈകരസാ ജ്ഞപ്തിരവിഭക്താഽജരാഽമലാ
ചക്ഷുരാദ്യുപധാനാത്സാ വിപരീതാ വിഭാവ്യതേ. 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ജ്ഞപ്തിഃ ഖം ഇവ ഏകരസാ അവിഭക്താ അജരാ അമലാ സാ ചക്ഷുരാദി ഉപധാനാത് വിപരീതാ വിഭാവ്യതേ.

സാരം: ആത്മസ്വരൂപഭൂതമായ ജ്ഞാനം ആകാശം പോലെ എങ്ങും ഒരേതരത്തിലിരിക്കുന്നതും അവയവ വിഭാഗമില്ലാത്തതും നാശമററതും ദോഷങ്ങൾ കലരാത്തതും ആണ്. എന്നാൽ ചക്ഷുസ്സ് മുതലായ ഇന്ദ്രിയങ്ങളാകുന്ന ഉപാധികളിൽക്കൂടി പ്രകാശിക്കുമ്പോൾ അത്, പല തരത്തിലുള്ളതായും, വിഭക്തമായും, ഉത്പത്തി വിനാശങ്ങളുള്ളതായും തെററായി വിചാരിക്കപ്പെടുന്നു. 15

ദൃശ്യത്വാദഹമിത്യേഷ
നാത്മധർമ്മോ ഘടാദിവത്
തഥാഽന്യേ പ്രത്യയാ ജ്ഞേയാഃ
ദോഷാശ്ചാത്മാഽമലോ ഹ്യതഃ. 16

അന്വയം: അഹം ഇതി ഏഷഃ ഘടാദിവത് ദൃശ്യത്വാത് ന ആത്മധർമ്മഃ അന്യേപ്രത്യയാഃ ദോഷാഃ ച തഥാ ജ്ഞേയാഃ അതഃ ആത്മാ അമലഃ ഹി.

സാരം: അഹങ്കാരം (ഞാനെന്ന ബോധം) ജ്ഞാനവിഷയമാകയാൽ, കുടം മുതലായ മററു പദാർത്ഥങ്ങൾ പോലെതന്നെ, ആത്മധർമ്മമാവുകയില്ല. അതുപോലെത്തന്നെയാണ് മററു ബോധങ്ങളും, രാഗദ്വേഷാദി വികാരങ്ങളും. അവയൊന്നും ആത്മധർമ്മമല്ല. അതിനാൽ ആത്മാവ് സർവ്വദോഷവർജ്ജിതവും ശുദ്ധവുമാണ്. 16

സർവ്വപ്രത്യയസാക്ഷിത്വാദവികാരീ ച സർവ്വഗഃ
വിക്രിയേത യദി ദ്രഷ്ടാ ബുദ്ധ്യാദീവാല്പവിദ്ഭവേത്. 17

അന്വയം: സർവ്വപ്രത്യയസാക്ഷിത്വാത് അവികാരീ സർവ്വഗഃ ച ദ്രഷ്ടാ യദിവിക്രിയേത ബുദ്ധ്യാദി ഇവ അല്പവിത് ഭവേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: അന്തഃകരണ പരിണാമരൂപമായ എല്ലാ ജ്ഞാനങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ടു് സാക്ഷിയായി സ്ഥിതിചെയ്യുന്നതാണു് ആത്മചൈതന്യം. അതിനു് വികാരങ്ങരം (മാററങ്ങരം) ഉണ്ടെന്നു പറയുകയാണെങ്കിൽ പിന്നെ, അന്തഃകരണാദികളുടേതുപോലെത്തന്നെ ആത്മാവിൻേറയും ജ്ഞാനം അപൂർണ്ണവും, സദോഷവുമാണെന്നു വന്നുചേരും. ആത്മാവാകട്ടെ സർവ്വജ്ഞവും നിർവ്വികാരവുമാണെന്നു ശ്രുതി ഘോഷിക്കുകയും ചെയ്യുന്നു. 17

ന ദൃഷ്ടിർലുപ്യതേ ദ്രഷ്ടുഃ
ചക്ഷുരാദേർയഥൈവ തത്
നഹി ദ്രഷ്ടുരിതി ഹ്യുക്തം
തസ്മാദ്ദ്രഷ്ടാ സദൈകദൃക്. 18

അന്വയം: യഥാ ഏവ ചക്ഷുരാദേഃ ദ്രഷ്ടുഃ ദൃഷ്ടിഃ ന ലുപ്യതേ ഹി തത് നഹി ദ്രഷ്ടുഃ ഇതി ഉക്തം തസ്മാത് ദ്രഷ്ടാ സദാ ഏകദൃക്.

സാരം: ചക്ഷുരാദിന്ദ്രിയങ്ങളുടെ ജ്ഞാനം അനിത്യമാണു്. ജ്ഞാതാവായ ആത്മാവിൻേറ ജ്ഞാനമാകട്ടെ നിത്യമാകുന്നു. 'നഹി ദ്രഷ്ടുർ ദൃഷ്ടേർവിപരിലോപോ വർത്തതേ' (ബൃ. 6. 3. 23.) (ജ്ഞാതാവിൻേറ ജ്ഞാനത്തിന്നു് മാററമില്ല) എന്നിങ്ങനെ ശ്രുതി, ആത്മജ്ഞാനത്തിൻേറ നിത്യത്വം സ്ഥാപിച്ചിട്ടുണ്ടു്. അതിനാൽ, ആത്മസ്വരൂപമായ ജ്ഞാനം എന്നും ഒരുപോലെയുള്ളതാണു്. 18

സംഘാതോ വാഽസ്മി ഭൂതാനാം
കരണാനാം തഥൈവ ച
വ്യക്തം വാഽന്യതമോ വാഽസ്മി
കോ വാ സ്മീഽതി വിചാരയേത്. 19

*25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം; ഭൂതാനാം തഥൈവ കരണാനാം ച സംഘാതഃ അസ്മി വാ വ്യസ്തം വാ, അന്യതമഃ അസ്മി വാ കഃ അസ്മി വാ ഇതി വിചാരയേത്.

സാരം: 'ഞാൻ' എന്നിങ്ങനെ ആത്മാവു് ബോധവിഷയമാകുന്നു. അതിൽ ഭൂതസംഘാതമായ സ്ഥൂല ദേഹമാണോ ഞാൻ; അല്ല, ഇന്ദ്രിയങ്ങളുടെ സംഘാതമാണോ, അല്ല; അവയിലോരോന്നുമാണോ, അതുമല്ല, ഇതൊന്നുമല്ലാത്ത മറേറതെങ്കിലുമാണോ, ആരാണു് വാസ്തവത്തിൽ 'ഞാൻ' എന്നു് ആലോചിക്കണം. 19

വ്യസ്തം നാഹം സമസ്തം വാ
ഭൂതമിന്ദ്രിയമേവ വാ
ജ്ഞേയത്വാത് കരണത്വാച്ച
ജ്ഞാതാഽന്യോഽസ്മാത് ഘടാദിവത്. 20

അന്വയം: അഹം വ്യസ്തം സമസ്തം വാ ഭൂതം ഇന്ദ്രിയം ഏവ വാ ന ഘടാദിവത് ജ്ഞേയത്വാത് കരണത്വാത് ച ജ്ഞാതാ അസ്മാത് അന്യഃ.

സാരം: ഭൂതങ്ങളോരോന്നുമോ അവയുടെ സംഘാതമോ അല്ല ഞാൻ (ആത്മാവു്). അതുപോലെ ഇന്ദ്രിയങ്ങളോരോന്നും അവയുടെ സംഘാതവും ഞാൻ ആകയില്ല. അവയെല്ലാം, കുടം മുതലായ ബാഹ്യപദാൎത്ഥങ്ങളെപ്പോലെ ജ്ഞാനവിഷയങ്ങളും, ക്രിയോപകരണങ്ങളുമാണു്—അപ്പോഠം ജ്ഞേയത്തിൽനിന്നും ഭിന്നനായ ജ്ഞാതാവു്, അവയെ പ്രകാശിപ്പിച്ചുകൊണ്ടു് വേറിട്ടു നില്ക്കുന്നതേയുള്ളൂ. 20

ആത്മാഗ്നേരിന്ധനാ ബുദ്ധിഃ അവിദ്യാ കാമകൎമ്മഭിഃ
ദീപിതാ പ്രജ്വലത്യേഷാ ദ്വാരൈഃ ശ്രോത്രാദിഭിഃ സദാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ആത്മാഗ്നേഃ ഇന്ധനാ ഏഷാ ബുദ്ധിഃ അവിദ്യാകാമകർമ്മഭിഃ ദീപിതാ ശ്രോത്രാദിഭിഃ ദ്വാരൈഃ പ്രജ്വലതി.

സാരം: ആത്മാവാകുന്ന അഗ്നിയിലെ വിറകാണ് ബുദ്ധി അഥവാ അന്തഃകരണം. അത് അജ്ഞാനം, കാമം, കർമ്മം എന്നിവയാൽ ഉദ്ദീപിതമായി, ശ്രോത്രം, ചക്ഷുസ്സ് തുടങ്ങിയ പഴുതുകളിലൂടെ സദാ ജ്വലിച്ചു കൊണ്ടേ ഇരിക്കുന്നു. അപ്പോൾ ആത്മചൈതന്യംതന്നെ യാണ് യഥാർത്ഥജ്ഞാനമെന്നു സിദ്ധം. 21

ദക്ഷിണാക്ഷിപ്രധാനേഷു
യദാ ബുദ്ധിർവിചേഷ്ടതേ
വിഷയൈർഹവിഷാ ദീപ്താ
ആത്മാഗ്നിഃസ്ഥൂലഭുക് തദാ. 22

അന്വയം: വിഷയൈഃ ഹവിഷാ ദീപ്താബുദ്ധിഃ യദാ ദക്ഷിണാക്ഷിപ്രധാനേഷു വിചേഷ്ടതേ തദാ ആത്മാഗ്നിഃ സ്ഥൂലഭുക്.

സാരം: ഉണർന്നിരിക്കുമ്പോൾ ആത്മാവാകുന്ന അഗ്നി സ്ഥൂലങ്ങളെ അനുഭവിക്കുന്നു. ആ സമയത്ത്, വിഷയങ്ങളാകുന്ന ഹോമദ്രവ്യത്താൽ ദീപ്തമായ അന്തഃ കരണാഗ്നി, വലത്തേക്കണ്ണു തുടങ്ങിയ മുഖ്യപ്രദേശങ്ങ ളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. (ശരീരത്തിൽ വല ത്തുഭാഗത്തിന്ന് ഇടതുഭാഗത്തേക്കാൾ പ്രാധാന്യം കൂടു മെന്നു സ്പഷ്ടം.) 22

ഹൂയന്തേ തു ഹവീംഷീതി
രൂപാദിഗ്രഹണേ സ്മരൻ
അരാഗദ്വേഷ ആത്മാഗ്നൗ
ജാഗ്രദ്ദോഷൈർന ലിപ്യതേ, 23

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: രൂപാദിഗ്രഹണേ അരാഗദ്വേഷഃ ആത്മാഗ്നൗ ഹവീംഷി ഹൃദയന്തേ ഇതി സ്മരൻ തു ജാഗ്രദ്ദോഷൈഃ ന ലിപ്യതേ.

സാരം: രൂപം തുടങ്ങിയ വിഷയങ്ങളെ ഗ്രഹിക്കുന്ന അവസരത്തിൽ, രാഗദ്വേഷങ്ങൾക്കടിമപ്പെടാതെ, ആത്മാവാകുന്ന അഗ്നിയിൽ ഹോമദ്രവ്യങ്ങൾ ഹോമിക്കപ്പെടുകയാണ് ചെയ്യുന്നത് എന്നു വിചാരിക്കുന്നവൻ, ജാഗ്രദവസ്ഥയിലെ ദോഷങ്ങളുടെ സ്പർശമേല്ക്കുന്നില്ല. 23

മാനസേ തു ഗൃഹേ വ്യക്തഃ
സോഽവിദ്യാകർമ്മവാസനാം
പശ്യംസ്തൈജസ ആത്മോക്തഃ
സ്വയംജ്യോതിഃ പ്രകാശിതാ 24

അന്വയം: മാനസേ ഗൃഹേ വ്യക്തഃ അവിദ്യാകർമ്മവാസനാം പശ്യൻ ആത്മാ തൈജസഃ ഉക്തഃ സഃ സ്വയംജ്യോതിഃ പ്രകാശിതാ.

സാരം: സ്വപ്നാവസ്ഥയെപ്പറയുകയാണ്: അന്തഃകരണത്തിൽ പ്രതിബിംബിച്ച ആത്മചൈതന്യം അജ്ഞാനത്തിൽനിന്നും ഉടലെടുത്ത കർമ്മങ്ങളുടെ സംസ്കാരത്തെ അപ്പോൾ വിഷയമെന്ന നിലയിലറിയുന്നു. ആ അവസ്ഥയിലെ (സ്വപ്നാവസ്ഥ) ആത്മാവിന്നു് തൈജസനെന്ന പേരാണ് ആചാര്യന്മാർ നല്കിയിരിക്കുന്നത്. ആ സമയത്തു്, സൂര്യചന്ദ്രാദികളായ മററു തേജസ്സുകളൊന്നുമില്ലാത്തതിനാൽ സ്വപ്രകാശമായ ആത്മാവുതന്നെയാണ് എല്ലാററിനേയും പ്രകാശിപ്പിച്ചുകൊണ്ടു് സാക്ഷിയായി നില്ക്കുന്നത്. 24

വിഷയാ വാസനാ വാപി ചോദ്യന്തേ നൈവ കർമ്മഭിഃ
യദാ ബുദ്ധൗ തദാ ജ്ഞേയഃ പ്രാജ്ഞോ ആത്മാ ഹ്യനന്യദൃക്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യദാ വിഷയാഃ വാസനാഃ വാ അപി കർമ്മഭിഃ ബുദ്ധൗ ന ഏവ ചോദ്യന്തേ തദാ അനന്യദൃക് ആത്മാ പ്രാജ്ഞഃ ജ്ഞേയഃ ഹി.

സാരം: ഇനി സുഷുപ്ത്യവസ്ഥയെപ്പററിപറയുന്നു: അഃന്തകരണത്തിൽ, കർമ്മങ്ങരം വിഷയങ്ങളേയും വാസനകളേയും എപ്പോരം സമർപ്പിക്കുന്നില്ലയോ അതാണ് സുഷുപ്ത്യവസ്ഥ. അപ്പോരം ആത്മാവിന്നു് ദൃശ്യമായി മററൊന്നുമില്ല. ആത്മചൈതന്യം മാത്രമേയുള്ളൂ. ഈ അവസ്ഥയിൽ 'പ്രാജ്ഞൻ' എന്ന പേരിലാണ് അറിയപ്പെടുന്നതു്. 25

മനോബുദ്ധീന്ദ്രിയാണാം യാ അവസ്ഥാഃ കർമ്മചോദിതാഃ
ചൈതന്യേനൈവ ഭാസ്യന്തേ രവിണേവ ഘടാദയഃ. 26

അന്വയം: മനോബുദ്ധീന്ദ്രിയാണാം കർമ്മചോദിതാഃ യാഃ അവസ്ഥാഃ രവിണാ ഘടാദയഃ ഇവ ചൈതന്യേന ഏവ ഭാസ്യന്തേ.

സാരം: കർമ്മങ്ങളിൽനിന്നുമുണ്ടായ മനസ്സ്, ബുദ്ധി, ഇന്ദ്രിയങ്ങരം എന്നിവയുടെ സ്വപ്നം, സുഷുപ്തി, ജാഗ്രത്തു് എന്നീ അവസ്ഥകളെല്ലാം ആത്മചൈതന്യത്താലാണ് പ്രകാശിപ്പിക്കപ്പെടുന്നതു്. കടം മുതലായ പദാർത്ഥങ്ങളെല്ലാം സൂര്യനാൽതന്നെയാണല്ലോ പ്രകാശിപ്പിക്കപ്പെടുന്നതു്. 26

തത്രൈവംസതി ബുദ്ധീർജ്ഞ ആത്മഭാസാവഭാസയൻ
കർത്താ താസാം യദർത്ഥാസ്താ മൂഢൈരേവാഭിധീയതേ. 27

അന്വയം: തത്ര ഏവം സതി ബുദ്ധീഃ ആത്മഭാസാ അവഭാസയൻ ജ്ഞഃ താഃ യദർത്ഥാഃ താസാം കർത്താ മൂഢൈഃ ഏവ അഭിധീയതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഇങ്ങനെ ഇരിക്കേ, ആത്മാവിനുവേണ്ടി നിലകൊള്ളുന്ന അന്തഃകരണപരിണാമരൂപമായ എല്ലാ ജ്ഞാനങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന ആത്മാവ്, ആ ജ്ഞാനക്രിയകളുടെ കർത്താവാണെന്നു പറയുന്നതു് മൂഢന്മാർ മാത്രമാണ്. (വിജ്ഞന്മാരാകട്ടെ, സ്വയംപ്രകാശമായ ആത്മചൈതന്യം പ്രതിഫലിച്ച് അവ പ്രകാശിക്കുന്നു എന്നേ വിചാരിക്കുന്നുള്ളു.) 27

സർവ്വജ്ഞോഽത ഏവ സ്യാത്
സ്വേന ഭാസാവഭാസയൻ
സർവ്വം, സർവ്വക്രിയാഹേതോഃ
സർവ്വകൃത്വം തഥാത്മനഃ. 28

അന്വയം: അത ഏവ സ്വേന ഭാസാ സർവ്വം അവഭാ–സയൻ സർവ്വജ്ഞഃ സ്യാത്. തഥാ സർവ്വക്രിയാഹേതോഃ ആത്മനഃ സർവ്വകൃത്വം.

സാരം: സ്വചൈതന്യംകൊണ്ട് എല്ലാററിനേയും പ്രകാശിപ്പിക്കുന്നതിനാൽതന്നെയാണ് ആത്മാവ് സർവ്വജ്ഞനായതു്. (എല്ലാററിനേയും അറിയുന്നവൻ എന്നർത്ഥമല്ല, തൻെറ പ്രകാശം പ്രതിഫലിപ്പിച്ച് എല്ലാം പ്രകാശിപ്പിക്കുന്നവൻ എന്നർത്ഥമാണ്.) അതുപോലെ തന്നെ ആത്മാവ് 'എല്ലാം ചെയ്യുന്നു' 'എല്ലാററിൻേറയും കർത്താവാണ്'' എന്നെല്ലാം പറഞ്ഞാൽ ആത്മാവ് എല്ലാക്രിയകൾക്കും കാരണമാണ് എന്നേ അർത്ഥമുള്ളു. അല്ലാതെ ശരിയായ അർത്ഥത്തിൽ ആത്മാവിന്നു് കർത്തൃത്വം ഇല്ല. 28

സോപാധിശ്ചൈവമാത്മോക്തോ
നിരുപാഖ്യോഽനുപാധികഃ
നിഷ്കലോ നിർഗ്ഗുണഃ ശുദ്ധഃ
തം മനോ വാക് ച നാപ്നുതഃ. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേതനോഽചേതനോ വാപി
കർത്താഽകർത്താ ഗതോഽഗതഃ
ബദ്ധോ മുക്തസ്തഥാ ചൈകോഽ–
നേകഃ ശുദ്ധോഽന്യഥേതി വാ. 30

അന്വയം: സോപാധിഃ ച ആത്മാ ഏവം ഉക്തഃ നിരുപാഖ്യഃ അനുപാധികഃ നിഷ്കലഃ നിർഗ്ഗുണഃ ശുദ്ധഃ തം മനഃ വാക് ച ന ആപ്നുതഃ ചേതനഃ അചേതനഃ വാ അപി കർത്താ, അകർത്താ ഗതഃ, അഗതഃ, ബദ്ധഃ മുക്തഃ തഥാ ച ഏകഃ, അനേകഃ ശുദ്ധഃ, അന്യഥാ ഇതി വാ. 30

സാരം: അന്തഃകരണം, ഇന്ദ്രിയങ്ങൾ തുടങ്ങിയ ഉപാധികളോടുകൂടിയ നിലയിൽ ആത്മാവിനെ ഇങ്ങനെ വിവരിച്ചുകഴിഞ്ഞു. യഥാർത്ഥത്തിൽ, ആത്മസ്വരൂപം വിവരണാതീതവും, ഉപാധികളൊന്നുമില്ലാത്തതും, ഗുണദോഷരഹിതവുമാണ്. മനസ്സിനും വാക്കിനും അതീതവുമാണ് അതു്. അതാണ് ദാർശനികന്മാരുടെ ഇടയിൽ ആത്മവിഷയകമായി പല ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകുവാനും കാരണം. എത്ര അഭിപ്രായങ്ങളാണെന്നു നോക്കുക. ആത്മാവു്; (1) ചേതനമാണ്. (2) അചേതനമാണ് (3) കർത്താവാണ് (4) കർത്താവല്ല (5) സർവ്വവ്യാപിയാണ്. (6) സർവ്വവ്യാപിയല്ല. (7) ബദ്ധനാണ് (സംസാരിയാണ്) (8) മുക്തനാണ്. (9) ഏകമാണ്. (10) അനേകമാണ്–എന്നിങ്ങനെ പല തരം പക്ഷങ്ങൾതന്നെ, ആത്മാവു് മനോവാക്കുകൾക്കതീതമാണെന്നു തെളിയിക്കുന്നു. 29–30

അപ്രാപ്യൈവ നിവർത്തന്തേ വാചോ ധീഭിസ്സഹൈവ തു
നിർഗ്ഗുണത്വാത് ക്രിയാഭാവാത് വിശേഷാണാമഭാവതഃ

അന്വയം: നിർഗ്ഗുണത്വാത് ക്രിയാഭാവാത് വിശേഷാണാം അഭാവതഃ വാചഃ തു ധീഭിഃ സഹ ഏവ അപ്രാപ്യ ഏവ നിവർത്തന്തേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: വാക്കുകളും മനസ്സും ആത്മാവിനെ പ്രതിപാദിപ്പാനും, ചിന്തിക്കുവാനും കഴിയാതെ, പിൻമടങ്ങുകയാണ് ചെയ്യുന്നത്. കാരണം, ആത്മാവ് നിർഗ്ഗുണവും, നിഷ്ക്രിയവും, നിർവ്വിശേഷവുമാണ്. ഏതെങ്കിലും ഗുണമോ ക്രിയയോ, വിശേഷമോ ഉണ്ടായിരുന്നുവെങ്കിൽ, വാക്കുകൾ (ആത്മാവിനെ) പ്രതിപാദിക്കുന്നതിനും മനസ്സ് ചിന്തിക്കുന്നതിനും കഴിവുള്ളതായിരുന്നേനെ. 'യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസാ സഹ' എന്നു ശ്രുതി. 31

വ്യാപകം സർവ്വതോ വ്യോമ–
മൂർത്തൈഃസർവ്വൈർവ്വിയോജിതം
യഥാ, തദ്വദിഹാത്മാനം
വിദ്യാച്ഛുദ്ധം പരം പദം. 32

അന്വയം: യഥാ വ്യോമ സർവ്വതഃ വ്യാപകം സർവ്വൈഃ മൂർത്തൈഃ വിയോജിതം തദ്വത് ഇഹ ആത്മാനം ശുദ്ധം പരം പദം വിദ്യാത്.

സാരം: ആകാശം സർവ്വവ്യാപകവും, രൂപമുള്ള യാതൊരു പദാർത്ഥത്തോടും ഒട്ടാതെ നില്ക്കുന്നതുമാണല്ലോ. അതുപോലെതന്നെ ആത്മാവും, സർവ്വവ്യാപിയും, നിർമ്മലവുമാണ്. അതാണ് അങ്ങേ അററത്തെ പ്രാപ്യസ്ഥാനം എന്ന വേദാന്തസിദ്ധാന്തത്തെ അറിഞ്ഞുകൊള്ളണം. 32

ദൃഷ്ടം ഹിത്വാ സ്മൃതിം തസ്യിൻ
സർവ്വഗ്രശ്ച തമസ്ത്യജേത്
സർവ്വദൃഗ്ജ്യോതിഷാ യുക്തോ
ദിനകൃച്ഛാർവ്വരം യഥാ. 33

അന്വയം: ദൃഷ്ടം ഹിത്വാ തസ്യിൻ സ്മൃതിം (ഹിത്വാ) സർവ്വഗ്രഃ തമഃ ച ത്യജേത് ദിനകൃത് ശാർവ്വരം യഥാ സർവ്വദൃക് ജ്യോതിഷാ യുക്തഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഉണർന്നിരിക്കുന്ന അവസ്ഥയേയും ആ അവസ്ഥ മനസ്സിൽ പതിച്ച സംസ്കാരങ്ങളുടെ അവസ്ഥയായ സ്വപ്നത്തേയും, എല്ലാററിനേയും വിഴുങ്ങുന്ന സുഷുപ്തിയേയും ത്യജിക്കണം. അപ്പോഠം, ഈ അവസ്ഥകളുടെയെല്ലാം സാക്ഷിയായ ആത്മാവ് രാത്രിയിലെ ഇരുട്ടു നീങ്ങിയശേഷം സൂര്യനെന്നപോലെ സ്വയംപ്രകാശമായ ശുദ്ധജ്ഞാനരൂപമായി ശേഷിക്കും. 33

രൂപസ്മൃത്യന്ധകാരാർത്ഥാഃ പ്രത്യയാ യസ്യ ഗോചരാഃ
സ ഏവാത്മാ സമോ ദ്രഷ്ടാ സർവ്വഭൂതേഷു സർവ്വഗഃ. 34

അന്വയം; രൂപസ്മൃത്യന്ധകാരാർത്ഥാഃ പ്രത്യയാഃ യസ്യ ഗോചരാഃ സ ആത്മാ ദ്രഷ്ടാ സർവ്വഭൂതേഷു സമഃ ഏവ സർവ്വഗഃ.

സാരം: ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നിവയെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന—ദൃക്സ്വരൂപമായ ആത്മാവ്, സർവ്വജീവജാലങ്ങളിലും സമനും സർവ്വവ്യാപിയും, സർവ്വവുമറിയുന്നവനുമാണ്. 34

ആത്മബുദ്ധിമനശ്ചക്ഷുർവ്വിഷയാ ലോകസംഗമാത്
വിചിത്രോ ജായതേ ബുദ്ധേഃ പ്രത്യയോഽജ്ഞാനലക്ഷണഃ

അന്വയം: ആത്മബുദ്ധിമനശ്ചക്ഷുർവിഷയാ ലോകസംഗമാത് അജ്ഞാനലക്ഷണഃ വിചിത്രഃ ബുദ്ധേഃ പ്രത്യയഃ ജായതേ.

സാരം: ദേഹം, ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങഠം, വിഷയങ്ങഠം, വെളിച്ചം എന്നിവയുമായി ആത്മാവിന്റെ സമ്പർക്കത്താൽ, അജ്ഞാനത്തിൽനിന്നുമുടലെടുത്ത ബൗദ്ധജ്ഞാനങ്ങഠം പല തരത്തിലുമുണ്ടാകുന്നു. 35

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവിച്യാസ്മാത് സ്വമാത്മാനം
വിദ്യാച്ഛുദ്ധം പരം പദം
ദ്രഷ്ടാരം സർവ്വഭൂതസ്ഥം
സമം സർവ്വഭയാതിഗം. 36

സമസ്തം സർവ്വഗം ശാന്തം
വിമലം വ്യോമവത് സ്ഥിതം
നിഷ്കലം നിഷ്ക്രിയം സർവ്വം
നിത്യം ദ്വന്ദ്വൈർവിവർജിതം. 37

അന്വയം: അസ്മാത് വിവിച്യ സ്വം ആത്മാനം ശുദ്ധം ദ്രഷ്ടാരം സമം സർവ്വഭൂതസ്ഥം സർവ്വഭയാതിഗം സമസ്തം സർവ്വഗം ശാന്തം വിമലം വ്യോമവത് സ്ഥിതം നിഷ്കലം, നിഷ്ക്രിയം, സർവ്വം, നിത്യം ദ്വന്ദ്വൈഃ വിവർജ്ജിതം പരം പദം വിദ്യാത്.

സാരം: ഇപ്പറഞ്ഞ ദേഹേന്ദ്രിയാദികളിൽനിന്നും വേറിട്ടതാണ് ആത്മസ്വരൂപമെന്നും അതുതന്നെയാണ് ശുദ്ധവും, സർവ്വസാക്ഷിയും, എല്ലാ ജീവജാലങ്ങളിലും ഒരുപോലിരിക്കുന്നതും, സർവ്വഭയങ്ങൾക്കുമതീതവും സർവ്വസ്വരൂപവും, സർവ്വവ്യാപിയും, ശാന്തവും, ദോഷങ്ങൾ തീണ്ടാത്തതും, ആകാശംപോലെ ഇളകാതെ നില്ക്കുന്നതും, അവയവങ്ങളില്ലാത്തതും, നിഷ്ക്രിയവും നാശമററതും, സുഖദുഃഖശീതോഷ്ണാദികളെഴാത്തതുമായ പരമമായ പ്രാപ്യസ്ഥാനം_ബ്രഹ്മം-എന്നറിയുകയും വേണം. 36 37

സർവ്വപ്രത്യയസാക്ഷീ ജ്ഞഃ കഥം ജ്ഞേയോമയേത്യുത
വിമൃശ്യൈവം വിജാനീയാത് ജ്ഞാനകർമ്മ ന വേതി വാ.

അന്വയം; സർവ്വപ്രത്യയസാക്ഷീ ജ്ഞഃ മയാ കഥം ജ്ഞേയഃ ഉത ഇതി ഏവം വിമൃശ്യ ജ്ഞാനകർമ്മ വാ ന വാ ഇതി വിജാനീയാത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: എല്ലാം അന്തഃകരണവൃത്തിരൂപമായി ജ്ഞാനങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ടു് സാക്ഷിയായി നില്ക്കുന്ന ആത്മാവിനെ എങ്ങനെയാണു് മനസ്സിലാക്കേണ്ടതു് എന്നിങ്ങനെ നല്ലപോലെ ആലോചിച്ചതിനുശേഷം, അതു ജ്ഞാനവിഷയമാണോ അല്ലയോ എന്നറിഞ്ഞു കൊള്ളണം. 38

അദൃഷ്ടം ദ്രഷ്ടൃവിജ്ഞാതം ദഭ്രമിത്യാദിശാസനാത്
നൈവ ജ്ഞേയം മയാന്യൈർവാ പരംബ്രഹ്മ കഥംചന.

അന്വയം: അദൃഷ്ടം ദ്രഷ്ടൃ അവിജ്ഞാതം ദഭ്രം ഇത്യാദി ശാസനാത് പരം ബ്രഹ്മ മയാ അന്യൈഃ വാ കഥംചന ന ജ്ഞേയം.

സാരം: ശ്രുതിയിൽ ഇങ്ങനെ പറയുന്നു: 'അദൃഷ്ടം ദ്രഷ്ടൃ' (ബ്രഹ്മം കാണപ്പെടാത്തതും കാണുന്നതുമാണു്.) 'അവിജ്ഞാതം വിജ്ഞാതൃ' അറിയപ്പെടാത്തതും അറിയുന്നതുമാണു്. 'ദഭ്രം' (അറിയപ്പെടുന്നതെല്ലാം അല്പമാണു്.) ഇത്യാദി. അതുകൊണ്ടു് ബ്രഹ്മത്തെ ആർക്കും ഒരു തരത്തിലും അറിയുവാൻ സാധിക്കുന്നതല്ല. 39

സ്വരൂപാവ്യവധാനാഭ്യാം
ജ്ഞാനാലോകസ്വഭാവതഃ
അന്യജ്ഞാനാനപേക്ഷത്വാത്
ജ്ഞാതം ചൈവ സദാ മയാ. 40

അന്വയം: ജ്ഞാനാലോകസ്വഭാവതഃ സ്വരൂപാവ്യവധാനാഭ്യാം അന്യജ്ഞാനാനപേക്ഷത്വാത് മയാ സദാ ഏവ ജ്ഞാതം ച.

സാരം: ജ്ഞാനപ്രകാശമാണു് ബ്രഹ്മസ്വഭാവം. അതു് എന്റെ സ്വരൂപംതന്നെയാണു്. ഒന്നുകൊണ്ടും മറയ്ക്കപ്പെടുന്നുമില്ല. അതിനാൽ ആ ബ്രഹ്മത്തെ അറിയു

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ന്നതിനു വേറൊരു ജ്ഞാനത്തിൻെറ അപേക്ഷയേ ഇല്ല. അപ്പോം, അതു് സർവ്വദാ അറിയപ്പെടുന്നതുതന്നെയാണു്. (രണ്ടായി അറിയപ്പെടുന്നതല്ല. അതായിത്തീരൽതന്നെയാണു് ബ്രഹ്മത്തെ അറിയൽ എന്നു സാരം.) 40

നാന്യേന ജ്യോതിഷാ കാര്യം
രവേരാത്മപ്രകാശനേ
സ്വബോധാന്നാന്യബോധേച്ഛാ
ബോധസ്യാത്മപ്രകാശനേ 41

അന്വയം: രവേഃ ആത്മപ്രകാശനേ അന്യേന ജ്യോതിഷാ ന കാര്യം ബോധസ്യ ആത്മപ്രകാശനേ സ്വബോധാത് അന്യബോധേച്ഛാ ന.

സാരം: സൂര്യന്നു്, തന്നെ പ്രകാശിപ്പിക്കുവാൻ മറ്റൊരു പ്രകാശത്തിൻെറ സഹായമൊന്നും വേണ്ട. അതുപോലെ ജ്ഞാനസ്വരൂപമായ ആത്മാവിൻേറയും പ്രകാശത്തിന്നു് സ്വരൂപജ്ഞാനമൊഴിച്ചു് മറ്റൊരാഗന്തുകമായ ജ്ഞാനത്തിൻെറ ആവശ്യമൊന്നുമില്ല. 41

ന തസ്യൈവാന്യതോഽപേക്ഷാ
സ്വരൂപം യസ്യ യദ്ഭവേത്.
പ്രകാശാന്തരദൃശ്യോ ന
പ്രകാശോ ഹ്യസ്തി കശ്ചന. 42

അന്വയം: യത് യസ്യ സ്വരൂപം തസ്യ അന്യതഃ അപേക്ഷാ ന ഏവ ഭവേത് ഹി പ്രകാശാന്തരദൃശ്യഃ കശ്ചന പ്രകാശഃ ന അസ്തി.

സാരം: ഒരു വിളക്കിനെ കാണുവാൻ മറ്റൊരു വിളക്കിൻെറ സഹായം ആവശ്യമില്ലല്ലോ. അതുപോലെ ഒന്നിൻെറ യഥാർത്ഥപ്രകൃതി വേറൊന്നിനേയും ആശ്രയി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചിരിക്കുന്നതല്ല. അതായതു്, ആത്മാവു് ജ്ഞാനസ്വരൂപമാണു്. അതിനെ അറിയുവാൻ മറെറാരു ജ്ഞാനത്തിൻെറ ആവശ്യമേയില്ല. 42

വ്യക്തിഃ സ്യാദപ്രകാശസ്യ
പ്രകാശാത്മസമാഗമാത്
പ്രകാശസ്ത്വക്കാര്യഃ സ്യാ-
ദിതി മിഥ്യാ വചോ ഹ്യതഃ 43

അന്വയം: അപ്രകാശസ്യ പ്രകാശാത്മസമാഗമാത് വ്യക്തിഃ സ്യാത് അതഃ പ്രകാശഃ അക്കാര്യഃ ഹി ഇതി വചഃ തു മിഥ്യാ സ്യാത്.

സാരം: പ്രകാശമില്ലാത്ത വസ്തു പ്രകാശമുള്ള വസ്തുവിൻെറ സമ്പക്ത്തോൽ ദൃഷ്ടിഗോചരമാകുന്നു. അതായതു്, അതിനെ ചുഴന്നിരുന്ന അന്ധകാരം നീങ്ങുന്നു എന്നുമാത്രം. അതിനാൽ, സൂര്യൻ വസ്തുക്കളെ പ്രകാശിപ്പിക്കുന്നു എന്നു പറയുന്നതു് (ശരിയായ അർത്ഥത്തിൽ) തെററാണു്. സൂര്യൻ പ്രകാശിപ്പിക്കുന്നില്ല; സൂര്യപ്രകാശം തട്ടുമ്പോഠം പ്രതിബന്ധം നീങ്ങുന്നതേയുള്ളു. 43

യതോഽഭൂത്വാ ഭവേദ്യച്ച തസ്യ തത് കാര്യമിഷ്യതേ
സ്വരൂപത്വാദഭൂത്വാ ന പ്രകാശോ ജായതേ രവേഃ. 44

അന്വയം: യത് ച അഭൂത്വാ യതഃ ഭവേത് തത് തസ്യ കാര്യം ഇഷ്യതേ രവേഃ പ്രകാശഃ സ്വരൂപത്വാത് അഭൂത്വാ ന ജായതേ.

സാരം: ഇല്ലാതിരുന്ന ഒരു വസ്തു, മറെറാരു വസ്തുവിൽനിന്നും ഉണ്ടാവുകയാണെങ്കിൽ, ഉണ്ടായ വസ്തു കാര്യമാണെന്നും, ഏതിൽനിന്നാണോ ഉണ്ടായതു് അതു കാരണമാണെന്നും പറയാം. സൂര്യൻെറ പ്രകാശമെന്നതു് സൂര്യസ്വരൂപംതന്നെയാണു്. അപ്പോഠം അതൊരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കലില്ലാതിരുന്ന് പിന്നീടുണ്ടായതും മററുമല്ല- അതി നാൽ അതു് കാര്യമാണെന്നു പറഞ്ഞുകൂടാ. 44

സത്താമാത്രേ പ്രകാശസ്യ കർത്താദിത്യാദിരിഷ്യതേ
ഘടാദിവ്യക്തിതോ യദ്വത്തദ്വദ്ബോധാത്മനീഷ്യതാം.

അന്വയം: യദ്വത് പ്രകാശസ്യ സത്താമാത്രേ ഘടാദിവ്യക്തിതഃ ആദിത്യാദിഃ പ്രകാശസ്യ കർത്താ ഇഷ്യതേ തദ്വത് ബോധാത്മനി ഇഷ്യതാം.

സാരം: പ്രകാശത്തിൻെറ സാന്നിദ്ധ്യരൂപമായ സത്തയുള്ളപ്പോൾ കുടം മുതലായ ബാഹ്യവസ്തുക്കൾ നമുക്കിന്ദ്രിയഗോചരമാകുന്നു. അതിനാൻ, സൂര്യാദികൾ ആ വസ്തുക്കളെ പ്രകാശിപ്പിക്കുന്നു എന്നു നാം പറയുന്നു. വാസ്തവത്തിൽ അവയെ പ്രകാശിപ്പിക്കുന്നതിൽ കർത്തൃത്വമൊന്നും സൂര്യാദികൾക്കില്ല. അതുപോലെതന്നെ ജ്ഞാനസ്വരൂപമായ ആത്മാവും, ജ്ഞാനത്തിൻെറ കർത്താവൊന്നുമല്ല. ജ്ഞാനസ്വരൂപമായ അതിൻെറ സത്തയാണ് വസ്തുജ്ഞാനത്തെ ഉണ്ടാക്കുന്നതു്. അപ്പോൾ കർത്തൃത്വവ്യവഹാരം മിഥ്യയാണെന്നു സിദ്ധം. 45

ബിലാത്സർപ്പസ്യ നിര്യാണേ
സൂര്യോ യദ്വത്പ്രകാശകഃ
പ്രയത്നേന വിനാ തദ്വത്
ജ്ഞാതാ*ff*ത്മാ ബോധരൂപതഃ 46

അന്വയം: യദ്വത് ബിലാത് സർപ്പസ്യ നിര്യാണേ സൂര്യഃ പ്രയത്നേന വിനാ പ്രകാശകഃ തദ്വത് ബോധ–രൂപതഃ ആത്മാ ജ്ഞാതാ.

സാരം: മാളത്തിൽനിന്നു പുറത്തു കടക്കുമ്പോൾ സർപ്പത്തെ നമുക്കു കാണാം. അപ്പോൾ സൂര്യനാണതിനെ പ്രകാശിപ്പിക്കുന്നതെന്നു വ്യവഹാരമുണ്ടു്, എന്നാൽ വാസ്തവത്തിൽ, സൂര്യൻ മനഃപൂർവ്വം സർപ്പത്തെ പ്രകാശി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്കുന്നും മററുമില്ല. സൂര്യപ്രകാശത്തിൻെറ സാന്നിദ്ധ്യം മാത്രമേ അവിടെ ഉള്ളൂ. അതേ മാതിരി ആത്മാവ് ജ്ഞാനസ്വരൂപമാണ്. അതു മററൊന്നിനെ അറിയുന്നു എന്നു പറഞ്ഞാൽ, സ്വരൂപഭൂതമായ ജ്ഞാനമുണ്ടെന്നേ അർത്ഥമുള്ളൂ. അല്ലാതെ, 'അറിയുക' എന്ന ക്രിയയുടെ കർത്തൃത്വമാത്മാവിന്നില്ല. 46

ദഗ്ദ്ധൈവമുഷ്ണഃ സത്തായാം തദ്വദ്ബോധാത്മനീഷ്യതാം
സത്യേവ യദ്വപാധൗ തു ജ്ഞാതേ സർപ്പ ഇവോത്ഥിതേ. 47

അന്വയം: ഏവം ഉഷ്ണഃ സത്തായാം ദഗ്ദ്ധാ തദ്വത് ആത്മനി ബോദ്ധാ ഇഷ്യതാം യത് ഉത്ഥിതേ സർപ്പേ ഇവ ഉപാധൗ ജ്ഞാതേ സതി ഏവ തു.

സാരം: ഇനി വേറൊരുദാഹരണംകൂടി: അഗ്നിയുടെ അടുത്ത സാന്നിദ്ധ്യം മതിയല്ലോ വസ്തുക്കൾ ദഹിക്കാൻ. എന്നാലും അഗ്നി വസ്തുക്കളെ ദഹിപ്പിക്കുന്നു എന്നാണ് വ്യവഹാരം. അതുപോലെ ആത്മസ്വരൂപംതന്നെയാണ് ജ്ഞാനം. അതിൻെറ സാന്നിദ്ധ്യത്തിൽ വസ്തുക്കൾ പ്രകാശിക്കുന്നു. അപ്പോൾ ആത്മാവ് ജ്ഞാതാവാണെന്നു പറയുന്നതു് ഔപചാരികം മാത്രം. മാളത്തിൽനിന്നു പുറത്തു കടന്ന സർപ്പത്തിൻെറ കാര്യത്തിലെന്നപോലെ ഉപാധികളെ പ്രകാശിപ്പിക്കുമ്പോൾ, ആത്മാവ് ജ്ഞാതാവാണെന്നു വ്യവഹരിക്കപ്പെടുന്നു. 47

ജ്ഞാതാഽയത്നോഽപി തദ്വജ്ജ്ഞഃ
കർത്താ ഭ്രാമകവദ്ഭവേത്
സ്വരൂപേണ സ്വയം നാത്മാ–
ജ്ഞേയോഽജ്ഞേയോഽഥവാ തതഃ 48

വിദിതാവിദിതാഭ്യാം തദന്യദേവേതി ശാസനാത്
ബന്ധമോക്ഷാദയോ ഭാവാസ്തദ്വദാത്മനി കല്പിതാഃ 49

അന്വയം: (യദ്വത്) അയത്നഃ അപി ജ്ഞഃ ജ്ഞാതാ തദ്വത് ഭ്രാമകവത് കർത്താ ഭവേത്. തതഃ വിദിതാ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദിതാഭ്യാം അന്യത് ഏവ ഇതി ശാസനാത് ആത്മാ സ്വരൂപേണ സ്വയം ന ജ്ഞേയഃ അഥവാ, (ന) അജ്ഞേയഃ തദ്വത് ബന്ധമോക്ഷാദയഃ ഭാവാഃ ആത്മനി കല്പിതാഃ.

സാരം: വാസ്തവത്തിൽ ജ്ഞാനത്തിനുവേണ്ടിയുള്ള യത്നമൊന്നും ആത്മാവിലില്ലെങ്കിൽക്കൂടി ആത്മാവ് ജ്ഞാതാവാണെന്നു പറയുന്നതുപോലെതന്നെയാണ് ആത്മാവ് ചെയ്യുന്നവനാണ് എന്ന വ്യവഹാരവും. സൂര്യൻ പ്രകാശിപ്പിക്കുന്നില്ലെങ്കിൽക്കൂടി, പ്രകാശിപ്പിക്കുന്നുണ്ട് എന്ന വ്യവഹാരം പ്രസിദ്ധമാണല്ലോ. അയസ്കാന്തം ഇരുമ്പിനെ ചലിപ്പിക്കുന്നതിൽ, പ്രവർത്തിക്കുന്നില്ലെങ്കിൽക്കൂടി, കാന്തം ചലിപ്പിക്കുന്നു എന്നും പറയാറുണ്ടല്ലോ. അതിനാൽ, സ്വഭാവേന ആത്മാവ് ജ്ഞേയവുമല്ല അജ്ഞേയവുമല്ല. 'ആത്മാവ് വിദിതവുമല്ല, അവിദിതവുമല്ല' (കേനം) എന്നു ശ്രുതി ഘോഷിക്കുന്നു. ബന്ധം, മോക്ഷം എന്നിവയെല്ലാംതന്നെ ആത്മാവിൽ അദ്ധ്യസ്തങ്ങളാം മാത്രമാണ്. വാസ്തവത്തിൽ ആത്മാവിന്ന് ബന്ധവുമില്ല മോക്ഷവുമില്ല. 48–49

നാഹോരാത്രേ യഥാ സൂര്യേ പ്രഭാരൂപാവിശേഷതഃ
ബോധരൂപാവിശേഷാന്ന ബോധാബോധൗ തഥാഽത്മനി

അന്വയം: സൂര്യേ പ്രഭാരൂപാവിശേഷതഃ യഥാ അഹോരാത്രേ ന തഥാ ആത്മനി ബോധരൂപാവിശേഷാത് ബോധാബോധൗ ന.

സാരം: എല്ലാപ്പോഴും ഒരുപോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന സൂര്യനിൽ പകൽ, രാത്രി എന്നിവ വാസ്തവത്തിൽ ഇല്ല, കല്പിതങ്ങളാം മാത്രമാണ്. അതുപോലെ സർവ്വദാ ജ്ഞാനമാത്രസ്വരൂപമായ ആത്മാവിലും, ജ്ഞാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാജ്ഞാനങ്ങരം ഇല്ല. ആത്മാവെല്ലാഴ്പ്പോഴം നിർവ്വിശേഷജ്ഞാനരൂപമാണെന്നത്ഥം. 50

യഥോക്തം ബ്രഹ്മ യോ വേദ ഹാനോപാദാനവജ്ജിതം
യഥോക്തേന വിധാനേന സ സത്യം നൈവ ജായതേ. 51

അന്വയം: ഹാനോപാദാനവജ്ജിതം ബ്രഹ്മ യഥോക്തം യഃ വേദ സഃ യഥോക്തേനവിധാനേന ന ഏവ ജായതേ സത്യം.

സാരം: (ആത്മാവാകയാൽ) സ്വീകാരത്യാഗങ്ങരംക്കിടമില്ലാത്ത, വിദിതവുമവിദിതവുമല്ലാത്ത ബ്രഹ്മത്തെ ആർ അറിയുന്നുവോ (വിഷയത്വേന അല്ല വിഷയിത്വേന) അയാരം മുക്തനായിത്തീരുന്നു. വീണ്ടും ജനനമയാരംക്കില്ല. 51

ജന്മമൃത്യുപ്രവാഹേഷു പതിതോ നൈവ ശക്നുയാത്
ഇത ഉദ്ധർത്തുമാത്മാനം ജ്ഞാനാദന്യേന കേനചിത്. 52

അന്വയം: ജന്മമൃത്യുപ്രവാഹേഷു പതിതഃ ജ്ഞാനാത് അന്യേന കേനചിത് ഇതഃ ആത്മാനം ഉദ്ധർത്തും ന ഏവ ശക്നുയാത്.

സാരം; ജനനം, മരണം എന്നീ ഒഴുക്കുകളിൽ വീണു കിടക്കുന്ന സംസാരിക്കു് ജ്ഞാനമല്ലാതെ മറെറാന്നുകൊണ്ടും കരകയറുവാൻ സാദ്ധ്യമല്ല തീർച്ച. 52

ഭിദ്യതേ ഹൃദയഗ്രന്ഥിഃ ഛിദ്യന്തേ സർവ്വസംശയാഃ
ക്ഷീയന്തേ ചാസ്യ കർമ്മാണി തസ്മിൻദൃഷ്ടേ ഇതി ശ്രുതേഃ 53

അന്വയം: തസ്മിൻ ദൃഷ്ടേ ഹൃദയഗ്രന്ഥിഃ ഭിദ്യതേ സർവ്വസംശയാഃ ഛിദ്യന്തേ അസ്യ കർമ്മാണി ക്ഷീയന്തേ ച ഇതി ശ്രുതേഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: മുണ്ഡകോപനിഷത്തിൽ (2. 2. 8.) ഇങ്ങനെ പറഞ്ഞിരിക്കുന്നു:—ആത്മദർശനമുണ്ടായാൽ ഹൃദയക്കെട്ടുകളായ കല്പനകൾ (അദ്ധ്യാസങ്ങൾ) പൊട്ടിപ്പോകുന്നു. എല്ലാ സംശയങ്ങളുടേയും വേരററു പോകുന്നു. ആത്മജ്ഞാനിയുടെ സഞ്ചിതകർമ്മങ്ങളും ആഗാമികർമ്മങ്ങളും നശിക്കുന്നു. 53

മമാഹമിത്യേതദപോഹ്യ സർവ്വതോ
വിമുക്തദേഹം പദമംബരോപമം
സുദൃഷ്ടശാസ്ത്രാനുമിതിഭ്യ ഈരിതം
വിമുച്യതേഽസ്മിൻ യദി നിശ്ചിതോ നരഃ 54

അന്വയം: സർവ്വതഃ മമ അഹം ഇതി ഏതത് അപോഹ്യ വിമുക്തദേഹം അംബരോപമം പദം സുദൃഷ്ടശാസ്ത്രാനുമതിഭ്യഃ ഈരിതം നരഃ അസ്മിൻ യദി നിശ്ചിതഃ വിമുച്യതേ.

സാരം: 'ഞാൻ', 'എൻേറതു്' എന്നിങ്ങനെ അഹങ്കാരത്തേയും, മമതയേയും വെടിഞ്ഞു ശ്രുതിയുക്തികൾ കൊണ്ടു് സ്ഥാപിച്ചുകഴിഞ്ഞ ഈ പരമമായ പ്രാപ്യസ്ഥാനത്തിൽ—അതു് ആകാശംപോലെ ശുദ്ധവും, ദേഹദ്വയസംബന്ധമില്ലാത്തതുമാണു്—എന്നു് ഉറയ്ക്കുന്ന മനുഷ്യൻ മോക്ഷം പ്രാപിക്കുന്നു. 54

ഇങ്ങനെ നാന്യദന്യത്പ്രകരണം കഴിഞ്ഞു.

പാർത്ഥിവപ്രകരണം

പാർത്ഥിവഃ കഠിനോ ധാതുർ-
ദ്രവോ ദേഹേ സ്മൃതോഽമ്മയഃ
പക്തിചേഷ്ടാവകാശാഃ സ്യുർ-
വഹ്നിവായ്വംബരോദ്ഭവാഃ 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യഃ ദേഹേ കഠിനഃ ധാതുഃ സഃ പാർത്ഥിവഃ സ്മൃതഃ ദ്രവഃ അമ്മയഃ സ്മൃതഃ യേ പക്തിചേഷ്ടാവ–കാശാഃ സ്യുഃ തേ വഹ്നിവായ്വംബരോദ്ഭവാഃ സ്മൃതാഃ

സാരം: സ്ഥൂലശരീരത്തിൽ മാംസാദിരൂപമായ യാതൊരു ഭാഗമുണ്ടോ അതു് പൃഥിവിയുടെ പരിണാമമാകുന്നു. അതുപോലെ ദ്രവഭാഗം ജലപരിണാമവും, പാകം, സ്പന്ദനം, അവകാശം അതായതു് അന്നപാനാദികളുടെ സഞ്ചാരമാർഗ്ഗങ്ങളായ ദേഹത്തിലുള്ള സുഷിരങ്ങൾ ഇവ അഗ്നി, വായു, ആകാശം ഇവയുടെ കാര്യഭൂതങ്ങളുമാകുന്നു എന്നു് വിദ്വാന്മാരാൽ സ്മരിക്കപ്പെട്ടിട്ടുണ്ടു്. ഭൂതപരിണാമമാകയാൽ പുറ്റു് മുതലായവപോലെ ദേഹം ആത്മാവല്ല എന്നു സാരം. 1

ഘ്രാണാദീനി തദർത്ഥാശ്ച പൃഥിവ്യാദിഗുണാഃ ക്രമാത്
രൂപാലോകവദിഷ്ടം ഹി സജാതീയാർത്ഥമിന്ദ്രിയം. 2

അന്വയം: ഘ്രാണാദീനി തദർത്ഥാഃ ച ക്രമാത് പൃഥിവ്യാദിഗുണാഃ ഇന്ദ്രിയം രൂപാലോകവത് സജാ-തീയാർത്ഥം ഹി ഇഷ്ടം.

സാരം: ഘ്രാണാദികളായ ഇന്ദ്രിയങ്ങളും ഗന്ധാദികളായ അവയുടെ വിഷയങ്ങളും ക്രമത്തിൽ പൃഥിവ്യാദികളുടെ കാര്യങ്ങളാകുന്നു. ഗന്ധരസരൂപസ്പർശശബ്ദങ്ങൾ പൃഥിവ്യപ്തേജോവായ്വാകാശങ്ങളുടെ ധർമ്മങ്ങളെന്നു് പ്രസിദ്ധമാണു്. ഘ്രാണാദീന്ദ്രിയങ്ങളുണ്ടെങ്കിലേ ഗന്ധാദികളെ ഗ്രഹിക്കുവാൻ കഴിയൂ, ഇല്ലെങ്കിൽ ഇല്ല, എന്നു് അന്വയവ്യതിരേകങ്ങൾകൊണ്ടു് സിദ്ധിക്കുന്നു. ഏതു് ഇന്ദ്രിയം ഏതു ധർമ്മത്തെ ഗ്രഹിപ്പിക്കുന്നുവോ അതു് അതിന്റെ സജാതീയമാകുന്നു. തൈജസമായ രൂപത്തെ പ്രകാശിപ്പിക്കുന്നതു് തൈജസമായ ദീപാദികളാണല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇങ്ങനെ ഇന്ദ്രിയങ്ങൾക്ക് ഭൗതികത്വം സിദ്ധിച്ചപ്പോൾ ശരീരത്തെപ്പോലെ ഇവയും ആത്മാവാകുന്നില്ല. 2

ബുദ്ധ്യർത്ഥാന്യാഹുരേതാനി വാക്പാണ്യാദീനി കർമ്മണേ
തദ്വികല്പാർത്ഥമന്തസ്ഥം മന ഏകാദശം ഭവേത്.

അന്വയം: ഏതാനി ബുദ്ധ്യർത്ഥാനി ആഹുഃ വാക്-പാണ്യാദീനി കർമ്മണേ, തദ്വികല്പാർത്ഥം അന്തസ്ഥം മനഃ ഏകാദശം ഭവേത്.

സാരം: ഈ ഘ്രാണാദികളായ ഇന്ദ്രിയങ്ങൾ ജ്ഞാനകരണങ്ങളാകുന്നു. വാക്, പാണി, പാദം, പായു, ഉപസ്ഥം എന്നീ ഇന്ദ്രിയങ്ങൾ വചനം, ആദാനം, ഗമനം, വിസർജ്ജനം, ആനന്ദം എന്നീ കർമ്മങ്ങൾക്കു കരണങ്ങളാകുന്നു. ഈ പത്തിന്ദ്രിയങ്ങൾക്കും ഒരുമിച്ച് വിഷയസന്നിധാനമുണ്ടാകുമ്പോൾ അതാതിന്ദ്രിയങ്ങൾക്ക് വേണ്ട വിഷയജ്ഞാനം നിർണ്ണയിക്കുന്നതേതോ ആ മനസ്സ് പതിനൊന്നാമത്തെ ഇന്ദ്രിയമാകുന്നു. മനസ്സ് ജ്ഞാനങ്ങളുടെ സാധാരണ കാരണമാകുന്നു. അല്ലെങ്കിൽ ആത്മാവിന്നു് അനേകേന്ദ്രിയസന്നികർഷമുണ്ടാകുമ്പോൾ ഒരുമിച്ച് അനേകം ജ്ഞാനങ്ങളുണ്ടാകട്ടെ എന്നു വരും. അതുകൊണ്ടു് മനസ്സും മററിന്ദ്രിയങ്ങളെപ്പോലെ കരണമാകയാൽ ആത്മാവാകുന്നില്ല. 3

നിശ്ചയാർത്ഥാ ഭവേദ്ബുദ്ധി-
സ്താം സർവ്വാർത്ഥാനുഭാവിനീം.
ജ്ഞാതാ ƒƒത്മോക്തഃ സ്വരൂപേണ
ജ്യോതിഷാ വ്യഞ്ജയൻ സദാ 4

അന്വയം: ബുദ്ധിഃ നിശ്ചയാർത്ഥാ ഭവേത് സ്വരൂ-പേണ ജ്യോതിഷാ സർവ്വാർത്ഥാനുഭാവിനീം താം സദാ വ്യഞ്ജയൻ ആത്മാ ജ്ഞാതാ ഉക്തഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: അർത്ഥനിർണ്ണയമാകുന്ന പ്രയോജനത്തോടു കൂടിയ അന്തഃകരണവൃത്തിയാകുന്ന നിശ്ചയാർത്ഥയായ ബുദ്ധി. സ്വസ്വരൂപമായ ജ്യോതിസ്സുകൊണ്ടു് സർവാർത്ഥങ്ങളേയും അനുഭവിപ്പിക്കുന്ന ബുദ്ധിയെ എപ്പോഴും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന ജ്ഞാതാവാകുന്നു ആത്മാവു്. രൂപവും ആലോകവുംപോലെ ബുദ്ധി ഭാസ്യവും ആത്മാവു് ഭാസകനുമാണെന്നു സാരം. 4

വ്യഞ്ജകസ്തു യഥാഽഽലോകോ
വ്യങ്ഗ്യസ്യാകരതാം ഗതഃ
വ്യതികീർണ്ണോഽപ്യസംകീർണ്ണ-
സ്തദ്വജ്ഞഃ പ്രത്യയൈഃ സദാ. 5

അന്വയം: യഥാ വ്യഞ്ജകഃ ആലോകഃ വ്യംഗ്യസ്യ ആകാരതാം ഗതഃ വ്യതികീർണ്ണഃ അപി അസങ്കീർണ്ണഃ ഭവതി തദ്വത്ജ്ഞഃ പ്രത്യയൈഃ സദാ (അസങ്കീർണ്ണഃ)

സാരം: വ്യഞ്ജകമായ പ്രകാശം വ്യങ്ഗ്യമായ കുടം മുതലായവയുടെ ആകാരത്തെ പ്രാപിച്ചു് സങ്കീർണ്ണമായിത്തീർന്നാലും വാസ്തവത്തിൽ വിവിക്തസ്വഭാവമായിത്തന്നെ ഭവിക്കുന്നതുപോലെ ആത്മാവു് എപ്പോഴും ബുദ്ധിവൃത്തികളെക്കൊണ്ടു് വ്യാമിശ്രമാകാതെ നിത്യശുദ്ധനായിത്തന്നെയിരിക്കുന്നു. 5

സ്ഥിതോ ദീപോ യഥായത്നഃ പ്രാപ്തംസർവ്വംപ്രകാശയേത്
ശബ്ദാദ്യാകാരബുദ്ധീർജ്ഞഃ പ്രാപ്താസ്തദ്വത്പ്രപശ്യതി.

അന്വയം: യഥാ ദീപഃ പ്രാപ്തം സർവ്വം പ്രകാശയേത് തദ്വത് ആത്മാ അയത്നഃ പ്രാപ്താഃ ശബ്ദാദ്യാകാരബുദ്ധീഃ പ്രപശ്യതി.

സാരം: കത്തിനില്ക്കുന്ന ദീപം എങ്ങിനേയോ പ്രാപ്തമായ എല്ലാ പദാർത്ഥങ്ങളേയും യഥാശക്തി പ്രകാശി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിക്കുന്നതു് അതുപോലെ യാതൊരു യത്നവും കൂടാതെ ആത്മാവു് വന്നുചേരുന്ന എല്ലാ ശബ്ദാദ്യാകാരബുദ്ധികളേയും നല്ലപോലെ കാണുന്നു. 6

ശരീരേന്ദ്രിയസംഘാത ആത്മത്വേന ഗതാം ധിയം
നിത്യാത്മജ്യോതിഷാ ദീപ്താം വിശിംഷന്തി സുഖാദയഃ 7

അന്വയം: സുഖാദയഃ ശരീരേന്ദ്രിയസംഘാതേ ആത്മത്വേന ഗതാം നിത്യാത്മജ്യോതിഷാ ദീപ്താം ധിയം വിശിംഷന്തി ന തു ആത്മാനം.

സാരം: സുഖാദികൾ ദേഹേന്ദ്രിയസംഘാതത്തിൽ ആത്മരൂപേണ പ്രവർത്തിക്കുന്നതും നിത്യമായ ആത്മജ്യോതിസ്സുകൊണ്ടു് പ്രകാശിക്കുന്നതുമായ ബുദ്ധിയെ വിശേഷിപ്പിക്കുന്നു. ആത്മാവിനെ വിശേഷിപ്പിക്കുന്നില്ല. ഭാസ്യഭാസകങ്ങളായ ബുദ്ധ്യാത്മാക്കളുടെ അവിവേകംകൊണ്ടു് ആത്മാവു് സുഖമുള്ളവൻ എന്നു തോന്നുന്നതു് ഭ്രമമാകുന്നു. 7

ശിരോദുഃഖാദിനാത്മാനം ദുഃഖ്യസ്മീതി ഹി പശ്യതി
ദ്രഷ്ടാന്യോ ദുഃഖിനോ ദൃശ്യാദ്ദ്രഷ്ടൃത്വാച്ച ന ദുഃഖ്യസൗ. 8

അന്വയം: ശിരോദുഃഖാദിനാ ആത്മാനം ഹി ദുഃഖീ അസ്മി ഇതി പശ്യതി ദ്രഷ്ടാ ദുഃഖിനഃ ദൃശ്യാത് അന്യഃ ദ്രഷ്ടൃത്വാത് ച അസൗ നഃ ദുഃഖീ.

സാരം: ദേഹാവയവമായ ശിരസ്സു് മുതലായവയിൽ ഉണ്ടാകുന്ന ദുഃഖംകൊണ്ടു് ഞാൻ ദുഃഖിയാകുന്നു എന്നു കാണുന്നതു് ദേഹംതന്നെ ആത്മാവാണെന്ന ബുദ്ധികൊണ്ടാണു്. ആത്മാവിൻെറ വിശേഷജ്ഞാനം ബുദ്ധിധ്യാസംകൊണ്ടാണല്ലൊ. ദ്രഷ്ടാവു് ദുഃഖിയായ ദൃശ്യത്തിൽനിന്നു് അന്യനാകുന്നു. ആത്മാഭിമാനിയായ ദേഹത്തിൻെറ അവയവസമ്പർക്കത്താൽ ദുഃഖാകാരമായിത്തീരുന്ന ബുദ്ധിയുടെ സാക്ഷിയാകുന്ന ആത്മാവു് ദുഃഖിയല്ല. 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുഃഖീ സ്യാദ്ദുഃഖ്യഹംമാനാദ്ദുഃഖിനോ ദർശനാന്ന വാ
സംഹതേഽങ്ഗാദിഭിർദ്രഷ്ടാ ദുഃഖീ ദുഃഖസ്യ നൈവ സഃ 9

അന്വയം: അയം ദുഃഖ്യഹംമാനാത് ദുഃഖീസ്യാത് ന വാ ദുഃഖിനോ ദർശനാത്. അങ്ഗാദിഭിഃ സംഹതേ ദുഃഖസ്യ ദ്രഷ്ടാ സഃ നൈവ ദുഃഖീ.

സാരം: ഈ ആത്മാവ് ദുഃഖാകാരമായി പരിണമിച്ചിട്ടുള്ള അന്തഃക്കരണത്തിൽ ഞാൻ എന്ന അഭിമാനത്താൽ ദുഃഖിയായിതീരുന്നു. ദുഃഖിയുടെ ദർശനംകൊണ്ടു് ദുഃഖിയാകുന്നില്ല. ഹസ്താദ്യവയവങ്ങളും ചക്ഷുരാദീന്ദ്രിയങ്ങളും ചേർന്ന ദേഹത്തിൽ ദുഃഖത്തെ കാണുന്ന സാക്ഷിരൂപനായ ആത്മാവ് ദുഃഖിയാകുന്നില്ലതന്നെ. 9

ചക്ഷുർവത്കർമ്മകർതൃത്വം
സ്യാച്ചേന്നാനേകമേവ തത്
സംഹതം, ച തതോ നാത്മാ
ദ്രഷ്ടൃത്വാത് കർമ്മതാം വ്രജേത്. 10

അന്വയം: ചക്ഷുർവത് കർമ്മകർതൃത്വം സ്യാത് ചേത് തത് അനേകം സംഹതം ച തതഃ ആത്മാദ്രഷ്ടൃത്വാത് കർമ്മതാം ന വ്രജേത്.

സാരം: കണ്ണു് കണ്ണാടിയിൽ കാണുമ്പോഠം ദൃശ്യവും മുഖത്തിരിക്കുമ്പോഠം ദ്രഷ്ടാവും ആകുന്നതുപോലെ ദുഃഖം കലരുമ്പോഠം ആത്മാവ് ദൃശ്യവും സ്വരൂപചൈതന്യാവസ്ഥയിൽ ദ്രഷ്ടാവുമാകാമല്ലോ എന്നാണെങ്കിൽ അതു ശരിയല്ല. ചക്ഷുരിന്ദ്രിയം അനേകവും സംഹതവുമാകയാൽ ദ്രഷ്ടാവും ദൃശ്യവുമാകാം. ആത്മാവ് ഏകരൂപനാകയാലും അസംഹതനാകയാലും ചിത്സ്വരൂപനാകയാലും ദ്രഷ്ടാവു മാത്രമാണു്, ദൃശ്യമല്ല. 10

ജ്ഞാനയത്നാദ്യനേകത്വമാത്മനോഽപി മതം യദി
നൈകജ്ഞാനഗുണത്വാത്തു ജ്യോതിർവത് തസ്യ കർമ്മതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ആത്മനഃ അപി ജ്ഞാനയത്നാദ്യനേകത്വം യദി മതം, തു ഏകജ്ഞാനഗുണത്വാത് ജ്യോതിർവത് തസ്യ ന കർമ്മതാ.

സാരം: ജ്ഞാനം, പ്രയത്നം, ഇച്ഛാദ്വേഷം മുതലായ ഗുണങ്ങളെക്കൊണ്ട് ആത്മാവിനും ചില അംശംകൊണ്ട ഗ്രാഹ്യത്വവും വേറെ അംശംകൊണ്ട് ഗ്രാഹകത്വവും ഉണ്ടെന്നാണ് അഭിപ്രായമെങ്കിൽ അതു ശരിയല്ല. 'കൃത്സ്നഃ പ്രജ്ഞാനഘന ഏവ' എന്ന് ശ്രുതി ഏക ജ്ഞാനസ്വഭാവത്വം ആത്മാവിന് കാണിച്ചിട്ടുള്ളതി നാൽ (ജ്യോതിസ്സിനെപ്പോലെ ആത്മാവിന് ഏകത്വ മാകയാൽ) ഗ്രാഹ്യത്വം സംഭവിക്കുന്നില്ലെന്ന് പരി ഹാരം. 11

ജ്യോതിഷോ ദ്യോതകത്വേഽപി യദ്വന്നാത്മപ്രകാശനം
ഭേദേഽപ്യേവം സമത്വാജ്ജ ആത്മാനം നൈവ പശ്യതി.

അന്വയം: യദ്വത് ജ്യോതിഷഃ ദ്യോതകത്വേ അപി ന ആത്മപ്രകാശനം ഏവം ഭേദേ അപി ജ്ഞഃ സമത്വാത് ആത്മാനം ന പ്രകാശയതി ഏവ.

സാരം: ആദിത്യാദി ജ്യോതിസ്സുകൾ മറ്റുള്ളവയെ പ്രകാശിപ്പിക്കുന്നുണ്ടെങ്കിലും സ്വസ്വരൂപത്തെ പ്രകാശി പ്പിയ്ക്കാതിരിക്കുന്നതുപോലെ ആത്മാവ് ചൈതന്യ സ്വഭാവമുള്ളതാകയാൽ അംശഭേദകല്പനമുണ്ടെങ്കിലും സ്വ സ്വരൂപത്തെക്കാണുന്നില്ല. 12

യദ്ധർമ്മാ യഃ പദാർത്ഥോ ന തസ്യൈവേയാത്സ കർമ്മതാം
ന ഹ്യാത്മാനം ദഹത്യഗ്നിസ്തഥാ നൈവ പ്രകാശയേത്.

അന്വയം: യഃ പദാർത്ഥഃ യദ്ധർമ്മാ സ തസ്യ ഏവ കർമ്മതാം ന ഇയാത്. യഥാ ഹി അഗ്നിഃ ആത്മാനം ന ദഹതി തഥാ ആത്മാ സ്വം ന പ്രകാശതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: യാതൊരു പദാർത്ഥം യാതൊരു ധർമ്മത്തോടുകൂടിയതാണോ അതു് പ്രകാശ്യമായിത്തീരുന്നില്ല. അതുപോലെ ജ്ഞാനസ്വഭാവനായ ആത്മാവു് അഗ്നി തന്നെ ദഹിപ്പിക്കാത്തതുപോലെ തന്നെ പ്രകാശിപ്പിക്കുന്നില്ല. 13

ഏതേനൈവാത്മനാത്മാനോ ഗ്രഹോബുദ്ധൈർനിരാകൃതഃ
അംശോfപ്യേവം സമത്വാദ്ധി നിർഭേദത്വാന്നയുജ്യതേ. 14

അന്വയം: ബുദ്ധൈഃ ആത്മനഃ ആത്മനാ ഏവ ഗ്രഹ ഇതി ഏതേന ഏവ നിരാകൃതഃ അംശഃ അപി ഏവം സമത്വാത് നിർഭേദത്വാത് നഹി യുജ്യതേ.

സാരം: ആത്മാവിന്നു് ഏകാംശംകൊണ്ടു് ഗ്രാഹ്യത്വവും അന്യാംശംകൊണ്ടു് ഗ്രാഹകത്വവും ഉണ്ടെന്ന ബുദ്ധൻെറ പക്ഷം മേൽക്കാണിച്ച ദൃഷ്ടാന്തംകൊണ്ടു് നിരാകരിച്ചിരിക്കുന്നു. ആത്മാവു് സമനും ഭേദരഹിതനും ആകയാൽ അംശകല്പന യുക്തമല്ലെന്നു സാരം. 14

ശൂന്യതാപി ന യുക്താ വൈ
ബുദ്ധേരന്യേന ദൃശ്യതാ
യുക്താfതോ ഘടവത് തസ്യാഃ
പ്രാക്സിദ്ധേശ്ച വികല്പതഃ 15

അന്വയം: ഏവം ശൂന്യതാ അപി ന വൈ യുക്താ അതഃ തസ്യാഃ ബുദ്ധേഃ അന്യേന ദൃശ്യതാ യുക്താ വികല്പതഃ പ്രാക്സിദ്ധേഃ ച.

സാരം: ബുദ്ധിയോ അതിനെ പ്രകാശിപ്പിക്കുന്നതായ മറ്റൊന്നോ ഇല്ലെന്നു വന്നാൽ ശൂന്യവാദം വരികയില്ലേ എന്നാണെങ്കിൽ അതു ശരിയല്ല. എന്തെന്നാൽ ബുദ്ധിയെ നേരിട്ടറിയാൻ കഴിയുന്നു. അതിനാൽ

*28

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധി കുടം മുതലായവയെപ്പോലെ കാണപ്പെടുന്നു. ബുദ്ധിക്കു് വികല്പം ഉണ്ടാകുന്നതിനു മുമ്പുതന്നെ എല്ലാം പ്രകാശിപ്പിക്കുന്ന സാക്ഷിയുള്ളതിനാൽ ശൂന്യവാദശങ്ക ഇല്ലതന്നെ. 15

അവികല്പം തദസ്ത്യേവ യത്പൂർവ്വം സ്യാദ്വികല്പതഃ
വികല്പോത്പ്പത്തിഹേതുത്വാദ്യദ്യസ്യൈവതു കാരണം.

അന്വയം: വികല്പതഃ പൂർവ്വം യത് സ്യാത് അവി– കല്പം തത് അസ്തി ഏവ യത് തു വികല്പോല്പത്തി ഹേതു ത്വാത് യസ്യ കാരണം ഏവ.

സാരം: സർവ്വവികല്പരഹിതമായ ഒന്നുണ്ടു്, ബ്രഹ്മം, അതു് എല്ലാ വികല്പങ്ങൾക്കും കാരണമാകുന്നു. കാരണ മില്ലാതെ കാര്യമില്ലല്ലോ. കാര്യാർത്ഥികൾ കാരണ ത്തിൽ പ്രവർത്തിക്കുന്നുമുണ്ടു്. അതിൽ വികല്പങ്ങൾക്കു കാരണമായി ഒന്നുണ്ടു്. അതുതന്നെയാണു് ബ്രഹ്മം. അല്ലാതെ ശൂന്യമല്ല. 16

അജ്ഞാനം കല്പനാമൂലം സംസാരസ്യ നിയാമകം
ഹിത്വാത്മാനം പരംബ്രഹ്മ വിദ്യാന്മുക്തം സദാഭയം. 17

അന്വയം: കല്പനാമൂലം സംസാരസ്യ നിയാമകം അജ്ഞാനം ഹിത്വാ സദാ അഭയം മുക്തം പരം ആത്മാനം ബ്രഹ്മ വിദ്യാത്.

സാരം: എല്ലാ കല്പനകളുടേയും മൂലകാരണവും സംസാരത്തിന്റെ നിയാമകവുമായ അജ്ഞാനത്തെ വിട്ടു് സർവ്വസാക്ഷിയും അഭയസ്വരൂപവും മുക്താത്മക വും പരമാത്മസ്വരൂപവുമായ ബ്രഹ്മത്തെ ധ്യാനി ക്കണം. 17

ജാഗ്രത്സ്വപ്നൗ തയോർബീജം
സുഷുപ്താഖ്യം തമോമയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യോന്യസ്മിന്നസത്വാച്ച
നാസ്തീത്യേതത്ത്രയം ത്യജേത്. 18

അന്വയം: ജാഗ്രത്സ്വപ്നൗ തയോഃ ബീജം തമോമയം സുഷുപ്താഖ്യം അന്യോന്യസ്മിൻ അസത്വാത് ച ന അസ്തി ഇതി ഏതത്ത്രയം ത്യജേത്.

സാരം: ജാഗ്രത്തും സ്വപ്നവുമാണ് സംസാരം. അതിൻെറ കാരണം അജ്ഞാനപ്രായമായ സുഷുപ്തി എന്നു പറയപ്പെടുന്നതുമാണ്. എന്നാൽ ഇവ മൂന്നും ഒന്നുണ്ടാകുമ്പോൾ മററൊന്നില്ലാതാകുന്നതാണ്. അതായതു് ഇവയിൽ ഒന്നു വരുമ്പോൾ മററു രണ്ടും ഉണ്ടായിരിക്കുന്നതല്ല. അതിനുപുറമേ ഇവ മൂന്നും ആത്മാവിനോട് ബന്ധമുള്ളതല്ലെന്നറിഞ്ഞു് ത്യജിക്കണം. !8

ആത്മബുദ്ധിമനശ്ചക്ഷുരാലോകാത്ഥാദിസങ്കരാത്
ഭ്രാന്തിഃ സ്യാദാത്മകർമ്മേതി ക്രിയാണാം സന്നിപാതതഃ

നിമീലോന്മീലനേ സ്ഥാനേ വായവ്യേ തേ ന ചക്ഷുഷഃ
പ്രകാശത്വാന്മനസ്യേവം ബുദ്ധൗ ന സ്തഃ പ്രകാശതഃ 20

അന്വയം: ആത്മബുദ്ധിമനശ്ചക്ഷുരാലോകാത്ഥാദി സംകരാത് ക്രിയാണാം സന്നിപാതതഃ ആത്മ കർമ്മ ഇതി ഭ്രാന്തിഃ സ്യാത്. (ഏതുപോലെ എന്നാൽ)സ്ഥാനേ നിമീലോന്മീലനേ വായവ്യേ തേ ചക്ഷുഷഃ ന പ്രകാശത്വാത് ഏവം മനസി ബുദ്ധൗ പ്രകാശതഃ ന സ്തഃ

സാരം: കണ്ണ്—ചക്ഷുരിന്ദ്രിയം-പ്രകാശരൂപമാണ്. അതിന്നു് ക്രിയകളൊന്നുമില്ല. എങ്കിലും വായുവിൻേറതായ അടയ്ക്കൽ, തുറക്കൽ എന്ന ക്രിയകളെ കണ്ണിൽ ആരോപിച്ച്, 'കണ്ണടയ്ക്കുന്നു; കണ്ണു തുറക്കുന്നു' എന്നിങ്ങനെ വ്യവഹരിക്കാറുണ്ട്. ഇതുപോലെതന്നെ പ്രകാശരൂപങ്ങളായ മനസ്സിലും ബുദ്ധിയിലും ക്രിയക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളൊന്നുമില്ല. വായുവിൻേറതായ ക്രിയകളെ അവയിൽ ആരോപിക്കുകയാണ് ചെയ്യുന്നതു്. ഇതേ ദൃഷ്ടാന്തം തന്നെയാണ്, ആത്മാവിൽ ക്രിയകളെ (കർത്തൃത്വത്തെ) ആരോപിക്കുന്നതിലും. ജ്ഞാനം, ആത്മാവു്, ബുദ്ധി, മനസ്സ്, ഇന്ദ്രിയം, വെളിച്ചം, കാണപ്പെടുന്ന വസ്തു എന്നിവ ഒത്തുചേർന്നുണ്ടാവുന്നതു്, ആ ജ്ഞാനക്രിയയെ ആത്മാവിൽ തെററായി ആരോപിക്കുന്നതുകൊണ്ടാണ്, 'ആത്മാവു് അറിയുന്നു, ആത്മാവു് ചെയ്യുന്നു' എന്നു തുടങ്ങിയ തെററായ ബോധം ഉണ്ടാവുന്നതു്. വാസ്തവത്തിൽ ആത്മാവു് ഒന്നും ചെയ്യുന്നില്ലതന്നെ. 19, 20

സങ്കല്പാദ്ധ്യവസായൗ തു മനോബുദ്ധ്യോർയഥാ ക്രമാത്
നേതരേതരധർമ്മത്വം സർവ്വം ചാത്മനി കല്പിതം. 21

അന്വയം: യഥാ സങ്കല്പാദ്ധ്യവസായൗ ക്രമാത് മനോബുദ്ധ്യോഃ ഇതരേതരധർമ്മത്വം ന സർവ്വം ച ആത്മനി കല്പിതം.

സാരം: സങ്കല്പം മനസ്സിൻെറ ധർമ്മമാണ്. നിശ്ചയം ബുദ്ധിധർമ്മവും. അവ മാറുന്നതല്ല. ഇങ്ങനെ ഓരോന്നിനും ഓരോ ധർമ്മം തൻേറതായുണ്ടു്. ആത്മാവാകട്ടെ ധർമ്മരഹിതമാണ്. എല്ലാ ധർമ്മങ്ങളും അതിൽ ആരോപിക്കപ്പെടുന്നു എന്നുമാത്രം, 21

സ്ഥാനാവച്ഛേദദൃഷ്ടിഃ സ്യാദിന്ദ്രിയാണാം തദാത്മതാം
ഗതാ ധീസ്താം ഹി പശ്യൻജ്ഞോ ദേഹമാത്ര ഇവേക്ഷ്യതേ

അന്വയം: ഇന്ദ്രിയാണാം സ്ഥാനാവച്ഛേദദൃഷ്ടിഃ സ്യാത് ധീഃ തദാത്മതാം ഗതാ താം പശ്യൻ ജ്ഞഃ ദേഹം ഇവ ഈക്ഷ്യതേ.

സാരം: ചക്ഷുരാദികളായ ഇന്ദ്രിയങ്ങൾ അതാതിൻെറ സ്ഥാനത്തുമാത്രം ഒതുങ്ങി നില്ക്കുന്നവയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധി ഇന്ദ്രിയാകാരമായിത്തീരുന്നു. അതായത്, ഇന്ദ്രിയം, ദേഹം എന്നിവയുമായി താദാത്മ്യം, ബുദ്ധിതാദാത്മ്യം പ്രാപിക്കുന്നു. അങ്ങനെയുള്ള ബുദ്ധിയെ അവഭാസിപ്പിക്കുന്ന ആത്മാവ് ദേഹത്തിൽമാത്രം ഒതുങ്ങിനില്ക്കുന്നതാണെന്ന് ധരിക്കാൻ ഇടയാകുന്നു. വാസ്തവത്തിൽ ആത്മാവ് അപരിച്ഛിന്നമാണ്. 22

ക്ഷണികം ഹി തദത്യർത്ഥം ധർമ്മമാത്രം നിരന്തരം
സാദൃശ്യാദ്ദീപവത്തദ്ധീസ്തച്ഛാന്തിഃ പുരുഷാർത്ഥതാ. 23

അന്വയം: തത് അത്യർത്ഥം ക്ഷണികം ഹി നിരന്തരം ധർമ്മമാത്രം തദ്ധീഃ ദീപവത് സാദൃശ്യാത് തച്ഛാന്തിഃ പുരുഷാർത്ഥതാ.

സാരം: ഇവിടെ ഒരു പൂർവ്വപക്ഷം:_ജ്ഞാനവും ജ്ഞാനവിഷയമായ വസ്തുക്കളും ക്ഷണികങ്ങളാണ്, ഒരു നിമിഷത്തെ നിലനില്പു മാത്രമേ അവയ്ക്കുള്ളു. അവ, ഇടവിടാതെയുള്ള വെറും ബോധശകലങ്ങൾമാത്രമാണ്. എന്നാൽ കുറച്ചു മുമ്പുണ്ടായിരുന്ന ജ്ഞാനവും വസ്തുവും തന്നെയാണ് ഇപ്പോഴുമുള്ളത് എന്ന ബോധം, അവയുടെ സാദൃശ്യംകൊണ്ടുമാത്രമുള്ളതാണ്. യഥാർത്ഥമല്ല. എരിയുന്ന വിളക്കിന്റെ നാളം നിമിഷം നിമിഷം വെവ്വേറെയാണെങ്കിലും അവയുടെ രൂപസാദൃശ്യംകൊണ്ട് ഒരേ നാളമാണെന്ന് തോന്നുന്നതുപോലെയാണ് പ്രകൃതത്തിലും. ഈ ജ്ഞാനവും വസ്തുവും വാസ്തവത്തിൽ ക്ഷണികമാണെന്നും, തോന്നുന്നതുപോലെ നിലനില്ക്കുന്നവയല്ലെന്നുമുള്ള ജ്ഞാനമാണ് പുരുഷാർത്ഥം_മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം. 23

സ്വാകാരാന്യാവഭാസം ച യേഷാം രൂപാദി വിദ്യതേ
യേഷാം നാസ്തി തതശ്ചാന്യത് പ്രധ്വംസംഗതിരുച്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യേഷാം സ്വാകാരാന്യാവഭാസം രൂപാദി വിദ്യതേ, യേഷാം തദന്യത് രൂപാദി ന അസ്തി, യേഷാം ച വിജ്ഞാനമപി നാസ്തി തത്ര പൂൎവ്വാസംഗതിഃ ഉച്യതേ-

സാരം: സിദ്ധാന്തി, ദൂഷണവിഭാഗം തിരിച്ചറിയുന്നതിന്ന് ബൗദ്ധമതഭേദം തിരിച്ചു കാണിക്കുന്നു. ആക്കു് സ്വാകാരത്തിൽ അന്യമായ ജ്ഞാനംകൊണ്ടു തോന്നുന്ന ബാഹ്യമായ രൂപാദികൾ ഉണ്ടോ, ആക്കു് ബാഹ്യരൂപാദി ജ്ഞാനം മാത്രമാകുന്നുവോ, ആക്കു് വിജ്ഞാനംതന്നെയില്ലയോ (അതായതു് എല്ലാം ശൂന്യമെന്നർത്ഥം) അവർക്കെല്ലാം ബാഹ്യാർത്ഥമുണ്ടെന്ന വാദവുമായി യോജിക്കുവാൻ സാദ്ധ്യമല്ലെന്നു പ്രതിജ്ഞ ചെയ്യുന്നു. 24

ബാഹ്യാകാരത്വതോ ജ്ഞപ്തേഃ
സ്മൃത്യഭാവഃ സദാ ക്ഷണാത്
ക്ഷണികത്വാച്ച സംസ്കാരം
നൈവാധത്തേ കദാചിത്തു ധീഃ. 25

അന്വയം: ജ്ഞപ്തേഃ ബാഹ്യാകാരത്വതഃ ക്ഷണാത് സദാ സ്മൃത്യഭാവഃ ധീഃ തു ക്ഷണികത്വാത് കദാചിത് സംസ്കാരം ന ആധത്തേ ഏവ.

സാരം: ജ്ഞാനം ബാഹ്യാകാരവും ക്ഷണികവുമാണെങ്കിൽ സ്മൃതി ഉണ്ടാകാതെ പോകട്ടെ എന്നുവരും. അനുഭവിക്കുന്നവൻ ക്ഷണികമാകയാൽ സ്മരിക്കുന്നവൻ അനുഭവിക്കുന്നവനിൽനിന്നും അന്യനാകും. അനുഭവിക്കുന്നവനേ സ്മരിക്കുവാൻ സാദ്ധ്യമാകൂ. അതിനാൽ ഒരിക്കലും സ്മൃതിയുണ്ടാകയില്ലെന്നു സാരം. മാത്രമല്ല, ജ്ഞാനം ക്ഷണികമാകയാൽ അതിന്നു് ഒരിടത്തും സംസ്കാരത്തെ ജനിപ്പിക്കുവാൻ സാധിക്കുന്നില്ല. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആധാരസ്യാപ്യസത്വാച്ച
തുല്യതാനിർന്നിമിത്തതഃ
സ്ഥാനേ വാ ക്ഷണികത്വസ്യ
ഹാനം സ്യാന്ന തദിഷ്യതേ. 26

അന്വയം: ആധാരസ്യ അപി അസത്വാത് തുല്യതാ നിർനിമിത്തതഃ സ്ഥാനേ വാ ക്ഷണികത്വസ്യ ഹാനം സ്യാത് (തത്) തയാ ന ഇഷ്യതേ.

സാരം: സംസ്കാരം ജനിക്കുന്ന സമയത്ത് ആത്മാവോ അന്തഃകരണമോ ആധാരമാകാത്തതിനാൽ സ്മൃതി ഉണ്ടാകുന്നില്ല. ഈ ദൂഷണം ക്ഷണികവിജ്ഞാനവാദത്തിലും തുല്യമാണ്. പൂർവ്വാപരക്ഷണങ്ങളുടെ സാദൃശ്യത്തിന് നിമിത്തമല്ലല്ലോ. നിർഗ്ഗുണത്വംകൊണ്ടും നിരവയവത്വംകൊണ്ടും സാദൃശ്യം പറയുകയാണെങ്കിൽ ജ്ഞാനങ്ങൾക്ക് അതില്ല. പൂർവ്വോത്തരക്ഷണങ്ങളിൽ ദ്രഷ്ടാവ് ഒന്നല്ലായ്കയാൽ സാദൃശ്യം സാദ്ധ്യമല്ല. എന്നാൽ ദ്രഷ്ടാവിനു സ്ഥായിത്വം സ്വീകരിക്കുകയാണെങ്കിൽ ജ്ഞാനങ്ങളുടെ ക്ഷണികത്വം ത്യജിക്കുന്നത് നിങ്ങൾക്ക് ഇഷ്ടവുമല്ല. 26

ശാന്തേശ്ചായത്നസിദ്ധത്വാത്സാധനോക്തിരനർത്ഥികാ
ഏകൈകസ്മിൻ സമാപ്തത്വാച്ഛാന്തേരന്യാനപേക്ഷതാ. 27

അന്വയം: ശാന്തേഃ അയത്നസിദ്ധത്വാത് സാധനോക്തിഃ അനർത്ഥികാ ശാന്തേഃ ഏകൈകസ്മിൻ സമാപ്തത്വാദ് അനപേക്ഷതാ.

സാരം: ജ്ഞാനത്തിൽ ക്ഷണികത്വഭാവനകൊണ്ട് ഉണ്ടാകുന്ന ദ്രഷ്ടാവിൻെറ സ്ഥായിത്വഭ്രാന്തി ഇല്ലാതാകുന്നതാണ് മുക്തിയെങ്കിൽ ആ ശാന്തി യത്നം കൂടാതെ സിദ്ധിക്കുന്നതിനാൽ [illegible] ളാകും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാന്തി ഓരോ ജ്ഞാനത്തിലും അവസാനിക്കുന്നതിനാൽ മറ്റൊന്നിൻേറയും അപേക്ഷയുണ്ടാകുന്നില്ല. 27

അപേക്ഷാ യദി ഭിന്നേ/പി പരസന്താന ഇഷ്യതാം
സർവ്വാത്ഥേ ക്ഷണികേ കസ്മിംസ്തഥാപ്യന്യാനപേക്ഷതാ

അന്വയം: ഭിന്നേ അപി യദി അപേക്ഷാ പരസന്താനേ ഇഷ്യതാം തഥാപി സർവ്വാത്ഥേ ക്ഷണികേ കസ്മിൻ അന്യാനപേക്ഷതാ.

സാരം: കാര്യകാരണങ്ങരം അത്യന്തവിലക്ഷണങ്ങളാണെങ്കിൽ, തൈരു വേണ്ടവൻ പാലു സ്വീകരിക്കുന്നതുപോലെ എന്തുകൊണ്ടു് മണലിനെ ആശ്രയിക്കുന്നില്ല. ലോകപ്രസിദ്ധി ഉണ്ടെങ്കിലും ജ്ഞാനത്തിന് ക്ഷണികത്വം പറയുന്നവരുടെ മതത്തിൽ കാര്യാത്ഥിക്ക് കാരണത്തിൽ പ്രവൃത്തി ഉണ്ടാകുകയില്ല. 28

തുല്യകാലസമുദ്ഭൂതാവിതരേതരയോഗിനൌ
യോഗാച്ച സംസ്കൃതോ യസ്സ സോ/ന്യം ഹീക്ഷിതുമഹ്തി.

അന്വയം: യൌ തുല്യകാലസമുദ്ഭൂതൌ ഇതരേതരയോഗിനൌ (തയോഃ മദ്ധ്യേ) യഃ യോഗാത് സംസ്കൃതഃ സഃ അന്യം ഈക്ഷിതും ഹി അർഹതി.

സാരം: യാതൊരു പദാർത്ഥങ്ങരം ഒരേ സമയത്തുതന്നെ സ്വരൂപം ലഭിച്ചവയും അന്യോന്യം സംബദ്ധങ്ങളുമായിരിക്കുന്നുവോ, അതായതു് മേഘവും അങ്കുരവും. അവയിൽ ഒന്നായ അങ്കുരം മേഘത്തിൻേറ സമ്പക്കം കൊണ്ടു് അതിശയത്തെ പ്രാപിക്കുകയും, സഹകാരിയും ഉപകാരിയുമായ അന്യത്തെ നോക്കുകയും ചെയ്യുന്നവല്ലോ. എല്ലാം ക്ഷണികമാകുമ്പോരം അങ്ങനെയുള്ള പരസ്പര ബന്ധവും ഉപകാര്യോപകാരകഭാവവും സാദ്ധ്യമല്ലാതെ വരുന്നു. 29

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃഷാധ്യാസസ്തു യത്ര സ്യാത് തന്നാശസ്തത്ര നോ മതഃ
സർവ്വനാശോ ഭവേദ്യസ്യ മോക്ഷഃ കസ്യ ഫലം വദ. 30

അന്വയം: യത്ര തു മൃഷാധ്യാസഃ സ്യാത് തത്ര തന്നാശഃ നഃ മതഃ യസ്യ സർവ്വനാശഃ ഭവേത് (തസ്യ) മോക്ഷഃ കസ്യ ഫലം? വദ.

സാരം: ബ്രഹ്മസ്വരൂപമായ അധിഷ്ഠാനത്തിൽ കർത്തൃത്വാദി സംസാരത്തിന്റെ അദ്ധ്യാസം മിഥ്യയാകുന്നു. അവിദ്യാനിമിത്തമായ ആ ഭ്രമം (അഹം ബ്രഹ്മാസ്മി) 'ഞാൻബ്രഹ്മമാകുന്നു' എന്ന അനുഭവംകൊണ്ടു് നശിക്കുന്നു എന്നാണു് വേദാന്തമതം. അജ്ഞനു് ജ്ഞാനംകൊണ്ടു് അവിദ്യാബന്ധനിവൃത്തിയുണ്ടാകുമ്പോൾ ശുദ്ധസ്വരൂപാനുഭവമാകുന്ന മോക്ഷമുണ്ടാകുന്നു എന്നു സാരം. ശൂന്യമതത്തിലാകട്ടെ എല്ലാം നശിക്കുന്നതിനാൽ അനുഭവിക്കുന്നവനും ഇല്ലെന്നു വരും. അപ്പോൾ ആർക്കാണു് മോക്ഷം? ആധാരാധേയങ്ങൾ രണ്ടും ഇല്ലാത്തതിനാൽ ആർക്കും മോക്ഷരൂപമായ ഫലം സിദ്ധിക്കുന്നില്ല. 30

അസ്തി താവത് സ്വയം നാമ ജ്ഞാനം വാത്മാന്യദേവ വാ
ഭാവാഭാവജ്ഞതസ്തസ്യ നാഭാവസ്ത്വധിഗമ്യതേ 31

അന്വയം: സ്വയം നാമ താവത് അസ്തി സ ജ്ഞാനം വാ ആത്മാ വാ അന്യത് വാ ഇതി (വികല്പഃ) ഭാവാ_ഭാവജ്ഞതഃ തസ്യ തു അഭാവഃ ന അധിഗമ്യതേ.

സാരം: ആത്മാവു് ഉണ്ടു് എന്ന വിഷയത്തിൽ ആർക്കും വിവാദമില്ല. എന്നാൽ അതു് ജ്ഞാനമോ ആത്മാവോ വേറെ ഏതെങ്കിലുമോ എന്നാണു് സംശയം. ലോകത്തിൽ വ്യവഹരിക്കപ്പെടുന്ന പദാർത്ഥങ്ങളുടെ ഭാവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വും അഭാവവും അറിയുന്നുണ്ട്. അതിന്ന് ആധാരഭൂത മായ ഒരു സാക്ഷിയില്ലെങ്കിൽ എല്ലാ വ്യവഹാരങ്ങളും ലോപിച്ചുപോകും. 31

യേനാധിഗമ്യതേƒഭാവസ്തത് സസ്യാത്തന്നചേദ് ഭവേത്
ഭാവാഭാവാനഭിജ്ഞത്വം ലോകസ്യ സ്യാന്ന ചേഷ്യതേ.

അന്വയം: യേന അഭാവഃ അധിഗമ്യതേ തത് സത് സ്യാത് തത് ന ഭവേത് ചേത് ലോകസ്യ ഭാവാഭാവാ_ നഭിജ്ഞത്വം സ്യാത് ന ച തത് ഇഷ്യതേ.

സാരം: യാതൊരുവൻ ആത്മാവിനെ നിഷേധിക്കു ന്നുവോ അവൻതന്നെ എല്ലാവരുടേയും ആത്മാവായി ത്തീരും. അങ്ങനെയാകുകയില്ലെങ്കിൽ ലോകത്തിന്ന് വ്യാവഹാരികപദാൎത്ഥങ്ങളുടെ ഭാവാഭാവജ്ഞാനമില്ലെന്നു വരും. അതാരും ഇഷ്ടപ്പെടുന്നില്ല. ഞാൻ ഇല്ലെന്ന് ആർക്കും നിരാകരിക്കാനാകുന്നില്ല. 32

സദസത് സദസച്ചേതി വികല്പാത് പ്രാഗ്യദിഷ്യതേ
തദദ്വൈതം സമത്വാത് തു നിത്യം ചാന്യദ്വികല്പിതാത്

അന്വയം: സത് അസത് സത് അസത് ഇതി ച വികല്പാത് പ്രാക് യദ് ഇഷ്യതേ തത് തു സമത്വാത് അദ്വൈതം വികല്പിതാത് അന്യത് നിത്യം ച.

സാരം: സാക്ഷിസ്വരൂപം സത്തും ജഗത്സ്വരൂപം അസത്തും ആകുന്നു എന്ന വികല്പത്തിനു മുൻപുതന്നെ ആ വികല്പത്തിന്ന് ആലംബനമില്ലാസ്സയാൽ യാതൊന്ന് ആലംബനമെന്ന് ഇഷ്ടപ്പെടുന്നുവോ അതു് വൈഷമ്യ കാരണമല്ലാത്തതിനാൽ വികല്പത്തിൽനിന്നന്യവും നിത്യവുമായ അദ്വൈതമാകുന്നു. 33

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വികല്പോത്ഭവതോഽസത്വം സ്വപ്നദൃശ്യവദിഷ്യതാം
ദ്വൈതസ്യ പ്രാഗസത്വാച്ച സദസത്വാദി കല്പനാത് 34

അന്വയം: വികല്പോത്ഭവതഃ ദ്വൈതസ്യ സ്വപ്ന-ദൃശ്യവത് അസത്വം ഇഷ്യതാം സദസത്വാദി കല്പനാത് പ്രാക് അസത്വാത് ച.

സാരം: രണ്ടെന്ന ഭാവത്തിൻെറ ഉൽപത്തിതന്നെ വികല്പത്തിൽനിന്നുമാണ്. 'ഉണ്ട്', ഇല്ല' എന്നിങ്ങനെയുള്ള കല്പനങ്ങൾക്കെല്ലാം മുൻപ് ദ്വൈതമൊട്ടില്ലതാനും. അതിനാൽ രണ്ടെന്ന ഭാവം-ദ്വൈതം-യഥാൎത്ഥത്തിലില്ലാത്തതാണ് എന്നു് സ്വപ്നദൃഷ്ടാന്തം വച്ച് മനസ്സിലാക്കിക്കൊള്ളുക. 34

വാചാരംഭണശാസ്ത്രാച്ച വികാരാണാംഹ്യഭാവതാ
മൃത്യോഃ സ മൃത്യുമിത്യാദേൎമ്മമ മായേതി ച സ്മൃതേഃ. 35

അന്വയം: വാചാരംഭണശാസ്ത്രാത് മൃത്യോഃ സ മൃത്യുമിത്യാദേഃ ച 'മമ മായാ' ഇതി സ്മൃതേഃ ച വികാരാണാം അഭാവതാ ഹി.

സാരം: ഇനി ദ്വൈതം ഇല്ലാത്തതാണെന്നതിൽ ശ്രുതിസ്മൃതികളെ പ്രമാണമാക്കി കാണിക്കുന്നു. 'വാചാരംഭണം വികാരോ നാമധേയം മൃത്തികേത്യേവ സത്യം' (ഘടാദികൾ വെറും നാമരൂപങ്ങൾ മാത്രമാണ്. മണ്ണ് മാത്രമാണ് സത്യം.) ഛാ. 6. 1. 4. 6. 'മൃത്യോഃ സ മൃത്യുമാപ്നോതി യ ഇഹ നാനേവ പശ്യതി' (ഇവിടെ രണ്ടെന്ന ഭാവം പുലൎത്തുന്നവൻ മരണത്തിൽനിന്നും മരണത്തിലേയ്ക്കു പോകുന്നു) ബൃഹത്. 4. 4. 19, എന്നീ ശ്രുതിവാക്യങ്ങളാലും 'മമ മായാ ദുരത്യയാ മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തി തേ' (എൻെറ മായ ദുസ്തരമാണ്; എന്നെ ശരണം പ്രാപിക്കുന്നവൻ മായയെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തരണം ചെയ്യുന്നു.) ഗീത–7. 14. എന്നിങ്ങനെയുള്ള സ്മൃതിവാക്യങ്ങളാലും ദ്വൈതം ഇല്ലാത്തതാണെന്ന് പ്രസിദ്ധം. 35

വിശുദ്ധിശ്ചാത ഏവാസ്യ വികല്പാച്ച വിലക്ഷണഃ
ഉപാദേയോ ന ഹേയോഽത ആത്മാനാന്യൈരകല്പിതഃ. 36

അന്വയം: അതഃ ഏവ അസ്യ വിശുദ്ധിഃ വികല്പാത് വിലക്ഷണഃ ച. അതഃ ആത്മാ ന ഉപാദേയഃ ന ഹേയഃ അന്യൈഃ അകല്പിതഃ.

സാരം: രണ്ടെന്ന ഭാവം ഇല്ലാത്തതാകയാൽ ആത്മാവ് വിശുദ്ധവും, അധ്യസ്തമായ ദ്വൈതത്തിൽ നിന്നും വിലക്ഷണവും ആണ്. അതിനാൽ അത് സ്വീകാര്യവുമല്ല; ത്യാജ്യവുമല്ല. അതെപ്പോഴുമുള്ളതാണെന്നർത്ഥം. അത് മറ്റൊന്നിൽ അധ്യസ്തവുമല്ല; ദ്വൈതംപോലെ. 36

അപ്രകാശോ യഥാഽദിത്യേ നാസ്തി ജ്യോതിഃസ്വഭാവതഃ
നിത്യബോധസ്വരൂപത്വാന്നാജ്ഞാനം തദ്വദാത്മനി. 37

അന്വയം: യഥാ ജ്യോതിസ്വഭാവതഃ ആദിത്യേ അപ്രകാശഃ നാസ്തി തദ്വത് നിത്യബോധസ്വരൂപത്വാത് ആത്മനി അജ്ഞാനം ന.

സാരം: സൂര്യന്റെ സ്വരൂപമേ പ്രകാശമാണ്. അതിനാൽ അവിടെ ഒരിക്കലും അപ്രകാശമില്ലതന്നെ. അതുപോലെ നിത്യജ്ഞാനരൂപമായ ആത്മാവിൽ അജ്ഞാനമില്ലതന്നെ. 37

തഥാഽവിക്രിയരൂപത്വാന്നാവസ്ഥാന്തരമാത്മനഃ
അവസ്ഥാന്തരവത്വേഹി നാശോഽസ്യ സ്യാന്ന സംശയഃ.

അന്വയം: തഥാ അവിക്രിയരൂപത്വാത് ആത്മനഃ അവസ്ഥാന്തരം ന. അവസ്ഥാന്തരവത്വേ ഹി അസ്യ നാശഃ സ്യാത് ന സംശയഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: അതുപോലെത്തന്നെ ആത്മസ്വരൂപംതന്നെ അവികാരിയാകയാൽ ആത്മാവിന്നു് അവസ്ഥാഭേദമില്ല (ജന്മവൃദ്ധ്യാദികളില്ലെന്നു താല്പര്യം.) അവസ്ഥാഭേദമുണ്ടായിരുന്നെങ്കിൽ അതും നാശമുള്ളതായിരുന്നേനേ. അതിൽ സംശയമൊന്നുമില്ല. 38

മോക്ഷോ/വസ്ഥാന്തരം യസ്യ
കൃതകഃ സ ചലോ ഹ്യതഃ
ന സംയോഗോ വിയോഗോ വാ
മോക്ഷോ യുക്തഃ കഥംചന. 39

സംയോഗസ്യാപ്യനിത്യത്വാത്
വിയോഗസ്യ തഥൈവ ച
ഗമനാഗമനേ ചൈവ
സ്വരൂപം തു ന ഹീയതേ. 40

സ്വരൂപസ്യാനിമിത്തത്വാത്
സനിമിത്താഹി ചാപരേ
അനപാത്തം സ്വരൂപം ഹി
സ്വേനാത്യക്തം തഥൈവ ച. 41

അന്വയം: യസ്യ മോക്ഷഃ അവസ്ഥാന്തരം സഃ കൃതകഃ അതഃ ചലഃ ഹി സംയോഗസ്യാപി അനിത്യത്വാത്. തഥൈവ വിയോഗസ്യ ച സംയോഗഃ വിയോഗഃ വാ കഥംചന മോക്ഷഃ ന യുക്തഃ. ഗമനാഗമനേ ച ഏവ സ്വരൂപം ന ഹീയതേ തു സ്വരൂപസ്യ അനിമിത്തത്വാത് അപരേ ച സനിമിത്താഃ ഹി തഥൈവ സ്വരൂപം സ്വേന അനപാത്തം അത്യക്തം ച ഹി.

സാരം: മോക്ഷമൊരവസ്ഥാഭേദമാണെന്നു് പറയുന്നവരുടെ പക്ഷത്തിൽ, അതു ക്രിയകൊണ്ടു സാധിക്കാവുന്നതും, തന്നിമിത്തം അനിത്യവുമാണെന്നുവരും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിലർ പറയുന്നു:—ജീവന്നു് പരമാത്മാവുമായുള്ള ചേച്ച്യാണു് മോക്ഷമെന്നു്. ചിലരാകട്ടെ, പ്രകൃതിയിൽ നിന്നുമുള്ള വേർപാടാണതെന്നു് പറയുന്നു. ഇതു് രണ്ടും യുക്തമല്ല. കാരണം, ചേച്ച്യും വേർപാടും രണ്ടും അനിത്യമാണു്. അതുകൊണ്ടവരുടെ മതത്തിൽ, മോക്ഷമനിത്യമായിത്തീരും. അതുപോലെത്തന്നെ ജീവൻ പരമാത്മലോകത്തേയ്ക്കു പോകുന്നതോ, ഈശ്വരൻ ഭക്താനുഗ്രഹത്തിന്നായി ജീവൻെറ അടുക്കലേയ്ക്കിങ്ങോട്ടു വരുന്നതോ ആണു് മോക്ഷമെന്നു പറയുന്നതും ശരിയല്ല. കാരണം മുൻപറഞ്ഞതുതന്നെ. അദ്വൈതിക്കാകട്ടെ, മോക്ഷമെന്നതു് അവസ്ഥാന്തരമൊന്നുമല്ല. ആത്മസ്വരൂപംതന്നെയാണു് മോക്ഷം. സ്വരൂപം മററു കാരണങ്ങളെ ആശ്രയിച്ചുണ്ടാകുന്നതല്ല. അവസ്ഥാഭേദങ്ങൾക്കാകട്ടെ, കാരണങ്ങളെ അപേക്ഷിക്കണം. അതുപോലെ സ്വരൂപം എടുക്കാനോ തള്ളാനോ സാധിക്കുന്ന ഒന്നല്ല. 39–40–41

സ്വരൂപത്വാന്ന സർവ്വസ്യ
ത്യക്തും ശക്യോ ഹ്യനന്യതഃ
ഗ്രഹീതും വാ തതോ നിത്യോഽ-
വിഷയത്വാത് പൃഥക്ത്വതഃ. 42

അന്വയം: സർവ്വസ്യ സ്വരൂപത്വാത് അനന്യതഃ പൃഥക്ത്വതഃ അവിഷയത്വാത് ത്യക്തും ഗ്രഹീതും വാ ന ശക്യഃ

സാരം: മോക്ഷമെന്നതു് ആത്മസ്വരൂപമാണു്. ആത്മാവു് എല്ലാററിൻേറയും സ്വരൂപമാകയാലും, തന്നിൽനിന്നും വേറിട്ടതല്ലാത്തതിനാലും, വിഷയമാകാത്തതിനാലും അതിനെ എടുക്കുകയോ തള്ളുകയോ സാദ്ധ്യമല്ല. 42

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാൎത്ഥത്വാച്ച സൎവ്വസ്യ
നിത്യ ആത്മൈവ കേവലഃ
ത്യജേത്തസ്മാത് ക്രിയാഃ സൎവ്വാഃ
സാധനൈഃ സഹ മോക്ഷവിത്. 43

അന്വയം: സൎവ്വസ്യ ആത്മാൎത്ഥത്വാത് ച ആത്മാ ഏവ നിത്യഃ കേവലഃ. തസ്മാത് മോക്ഷവിത് സൎവ്വാഃ ക്രിയാഃ സാധനൈഃ സഹ ത്യജേത്.

സാരം: അനിത്യങ്ങളായ എല്ലാ വസ്തുക്കളും ആത്മാവിന്നുവേണ്ടിയുള്ളവയാകയാൽ ആത്മാവു് നിത്യനും, കേവലനും ആണു്. അതിനാൽ മോക്ഷം വേണമെന്നാഗ്രഹിക്കുന്നവൻ എല്ലാ കൎമ്മങ്ങളേയും, തത്സാധകങ്ങളായ ഉപകരണങ്ങളേയും ത്യജിക്കുകതന്നെവേണം. 43

ആത്മലാഭഃ പരോ ലാഭ ഇതി ശാസ്ത്രോപപത്തയഃ
അലാഭോ/ന്യാത്മലാഭസ്തു ത്യജേത്തസ്മാദനാത്മതാം. 44

അന്വയം: ആത്മലാഭഃ പരോ ലാഭഃ ഇതി ശാസ്ത്രോപപത്തയഃ. അന്യാത്മലാഭഃ തു അലാഭഃ തസ്മാത് അനാത്മതാം ത്യജേത്.

സാരം: ശ്രുതികൾകൊണ്ടും യുക്തികൾകൊണ്ടും, ആത്മാവുതന്നെയാണു് ബ്രഹ്മം എന്നിങ്ങനെയുള്ള യഥാൎത്ഥജ്ഞാനമാണു് വലിയ നേട്ടമെന്നു സിദ്ധമായിരിയ്ക്കേ ആത്മാവല്ലാത്തതിനെ ആത്മാവായറിയുന്നതും യഥാൎത്ഥമാവില്ല. അതുകൊണ്ടു് ആത്മാവല്ലാത്തതിൽ ആത്മബുദ്ധി വയ്ക്കരുതു്. 44

ഗുണാനാം സമഭാവസ്യ ഭ്രംശോ ന ഹ്യുപപദ്യതേ
അവിദ്യാദേഃ പ്രസുപ്തത്വാന്ന ചാന്യോ ഹേതുരുച്യതേ. 45

അന്വയം: ഗുണാനാം സമഭാവസ്യ ഭ്രംശഃ ന ഉപപദ്യതേ ഹി. അവിദ്യാദേഃ പ്രസുപ്തത്വാത് അന്യഃ ഹേതുഃ ന ഉച്യതേ ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഇപ്പോഠം സ്വമതസ്ഥൈര്യത്തിന്നായി സാംഖ്യമതത്തെ നിരാകരിക്കുകയാണ്. സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഘടകങ്ങളടങ്ങിയതാണ് പ്രകൃതി. അവയുടെ സാമ്യാവസ്ഥയ്ക്കു നാശം വരുമ്പോഴാണ്, അവ തമ്മിൽ തമ്മിൽ മിശ്രിതങ്ങളായി നാനാപ്രകാരത്തിൽ പ്രപഞ്ചാകാരേണ പരിണമിക്കുന്നതു്. ഇതാണ് സാംഖ്യമതം. ഇതിൽ, സൃഷ്ടിക്കുമൻപു് അവിദ്യാദികളെല്ലാം വിലീനങ്ങളാകയാലും ഈശ്വരാദി മററു കാരണങ്ങളെ സാംഖ്യന്മാർ അംഗീകരിക്കാത്തതുകൊണ്ടും ഗുണങ്ങളുടെ സാമ്യാവസ്ഥയ്ക്കു ഭംഗമുണ്ടായതെങ്ങനെയെന്ന ചോദ്യത്തിനു് തൃപ്തികരമായ സമാധാനം ഇല്ലതന്നെ. അതിനാൽ അതു് യുക്ത്യസഹമാണ്. 45

ഇതരേതരഹേതുത്വേ പ്രവൃത്തിഃ സ്യാത്സദാ ന വാ
നിയമോ ന പ്രവൃത്തീനാം ഗുണേഷ്വാത്മനി വാ ഭവേത്.

അന്വയം: ഇതരേതരഹേതുത്വേ സദാ പ്രവൃത്തിഃ സ്യാത് ന വാ ഗുണേഷു ആത്മനി വാ പ്രവൃത്തീനാം നിയമഃ ന ഭവേത്.

സാരം: ഗുണങ്ങഠം പരസ്പരം പരിണാമത്തിനു കാരണങ്ങളാണെന്നു പറയുന്നപക്ഷം ഒന്നുകിൽ എല്ലായ്പോഴും പ്രവർത്തനമുണ്ടായിരിക്കണം; അല്ലെങ്കിൽ ഒരിക്കലുമുണ്ടാകരുതു്. (കാരണം അവിടെ എപ്പോഴുമുണ്ടല്ലോ. ഗുണങ്ങഠംതന്നെയാണല്ലോ കാരണം.) അതല്ല, സൃഷ്ടിസ്ഥിതിസംഹാരങ്ങഠം ക്രമേണയാണല്ലോ വേണ്ടതു്, എന്നു വാദിക്കുന്നപക്ഷം, ഇത്തരം നിയാമകമായ ഏതെങ്കിലുമൊരു കാരണം, ഗുണങ്ങളിലോ ആത്മാവിലോ (സാംഖ്യമതമനുസരിച്ചു) പുരുഷനിലോ ഉണ്ടാവാൻ നിവൃത്തിയില്ല. കാരണം, ഗുണങ്ങളും പുരുഷനുമല്ലാതെ മറ്റൊന്നിനേയും സാംഖ്യന്മാരംഗീകരിക്കുന്നില്ല. 46

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിശേഷോ മുക്തബദ്ധാനാം
താദർത്ഥ്യേ ന ച യുജ്യതേ
അർത്ഥാർത്ഥിനോരസംബന്ധോ
നാർത്ഥീ ജ്ഞോ നേതരോപി വാ- 47

അന്വയം: താദർത്ഥ്യേ മുക്തബദ്ധാനാം വിശേഷഃ ന യുജ്യതേ ച. അർത്ഥാർത്ഥിനോഃ അസംബന്ധഃ തു ജ്ഞഃ ന അർത്ഥീ ന ഇതരഃ അപി വാ.

സാരം: പ്രധാനം അഥവാ പ്രകൃതി പുരുഷൻെറ—ആത്മാവിൻെറ—ബന്ധമോക്ഷങ്ങൾക്കായി പ്രവർത്തിക്കുന്നു എന്നാണ് സാംഖ്യസിദ്ധാന്തം. അപ്പോൾ എല്ലാവരുമെപ്പോഴും മുക്തരാകും അഥവാ ബദ്ധരാകും. അല്ലാതെ ബദ്ധമുക്തഭേദം ഉപപന്നമാകുകയില്ല. കാരണം പ്രകൃതിയുടെ പ്രവർത്തനം എല്ലാ പുരുഷന്മാർക്കും വേണ്ടി എല്ലായ്പ്പോഴും നടക്കുന്നതാണല്ലോ. അതുപോലെ സുഖാദികളെ അഭിലഷിക്കുന്ന പുരുഷനും, അഭിലഷിക്കപ്പെടുന്ന സുഖാദികൾക്കും തമ്മിൽ ബന്ധമിന്നതെന്നും പറയാൻ വയ്യ. അസംഗനും നിർവ്വികാരനുമായ പുരുഷന്നഭിലാഷമുണ്ടോ?– ജഡമായ 'പ്രധാന'ത്തിന് അഭിലാഷമുണ്ടോ? അതിനാൽ, പ്രധാനം പുരുഷന്നുവേണ്ടി പ്രവർത്തിക്കുന്നുവെന്ന സാംഖ്യമതം യുക്തിസഹമല്ല. 47

പ്രധാനസ്യ ച പാരാർത്ഥ്യേ പുരുഷസ്യാവികാരതഃ
ന യുക്തം സാംഖ്യശാസ്ത്രേഽപി വികാരേഽപി ന യുജ്യതേ

അന്വയം: പുരുഷസ്യ അവികാരതഃ പ്രധാനസ്യ പാരാർത്ഥ്യം സാംഖ്യശാസ്ത്രേ അപി ന യുക്തം ച വികാരേ അപി ന യുജ്യതേ.

സാരം: 'പുരുഷൻ' നിർവ്വികാരനാകയാൽ പ്രധാനം, പുരുഷന്നുവേണ്ടി പ്രവർത്തിക്കുന്നു എന്ന വാദം, മററു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവൈദികദർശനങ്ങളെപ്പോലെ സാംഖ്യമതത്തേയും യുക്ത്യസഹമാക്കിയിരിക്കുന്നു. അതിന്നുവേണ്ടി, പുരുഷൻ സവികാരനാണെന്നു് കല്പിക്കുന്ന പക്ഷവും യുക്തിഭംഗംതന്നെ. സവികാരനായാൽ, അനിത്യനാകും. അനിത്യനായ പുരുഷന്നുവേണ്ടി പിന്നെ പ്രധാനം എന്തു പ്രവൎത്തിക്കാനാണു്! 48

സംബന്ധാനുപപത്തേശ്ച പ്രകൃതേഃ പുരുഷസ്യ ച
മിഥോഽയുക്തം തദർത്ഥത്വം പ്രധാനസ്യാചിതിത്വതഃ 49

അന്വയം: പ്രകൃതേഃ പുരുഷസ്യ ച മിഥഃ സംബന്ധാനുപപത്തേഃ ച അചിതിത്വതഃ പ്രധാനസ്യ തദർത്ഥത്വം അയുക്തം.

സാരം: പ്രധാനം ജഡം, പുരുഷൻ ചേതനൻ. അപ്പോൾ അവർ തമ്മിൽ യാതൊരു സംബന്ധവും സാദ്ധ്യമല്ല. അതിനാൽ പ്രകൃതി പുരുഷന്നുവേണ്ടി പ്രവൎത്തിക്കുന്നു എന്ന വാദം യുക്തിശൂന്യമാണു്. 49

ക്രിയോത്പത്തൗ വിനാശിത്വം
ജ്ഞാനമാത്രേ ച പൂൎവ്വവത്
നിർനിമിത്തേ ത്വനിർമ്മോക്ഷഃ
പ്രധാനസ്യ പ്രസജ്യതേ. 50

അന്വയം: ക്രിയോത്പത്തൗ വിനാശിത്വം ജ്ഞാനമാത്രേ ച പൂൎവ്വവത്. പ്രധാനസ്യ നിൎന്നിമിത്തേ തു അനിർമോക്ഷഃ പ്രസജ്യതേ.

സാരം: പുരുഷനിൽ എന്തെങ്കിലും ക്രിയ ഉത്പന്നമാകുന്നു എന്നു പറയുന്നപക്ഷം, പുരുഷൻ അനിത്യനാണെന്നും പറഞ്ഞേ തീരൂ. ജ്ഞാനം ക്രിയ മാത്രമേ പുരുഷനിലുണ്ടാകുന്നുള്ളു എന്നു പറഞ്ഞാലും മുൻപറഞ്ഞ ദോഷമെല്ലാം വരും. അതു് അനിത്യജ്ഞാനമെങ്കിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുഷൻ വിനാശിയാകും. നിത്യജ്ഞാനമെങ്കിൽ, പ്രകൃതിപ്രവർത്തനവും പുരുഷജ്ഞാനവും തമ്മിൽ കാര്യകാരണബന്ധമൊന്നും പറയാനാവില്ല. അപ്പോൾ പുരുഷൻ പ്രകൃതിയുടെ സ്വാമിയാണെന്ന വാദവും പൊളിയും. പ്രധാനം പ്രവർത്തിക്കുന്നത്, നിഷ്കാരണമായിട്ടാണെന്നാണെങ്കിൽ, മോക്ഷാവസ്ഥയുണ്ടാകുന്നതെങ്ങനെ? (പ്രകൃതിയിൽനിന്നും വേറിടലാണ് മോക്ഷം. അത് പ്രകൃതിപ്രവർത്തനമവസാനിച്ചിട്ടാണ്. പ്രകൃതി ഒരു കാരണവുമില്ലാതെ പ്രവർത്തിക്കുന്നപക്ഷം അതിന്റെ പ്രവർത്തനം ഒരിക്കലും നിലയ്ക്കില്ലല്ലോ.) 50

ന പ്രകാശ്യം യഥോഷ്ണത്വം ജ്ഞാനേനൈവം സുഖാദയഃ
ഏകനീഡത്വതോςഗ്രാഹ്യാഃ സ്യുഃ കണാദാദിവർത്മനാം.

അന്വയം: യഥാ ഉഷ്ണത്വം ന പ്രകാശ്യം ഏവം കണാദാദിവർത്മനാം ജ്ഞാനേന സുഖാദയഃ ഏകനീഡ—ത്വതഃ അഗ്രാഹ്യാഃ സ്യുഃ.

സാരം: ഇങ്ങനെ നിർഗ്ഗുണപുരുഷന്മാരെ—ജീവാത്മാക്കളെ—അംഗീകരിക്കുന്ന സാംഖ്യപക്ഷം യുക്തിസഹമല്ലെന്നു കാണിച്ചതിനുശേഷം ഗ്ഗുണങ്ങളിണങ്ങുന്നതാണ് ജീവാത്മാവ് എന്ന കണാദാദികളുടെ പക്ഷത്തെ നിരാകരിക്കുന്നു. അവരുടെ മതത്തിൽ ജ്ഞാനവും ആത്മനിഷ്ഠമാണ്; സുഖാദികളും ആത്മനിഷ്ഠമാണ്. ആത്മാവിന്റെ ധർമ്മമായ ജ്ഞാനത്താൽ സുഖദുഃഖാദികൾ (അവയും ആത്മധർമ്മങ്ങൾതന്നെ) പ്രകാശിപ്പിക്കപ്പെടുന്നു. ഇതു് ശരിയല്ല. തീയുടെ ചൂട് അതിന്റെ പ്രകാശത്താൽ പ്രകാശിപ്പിക്കപ്പെടുന്നില്ലല്ലോ. ഏകാശ്രയങ്ങളായ ധർമ്മങ്ങൾ പരസ്പരം ജ്ഞാതൃജ്ഞേയങ്ങളാവില്ലെന്നർത്ഥം. 51

യുഗപത്സമവേതത്വം സുഖവിജ്ഞാനയോരപി
മനോയോ[illegible] 52

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: സുഖവിജ്ഞാനയോഃ യുഗപത് സമവേതത്വം ന. മനോയോഗൈകഹേതുത്വാത് സുഖസ്യ അഗ്രാഹ്യത്വം ച.

സാരം: കണാദമതത്തിൽ ഇനിയും ദോഷം പറയുന്നു. സുഖവും തത്ജ്ഞാനവും അവർക്ക് ആത്മധർമ്മങ്ങളാണല്ലോ. അതു രണ്ടും ഒരേ സമയത്തുണ്ടാവില്ല. എന്തെന്നാൽ മനഃസംയോഗമാണ് രണ്ടിന്നും കാരണം. ഈ ഒരു കാരണം ഒരേ സമയത്ത് രണ്ടിനേയുമുളവാക്കാൻ പര്യാപ്തമല്ല. അതിനാൽ സുഖം ജ്ഞാനത്തിന്നു വിഷയമേ ആകയില്ല. 52

തഥാന്യേഷാം ച ഭിന്നത്വാ-
ദ്യുഗപജ്ജന്മ നേഷ്യതേ
ഗ്ഗുണാനാം സമവേതത്വം
ജ്ഞാനം ചേന്ന വിശേഷണാത് 53

അന്വയം: തഥാ അന്യേഷാം ച ഭിന്നത്വാത് യുഗപത് ജന്മ ന ഇഷ്യതേ ഗുണാനാം സമവേതത്വം ജ്ഞാനം ചേത് ന വിശേഷണാത്.

സാരം: അതേപോലെ (സുഖം ജ്ഞാനഗ്രാഹ്യമല്ലാതാവുന്നതുപോലെ) ഇച്ഛ, ദ്വേഷം തുടങ്ങിയ മററു ഗുണങ്ങളും പരസ്പരവിലക്ഷണങ്ങളാകയാൽ, അവ ഒരേ സമയത്തറിയപ്പെടുകയില്ല. എന്തെന്നാൽ, മുൻപറഞ്ഞതുപോലെ എല്ലാററിനും കാരണമായ ആത്മമനഃസംയോഗം ഒന്നല്ലേയുള്ളൂ? എന്നാൽ 'ഗുണങ്ങൾ ജ്ഞാനാഭ്യാസങ്ങളല്ല. ഒരേ ആത്മാവിൽ സമവേതങ്ങളായിരിക്കുന്നതൽത്തന്നെയാണ് അവയുടെ ജ്ഞാനമെന്നു പറയുന്നത്'' എന്നാണെങ്കിൽ അതും ശരിയല്ല. 'സുഖമറിയപ്പെടുന്നു. ദുഃഖമറിയപ്പെടുന്നു.' എന്നിങ്ങനെ ജ്ഞാനവിശിഷ്ടങ്ങളായ സുഖാദികളാണല്ലോ ഭാസിക്കുന്നത്. അപ്പോൾ പ്രത്യക്ഷവിരോധം വന്നുചേരുമെന്നർത്ഥം. 53

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനേനൈവ വിശേഷത്വാത്
ജ്ഞാനാപ്യത്വം സ്മൃതേസ്തഥാ
സുഖം ജ്ഞാതം മയേത്യേവം
താവജ്ജ്ഞാനാത്മകത്വതഃ 54

അന്വയം: ജ്ഞാനേന ഏവ വിശേഷത്വാത് തഥാ മയാ സുഖം ജ്ഞാതം ഇതി ഏവം സ്മൃതേഃ ജ്ഞാനാ–പ്യത്വം താവത് അജ്ഞാനാത്മകത്വതഃ.

സാരം: 'സുഖമറിയപ്പെട്ടു' എന്നിങ്ങനെ, ജ്ഞാന വിശിഷ്ടങ്ങളായിട്ടേ സുഖാദികൾ പ്രതിഭാസിക്കുന്നുള്ളു. അതുപോലെ 'ഞാൻ സുഖമറിഞ്ഞിരുന്നു' എന്നിങ്ങനെ സ്മരണത്തിലും ജ്ഞാനവിശിഷ്ടമായിട്ടാണ് സുഖം ഭാസിക്കുന്നതു്. അതിനാൽ, സുഖാദികൾ ജ്ഞാന വിഷയങ്ങളാണ്. പിന്നെ ജ്ഞാനവിശിഷ്ടമായ ആത്മാവിനെ ആശ്രയിച്ചു് നില്ക്കുന്നവയാകയാലാണ് സുഖാദികൾ ജ്ഞാനവിശിഷ്ടങ്ങളായി പ്രതിഭാസിക്കുന്നതു് എന്നു പറയുന്നതും ശരിയാവില്ല. കാരണം താർക്കിക മതമനുസരിച്ചു്, ജ്ഞാനവും ആത്മാവും ഭിന്നമാണ്. ആത്മാവു്, ദ്രവ്യം; ജ്ഞാനസ്വരൂപമല്ലാത്തതിനാൽ ജഡം. അതിനെങ്ങിനെ സുഖാഭിജ്ഞാനമുണ്ടാകും? (അതി നെ ആശ്രയിക്കുന്നതുകൊണ്ടുമാത്രം എന്നു താല്പര്യം.) 54

സുഖാദേർനാത്മധർമ്മത്വമാത്മനസ്തേ/വികാരതഃ
ഭേദാദന്യസ്യ കസ്യാന്ന മനസോ വാ/വിശേഷതഃ. 55

അന്വയം: തേ ആത്മനഃ അവികാരതഃ സുഖാദേഃ ആത്മധർമ്മത്വം ന അന്യസ്യ മനസഃ വാ ഭേദാത് അവി–ശേഷതഃ കസ്മാത് ന.

സാരം: താർക്കികമതത്തിൽ ജീവാത്മാക്കൾ നിര വധിയെങ്കിലും അവയോരോന്നും സർവ്വവ്യാപിയും നിത്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വുമാണ്. അതിനാൽ ആത്മാവ് നിർവ്വികാരമായതു കൊണ്ട് സുഖാദികൾ ആത്മധർമ്മങ്ങൾ ആവുന്നതെങ്ങിനെ? അതുപോലെതന്നെ, ആത്മാവെന്ന ധർമ്മിയും സുഖാദിധർമ്മങ്ങളും അത്യന്തഭിന്നങ്ങളാണെന്നാണ് താർക്കികപക്ഷം.' അപ്പോൾ, ഒരാത്മാവിലോ അഥവാ മനസ്സിലോ അനുഭവപ്പെടുന്ന സുഖാദികൾ എന്തുകൊണ്ട് മററാത്മാക്കളിലോ സ്വന്തം മനസ്സിൽത്തന്നെയോ അനുഭവപ്പെടുന്നില്ല? (ആത്മാവെല്ലാം സർവ്വവ്യാപിയാണല്ലോ.) 55

സ്യാന്മാലാഽപരിഹാര്യാ തു
ജ്ഞാനം ചേത് ജ്ഞേയതാം വ്രജേത്
യുഗപദ്വാപി ചോത്പത്തി–
രഭ്യുപേതാത ഇഷ്യതേ. 56

അന്വയം: ജ്ഞാനം ജ്ഞേയതാം വ്രജേത് ചേത് മാലാ തു അപരിഹാര്യാ സ്യാത്. അതഃ യുഗപത് വാ അപി ഉൽപത്തിഃ അഭ്യുപേതാ ഇഷ്യതേ.

സാരം: താർക്കികൻ പറയും: 'ഒരു ജ്ഞാനം മറെറാരു ജ്ഞാനത്തിന്നു് വിഷയമാണ്' എന്ന്. എന്നാൽ, അനവസ്ഥതന്നെ ദോഷം. ആ ജ്ഞാനവും മറെറാരു ജ്ഞാനത്താലറിയപ്പെടും, എന്നിങ്ങനെ അവസാനിക്കാത്ത ജ്ഞാനപരമ്പര കല്പിക്കേണ്ടിവരും എന്നർത്ഥം. അതല്ല; ഒരേ സമയത്തു്, ഒരേ ആത്മമനഃസംയോഗം കാരണമായി രണ്ട് ജ്ഞാനങ്ങളും ഒരുമിച്ചുണ്ടാവാമെന്നാണെങ്കിൽ, അതുപോലെത്തന്നെ അപ്പോൾ രൂപാദിജ്ഞാനങ്ങളും ഒരുമിച്ചുണ്ടാകുമെന്നും പറഞ്ഞുകൂടെ? അതിനാൽ താർക്കികമതം യുക്തിസഹമല്ലെന്നു താല്പര്യം. 56

അനവസ്ഥാന്തരത്വാച്ച ബന്ധോ നാത്മനി വിദ്യതേ
നാശുദ്ധിശ്ചാപ്യസംഗത്വാദസങ്ഗോ ഹീതി ച ശ്രുതേഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം; അനവസ്ഥാന്തരത്വാത് ആത്മനി ബന്ധഃ നവിദ്യതേ ച 'അസങ്ഗോ ഹി ഇതി' ശ്രുതേഃ അസംഗത്വാത് അശുദ്ധിഃ അപി ച.

സാരം: ആത്മാവിന്നു യാതൊരവസ്ഥാഭേദവും പ്രാപ്തിയും ഇല്ലാത്തതിനാൽ (എന്നും സമസ്വഭാവമാകയാൽ) ആത്മാവിൽ ബന്ധമൊന്നുമില്ല. 'അസങ്ഗോ ഹ്യയം പുരുഷഃ' ബൃ. 3. 9. 26. (ആത്മാവു് അസംഗനാണു്) എന്നിങ്ങനെ ശ്രുതിയനുസരിച്ച് അസംഗനായ ആത്മാവിൽ അശുദ്ധിയുമില്ല. 57

സൂക്ഷ്മകാഗോചരേഭ്യശ്ച ന ലിപ്യത ഇതി ശ്രുതേഃ 58

അന്വയം: സൂക്ഷ്മകാഗോചരേഭ്യഃ ന ലിപ്യതേ ഇതി ശ്രുതേഃ

സാരം: ആത്മാവു് നിത്യശുദ്ധവുമസംഗവുമാണു്. കാരണം, മനസ്സിന്നും വാക്കിന്നും എത്താൻ കഴിയാത്തതും, അദ്വിതീയവും, നിർവ്വിശേഷവുമായ ആത്മാവു് 'ന ലിപ്യതേ ലോകദുഃഖേന ബാഹ്യഃ' കഠ. 5. 1. 1. (ലോകദുഃഖമൊന്നും അസംഗനായ ആത്മാവിനെ സ്പർശിക്കുന്നില്ല.) എന്നിങ്ങനെയുള്ള ശ്രുതികളാൽ അസംഗനാണെന്നു് പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. 58

ഏവം തർഹി ന മോക്ഷോഽസ്തി
ബന്ധാഭാവാത് കഥംചന.
ശാസ്ത്രാനർത്ഥക്യമേവ സ്യാത്
ന ബുദ്ധേർഭ്രാന്തിരിഷ്യതേ

ബന്ധോ മോക്ഷശ്ച തന്നാശഃ
സ യഥോക്തോ ന ചാന്യഥാ. 59

അന്വയം: ഏവം തർഹി കഥംചന ബന്ധാഭാവാത് മോക്ഷഃ നാസ്തി. ശാസ്ത്രാനർത്ഥക്യം ഏവ സ്യാത്. ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധേഃ ഭ്രാന്തിഃ ബന്ധഃ ഇഷ്യതേ. മോക്ഷഃ ച തന്നാശഃ സഃ യഥാ ഉക്തഃ ന ച അന്യഥാ.

സാരം; നിത്യശുദ്ധനും നിത്യമുക്തനുമാണ് ആത്മാവ് എന്നു പറയുന്ന വേദാന്തിയോടു താക്കികൻ പൂർവ്വപക്ഷമവതരിപ്പിക്കുന്നു:—ആത്മാവ് നിത്യമുക്തനാണെങ്കിൽ പിന്നെ ബന്ധമില്ലല്ലോ? ബന്ധമില്ലെങ്കിൽ മോക്ഷവുമുണ്ടാവില്ല. അപ്പോഠം മോക്ഷവിധായകമായ ശാസ്ത്രം നിഷ്പ്രയോജനംതന്നെ എന്ന്. ഈ വാദം ശരിയല്ല. കാരണം വേദാന്തത്തിൽ ബന്ധമെന്നതു് വെറും ഭ്രമമാണ്. വാസ്തവത്തിൽ ആത്മാവിന്നു് ബന്ധമില്ലെങ്കിലും ബന്ധമുള്ളതായി ബുദ്ധി തെററിദ്ധരിച്ചു് വെച്ചിരിക്കയാണ്. ആ ഭ്രമം നീങ്ങൽതന്നെ മോക്ഷം. ബന്ധമെന്നതു് ഇപ്പറഞ്ഞവിധം വെറും ഭ്രാന്തിമാത്രമാണ്. അല്ലാതെ മറെറാന്നല്ല. 59

ബോധാത്മജ്യോതിഷാ ദീപ്താ
ബോധമാത്മനി മന്യതേ
ബുദ്ധിർനാന്യോഽസ്തി ബോദ്ധേതി
സേയം ഭ്രാന്തിർഹി ധീഗതാ. 60

അന്വയം: ബോധാത്മജ്യോതിഷാ ദീപ്താ ബുദ്ധിഃ അന്യബോദ്ധാ നാസ്തി ഇതി ആത്മനി ബോധം മന്യതേ സാ ഇയം ഭ്രാന്തിഃ ധീഗതാ.

സാരം: ജ്ഞാനസ്വരൂപമായ ആത്മാവിൻെറ പ്രകാശമാണ് ബുദ്ധിയിലും ബോധമായി പ്രകാശിക്കുന്നതു്. പക്ഷേ ബുദ്ധി താൻതന്നെയാണ് ബോദ്ധാവു് മറെറാരാളുമല്ല എന്നു തെററിദ്ധരിച്ചിരിക്കുന്നു. ഇതു് ഭ്രമമാണ്. ഈ ഭ്രമം ബുദ്ധിയിലുള്ളതാണ്. 60

ബോധസ്യാത്മസ്വരൂപത്വാ-
ന്നിത്യം തത്രോപചര്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവിവേകോഽപ്യനാദ്യോഽയം
സംസാരോ നാന്യ ഇഷ്യതേ. 61

അന്വയം: ബോധസ്യ ആത്മസ്വരൂപതാത് നിത്യം തത്ര ഉപചര്യതേ അയം അപി അവിവേകഃ അനാദ്യഃ സംസാരഃ ന അന്യഃ ഇഷ്യതേ.

സാരം: ജ്ഞാനം ആത്മസ്വരൂപം തന്നെയാണ്. അത്, നിത്യമായ ബുദ്ധിയിൽ ആരോപിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ ആത്മസ്വരൂപമായ ജ്ഞാനത്തിനെ ബുദ്ധിയുടേതായി, തെററിദ്ധരിക്കൽ അനാദികാലം മുതൽ പ്രവർത്തിച്ചുവരുന്നതാണ്. ഈ തിരിച്ചറിവില്ലായ്മ തന്നെ സംസാരം. അല്ലാതെ, സംസാരമെന്നു മറെറാന്നില്ല. 61

മോക്ഷസ്തന്നാശ ഏവ സ്യാ–
ന്നാന്യഥാനുപപത്തിതഃ
യേഷാം വസ്ത്വന്തരാപത്തിർ–
മോക്ഷോ നാശസ്തു തൈർമതഃ. 62

അന്വയം: തന്നാശഃ ഏവ മോക്ഷഃ സ്യാത് ന അന്യഥാ അനുപപത്തിതഃ. യേഷാം മോക്ഷഃ വസ്ത്വന്തരാപത്തിഃ തൈഃ നാശഃ തു മതഃ.

സാരം: മുൻപറഞ്ഞ തിരിച്ചറിവില്ലായ്മയുടെ നാശം തന്നെയാണ് മോക്ഷം. അല്ലാതെ മറെറാന്നുമല്ല. വേറൊരു തരം മോക്ഷകല്പനയും യുക്തിസഹമല്ലതന്നെ. ആത്മാവ് മറെറാരു വസ്തുവായിത്തീരലാണ് മോക്ഷം. എന്നു പറയുന്നവരുടെ മതത്തിലാകട്ടെ അതു നശ്വരമാണെന്നു വന്നുചേരും. അതായത് മോക്ഷമെന്നത് ആത്മനാശമാണെന്നു വന്നേക്കുമെന്നർത്ഥം. 62

അവസ്ഥാന്തരമപ്യേവ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വികാരോ/വയവിത്വം സ്യാ—
ത്തതോ നാശോ ഘടാദിവത് 53

അന്വയം: ഏവം അവികാരാത് അവസ്ഥാന്തരം അപി ന യുജ്യതേ വികാരഃ അവയവിത്വം സ്യാത്. തതഃ ഘടാദിവത് നാശഃ.

സാരം: മുൻപറഞ്ഞപോലെത്തന്നെ, ആത്മാവിന്റെ അവസ്ഥാഭേദമാണ് മോക്ഷം എന്ന മതവും, യുക്തിശൂന്യമാണ്. കാരണം ആത്മാവ് നിർവ്വികാരമാണ്. ആത്മാവ് വികാരിയാണെന്നു പറയുകയാണെങ്കിൽ, അവയവങ്ങൾ ചേർന്നുണ്ടായതാണെന്നും പറഞ്ഞേ തീരു. അല്ലെങ്കിൽ മാററം ഉണ്ടാവാൻ വഴിയില്ല. അവയവിയാണ് ആത്മാവെങ്കിൽ കുടം മുതലായ വസ്തുക്കളെപ്പോലെ അതും നശ്വരമാണെന്നു വന്നുചേരും. 63

തസ്മാദ് ഭ്രാന്തിരതോ/ന്യാ ഹി ബന്ധമോക്ഷാദി കല്പനാഃ
സാംഖ്യകാണാദബൗദ്ധാനാം മീമാംസാഹതകല്പനാഃ 64

ശാസ്ത്രയുക്തിവിഹീനത്വാന്നാദർത്തവ്യാഃ കദാചന
ശക്യന്തേ ശതശോ വക്തും ദോഷസ്താസാം സഹസ്രശഃ 65

ബൗപി നിന്ദോപപത്തേശ്ച
യാന്യതോ/ന്യാനി ചേത്യതഃ
ത്യക്ത്വാതോ ഹ്യന്യശാസ്ത്രോക്തീ—
ർമ്മതിം കുര്യാത് ദൃഢാം ബുധഃ. 66

ശ്രദ്ധാഭക്തീ പുരസ്കൃത്യ ഹിത്വാ സർവ്വമനാർജവം
വേദാന്തസ്യൈവ തത്വാർത്ഥേ വ്യാസസ്യാഭിമതൗ തഥാ.

അന്വയം: തസ്മാത് അതഃ അന്യാഃ ബന്ധ—മോക്ഷാദികല്പനാഃ ഭ്രാന്തിഃ സാംഖ്യകണാദബൗദ്ധാനാം മീമാംസാ ഹതകല്പനാഃ ശാസ്ത്രയുക്തിവിഹീനത്വാത് കദാചന ന ആദർത്തവ്യാഃ താസാം ശതശഃ സഹസ്രശഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദോഷാഃ വക്തും ശക്യന്തേ. 'യാന്യതോഽന്യാനി ച' ഇതി നിന്ദോപപത്തേഃ ച അപി അതഃ ബുധഃ അതഃ അന്യശാസ്ത്രോക്തീഃ ത്യക്ത്വാ ശ്രദ്ധാഭക്തീ പുരസ്കൃത്യ—സര്വ്വം അനാർജവം ഹിത്വാ വേദാന്തസ്യ ഏവ തത്വാ—ർത്ഥേ തഥാ വ്യാസസ്യ അഭിമതൗ ദൃഢാം മതിം കുര്യാത്.

സാരം: അതിനാൽ മുൻപറഞ്ഞ വിധത്തിലല്ലാതെയുള്ള ബന്ധമോക്ഷാദികല്പനകളൊന്നും യുക്തിസഹമല്ല, സാംഖ്യന്മാർ, കണാദന്മാർ, ബൗദ്ധന്മാർ എന്നിവരുടെ വിചാരശൂന്യങ്ങളായ കല്പനകൾ, ശാസ്ത്രത്തിന്നോ യുക്തിക്കോ യോജിച്ചവയല്ല. അതിനാൽ, അവ ഒരിക്കലും ആദരമർഹിക്കുന്നില്ല. അവയിൽ നൂറുകണക്കിലും ആയിരക്കണക്കിലും ദോഷങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. അനാദിയായ വൈദികസമ്പ്രദായത്തിൽ അവയെ നിന്ദിച്ചിട്ടുമുണ്ട്. 'യാ വേദബാഹ്യാഃ സ്മൃതയോ യാശ്ച കാശ്ച കുദൃഷ്ടയഃ സര്വ്വാസ്താഃ നിഷ്ഫലാഃ പ്രേത്യതമോനിഷ്ഠാഹി താഃ സ്മൃതാഃ' (വേദവിരുദ്ധങ്ങളായ സ്മൃതികളും, തത്വജ്ഞാനാഭാസങ്ങളും നിഷ്ഫലങ്ങളാണ്; അവ തമോഗുണാധിഷ്ഠിതങ്ങൾ മാത്രമാണ്) അതിനാൽ ബുദ്ധിമാൻ, വേദാന്ത ശാസ്ത്രമല്ലാത്ത മററു ശാസ്ത്രങ്ങളിലെ വാദങ്ങളെ വെടിഞ്ഞു. ശ്രദ്ധാഭക്തികളോടുകൂടി കുടിലതയേശാതെ, വേദാന്തതത്വത്തിലും, വ്യാസസിദ്ധാന്തത്തിലും ബുദ്ധിയെ ഉറപ്പിക്കണം. (64. 65. 66. 67.)

ഇതി പ്രണുന്നാദ്വയവാദകല്പനാ
നിരാത്മവാദാശ്ച തഥാ ഹി യുക്തിതഃ
വ്യപേതശങ്കാഃ പരവാദതഃ സ്ഥിരാ
മുമുക്ഷവോ ജ്ഞാനപഥേസ്യുരിത്യത. 68

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഇതി ദ്വയവാദകല്പനാഃ നിരാത്മവാദാഃ ച യുക്തിതഃ പ്രണുന്നാഃ തഥാ ഹി മുമുക്ഷവഃ പരവാദതഃ വ്യപതേശങ്കാഃ ജ്ഞാനപഥേ സ്ഥിരാഃ സ്യുഃ ഇത്യുത.

സാരം; ഇങ്ങനെ ദ്വൈതവാദികളുടേയും ആത്മാവില്ലെന്നു പറയുന്നവരുടേയും സിദ്ധാന്തങ്ങളെ യുക്തികൊണ്ടു ഖണ്ഡിച്ചുകഴിഞ്ഞു. ഇങ്ങനെ ചെയ്തതു് മോക്ഷേച്ഛുക്കൾ, മററു വാദങ്ങളിൽ കിടന്നു ശങ്കകൊണ്ടുഴലാതെ ജ്ഞാനമാൎഗ്ഗത്തിൽ ഉറപ്പുള്ളവരായിത്തീരണമെന്ന ഉദ്ദേശത്തിലാണു്. 68

സ്വസാക്ഷികം ജ്ഞാനമതീവനിൎമ്മലം
വികല്പനാഭ്യോ വിപരീതമദ്വയം
അവാപ്യ സമ്യഗ്യദി നിശ്ചിതോ ഭവേ-
ന്നിരന്വയോ നിർവൃതിമേതി ശാശ്വതീം. 69

അന്വയം: സ്വസാക്ഷികം അതീവ നിൎമ്മലം വികല്പനാഭ്യഃ വിപരീതം അദ്വയം ജ്ഞാനം അവാപ്യ യദിനിശ്ചിതഃ ഭവേത് നിരന്വയഃ ശാശ്വതീം നിർ- വൃതിം ഏതി.

സാരം; അത്യന്തശുദ്ധവും, അദ്വയവും, സ്വയംപ്രകാശവും, അധ്യസ്തങ്ങൾക്കെല്ലാം വിരുദ്ധവുമായ ജ്ഞാനത്തെ (ആത്മാവിനെ) പ്രാപിച്ചു്, അതിൽ സ്ഥിരബുദ്ധിയായിത്തീരുന്ന മനുഷ്യൻ അജ്ഞാനത്തിൽനിന്നും അതിൽനിന്നുമുണ്ടാകുന്ന മററു ദോഷങ്ങളിൽനിന്നും വിമുക്തനായി ശാശ്വതസുഖത്തെ പ്രാപിക്കുന്നു.

ഇദം രഹസ്യം പരമം പരായണം
വ്യപേതദോഷൈരഭിമാനവൎജ്ജിതൈഃ
സമീക്ഷ്യ കാര്യാ മതിരാൎജ്ജവേ സദാ
ന തത്വദൃക് സ്വാന്യമതിർഹി കശ്ചന.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: വ്യപേതദോഷൈഃ അഭിമാനവർജ്ജിതൈഃ പരായണം പരമം ഇദം രഹസ്യം സമീക്ഷ്യ സദാ ആർജ്ജവേ മതിഃ കാര്യാ ഹി സ്വാന്യമതിഃ കശ്ചന ന തത്വദൃക്.

സാരം: ദോഷങ്ങളകന്നവരും. അഹന്തയില്ലാത്തവരുമായ സത്തുക്കരം, പരമമായ പ്രാപ്യസ്ഥാനവും അത്യുത്തമവുമായ ഈ രഹസ്യം നല്ലപോലെ അറിഞ്ഞ് എപ്പോഴും നേരായ മാർഗ്ഗത്തിൽ ബുദ്ധിയെ ഉറപ്പിക്കണം. താനല്ലാതെ മറെറാന്നാണ് ബ്രഹ്മമെന്ന് വിചാരിക്കുന്നവരാരുംതന്നെ തത്വമറിയുന്നവരല്ല. 70

അനേകജന്മാന്തരസഞ്ചിതൈർനരോ
വിമുച്യതേ/ജ്ഞാനനിമിത്തപാതകൈഃ
ഇദം വിദിത്വാ പരമം ഹി പാവനം
ന ലിപ്യതേ വ്യോമ ഇവേഹ കർമ്മണി. 71

അന്വയം: പരമം പാവനം ഇദം വിദിത്വാ നരഃ അനേകജന്മാന്തരസഞ്ചിതൈഃ അജ്ഞാനനിമിത്ത-പാതകൈഃ വിമുച്യതേ ഇഹ വ്യോമ ഇവ കർമ്മഭിഃ ന ലിപ്യതേ.

സാരം: ഈ അതിപാവനമായ ജ്ഞാനമുണ്ടാകുന്നതോടുകൂടി, മനുഷ്യൻ, അനേകജന്മങ്ങളിലായി ഒരുക്കൂട്ടിവച്ചതും അജ്ഞാനനിമിത്തവുമായ പുണ്യപാപങ്ങളിൽനിന്നും വിമുക്തനായിത്തീരുന്നു. ഈ ലോകത്തിൽ താൻ ചെയ്യുന്ന കർമ്മങ്ങളൊന്നുംതന്നെ ആകാശത്തെയെന്നപോലെ അയാളെ ബാധിക്കുകയില്ല. 71

പ്രശാന്തചിത്തായ ജിതേന്ദ്രിയായ ച
പ്രഹീണദോഷായ യഥോക്തകാരിണേ
ഗുണാന്വിതീയാനുഗതായ സർവ്വദാ
പ്രദേയമേതത് സതതം മുമുക്ഷവേ. 72

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: പ്രശാന്തചിത്തായ ജിതേന്ദ്രിയായ ച പ്രഹീണദോഷായ യഥോക്തകാരിണേ ഗുണാന്വിതായ സർവ്വദാ അനുഗതായ സതതം മുമുക്ഷവേ ഏതത് പ്രദേയം.

സാരം: ശാന്തചിത്തനും ഇന്ദ്രിയങ്ങളെ അടക്കിയവനും ദോഷങ്ങളില്ലാത്തവനും ശാസ്ത്രവിധിയനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കുന്നവനും ഗുണപൂർണ്ണനും ഗുരുവിനെ എപ്പോഴും അനുസരിക്കുന്നവനും നിരന്തരം മോക്ഷം ആഗ്രഹിക്കുന്നവനുമായ ശിഷ്യനാണ് ഈ ജ്ഞാനമുപദേശിക്കേണ്ടത്, 72

പരസ്യ ദേഹേ ന യഥാഭിമാനിതാ
പരസ്യ തദ്വത് പരമാർത്ഥമീക്ഷ്യ ച
ഇദം ഹി വിജ്ഞാനമതീവ നിർമ്മലം
സംപ്രാപ്യ മുക്തോഽഥ ഭവേച്ച സർവ്വതഃ. 73

അന്വയം: പരസ്യ പരസ്യദേഹേ യഥാ ന അഭിമാനിതാ പരാർത്ഥം ഈക്ഷ്യ ച തദ്വത് അതീവനിർമ്മലം ഇദം വിജ്ഞാനം സംപ്രാപ്യ അഥ സർവ്വതഃ മുക്തഃ ഭവേത് ച ഹി.

സാരം: ഒരുത്തനു മറെറാരുത്തൻെറ ദേഹത്തിൽ 'ഞാൻ' 'എൻെറ' എന്ന അഭിമാനമൊന്നുമില്ലല്ലോ. പരമാർത്ഥസത്യമറിയുമ്പോൾ അതുപോലെത്തന്നെ തൻെറദേഹാദികളിലും 'ഞാൻ' 'എൻെറ' എന്ന അഭിമാനം ഇല്ലാതാകുന്നു. അത്യന്തശുദ്ധമായ ഈ ജ്ഞാനമുദിച്ചവൻ എല്ലാ ബന്ധങ്ങളിൽനിന്നും മുക്തനായി സ്വതന്ത്രനായിത്തീരുന്നു. 73

നഹീഹ ലോഭോഽഭ്യധികോഽസ്തി കശ്ചന
സ്വരൂപലാഭാത് സ ഇതോ ഹി നാന്യതഃ
ന ദേയമൈന്ദ്രാദപി രാജ്യതോഽധികം
സ്വരൂപലാഭം ത്വപരീക്ഷ്യ യത്നതഃ 74

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഇഹ സ്വരൂപലാഭാത് അഭ്യധികഃ കശ്ചന ലാഭഃ ന അസ്തി സഃ ഇതഃ ഹി ന അന്യതഃ ഐന്ദ്രാത് അപി രാജ്യതഃ അധികം സ്വരൂപലാഭം യത്നതഃ അപരീക്ഷ്യ ന ദേയം തു.

സാരം: ആത്മലാഭത്തേക്കാറം വലുതായി മററൊന്നുംതന്നെ, ഈ ലോകത്തിലോ പരലോകത്തിലോ ഇല്ല. ആ ആത്മലാഭമാകട്ടെ, വേദാന്തങ്ങളിൽനിന്നു മാത്രമുണ്ടാകുന്നതാണ്. മററു യാതൊന്നിൽനിന്നും ഉണ്ടാവുന്നതല്ല. അതിനാൽ, ഇന്ദ്രപദവിയേയും അതിശയിപ്പിക്കുന്ന ഈ ആത്മജ്ഞാനത്തെ, പണിപ്പെട്ട് പരീക്ഷിച്ചറിഞ്ഞതിനു ശേഷമല്ലാതെ ആക്കും ഉപദേശിക്കരുത്. 74

ഇങ്ങനെ പാൎത്ഥിവപ്രകരണം കഴിഞ്ഞു.

സമ്യങ്മതിപ്രകരണം

ആത്മാ ജ്ഞേയഃ പരോ ഹ്യാത്മാ
യസ്മാദന്യന്ന വിദ്യതേ
സൎവ്വജ്ഞഃ സൎവ്വദൃക് ശുദ്ധ–
സ്തസ്മൈ ജ്ഞേയാത്മനേ നമഃ. 1

അന്വയം: ആത്മാ ജ്ഞേയഃ ഹി ആത്മാ പരഃ യസ്മാത് അന്യത് ന വിദ്യതേ സൎവ്വജ്ഞഃ സൎവ്വദൃക് ശുദ്ധഃ തസ്മൈഃ ജ്ഞേയാത്മനേ നമഃ.

സാരം: ആത്മാവിനെയാണറിയേണ്ടതു്. എന്നാൽ അതു ജ്ഞാനവിഷയമല്ല. കാരണം, വിഷയങ്ങളിൽ നിന്നുമതീതമാണ് ആത്മാവ്. (അതിനാൽ ബ്രഹ്മഭാവമാണ് ബ്രഹ്മജ്ഞാനമെന്നർത്ഥം) ആത്മാവല്ലാതെ മററൊന്നുമില്ലതന്നെ. അതു സൎവ്വജ്ഞവും, എല്ലാററിനേറയും വിഷയിയും ശുദ്ധവുമാണ്. അങ്ങിനെ അറിയപ്പെടേണ്ട ആത്മാവിനു നമസ്കാരം. 1

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദവാക്യപ്രമാണജ്ഞൈർ–
ദീപഭൃദ്ഭിരിവോജ്ജ്വലം
ബ്രഹ്മ വേദരഹസ്യം യൈ–
സ്താന്നിത്യം പ്രണതോഽസ്മ്യഹം. 2

അന്വയം: പദവാക്യപ്രമാണജ്ഞൈഃ ദീപഭൃദ്ഭിഃ യൈഃ വേദരഹസ്യം ബ്രഹ്മ പ്രകാശിതം താൻ നിത്യം പ്രണതഃ അസ്മി.

സാരം: വ്യാകരണം, മീമാംസാ, തർക്കം എന്നിവയുടെ പൊരുളറിയുന്നവരും, വിളക്കുപോലെ, വേദഗൂഢമായ ബ്രഹ്മത്തെ നമ്മൾക്ക് പ്രകാശിപ്പിച്ചുതന്നവരുമായ ആചാര്യന്മാരെ ഞാൻ എപ്പോഴും നമസ്കരിക്കുന്നു. 2

യദ്വാക്സൂര്യാംശുസംപാതപ്രനഷ്ടധ്വാന്തകല്മഷഃ
പ്രണമ്യ താൻ ഗുരൂൻ വക്ഷ്യേ ബ്രഹ്മവിദ്യാവിനിശ്ചയം

അന്വയം: യദ്വാക്സൂര്യാംശുസംപാതപ്രനഷ്ട–ധ്വാന്തകല്മഷഃ താൻ ഗുരൂൻ പ്രണമ്യ ബ്രഹ്മവിദ്യാ–വിനിശ്ചയം വക്ഷ്യേ.

സാരം: സൂര്യന്റെ കിരണങ്ങൾ പതിച്ച് ഇരുൾ നീങ്ങുന്നതുപോലെ, ആരുടെ ഉപദേശവാക്കുകളാലാണോ എന്റെ അജ്ഞാനം അകന്നത്, ആ ആചാര്യപാദരെ നമസ്കരിച്ച് ഞാനിതാ ബ്രഹ്മവിദ്യാസിദ്ധാന്തത്തെ പ്രതിപാദിക്കുവാൻ പോകുന്നു. 3

ആത്മലാഭാത്പരോ നാന്യോ ലാഭഃ കശ്ചന വിദ്യതേ
യദർത്ഥാ വേദവേദാശ്ച സ്മാർത്താശ്ചാപി തു യാഃ ക്രിയാഃ 4

അന്വയം: ആത്മലാഭാത്പരഃ അന്യഃ കശ്ചനലാഭഃ ന വിദ്യതേ വേദവേദാഃ ച സ്മാർത്താഃ ച യാഃ ക്രിയാഃ അപി യദർത്ഥാഃ തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ആത്മലാഭത്തിൽകവിഞ്ഞ യാതൊരു നേട്ടവും ഇല്ലതന്നെ. വേദങ്ങളും സ്മൃതികളും പറയുന്നതു് ഇതുതന്നെയാണ്. വേദങ്ങളിലും സ്മൃതികളിലും വിധിക്കപ്പെട്ടിട്ടുള്ള കർമ്മങ്ങളും, ആത്മലാഭത്തെ ഉദ്ദേശിച്ചുള്ളവയാണ് (കർമ്മങ്ങൾ ചിത്തശുദ്ധിദ്വാരാ ആത്മജ്ഞാനത്തിന്നുപകരിക്കുന്നു.) 4

ആത്മാർത്ഥോഽപി ഹി യോ ലാഭഃ
സുഖായേഷ്ടോ വിപര്യയഃ
ആത്മലാഭഃ പരഃ പ്രോക്തോ
നിത്യത്വാദ് ബ്രഹ്മവേദിഭിഃ. 5

അന്വയം: യഃ ലാഭഃ സുഖായ ഇഷ്ടഃ ആത്മാർത്ഥഃ ഹി അപി വിപര്യയഃ ബ്രഹ്മവേദിഭിഃ ആത്മലാഭഃ നിത്യത്വാത്പരഃ പ്രോക്തഃ.

സാരം: സുഖത്തെ ആശിച്ചാണ് പുത്രധനാദിലാഭം മനുഷ്യന്ന് ഇഷ്ടമായിത്തീരുന്നതു്. അതു് ആത്മാവിന്നു വേണ്ടിയാണ്, ആ പുത്രാദികൾക്കു വേണ്ടിയല്ലെന്നു പ്രസിദ്ധവുമാണ്. എങ്കിലും, അവയിൽനിന്നും വിപരീതഫലമുണ്ടാവുന്നു. അതിനാൽ നിത്യമായ ആത്മലാഭമാണ് എല്ലാ ലാഭങ്ങളിൽവെച്ചും ഉത്കൃഷ്ടമെന്നു ബ്രഹ്മജ്ഞാനികൾ പറയുന്നു. 5

സ്വയം ലബ്ധസ്വഭാവത്വാല്ലാഭസ്തസ്യ ന ചാന്യതഃ
അന്യാപേക്ഷസ്തു യോ ലാഭഃ സോഽന്യദൃഷ്ടിസമുദ്ഭവഃ 6

അന്വയം: സ്വയംലബ്ധസ്വഭാവത്വാത് തസ്യ ലാഭഃ അന്യതഃ ന ച. യഃ തു ലാഭഃ അന്യാപേക്ഷഃ സഃ അന്യദൃഷ്ടിസമുത്ഭവഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ആത്മാവു് സ്വരൂപഭൂതമാകയാൽ അതു് സ്വയംസിദ്ധമാണു്. മററൊന്നിനേയും ആശ്രയിച്ചല്ല തല്ലാഭം നിലനില്ക്കുന്നതെന്നർത്ഥം. മറേറതെങ്കിലും സംഗതികളെ ആശ്രയിച്ചുള്ള ലാഭമാകട്ടെ ഭേദജ്ഞാനത്തിൽനിന്നുമാണുണ്ടാവുന്നതു്. ഉദാഹരണമായി, പുത്രാദിലാഭം പ്രയത്നാദികളെ ആശ്രയിച്ചുണ്ടാവുന്നു. അതു ഭേദജ്ഞാനജന്യമാണല്ലൊ. 6

അന്യദൃഷ്ടിസ്ത്വവിദ്യാസ്യാ–
ത്തന്നാശോ മോക്ഷ ഉച്യതേ
ജ്ഞാനേനൈവ തു സോഽപിസ്യാ–
ദ്വിരോധിത്വാന്ന കർമ്മണാ. 7

അന്വയം: അന്യദൃഷ്ടിഃ തു അവിദ്യാ സ്യാത്. തന്നാശഃ മോക്ഷഃ ഉച്യതേ. സഃ അപി വിരോധിത്വാത് ജ്ഞാനേന ഏവ സ്യാത് തു ന കർമ്മണാ.

സാരം: ഭേദജ്ഞാനം—ആത്മാവല്ലാത്തതിൽ ആത്മാവെന്ന ദൃഷ്ടി ആണു് അജ്ഞാനം. ഃഅജ്ഞാനനാശം തന്നെ മോക്ഷം. അജ്ഞാനത്തിന്നു വിരോധി ജ്ഞാനമാകയാൽ ജ്ഞാനംകൊണ്ടേ അജ്ഞാനം നശിക്കയുള്ളു. കർമ്മംകൊണ്ടു നശിക്കയില്ല. (കർമ്മവും ജ്ഞാനവും പരസ്പരവിരോധികളാണെന്നു ധരിക്കുക.) 7

കർമ്മകാര്യസ്ത്വനിത്യഃസ്യാദവിദ്യാകാമകാരണം
പ്രമാണം വേദ ഏവാത്ര ജ്ഞാനസ്യാധിഗമേ സ്മൃതഃ 8

അന്വയം: അവിദ്യാകാമകാരണം കർമ്മകാര്യഃ അനിത്യഃ സ്യാത്. അത്ര ജ്ഞാതസ്യ അധിഗമേ പ്രമാണം വേദ ഏവ സ്മൃതഃ.

സാരം: അജ്ഞാനമൂലകമായ രാഗം നിമിത്തമാണു് കർമ്മം ചെയ്യുന്നതു്. ആ കർമ്മഫലമോ അനിത്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാണുതാനും—ജ്ഞാനഫലം നിത്യവും. ജ്ഞാനഫലം നിത്യമാണെന്നതിനും, കർമ്മഫലം അനിത്യമാണെന്നതിനും പ്രമാണം വേദംതന്നെ. ജ്ഞാനപ്രാപ്തിക്കു പ്രമാണം ശ്രുതിതന്നെയാണ്. ഇതത്രേ വേദാന്തിമതം. 8

ജ്ഞാനൈകാൎത്ഥപരത്വാത്തം
വാക്യമേകം തതോ വിദുഃ
ഏകത്വം ഹ്യാത്മനോ ജ്ഞേയം
വാക്യാൎത്ഥപ്രതിപത്തിതഃ 9

അന്വയം: ജ്ഞാനൈകാൎത്ഥപരത്വാത് തം ഏകം വാക്യം വിദുഃ തതഃ വാക്യാൎത്ഥപ്രതിപത്തിതഃ ആത്മനഃ ഏകത്വം ജ്ഞേയം ഹി.

സാരം: അതിനാൽ വാക്യശാസ്ത്രവേദികൾ, വേദം മുഴുവൻ ഏകവാക്യമാണെന്നും, ജ്ഞാനത്തെയാണ് അവ ലക്ഷീകരിക്കുന്നതെന്നും പറയുന്നു. വാക്യാൎത്ഥജ്ഞാനം കൊണ്ടു് ആത്മാവ്‌ അദ്വിതീയമാണെന്നുതന്നെയാണ് അറിയാനുള്ളതു്. 9

വാച്യഭേദാത്തു തദ്ഭേദഃ
കല്പ്യോ വാച്യോഹി തച്ഛ്രുതേഃ
ത്രയം ത്വേതത്തതഃ പ്രോക്തം
രൂപം നാമ ച കൎമ്മ ച 10

അന്വയം: തദ്ഭേദഃ തു വാച്യഭേദാത് വാച്യഃ തച്ഛ്രുതേഃ കല്പ്യഃ ഹി തതഃ രൂപം നാമ ച കൎമ്മ ച ഏതത്ത്രയം പ്രോക്തം.

സാരം: ആത്മാവും ബ്രഹ്മവും ഒന്നല്ല. ആ രണ്ടു ശബ്ദങ്ങളും പര്യായശബ്ദങ്ങളല്ലല്ലോ എന്നു ശങ്കിക്കുന്ന പക്ഷം ആ ശങ്ക യുക്തമല്ലെന്നു പറയുന്നു. പര്യായശബ്ദങ്ങൾ മാത്രമേ ഒരേ അർത്ഥത്തെപ്പറഞ്ഞുകൂടു എന്ന വാദം

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

അന്യോന്യാശ്രയദോഷദുഷ്ടമാണ്. അത്ഥമനുസരിച്ചാണ് പര്യായശബ്ദങ്ങളല്ലെന്നു കല്പിക്കേണ്ടതു്. പര്യായശബ്ദങ്ങളല്ലെന്നു തീച്ച്യായാലേ അത്ഥഭേദം കല്പിക്കാവൂ. അതാണ് അന്യോന്യാശ്രയദോഷമെന്നു പറഞ്ഞതു്. പിന്നേയും ശങ്ക, 'രൂപം, നാമം, കമ്മം' എന്നിങ്ങനെ ആത്മഭിന്നങ്ങളായ മൂന്നെണ്ണം വേദത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. അപ്പോഠം ആത്മാവെങ്ങിനെ അദ്വിതീയമാകം? എന്നു്. ഇതിന്നു് ഉത്തരം അടുത്ത ശ്ലോകത്തിൽ. 10

അസദേതത്ത്രയം തസ്മാ–
ദന്യോന്യേ നഹി കല്പിതം
കൃതോ വർണ്ണോ യഥാ ശബ്ദാ–
ച്ഛ്രുതോഽന്യത്ര ധിയാ ബഹിഃ

ദൃഷ്ടം ചാപി യഥാരൂപം ബുദ്ധേഃ ശബ്ദായ കല്പതേ
ഏവമേതജ്ജഗത്സവ്വം ഭ്രാന്തിബുദ്ധിവികല്പിതം. 12

അന്വയം: ഹി അന്യോന്യേന കല്പിതം തസ്മാത് ഏതത്ത്രയം അസത് യഥാ ശബ്ദാത് ശ്രുതഃ വർണ്ണഃ ധിയാ അന്യത്ര ബഹിഃ കൃതഃ യഥാ ച ദൃഷ്ടം രൂപം അപി ബുദ്ധേഃ ശബ്ദായ കല്പതേ ഏവം ഏതത് സവ്വം ജഗത് ഭ്രാന്തി ബുദ്ധിവികല്പിതം.

സാരം: മുൻപറഞ്ഞ ശങ്ക ശരിയല്ല. നാമരൂപകർമ്മങ്ങഠം മിഥ്യയാണു്. അവയ്ക്കു് യഥാത്ഥസത്തയില്ല. അവ അന്യോന്യ കല്പിതങ്ങളാണു്. 'ഇന്ദ്രൻ' എന്ന ശബ്ദം കേട്ടാൽ ബുദ്ധി ഒരു ദേവരൂപത്തെ ഭാവന ചെയ്യുകയും സ്വബാഹ്യമായ ഭിത്തിയിലോ മറ്റോ ആ രൂപത്തെ വരയ്ക്കുകയും ചെയ്യുന്നു. ഈ ഇന്ദ്രരൂപം സത്യം തന്നെയാണോ? അതുപോലെ ഏതെങ്കിലും രൂപം കണ്ടാൽ, ബുദ്ധി അതിന്നൊരു നാമം വിളിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതും സത്യമാണോ? അതുപോലെ നാമരൂപാദികരം സത്യമല്ല; മിഥ്യയാണ്. ഇങ്ങനെ നാമരൂപാത്മകമായ പ്രപഞ്ചം മുഴവൻ ഭ്രമജ്ഞാനകല്പിതം മാത്രമാണ്. 12

അസദേതത്തതോ യുക്തം സച്ചിന്മാത്രം ന കല്പിതം
വേദശ്ചാപി സ ഏവാദ്യോ വേദ്യം ചാന്യത്തു കല്പിതം.

അന്വയം: തതഃ ഏതത് അസത് യുക്തം സച്ചിന്മാത്രം ന കല്പിതം ആദ്യഃ സ ഏവ വേദഃ ച വേദ്യം ച അപി അന്യത് തു കല്പിതം.

സാരം: അതിനാൽ ജഗത്തു് മിഥ്യതന്നെ. സദ്രൂപവും ജ്ഞാനരൂപവും ആയ ബ്രഹ്മംമാത്രം കല്പിതമല്ല. അതു് എല്ലാ കല്പനകരംക്കും ആധാരഭൂതമാണ്. കല്പനകരംക്ക മുൻപുള്ളതാണ്. അതുതന്നെയാണ് ജ്ഞാതാവും ജ്ഞേയവും. നാമരൂപകർമ്മങ്ങരം മിഥ്യതന്നെ. 13

യേന വേത്തി സ വേദഃ സ്യാത്
സ്വപ്നേ സർവ്വം തു മായയാ
യേന പശ്യതി തച്ചക്ഷുഃ
ശൃണോതി ശ്രോത്രമുച്യതേ. 14

അന്വയം: സ്വപ്നേ തു യേന സർവ്വം മായയാ വേത്തി സഃ വേദഃ സ്യാത് യേന പശ്യതി തത് ചക്ഷുഃ യേന ശൃണോതി തത് ശ്രോത്രം ഉച്യതേ.

സാരം: സ്വപ്നത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവു യാതൊന്നുകൊണ്ടു് സ്വപ്നത്തിലുള്ള വിഷയങ്ങളെ അറിയുന്നുവോ അതാകുന്നു വേദനം—സ്വപ്നത്തിൽ ചിദാത്മാവല്ലാതെ ഭാസകമായി മറെറാന്നില്ല. ആദിത്യാദി ജ്യോതിസ്സുകരം അപ്പോരം ശാന്തമാകുന്നു. സ്വയം ജ്യോതിസ്സ് അപ്പോരം ഉണ്ടെന്നു് ശ്രുതിയുമുണ്ടു്. അവിടെ വേദ്യവും മായകൊണ്ടു തോന്നുന്നതാകയാൽ ആത്മാവു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നെ. 'ന തത്ര രഥാഃ' എന്ന ശ്രുതിപ്രകാരം ഇടമില്ലാത്തതിനാൽ അവിടെ ബാഹ്യവിഷയങ്ങളും ഇല്ല. ആത്മാവ് സദാത്മനാ വേദ്യവും ചിദാത്മനാ വേദനവുമാകുന്നു. വേദ്യവേദിതൃഭാവം മായാകല്പിതമെന്നു സാരം. സ്വപ്നത്തിൽ ചക്ഷുരിന്ദ്രിയം ഇല്ലെങ്കിലും ഏതുകൊണ്ട് രൂപം അറിയുന്നുവോ അത് ചക്ഷുസ്സ്. ഏതുകൊണ്ട് ശബ്ദം കേൾക്കുന്നുവോ അത് ശ്രോത്രം. 14

യേന സ്വപ്നഗതോ വക്തി
സാ വാഗ് ഘ്രാണം തഥൈവ ച
രസനസ്പർശനേ ചൈവ
മനശ്ചാന്യത് തഥേന്ദ്രിയം. 15

അന്വയം: യേന സ്വപ്നഗതഃ വക്തി സാ വാക്. തഥാ ഏവ ച ഘ്രാണം രസനസ്പർശനേ ച തഥാ. തഥാ മനഃ ച അന്യത് ഇന്ദ്രിയം.

സാരം: സ്വപ്നം കാണുന്നവൻ ഏതുകൊണ്ടു പറയുന്നുവോ അതു വാക്ക്, ഗന്ധമറിയുന്നുവോ അതു ഘ്രാണം, രസമറിയുന്നുവോ അതു രസന, സ്പർശമറിയുന്നുവോ അതു ത്വക്. അതുപോലെ സ്വപ്നത്തിലെ മനസ്സ് എന്ന ഇന്ദ്രിയവും വേറെയാകുന്നു. ഒരു ചൈതന്യംതന്നെയാണ് വേദ്യമായും വേദകമായും ചക്ഷുസ്സു തുടങ്ങിയ ഇന്ദ്രിയങ്ങളായും മാറുന്നതു് എന്നു ഇനി പറയാൻ പോകുന്നു. 15

കല്പ്യോപാദിഭിരേവൈതദ്ഭിന്നം ജ്ഞാനമനേകധാ
ആധിഭേദാദ്യഥാ ഭേദോ മണേരേകസ്യ ജായതേ. 16

അന്വയം: യഥാ ഏകസ്യ മണേഃ ആധിഭേദാത് ഭേദഃ ജായതേ തഥാ അഭിന്നം ജ്ഞാനം കല്പ്യോപാധിഭിഃ ഏവ അനേകധാ ജായതേ.

സാരം: സ്ഫടികമണിക്ക് നീലം, പീതം മുതലായ ഉപാധികളുടെ ഭേദംകൊണ്ട് ഭേദമുണ്ടാകുന്നതുപോലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വപ്നത്തിൽ കല്പിക്കപ്പെടുന്ന ഉപാധികളുടെ ഭേദംകൊണ്ടു ചൈതന്യത്തിനും അനേകം ഭേദങ്ങളും ഉണ്ടാകുന്നു. 16

ഇനി ചിദ്രൂപമായ ജ്ഞാനത്തിന്നു് ജാഗ്രത്കാലത്തിൽ വികല്പങ്ങളെങ്ങനെയുണ്ടാകുന്നു എന്നു പറയുന്നു:—

ജാഗ്രതശ്ച യഥാ ഭേദോ
ജ്ഞാനസ്യാസ്യ വികല്പിതഃ
ബുദ്ധിസ്ഥം വ്യാകരോത്യത്ഥം
ഭ്രാന്ത്യാ തൃഷ്ണോദ്ഭവക്രിയഃ. 17

അന്വയം: യഥാ ജാഗ്രതഃ അസ്യ ജ്ഞാനസ്യ ഭേദഃ വികല്പിതഃ തഥാ ഭ്രാന്ത്യാ തൃഷ്ണോദ്ഭവക്രിയഃ ബുദ്ധിസ്ഥം അത്ഥം വ്യാകരോതി.

സാരം: ആത്മാവു് അജ്ഞാനംകൊണ്ടു മൂടിയിരിക്കുന്നു. പിന്നീടു് ഒന്നാമതായി ബുദ്ധിയെ കല്പിച്ചു് അവിവേകഭ്രാന്തിയാൽ എല്ലാ വസ്തുക്കളേയും ബുദ്ധിയിൽ കല്പിക്കുന്നു. അതുകൊണ്ടു സകല വ്യാപാരങ്ങളും നടക്കുന്നു. ഭ്രാന്തികൊണ്ടു തൃഷ്ണാപ്രയുക്തമായ കാമവും അതിൽനിന്നു ഹാനോപാദാനരൂപമായ വ്യവഹാരങ്ങളും ഉണ്ടാകുന്നു. അവിദ്യയിൽനിന്നുമുണ്ടായ അന്തഃകരണത്തിൻെറ പരിണാമാവസ്ഥയെ തോന്നിപ്പിച്ചുകൊണ്ടു് അവിവേകത്താൽ അനേകരൂപമായ പ്രപഞ്ചത്തെ ആത്മാവിൽ കല്പിച്ചുകൊണ്ടു് ലോകവ്യവഹാരം നടക്കുന്നു എന്നു സാരം. 17

സ്വപ്നേ തദ്വത് പ്രബോധേ യോ
ബഹിശ്ചാന്തസ്തഥൈവ ച
ആലേഖ്യാധ്യയനേ യദ്വത്
തദന്യോന്യധിയോദ്ഭവം. 18

അന്വയം: യദ്വത് ആലേഖ്യാധ്യയനേ തത് അന്യോന്യധിയാ ഉദ്ഭവം തദ്വത് സ്വപ്നേ പ്രബോധേ ച യഃ അന്തഃ ബഹിഃ ച തഥാ ഏവ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സ്വപ്നത്തിലെ വ്യവഹാരംപോലെതന്നെയാണ് ജാഗ്രത്തിലെ വ്യവഹാരവും സ്വപ്നത്തിൽ കാണുന്ന ആന്തരബാഹ്യഭാവങ്ങൾതന്നെയാണ് ജാഗ്രത്തിലും കാണുന്നത്. സർവ്വഗതങ്ങളും നിരവയവങ്ങളുമായ വർണ്ണങ്ങൾക്ക ലേഖനം സംഭവിക്കായ്കയാൽ ലേഖനങ്ങളെ അപേക്ഷിച്ചുള്ള അദ്ധ്യയനവും ശ്ലോകാദികളുടെ അദ്ധ്യയനത്തെ സംബന്ധിച്ചുള്ള ലേഖനവും മിഥ്യാഭൂതമാണ്. അതുപോലെ ആത്മാവിൽ ആന്തരബാഹ്യഭാവങ്ങളിൽ കാണുന്ന എല്ലാ വ്യവഹാരവും വാസ്തവമല്ല. 18

യദായം കല്പയേദ്ഭേദം തത്കാമഃ സൻ യഥാക്രതുഃ
യത്കാമസ്തത്ക്രതുർഭൂത്വാ കൃതം യത്തത്പ്രപദ്യതേ. 19

അന്വയം: യദാ അയം ഭേദം കല്പയേത് തത് കാമഃ സൻ യഥാ ക്രതുഃ യത് കാമഃ തത് ക്രതുഃ ഭൂത്വാ യത് കൃതം തത് പ്രപദ്യതേ.

സാരം: ബുദ്ധ്യാരൂഢനായ ആത്മാവ്, ഭേദകല്പന ചെയ്ത്, അവയെ കാമിച്ച്, ക്രമാനുകൂലമായി 'ഇതിനെ ഞാൻ സാധിക്കും' എന്നിങ്ങനെ സങ്കല്പിക്കുന്നു. ഏതിനെ കാമിക്കുന്നുവോ അതിനെ അധ്യവസാനം ചെയ്യുകയും, അതിനുവേണ്ടി കർമ്മംചെയ്ത്, അതാതു കർമ്മഫലത്തെ പ്രാപിക്കുകയും ചെയ്യുന്നു. 19

അവിദ്യാപ്രഭവം സർവ്വമസത്തസ്മാദിദം ജഗത്
തദ്വതാ ദൃശ്യതേ യസ്മാത് സുഷുപ്തേന ച ഗൃഹ്യതേ. 20

അന്വയം: യസ്മാത് തദ്വതാദൃശ്യതേ സുഷുപ്തേ ന ഗൃഹ്യതേ ച തസ്മാത് അവിദ്യാപ്രഭവം ഇദം സർവ്വം ജഗത് അസത്.

സാരം: അജ്ഞാനമുള്ളവർ ജാഗ്രദവസ്ഥയിൽ ഈ പ്രപഞ്ചത്തെ അനുഭവിക്കുന്നു. സുഷുപ്ത്യവസ്ഥയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രപഞ്ചജ്ഞാനം ഇല്ലതാനും. അതിനാൽ, അജ്ഞാനത്തിൽനിന്നും ഉണ്ടായ ഈദൃശപ്രപഞ്ചമെല്ലാം മിഥ്യയാണ്; യഥാത്ഥമല്ല. 20

വിദ്യാവിദ്യേ ശ്രുതിപ്രോക്തേ
ഏകത്വാന്യധിയൗ ഹി നഃ
തസ്മാത് സർവ്വപ്രയത്നേന
ശാസ്ത്രേ വിദ്യാ വിധീയതേ. 21

അന്വയം: നഃ വിദ്യാവിദ്യേ ഏകത്വാന്യധിയൗ ശ്രുതിപ്രോക്തേ ഹി തസ്മാത് സർവ്വപ്രയത്നേന ശാസ്ത്രേ വിദ്യാ വിധീയതേ.

സാരം: ആത്മാവും ബ്രഹ്മവും ഏകമാണെന്ന ബോധം ജ്ഞാനവും; ഭിന്നമാണെന്ന ബോധം അജ്ഞാനവുമാണെന്നു ശ്രുതിയിൽ പറയുന്നു. അതുതന്നെയാണ് അദ്വൈതികളുടെ പ്രമാണവും. അതിനാൽ, അധ്യാരോപാപവാദങ്ങൾകൊണ്ട് അതിശ്രദ്ധയോടെ ശാസ്ത്രത്തിൽ ഐക്യബോധം വിധിക്കപ്പെടുന്നു. 21

ചിത്തേ ഹ്യാദർശവദ്യസ്മാ-
ച്ഛുദ്ധേ വിദ്യാ പ്രകാശതേ
യമൈർയജ്ഞൈശ്ച നിയമൈഃ
തപോഭിസ്തസ്യ ശോധനം 22

അന്വയം: യസ്മാത് ആദർശവത് ശുദ്ധേ ചിത്തേ വിദ്യാ പ്രകാശതേ യമൈഃ നിയമൈഃ ച യജ്ഞൈഃ തപോഭിഃ ച തസ്യ ശോധനം.

സാരം: കണ്ണാടിപോലെ, മാലിന്യമകന്ന ചിത്തത്തിൽ ജ്ഞാനം പ്രകാശിക്കും. അതിനാൽ അഹിംസാ ബ്രഹ്മചര്യം തുടങ്ങിയ യമങ്ങൾകൊണ്ടും ശൗചാദി

*33
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കളായ നിയമങ്ങാംകൊണ്ടും, സ്വാശ്രമധമ്മാനുഷ്ഠാന രൂപമായ യജ്ഞങ്ങാംകൊണ്ടും, തപസ്സുകാംകൊണ്ടും ചിത്തശുദ്ധി വരുത്തണം. 22

ശാരീരാദി തപഃ കുര്യാത്തദ്വിശുദ്ധ്യത്ഥമുത്തമം
മന ആദിസമാധാനം തത്തദ്ദേഹവിശോഷണം. 23

അന്വയം: തദ്വിശുദ്ധ്യത്ഥം ഉത്തമം ശാരീരാദി തപഃ മന ആദിസമാധാനം തത്തദ്ദേഹവിശോഷണം കുര്യാത്.

സാരം: ചിത്തശുദ്ധിയുണ്ടാക്കുവാനായി, സാത്വികമായ, തപസ്സുചെയ്യണം. തപസ്സ്, ശാരീരം, മാനസം, വാചികം എന്നിങ്ങനെ മൂന്നു തരത്തിൽ (ഗീത പതിനേഴാം അദ്ധ്യായം 14മുതൽ 17വരെ ശ്ലോകങ്ങാം നോക്കുക.) മനസ്സു തുടങ്ങിയ അന്തരിന്ദ്രിയങ്ങളേയും ബാഹ്യേന്ദ്രിയങ്ങളേയും അടക്കണം. അതാതുകാലത്ത് ശീതോഷ്ണാദികാം സഹിച്ച് ദേഹത്തെ ശോഷിപ്പിക്കുകയും വേണം. 23

മനസശ്ചേന്ദ്രിയാണാം ച ഹ്യൈകാഗ്ര്യം പരമം തപഃ
തജ്ജ്യായഃ സവ്വധമ്മേഭ്യഃ സധമ്മഃ പര ഉച്യതേ. 24

അന്വയം: മനസഃ ച ഇന്ദ്രിയാണാം ച ഐകാഗ്ര്യം ഹി പരമം തപഃ തത് സവ്വധമ്മേഭ്യഃ ജ്യായഃ സഃ പരഃ ധമ്മഃ ഉച്യതേ.

സാരം: മനസ്സിനും ഇന്ദ്രിയങ്ങാംക്കും ഏകാഗ്രതയുണ്ടാക്കലൊണ് പരമമായ തപസ്സ്. എല്ലാ ധമ്മാനുഷ്ഠാനങ്ങളേക്കാളും അതാണ് ഉത്കൃഷ്ടം. ഉത്തമോത്തമമായ ധർമ്മമതാണെന്നു പറയപ്പെടുന്നു. 24

ദൃഷ്ടം ജാഗരിതം വിദ്യാത് സ്മൃതം സ്വപ്നം തദേവ തു
സുഷുപ്തം തദഭാവം ച സ്വമാത്മാനം പരം പദം. 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ദൃഷ്ടം ജാഗരിതം സ്മൃതം തത് ഏവ തു സ്വപ്നം തദഭാവം സുഷുപ്തം സ്വം ആത്മാനം പരം പദം ച വിദ്യാത്.

സാരം: ഇന്ദ്രിയപ്രത്യക്ഷങ്ങളാണ് ജാഗ്രദവസ്ഥ. ആ പ്രത്യക്ഷങ്ങളുടെതന്നെ സ്മരണമാണ് സ്വപ്നാവസ്ഥ. ഇന്ദ്രിയപ്രത്യക്ഷങ്ങളോ അവയുടെ സ്മരണമോ ഇല്ലാത്ത അവസ്ഥ സുഷുപ്ത്യവസ്ഥ. ആത്മാവ് ഈ മൂന്നവസ്ഥയിൽനിന്നും അതീതനും പരമമായ പ്രാപ്യസ്ഥാനവുമാണെന്നറിഞ്ഞുകൊള്ളുക. 25

സുഷുപ്ത്യാഖ്യം തമോ/ജ്ഞാനം
ബീജം സ്വപ്നപ്രബോധയോഃ
സ്വാത്മബോധപ്രദഗ്ദ്ധം സ്യാത്
ബീജം ദഗ്ദ്ധം യഥാഭവം. 26

അന്വയം: സുഷുപ്ത്യാഖ്യം തമഃ അജ്ഞാനം സ്വപ്ന-പ്രബോധയോഃ ബീജം ദഗ്ദ്ധം ബീജം യഥാ സ്വാത്മ-ബോധപ്രദഗ്ദ്ധം അഭവം സ്യാത്.

സാരം: സുഷുപ്തി എന്നറിയപ്പെടുന്ന തമോരൂപമായ അജ്ഞാനമാണ് സ്വപ്നാവസ്ഥയ്ക്കും ജാഗ്രദവസ്ഥയ്ക്കും കാരണമായി നില്ക്കുന്നത്. സ്വാത്മജ്ഞാനമുണ്ടാകുമ്പോൾ ആ അജ്ഞാനം നശിക്കുന്നു. അതു പിന്നെ കത്തിയെരിഞ്ഞ വിത്തു മുളയ്ക്കാത്തതുപോലെ പ്രപഞ്ചത്തെ ഉണ്ടാക്കുകയില്ല. 26

തദേവൈകം ത്രിധാ ജ്ഞേയം
മായാബീജം പുനഃ ക്രമാത്
മായാവ്യാത്മാ/വികാരോ/പി
ബഹുധൈകോ ജലാർക്കവത്. 27

അന്വയം: തത് ഏവ ഏകം മായാബീജം പുനഃ ക്രമാത് ത്രിധാ ജ്ഞേയം മായാവീ ആത്മാ ഏകഃ അവികാരഃ അപി ജലാർക്കവത് ബഹുധാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: 'മായ' എന്നു വിളിക്കപ്പെടുന്ന അജ്ഞാനം തന്നെയാണ്, ജാഗ്രത്തായും സ്വപ്നമായും സുഷുപ്തിയായും വീണ്ടും ജാഗ്രത്തായും ക്രമത്തിൽ മാറിമാറി വരുന്നതു്. മായാധിഷ്ഠാനമായ ആത്മാവു് ഏകനും നിർവ്വികാരനുമാണെങ്കിലും, പല ജലപാത്രങ്ങളിലും പ്രതിബിംബിച്ച സൂര്യബിംബം അനേകമായിത്തോന്നുന്നതുപോലെ, ബഹുപ്രകാരത്തിൽ പ്രതിഭാസിക്കുന്നു. 27

ബീജം ചൈകം യഥാ ഭിന്നം പ്രാണസ്വപ്നാദിഭിസ്തഥാ
സ്വപ്നജാഗ്രച്ഛരീരേഷു തദ്വച്ചാത്മാ ജലേന്ദുവത്. 28

അന്വയം: യഥാ ഏകം ച ബീജം പ്രാണസ്വപ്നാദിഭിഃ ഭിന്നം തഥാ സ്വപ്നജാഗ്രച്ഛരീരേഷു ആത്മാ ച ജലേന്ദുവത് തദ്വത്.

സാരം: അവ്യാകൃതാവസ്ഥയിലും, സ്വപ്നാവസ്ഥയിലുമെല്ലാം ഒരേ അജ്ഞാനബീജം ഭിന്നമായിക്കാണപ്പെടുന്നു. അതേപോലെ, ആത്മാവും ഏകനാണെങ്കിലും ജാഗ്രച്ഛരീരത്തിലും സ്വപ്നശരീരത്തിലും വെവ്വേറെയെന്നോണം പ്രതിഭാസിക്കുന്നു. ഒരേ ചന്ദ്രബിംബം, പല ജലാശയങ്ങളിലും പ്രതിബിംബിച്ചു് അനേകമായി പ്രതിഭാസിക്കുന്നതുപോലെ എന്നു താല്പര്യം. 28

മായാഹസ്തിനമാരുഹ്യ മായാവ്യേകോ യഥാ വ്രജേത്
ആഗച്ഛംസ്തദ്വദേവാത്മാ പ്രാണസ്വപ്നാദിഗോഽചലഃ 29

അന്വയം: യഥാ ഏകഃ മായാവീ മായാഹസ്തിനം ആരുഹ്യ വ്രജേത് ആഗച്ഛൻ തദ്വത് ഏവ പ്രാണ-സ്വപ്നാദിഗഃ അചലഃ.

സാരം: ഇന്ദ്രജാലക്കാരൻ, ഒരു മായാഗജത്തെ നിർമ്മിച്ചു് അതിൽക്കയറി പോവുകയും വരികയുമെല്ലാം ചെയ്യുന്നതുപോലെ തോന്നിക്കുന്നു. വാസ്തവത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദ്രജാലക്കാരൻ നിന്ന നിലയിൽ നില്ക്കുന്നതേയുള്ളു. അതുപോലെ ആത്മാവ് അവ്യാകൃതാവസ്ഥയിലും സ്വപ്നാവസ്ഥയിലും മാറിമാറിയിരിക്കുന്നതുപോലെ തോന്നുന്നുവെങ്കിലും അത് യഥാർത്ഥമല്ല. നിർവികാരനായ ആത്മാവ് കൂടസ്ഥനാണ്. 29

ന ഹസ്തീ ന തദാരൂഢോ മായാവ്യന്യോ യഥാസ്ഥിതഃ
ന പ്രാണാദി ന തദ്ദ്രഷ്ടാ തഥാ ജ്ഞോഽന്യഃ സദാദൃശിഃ

അന്വയം: യഥാ ഹസ്തീ ന, ന തദാരൂഢഃ, മായാവീ അന്യഃ സ്ഥിതഃ, തഥാ പ്രാണാദി ന തദ്ദ്രഷ്ടാ ന സദാദൃശിഃ ജ്ഞഃ അന്യഃ.

സാരം: മുൻപറഞ്ഞ ദൃഷ്ടാന്തത്തിൽ, ആനയുമില്ല, ആനയിൽ ആരും കയറിയിട്ടുമില്ല. ഇന്ദ്രജാലക്കാരൻ മാത്രം ഒരിടത്തു വേറെ നില്ക്കുന്നതേയുള്ളു. മററതു രണ്ടും വെറും തോന്നൽ. അതേപോലെ, അവ്യാകൃതം സ്വപ്നം തുടങ്ങിയ അവസ്ഥാഭേദങ്ങളോ അവയെ അറിയുന്ന പ്രമാതാവോ വാസ്തവത്തിൽ ഇല്ല. സദാ ജ്ഞാനസ്വരൂപനായ ആത്മാവുമാത്രം എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതു മററതിൽനിന്നെല്ലാം വേറിട്ടതാണുതാനും. 30

അബദ്ധചക്ഷുഷോ നാസ്തി
മായാ മായാവിനോഽപി വാ
ബദ്ധാക്ഷസ്യൈവ സാ മായാ-
മായാവ്യേവ തതോ ഭവേത്. 31

അന്വയം: യഥാ അബദ്ധചക്ഷുഷഃ മായാ നാസ്തി തഥാ മായാവിനഃ അപി മായാ നാസ്തി. സാ മായാ ബദ്ധാക്ഷസ്യൈവ (ഭാസതേ) തതഃ അമായാവീ ഏവ ഭവേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ലോകത്തിൽ ഇന്ദ്രജാലക്കാർ കൺകെട്ടു വിദ്യമൂലം പലരേയും വ്യാമോഹിപ്പിക്കുന്നുണ്ടല്ലൊ. കൺകെട്ടിന്നു് അധീനരായവരെല്ലാം മായയാൽ നിർമ്മിക്കപ്പെട്ട പല രൂപവിശേഷങ്ങളും കാണാറുണ്ടു്; കൺകെട്ടിന്നു് അധീനനാകാത്ത പുരുഷനും, ഇന്ദ്രജാലക്കാരനും, ആ മായയുടെ ശക്തിക്കു വിധേയരാകുന്നില്ല. ഇതുപോലെതന്നെ, മായയാൽ ചിത്സ്വഭാവം മറയാത്തവനായ മായാവിക്കും മായയില്ല; മായയുണ്ടെന്നു തോന്നിയാലും മായയില്ല. അജ്ഞാനാവസ്ഥയിൽ പ്രാപഞ്ചികന്മാർ മോഹിക്കുന്നതുപോലെ അവർ വ്യാമോഹിതരാവുന്നില്ല. സുഷുപ്തനെപ്പോലെ ഏതവസ്ഥയിലും വികാരം കൂടാതെ കഴിഞ്ഞുകൂടുന്നു. അതുകൊണ്ടു മായയില്ലാതിരിക്കുകതന്നെ വേണം. 31

വ്യവഹാരദൃഷ്ട്യാ മാത്രമാണു് മായയ്ക്കു് അസ്തിത്വം എന്നു പറഞ്ഞുവല്ലൊ. ശ്രുതിയും ഇതേ അഭിപ്രായം തന്നെ പറയുന്നു.

സാക്ഷാദ്ദേവഃ സ വിജ്ഞേയഃ
സാക്ഷാദാത്മേതി ച ശ്രുതേഃ
ഭിദ്യതേ ഹൃദയഗ്രന്ഥിർ
ന്ന ചേദിത്യാദിതഃ ശ്രുതേഃ. 32

അന്വയം: സാക്ഷാത് 'ആത്മാ' ഇതി ച ശ്രുതേഃ സഃ സാക്ഷാത്ദേവഃ വിജ്ഞേയഃ 'ഭിദ്യതേ ഹൃദയ—ഗ്രന്ഥിഃ ന ചേത്' ഇത്യാദിതഃ ശ്രുതേഃ.

സാരം: പ്രത്യക്ഷമായി യാതൊരു മറവും കൂടാതെയിരിക്കുന്ന ബ്രഹ്മം യാതൊന്നോ യാതൊരു ആത്മാവു് എല്ലാററിന്റേറയും ഉള്ളിൽ ഇരിക്കുന്നുവോ എന്നീ ശ്രുതിവാക്യങ്ങളാൽകൊണ്ടു് ആത്മാവുതന്നെ സാക്ഷാത് ബ്രഹ്മമെന്നറിയണം. അറിഞ്ഞാൽ ഉണ്ടാകുന്ന ഗുണം, 'ഹൃദയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രന്ഥി_അജ്ഞാനവാസനകളുടെ കൂട്ടം-പൊട്ടും' എന്നും അറിഞ്ഞില്ലെങ്കിലുള്ള ദോഷം 'ഇവിടെ വച്ചുതന്നെ അറിഞ്ഞില്ലെങ്കിൽ വലുതായ നഷ്ടമാണ്'' എന്നും ശ്രുതി പറഞ്ഞിരിക്കുന്നു. 32

ഏതാദൃശമായ ആത്മാവിനെ അറിയുവാൻ സാധിക്കുമോ എന്നു ശങ്കിക്കുന്നു.

അശബ്ദാദിത്വതോ നാസ്യ
ഗ്രഹണം ചേന്ദ്രിയൈർഭവേത്
സുഖാദിഭ്യസ്തഥാന്യത്വാത്
ബുദ്ധ്യാ വാപി കഥം ഭവേത്. 33

അന്വയം: അസ്യ ഗ്രഹണം ഇന്ദ്രിയൈഃ അശബ്ദാദിത്വതഃ ന (ഭവതി) തഥാ സുഖാദിഭ്യഃ അന്യത്വാത് ബുദ്ധ്യാ (അസ്യ ഗ്രഹണം) കഥം ഭവേത്.

സാരം: പഞ്ചേന്ദ്രിയങ്ങൾ സ്വവിഷയങ്ങളായ ഘടാദികളെ ഗ്രഹിക്കുവാൻ സമർത്ഥങ്ങളത്രെ. അന്തഃകരണം സ്വവിഷയങ്ങളായ സുഖാദികളെ ഗ്രഹിക്കുവാൻ പര്യാപ്തവുമാണ്. ആത്മാവാകട്ടെ ഘടാദികളിൽ നിന്നും, സുഖാദികളിൽനിന്നും തുലോം വിഭിന്നമാണ്. അതിനാൽ ബാഹ്യപ്രത്യക്ഷത്തിനോ ആന്തരപ്രത്യക്ഷത്തിനോ വിഷയമാകുന്നില്ലല്ലൊ എന്നു ശങ്ക. 33

അദൃശ്യോഽപി യഥാ രാഹുശ്ചന്ദ്രേ ബിംബം യഥാംഭസി
സർവ്വഗോഽപി തഥൈവാത്മാ ബുദ്ധാവേവ സ ഗൃഹ്യതേ.

അന്വയം: അദൃശ്യഃ അപി രാഹുഃ യഥാ ചന്ദ്രേ അംഭസി യഥാ ബിംബം തഥാ ഏവ സർവ്വഗഃ അപി സഃ ആത്മാ ബുദ്ധൗ ഏവ ഗൃഹ്യതേ.

സാരം: മുൻശ്ലോകത്തിൽ പറഞ്ഞ ആക്ഷേപത്തിനു പരിഹാരം പറയുന്നു. തമോഗ്രഹമായ രാഹു സ്വതവേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദൃശ്യനെങ്കിലും, ഗ്രഹണസമയത്തു് ചന്ദ്രനിൽ ദൃശ്യനാവുന്നതുപോലെയും സൂര്യചന്ദ്രാദിബിംബങ്ങൾ ജലത്തിൽമാത്രം പ്രതിബിംബിച്ച് ദൃശ്യങ്ങളാവുന്നതുപോലെയും, സർവ്വവ്യാപിയെങ്കിലും ആത്മാവു് ബുദ്ധിയിൽ ഗ്രഹിക്കപ്പെടുന്നു. ആദ്യത്തെ ഉപമകൊണ്ടു് ഉപാധിവിശേഷത്തിൽ ദൃശ്യനാവുന്നു എന്നും, രണ്ടാമത്തെ ഉപമകൊണ്ടു് സർവ്വവ്യാപിയെങ്കിലും പ്രത്യേകം ബുദ്ധിയിൽമാത്രം ഗ്രഹിക്കപ്പെടുന്നു എന്നും സൂചിപ്പിച്ചതായിക്കണ്ടുകൊള്ളുക. 34

ഭാനോർബിംബം യഥാ ചൗഷ്ണ്യം
ജലേ ദൃഷ്ടം ന ചാംഭസഃ
ബുദ്ധൗ ബോധോ ന തദ്ധർമ്മഃ
തഥൈവ സ്യാത് വിധർമ്മതഃ. 35

അന്വയം: ജലേ ദൃഷ്ടം ഔഷ്ണ്യം ബിംബം ച യഥാ അംഭസഃ ന (കിന്തു) ഭാനോഃ തഥാ ബോധഃ തദ്ധർമ്മഃ ന വിധർമ്മതഃ തഥാ ന (സ്യാത്).

സാരം: ബുദ്ധി ജഡമാണു്, ചൈതന്യം പ്രകാശസ്വരൂപമത്രേ. ഇരുട്ടും വെളിച്ചവുംപോലെ പരസ്പരം വിരുദ്ധങ്ങളായ ഇവയിൽ ഒരെണ്ണം മററതിൻെറ ധർമ്മമാകുന്നതെങ്ങിനെ? ഒരു ലൗകികോദാഹരണം പറയാം: സൂര്യൻ ജലത്തിൽ പ്രതിഫലിക്കുന്നു. ജലത്തെ ചൂടു പിടിപ്പിക്കുന്നു. ജലത്തിൽ പ്രതിഫലിക്കുന്ന സൂര്യബിംബം ജലത്തിൻെറയാണോ? ജലത്തിൽ സംക്രമിക്കുന്ന ചൂടു് ജലത്തിൻെറ ധർമ്മമാണോ? അതുപോലെ ബുദ്ധിയിൽ പ്രതിഫലിക്കുന്ന ചൈതന്യം ബുദ്ധിധർമ്മമാകാൻ നിവൃത്തിയില്ലതന്നെ. അപരോക്ഷമായ ആത്മാവു് തത്ത്വമസ്യാദിവാക്യജ്ഞാനത്താൽ പരിശുദ്ധമായ ബുദ്ധിയിൽ മാത്രമല്ല പ്രതിഫലിക്കുന്നതു്, വിഷയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രൂപേണ പരിണമിക്കുന്ന അന്തഃകരണവൃത്തിയിലും പ്രതിഫലിക്കുന്നു. എന്നു് (ലൗകികമായ ഘടാദിജ്ഞാനം സംഭവിക്കുമ്പോൾ) പറയുന്നു. 35

ചക്ഷുർയുക്താ ധിയോവൃത്തിർ–
യ്യാ താം പശ്യന്നലുപ്തദൃക്
ദൃഷ്ടേർദ്രഷ്ടാ ഭവേദാത്മാ
ശ്രുതേഃ ശ്രോതാ തഥാ ഭവേത്. 36

കേവലാം മനസോ വൃത്തിം പശ്യൻ മന്താ മതേരജഃ
വിജ്ഞാതാ/ലുപ്തശക്തിത്വാത്തഥാ ശാസ്ത്രം നഹീത്യതഃ

അന്വയം: ധിയോഃ ചക്ഷുർയ്യുക്താ യാ വൃത്തിഃ താം പശ്യൻ അലുപ്തദൃക് ആത്മാ ദൃഷ്ടേഃ ദ്രഷ്ടാ ശ്രുതേഃ ശ്രോതാ ച തഥാ ഭവേത്. മനസഃ കേവലാം വൃത്തിം പശ്യൻ അജഃ മതേഃ മന്താ തഥാ അലുപ്തശക്തിത്വാത് വിജ്ഞാതാ നഹീത്യതഃ ശാസ്ത്രം വദതി.

സാരം: അന്തഃകരണം ചക്ഷുരാദിദ്വാരാ വിഷയദേശത്തിൽ എത്തുന്നു. വിഷയാകാരേണ പരിണമിക്കുന്നു. ഈ പരിണാമത്തിന്നു് വൃത്തിയെന്നു പേർ. ഈ വൃത്തിയിൽ ചൈതന്യം പ്രതിഫലിക്കുന്നതുതന്നെയാണു് ജ്ഞാനം, അതായതു് ചൈതന്യം തത്ത്വമസ്യാദി മഹാവാക്യജ്ഞാനത്താൽ പരിപൂതമായ ബുദ്ധിയിൽ മാത്രമല്ല പ്രതിഫലിക്കുന്നതു് എന്നു ഭാവം. ശ്രുതിയും ആത്മാവു് സർവ്വദാ സർവ്വഥാ ജ്ഞാനസ്വരൂപിയാണെന്നു പറയുന്നുണ്ടല്ലോ. 'നഹി ദ്രഷ്ടുഃ ദൃഷ്ടേഃ', 'നഹി വിജ്ഞാതുർവിജ്ഞാതേഃ വിപരീലോപോ വിദ്യതേ'. 'ന ദൃഷ്ടേഃ ദ്രഷ്ടാരം പശ്യേഃ ന ശ്രുതേഃ ശ്രോതാരം ശൃണുയാഃ, ന മതേർ മന്താരം മന്വീഥാഃ, ന വിജ്ഞാതേർ വിജ്ഞാതാരം വിജാനീയാ ഏഷ ത ആത്മാ സർവ്വാന്തരഃ' എന്നീ ശ്രുതികൾ കാണുക. 36–37

*34

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാവ് ദ്രഷ്ടാവാണെന്നു പറഞ്ഞുവല്ലോ. അങ്ങിനെയാണെങ്കിൽ ആത്മാവ് വികാരിയാകയില്ലേ? അശുദ്ധനാകയില്ലേ? എന്ന പൂർവ്വപക്ഷത്തിനു സമാധാനം പറയുന്നു.

ധ്യായതീത്യവികാരിത്വം യഥാ ലേലായതീത്യപി
അത്ര സ്തേനേതി ശുദ്ധത്വം തഥാഽനന്വാഗതം ശ്രുതേഃ. 38

അന്വയം: ധ്യായതീതി ലേലായതീത്യപി അവികാരിത്വം (പ്രതിപാദ്യതേ) അത്ര സ്തേനേതി അനന്വാഗതം ഇതി ച ശ്രുതേഃ ശുദ്ധത്വം സിദ്ധം.

സാരം: 'ഹൃദയത്തിൽ സ്വയംപ്രകാശമായ പുരുഷൻ ധ്യാനിക്കുന്നതുപോലെയും ചലിക്കുന്നതുപോലെയും വർത്തിക്കുന്നു.' ഈ ജ്ഞാനാവസ്ഥയിൽ 'കള്ളൻ കള്ളനല്ലാതാകുന്നു.' അയാളുടെ ഈ അവസ്ഥ 'പുണ്യത്താൽ സ്പൃശിക്കപ്പെടുന്നതല്ല.' എന്നീ ശ്രുതിവാക്യങ്ങൾ ആത്മാവ് നിർവ്വികാരമാണെന്നും ശുദ്ധമാണെന്നും ഉള്ളതിനെ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. 38

ശക്ത്യലോപാത് സുഷുപ്തേജ്ഞ-
സ്തഥാ ബോധേഽവികാരതഃ
ജ്ഞേയസ്യൈവ വിശേഷസ്തു
യത്ര വേതി ശ്രുതേർവചഃ. 39

സുഷുപ്തിയിൽ ജ്ഞാനമുണ്ടാകുന്നില്ല. ജാഗ്രത് സ്വപ്നങ്ങളിൽ ജ്ഞാനമുണ്ടാകുന്നുണ്ടുതാനും. ഇതാണ് അനുഭവം. ഈ സ്ഥിതിയിൽ ആത്മാവ് അവികാരിയാണെന്ന് എങ്ങിനെ പറയാം? ഉത്തരം പറയുന്നു:

അന്വയം: ആത്മാ ശക്ത്യലോപാത് സുഷുപ്തേ അപി ജ്ഞഃ തഥാ ബോധേഽപി അവികാരതഃ ജ്ഞഃ 'യത്ര വാ' ഇതി ശ്രുതേഃ വചഃ ജ്ഞേയസ്യ ഏവ വിശേഷഃ തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളിൽ ആത്മാവു് സാക്ഷിരൂപേണ ഉണർന്നിരിക്കുന്നു. അപ്രകാരമാണെങ്കിൽ സുഷുപ്ത്യവസ്ഥയ്ക്കും ഇതരാവസ്ഥകൾക്കും തമ്മിലുള്ള ഭേദമെന്തു്? പറയാം. ജാഗ്രത്സ്വപ്നങ്ങളിൽ വിഷയം അജ്ഞാനത്തിൽ അന്തർനിഹിതമാകുന്നില്ല. സുഷുപ്തിയിലാകട്ടെ ലയിക്കുന്നു. ശ്രുതിയും ഈ വിചാരധാരയ്ക്കു് അനുകൂലമത്രെ. 'യത്ര വാ' എന്ന ശ്രുതി കാണുക. ചൈതന്യം നിത്യമാണു്, അപരോക്ഷമാണു്, എന്നു പറഞ്ഞുവല്ലൊ. അടുത്ത മൂന്നു ശ്ലോകങ്ങളിൽ പ്രപഞ്ചനം ചെയ്യുന്നു. 39

വ്യവധാനാദ്ധി പാരോക്ഷ്യം ലോകദ്രഷ്ടുരനാത്മനഃ
ദ്രഷ്ടുരാത്മസ്വരൂപത്വാത് പ്രത്യക്ഷം ബ്രഹ്മ തത് സ്മൃതം

അന്വയം: അനാത്മനഃ പാരോക്ഷ്യം ലോകദ്രഷ്ടുഃ വ്യവധാനാത് ഹി ദ്രഷ്ടുഃ ആത്മസ്വരൂപത്വാത് തത് ബ്രഹ്മ പ്രത്യക്ഷം സ്മൃതം.

സാരം: ആത്മാവല്ലാത്ത ഘടാദിവസ്തുക്കൾ അപ്രത്യക്ഷങ്ങളാകുന്നതു്, ഇന്ദ്രിയങ്ങളിൽനിന്നും അവയ്ക്കു് കാലദേശാദികൾ നിമിത്തമുള്ള അകൽച്ചയും മറവും കാരണമാകുന്നു. ആത്മജ്ഞാനമാകട്ടെ ആത്മസ്വരൂപം തന്നെയാണു്. അതുകൊണ്ടു് ബ്രഹ്മം പ്രത്യക്ഷംതന്നെ. സ്വസ്വരൂപം അപ്രത്യക്ഷമാകുകയെന്നതു് അസംഭാവ്യമാണല്ലോ. 40

നഹി ദീപാന്തരാപേക്ഷാ
യദ്വദ്ദീപപ്രകാശനേ
ബോധസ്യാത്മസ്വരൂപത്വാത്
ന ബോധോഽന്യസ്തഥേഷ്യതേ. 41

അന്വയം: യദ്വത് ദീപപ്രകാശനേ ദീപാന്തരാ—പേക്ഷാ നഹി തഥാ ബോധസ്യ ആത്മസ്വരൂപത്വാത് അന്യഃ ബോധഃ ന ഇഷ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സ്വതഃപ്രകാശമായ ദീപത്തെക്കാണുവാൻ മറെറാരു ദീപത്തിൻെറ ആവശ്യമില്ലല്ലോ. അതുപോലെ സ്വതഃപ്രകാശവും ആത്മസ്വരൂപവുമായ ആത്മജ്ഞാനത്തിനു മറെറാരു ജ്ഞാനത്തിൻെറ അപേക്ഷയില്ല. ആത്മജ്ഞാനം ഇതരാനപേക്ഷമാണെന്നർത്ഥം. 41

വിഷയത്വം വികാരിത്വം നാനാത്വം വാ ന ഹീഷ്യതേ
ന ഹേയോ നാപ്യുപാദേയ ആത്മാ നാന്യേന വാ തതഃ.

അന്വയം: വിഷയത്വം വികാരിത്വം നാനാത്വം വാ ന ഇഷ്യതേ ഹി. തതഃ ആത്മാ അന്യേന വാ ഹേയഃ ന ഉപാദേയഃ അപി ന.

സാരം: ആത്മാവ് വിഷയമല്ല. അതു് ജ്ഞാനസ്വരൂപമാകുന്നു. ജ്ഞാനവിഷയമല്ലെന്നു താല്പര്യം. അതിന്നു് ജന്മാദിവികാരങ്ങളൊന്നുമില്ല. അതു് ഏകമാത്രവുമാണ്. അതിനാൽ അതു് ഹേയവുമല്ല; ഉപാദേയവുമല്ല. രണ്ടു വസ്തുക്കളുള്ളപ്പോഠം, ഒന്നു വിഷയമാവും; ഹേയമോ ഉപാദേയമോ ആവും. ആത്മാവ് അദ്വിതീയവും ജ്ഞാനസ്വരൂപവും നിർവ്വികാരവുമാകയാൽ അതു് ഹേയകോടിയിലും ഉപാദേയകോടിയിലും ഉഠംപ്പെടുന്നില്ല. സ്വസ്വരൂപത്തെത്തള്ളാനും കൊള്ളാനും ആർക്കും ആവതല്ലല്ലൊ. 42

സബാഹ്യാഭ്യന്തരോ/ജീർണ്ണോ ജന്മമൃത്യുജരാതിഗഃ
അഹമാത്മേതി യോ വേത്തി കുതോന്വേവ ബിഭേതി സഃ

അന്വയം: അഹം സബാഹ്യാഭ്യന്തരഃ അജീർണ്ണഃ ജന്മമൃത്യുജരാതിഗഃ ആത്മാ ഇതി യഃ വേത്തി സഃ കുതഃ നു ഏവ ബിഭേതി.

സാരം: ഉള്ളിലും പുറത്തും തിങ്ങിനിറഞ്ഞു നില്ക്കുന്നതും പ്രതിനവവും ജനനം, മരണം, വാർദ്ധക്യം എന്നീ
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വികാരങ്ങൾ തീണ്ടാത്തതുമായ ആത്മാവാണ് ഞാൻ എന്നിങ്ങനെ ആൎക്ക ബോധമുദിക്കുന്നുവോ, അവന്നു് പിന്നെ എന്തിൽനിന്നാണു് പേടി? അവൻ സർവ്വഥാ നിർഭയനായിത്തീരുന്നു എന്നു താല്പര്യം. 43

പ്രാഗേവൈതദ്വിധേഃ കൎമ്മ വൎണ്ണിത്വാദേരപോഹനാത്
തദസ്ഥൂലാദിശാസ്ത്രേഭ്യസ്തത്വമേവേതി നിശ്ചയാത്.

അന്വയം: തദസ്ഥൂലാദിശാസ്ത്രേഭ്യഃ വൎണ്ണിത്വാദേഃ അപോഹനാത് തത്ത്വം ഏവ ഇതി നിശ്ചയാത് ഏതത് വിധേഃ കൎമ്മ പ്രാക് ഏവ.

സാരം: 'യാവജ്ജീവമഗ്നിഹോത്രം ജുഹോതി' എന്നു തുടങ്ങിയ വേദവാക്യങ്ങൾ ജീവകാലം മുഴുവൻ അഗ്നിഹോത്രാദികർമ്മാനുഷ്ഠാനം വിധിക്കുന്നു. പക്ഷേ അതു് ബ്രഹ്മജ്ഞാനിക്കു ബാധകമല്ല. കാരണം, കർമ്മത്തിന്നധികാരിയാവാൻ, ഇന്ന വൎണ്ണത്തിൽ പെട്ടുന്നവനും ഇന്നിന്ന ശാരീരമാനസഗുണങ്ങളുള്ളവനുമായിരിക്കണമെന്നു നിർബന്ധമുണ്ടു്. 'തദസ്ഥൂലമനണു' മുതലായ ശ്രുതികളാകട്ടെ ബ്രഹ്മം സർവ്വഗുണാപേതമാണെന്നു സിദ്ധാന്തിക്കുന്നു. ബ്രഹ്മജ്ഞാനി ബ്രഹ്മംതന്നെയായിത്തീരുന്നു എന്നും ശ്രുതികൾ ഘോഷിക്കുന്നു. അതിനാൽ കർമ്മാനുഷ്ഠാനമെല്ലാം ജ്ഞാനോദയത്തിന്നു മുമ്പു മാത്രമാണു്. ജ്ഞാനിക്കു യാതൊരു കർമ്മവും ബാധകമല്ല. 44

പൂൎവ്വദേഹപരിത്യാഗേ ജാത്യാദീനാം പ്രഹാണതഃ
ദേഹസ്യൈവ തു ജാത്യാദിസ്തസ്യാപ്യേവം ഹ്യനാത്മതാ.

അന്വയം: പൂൎവ്വദേഹപരിത്യാഗേ ജാത്യാദീനാം പ്രഹാണതഃ ജാത്യാദിഃ തു ദേഹസ്യ ഏവ തസ്യ അപി ഏവ അനാത്മതാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ദേഹം വെടിയുമ്പോഠം അതോടൊപ്പം അതിനെ പററിനില്ക്കുന്ന ജാതി മുതലായ ധർമ്മങ്ങളും പൊയ്പ്പോകുന്നു. അതിനാൽ ജാതി തുടങ്ങിയ ധർമ്മങ്ങളെല്ലാം ദേഹത്തിനുള്ളവയാണ്. ഇങ്ങനെ ജാത്യാദി ധർമ്മങ്ങളുള്ളതുകാരണം ദേഹം ആത്മാവുമാവുന്നില്ല. 45

മമാഹം ചേത്യതോ/വിദ്യാ ശരീരാദിഷ്വനാത്മസു
ആത്മജ്ഞാനേന ഹേയാ സ്യാദസുരാണാമിതി ശ്രുതേഃ 46

അന്വയം: അതഃ അനാത്മസു ശരീരാദിഷു മമ അഹം ച ഇതി അവിദ്യാം ആത്മജ്ഞാനേന ഹേയാ സ്യാത് അസുരാണാം ഇതി ശ്രുതേഃ.

സാരം: അതുകൊണ്ട് ആത്മാവല്ലാത്ത ദേഹാദികളിൽ 'ഞാൻ' 'എൻെറ' എന്നുള്ള ബോധമെല്ലാം അജ്ഞനമാകുന്നു. ഇതിനെ കളയുകയും വേണം. അതിന്നുപായം ആത്മജ്ഞാനമത്രെ. ശ്രുതിയും പറയുന്നു: 'അസുരാണാം ഹേയ്യഷോപനിഷത്''. ദേഹാദികളിൽ 'ഞാൻ 'എൻെറ' എന്നുള്ള ജ്ഞാനം അസുരന്മാക്ക്—സംസാരികാഠക്ക്—ഉണ്ടാവുന്നതാണ്. അതിനാൽ അനാത്മവസ്തുക്കളിൽ ആത്മഭാവനയില്ലാതാകലാണ് ആത്മജ്ഞാനത്തിൻെറ ഫലമെന്നു സാരം. 46

ദശാഹാശൌചകാര്യാണാം പാരിവ്രാജ്യേ നിവത്തനം
യഥാ ജ്ഞാനസ്യ സംപ്രാപ്തൗ തദ്വജ്ജാത്യാദികമ്മണാം.

അന്വയം: പാരിവ്രാജ്യേ യഥാ ദശാഹാശൗചകാര്യാണാം നിവത്തനം തദ്വത് ജ്ഞാനസ്യ സംപ്രാപ്തൗ ജാത്യാദികമ്മണാം (നിവത്തനം)

സാരം: സന്യാസാശ്രമം സ്വീകരിച്ചവന് സ്വപിണ്ഡാഭിമാനമില്ലാത്തതിനാൽ പുലകുളിമുതലായ ലൗകികകർമ്മങ്ങളൊന്നും ആചരിക്കേണ്ടതില്ല. അതുപോലെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനിക്കു ജാത്യാദ്യഭിമാനമൊന്നുമില്ലാത്തതിനാൽ വൈദികകർമ്മങ്ങളും യാതൊന്നും അനുഷ്ഠിക്കേണ്ടതായി ട്ടില്ല: 47

യത് കാമസ്തത് ക്രതുർഭൂത്വാ കൃതം ത്വജ്ഞഃ പ്രപദ്യതേ
യദാ സ്വാത്മദൃശഃ കാമാഃ പ്രമുച്യന്തേഽമൃതസ്തദാ 48

അന്വയം: അജ്ഞഃ തു യത് കാമഃ തത് ക്രതുഃ ഭൂത്വാ കൃതം പ്രപദ്യതേ യദാ സ്വാത്മദൃശ: കാമാഃ പ്രമുച്യന്തേ തദാ അമൃതഃ.

സാരം; ആത്മജ്ഞാനമില്ലാത്തവൻ ഓരോ ആഗ്രഹ മനുസരിച്ചു പ്രവർത്തിക്കുകയും ധർമ്മാധർമ്മങ്ങളെ പ്രാപി ക്കുകയും ചെയ്യുന്നു. തന്നെത്തന്നെ ആത്മാവായറിയുന്ന വനെ ആഗ്രഹങ്ങളെല്ലാം വിട്ടുപോകുന്നു. അപ്പോൾ അയാൾ ധർമ്മാധർമ്മങ്ങൾക്കതീതനും മരണമില്ലാത്ത വനുമായിത്തീരുന്നു. 48

ആത്മരൂപവിധേഃ കാര്യം ക്രിയാദിഭ്യോ നിവർത്തനം
ന സാധ്യം സാധനം വാത്മാ നിത്യതൃപ്തഃ സ്മൃതേർമ്മതഃ.

അന്വയം: ആത്മരൂപവിധേഃ ക്രിയാദിഭ്യഃ നിവ–ർത്തനം കാര്യം ആത്മാ ന സാധ്യം സാധനം വാ (ന) സ്മൃതേഃ നിത്യതൃപ്തഃ മതഃ.

സാരം: ആത്മജ്ഞാനത്തിനും കർമ്മങ്ങൾക്കും ത മ്മിൽ ബന്ധമൊന്നുമില്ല. കർമ്മനിവൃത്തി വന്നാലേ ആത്മജ്ഞാനമുണ്ടാവൂ. കാരണം, ആത്മാവ് പ്രാപി ക്കേണ്ട വസ്തുവോ പ്രാപ്ത്യുപായമോ ആകുന്നില്ല. അതു സ്വസ്വരൂപംതന്നെയാകുന്നു. ശ്രുതി പറയുന്നു: 'ഏത– സ്യൈവാനന്ദസ്യാന്യാനി ഭൂതാനി മാത്രാമുപജീവന്തി' 'നിത്യതൃപ്തോ നിരഞ്ജനഃ' (ഈ ആത്മാവിൻെറ ആനന്ദാം ശത്തെയാണ് മററു ഭൂതങ്ങളുപജീവിക്കുന്നത്; ആത്മാവ് നിത്യതൃപ്തവും നിർലേപവുമാണ്.) 49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്പാദ്യാപ്യവികാര്യാണി
സംസ്കാര്യം ച ക്രിയാഫലം
നാതോഽന്യത്കർമ്മണാ കാര്യം
ത്യജേത്തസ്മാത് സസാധനം. 50

അന്വയം: ഉത്പാദ്യാപ്യവികാര്യാണി സംസ്കാര്യം ച ക്രിയാഫലം അതഃ അന്യത് കർമ്മണാ ന കാര്യം തസ്മാത് സസാധനം ത്യജേത്.

സാരം: കർമ്മഫലം നാലു വിധമാണ്. ചില കർമ്മങ്ങൾ ഉത്പാദ്യമായ ഫലത്തെ ഉണ്ടാക്കുന്നു. ഉദാഹരണമായി ഉഴുകലും നടീലും കൊയ്ത്തും ചേർന്ന് നെല്ല് എന്ന ഫലത്തെ ഉത്പാദിപ്പിക്കുന്നു. ചിലത് ആപ്യമാണ്. ഉദാഹരണം യാത്ര. ഒരു ദേശത്തുനിന്നു മറ്റൊരു ദേശത്തിലേയ്ക്ക് എത്തുക എന്ന ഫലമാണ് അതുകൊണ്ടു സാധ്യം. ചില കർമ്മങ്ങൾകൊണ്ട് വികാര്യമായ ഫലം സാധിക്കപ്പെടുന്നു. ഉദാഹരണം: ചൂടുപിടിപ്പിക്കുക, തണുപ്പിക്കുക മുതലായ ക്രിയകൾ. അതുകൊണ്ടു വസ്തുവിന്ന് ഔഷ്ണ്യാദിവികാരങ്ങൾ ഉണ്ടാക്കപ്പെടുന്നു. നാലാമതായി സംസ്കാര്യഫലവും ക്രിയകൾക്കുണ്ടാകാം. പ്രോക്ഷണാദിക്രിയകൾ ധ്യാനാദികളിൽ ശുദ്ധിയുണ്ടാക്കുന്നതു്–ഇതിന്നു് ഉദാഹരണം. ഇങ്ങനെ നാലുവിധ ഫലമേ ക്രിയകൾക്കുള്ളൂ. ആത്മാവാകട്ടെ, ഉത്പാദ്യമോ, ആപ്യമോ, വികാര്യമോ സംസ്കാര്യമോ അല്ല. അതു് സ്വസ്വരൂപംതന്നെയാകുന്നു. അതിനാൽ മുമുക്ഷു ഗൃഹം, വിത്തം, യജ്ഞോപവീതം എന്നിങ്ങനെയുള്ള സാധനങ്ങളെക്കൊണ്ടു സാധിക്കേണ്ടതായ കർമ്മങ്ങളെ വെടിയുകതന്നെ വേണം. 50

താപാന്തത്വാദനിത്യത്വാ–
ദാത്മാർത്ഥത്വാച്ച യാ ബഹിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഹൃത്യാത്മനി താം പ്രീതിം
സത്യാർത്ഥീ ഗുരുമാശ്രയേത്. 51

അന്വയം: സത്യാർത്ഥീ യാ ബഹിഃ താം പ്രീതിം താപാന്തത്വാത് അനിത്യത്വാത് ആത്മാർത്ഥത്വാത് ച ആത്മനി സംഹൃത്യ ഗുരും ആശ്രയേത്.

സാരം: ബാഹ്യപ്രീതികളെല്ലാംതന്നെ ദുഃഖത്തിൽ ചെന്നവസാനിക്കുന്നവയാണ്; നശ്വരങ്ങളാണ്. ആത്മപരതന്ത്രങ്ങളുമാണ്; സ്വാത്മപ്രീതിയോ, നിത്യസുഖാത്മകവും, അനശ്വരവും അന്യാധീനമല്ലാത്തതുമാണ്. അതിനാൽ, മോക്ഷമാഗ്രഹിക്കുന്നവൻ ബാഹ്യപ്രീതികളെയെല്ലാം തന്നിൽതന്നെയടക്കി ജ്ഞാനദാതാവായ ഗുരുവിനെ അഭയം തേടണം. 51

ശാന്തം പ്രാജ്ഞം തഥാ മുക്തം
നിഷ്ക്രിയം ബ്രഹ്മണി സ്ഥിതം
ശ്രുതേരാചാര്യവാൻ വേദ
തദ്വിദ്ധീതി സ്മൃതേസ്തഥാ. 52

അന്വയം: ആചാര്യവാൻ വേദ(ഇതി) ശ്രുതേഃ തഥാ 'തദ്വിദ്ധി' ഇതി സ്മൃതേഃ ശാന്തം പ്രാജ്ഞം തഥാ മുക്തം നിഷ്ക്രിയം ബ്രഹ്മണി സ്ഥിതം.

സാരം: ഈ ശ്ലോകംകൊണ്ട് ആചാര്യൻ എങ്ങിനെയിരിക്കണമെന്നു പറയുന്നു: അദ്ദേഹം ശാന്തചിത്തനും ജ്ഞാനത്തിൽനിന്നിളകാത്തവനും, ജീവന്മുക്തനും, കർമ്മാനുഷ്ഠാനങ്ങളില്ലാത്തവനും, എപ്പോഴും ബ്രഹ്മത്തിൽതന്നെ നിഷ്ഠയോടുകൂടിയവനുമായിരിക്കണം. ജ്ഞാനത്തിനായി ആചാര്യനെ ആശ്രയിക്കണമെന്നു ശ്രുതിയും സ്മൃതിയും ഘോഷിക്കുന്നതു നോക്കുക: 'ആചാര്യവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉത്പാദ്യാപ്യവികാര്യാണി
സംസ്കാര്യം ച ക്രിയാഫലം
നാതോഽന്യത്കർമ്മണാ കാര്യം
ത്യജേത്തസ്മാത് സസാധനം. 50

അന്വയം: ഉത്പാദ്യാപ്യവികാര്യാണി സംസ്കാര്യം ച ക്രിയാഫലം അതഃ അന്യത് കർമ്മണാ ന കാര്യം തസ്മാത് സസാധനം ത്യജേത്.

സാരം: കർമ്മഫലം നാലു വിധമാണ്. ചില കർമ്മങ്ങൾ ഉത്പാദ്യമായ ഫലത്തെ ഉണ്ടാക്കുന്നു. ഉദാഹരണമായി ഉഴകലും നടീലും കൊയ്ത്തും ചേർന്ന് നെല്ല് എന്ന ഫലത്തെ ഉത്പാദിപ്പിക്കുന്നു. ചിലതു് ആപ്യമാണ്. ഉദാഹരണം യാത്ര. ഒരു ദേശത്തുനിന്നു മറ്റൊരു ദേശത്തിലേയ്ക്കു് എത്തുക എന്ന ഫലമാണ് അതുകൊണ്ടു സാധ്യം. ചില കർമ്മങ്ങൾകൊണ്ടു് വികാര്യമായ ഫലം സാധിക്കപ്പെടുന്നു. ഉദാഹരണം: ചൂടുപിടിപ്പിക്കുക, തണുപ്പിക്കുക മുതലായ ക്രിയകൾ. അതുകൊണ്ടു വസ്തുവിന്നു് ഔഷ്ണ്യാദിവികാരങ്ങൾ ഉണ്ടാക്കപ്പെടുന്നു. നാലാമതായി സംസ്കാര്യഫലവും ക്രിയകൾക്കുണ്ടാകാം. പ്രോക്ഷണാദിക്രിയകൾ ധ്യാനാദികളിൽ ശുദ്ധിയുണ്ടാക്കുന്നതു്-ഇതിന്നു് ഉദാഹരണം. ഇങ്ങനെ നാലുവിധ ഫലമേ ക്രിയകൾക്കുള്ളു. ആത്മാവാകട്ടെ, ഉത്പാദ്യമോ, ആപ്യമോ, വികാര്യമോ സംസ്കാര്യമോ അല്ല. അതു് സ്വസ്വരൂപംതന്നെയാകുന്നു. അതിനാൽ മുമുക്ഷു ഗൃഹം, വിത്തം, യജ്ഞോപവീതം എന്നിങ്ങനെയുള്ള സാധനങ്ങളെക്കൊണ്ടു സാധിക്കേണ്ടതായ കർമ്മങ്ങളെ വെടിയുകതന്നെ വേണം. 50

താപാന്തത്വാദനിത്യത്വാ-
ദാത്മാർത്ഥത്വാച്ച യാ ബഹിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഹൃത്യാത്മനി താം പ്രീതിം
സത്യാർത്ഥീ ഗുരുമാശ്രയേത്. 51

അന്വയം: സത്യാർത്ഥീ യാ ബഹിഃ താം പ്രീതിം താപാന്തത്വാത് അനിത്യത്വാത് ആത്മാർത്ഥത്വാത് ച ആത്മനി സംഹൃത്യ ഗുരും ആശ്രയേത്.

സാരം: ബാഹ്യപ്രീതികളെല്ലാംതന്നെ ദുഃഖത്തിൽ ചെന്നവസാനിക്കുന്നവയാണ്; നശ്വരങ്ങളാണ്. ആത്മപരതന്ത്രങ്ങളുമാണ്; സ്വാത്മപ്രീതിയോ, നിത്യസുഖാത്മകവും, അനശ്വരവും അന്യാധീനമല്ലാത്തതുമാണ്. അതിനാൽ, മോക്ഷമാഗ്രഹിക്കുന്നവൻ ബാഹ്യപ്രീതികളെയെല്ലാം തന്നിൽതന്നെയടക്കി ജ്ഞാനദാതാവായ ഗുരുവിനെ അഭയം തേടണം. 51

ശാന്തം പ്രാജ്ഞം തഥാ മുക്തം
നിഷ്ക്രിയം ബ്രഹ്മണി സ്ഥിതം
ശ്രുതേരാചാര്യവാൻ വേദ
തദ്വിദ്ധീതി സ്മൃതേസ്തഥാ. 52

അന്വയം: ആചാര്യവാൻ വേദ(ഇതി) ശ്രുതേഃ തഥാ 'തദ്വിദ്ധി' ഇതി സ്മൃതേഃ ശാന്തം പ്രാജ്ഞം തഥാ മുക്തം നിഷ്ക്രിയം ബ്രഹ്മണി സ്ഥിതം.

സാരം: ഈ ശ്ലോകംകൊണ്ട് ആചാര്യൻ എങ്ങിനെയിരിക്കണമെന്നു പറയുന്നു: അദ്ദേഹം ശാന്തചിത്തനും ജ്ഞാനത്തിൽനിന്നിളകാത്തവനും, ജീവന്മുക്തനും, കർമ്മാനുഷ്ഠാനങ്ങളില്ലാത്തവനും, എപ്പോഴും ബ്രഹ്മത്തിൽതന്നെ നിഷ്ഠയോടുകൂടിയവനുമായിരിക്കണം. ജ്ഞാനത്തിനായി ആചാര്യനെ ആശ്രയിക്കണമെന്നു ശ്രുതിയും സ്മൃതിയും ഘോഷിക്കുന്നതു നോക്കുക: 'ആചാര്യവാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരുഷോ വേദ' (ആചാര്യനെ പ്രാപിച്ചവൻ ആത്മാവിനെ അറിയുന്നു.) 'തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ ഉപദേക്ഷ്യന്തി തേ ജ്ഞാനം ജ്ഞാനിനസ്തത്വദർശിനഃ'. (അതിനാൽ വിനയംകൊണ്ടും യുക്തമായ ചോദ്യങ്ങളെക്കൊണ്ടും ആരാധനംകൊണ്ടും പ്രീതരായ ആത്മജ്ഞാനികൾ നിനക്ക് ജ്ഞാനമുപദേശിക്കും എന്നറിയുക.) 52

സ ഗുരുസ്താരയേദ്യുക്തം ശിഷ്യം ശിഷ്യഗുണാന്വിതം
ബ്രഹ്മവിദ്യാപ്ലവേനാശു സ്വാന്തധ്വാന്തമഹോദധീം. 53

അന്വയം: സഃ ഗുരുഃ യുക്തം ശിഷ്യഗുണാന്വിതം ശിഷ്യം ബ്രഹ്മവിദ്യാപ്ലവേന സ്വാന്തധ്വാന്തമഹോദധീം ആശു താരയേത്.

സാരം: മുൻപറഞ്ഞവിധമുള്ള ആചാര്യൻ ഉചിതനും ശിഷ്യഗുണങ്ങളെല്ലാമൊത്തിണങ്ങിയവനുമായ മോക്ഷാർത്ഥിയെ, അജ്ഞാനസമുദ്രം കടത്തി ജ്ഞാനമാകുന്ന മറുകരയിലെത്തിക്കും. അതിനുള്ള ഉപകരണമോ ബ്രഹ്മവിദ്യയത്രെ. 53

ദൃഷ്ടിഃ സ്പൃഷ്ടിഃ ശ്രുതിർഘ്രാതിഃ
മതിർവ്വിജ്ഞാതിരേവ ച
ശക്തയോഽന്യാശ്ച ഭിദ്യന്തേ
ചിദ്രൂപത്വേഽപ്യുപാധിഭിഃ. 54

അന്വയം: ചിദ്രൂപത്വേ അപി ദൃഷ്ടിഃ സ്പൃഷ്ടിഃ ശ്രുതിഃ ഘ്രാതിഃ വിജ്ഞാതിഃ ഏവ ച അന്യാഃ ശക്തയഃ ച ഉപാധിഭിഃ ഭിദ്യന്തേ.

സാരം: ഗുരു ശിഷ്യനെ ആത്മവിദ്യയുപദേശിക്കുന്ന ക്രമമിന്നപ്രകാരമെന്നു വിശദീകരിക്കുന്നു. ആത്മാവ് അഖണ്ഡജ്ഞാനരൂപമാകുന്നു. എങ്കിലും ഉപാധിവശാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതു വിവിധജ്ഞാനങ്ങൾക്കു നിദാനമാകുന്നു. ദശ്നം, സ്പശ്നം, ശ്രവണം, ഘ്രാണം, അനുഭവം എന്നീ ഐന്ദ്രിയ ജ്ഞാനങ്ങളും മററു ശക്തികളുമെല്ലാംതന്നെ ആത്മരൂപങ്ങളാണ്. ഇന്ദ്രിയഭേദമുള്ളതിനാൽ ആ ഉപാധികളെ വച്ചുകൊണ്ടു് ഒരേ ആത്മചൈതന്യം നാനാജ്ഞാനമായി പ്രകാശിക്കുന്നു. എന്നാൽ വാസ്തവത്തിൽ ഈ നാനാജ്ഞാനങ്ങളിൽ അനുസ്യൂതമായി നില്ക്കുന്ന സാക്ഷിജ്ഞാനംതന്നെയാണ് ആത്മാവ്. അതുതന്നെയാണ് വാസ്തവത്തിൽ നിൻെറ സ്വരൂപം; എന്നിങ്ങനെ ആചാര്യൻ ശിഷ്യനെ ഉദ്ബോധിപ്പിക്കുന്നു. 54

അപായോദ്ഭൂതിഹീനാഭിർനിത്യം ദീപ്യൻ രവിർയഥാ
സവ്വജ്ഞഃ സവ്വദൃക് ശുദ്ധഃ സവ്വം ജാനാതി സവ്വദാ. 55

അന്വയം: യഥാ രവിഃ അപായോദ്ഭൂതിഹീനാഭിഃ നിത്യം ദീപ്യൻ സവ്വജ്ഞഃ സവ്വദൃക് ശുദ്ധഃ സവ്വദാ സവ്വം ജാനാതി.

സാരം: സൂര്യൻ ഏതു വിധമാണോ നാശവും ഉത്പത്തിയുമില്ലാത്ത സ്വരശ്മിസമൂഹങ്ങളെക്കൊണ്ടു ഭുവനം മുഴുവൻ വ്യാപിച്ച് എന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നതു്, അതേവിധം എല്ലാ ഇന്ദ്രിയവ്യാപാരങ്ങളിലൂടെയും ജ്ഞാനങ്ങളെ സ്വീകരിച്ച് എല്ലാം കണ്ടുകൊണ്ടിരിക്കുന്ന നിർമ്മലമായ ആത്മാവ് എപ്പോഴും ജ്ഞാനരൂപേണ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. 55

അന്യദൃഷ്ടിഃ ശരീരസ്ഥസ്താവന്മാത്രോ ഹ്യവിദ്യയാ
ജലേന്ദ്വാദ്യുപമാഭിസ്തു തദ്ധർമ്മാ ച വിഭാവ്യതേ. 56

അന്വയം: അവിദ്യയാ തു ജലേന്ദ്വാദ്യുപമാഭിഃ അന്യദൃഷ്ടിഃ ശരീരസ്ഥഃ താവന്മാത്രഃ തദ്ധർമ്മാ ച വിഭാവ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

സാരം: ആത്മാവു സ്വതവേ പ്രകാശസ്വരൂപമെങ്കിലും, അപരിച്ഛിന്നമെങ്കിലും, ശരീരധർമ്മങ്ങളേശാത്തതെങ്കിലും, അജ്ഞാനംനിമിത്തം ബാഹ്യജ്ഞാനങ്ങളോടുകൂടിയതും, ശരീരത്തിൽ സ്ഥിതിചെയ്യുന്നതും ശരീരത്തോളംമാത്രം വലുപ്പമുള്ളതും, ജനനമരണാദി ശരീരധർമ്മങ്ങളുടേതുമെന്നോണം തോന്നുന്നു. ഇതു ജലചന്ദ്രൻ മുതലായ ഉപമകൾകൊണ്ടു വ്യക്തമാകുന്നു. വെള്ളത്തിൽ പ്രതിഫലിച്ച ചന്ദ്രൻ, ജലധർമ്മമായ കമ്പനം മുതലായവയോടുകൂടിയതായും പരിച്ഛിന്നമായും തോന്നാറുണ്ടല്ലൊ. 56

ദൃഷ്ട്വാ ബാഹ്യം നിമീല്യാഥ
സ്മൃത്വാ തത് പ്രവിഹായ ച
അഥോന്മീല്യാത്മനോ ദൃഷ്ടിം
ബ്രഹ്മ പ്രാപ്നോത്യനധ്വഗഃ. 57

അന്വയം: ബാഹ്യം ദൃഷ്ട്വാ അഥ നിമീല്യ സ്മൃത്വാ തത് പ്രവിഹായ ച അഥ ആത്മനഃ ദൃഷ്ടിം ഉന്മീല്യ അനധ്വഗഃ ബ്രഹ്മ പ്രാപ്നോതി.

സാരം: ബാഹ്യമായ ജാഗ്രത് പ്രപഞ്ചത്തെ മുഴവൻ ദ്രഷ്ടൃദൃശ്യരൂപേണയും കാര്യകാരണരൂപേണയും ആലോചിച്ചറിഞ്ഞതിന്നുശേഷം, അതു മുഴവൻ ദ്രഷ്ടാവിലും, കാരണത്തിലും അടങ്ങുന്നതാണെന്നു ബോദ്ധ്യപ്പെടണം. അതുപോലെ ജാഗ്രദവസ്ഥയിൽ ഉണ്ടായിത്തീന്ന വാസനകളുടെ രൂപഭേദംമാത്രമായ സ്വപ്നാവസ്ഥയെ ഓത്തറിഞ്ഞു് അതിനെ സൂക്ഷ്മഭൂതങ്ങളോടുകൂടി ലിംഗശരീരത്തിൽ വിലയിപ്പിക്കണം. അതേവിധം സുഷുപ്തിയിൽ അനുഭൂതമാകുന്ന അജ്ഞാനത്തിന്നു സാക്ഷിയായി നില്ക്കുന്ന ആത്മജ്ഞാനത്തെ ഉപാധിയില്ലാതെ ശുദ്ധസ്വരൂപമായിക്കണ്ടറിയണം. ഇങ്ങനെ ചെയ്യാൻ സാധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നവൻ 'ധൂമോരാത്രിസ്തഥാ കൃഷ്ണഃ' എന്നും 'അഗ്നിർ-ജ്യോതിരഹഃ ശുക്ലഃ' എന്നും ഗീതയിൽ പ്രതിപാദിച്ച വിധമുള്ള രണ്ടുവിധ ഗതികളേയും അനുസരിക്കാതെ ബ്രഹ്മത്തെത്തന്നെ സാക്ഷാത്കരിക്കുന്നു. 57

പ്രാണാദ്യേവം ത്രികം ഹിത്വാ
തീർണ്ണോഽജ്ഞാനമഹോദധിം.
സ്വാത്മസ്ഥോ നിർഗ്ഗുണഃ ശുദ്ധോ
ബുദ്ധോമുക്തഃ സ്വതോ ഹി സഃ. 58

അന്വയം: ഏവം പ്രാണാദി ത്രികം ഹിത്വാ അജ്ഞാനമഹോദധിം തീർണ്ണഃ സ്വാത്മസ്ഥഃ ഹി സഃ സ്വതഃ നിർഗ്ഗുണഃ ശുദ്ധഃ ബുദ്ധഃ മുക്തഃ.

സാരം: മുൻപറഞ്ഞവിധം ജാഗ്രത്സ്വപ്നസുഷുപ്തികളെ വെടിഞ്ഞു് അജ്ഞാനമാകുന്ന വൻകടലിനെ താണ്ടിയവൻ തനതാത്മാവിൽത്തന്നെ സ്ഥിതിചെയ്യുന്നു. എന്തെന്നാൽ, ആത്മസ്വരൂപനായ അയാാ, സ്വഭാവേന ഗുണങ്ങളാ തീണ്ടാത്തവനും ഉപാധിരഹിതനും, ബോധ സ്വരൂപനും മുക്തനുമാണു്. 58

അജോഽഹം ചാമരോഽമൃത്യുരജരോഽഭയ ഏവ ച
സർവ്വജ്ഞഃ സർവ്വദൃക്ശുദ്ധ ഇതി ബുദ്ധോ ന ജായതേ. 59

അന്വയം: അഹം അജഃ അമരഃ അമൃത്യുഃ ച അജരഃ അഭയഃ ഏവ ച സർവ്വജ്ഞഃ സർവ്വദൃക്ശുദ്ധഃ ഇതി ബുദ്ധഃ ന ജായതെ.

സാരം: 'ജനനമരണങ്ങളും വാദ്ധക്യവും ഭയവും ഇല്ലാത്തവനും എല്ലാമറിയുന്നവനും സർവ്വജ്ഞാനസ്വരൂപനും നിരുപാധികനുമാണു് ഞാൻ' എന്നിങ്ങനെ ആത്മാവിനെ അറിഞ്ഞവന്നു് വീണ്ടും സംസാരത്തിൽ പ്രവേശമില്ല. 59

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വോക്തം യത്തമോബീജം തന്നാസ്തീതി വിനിശ്ചയഃ
തദഭാവേ കുതോ ജന്മ ബ്രഹ്മൈകത്വം വിജാനതഃ 60

അന്വയം: യത് പൂർവ്വോക്തം തമോബീജം തത് ന അസ്തി ഇതി വിനിശ്ചയഃ തദഭാവേ ബ്രഹ്മൈകത്വം വിജാനതഃ ജന്മ കുതഃ.

സാരം: 'സുഷുപ്താഖ്യം തമോഽജ്ഞാനം' എന്നിങ്ങനെ (26–ാംശ്ലോകം) മുൻപറഞ്ഞതായ അജ്ഞാനബീജം ഇല്ലെന്നാണ് സിദ്ധാന്തം. അങ്ങിനെയിരിക്കെ താനും ബ്രഹ്മവും ഒന്നാണെന്ന ഐക്യബോധം വന്നവന് എങ്ങനെ വീണ്ടും ജന്മമുണ്ടാകും? 60

ക്ഷീരാത് സർപ്പിർ യഥോദ്ധൃത്യ–
ക്ഷിപ്തം തസ്മിന്നപൂർവ്വവത്
ബുദ്ധ്യാദേർജ്ഞസ്തഥാഽസത്യാ--
ന്ന ദേഹീ പൂർവ്വവദ് ഭവേത്. 61

അന്വയം: യഥാ ക്ഷീരാത് ഉദ്ധൃത്യ തസ്മിൻ ക്ഷിപ്തം സർപ്പിഃ അപൂർവ്വവത് തഥാ അസത്യാത് ബുദ്ധ്യാദേ ജ്ഞഃ ദേഹീ പൂർവ്വവത് ന ഭവേത്.

സാരം: പാലിൽനിന്നു കടഞ്ഞെടുത്ത വെണ്ണ വീണ്ടും പാലിലിട്ടാൽ അതു പാലുമായി പണ്ടത്തെപ്പോലെ കൂടിച്ചേർന്നു കിടക്കുകയില്ല. അതുപോലെ, അസത്യങ്ങളായ ബുദ്ധ്യഹങ്കാരാദികളിൽനിന്നും വിവിക്തമാണ് ആത്മാവെന്നറിഞ്ഞുകഴിഞ്ഞാൽ, വീണ്ടും ബുദ്ധ്യാദി സംബന്ധം ആത്മാവിന്നുണ്ടാവുന്നതല്ല. 61

സത്യം ജ്ഞാനമനന്തം ച രസാദേഃ പഞ്ചകാത്പരം
സാമദൃശ്യാദിശാസ്ത്രോക്തമഹം ബ്രഹ്മേതി നിർഭയഃ 62

അന്വയം: സത്യം ജ്ഞാനം അനന്തം ച രസാദേഃ പഞ്ചകാത്പരം അദൃശ്യാദി ശാസ്ത്രോക്തം ബ്രഹ്മ അഹം സ്യാം നിർഭയഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: 'സത്യം ജ്ഞാനമനന്തം ബ്രഹ്മ' എന്ന ഉപനിഷദ്വാക്യത്തിൽ ലക്ഷണസ്വരൂപം നിർണ്ണയിച്ചതും; അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നീ പഞ്ചകോശങ്ങൾക്കുമതീതവും 'അദൃശ്യേനാത്മേ' എന്നിങ്ങനെയുള്ള ഉപനിഷച്ഛാസ്ത്രത്താൽ പ്രതിപാദിതവുമായ ബ്രഹ്മമാണ് ഞാൻ എന്നറിയുന്നവൻ നിർഭയനായിത്തീരുന്നു. 62

യസ്മാദ്ഭീതാഃ പ്രവർത്തന്തേ വാങ്മനഃ പാവകാദയഃ
തദാത്മാനന്ദതത്വജ്ഞോ ന ബിഭേതി കുതശ്ചന. 63

അന്വയം: യസ്മാത് ഭീതാഃ വാങ്മനഃ പാവകാദയഃ പ്രവർത്തന്തേ തദാത്മാനന്ദതത്വജ്ഞഃ കുതശ്ചന ന ബിഭേതി.

സാരം: ഏതൊരാത്മാവിനെ ഭയന്നാണോ വാക്കും മനസ്സും അഗ്ന്യാദി ഭൂതങ്ങളും സ്വസ്വവ്യാപാരങ്ങൾ നടത്തുന്നത്, ആ ആത്മാവിൻെറ ആനന്ദതത്വമറിയുന്നവൻ പിന്നെ ആരെയാണ് ഭയപ്പെടുക? 63

നാമാദിഭ്യഃ പരേ ഭൂമ്നി
സ്വാരാജ്യേ ചേത് സ്ഥിതോƒദ്വയേ
പ്രണമേത് കം തദാത്മജ്ഞോ
ന കാര്യം കർമ്മണാ തദാ. 64

അന്വയം: നാമാദിഭ്യഃ പരേ ഭൂമ്നി അദ്വയേ സ്വാരാജ്യേ സ്ഥിതഃ ചേത് തദാ ആത്മജ്ഞഃ കം പ്രണമേത് തദാ കർമ്മണാ ന കാര്യം.

സാരം: നാമം, വാക്ക്, മനസ്സ് തുടങ്ങി പ്രാണൻ വരെയുള്ള സർവ്വഘടകങ്ങളിൽനിന്നും അതീതവും വ്യാപകവും അദ്വയവുമായ ആത്മസാമ്രാജ്യത്തിൽ പ്രതിഷ്ഠ ലഭിച്ചവനുമായ ആത്മജ്ഞാനി ആരെ നമസ്കരിക്കും? അപ്പോൾ പിന്നെ കർമ്മംകൊണ്ടു യാതൊന്നും സാധ്യമായിട്ടില്ല. 64

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിരാഡ്വൈശ്വാനരോ ബാഹ്യഃ
സ്വരന്നന്തഃ പ്രജാപതിഃ
പ്രവിലീനേ തു സർവ്വസ്മിൻ
പ്രാജ്ഞോഽവ്യാകൃതമുച്യതേ.

അന്വയം: ബാഹ്യഃ വിരാഡ് വൈശ്വാനരഃ അന്തഃ സ്മരൻ പ്രജാപതിഃ സർവ്വസ്മിൻ പ്രവിലീനേ തു അവ്യാ–കൃതം പ്രാജ്ഞഃ ഉച്യതേ.

സാരം: ബഹിപ്രജ്ഞമായ ചൈതന്യത്തെ വിരാട്ടെന്നും വൈശ്വാനരനെന്നും പറയുന്നു. സ്വപ്നവാസനാമയമായ ചൈതന്യത്തെ പ്രജാപതി എന്നു പറയുന്നു. എല്ലാം ലയിച്ച സുഷുപ്തിയിലാവുമ്പോഠം മായോപാധികമായ ചൈതന്യത്തെ പ്രാജ്ഞനെന്നും പറയുന്നു. 65

വാചാരംഭണമാത്രത്വാത്
സുഷുപ്താദിത്രികം ത്വസത്
സത്യോ ജ്ഞശ്ചാഹമിത്യേവം
സത്യസന്ധോ വിമുച്യതേ.

അന്വയം: സുഷുപ്താദിത്രികം തു വാചാരംഭണമാത്ര–ത്വാത് അസത് അഹം സത്യഃ ജ്ഞഃ ച ഇത്യേവം സത്യസന്ധഃ വിമുച്യതേ.

സാരം: സുഷുപ്തി തുടങ്ങിയ മൂന്നവസ്ഥകളിലുമുള്ള ചൈതന്യവും വെറും നാമമാത്രമാകയാൽ അസത്യമാകുന്നു. 'ഞാൻ സത്യമായ സാക്ഷിചൈതന്യമാണ്'' എന്ന സത്യബോധമുള്ളവൻ മോക്ഷം പ്രാപിക്കുന്നു. 66

ഭാരൂപത്വാദ് യഥാ ഭാനോർ–
നാഹോരാത്രേ തഥൈവ ച
ജ്ഞാനാജ്ഞാനേ ന മേ സ്യാതാം
ചിദ്രൂപത്വാവിശേഷതഃ. 67

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യഥാ ഭാസ്രൂപതാത് ഭാനോഃ അഹോരാത്രേ ന തഥാ ഏവ മേ ച ചിദ്രൂപതാവിശേഷതഃ ജ്ഞാനാജ്ഞാനേ ന സ്യാതാം.

സാരം: സ്വതഃപ്രകാശനായ സൂര്യന്നു് പകലും രാത്രിയുമില്ല; മനുഷ്യദൃഷ്ടിയിലാണല്ലോ രാവും പകലും. അതുപോലെ സ്വഭാവേന ജ്ഞാനസ്വരൂപമായ ആത്മാവിന്നും ജ്ഞാനാജ്ഞാനങ്ങരം ഉണ്ടാവാൻ വഴിയില്ല. ആത്മാവു് ജ്ഞാനസ്വരൂപംതന്നെയാകയാൽ മറെറാരു ജ്ഞാനമതിന്നുണ്ടാകുന്നതെങ്ങനെ? ജ്ഞാനാജ്ഞാനങ്ങരം വെളിച്ചവും ഇരുട്ടുംപോലെ പരസ്പരവിരുദ്ധങ്ങളാകയാൽ അജ്ഞാനവും ഉണ്ടാവാൻ വഴിയില്ല. 67

ശാസ്ത്രസ്യാനതിശങ്ക്യത്വാദ്
ബ്രഹ്മൈവസ്യാമഹം സദാ
ബ്രഹ്മണോ മേ ന ഹേയം സ്യാദ്
ഗ്രാഹ്യം വേതി ച സംസ്മരേത്. 68

അന്വയം: ശാസ്ത്രസ്യ അനതിശങ്ക്യത്വാത് അഹം ബ്രഹ്മ ഏവ സ്യാം ബ്രഹ്മണഃ മേ ഹേയം ഗ്രാഹ്യം വാ ന സ്യാത് ഇതി ച സദാ സംസ്മരേത്.

സാരം: ശ്രുതിവാക്യങ്ങളുടെ സത്യത്തെപ്പററി സംശയത്തിന്നു തീരെ അവകാശമില്ലാത്തതിനാൽ പ്രത്യഗാത്മാവു് ബ്രഹ്മംതന്നെയാണെന്നും, ബ്രഹ്മസ്വരൂപമായ ആത്മാവിന്നു ത്യാജ്യവും ഗ്രാഹ്യവുമായി യാതൊന്നുമില്ലെന്നും എപ്പോഴും (സാധകൻ) നിദിധ്യാസനം ചെയ്യുന്നു. 68

അഹമേവ ച ഭൂതേഷു സർവ്വേഷ്വേകോ നഭോ യഥാ
മയി സർവ്വാണി ഭൂതാനി പശ്യന്നേവം ന ജായതേ. 69

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യഥാ നഭഃ അഹം ഏക ഏവ സർവ്വേഷു ഭൂതേഷു ച മയി സർവ്വാണി ഏവം പശ്യൻ ന ജായതേ.

സാരം: ആകാശമെന്നപോലെ, ആത്മാവ് എല്ലാ ഭൂതങ്ങളിലും വ്യാപിച്ചുനില്ക്കുന്നു എന്നും, എല്ലാ ഭൂതങ്ങളും ആത്മാവിൽ സ്ഥിതിചെയ്യുന്നു എന്നും അറിയുന്നവന്ന് പിന്നെ സംസാരത്തിൽ ഉഴലേണ്ടതില്ല. 69

ന ബാഹ്യം മദ്ധ്യതോ വാന്ത–
ർവ്വിദ്യതേഽന്യത് സ്വതഃ ക്വചിത്
അബാഹ്യാന്തഃ ശ്രുതേഃ കിഞ്ചിത്
തസ്മാത് ശുദ്ധഃ സ്വയം പ്രഭഃ. 70

അന്വയം: അബാഹ്യാന്തഃ ശ്രുതേഃ ബാഹ്യം മദ്ധ്യതഃ അന്തഃ വാ ക്വചിത് അന്യത് കിഞ്ചിത് സ്വതഃ ന വിദ്യതേ തസ്മാത് ശുദ്ധഃ സ്വയം പ്രഭഃ

സാരം: 'തദേതദ് ബ്രഹ്മാപൂർവ്വ മന പരമനന്തരമബാഹ്യം' എന്നിത്യാദി ശ്രുതിവാക്യങ്ങളാൽ, ഉള്ളിലോ പുറത്തോ ഇടയ്ക്കോ ബ്രഹ്മമല്ലാതെ മറ്റൊരു വസ്തുവുമില്ലെന്നു സിദ്ധമാകുന്നു. അതിനാൽ, ബ്രഹ്മരൂപമായ ആത്മാവ് സ്വതശ്ശുദ്ധവും സ്വയംപ്രകാശവുമാണ്. 70

നേതിനേത്യാദിശാസ്ത്രേഭ്യഃ
പ്രപഞ്ചോപശമോഽദ്വയഃ
അവിജ്ഞാതാദിശാസ്ത്രാച്ച
നൈവ ജ്ഞേയോ ഹ്യതോഽന്യഥാ. 71

അന്വയം: നേതിനേത്യാദിശാസ്ത്രേഭ്യഃ പ്രപഞ്ചോപശമഃ അദ്വയഃ അവിജ്ഞാതാദിശാസ്ത്രാത് അതഃ അന്യഥാ അവിജ്ഞേയഃ ഹി.

സാരം: 'ഇതുമല്ല, ഇതുമല്ല' എന്നിങ്ങനെ സർവ്വപ്രപഞ്ചത്തേയും നിരാകരിച്ച് ഒടുവിൽ കിട്ടുന്ന സദ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസ്തുവാണ് ആത്മാവെന്ന ശ്രുതി ഘോഷിക്കുന്നു. അതിനാൽ സർവ്വപ്രപഞ്ചോപശമരൂപമായ ആത്മാവ് അദ്വിതീയമാകുന്നു. മുൻപറഞ്ഞവിധം നിഷേധരൂപത്തിലല്ലാതെ ആത്മാവിനെ അറിയാനും വയ്യ. ആത്മാവുതന്നെ ജ്ഞാനസ്വരൂപമായിരിക്കേ അതു ജ്ഞാനവിഷയമാകയില്ലല്ലോ. 'അവിജ്ഞാതം വിജാനതാം' 'അവി-ജ്ഞാതം വിജ്ഞാതൃ' എന്നീ ശ്രുതികൾ ഇതുതന്നെയാണ് വിളിച്ചുപറയുന്നതും. 71

സർവ്വസ്യാത്മാഹമേവേതി ബ്രഹ്മ ചേദ്വിദിതം പരം
സ ആത്മാ സർവ്വഭൂതാനാമാത്മാ ഹ്യേഷാമിതി ശ്രുതേഃ. 72

അന്വയം: സർവ്വസ്യ ആത്മാ പരംബ്രഹ്മ അഹമേവ ഇതി വിദിതം ചേത് സഃ സർവ്വഭൂതാനാം ആത്മാ 'ആത്മാഹ്യേഷാം' ഇതി ശ്രുതേഃ.

സാരം: സർവ്വാത്മകമായ ബ്രഹ്മമാണ് ഞാൻ എന്നറിയുന്നവൻ സർവ്വഭൂതങ്ങളുടേയും ആത്മാവായിത്തീരുന്നു. 'ആത്മാഹ്യേഷാം സംഭവതി'—ജ്ഞാനി ദേവാദികളുടെ ആത്മാവായിത്തീരുന്നു—എന്ന ശ്രുതിവാക്യം ഇതിൽ പ്രമാണവുമാകുന്നു. 72

ജീവശ്ചേത് പരമാത്മാനം സ്വാത്മാനം ദേവമഞ്ജസാ
ദേവോപാസ്യഃ സ ദേവാനാം പശുതാച്ച നിവർത്തതേ.

അന്വയം: ജീവഃ ദേവം പരമാത്മാനം സ്വാത്മാനം ചേത് അഞ്ജസാ ദേവോപാസ്യഃ സഃ ദേവാനാം പശു-താത് നിവർത്തതേ ച.

സാരം: പ്രകാശസ്വരൂപമായ പരമാത്മാവുതന്നെയാണ് താൻ എന്നറിയുന്ന ജീവൻ ദേവന്മാർക്കും ആരാധ്യനായിത്തീരുന്നു. ദേവന്മാർക്കവനെസ്സംബന്ധിച്ചേടത്തോളം നിയന്ത്രണാധികാരവും പിന്നീടില്ല. 73

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹമേവ സദാത്മജ്ഞഃ ശൂന്യസ്ത്വന്യൈര്യഥാംബരം
ഇത്യേവം സത്യസന്ധത്വാദസദ്ധ്യാതാ ന ബദ്ധ്യതേ. 74

അന്വയം: അസദ്ധ്യാതാ ആത്മജ്ഞഃ അഹം അംബരം യഥാ അന്യൈഃ ശൂന്യഃ ഏവ ഇതി ഏവം സത്യസന്ധത്വാത് ന ബദ്ധ്യതേ.

സാരം: ആത്മാനാത്മവിവേചനംചെയ്ത് ആത്മാവിനെ അറിഞ്ഞവൻ, ആകാശംപോലെ സർവ്വദോഷാസ്പൃഷ്ടനാണ് താൻ എന്ന സത്യത്തെ ധ്യാനിച്ചുറപ്പിച്ചവനാണ്; അവന്നു ബന്ധമില്ല. 74

കൃപണാസ്തേഽന്യഥൈവാതോ
വിദുർബ്രഹ്മ പരം ഹി യേ
സ്വരാഡ്യോഽനന്യദൃക് സ്വസ്ഥ–
സ്തസ്യ ദേവാ അസൻ വശേ. 75

അന്വയം: യേ അതഃ അന്യഥാ ഏവ പരം ബ്രഹ്മ വിദുഃ തേ കൃപണാഃ ഹി യഃ അനന്യദൃക്. സ്വരാഡ് സ്വസ്ഥഃ തസ്യ വശേ ദേവാഃ അസൻ.

സാരം: സ്വാത്മാവുതന്നെ ബ്രഹ്മം എന്ന നിലയിലല്ലാതെ ബ്രഹ്മത്തെ അറിയുന്നവർ ശോച്യന്മാരാണ്. അവർ യഥാർത്ഥബ്രഹ്മജ്ഞാനികളല്ല. 'സ്വാത്മാവു' തന്നെ ബ്രഹ്മം എന്നറിയുന്നവൻ സ്വതന്ത്രനാണ്; ആത്മനിഷ്ഠനാണ്. ദേവന്മാർക്കുടി അയാറംക്കധീനന്മാരാണ്. 75

ഹിത്വാ ജാത്യാദിസംബന്ധാൻ
വാചോഽന്യാഃ സഹ കർമ്മഭിഃ
ഓമിത്യേവം സദാത്മാനം
സർവ്വം ശുദ്ധം പ്രപദ്യഥ. 76

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സേതും സർവ്വവ്യവസ്ഥാനാമഹോരാത്രാദിവജ്ജിതം
തിര്യഗ്ഗുദ്ധ്വമധഃ സർവ്വം സകൃജ്ജ്യോതിരനാമയം. 77

അന്വയം: ജാത്യാദിസംബന്ധാൻ കർമ്മഭിഃ സഹ അന്യാഃ വാചഃ ഹിത്വാ സർവ്വം ശുദ്ധം സർവ്വവ്യവ—സ്ഥാനാം സേതും അഹോരാത്രാദിവജ്ജിതം തിര്യഗ്ഗുദ്ധ്വം അധഃ സർവ്വം സകൃജ്ജ്യോതിഃ അനാമയം ആത്മാനം ഓം ഇതി ഏവം സദാ പ്രപദ്യഥ.

സാരം: അല്ലയോ മുമുക്ഷുക്കളേ, ജാതിവർണ്ണാശ്രമാദ്യാചാരങ്ങളേയും, ആത്മപരങ്ങളല്ലാത്ത വാക്കുകളേയും, സർവ്വകർമ്മങ്ങളേയും വെടിഞ്ഞു്, നിർമ്മലവും, എല്ലാ വർണ്ണാശ്രമാദിമര്യാദകളുടേയും വിധാരകവും, പകൽ രാത്രി എന്നുള്ള ഭേദങ്ങളററു് സർവ്വത്ര സർവ്വദാ പ്രകാശൈകരൂപവും ക്ഷയരഹിതവുമായ ആത്മാവിനെ നിങ്ങൾ എല്ലാപ്പോഴും 'ഓം' എന്നിങ്ങനെ നിദിധ്യാസനം ചെയ്യാലും. 76–77

ധർമ്മാധർമ്മവിനിർമ്മുക്തം ഭൂതഭവ്യാത്കൃതാകൃതാത്
സ്വമാത്മാനം പരം വിദ്യാദ്വിമുക്തം സർവ്വബന്ധനൈഃ

അന്വയം: സ്വം ആത്മാനം ധർമ്മാധർമ്മവിനി—ർമ്മുക്തം ഭൂതഭവ്യാത്കൃതാകൃതാത് സർവ്വബന്ധനൈഃ വിമുക്തം പരം വിദ്യാത്.

സാരം: ഈ പ്രത്യഗാത്മാവുതന്നെയാണു് ധർമ്മാധർമ്മങ്ങൾ തീണ്ടാത്തതും, ഭൂതഭാവികളിൽനിന്നും കാര്യകാരണങ്ങളിൽനിന്നും ഭിന്നവും യാതൊരു ബന്ധവുമില്ലാത്തതുമായ ബ്രഹ്മമെന്നറിയുക. 78

അകുർവ്വൻ സർവ്വകൃച്ഛുദ്ധസ്തിഷ്ഠന്നത്യേതി ധാവതഃ
മായയാ സർവ്വശക്തിത്വാദജഃ സൻ ബഹുധാ മതഃ 79

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അകുർവ്വൻ സർവ്വകൃത് ശുദ്ധഃ തിഷ്ഠൻ ധാവതഃ അത്യേതി അജഃ സൻ മായയാ സർവ്വശക്തിത്വാത് ബഹുധാ മതഃ

സാരം: ആത്മാവ് ഒന്നും ചെയ്യുന്നില്ല. എന്നാൽ എല്ലാം ചെയ്യുന്നുമുണ്ട്. സ്വതവേ കർത്തൃത്വമില്ലെങ്കിലും, മായോപാധികമായ കർത്തൃത്വം ആത്മാവിന്നുണ്ടെന്നു താല്പര്യം, ആത്മാവ് പാപരഹിതമാണ്. അത് നിശ്ചലമാണ്; എങ്കിലും അതിവേഗം ഓടുന്ന എന്തിനേയും അതിക്രമിക്കത്തക്ക വേഗം അതിന്നുണ്ട്. (സർവ്വ വ്യാപകമാണെന്നർത്ഥം.) അതുപോലെ ജന്മമില്ലാത്തതാണ് ആത്മാവെങ്കിലും, മായയാകുന്ന ഉപാധിയിലൂടെ സർവ്വശക്തമാകയാൽ ബഹുരൂപമായി. പറയപ്പെടുകയും ചെയ്യുന്നു. 79

രാജവത് സാക്ഷിമാത്രത്വാത്
സാന്നിദ്ധ്യാദ്ഭ്രാമകോ യഥാ
ഭ്രാമയൻ ജഗദാത്മാഹം
നിഷ്ക്രിയോ/കാരകോ/ദ്വയഃ 80

അന്വയം: രാജവത്സാക്ഷിമാത്രത്വാത് യഥാ ഭ്രാമകഃ സാന്നിദ്ധ്യാദ് ജഗത്ഭ്രാമയൻ ആത്മാ അഹം നിഷ്ക്രിയഃ അകാരകഃ അദ്വയഃ

സാരം: രാജാവ് സാക്ഷിമാത്രനായി ഇരുന്നുകൊണ്ട് കൃത്യങ്ങൾ നിർവ്വഹിക്കുന്നു; അയസ്കാന്തശില വെറും സാന്നിദ്ധ്യംകൊണ്ടുമാത്രം ഇരുമ്പിനെ പ്രവർത്തിപ്പിക്കുന്നു; അതുപോലെ വെറും സാക്ഷിമാത്രനായിരുന്നുകൊണ്ട് പ്രപഞ്ചത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു കാരണഭൂതനെന്നു തോന്നുമാറിരിക്കുന്ന ആത്മാവ്—ഞാൻ—വാസ്തവത്തിൽ, രണ്ടാമതൊന്നില്ലാത്തതിനാൽ, സ്വയം കർമ്മം ചെയ്യുന്നുമില്ല, മററാരെക്കൊണ്ടെങ്കിലും ചെയ്യിക്കുന്നുമില്ല. 80

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർഗ്ഗുണം നിഷ്ക്രിയം നിത്യം
നിർദ്വന്ദ്വം യന്നിരാമയം
ശുദ്ധം ബുദ്ധം തഥാ മുക്തം
തദ്ബ്രഹ്മാസ്മീതി ധാരയേത്. 81

അന്വയം: യത് നിർഗ്ഗുണം നിഷ്ക്രിയം നിത്യം നിർദ്വന്ദ്വം നിരാമയം ശുദ്ധം ബുദ്ധം തഥാമുക്തം തദ് ബ്രഹ്മ (അഹം) അസ്മി ഇതി ധാരയേത്.

സാരം: നിർഗ്ഗുണവും, ക്രിയാശൂന്യവും, നിത്യവും, ശീതോഷ്ണാദിദ്വന്ദ്വരഹിതവും, നിരാമയവും ശുദ്ധവും, ബുദ്ധവും അതുപോലെ മുക്തവുമായിരിക്കുന്നതു യാതൊന്നോ ആ ബ്രഹ്മം ഞാനാകുന്നുവെന്നു ധരിക്കണം. പ്രതിപാദ്യവസ്തു ദുർജ്ഞേയമാകയാൽ ഇവിടെ പുനരുക്തി, ദോഷാവഹമല്ല. മോക്ഷേച്ഛുക്കൾക്കുവേണ്ടി കാരുണികനായ ആചാര്യൻ ശാസ്ത്രം, ഫലകഥനം, വിദ്വദനുഭവം ഇവകൊണ്ടു വീണ്ടും വീണ്ടും പ്രതിപാദിക്കുകയാണ്. 81

ബന്ധം മോക്ഷം ച സർവ്വം യത ഇദമുഭയം
ഹേയമേകം ദ്വയം ച
ജ്ഞേയം ജ്ഞേയാഭ്യതീതം പരമമധിഗതം
തത്ത്വമേകം വിശുദ്ധം
വിജ്ഞായൈതദ്യഥാവച്ഛ്രുതിമുനിഗദിതം
ശോകമോഹാവതീതഃ
സർവ്വജ്ഞഃ സർവ്വകൃത്സ്യാദ് ഭവഭയരഹിതോ
ബ്രാഹ്മണോഽവാപ്തകൃത്യഃ 82

അന്വയം: സർവ്വം ബന്ധം മോക്ഷം ച ഇദം ഉഭയം യതഃ ജ്ഞേയം ഏകം ദ്വയം ച ഹേയം യഥാവത് ശ്രുതിമുനിഗദിതം ജ്ഞേയാഭ്യതീതം ഏകം വിശുദ്ധം പരം ഏതത് തത്ത്വം അധിഗതം വിജ്ഞായ അവാപ്തകൃത്യഃ ബ്രാഹ്മണഃ സർവ്വജ്ഞഃ ശോകമോഹൌ അതീതഃ സർവ്വകൃത് ഭവഭയരഹിതഃ സ്യാത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സർവ്വവിധമായ ബന്ധത്തേയും മോക്ഷത്തേയും അവയ്ക്കു കാരണമായ അജ്ഞാനജ്ഞാനങ്ങളേയും ആദ്യം അറിയുക; പിന്നീട് വിഷയഭൂതമായ കാര്യകാരണങ്ങൾ രണ്ടും തള്ളിക്കളയപ്പെടേണ്ടവയാണെന്ന് മനസ്സിലാക്കുക; അതിന്നുശേഷം, വേദാന്തങ്ങളാലും വ്യാസാദിഗുരുവരന്മാരാലും അരുളിച്ചെയ്യപ്പെട്ട, ജ്ഞാനവിഷയാതീതവും ശുദ്ധവുമായ പരമതത്വത്തെ അറിയുക; ഈ വിധം ജ്ഞാനിയായിത്തീർന്ന ബ്രഹ്മനിഷ്ഠന്നു പിന്നെ യാതൊന്നും സാധിക്കേണ്ടതായിട്ടില്ല. അയാൾ സർവ്വജ്ഞനായിത്തീരുന്നു. ശോകമോഹങ്ങൾ അയാളെ തീണ്ടുകയില്ല. സാധാരണദൃഷ്ടിയിൽ കർമ്മങ്ങൾ ചെയ്യുന്നവനെങ്കിലും, ഈ ജീവന്മുക്തൻ സംസാരഭയത്തെ കടന്നിരിക്കുന്നു. 82

ന സ്വയം സ്വസ്യ നാന്യശ്ച നാന്യസ്യാത്മാ ച ഹേയഗഃ
ഉപാദേയോ ന ചാപ്യേവമിതി സമ്യങ്മതിഃ സ്മൃതാ.

അന്വയം: ആത്മാ സ്വയം സ്വസ്യ ന ഹേയഗഃ ഏവം ന ച അപി ഉപാദേയഃ അന്യസ്യ ന അന്യഃ ച ന ഇതി സമ്യങ്മതിഃ മതാ.

സാരം: ആത്മാവിന്ന് ആത്മാവ് ഹേയവും ഉപാദേയവുമല്ല; മറെറാരു വസ്തുവും ഹേയമോ, ഉപാദേയമോ ആയിട്ടില്ല. വേറെ ഏതെങ്കിലും ഒരു വസ്തുവിന്ന് ആത്മാവ് ഹേയമോ ഉപാദേയമോ അല്ല. ആത്മാവ് സ്വതന്ത്രവും സ്വപ്രകാശവും ഇതരാനപേക്ഷവുമാകുന്നു. ഇതാണ് സമ്യങ്മതി അഥവാ യഥാർത്ഥജ്ഞാനം. 83

ആത്മപ്രത്യായികാ ഹ്യേഷാ
സർവ്വവേദാന്തഗോചരാ
ജ്ഞാത്വൈതാം ഹി വിമുച്യന്തേ
സർവ്വസംസാരബന്ധനൈഃ 84

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: സർവ്വവേദാന്തഗോചരാ ഏഷാ ആത്മ-പ്രത്യായികാഹി ഹി ഏതാം ജ്ഞാത്വാ സർവ്വസംസാര-ബന്ധനൈഃ വിമുച്യന്തേ.

സാരം: ഇപ്പറഞ്ഞവിധമുള്ള സമ്യങ്ങ്മതി—യഥാർത്ഥജ്ഞാനം—എല്ലാ വേദാന്തവാക്യങ്ങളുടേയും സാരമാണ്; അതു് ആത്മദാനം ചെയ്യുന്നു. ഈ സമ്യങ്ങ്മതി കയ്യിൽ കിട്ടിയാൽ എല്ലാ സംസാരക്കെട്ടുകളിൽനിന്നും വിടുതൽ ലഭിക്കുന്നു. 84

രഹസ്യം സർവവേദാനാം ദേവാനാം ചാപി യത്പരം
പവിത്രം പരമം ഹ്യേതത്തദേതത് സംപ്രകാശിതം. 85

അന്വയം: യത് ഏതത് സർവവേദാനാം ദേവാനാം ചഅപി പരം രഹസ്യം ഹി പരമം പവിത്രം തത് ഏതത് സംപ്രകാശിതം.

സാരം: ഇത്തരത്തിലുള്ള യഥാർത്ഥജ്ഞാനം സർവ്വവേദങ്ങളുടേയും രഹസ്യമാണ്; ദേവന്മാർക്കുകൂടി അതിൽ പ്രവേശം കൃച്ഛ്രസാദ്ധ്യമാണ്. അതിപാവനമായ ഈ യഥാർത്ഥജ്ഞാനമാണ് ഈ പ്രകരണത്തിൽ തെളിച്ചു പ്രതിപാദിച്ചിരിക്കുന്നതു്. 85

നൈതദ്ദേയമശാന്തായ രഹസ്യം ജ്ഞാനമുത്തമം
വിരക്തായ പ്രദാതവ്യം ശിഷ്യായാനുഗതായ ച. 86

അന്വയം: ഏതത് രഹസ്യം ഉത്തമം ജ്ഞാനം അശാന്തായ ന ദേയം വിരക്തായ അനുഗതായ ശിഷ്യായ പ്രദാതവ്യം ച.

സാരം: ഉത്തമമായ ഈ രഹസ്യം ശമദമാദികളില്ലാത്തവന്നു് ഉപദേശിക്കേണ്ടതല്ല. വൈരാഗ്യസമ്പന്നനും, ഗുരുശുശ്രൂഷാപരനും, ശ്രദ്ധാലുവുമായ ശിഷ്യന്നു് കൊടുക്കേണ്ടതാണ്. 86

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദദതശ്ചാത്മനോ ജ്ഞാനം
നിഷ്ക്രിയോऽന്യോ ന വിദ്യതേ
ജ്ഞാനമിച്ഛംസ്തരേത്തസ്മാ-
ദ്യുക്തഃ ശിഷ്യഗുണൈഃ സദാ. 87

അന്വയം: ആത്മനഃ ജ്ഞാനം ദദതഃ അന്യഃ നിഷ്ക്രിയഃ ന വിദ്യതേ തസ്മാത് ജ്ഞാനം ഇച്ഛൻ സദാ ശിഷ്യഗുണൈഃ യുക്തഃ തരേത്.

സാരം: ആത്മജ്ഞാനം ദാനംചെയ്യുന്നതിന്നു പ്രതിവിധിയായി യാതൊന്നുമില്ല. എന്തു കൊടുത്താലും ആത്മജ്ഞാനത്തിന്നുള്ള വിലയാവില്ലെന്നർത്ഥം. അതിനാൽ ജ്ഞാനം വേണമെന്നാഗ്രഹിക്കുന്നവൻ എപ്പോഴും ശിഷ്യഗുണങ്ങളിണങ്ങിയവനായിരിക്കണം. അതുമാത്രമാണൊരു പ്രതിദാനം. അങ്ങനെയായാൽ അയാം സംസാരത്തെ കടക്കാൻ ശക്തനാവും. 87

ജ്ഞാനം ജ്ഞേയം തഥാ ജ്ഞാതാ
യസ്മാദന്യോ ന വിദ്യതേ
സർവ്വജ്ഞഃ സർവ്വശക്തിര്യ-
സ്തസ്മൈ ജ്ഞാനാത്മനേ നമഃ. 88

അന്വയം: യസ്മാത് അന്യഃ ജ്ഞാനം ജ്ഞേയം തഥാ ജ്ഞാതാ ന വിദ്യതേ യഃ സർവ്വജ്ഞഃ സർവ്വശക്തിഃ ജ്ഞാനാത്മനേ തസ്മൈ നമഃ.

സാരം: അറിവും അറിയപ്പെടുന്നതും അറിയുന്നവനുമായ സർവ്വജ്ഞനും സർവ്വശക്തിയുമായ ആത്മാവിന്നു നമസ്കാരം. 88

വിദ്യയാ താരിതാഃ സ്മോ യൈർജന്മമൃത്യുമഹോദധീം
സർവ്വജ്ഞേഭ്യോ നമസ്തേഭ്യോ ഗുരുഭ്യോऽജ്ഞാനസങ്കുലം

അന്വയം: യൈഃ വിദ്യയാ അജ്ഞാനസങ്കുലം ജന്മമൃത്യുമഹോദധീം താരിതാഃ സ്മഃ സർവ്വജ്ഞേഭ്യഃ തേഭ്യഃ ഗുരുഭ്യഃ നമഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: അവിദ്യാമൂഢമായ ജനനമരണചക്രമാകുന്ന വൻകടലിൻെറ അക്കരെയ്ക്കു വിദ്യയിൽ കയററി നമ്മെ നയിച്ച സർവ്വജ്ഞരായ ഗുരുചരണങ്ങൾക്കു നമസ്കാരം. 89

ഇങ്ങനെ സമ്യങ്മതിപ്രകരണം കഴിഞ്ഞു

തത്ത്വമസി പ്രകരണം

യേനാത്മനാ വിലീയന്തേ ഉദ്ഭവന്തി ച വൃത്തയഃ
നിത്യാവഗതയേ തസ്മൈ നമോ ധീപ്രത്യയാത്മനേ. 1

അന്വയം: യേന ആത്മനാ വൃത്തയഃ വിലീയന്തേ ഉദ്ഭവന്തി ച നിത്യാവഗതയേ തസ്മൈ ധീപ്രത്യ-യാത്മനേ നമഃ.

സാരം: അന്തഃകരണവ്യാപാരങ്ങളെല്ലാം ഏതൊരാത്മാവിൽ ചെന്നു് ലയിക്കുന്നുവോ (സുഷുപ്തിയിൽ എന്നർത്ഥം), ഏതൊരാത്മാവിൽനിന്നു വീണ്ടുമുദിക്കുകയും ചെയ്യുന്നുവോ (ജാഗ്രത്സ്വപ്നങ്ങളിലെന്നർത്ഥം) നിത്യബോധരൂപവും അന്തഃകരണവ്യാപാരങ്ങൾക്കു് അധിഷ്ഠാനവുമായ ആ ആത്മാവിനു നമസ്കാരം. 1

പ്രമഥ്യവജ്രോപമയുക്തിസംഭൃതൈഃ ശ്രുതേ-
രരാതീഞ്ശതശോ വചോസിഭിഃ
ররক্ষ वेदार्थनिधिं विशालधीर्-
നമോ യതീന്ദ്രായ ഗുരോർഗരീയസേ. 2

അന്വയം: വിശാലധീഃ വജ്രോപമയുക്തിസംഭൃ-തൈഃ വചോസിഭിഃ ശ്രുതേഃ അരാതീൻ ശതശഃ പ്രമഥ്യ വേദാർത്ഥനിധിം ররക্ষ യതീന്ദ്രായഗുരോഃ ഗരീയസേ നമഃ.

സാരം: വജ്രതുല്യങ്ങളായ യുക്തികൾകൊണ്ടു് ഒരുക്കിയിട്ടുള്ള വാക്കൃപാണങ്ങളാൽ വേദനിന്ദകന്മാരെത്തകർത്തു് വേദാർത്ഥനിധിയെ രക്ഷിച്ച മഹാബുദ്ധിമാനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്റെ പരമഗുരുവിന്നു് നമസ്കാരം. (ഇവിടെ ശ്രീ. ഗൗഡപാദാചാര്യരെയാണു് ഉദ്ദേശിച്ചിട്ടുള്ളതു്.) 2

നിത്യമുക്തഃ സദേവാസ്മീത്യേവം ചേന്ന ഭവേന്മതിഃ
കിമർത്ഥം ശ്രാവയത്യേവ മാതൃവച്ഛ്രുതിരാദരാത്. 3

അന്വയം; നിത്യമുക്തഃ സദ് ഏവ അസ്മി ഇതി ഏവം മതിഃ ന ഭവേത് ചേത് ശ്രുതിഃ മാതൃവത് ആദരാത് കിമർത്ഥം ശ്രാവയതി ഏവ.

സാരം: 'ഞാൻ നിത്യമുക്തനാണു്; സദ്രൂപനുമാണു്' എന്നിങ്ങനെയുള്ള ഉറച്ച ബുദ്ധി ഉണ്ടാവുന്നില്ലെങ്കിൽ അമ്മയെപ്പോലെ വാത്സല്യത്തോടുകൂടി വീണ്ടും വീണ്ടും ചൊല്ലിത്തരുന്ന ശ്രുതികൊണ്ടു് എന്തു പ്രയോജനം? 3

സിദ്ധാദേവാഹമിത്യസ്മാദ്യുഷ്മദ്ധർമ്മോ നിഷിദ്ധ്യതേ
രജ്ജ്വാമിവാഹിധീര്യുക്ത്യാ തത്ത്വമിത്യാദിശാസനൈഃ.

അന്വയം: തത്ത്വമിത്യാദിശാസനൈഃ യുക്ത്യാഃ രജ്ജ്വാം അഹി ധീഃ ഇവ സിദ്ധാത് ഏവ അഹം ഇത്യ-സ്മാത് യുഷ്മദ്ധർമ്മഃ നിഷിദ്ധ്യതേ.

സാരം: 'തത്ത്വമസി' എന്നു തുടങ്ങിയ ശ്രുതികൾ യുക്തിയോടുകൂടി നിത്യസിദ്ധമായ 'അസ്മത്' (ഞാൻ—ആത്മാവു്) പദാർത്ഥത്തിൽനിന്നു് 'യുഷ്മത്' (നീ ആത്മാവു്) പദാർത്ഥത്തെ നിഷേധിക്കുന്നു. ആത്മാവു മാത്രമേ ഉള്ളൂ എന്നും അനാത്മാവു് എല്ലാം ആരോപം മാത്രമാണെന്നും എടുത്തു കാണിക്കുന്നു—കയറിൽ പാമ്പെന്നപോലെത്തന്നെ. 4

ശാസ്ത്രപ്രാമാണ്യതോ ജ്ഞേയാ
ധർമ്മാദേരസ്തിതാ യഥാ
വിഷാപോഹോ യഥാ ധ്യാനാ-
ന്നിവൃത്തിഃ പാപ്മനസ്തഥാ. 5

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യഥാ ശാസ്ത്രപ്രാമാണ്യതഃ ധർമ്മാദേഃ അസ്തിതാ ജ്ഞേയാ യഥാ ധ്യാനാത് വിഷാപോഹഃ തഥാ പാപ്മനഃ നിവൃത്തിഃ സ്യാത്.

സാരം: ധർമ്മാധർമ്മങ്ങരം ഉണ്ടെന്നുള്ളതിന്നു് എപ്രകാരം വേദം പ്രമാണമാകുന്നുവോ അതുപോലെ ബ്രഹ്മാത്മൈക്യത്തിന്നും വേദംതന്നെ പ്രമാണം. ഗരുഡാദി മന്ത്രധ്യാനത്താൽ വിഷശാന്തി എന്നപോലെ 'തത്ത്വമസി' തുടങ്ങിയ ശ്രുതിവാക്യനിദിദ്ധ്യാസനംകൊണ്ടു് അജ്ഞാനശാന്തി ഉണ്ടാകുന്നു. 5

സദ്ബ്രഹ്മാഹം കരോമീതി പ്രത്യയാവാത്മസാക്ഷികൗ
തയോരജ്ഞാനജസ്യൈവ ത്യാഗോ യുക്തതരോ മതഃ 6

സദസ്മീതി പ്രമാണോത്ഥാ ധീരന്യാ തന്നിഭോത്ഭവാ
പ്രത്യക്ഷാദിനിഭാ വാപി ബാധ്യതേ ദിഗ്ഭ്രമാദിവത് 7

അന്വയം: സദ്ബ്രഹ്മ അഹം കരോമി ഇതി പ്രത്യയൗ ആത്മസാക്ഷികൗ തയോഃ അജ്ഞാനസ്യ ത്യാഗഃ ഏവ യുക്തതരഃ മതഃ 'സദസ്മി' ഇതി ധീഃ പ്രമാണോത്ഥാ തന്നിഭോത്ഭവ പ്രത്യക്ഷാദിനിഭാ വാ. ദിഗ്ഭ്രമാദിവത് ബാധ്യതേ.

സാരം: 'ഞാൻ സദ്രൂപമായ ബ്രഹ്മമാണു്', 'ഞാൻ കർത്താവാണു്' എന്ന രണ്ടു ബുദ്ധികളും ഉള്ളതുതന്നെ. അതിൽ ഒന്നു് പ്രാമാണികവും മറേറതു് അപ്രാമാണികവുമാണു്. ആദ്യത്തെ ബുദ്ധിക്കു ശ്രുതിപ്രമാണം. അതിനാൽ അതിനെ സ്വീകരിച്ചു മറേറ ബുദ്ധിയെ കളയുകയാണു് യുക്തതമം. 'ഞാൻ കർത്താവാണു്' എന്ന ബുദ്ധിയും പ്രാമാണികംതന്നെയല്ലേ? പ്രത്യക്ഷപ്രമാണം കൊണ്ടു് അതും സിദ്ധമല്ലേ? എന്നാണെങ്കിൽ, അല്ല. പ്രത്യക്ഷം സർവ്വത്ര പ്രമാണമല്ല; പ്രമാണാഭാസമേ ആകുന്നുള്ളു. ദിഗ്ഭ്രമംതന്നെ ഇവിടെ ദൃഷ്ടാന്തം. അതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാൽ ഒരിക്കലും പ്രമാണാഭാസമായിത്തീരാത്ത ശ്രുതി ഏതിന്നു പ്രമാണമോ ആ ബുദ്ധിയത്രേ യഥാത്ഥം. 6_7

കുരുഭോക്തേതി യച്ഛാസ്ത്രം ലോകബുദ്ധ്യനുവാദി തത്
സദസ്മീതി ശ്രുതേർജാതാ ബാധ്യതേ/ന്യൈതയൈവ ധീഃ

അന്വയം: കുരുഭോക്താ ഇതി യത് ശാസ്ത്രം തത് ലോകബുദ്ധ്യനുവാദിഃ. 'സദസ്മി' ഇതി ധീഃ ശ്രുതേഃ ജാതാ ഏതയാ അന്യാ ബാദ്ധ്യതേ.

സാരം: 'കർമ്മം ചെയ്യ്' 'ഈ ഫലം അനുഭവിക്കാം' എന്നെല്ലാം ഉപദേശിക്കുന്ന വേദവാക്യങ്ങൾ ലോകബുദ്ധിയെ അനുസരിച്ചുള്ളവ മാത്രമാണ്. 'ഞാൻ സദ്രൂപമാണ്' എന്ന ബുദ്ധിയോ? സാക്ഷാൽ വേദാന്തവാക്യങ്ങളിൽനിന്നുമുണ്ടായതു്. അതു് ലൗകികബുദ്ധിക്കു് ബാധകമാണ്. 8

സദേവ ത്വമസീത്യുക്തേ നാത്മനോ മുക്തതാ സ്ഥിരാ
പ്രവത്തതേ പ്രസംചക്ഷാമതോ യുക്ത്യാ/നു ചിന്തയേത്.

അന്വയം: 'ത്വം സദ് ഏവ അസി' ഇതി ഉക്തേ ആത്മനഃ മുക്തതാ സ്ഥിരാ ന പ്രവത്തതേ അതഃ പ്രസം-ചക്ഷാം അനുയുക്ത്യാ ചിന്തയേത്.

സാരം: 'നീ സദ്രൂപമാണ്' എന്നു പറഞ്ഞതുകൊണ്ടുമാത്രം സ്ഥിരമായ ആത്മബോധം ഉണ്ടാവില്ല. അതിനാൽ 'തത്ത്വമസി' എന്ന വാക്യത്തെ ആവർത്തിക്കുന്നതോടൊപ്പം യുക്തിയുക്തമായി ചിന്തിക്കുകയും വേണം. 9

സകൃദുക്തം ന ഗൃഹ്ണാതി
വാക്യാത്ഥജ്ഞോ ന യോ ഭവേത്
അപേക്ഷതേ/ത ഏവാന്യ–
ദുപായമുഭയം ഹി തത് 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യഃ വാക്യാൎത്ഥജ്ഞഃ ന ഭവേത് സകൃദുക്തം ന ഗൃഹ്ണാതി അതഃ അന്യത് അപേക്ഷതേ തത് ദ്വയം അവോചാമഹി.

സാരം: വാക്യാൎത്ഥജ്ഞാനത്തിൽ നിഷ്ണാതനല്ലാത്തവന്നു് ഒരിക്കൽ പറഞ്ഞതുകൊണ്ടുമാത്രം ഗ്രഹിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു യുക്തിചിന്തയും വേണം. അതാണു് വാക്യാൎത്ഥചിന്തനവും യുക്തിചിന്തയും രണ്ടും വേണമെന്നു മുൻപറഞ്ഞതു്. 10

നിയോഗോഽപ്രതിപന്നത്വാത്
കൎമ്മണാം സ യഥാ ഭവേത്
അവിരുദ്ധോ ഭവേത്താവത്
യാവത് സംവേദ്യതാഽദൃഢാ. 11

അന്വയം: യഥാ കൎമ്മണാം സഃ ഭവേത് അപ്രതിപന്നത്വാത് സംവേദ്യതാ (ബ്രഹ്മാത്മൈക്യജ്ഞാനം) യാവത് അദൃഢാ താവത് നിയോഗഃ ഭവേത്.

സാരം: വെറും വാക്യജ്ഞാനംകൊണ്ടുമാത്രം കർമ്മങ്ങളിൽനിന്നു ഫലപ്രാപ്തി ഉണ്ടാവുകയില്ല. അതുപോലെ വെറും വാക്യാൎത്ഥജ്ഞാനംകൊണ്ടു ബ്രഹ്മജ്ഞാനവും സിദ്ധിക്കുകയില്ല. അതിനാൽ കർമ്മങ്ങളിൽ നിയോഗമുള്ളതുപോലെ 'ആത്മാ വാ അരേദ്രഷ്ടവ്യഃ' എന്നിങ്ങനെ ആത്മജ്ഞാനത്തിന്നും കാണുന്ന നിയോഗം —ചോദനാ-വിരുദ്ധമല്ലതന്നെ. 11

ചേഷ്ടിതം ച തഥാ മിഥ്യാ സ്വച്ഛന്ദഃ പ്രതിപദ്യതേ
പ്രസംഖ്യാനമതഃ കാര്യം യാവദാത്മാനുഭൂയതേ. 12

അന്വയം: തഥാ സ്വച്ഛന്ദഃ മിഥ്യാചേഷ്ടിതം പ്രതിപദ്യതേ ച അതഃ യാവത് ആത്മാ അനുഭൂയതേ പ്രസംഖ്യാനം കാര്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: അതുപോലെതന്നെ നിയോഗമില്ലാതെ സ്വതന്ത്രമായി പ്രവൎത്തിക്കുന്നവൻ വിഫലമായ പ്രവൃത്തിയിൽ ഏർപ്പെട്ടുകയായിരിക്കും ചെയ്യുന്നതു്. അതിനാൽ ആത്മസാക്ഷാല്ക്കാരം സിദ്ധിക്കുന്നതുവരെ ആവർത്തനം ആവശ്യമാകുന്നു. 12

സദസ്മീതി ച വിജ്ഞാന-
മക്ഷജോ ബാധതേ ധ്രുവം
ശബ്ദോത്ഥം ദൃഢസംസ്കാരോ
ദോഷൈശ്ചാകൃഷ്യതേ ബഹിഃ 13

അന്വയം: ദൃഢസംസ്കാരഃ അക്ഷജഃ ശബ്ദോത്ഥം സദസ്മി ഇതി വിജ്ഞാം ബാധതേ ധ്രുവം ദോഷൈഃ ബഹിഃ അകൃഷ്യതേ ച.

സാരം: ഇന്ദ്രിയജന്യമായ 'ഞാൻ കൎത്താവാണ്' 'ഭോക്താവാണ്' എന്നു തുടങ്ങിയ ജ്ഞാനം സ്വാഭാവികമായിത്തന്നെ ശബ്ദപ്രമാണജന്യമായ 'ഞാൻ സദ്രൂപമാണ്' എന്ന ജ്ഞാനത്തെ ബാധിച്ചുകൊണ്ടിരിക്കും. പോരാത്തതിന്നു് രാഗാദിദോഷങ്ങൾ മുമുക്ഷുവിനെ ബഹിർമുഖനാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. അതിനാൽ വാക്യാൎത്ഥചിന്തയുടെ ആവൎത്തനം അത്യാവശ്യമാണ്. 13

ശ്രുതാനുമാനജന്മാനൌ
സാമാന്യവിഷയൌ യതഃ
പ്രത്യയാവക്ഷജോऽവശ്യം
വിശേഷാൎത്ഥോ നിവാരയേത്. 14

അന്വയം: യതഃ അക്ഷജം വിശേഷാൎത്ഥഃ സാമാന്യവിഷയൌ ശ്രുതാനുമാനജന്മാനൌ പ്രത്യയൌ അവശ്യം നിവാരയേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഇന്ദ്രിയജന്യമായ പ്രത്യക്ഷം വിശേഷിവഷയമാണ്. അത് സാമാന്യവിഷയങ്ങളായ ശബ്ദജന്യമായ ജ്ഞാനത്തേയും അനുമാനജന്യമായ ജ്ഞാനത്തേയും ബാധിക്കുമെന്നതിൽ സംശയമില്ല. 14

വാക്യാർത്ഥപ്രത്യയീ കശ്ചിന്നിർദ്ദുഃഖോ നോപലഭ്യതേ
യദി വാ ദൃശ്യതേ കശ്ചിദ്വാക്യാർത്ഥശ്രുതിമാത്രതഃ. 15

നിർദ്ദുഃഖോഽതീതദേഹേഷു കൃതഭാവോഽനുമീയതേ
ചര്യാ നോഽശാസ്ത്രസംവേദ്യാ സ്യാദനിഷ്ടം തഥാസതി.

അന്വയം: വാക്യാർത്ഥപ്രത്യയീ കശ്ചിത് നിർദ്ദുഖഃ ന ഉപലഭ്യതേ വാക്യാർത്ഥശ്രുതിമാത്രതഃ നിർദ്ദുഃഖഃ കശ്ചിത് യദി വാ ദൃശ്യതേ. അതീതദേഹേഷു കൃത–ഭാവഃ അനുമീയതേ നഃ ചര്യാ. അശാസ്ത്രസംവേദ്യ സ്യാത്. തഥാ സതി അനിഷ്ടം.

സാരം: വാക്യാർത്ഥജ്ഞാനംകൊണ്ടുമാത്രം ആർക്കും ബ്രഹ്മസാക്ഷാത്കാരം ഉണ്ടാകുന്നില്ല. ഏതെങ്കിലുമൊരാൾക്കു വെറും വാക്യാർത്ഥജ്ഞാനംകൊണ്ടുമാത്രം അതുണ്ടാകുന്നതായിക്കാണപ്പെടുന്നുണ്ടെങ്കിൽ അയാൾ കഴിഞ്ഞ ജന്മങ്ങളിൽ അഭ്യാസംചെയ്തവനെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ യാതൊരു നിയോഗവുമില്ലെന്നു പറയുന്നപക്ഷം നമ്മുടെ അനുഷ്ഠാനം ശ്രുതിമൂലമല്ലെന്നു പറയേണ്ടിവരും. അതു ശരിയല്ലതാനും. 15–16

സദസീതി ഫലം ചോക്ത്വാ വിധേയം സാധനം യതഃ
ന തദന്യത് പ്രസംഖ്യാനാത് പ്രസിദ്ധാർത്ഥമിഹേഷ്യതേ

അന്വയം: യതഃ 'സദസി' ഇതി ഫലം ഉക്ത്വാ സാധനം ച വിധേയം തത് പ്രസംഖ്യാനാത് അന്യത് പ്രസിദ്ധാർത്ഥം ഇഹ ന ഇഷ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: വേദത്തിലാദ്യം ഒരു ഫലത്തെപ്പറഞ്ഞു് അതിന്നുള്ള ഉപായവും നിർദ്ദേശിക്കുകയാണു് പതിവു്. ഇവിടെയും അതുപോലെതന്നെ, 'നീ സദ്രൂപമാകുന്നു' എന്ന ഫലത്തെ വിധിച്ചു. അതിന്നുള്ള ഉപായം പ്രസിദ്ധമായിട്ടുള്ളതു് ആ വാക്യത്തിൻേറയും തദൎത്ഥത്തിൻേറയും ആവൎത്തനംതന്നെയാണു്; മറ്റൊന്നല്ല. 17

തസ്മാദനുഭവായൈവ പ്രസംചക്ഷീത യത്നതഃ
ത്യജൻ സാധനതത്സാധ്യവിരുദ്ധം ശമദമാദിമാൻ. 18

അന്വയം: തസ്മാത് ശമദമാദിമാൻ സാധനതത് സാധ്യവിരുദ്ധം ത്യജൻ അനുഭവായ യത്നതഃ പ്രസംച-ക്ഷീത ഏവ.

സാരം: അതിനാൽ എല്ലാ ഇന്ദ്രിയങ്ങളേയും നിയമനംചെയ്തു് ആത്മസാക്ഷാത്കാരത്തിന്നു് ഒക്കാത്ത ലക്ഷ്യങ്ങളേയും ഉപായങ്ങളേയും വെടിഞ്ഞു്, സാക്ഷാത് കാരത്തിന്നുവേണ്ടി എത്രതന്നെ ക്ലേശിച്ചും 'തത്ത്വമസി' തുടങ്ങിയ വാക്യാൎത്ഥങ്ങളെ ആവൎത്തിക്കുകതന്നെ വേണം. 18

നൈതദേവം രഹസ്യാനാം
നേതിനേത്യവസാനതഃ
ക്രിയാസാദ്ധ്യം പുരാ ശ്രാവ്യം
ന മോക്ഷോ നിത്യസിദ്ധതഃ. 19

അന്വയം: ഏതദ് ഏവം ന രഹസ്യാനാം നേതി നേതി അവസാനതഃ പുരാശ്രാവ്യം ക്രിയാസാദ്ധ്യം നിത്യസിദ്ധതഃ മോക്ഷഃ ന.

സാരം: ഇതേവരെപ്പറഞ്ഞ പൂൎവ്വപക്ഷത്തിന്നു് സമാധാനം പറയുന്നു. ആവൎത്തനംചെയ്യണമെന്നു വിധിയില്ല. വിധി കൎമ്മകാണ്ഡത്തെസ്സംബന്ധിക്കുന്നതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്. ഉപനിഷത്തുകളാവട്ടെ 'ഇതുമല്ല' 'ഇതുമല്ല' എന്നിങ്ങനെ സർവ്വനിഷേധരൂപമായിട്ടാണ് ആത്മാവിനെ സൂചിപ്പിക്കുന്നതു്. കർമ്മകാണ്ഡവിധികരം കർമ്മാനുഷ്ഠാനസാദ്ധ്യമാണ്. നിത്യസിദ്ധമായ മോക്ഷമാകട്ടെ സാധിക്കപ്പെടേണ്ടതല്ല—അതു സ്വതഃസിദ്ധമാണെന്നു താല്പര്യം. 19

പുത്രദുഃഖം യഥാദ്ധ്യസ്തം പിത്രാഽദുഃഖേ സ്വ ആത്മനി
അഹംകർത്താ തഥാദ്ധ്യസ്തോ നിത്യാദുഃഖേ സ്വ ആത്മനി.

അന്വയം: യഥാ അദുഃഖേ സ്വേ ആത്മനി പുത്രദുഃഖം പിത്രാ അദ്ധ്യസ്തം യഥാ നിത്യാദുഃഖേ സ്വേ ആത്മനി അഹംകർത്താ അദ്ധ്യസ്തം.

സാരം: സ്വയം ദുഃഖിതനല്ലെങ്കിലും അച്ഛൻ, തൻെറ മകൻ അനുഭവിക്കുന്ന ദുഃഖം തൻേറതാണെന്നഭിമാനിച്ച് അതിനെത്തന്നിൽ ആരോപിക്കുന്നതുപോലെത്തന്നെയാണ്, സ്വതവേ ദുഃഖരഹിതമായ ആത്മാവിൽ സർവ്വരാലും അഹങ്കാരം (ഞാൻ എന്ന ഭാവം) ആരോപിതമായിരിക്കുന്നതു്. 20

സോഽദ്ധ്യാസോ നേതിനേതീതി
പ്രാപ്തവത് പ്രതിഷിധ്യതേ
ഭൂയോഽധ്യാസവിധിഃ കശ്ചിത്
കുതശ്ചിന്നോപപദ്യതേ. 21

അന്വയം: സഃ അധ്യാസഃ നേതി നേതി ഇതി പ്രാപ്തവത് പ്രതിഷിധ്യതേ ഭൂയഃ കശ്ചിത് അധ്യാസവിധിഃ കുതശ്ചിത് ന ഉപപദ്യതെ.

സാരം: ആത്മാവിലുള്ള ഈ അഹങ്കാരാരോപത്തെ (വാസ്തവത്തിൽ അതില്ലാത്തതെങ്കിലും, ഉള്ളതെന്നമട്ടിൽ) 'നേതി, നേതി' എന്ന വാക്യംകൊണ്ടു ശ്രുതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിഷേധിക്കുന്നു. അതിനാൽ, വീണ്ടും അധ്യാസത്തെ ആശ്രയിച്ചുകൊണ്ടുള്ള യാതൊരു വിധിയും ഒരു കാരണത്താലും ഉണ്ടാകുമെന്നു പറയാൻ നിവൃത്തിയില്ല. 21

ആത്മനീഹ യഥാധ്യാസഃ പ്രതിഷേധസ്തഥൈവ ച
മലാധ്യാസനിഷേധൗ ഖേ ക്രിയേതേ ച യഥാഽബുധൈഃ

അന്വയം: യഥാ അബുധൈഃ ഖേ മലാധ്യാസ–നിഷേധൗ ക്രിയേതേ തഥാ ഇഹ ആത്മനി അധ്യാസഃ തഥാ ഏവ പ്രതിഷേധഃ ച.

സാരം: അറിവില്ലാത്തവൻ ആകാശം കറുത്തതാണെന്നു പറഞ്ഞു നിർലേപമായ ആകാശത്തിൽ മാലിന്യത്തെ ആരോപിക്കുന്നു; അതിനെ നിഷേധിക്കുകയും ചെയ്യുന്നു. അതുപോലെത്തന്നെ നിർവ്വികല്പകമായ ആത്മാവിൽ അഹങ്കാരത്തെ ആരോപിച്ചു നിഷേധിക്കുന്നു. യഥാർത്ഥത്തിൽ ആത്മാവിന്നു് അഹങ്കാരസ്പർശമുണ്ടായിട്ടേ ഇല്ലെന്നു സാരം. 22

പ്രാപ്തശ്ചേത് പ്രതിഷിധ്യേത
മോക്ഷോഽനിത്യോ ഭവേദ് ധ്രുവം
അതോഽപ്രാപ്തനിഷേധോഽയം
ദിവ്യാഗ്നിചയനാദിവത്. 23

അന്വയം: പ്രാപ്തഃ പ്രതിഷിധ്യേത ചേത് മോക്ഷഃ ധ്രുവം അനിത്യഃ ഭവേത്. അതഃ അയം ദിവി അഗ്നി–ചയനാദിവത് അപ്രാപ്തനിഷേധഃ.

സാരം: ആത്മാവിലാരോപിതമായ അഹങ്കാരത്തിന്റെ നിഷേധമെന്നു പറഞ്ഞാൽ ഇല്ലാത്തതായ ഒന്നിന്റെ നിഷേധമനർത്ഥമാകുന്നു. അല്ലെങ്കിൽ, മോക്ഷം സാധ്യമാവുകയും തന്നിമിത്തം അനിത്യമാവുകയും ചെയ്യും. മോക്ഷം നിത്യസിദ്ധവും തന്മൂലം നിത്യവുമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണെന്നത്രേ ഞങ്ങളുടെ സിദ്ധാന്തം. അപ്രാപ്തനിഷേധം സംഭവിക്കുമോ എന്നു സംശയിക്കേണ്ട 'ആകാശത്തിലും അന്തരീക്ഷത്തിലും അഗ്നിചയനമരുതു്' എന്നു ശ്രുതി നിഷേധിക്കുന്നതു് അപ്രാപ്തത്തെയാണു്. ആകാശത്തിൽ അഗ്നിചയനം സംഭാവ്യമല്ലല്ലൊ. 23

സംഭാവ്യോ ഗോചരേ ശബ്ദഃ പ്രത്യയോ വാ ന ചാന്യഥാ
ന സംഭാവ്യൗ തദാത്മത്വാദഹംകർത്തുസ്തഥൈവ ച. 24

അന്വയം: ഗോചരേ ശബ്ദഃ പ്രത്യയഃ വാ സംഭാവ്യഃ ന ച അന്യഥാ തദാത്മത്വാത് തഥൈവ ച അഹംകർത്തുഃ ന സംഭാവ്യൗ.

സാരം: വാക്കും അർത്ഥവും ജ്ഞാനവിഷയങ്ങളായ വസ്തുക്കളിലേ പ്രസരിക്കൂ. ആത്മാവാകട്ടെ വാക്കിന്റേയും അർത്ഥത്തിന്റേയും, അതുപോലെതന്നെ അഹങ്കാരത്തിന്റേയും ആത്മാവാണു്. അതിനാൽ വാക്കിന്നോ അർത്ഥത്തിന്നോ ആത്മാവിനെ വിഷയമാക്കുക വയ്യ. (വാക്കിന്നും ബുദ്ധിക്കുമഗോചരമായ ആത്മാവിൽ വാഗർത്ഥങ്ങൾക്കു പ്രസരിക്കവയ്യെന്നു സാരം.) 24

അഹംകർത്രാത്മനി ന്യസ്തം
ചൈതന്യേ കർത്തൃതാദി യത്
നേതിനേതീതി തത്സർവ്വം
സാഹംകർത്രാ നിഷിധ്യതേ. 25

അന്വയം: അഹം കർത്രാ ചൈതന്യേ ആത്മനി യത് കർത്തൃത്വാദി ന്യസ്തം തത് സർവ്വം നേതി നേതി ഇതി സാഹംകർത്രാ നിഷിധ്യതേ.

സാരം: ബോധസ്വരൂപമായ ആത്മാവിൽ കർത്തൃത്വാദികളെ ആരോപിച്ചിട്ടുള്ളതു് അഹങ്കാരമാകുന്നു. 'നേതി' 'നേതി' എന്ന ശ്രുതിവാക്യം, ആരോപിതമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർത്തൃത്വം മുതലായതിനേയും അതിനെ ആരോപിച്ച അഹങ്കാരത്തേയും ഒരേ അടിക്കു നിഷേധിക്കുകയാണ് ചെയ്യുന്നത്. 25

ഉപലബ്ധിഃ സ്വയംജ്യോതിർ-
ദൃശിഃ പ്രത്യക്സദക്രിയഃ
സാക്ഷാത്സർവ്വാന്തരസ്സാക്ഷീ-
ചേതാ നിത്യോഽഗുണോഽദ്വയഃ 26

അന്വയം: ഉപലബ്ധിഃ സ്വയംജ്യോതിഃ ദൃശിഃ പ്രത്യക് സദ് അക്രിയഃ സാക്ഷാത് സർവ്വാന്തരഃ സാക്ഷീ ചേതാ നിത്യഃ അഗുണഃ അദ്വയഃ

സാരം: 'നേതി നേതി' എന്ന് എല്ലാററിനേയും നിഷേധിച്ചുകഴിഞ്ഞാൽ, ജ്ഞാനരൂപവും, സ്വയംപ്രകാശവും, എല്ലാററിനേയും അറിയുന്നതും, ആന്തരവും, ഉള്ളതും, നിഷ്ക്രിയവും, മറവില്ലാതെ അനുഭവിക്കപ്പെടുന്നതും, സർവ്വാന്തര്യാമിയും, സർവ്വസാക്ഷിയും ചൈതന്യരൂപവും, നിത്യവും നിർഗ്ഗുണവും അദ്വയവുമായ ആത്മാവ് അനുഭൂതമാകുന്നു. 26

സന്നിധൗ സർവ്വദാ തസ്യസ്യാത്തദാഭോഽഭിമാനകൃത്
ആത്മാത്മീയം ദ്വയംചാതഃ സ്യാദഹം മമ ഗോചരഃ. 27

അന്വയം: അഭിമാനകൃത് തസ്യ സന്നിധൗ സർവ്വദാ തദാഭഃ സ്യാത്, അതഃ അഹം മമ ഗോചരഃ ആത്മാ ആത്മീയം ച ദ്വയം സ്യാത്.

സാരം: ജഡമായ അഹങ്കാരം എപ്പോഴും ചൈതന്യസന്നിധിയിൽ വർത്തിക്കുന്നതിനാൽ ചൈതന്യവത്തെന്നപോലെ ആയിത്തീരുന്നു. അതിനാലാണ്, 'ഞാൻ' 'എന്റേത്' എന്ന രണ്ടു തരം ബോധവും ഒരേ അഹങ്കാരത്തിലുണ്ടായിത്തീരുന്നത്. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാതികർമ്മാദിമത്വാദ്ധീ തസ്മിൻ ശബ്ദസ്ത്വഹംകൃതി
ന കശ്ചിദ്വർത്തതേ ശബ്ദസ്തദഭാവാത് സ്വ ആത്മനി. 28

അന്വയം: ഹി തസ്മിൻ അഹംകൃതി ജാതികർമ്മാദിമത്വാത് തു ശബ്ദഃ തദഭാവാത് സ്വേ ആത്മനി കശ്ചിത് ശബ്ദഃ ന വർത്തതേ.

സാരം: അഹങ്കാരത്തിൽ ജാതി, ക്രിയ തുടങ്ങിയ പ്രവൃത്തിനിമിത്തങ്ങളുള്ളതിനാൽ ശബ്ദം പ്രസരിക്കുന്നു. ശബ്ദവിഷയമാണ് അഹങ്കാരമെന്നർത്ഥം. ആത്മാവിൽ ജാതി, ക്രിയ തുടങ്ങിയ ശബ്ദപ്രവൃത്തിനിമിത്തങ്ങളൊന്നുമില്ലാത്തതിനാൽ, യാതൊരു ശബ്ദവും പ്രസരിക്കുന്നില്ല. 28

ആഭാസോ യത്ര തത്രൈവ
ശബ്ദാഃ പ്രത്യഗ്ദൃശീം സ്ഥിതാഃ
ലക്ഷയേയുർന സാക്ഷാത്ത-
മഭിദധ്യുഃ കഥംചന. 29

നഹ്യജാത്യാദിമാൻ കശ്ചിദർത്ഥഃ ശബ്ദൈർനിരൂപ്യതേ.

അന്വയം: യത്ര ആഭാസഃ തത്ര ഏവ സ്ഥിതാഃ ശബ്ദാഃ പ്രത്യഗ്ദൃശീം ലക്ഷയേയുഃ കഥംചന തം സാക്ഷാത് ന അഭിദധ്യുഃ അജാത്യാദിമാൻ കശ്ചിദ് അർത്ഥഃ ശബ്ദൈഃ ന ഹി നിരൂപ്യതേ.

സാരം: അഹങ്കാരത്തിൽ ചൈതന്യം പ്രതിബിംബിക്കുന്നു. അങ്ങനെ ചൈതന്യപ്രതിബിംബത്തോടു കൂടിയ അഹങ്കാരത്തിലോളമേ ശബ്ദങ്ങൾ പ്രവേശിക്കുകയുള്ളു. അവിടെ നിന്നുകൊണ്ടു ലക്ഷ്യാവൃത്ത്യാ അവ ആത്മാവിനെ ചൂണ്ടുകയേ ഉള്ളു—ഒരു തരത്തിലും ആത്മാവിനെ അഭിധാവ്യാപാരംകൊണ്ടു നേരിട്ടു പ്രതിപാദിക്കാൻ ശബ്ദങ്ങൾക്കു കഴിവില്ല. കാരണം, ജാതി,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രിയ, ഗുണം തുടങ്ങിയ ഏതെങ്കിലും ഒരു ധർമ്മമുള്ള വസ്തുവിനെപ്പറയാനേ ശബ്ദങ്ങൾക്കു കഴിവുള്ളൂ. ആത്മാവാകട്ടെ സർവ്വധർമ്മരഹിതവുമത്രെ. അതിനാൽ ശബ്ദങ്ങൾ ആത്മാവിനെ നേരിട്ടു പ്രതിപാദിക്കാതെ ലക്ഷണാവൃത്ത്യാ ചൂണ്ടിക്കാണിക്കുന്നതേയുള്ളൂ. 29–30

ആത്മാഭാസോ യഥാഹംകൃദാത്മശബ്ദൈസ്തഥോച്യതേ
ഉല്മുകാദൗ യഥാഗ്ന്യർത്ഥാഃ പരാർത്ഥത്വാന്ന ചാഞ്ജസാ. 31

അന്വയം: യഥാ അഗ്ന്യർത്ഥാഃ ഉല്മുകാദൗ പരാർത്ഥത്വാത് അഞ്ജസാ ന ച അഹംകൃത് തഥാ ആത്മാഭാസഃ തഥാ ആത്മശബ്ദൈഃ ഉച്യതേ.

സാരം: 'ചൂട്ടു കത്തുന്നു' എന്നും മററുമുള്ള വ്യവഹാരത്തിൽ അഗ്ന്യർത്ഥമായ 'കത്തുന്നു' എന്നതു് നേരിട്ടു ചൂടിനെ പ്രതിപാദിക്കാതെ, തദാശ്രയമായ അഗ്നിയിൽ ചെന്നു പര്യവസാനിക്കുന്നതുപോലെ ആത്മവാചകങ്ങളായ 'നിത്യം, ശുദ്ധം, ആനന്ദം' മുതലായ പദങ്ങളും ജഡമായ അഹങ്കാരത്തെപ്പറയാതെ അതിൽ പ്രതിബിംബിച്ച ആത്മാവിനെയാണു് പ്രതിപാദിക്കുന്നതു്. അതായതു്, അഹങ്കാരത്തിൽ ആത്മശബ്ദപ്രയോഗം ഉപചാരംകൊണ്ടാണെന്നർത്ഥം. 31

മുഖാദന്യോ മുഖാഭാസോ യഥാദർശാനുകാരതഃ
ആഭാസാന്മുഖമപ്യേവമാദർശാനനുവർത്തനാത്. 32

അഹംകൃത്യാത്മനിർഭാസോ മുഖാഭാസവദിഷ്യതേ
മുഖവത്സ്മൃത ആത്മാന്യോഽവിവിക്തൗ തൗ തഥൈവ ച.

അന്വയം: യഥാ മുഖാഭാസഃ ആദർശാനുകാരതഃ മുഖാത് അന്യ ആദർശാനനുവർത്തനാത് ആഭാസാത് മുഖം അപി ഏവം തഥാ ഏവ അഹംകൃത്യാത്മനിർഭാസഃ മുഖാഭാസവത് ഇഷ്യതേ. അന്യഃ ആത്മാ മുഖവത് സ്മൃതഃ തൗ അവിവിക്തൗ ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: കണ്ണാടിയിലുള്ള മുഖപ്രതിബിംബം കണ്ണാടിയെ ആശ്രയിച്ചിരിക്കുന്നു; കണ്ണാടിയിലുള്ള ഗുണങ്ങളെ അനുസരിക്കുകയും ചെയ്യുന്നു. അതിനാൽ അതു ബിംബഭൂതമായ യഥാർത്ഥ മുഖത്തിൽനിന്നും ഭിന്നമാണ്. അതുപോലെ യഥാർത്ഥമായ മുഖം, കണ്ണാടിയെ ആശ്രയിക്കുകയോ അതിനെ അനുസരിക്കുകയോ ചെയ്യാത്തതിനാൽ പ്രതിബിംബമുഖത്തിൽനിന്നും ഭിന്നമാണ്. എന്നാൽ, ഈ ബിംബപ്രതിബിംബങ്ങൾക്കു തമ്മിൽ യഥാർത്ഥത്തിൽ ഭേദമൊട്ടില്ലതാനും. അതുപോലെത്തന്നെ, അഹങ്കാരവും അതിൽ പ്രതിബിംബിച്ച ചൈതന്യമായ ആത്മാവും ഭിന്നങ്ങളെങ്കിലും യഥാർത്ഥത്തിൽ അഭിന്നങ്ങളാണ്. 32–33

സംസാരീ ച സ ഇത്യേക ആഭാസോ യസ്ത്വഹംകൃതിഃ
വസ്തുച്ഛായാ സ്മൃതേരന്യന്മാധുര്യാദി ച കാരണം. 34

അന്വയം: യഃ തു അഹംകൃതി ആഭാസഃ സഃ സം- സാരീ ഇതി ച ഏകേ സ്മൃതേഃ ഛായാ വസ്തുമാധുര്യാദി ച അന്യത് കാരണം.

സാരം: അഹങ്കാരത്തിൽ പ്രതിബിംബിച്ച ചൈതന്യം സംസാരിയായ ആത്മാവാണെന്നും അതു വാസ്തവം തന്നെയാണെന്നും ചിലർ പറയുന്നു. അവരുടെ മതത്തിൽ, പ്രതിബിംബം മിഥ്യയല്ല; സത്യമാണ്. ഇതിനുപോദ്ബലകമായി അവർ സ്മൃതിവാക്യമുദാഹരിക്കുകയും ചെയ്യുന്നു. സ്മൃതിയിൽ, ആചാര്യാദികളുടെ ഛായയെ അതിക്രമിക്കരുതെന്നു വിധിയുണ്ട്. ഛായ മിഥ്യയാണെങ്കിൽ ഈ വിധിയുടെ ആവശ്യമില്ലല്ലോ. അതിനും പുറമേ ഛായയിൽ മാധുര്യം തണുപ്പ് മുതലായ ഗുണങ്ങളും അനുഭവസിദ്ധമാണ്; അതിനാൽ ഛായ മിഥ്യയല്ല; എന്നെല്ലാമാണവരുടെ വാദം. 34

*39
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞൈകദേശോ വികാരോ വാ തദാഭാസാശ്രയഃ പരേ
അഹംകർത്തൈവ സംസാരീ സ്വതന്ത്ര ഇതി കേചന. 35

അന്വയം: പരേ ജ്ഞൈകദേശഃ വികാരഃ തദാഭാസാശ്രയഃ വാ കേചന സ്വതന്ത്രഃ അഹംകർത്താ ഏവ സംസാരീ ഇതി.

സാരം: ബോധസ്വരൂപമായ പരമാത്മാവിൻെറ അംശമാണ് സംസാരിയായ ജീവനെന്നു ചിലർ; പരമാത്മാവിൻെറ വികാരമാണതെന്നു മററു ചിലർ; ആത്മചൈതന്യപ്രതിബിംബത്തോടുകൂടിയ അഹങ്കാരംതന്നെയാണെന്നു വേറൊരു കൂട്ടർ; കുമാരിലഭട്ടൻ തുടങ്ങിയ മററു ചിലരാവട്ടെ വെറും അഹങ്കാരംതന്നെയാണ് സംസാരിയെന്നും പറയുന്നു. 35

അഹംകാരാദിസന്താനഃ സംസാരീ നാന്വയീ ക്വചിത്
ഇത്യേവം സൗഗതാ ആഹുസ്തത്ര ന്യായോ വിചാര്യതാം 36

അന്വയം: അഹങ്കാരാദിസന്താനഃ സംസാരീ ക്വചിത് അന്വയീ ന ഇതി ഏവം സൗഗതാഃ ആഹുഃ തത്ര ന്യായഃ വിചാര്യതാം.

സാരം: ക്ഷണികവിജ്ഞാനത്തിൻെറ പരമ്പരയാണ് ജീവാത്മാവെന്ന് ബൗദ്ധന്മാർ പറയുന്നു. അവർ സാക്ഷിയായി മറെറാന്നിനെ അംഗീകരിക്കുന്നില്ല. ഇപ്പറഞ്ഞ പക്ഷങ്ങളിൽ ഏതാണ് യുക്തിക്കു യോജിച്ചതെന്നു വിചാരം ചെയ്യേണ്ടിയിരിക്കുന്നു. 36

സംസാരിണാം കഥാ ത്വാസ്താം പ്രകൃതം ത്വധുനോച്യതേ
മുഖാഭാസോ യ ആദർശേ ധർമ്മോ നാന്യതരസ്യ സഃ
ദ്വയോരേകസ്യ ചേദ്ധർമ്മോ വിയുക്തേഽന്യതരേ ഭവേത്.

അന്വയം: സംസാരിണാം കഥാ തു ആസ്താം അധുനാ പ്രകൃതം തു ഉച്യതേ ആദർശേ യഃ മുഖാഭാസഃ സഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യതരസ്യ ധർമ്മഃ ന ദ്വയോഃ ഏകസ്യ ധർമ്മഃ ചേത് വിയുക്തേ അന്യതരേ ഭവേത്.

സാരം: സംസാരിയാണെന്നുള്ള ചർച്ച അവിടെ നില്ക്കട്ടെ, നമുക്ക് പ്രകൃതമനുസരിക്കാം. കണ്ണാടിയിലുള്ള മുഖപ്രതിബിംബം സത്യമെങ്കിൽ, അതു് മുഖത്തിന്റേയോ കണ്ണാടിയുടേയോ രണ്ടിലൊന്നിന്റെ ധർമ്മമായിരിക്കണം. അതൊട്ടല്ലതാനും. മുഖവും കണ്ണാടിയും തമ്മിലകന്നുകഴിഞ്ഞാൽ രണ്ടിലും ആ ധർമ്മം കാണുന്നില്ലല്ലോ. അതിനാൽ അതു രണ്ടിന്റേയും ധർമ്മമല്ല. 37

മുഖേന വ്യപദേശാത് സ മുഖസ്യൈവേതി ചേന്മതം
നാദർശാനുവിധാനാച്ച മുഖേ സത്യവിഭാവതഃ. 38

അന്വയം: മുഖേന വ്യപദേശാത് സഃ മുഖസ്യ ഏവ ഇതി മതം ചേത് ന ആദർശാനുവിധാനാത് മുഖേ സതി അവിഭാവതഃ ച.

സാരം: 'പ്രതിബിംബിച്ച മുഖം' 'മുഖത്തിന്റെ പ്രതിബിംബം' എന്നിങ്ങനെ വ്യവഹരിക്കപ്പെടുന്നതിനാൽ, പ്രതിബിംബം മുഖത്തിന്റെ ധർമ്മമാണെന്നു് പറയുകയാണെങ്കിൽ അതു് ശരിയല്ല. പ്രതിബിംബം കണ്ണാടിയെ അനുസരിക്കുന്നതാണ്. കണ്ണാടിയില്ലാതെ മുഖം തനിയെയിരിക്കുമ്പോഴും പ്രതിബിംബം കാണപ്പെടുന്നുമില്ല. മുഖത്തിന്റെ ധർമ്മമാണെങ്കിൽ, കണ്ണാടിയില്ലാത്തപ്പോഴും കാണപ്പെടേണ്ടതായിരുന്നുവല്ലോ. 38

ദ്വയോരേവേതി ചേത്തന്ന ദ്വയോരേവാപ്യദർശനാത്
അദൃശ്യസ്യ സതോ ദൃഷ്ടിഃ സ്യാദ്രാഹോശ്ചന്ദ്രസൂര്യയോഃ.

അന്വയം: ദ്വയോഃ ഏവ ഇതി ചേത് തത് ന ദ്വയോഃ ഏവ അപി അദർശനാത് അദൃശ്യസ്യ സതഃ രാഹോഃ ദൃഷ്ടിഃ ചന്ദ്രസൂര്യയോഃ സ്യാത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: പ്രതിബിംബം മുഖത്തിൻേറയും കണ്ണാടിയുടേയും ധർമ്മമാണെന്നതും ശരിയല്ല. രണ്ടുമുള്ളപ്പോഴും വ്യത്യസ്തസ്ഥിതിയിൽ പ്രതിബിംബം ഉണ്ടാവുന്നില്ലല്ലൊ. ഇവിടെ ഒരു ചോദ്യം: സ്വതവേ കാണാൻ വയ്യാത്തതെങ്കിലും രാഹു ചിലപ്പോൾ ചന്ദ്രനിലും സൂര്യനിലും കാണപ്പെടുന്നുണ്ടല്ലോ; അതുപോലെ കാണാൻ വയ്യാത്തതെങ്കിലും സത്യമായ പ്രതിബിംബം ചിലപ്പോൾ കണ്ണാടിയിൽ കാണപ്പെടുന്നു എന്നു വന്നുകൂടെ? 39

രാഹോഃ പ്രാഗേവ വസ്തുത്വം സിദ്ധം ശാസ്ത്രപ്രമാണതഃ
ഛായാപക്ഷേ ത്വവസ്തുത്വം തസ്യ സ്യാത് പൂർവ്വയുക്തിതഃ

അന്വയം: രാഹോഃ വസ്തുത്വം പ്രാഗേവ ശാസ്ത്ര-പ്രമാണതഃ സിദ്ധം ഛായാപക്ഷേ തു തസ്യ പൂർവ്വ-യുക്തിതഃ അവസ്തുത്വം സ്യാത്.

സാരം: മുൻപറഞ്ഞ ചോദ്യത്തിന്നുത്തരം: വേദപ്രമാണംകൊണ്ടു് രാഹു സത്യമായ വസ്തുവാണെന്നതു് ആദ്യമേ സിദ്ധമായതാണു്. അല്ല, ഛായയാണു് (ഭൂമിയുടെ നിഴൽ) അതു് എന്താണു പക്ഷമെങ്കിൽ, അതു് അയഥാർത്ഥമാവാനേ വഴിയുള്ളുവെന്നു് മുൻപറഞ്ഞ യുക്തികൾ തെളിയിച്ചുകഴിഞ്ഞു. 40

ഛായാക്രാന്തേർനിഷേധോ//യം ന തു വസ്തുത്വസാധകഃ
നഹ്യർത്ഥാന്തരനിഷ്ഠം സദ്വാക്യമർത്ഥാന്തരം വദേത്. 41

അന്വയം: അയം ഛായാക്രാന്തേഃ നിഷേധഃ വസ്തു-ത്വസാധകഃ ന തു അർത്ഥാന്തരനിഷ്ഠം സത് വാക്യം അർത്ഥാന്തരം നഹി വദേത്.

സാരം: ഗുരു മുതലായവരുടെ ഛായയെ അതിക്രമിക്കരുതെന്ന നിഷേധം, ഛായ സത്യമാണെന്നതിന്നു് തെളിവല്ല—ഒരർത്ഥത്തെപ്പറയുന്ന വാക്യത്തിന്നു് മററൊന്നാണർത്ഥമെന്നു പറയാൻ സാധിക്കുകയില്ലല്ലോ. 41

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാധുര്യാദി ച യത് കാര്യമുഷ്ണദ്രവ്യാദ്യസേവനാത്
ഛായായാ ന ത്വദൃഷ്ടത്വാദപാമേവ ച ദർശനാത്. 42

അന്വയം: മാധുര്യാദി ച യത് കാര്യം ഉഷ്ണദ്രവ്യാദ്യ സേവനാത് അദൃഷ്ടത്വാത് അപാമേവ ദർശനാത് ച ഛായായാഃ ന.

സാരം: ഛായയിൽ മാധുര്യാദിഗുണമനുഭവപ്പെടുന്നുണ്ടെന്നു പറഞ്ഞതുകൊണ്ട്, ആ ഗുണം ഛായയുടേതാണെന്നു വരുന്നില്ല. തണുപ്പു മുതലായതു് വെള്ളത്തിന്റെ ഗുണമാണ്. ഉഷ്ണദ്രവ്യത്തിൽനിന്നും ഒഴിഞ്ഞു നില്ക്കുന്നതിനാൽ മാത്രമാണ് ഛായയിൽ തണുപ്പു മുതലായതു് അനുഭവപ്പെടുന്നതു്. 42

ആത്മാഭാസാശ്രയാശ്ചൈവം മുഖാഭാസാശ്രയാ യഥാ
ഗമ്യന്തേ ശാസ്ത്രയുക്തിഭ്യാം ആഭാസാസത്വമേവ ച. 43

അന്വയം: യഥാ മുഖാഭാസാശ്രയാഃ ഏവം ആത്മാ-ഭാസാശ്രയാഃ ആഭാസാ സത്വമേവ ച ശാസ്ത്രയുക്തിഭ്യാം ഗമ്യന്തേ.

സാരം: മുഖം, പ്രതിബിംബം, അതിന്നാശ്രയമായ കണ്ണാടി എന്നതുപോലെത്തന്നെയാണ് ആത്മാവും പ്രതിബിംബമായ സംസാരിയും, ആശ്രയമായ അഹങ്കാരവും. അതുപോലെ പ്രതിബിംബം മിഥ്യയാണെന്നതും ശാസ്ത്രയുക്തികൾകൊണ്ടു് അറിയപ്പെടുന്നതാണ്. 43

ന ദൃശേരവികാരിത്വാദാഭാസസ്യാപ്യവസ്തുതഃ
നാചിതിത്വാദഹംകർത്തുഃ കസ്യ സംസാരിതാ ഭവേത്.

അന്വയം: അവികാരിത്വാത് ദൃശേഃ അവസ്തുതഃ ആഭാസസ്യ അപി നാചിതിത്വാത് അഹം കർത്തുഃ ന സംസാരിതാ കസ്യ ഭവേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഇവിടെ ഇങ്ങനെ ഒരു ചോദ്യമുണ്ടാകാം: വികാരശൂന്യമായ ആത്മാവു് സംസാരിയാവാൻ നിവൃത്തിയില്ല. അയഥാർത്ഥമാകയാൽ പ്രതിബിംബഭൂതമായ ആത്മാവും സംസാരിയാവുക വയ്യ. അഹങ്കാരമാവട്ടെ അചേതനമാണു്; അതിനാൽ അതിന്നും സംസാരിത്വം യുക്തമല്ല. പിന്നെ ആരാണു് ഈ സംസാരി എന്നു പറയുന്നതു്? 44

അവിദ്യാമാത്ര ഏവാതഃ സംസാരോഽസ്ത്വവിവേകതഃ
കൂടസ്ഥേനാത്മനാ നിത്യമാത്മവാനാത്മനീവ സഃ. 45

അന്വയം: അതഃ സംസാരഃ അവിദ്യാമാത്രഃ ഏവ അസ്തു അവിവേകതഃ കൂടസ്ഥേന ആത്മനാ ആത്മവാൻ സഃ ആത്മനി ഇവ.

സാരം: മുമ്പറഞ്ഞ ചോദ്യത്തിന്നു് സമാധാനം പറയുന്നു. ഇപ്പറഞ്ഞ കാരണങ്ങളംകൊണ്ടു് അവിദ്യമാത്രമാണു് സംസാരം എന്നു പറയാം. ആത്മാനാത്മവിവേകമില്ലാത്തതുകാരണം സംസാരം ആത്മധർമ്മമെന്നപോലെ തോന്നുന്നു. അതിനു ഹേതു, സംസാരം എന്നും വികാരരഹിതമായിരിക്കുന്ന ആത്മാവിൽ അധ്യസ്തമാണെന്നതുതന്നെ. ആത്മസത്തയിൽനിന്നു് വിഭിന്നമായ ഒരു സത്ത സംസാരത്തിന്നില്ലെന്നു് താല്പര്യം. 45

രജ്ജുസർപ്പോ യഥാ രജ്ജ്വാ സാത്മകഃ പ്രാഗവിവേകതഃ
അവസ്തുസന്നപി ഹ്യേഷ കൂടസ്ഥേനാത്മനാ തഥാ. 46

അന്വയം: യഥാ വിവേകതഃ പ്രാക് രജ്ജു സർപ്പഃ രജ്ജ്വാ സാത്മകഃ തഥാ അവസ്തു സൻ ഏഷഃ കൂടസ്ഥേന ആത്മനാ.

സാരം: കയറിൽ തോന്നുന്ന പാമ്പിനെ വേർതിരിച്ചറിയുന്നതിന്നുമുമ്പ് ... സത്തതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണുള്ളത്. അതുപോലെത്തന്നെ–സംസാരത്തിന്നും, അതിൻെറ അധിഷ്ഠാനമായ, വികാരരഹിതമായ ആത്മാവിൽനിന്നും വേറിട്ടൊരു സത്തയില്ലതന്നെ. 46

ആത്മാഭാസാശ്രയശ്ചാത്മാ
പ്രത്യയൈഃ സൈ്വർവികാരവാൻ
സുഖീ ദുഃഖീ ച സംസാരീ
നിത്യ ഏവേതി കേചന. 47

അന്വയം: കേചന നിത്യഃ ആത്മാ ഏവ ആത്മാ-ഭാസാശ്രയഃ സൈ്വഃ പ്രത്യയൈഃ വികാരവാൻ സുഖീ ദുഃഖീ സംസാരീ ച ഇതി.

സാരം: ചിലരിങ്ങനെ പറയുന്നു. വാസ്തവത്തിൽ വികാരശൂന്യമാണ് ആത്മാവ് എങ്കിലും ആത്മപ്രതി ബിംബത്തിന്ന് വിജ്ഞാനങ്ങളാകുന്ന വികാരങ്ങളുണ്ട്. അതിനാൽ അത് സുഖിയായും ദുഃഖിയായും സംസാരി യായും ഇരിക്കുന്നു എന്ന്. 47

ആത്മാഭാസാപരിജ്ഞാനാദ്യാഥാത്മ്യേന വിമോഹിതാഃ
അഹംകർത്താരമാത്മേതി മന്യന്തേതേ നിരാഗമാഃ. 48

അന്വയം: നിരാഗമാഃ തേ യാഥാത്മ്യേന ആത്മാ-ഭാസപരിജ്ഞാനാത് വിമോഹിതാഃ അഹംകർത്താരം ആത്മാ ഇതി മന്യന്തേ.

സാരം: മുൻപറഞ്ഞ കൂട്ടർക്ക് വേദരഹസ്യമറിഞ്ഞുകൂടാ. അവർക്ക് ആത്മാവേത് തത്പ്രതിബിംബമേത് എന്നു വേർതിരിച്ചറിവില്ല. അങ്ങനെ മൂഢമതികളായി ത്തീർന്ന അവർ അന്തഃകരണപ്രതിബിംബഭൂതമായ അഹംകാരമാണ് ആത്മാവെന്നു കരുതുന്നു. 48

സംസാരോ വസ്തുസംശ്ലേഷാം
കർത്തൃഭോക്തൃത്വലക്ഷണഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാഭാസാശ്രയാജ്ഞാനാത്
സംസരന്ത്യവിവേകതഃ. 49

അന്വയം: തേഷാം കർതൃഭോക്തൃത്വലക്ഷണഃ സംസാരഃ വസ്തു സൻ അവിവേകതഃ ആത്മാഭാസാ-ശ്രയാജ്ഞാനാത് സംസരന്തി.

സാരം: ഇപ്പറഞ്ഞ കൂട്ടരുടെ പക്ഷത്തിൽ, കർത്തൃത്വ ഭോക്തൃത്വരൂപമായ സംസാരം യഥാർത്ഥമാണെന്നു വരുന്നു. ആത്മാവേതു് പ്രതിബിംബമേതു് പ്രതിബിംബത്തിന്നാശ്രയമായ അന്തഃകരണമേതു് എന്ന തിരിച്ചറിവില്ലായ്മകാരണം, അവർ വീണ്ടും വീണ്ടും ജനനമരണരൂപമായ സംസാരത്തിലുഴലുന്നു. 49

ചൈതന്യാഭാസതാ ബുദ്ധേ-
രാത്മനസ്തത്സ്വരൂപതാ
സ്യാച്ചേത് തം ജ്ഞാനശബ്ദൈശ്ച
വേദഃ ശാസ്തീതി യുജ്യതേ. 50

അന്വയം: ബുദ്ധേഃ ചൈതന്യാഭാസതാ ആത്മനഃ തത്സ്വരൂപതാ ച സ്യാത് ചേത് വേദഃ ജ്ഞാനശബ്ദൈഃ തം ശാസ്തി ഇതി യുജ്യതേ.

സാരം: ശ്രുതി, ജ്ഞാനം മുതലായ ശബ്ദങ്ങൾ കൊണ്ടു് ആത്മാവിനെ പ്രതിപാദിക്കുന്നതു് യുക്തമാകണമെങ്കിൽ, ആത്മാവു് ചൈതന്യസ്വരൂപമാണെന്നും അന്തഃകരണം ആത്മാവിനെ പ്രതിബിംബിപ്പിക്കുന്നു എന്നും അംഗീകരിക്കുകതന്നെവേണം. 50

പ്രകൃതിപ്രത്യയാർത്ഥൗ യൗ ഭിന്നാവേകാശ്രയൗ യഥാ
കരോതി ഗച്ഛതീത്യാദൗ ദൃഷ്ടൗ ലോകപ്രസിദ്ധിതഃ. 51

നാനയോർദ്വ്യാശ്രയത്വം ച ലോകേ ദൃഷ്ടം സ്മൃതൗ തഥാ
ജ്ഞാനാത്യ... [illegible] ...താം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യൗ ഭിന്നൗ പ്രകൃതിപ്രത്യയാർത്ഥൗ ലോകപ്രസിദ്ധിതഃ ഏകാശ്രയൗ ദൃഷ്ടൗ അനയോഃ ദ്വ്യാശ്രയത്വം ലോകേ സ്മൃതൗ ച ന ദൃഷ്ടം തഥാ ജാനാത്യർത്ഥേഷു ദ്വ്യാശ്രയതേ്വകഃ ഹേതുഃ.

സാരം: പോകുന്നു, ചെയ്യുന്നു മുതലായ ക്രിയകളിൽ ധാത്വർത്ഥവും പ്രകൃത്യർത്ഥവും ഭിന്നങ്ങളാണ്. എങ്കിലും അവ ഒരേ കർത്താവിനെ ആശ്രയിച്ചുനില്ക്കുന്നു. ഇതാണ് ലോകവ്യവഹാരത്തിന്റെ നില. ലോകവ്യവഹാരത്തിലൊരിക്കലും, പ്രകൃത്യർത്ഥവും പ്രത്യയാർത്ഥവും ഭിന്നാശ്രയങ്ങളായിക്കാണപ്പെടുന്നില്ല. വ്യാകരണത്തിലും അത്തരമൊരു വിധിയില്ല. ഇവിടെയാണെങ്കിൽ 'ജാനാതി' (അറിയുന്നു) എന്ന ക്രിയയുടെ ധാത്വർത്ഥമായ ജ്ഞാനം ആത്മാശ്രയവും, 'തി' പ്രത്യയാർത്ഥമായ 'കർത്തൃത്വം' ആത്മാഭാസാശ്രയവുമാണെന്നു പറയുന്നു. ഇതെങ്ങനെ ശരിയാകുമെന്നു പൂർവ്വപക്ഷം. .51–52

ആത്മാഭാസസ്തു തിങ്വാച്യോ
ധാത്വർത്ഥശ്ച ധിയഃ ക്രിയാ
ഉഭയം ചാവിവേകേന
ജാനാതീത്യുച്യതേ മൃഷാ. 53

അന്വയം: ആത്മാഭാസഃ തു തിങ്വാച്യഃ ധിയഃ ക്രിയാഃ ധാത്വർത്ഥഃ ഉഭയം ച അവിവേകേന മൃഷാ ജാനാതി ഇതി ഉച്യതേ.

സാരം: മുൻപറഞ്ഞ പൂർവ്വപക്ഷത്തിന്ന് സിദ്ധാന്തിയുടെ സമാധാനം: 'ജാനാതി' എന്നതിൽ 'ജ്ഞ' ധാതുവിന്റെ അർത്ഥം അന്തഃകരണത്തിന്റെ വ്യാപാരമാണ്. ആത്മാവിന്റെ അന്തഃകരണത്തിലുള്ള പ്രതിബിംബമാണ് 'തി' പ്രത്യയത്തിന്റെ അർത്ഥം. അന്തഃകരണ

*40
CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തേയും അന്തഃകരണപ്രതിബിംബത്തേയും വേറിട്ടറിയായ്ക്കകാരണം 'ജാനാതി' (അറിയുന്നു) എന്നതു് ഏകാശ്രയമാണെന്നു തെററിദ്ധരിച്ചു പറയുകയാണു്. 53

ന ബുദ്ധേരവബോധോഽസ്തി നാത്മനോ വിദ്യതേ ക്രിയാ
അതോ നാന്യതരസ്യാപി ജാനാതീതി ച യുജ്യതേ. 54

അന്വയം: ബുദ്ധേഃ അവബോധഃ ന അസ്തി ആത്മനഃ ക്രിയാ ന വിദ്യതേ അതഃ അന്യതരസ്യ അപി ജാനാതി ഇതി ന ച യുജ്യതേ.

സാരം: ചേതനമായ അന്തഃകരണത്തിന്നു് ജ്ഞാനമില്ല. അവിക്രിയമായ ആത്മാവിന്നു് ക്രിയയുമില്ല. അതിനാൽ 'ജാനാതി' (അറിയുന്നു.) എന്ന ക്രിയ, ആത്മാവിന്നോ അന്തഃകരണത്തിന്നോ ഒററയ്ക്കു് സംഭാവ്യമല്ലതന്നെ. 54

നാപ്യതോ ഭാവശബ്ദേന
ജ്ഞപ്തിരിത്യപി യുജ്യതേ
ന ഹ്യാത്മാ വിക്രിയാമാത്രോ
നിത്യ ആത്മേതി ശാസനാത്. 55

അന്വയം: അതഃ അപി ഭാവശബ്ദേന ജ്ഞപ്തിഃ ഇതി അപി ന യുജ്യതേ ഹി ആത്മാ വിക്രിയാമാത്രഃ ന നിത്യഃ ആത്മാ ഇതി ശാസനാത്.

സാരം: ജ്ഞാനക്രിയ—അറിയുക എന്ന പ്രവൃത്തി—എന്നുള്ള അർത്ഥത്തിലും ആത്മാവിനെ ജ്ഞാനമെന്ന ശബ്ദംകൊണ്ടു് പറയാൻ പാടില്ല. ആത്മാവു് വെറും ഒരു വികാരമല്ല. ഒരു ക്രിയയായിരുന്നുവെങ്കിൽ, ആത്മാവു് ഒരു വികാരംമാത്രമാണെന്നുവരും. ആത്മാവു് നിത്യമാണെന്നാണല്ലൊ ശ്രുതി ശാസിക്കുന്നതു്. 55

ന ബുദ്ധേർബുദ്ധിവാച്യത്വം കരണം ന ഹ്യകർത്തൃകം
നാപി ജ്ഞായത ഇത്യേവം കർമ്മശബ്ദൈർനിരൂപ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ബുദ്ധിവാച്യത്വം ബുദ്ധേഃ ന (ആത്മനഃ) ഹി കരണം അകർത്തൃകം ന ജ്ഞായതെ ഇതി ഏവം കർമ്മശബ്ദൈഃ ന നിരൂപ്യതെ.

സാരം: 'ഏതുകൊണ്ടറിയപ്പെടുന്നുവോ അതാത്മാവ്'' എന്നർത്ഥത്തിലും ജ്ഞാനശബ്ദം ആത്മാവിനെപ്പറയുന്നതാവില്ല. ആ അർത്ഥത്തിൽ ബുദ്ധിയെ ആവും ജ്ഞാനശബ്ദം കുറിക്കുക. കാരണം, ആത്മാവ് ജ്ഞാനത്തിൽ കരണമാണെങ്കിൽ ജ്ഞാനകർത്താവായി മററൊന്നുണ്ടാവാൻ വഴിയില്ല. കർത്താവിനോടുകൂടാത്ത കരണം സംഭാവ്യമല്ലല്ലൊ. അതുപോലെ 'അറിയപ്പെടുന്നതു് ആത്മാവ്'' എന്നിങ്ങനെ കർമ്മവ്യുത്പത്തികൊണ്ടും ജ്ഞാനശബ്ദം ആത്മാവിനെ കുറിക്കുന്നതാവില്ല. തനിക്കു തന്നെത്തന്നെ അറിയുന്നതിൽ കർത്തൃത്വവും കർമ്മത്വവും ഒരേ സമയത്തു് ഉണ്ടാവാൻ വഴിയില്ല. 56

ന യേഷാമേക ഏവാത്മാ
നിർദ്ദുഃഖോ/വിക്രിയഃ സദാ
തേഷാം സ്യാച്ഛബ്ദവാച്യത്വം
ജ്ഞേയത്വം ചാത്മനഃ സദാ 57

അന്വയം: യേഷാം ആത്മാ ഏകഃ ഏവ നിർദ്ദുഃഖഃ സദാ അവിക്രിയഃ തേഷാം ആത്മനഃ സദാ ശബ്ദവാച്യ-ത്വം ജ്ഞേയത്വം ച ന സ്യാത്.

സാരം: ആത്മാവ് ഏകവും ദുഃഖരഹിതവും എപ്പോഴും വികാരശൂന്യവുമാണെന്നു് പറയുന്നവരുടെ പക്ഷത്തിൽ ആത്മാവ് ഒരിക്കലും ശബ്ദഗമ്യമോ ജ്ഞേയമോ ആവുകയില്ല. 57

യദാഹംകർത്തുരാത്മത്വം തദാ ശബ്ദാർത്ഥമുഖ്യതാ
നാശന... 58

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അഹംകർത്തുഃ ആത്മത്വം യദാ തദാ ശബ്ദാൎത്ഥമുഖ്യതാ തസ്യ ആത്മതാ തു അശനയാദിമത്വാത് ശ്രുതൗ ന ഇഷ്യതേ.

സാരം: അഹങ്കാരംതന്നെയാണ് ആത്മാവെന്നിരിക്കിൽ ശബ്ദം മുഖ്യവ്യാപാരംകൊണ്ടുതന്നെ ആത്മാവിനെ പറയുമായിരുന്നു. എന്നാൽ ശ്രുതി അതു സമ്മതിക്കുന്നില്ല. വിശപ്പ്, ദാഹം തുടങ്ങിയതെല്ലാമുള്ളതത്രെ അഹങ്കാരം. ആത്മാവാകട്ടെ അതൊന്നുമില്ലാത്തതു മാണ്. 58

ഹന്ത തർഹി ന മുഖ്യാൎത്ഥോ നാപി ഗൗണഃ കഥംചന
ജാനാതീത്യസ്യ ശബ്ദസ്യ ഗതിർവാച്യാ തഥാപി തു 59

ശബ്ദാനാമയഥാൎത്ഥത്വേ വേദസ്യാപ്യപ്രമാണതാ
സാ ച നേഷ്ടാ തതോ ഗ്രാഹ്യാ ഗതിരസ്യ പ്രസിദ്ധിതഃ

പ്രസിദ്ധിർമൂഢലോകസ്യ യദി ഗ്രാഹ്യാ നിരാത്മതാ
ലോകായതികസിദ്ധാന്തഃ സാ ചാനിഷ്ടാ പ്രസജ്യതേ 61

അഭിയുക്തപ്രസിദ്ധിശ്ചേത് പൂൎവ്വവദ്ദുർവിവേകതാ
ഗതിശൂന്യം ന വേദോഽയം പ്രമാണം സംവദത്യുത. 62

അന്വയം: തർഹി ഹന്ത ന മുഖ്യാൎത്ഥഃ കഥംചന ന ഗൗണഃ അപി തഥാപി ജാനാതി ഇതി അസ്യ ശബ്ദസ്യ ഗതിഃ വാച്യാ തു ശബ്ദാനാം അയഥാൎത്ഥത്വേ വേദസ്യ അപി അപ്രമാണതാ സാ ന ഇഷ്ടാ ച തതഃ അസ്യ ഗതിഃ പ്രസിദ്ധിതഃ ഗ്രാഹ്യാ മൂഢലോകസ്യ പ്രസിദ്ധിഃ യദി ഗ്രാഹ്യാ ലോകായതികസിദ്ധാന്തഃ നിരാത്മതാ സാ അനിഷ്ടാ പ്രസജ്യതേ ച അഭിയുക്ത പ്രസിദ്ധിഃ ചേത്, പൂൎവ്വവത് ദുർവിവേകതാ പ്രമാണം അയം വേദഃ ഗതിശൂന്യം ന സംവദതി ഉത.

സാരം: ഇവിടെയൊരു പൂൎവ്വപക്ഷം: ഇപ്പറഞ്ഞ വിശേഷണങ്ങൾ [illegible] ശബ്ദത്തിന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുഖ്യാൎത്ഥവുമില്ല; ഗൗണാർത്ഥവുമില്ല. മുഖ്യാൎത്ഥംതന്നെ യില്ലാത്ത ശബ്ദത്തിന്നു് ഗൗണാർത്ഥമുണ്ടാവാൻ വഴിയി ല്ലല്ലൊ. അങ്ങനെ ആയാലും 'അറിയുന്നു' എന്ന ശബ്ദ ത്തിന്നൊരർത്ഥം കല്പിക്കണമല്ലൊ. ശബ്ദങ്ങൾക്കൎത്ഥ മില്ലെന്നാണെങ്കിൽ വേദം അപ്രമാണമാകും. അതു് സിദ്ധാന്തിക്കു സമ്മതവുമല്ല. വേദമാത്രപ്രമാണവാദി യാണയാൾ. എന്നാൽ ലോകപ്രസിദ്ധിയനുസരിച്ചു് ശബ്ദങ്ങളുടെ അൎത്ഥം നിൎണ്ണയിക്കാമെന്നാണെങ്കിൽ അതും സാദ്ധ്യമല്ല. മൂഢജനങ്ങളുടെ പ്രസിദ്ധിയനുസരിച്ചാണു് അൎത്ഥം ഗ്രഹിക്കേണ്ടതെങ്കിൽ ദേഹമാണാത്മാവെന്നു വാദിക്കുന്ന ചാർവാകസിദ്ധാന്തത്തിലെത്തിച്ചേരും. അതു സിദ്ധാന്തിക്കു സമ്മതവുമല്ല. പണ്ഡിതപ്രസിദ്ധി യനുസരിച്ചാണു് ശബ്ദങ്ങളുടെ അൎത്ഥത്തെ ഗ്രഹിക്കേണ്ട തെങ്കിൽ അമ്പത്തിനാലാംശ്ലോകത്തിൽ പറഞ്ഞു കഴിഞ്ഞവിധം അൎത്ഥഗ്രഹണം ദുഃസാദ്ധ്യമാണു്. പ്രമാ ണമായ വേദം അൎത്ഥമില്ലാത്ത ശബ്ദങ്ങളെ പറയുന്നതാ ണെന്നു വിചാരിക്കാൻ വയ്യല്ലൊ. 59–62

ആദർശേ മുഖസാമാന്യം മുഖസ്യേഷ്ടം ഹി മാനവൈഃ
മുഖസ്യ പ്രതിബിംബോ ഹി മുഖാകാരേണ ദൃശ്യതേ. 63

യത്ര യസ്യാവഭാസസ്തു
തയോരേവാവിവേകതഃ
ജാനാതീതി ക്രിയാം സൎവ്വോ
ലോകോ വക്തി സ്വഭാവതഃ 64

അന്വയം: മാനവൈഃ ആദർശേ മുഖസ്യ മുഖ–സാമാന്യം ഇഷ്ടം ഹി. ഹി മുഖസ്യ പ്രതിബിംബഃ, മുഖാകാരേണ ദൃശ്യതേ. യത്ര യസ്യ അവഭാസഃ തു തയോഃ ഏവ അവിവേകതഃ സൎവ്വഃ ലോകഃ ജാനാതി ഇതി ക്രിയാം സ്വഭാവതഃ വക്തി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: കണ്ണാടിയിൽ പ്രതിബിംബത്തെപ്പോലെത്തന്നെ ഇരിക്കുന്നതിനാൽ ജനങ്ങൾ ബിംബവും പ്രതിബിംബവും ഒന്നാണെന്നു വിചാരിക്കുന്നു. അതുപോലെ ജനങ്ങളേവരും, ബിംബത്തിൽ പ്രതിഫലിക്കുന്ന വസ്തുവിനേയും അതിൽ പ്രതിഫലിച്ച പ്രതിബിംബത്തേയും വേർതിരിക്കാതെ, 'അറിയുന്നു' മുതലായ ക്രിയകളുള്ളതായി വ്യവഹരിച്ചുപോരുന്നു. ഈ വ്യവഹാരമാകട്ടെ സ്വാഭാവികംമാത്രം. 63-64

ബുദ്ധേഃ കർത്തൃത്വമധ്യസ്യ ജാനാതീതി ജ്ഞ ഉച്യതേ
തഥാ ചൈതന്യമധ്യസ്യ ജ്ഞത്വം ബുദ്ധേരിഹോച്യതേ.

അന്വയം: ബുദ്ധേഃ കർത്തൃത്വം അധ്യസ്യ ജ്ഞഃ ജാനാതി ഇതി ഉച്യതേ. തഥാ ചൈതന്യം അധ്യസ്യ ഇഹ ബുദ്ധേഃ ജ്ഞത്വം ഉച്യതേ.

സാരം: അന്തഃകരണത്തിന്നു് ആത്മാവിലും ആത്മാവിന്നു് അന്തഃകരണത്തിലും പരസ്പരാധ്യാസം. അതിനാൽ കർത്തൃത്വമില്ലാത്ത ആത്മാവിൽ, കർത്താവായ അന്തഃകരണത്തെ അധ്യസിച്ചു് ആത്മാവു് ജ്ഞാനക്രിയാകർത്താവാണെന്നും, അതുപോലെ ജഡമായ അന്തഃകരണത്തിൽ ചൈതന്യത്തെ അധ്യസിച്ചു് അന്തഃകരണം ജ്ഞാനവിശിഷ്ടമാണെന്നും ലോകവ്യവഹാരം നടന്നുവരുന്നു. 65

സ്വരൂപം ചാത്മനോ ജ്ഞാനം
നിത്യം ജ്യോതിഃശ്രുതേര്യതഃ
ന ബുദ്ധ്യാ ക്രിയതേ തസ്മാ—
ദാത്മനാന്യേന വാ സദാ. 66

അന്വയം: യതഃ ജ്യോതിഃ ശ്രുതേഃ ജ്ഞാനം ആത്മനഃ സ്വരൂപം നിത്യം ച തസ്മാത് (ജ്ഞാനം) ബുദ്ധ്യാ ആത്മനാ അന്യേന വാ സദാ ന ക്രിയതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: 'തദേവ ജ്യോതിഷാം ജ്യോതിഃ' (അതു ജ്യോതിസ്സുകളുടെ ജ്യോതിസ്സാണ്) 'യത്രായം പുരുഷഃ സ്വയംജ്യോതിഃ' (യാതൊരവസ്ഥയിൽ ഈ ആത്മാവ് സ്വയംപ്രകാശമാണ്) എന്നിങ്ങനെയുള്ള നിരവധി ശ്രുതികൾ ആത്മാവിന്നു ജ്ഞാനം സ്വസ്വരൂപവും നിത്യവുമാണെന്നു ഘോഷിക്കുന്നു. അതിനാൽ, അന്തഃകരണമോ, ആത്മാവോ, ഇന്ദ്രിയാദികളോ യതൊരിക്കലും ആത്മാവിൽ ജ്ഞാനത്തെ ഉണ്ടാക്കുന്നില്ല. ആത്മാവ് സ്വയം നിത്യജ്ഞാനസ്വരൂപമാകുന്നു. 66

ദേഹേഽഹം പ്രത്യയോ യദ്വജ്ജ്ഞാനാതീതി ച ലൗകികാഃ
വദന്തി ജ്ഞാനകർത്തൃത്വം തദ്വദ് ബുദ്ധേസ്തഥാത്മനഃ. 67

അന്വയം: യദ്വത് ദേഹേ അഹം പ്രത്യയഃ ജാനാതി ഇതി ച തദ്വത് ലൗകികാഃ ബുദ്ധേഃ തഥാ ആത്മനഃ ജ്ഞാനകർത്തൃത്വം വദന്തി.

സാരം: ലൗകികജനങ്ങളുടെ ഇടയിൽ, ശരീരത്തിൽ, 'ഞാൻ' എന്ന ബോധവും, ജ്ഞാനകത്താവാണ് ശരീരമെന്ന വ്യവഹാരവും കണ്ടുവരുന്നു. അതു് മിഥ്യാജ്ഞാനമാണെന്നതിൽ സംശയമില്ലല്ലൊ. അതുപോലെത്തന്നെ ബുദ്ധി ജ്ഞാനക്രിയയിൽ കർത്താവാണെന്നും ആത്മാവ് ജ്ഞാനത്തിൻെറ ഇരിപ്പിടമാണെന്നും മററും വ്യവഹരിച്ചുവരുന്നു. വാസ്തവത്തിൽ ജ്ഞാനസ്വരൂപമായ ആത്മാവല്ലാതെ മറെറാന്നുമില്ലതന്നെ. 67

ബൗദ്ധൈസ്തു പ്രത്യയൈരേവം
ക്രിയമാണൈശ്ച ചിഹ്നിതൈഃ
മോഹിതാഃ ക്രിയതേ ജ്ഞാന-
മിത്യഹുസ്താർക്കികാ ജനാഃ. 68

അന്വയം: ഏവം ചിഹ്നിതൈഃ ക്രിയമാണൈഃ ബൗദ്ധൈഃ പ്രത്യയൈഃ മോഹിതാഃ താർക്കികാഃ ജനാഃ തു ജ്ഞാനം ക്രിയതേ ഇതി ആഹുഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: മുൻവിവരിച്ചവിധം അന്തഃകരണത്തിൻെറയും, ആത്മാവിൻെറയും പരസ്പരാദ്ധ്യാസം കാരണം ചൈതന്യപ്രതിബിംബത്താൽ ചൈതന്യംപോലെ ഭാസിക്കുന്നവയും ആഗന്തുകങ്ങളുമായ അന്തഃകരണവൃത്തികളെക്കൊണ്ടു് മതിമയങ്ങിയ യുക്തിവാദികൾ ജ്ഞാനം ആഗന്തുകമാണെന്നു് ഭ്രമിച്ചു പറയുന്നു. വാസ്തവത്തിൽ ആത്മസ്വരൂപമായ ജ്ഞാനം നിത്യമത്രെ. 68

തസ്മാജ്ജ്ഞാഭാസബുദ്ധീനാമവിവേകാത് പ്രവർത്തിതാഃ
ജാനാതീത്യാദി ശബ്ദശ്ച പ്രത്യയോ യാച തത് സ്മൃതിഃ

അന്വയം: തസ്മാത് ജാനാതി ഇത്യാദിശബ്ദഃ പ്രത്യയഃ ച യാ തത് സ്മൃതിഃ (സാ) ച ജ്ഞാഭാസ-ബുദ്ധീനാം അവിവേകാത് പ്രവർത്തിതാഃ.

സാരം: അതിനാൽ 'അറിയുന്നു' എന്ന ശബ്ദവും 'ജ്ഞാനം' എന്ന അർത്ഥവും അതിൻെറ സ്മരണവും എല്ലാം തന്നെ ആത്മാവിനേയും, തത്പ്രതിബിംബത്തേയും, അന്തഃകരണത്തേയും വേർതിരിച്ചറിയായ്കയിൽനിന്നുണ്ടായതാണെന്നറിയണം. 69

ആദർശാനുവിധായിത്വം ഛായായാ അസ്യതേ മുഖം
ബുദ്ധിധർമ്മാനുകാരിത്വം ജ്ഞാഭാസസ്യ തഥേഷ്യതേ.

അന്വയം: ഛായായാഃ ആദർശാനുവിധായിത്വം മുഖം അസ്യതേ തഥാ ജ്ഞാഭാസസ്യ ബുദ്ധിധർമ്മാനു-കാരിത്വം ഇഷ്യതേ.

സാരം: കണ്ണാടിയിലുള്ള കറുപ്പുപുള്ളികൾ മുതലായ ദോഷങ്ങൾ പ്രതിബിംബിച്ച മുഖത്തിലും കാണുന്നതിനാൽ മുഖത്തു ദോഷങ്ങൾ ആരോപിക്കുന്നതുപോലെ, അന്തഃകരണപ്രതിബിംബമായ ആത്മചൈതന്യത്തിലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർത്തൃത്വാദിഗുണങ്ങളേയും ആത്മാവിൽ സ്വതവേ നിർഗ്ഗുണവും നിഷ്ക്രിയവുമായ ആത്മാവിൽ ആരോപിച്ചു വ്യവഹരിച്ചുവരുന്നു. 70

ബുദ്ധേസ്തു പ്രത്യയാസ്തസ്മാദാത്മാഭാസേന ദീപിതാഃ
ഗ്രാഹികാ ഇവ ഭാസന്തേ ദഹന്തീവോല്മുകാദയഃ. 71

അന്വയം: തസ്മാത് ഉല്മുകാദയഃ ദഹന്തി ഇവ ആത്മാഭാസേന ദീപിതാഃ ബുദ്ധേഃ പ്രത്യയാഃ തു ഗ്രാഹികാഃ ഇവ ഭാസന്തെ.

സാരം; അതിനാൽ ഇത്രയും സിദ്ധമായി. ആത്മചൈതന്യം പ്രതിഫലിച്ച അന്തഃകരണവൃത്തികൾ പ്രത്യക്ഷാദിജ്ഞാനമുണ്ടാക്കുന്നതുപോലെ തോന്നിക്കുന്നു. വാസ്തവത്തിൽ പ്രത്യക്ഷാദിജ്ഞാനം അന്തഃകരണവൃത്തികളേയും തത്പ്രതിബിംബമായ ചൈതന്യത്തേയും അന്യോന്യം ആരോപിക്കുന്നതുകൊണ്ട് വെറും തോന്നൽ മാത്രമാകുന്നു. ജ്ഞാനം ആത്മസ്വരൂപമാകുന്നു. ഇതിന്നുദാഹരണം ഇരുമ്പുകട്ടയും വിറകുകൊള്ളിയും ചുട്ടു പൊള്ളിക്കുന്നതായിത്തോന്നിക്കുന്നു. യഥാർത്ഥത്തിൽ അവയിലുള്ള അഗ്നിക്കല്ലാതെ മരത്തിന്നോ ഇരുമ്പിന്നോ പൊള്ളിക്കുവാനുള്ള ശക്തിയില്ലല്ലൊ. അതുപോലെ തന്നെ പ്രകൃതത്തിലും എന്നു സാരം. 71

സ്വയമേവാവഭാസ്യന്തേ ഗ്രാഹകാഃ സ്വയമേവ ച
ഇത്യേവം ഗ്രാഹകാസ്തിത്വം പ്രതിഷിദ്ധ്യന്തി സൗഗതാഃ.

അന്വയം: സൗഗതാഃ സ്വയം ഏവ അവഭാസ്യന്തേ സ്വയം ഏവ ച ഗ്രാഹകാഃ ഇതി ഏവം ഗ്രാഹകാസ്തിത്വം പ്രതിഷിദ്ധ്യന്തി.

സാരം: ഇവിടെ ബൗദ്ധചിന്തകന്മാർ അദ്വൈതികളെപ്പോലെ ജ്ഞാതാവായ സാക്ഷിയെ അംഗീകരിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നില്ല. അന്തഃകരണവൃത്തികൾ സ്വയം അറിയുകയും അറിയപ്പെടുകയും ചെയ്യുന്നു. അതാണ് ജ്ഞാനം എന്ന് അവർ പറയുന്നു.

യദ്യേവം നാന്യദൃശ്യാസ്തേ കിം തദ്വാരണമുച്യതാം
ഭാവാഭാവൗ ഹി തേഷാം യൗ നാന്യഗ്രാഹ്യൗ സതാ യദി.

അന്വയീ ഗ്രാഹകസ്തേഷാമിത്യേതദപി തത്സമം
അചിതിത്വസ്യ തുല്യത്വാദന്യസ്മിൻ ഗ്രാഹകേ സതി. 74

അന്വയം: ഏവം തേ യദി ന അന്യദൃശ്യാഃ തദ്വാരണം കിം? ഉച്യതാം തേഷാം ഭാവാഭാവൗ സതാ അന്യഗ്രാഹ്യൗ യദി ന തേഷാം ഗ്രാഹകാ അന്വയീ ഇതി ഏതദ് അപി അന്യസ്മിൻ ഗ്രാഹകേ സതി അചിതി--ത്വസ്യ തുല്യത്വാത് തത്സമം.

സാരം: ഇങ്ങനെ ബുദ്ധിപ്രത്യയങ്ങളെ അറിയുന്നൊരു സാക്ഷി വേറെയില്ലെന്നു പറയുന്ന ബൗദ്ധചിന്തകന്മാരെ എങ്ങനെ നിരാകരിക്കാം? ബുദ്ധിപ്രത്യയങ്ങളുടെ ഉണ്മയേയും ഇല്ലായ്മയേയും അറിയുന്ന ഒരു സ്വതഃ സിദ്ധമായ വസ്തു വേണമല്ലൊ എന്നാണെങ്കിൽ, അതിൻെറ പ്രതിബിംബത്തെ അംഗീകരിക്കേണ്ട ആവശ്യമെന്ത്? നിത്യവും, എല്ലാ പ്രത്യയങ്ങളിലും അനുവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഒന്നിനെ അംഗീകരിക്കുന്നതുകൊണ്ടു പോംവഴിയില്ല. ആ വസ്തുവും ബൗദ്ധ്യപ്രത്യയങ്ങളെപ്പോലെത്തന്നെ ജഡവസ്തുവാകുവാനല്ലേ തരമുള്ളൂ. 73,74

അദ്ധ്യക്ഷസ്യ സമീപേ തു സിദ്ധിഃ സ്യാദിതി ചേന്മതം
നാദ്ധ്യക്ഷേഽനുപകാരിത്വാദന്യത്രാപി പ്രസംഗതഃ 75

അന്വയം: അദ്ധ്യക്ഷസ്യ സമീപേ സിദ്ധിഃ സ്യാത് ഇതി തു മതം ചേത് ന അദ്ധ്യക്ഷേ അനുപകാരിത്വാത് അന്യത്ര അപി പ്രസംഗതഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം; സാക്ഷിചൈതന്യമല്ല, സാക്ഷിയുടെ സാന്നിദ്ധ്യം മാത്രമാണ് അന്തഃകരണവൃത്തിരൂപങ്ങളായ ജ്ഞാനങ്ങളെ ഉണ്ടാക്കുന്നതെന്നാണ് പക്ഷമെങ്കിൽ അതും ശരിയല്ല. കാരണം അവികാരിയായ സാക്ഷി അങ്ങിനെയാണെങ്കിൽ എന്തിനാണ്? മാത്രമല്ല, സാക്ഷിസാന്നിദ്ധ്യം എല്ലായിടത്തുമുള്ളതിനാൽ അചേതനങ്ങളായ വസ്തുക്കളിൽപോലും ജ്ഞാനവൃത്തികളുണ്ടാകുകയും ചെയ്യും. 75

അർത്ഥി ദുഃഖീ ച യഃ ശ്രോതാ സഃ ത്വദ്ധ്യക്ഷോഽഥവേതരഃ
അദ്ധ്യക്ഷസ്യ ച ദുഃഖിത്വമർത്ഥിത്വം ച ന തേ മതം. 76

കർത്താദ്ധ്യക്ഷഃ സദസ്മീതി നൈവ സദ്ഗ്രഹമർഹതി
സദേവാസീതി മിഥ്യോക്തിഃ ശ്രുതേരപി ന യുജ്യതേ.

അവിവേച്യോഭയം വക്തി ശ്രുതിശ്ചേത്സ്യാദ്ഗ്രഹസ്തഥാ
അസ്മദസ്മ വിവിച്യൈവ ത്വമേവേതി വദേദ്യദി

പ്രത്യയാന്വയിനിഷ്ഠത്വമുക്തദോഷഃ പ്രസജ്യതേ. 78

അന്വയം: യഃ അർത്ഥീ ദുഃഖീച ശ്രോതാ സഃ തു അദ്ധ്യക്ഷഃ അഥവാ ഇതരഃ തേ അദ്ധ്യക്ഷസ്യ ദുഃഖിത്വം അർത്ഥിത്വം ച ന മതം കർത്താ അദ്ധ്യക്ഷഃ സദ് അസ്മി ഇതി സദ്ഗ്രഹം നഃ അർഹതി ഏവ സദ് ഏവ അസി ഇതി മിഥ്യോക്തിഃ ശ്രുതേഃ അപി ന യുജ്യതേ ശ്രുതിഃ ഉഭയം അവിവിച്യ വക്തി ചേത് തഥാ ഗ്രഹഃ സ്യാത് അസ്മദഃ വിവിച്യ ഏവ ത്വം ഏവ ഇതി പ്രത്യയാ- ന്വയീനിഷ്ഠത്വം യദി വദേത് ഉക്ത ദോഷഃ പ്രസജ്യതേ.

സാരം: ദുഃഖം അനുഭവിക്കുന്നവനും ദോഷം ആഗ്രഹിക്കുന്നവനുമായ ഉപദേശശ്രോതാവാണോ ഈ ജ്ഞാതാവ് (സാക്ഷി) അതോ മററു വല്ലവരുമോ എന്നു സംശയം. ഇതിൽ ആദ്യത്തെ പക്ഷം ശരിയാവില്ല. വേദാന്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുടെ മതപ്രകാരം സാക്ഷിയായ ജ്ഞാതാവിന് ദുഃഖവും അർത്ഥിതയും ഇല്ല. സർവ്വവികാരരഹിതമാണ് ചൈതന്യം. അല്ല, ജ്ഞാതാവും ശ്രോതാവും ഭിന്നമാണെങ്കിൽ, കർത്തൃത്വാദിധർമ്മങ്ങളുള്ളവനായി പറയപ്പെടുന്ന ശ്രോതാവ് സദ്രൂപമായ ജ്ഞാതാവാണെന്ന് ഗ്രഹിക്കുക സാദ്ധ്യമല്ല. സദ്രൂപമാണ് നീ എന്ന ശ്രുതിയും തെററായൊരു ധാരണയുണ്ടാക്കുന്നതായി വിചാരിക്കുകവയ്യല്ലൊ. എന്നാൽ ആത്മാവിനേയും അഹങ്കാരത്തേയും വേർതിരിക്കാതെയാണ് ശ്രുതി ഈ വിധം ഉപദേശിക്കുന്നതെങ്കിൽ 'സദ്രൂപമാണ് ഞാൻ' എന്ന ജ്ഞാനം സംഭവിക്കാം. ആത്മാവിൽനിന്ന് വേർതിരിച്ച അഹങ്കാരനിഷ്ഠതയാണ് 'നീ അതാണ്' എന്നുള്ളതുകൊണ്ട് ഉപദേശിക്കുന്നതെങ്കിൽ മുൻപറഞ്ഞ ദോഷം—ശ്രുതി വെറുംവാക്കാണ് പറയുന്നതെന്ന ദോഷം വന്നുകൂടുകയും ചെയ്യും.

ത്വമിത്യദ്ധ്യക്ഷനിഷ്ഠശ്ചേദഹമദ്ധ്യക്ഷയോഃ കഥം
സംബന്ധോ വാച്യ ഏവാത്ര യേന ത്വമിതി ലക്ഷയേത്

അന്വയം: ത്വമിതി അദ്ധ്യക്ഷനിഷ്ഠഃ ചേത് അഹം അദ്ധ്യക്ഷയോഃ അത്ര കഥം സംബന്ധ ഏവ വാച്യഃ യേന ത്വം ഇതി ലക്ഷയേത്.

സാരം: 'നീ' എന്നതുകൊണ്ട് സാക്ഷിയെ ആണ് കുറിക്കുന്നതെന്നു പറയുന്നപക്ഷം, അഹങ്കാരത്തിനും സാക്ഷിക്കും തമ്മിലുള്ള ബന്ധം ഇന്നതെന്നു പറയേണ്ടി വരും. ഒരു ബന്ധംവെച്ചുകൊണ്ടു വേണമല്ലൊ ലക്ഷണാവൃത്തികൊണ്ടെങ്കിലും 'നീ'യെന്ന പദം സാക്ഷിയെ കുറിക്കാൻ.

ദ്രഷ്ടൃദൃശ്യത്വസംബന്ധോ യദ്യദ്ധ്യക്ഷേഽക്രിയേ കഥം 80

അന്വയം: യദി ദ്രഷ്ടൃദൃശ്യത്വസംബന്ധഃ അക്രിയേ അദ്ധ്യക്ഷേ കഥം?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സാക്ഷി ദ്രഷ്ടാവ്, അഹങ്കാരം ദൃശ്യം എന്നിങ്ങനെ ദ്രഷ്ടൃദൃശ്യസംബന്ധമാണ് അഹങ്കാരസാക്ഷികാംക്കുള്ളതെന്നു പറയുവാൻ കഴിയുകയില്ല. ക്രിയാരഹിതനായ സാക്ഷിക്കു ദ്രഷ്ടൃത്വം എന്ന ക്രിയ എങ്ങനെ സംഭവിക്കാം? അതു വച്ചുകൊണ്ടു വേണമല്ലൊ അങ്ങനെ ഒരു സംബന്ധം കല്പിക്കാൻ. 80

അക്രിയത്വേഽപി താദാത്മ്യമദ്ധ്യക്ഷസ്യ ഭവേദ്യദി
ആത്മാദ്ധ്യക്ഷോമമാസ്തീതി സംബന്ധാഗ്രഹണേ ന ധീഃ

അന്വയം: അക്രിയത്വേ അപി അദ്ധ്യക്ഷസ്യ താദാത്മ്യം യദി ഭവേത് മമ ആത്മാ അദ്ധ്യക്ഷഃ അസ്തി ഇതി സംബന്ധാഗ്രഹണേ ന ധീഃ.

സാരം: സാക്ഷി ക്രിയാരഹിതമെങ്കിലും അഹങ്കാരത്തിനും സാക്ഷിക്കും ഐക്യം എന്തുകൊണ്ടുണ്ടായിക്കൂടാ എന്നാണെങ്കിൽ പറയാം: എന്റെ ആത്മാവ് സാക്ഷി തന്നെയാണ് എന്നിങ്ങനെയുള്ള താദാത്മ്യസംബന്ധം അറിയാതിരിക്കവേ അഹങ്കാരവും സാക്ഷിയും ഒന്നാണെന്ന ബോധം എങ്ങനെയുണ്ടാകും 81

സംബന്ധഗ്രഹണം ശാസ്ത്രാ—
ദിതി ചേന്മന്യസേ നഹി
പൂർവ്വോക്താഃ സ്യുസ്ത്രിധാ ദോഷാ
ഗ്രഹോ വാ സ്യാന്മമേതി ച. 82

അന്വയം: സംബന്ധഗ്രഹണം ശാസ്ത്രാത് ഇതി മന്യസേ ചേത് നഹി പൂർവ്വോക്താഃ ത്രിധാദോഷാഃ സ്യുഃ 'മമ' ഇതി ഗ്രഹഃ വാ സ്യാത് ച.

സാരം: അഹങ്കാരത്തിനും സാക്ഷിക്കും തമ്മിലുള്ള സംബന്ധം ശ്രുതികൊണ്ടു സിദ്ധിക്കുമെന്നു പറയുന്നതും യുക്തമല്ല. അങ്ങനെയായാൽ മുൻപറഞ്ഞുകഴിഞ്ഞ മൂന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദോഷങ്ങളും വരും. അതായത് അഹങ്കാരം അചേതനമാകയാലും സാക്ഷി വികാരരഹിതമാകയാലും അവസ്ഥ് ഓരോന്നിനും സംബന്ധജ്ഞാനം ഉണ്ടാവുകയില്ല. അചേതനമായ അഹങ്കാരമാണ് ആത്മാവെന്ന് ശ്രുതിയൊട്ടുപദേശിക്കുകയുമില്ല. അഥവാ സംബന്ധജ്ഞാനമുണ്ടാകുന്നപക്ഷം 'എൻെറ' എന്ന സംബന്ധമാകും. താദാത്മ്യമാവുകയില്ല. 82

അദൃശിർദൃശിരൂപേണ
ഭാതി ബുദ്ധിർയദാ തദാ
പ്രത്യയാ അപി തസ്യാഃ സ്യു-
സ്തപ്തായോ വിസ്ഫുലിംഗവത്. 83

അന്വയം: യദാ അദൃശിഃ ബുദ്ധിഃ ദൃശിരൂപേണ ഭാതി തദാ തസ്യാഃ പ്രത്യയാഃ തപ്തായോ വിസ്ഫുലിംഗ-വത് സ്യുഃ.

സാരം: ഇങ്ങനെ പരപക്ഷത്തിൽ അന്തഃകരണത്തിന്നും ആത്മാവിന്നുമുള്ള സംബന്ധജ്ഞാനം അസാദ്ധ്യമാണെന്നു കാണിച്ചതിന്നുശേഷം സിദ്ധാന്തം പറയുന്നു. അചേതനമായ ബുദ്ധി ചേതനമായ ആത്മാവിൻെറ പ്രതിബിംബത്തെ വഹിച്ച് ചേതനമെന്നപോലെ തോന്നിക്കുമ്പോൾ അതിൽനിന്ന് വിജ്ഞാനങ്ങളുദിക്കുകയും നശിക്കുകയും ചെയ്യുന്നപോലെ തോന്നുന്നു. ചുട്ടു പഴുത്ത ഇരുമ്പുകട്ടയിൽനിന്ന് തീപ്പൊരികൾ ഉയരും പോലെയാണത്. പൊരികൾ വാസ്തവത്തിൽ അഗ്നിയുടേതാണ്. ഇരുമ്പിൻെറയല്ല. എങ്കിലും ഇരുമ്പിൽ നിന്നാണവ ഉയരുന്നത്. അതായത് സ്വപക്ഷത്തിൽ അഹങ്കാരത്തിന്നും ആത്മാവിന്നും തമ്മിലുള്ള ബന്ധം മിഥ്യാതാദാത്മ്യമാണെന്നു സാരം. 83

ആഭാസസ്തദഭാവശ്ച ദൃശേഃ സിദ്ധോ ന ചാന്യഥാ
ലോകസ്യ യുക്തിതഃ സ്യാതാം തദ്ഗ്രഹശ്ച തഥാസതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ലോകസ്യ ആഭാസഃ തദഭാവഃ ച സ്വീക്ഷഃ ദൃശേ ന ച അന്യഥാ യുക്തിതഃ സ്യാതാം തഥാ സതി തദ്ഗ്രഹഃ ച.

സാരം: എല്ലാററിന്നുമവധിയായി നില്ക്കുന്ന ആത്മ ചൈതന്യംനിമിത്തമാണ് ബുദ്ധിയിൽ വിജ്ഞാനങ്ങളുദിക്കുന്നതായും നശിക്കുന്നതായും ജനങ്ങൾക്കനുഭവമുണ്ടാകുന്നതു്. അല്ലാതെ, ജഡമായ ബുദ്ധിക്കു ജ്ഞാനമൊന്നുമില്ല. അങ്ങനെ ചൈതന്യാഭാസത്തെ അംഗീകരിക്കുമ്പോൾ ചൈതന്യാഭാസത്തോടുകൂടിയ ബുദ്ധിക്കു് താൻ ബ്രഹ്മമാണെന്ന ജ്ഞാനവും ഉണ്ടാവുന്നതിൽ അയുക്തിയൊന്നുമില്ല. 84

നത്വേവം ദൃശിസംക്രാന്തിരയഃപിണ്ഡേഗ്നിവദ്ഭവേത്
മുഖാഭാസവദിത്യേതദാദർശേ തന്നിരാകൃതം. 85

അന്വയം: നനു ഏവം അയഃപിണ്ഡേ അഗ്നിവത് ദൃശിസംക്രാന്തിഃ ഭവേത് ഏതത് തത് ആദർശേ മുഖാഭാസവത് ഇതി നിരാകൃതം.

സാരം: ആത്മാവിന്റെ സ്വരൂപമായ ജ്ഞാനമാണ് ബുദ്ധിയിൽ പകന്നു് ബുദ്ധിയുടെ ധർമ്മമെന്നപോലെ തോന്നിക്കുന്നതു്. എന്നാണല്ലൊ ഇതിന്നുമുമ്പു പറഞ്ഞതു്. ഈ പക്ഷത്തിൽ ആത്മാവിന്റെ സ്വരൂപമായ ജ്ഞാനം തീ ഇരുമ്പുകട്ടയിലെന്നപോലെ ബുദ്ധിയിലേയ്ക്കു പകരുന്നതായി കല്പിക്കുമ്പോൾ ആത്മാവു് സവികാരമാണെന്നു വന്നുകൂടുമല്ലൊ എന്നു് ആശങ്ക. അതിനുത്തരം: കണ്ണാടിയിൽ മുഖം പ്രതിബിംബിക്കുന്നതുപോലെ ബുദ്ധിയിൽ ആത്മസ്വരൂപമായ ജ്ഞാനം പ്രതിബിംബിക്കുന്നു. എന്നാണ് മുൻപു് പറഞ്ഞതു്. ബുദ്ധിയിൽ തോന്നുന്ന ജ്ഞാനസംക്രമണം കണ്ണാടിയിലെ മുഖപ്രതിബിംബംപോലെ മിഥ്യയാണെന്നർത്ഥം. 85

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണായോ ലോഹിതാഭാസമിത്യേതദ്ദൃഷ്ടമുച്യതേ
ദൃഷ്ടദാർഷ്ടാന്തതുല്യത്വം ന തു സർവ്വാത്മനാ ക്വചിത്. 86

അന്വയം: കൃഷ്ണായഃ ലോഹിതാഭാസം ഇത്യേതത് ദൃഷ്ടം ഉച്യതേ, ക്വചിത് ദൃഷ്ടദാർഷ്ടാന്തതുല്യത്വം സർവ്വാത്മനാ ന തു.

സാരം: ജഡമായ ബുദ്ധി ജ്ഞാനധർമ്മമുള്ളതുപോലെ തോന്നുന്നു എന്ന ദാർഷ്ടാന്തികത്തെ വിവരിക്കുവാനായി കാരിരുമ്പ (തീയോടു ചേരുമ്പോൾ) ചുവപ്പുനിറമുള്ളതായിത്തോന്നുന്നതുപോലെ എന്ന ദൃഷ്ടാന്തം കൊടുക്കുന്നു എന്നേയുള്ളു. അതുകൊണ്ട് എല്ലാ അംശങ്ങളിലും ഇരുമ്പും ബുദ്ധിയും ഒന്നുപോലാണെന്നു വരില്ല. ഒരിടത്തും ദൃഷ്ടാന്തദാർഷ്ടാന്തികങ്ങൾക്ക് എല്ലാ അംശത്തിലും തുല്യത കാണാൻ കഴിയില്ല. 86

തഥൈവ ചേതനാഭാസം ചിത്തം ചൈതന്യവദ്ഭവേത്
മുഖാഭാസോ യഥാദർശേ ആഭാസശ്ചോദിതോ മൃഷാ. 87

അന്വയം: യഥാ ആദർശേ മുഖാഭാസഃ തഥൈവ ചേതനാഭാസം ചിത്തം ചൈതന്യവത് ഭവേത് ആഭാസഃ ച മൃഷാ ഉദിതഃ.

സാരം: അതിനാൽ ആത്മാവിൻെറ പ്രതിബിംബത്തോടുകൂടിയ ജഡമായ ബുദ്ധി ജ്ഞാനധർമ്മമുള്ളതാണെന്ന് പറയപ്പെടുന്നു. മുഖപ്രതിബിംബമുള്ളതായ കണ്ണാടിയിൽ മുഖമുണ്ടെന്നു പറയുന്നതുപോലെതന്നെ പ്രതിബിംബം മിഥ്യയാണെന്ന വസ്തുത പറഞ്ഞു കഴിഞ്ഞതുമാണ്. 87

ചിത്തം ചേതനമിത്യേതച്ഛാസ്ത്രയുക്തിവിവർജ്ജിതം
ദേഹസ്യാപി പ്രസംഗഃ സ്യാച്ചക്ഷുരാദേസ്തഥൈവ ച.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ചിത്തം ചേതനം ഇത്യേതത് ശാസ്ത്ര-യുക്തിവിവജ്ജിതം ദേഹസ്യ അപി തഥൈവ ചക്ഷു-രാദേഃ പ്രസങ്ഗഃ സ്യാത്.

സാരം: ബുദ്ധി (അന്തഃകരണം) ചേതനമാണെന്നു പറയുന്നതു ശാസ്ത്രത്തിന്നും യുക്തിക്കും യോജിച്ചതല്ല. അതുമല്ല അങ്ങനെ പറയുന്നപക്ഷം ശരീരവും ചക്ഷുരാദീന്ദ്രിയങ്ങളും ചേതനങ്ങളാണെന്നു പറയേണ്ടിവരും. 88

തദപ്യസ്തിതി ചേത്തന്ന ലോകായതികസംഗതേഃ
ന ച ധീർദൃശിരസ്തീതി യദ്യാഭാസോ ന ചേതസി. 88

അന്വയം: തദപി അസ്തു ഇതി ചേത് തത് ന ലോകായതികസംഗതേഃ ചേതസി യദി ന ആഭാസഃ ദൃശിഃ അസ്തി ഇതി ധീഃ ന ച.

സാരം: ശരീരാദികൾക്കും ചൈതന്യമുണ്ടെന്നു സമ്മതിക്കാമെന്നാണെങ്കിൽ അതു ശരിയല്ല. അപ്പോൾ അതു് ചാർവാകപക്ഷംതന്നെയായിത്തീരും. മാത്രമല്ല, ബുദ്ധിയിൽ ആത്മാഭാസം ഇല്ലാത്തപക്ഷം താൻ ബ്രഹ്മമാണു് എന്ന ജ്ഞാനമുണ്ടാകുവാനും നിവൃത്തിയില്ല. 89

സദസ്തീതി ധിയോ/ഭാവേ വ്യർത്ഥം സ്യാത്തത്ത്വമസ്യപി
യുഷ്മദസ്മദ്വിഭാഗജ്ഞേ സ്യാദർത്ഥവദിദം വചഃ. 90

അന്വയം: സദ് അസ്തി ഇതി ധിയഃ അഭാവേ തത്ത്വമസി അപി വ്യർത്ഥം സ്യാത് ഇദം വചഃ യുഷ്മ-ദസ്മദ്വിഭാഗജ്ഞേ അർത്ഥവത് സ്യാത്.

സാരം: 'ഞാൻ ബ്രഹ്മമാണു്' എന്ന ജ്ഞാനമുണ്ടാകുന്നില്ലെങ്കിൽ 'നീ അതാകുന്നു' എന്ന ഉപദേശത്തിന്നും അർത്ഥമില്ലാതാകും. ആത്മാനാത്മവിവേകമുള്ളവനെ സംബന്ധിച്ചിടത്തോളംമാത്രമേ ഈ വാക്യ് അർത്ഥവത്തായിത്തീരുകയുള്ളൂ. 90

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമേദം പ്രത്യയൗ ജ്ഞേയൗ യുഷ്മദ്യേവ ന സംശയഃ
അഹമിത്യസ്മദീഷ്ടഃ സ്യാദയമസ്മീതി ചോഭയോഃ. 91

അന്വയം: മമേദം പ്രത്യയൗ യുഷ്മദി ഏവ ജ്ഞേയൗ ന സംശയഃ അഹമിതി അസ്മദി അയമസ്മി ഇതി ഉഭയോഃ ച ഇഷ്ടഃ.

സാരം: 'എൻെറ' എന്നും 'ഇതു്' എന്നുമുള്ള ബോധങ്ങരം അനാത്മാവിനെസംബന്ധിക്കുന്നവയാണു്. 'ഞാൻ' എന്ന ബോധം ആത്മപ്രതിബിംബത്തോടു കൂടിയ അഹങ്കാരത്തെക്കുറിക്കുന്നതും 'ഇതു് ഞാനാകുന്നു' എന്ന ബോധം ആത്മാനാത്മാക്കളെ രണ്ടിനേയും കുറിക്കുന്നതുമാണു്. 91

അന്യോന്യാപേക്ഷയാ തേഷാം പ്രധാനഗുണതേഷ്യതേ
വിശേഷണവിശേഷ്യത്വം തഥാ ഗ്രാഹ്യം ഹി യുക്തിതഃ

അന്വയം: അന്യോന്യാപേക്ഷയാ, തേഷാം പ്രധാനഗുണതാ ഇഷ്യതേ തഥാ വിശേഷണവിശേഷ്യത്വം യുക്തിതഃ ഗ്രാഹ്യം ഹി.

സാരം: ആത്മാനാത്മാക്കളെ സംബന്ധിച്ച ആശയങ്ങരം പരസ്പരം ബന്ധപ്പെട്ടവയാകയാൽ, അവയ്ക്കു തമ്മിലുള്ള പ്രാധാന്യാപ്രാധാന്യങ്ങളും വിശേഷണവിശേഷ്യഭാവവും യുക്തികൊണ്ടു് മനസ്സിലാക്കേണ്ടതാകുന്നു. 92

മമേദം ദ്വയമപ്യേതന്മദ്ധ്യമസ്യ വിശേഷണം
ധനീ ഗോമാൻ യഥാ തദ്വദ്ദേഹോ/ഹംകർത്തൃരേവ ച. 93

അന്വയം: മമ ഇദം ഏതദ് ദ്വയം അപി മദ്ധ്യമസ്യ വിശേഷണം ധനീ ഗോമാൻ യഥാ തദ്വത് ഏവ ദേഹഃ ച അഹം കർത്തൃഃ.

സാരം: ധനമുള്ളവൻ പശുക്കളുള്ളവൻ എന്നീ ജ്ഞാനങ്ങളെപ്പോലെ 'എൻെറ' 'എന്നും' 'ഇതു്' എന്നുമുള്ള'

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്ഞാനവും അഹങ്കാരത്തിൻെറ വിശേഷണങ്ങളാകുന്നു. അതുപോലെ ദേഹവും (എൻെറ ദേഹം മുതലായ ജ്ഞാനങ്ങളിൽ) അഹങ്കാരത്തിൻെറ വിശേഷണംതന്നെ. 93

ബുദ്ധ്യാരൂഢം സദാ സർവ്വം
സാഹംകർത്ത്രാ ച സാക്ഷിണഃ
തസ്മാത് സർവ്വാവഭാസോ ജ്ഞഃ
കിംചിദപ്യസ്പൃശൻസദാ 94

അന്വയം: സാഹംകർത്ത്രാ ബുദ്ധ്യാരൂഢം സർവ്വം സദാ സാക്ഷിണഃ തസ്മാത് ജ്ഞഃ സദാ കിംചിദ് അപി അസ്പൃശൻ സർവ്വാവഭാസഃ.

സാരം: ബുദ്ധിയും അഹങ്കാരവും തദ്വിഷയങ്ങളായ സ്ഥൂലസൂക്ഷ്മാദിശരീരങ്ങളും എല്ലാംതന്നെ സാക്ഷിചൈതന്യത്തിൻെറ വിശേഷണങ്ങളാകുന്നു. സാക്ഷിചൈതന്യത്തിന് കൈങ്കര്യമനുഷ്ഠിക്കുന്നവയാണെന്നു സാരം. അതിനാൽ ആത്മാവ് അസംഗനായിരുന്നുകൊണ്ട് എല്ലാററിനേയും എപ്പോഴും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. ആത്മാവുതന്നെ ജ്ഞാനസ്വരൂപമെന്നു താല്പര്യം.

പ്രതിലോമമിദം സർവ്വം യഥോക്തം ലോകബുദ്ധിതഃ
അവിവേകധിയാമസ്തി നാസ്തി സർവ്വം വിവേകിനാം. 95

അന്വയം: ലോകബുദ്ധിതഃ യഥോക്തം ഇദം പ്രതിലോമം സർവ്വം അവിവേകധിയാം അസ്തി വിവേകിനാം സർവ്വം നാസ്തി.

സാരം: മുൻശ്ലോകങ്ങളിൽ വിവരിച്ച വിശേഷ്യവിശേഷണാദിഭാവങ്ങളുള്ള ഈ അനാത്മവസ്തുക്കളെല്ലാം അവിവേകികളുടെ ദൃഷ്ടിയിൽ ഉള്ളവയാണ്; വിവേകികൾക്ക് (ആത്മാവൊഴിച്ച്) എല്ലാം ഇല്ലാത്തതാണ്. 95

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയവ്യതിരേകൗ ഹി പദാർത്ഥസ്യ പദസ്യ ച
സ്യാദേതദഹമിത്യത്ര യുക്തിരേവാവധാരണേ. 96

അന്വയം: പദാർത്ഥസ്യ പദസ്യ ച അന്വയവ്യതിരേകൗ ഏതദ് അഹം ഇതി അത്ര അവധാരണേ യുക്തിഃ ഏവ സ്യാത് ഹി.

സാരം: പദാർത്ഥത്തിൻേറയും പദത്തിൻേറയും അന്വയവ്യതിരേകങ്ങൾ ആത്മാനാത്മവിവേകനിശ്ചയത്തിനുള്ള പ്രമാണമാകുന്നു എന്നാണീ ശ്ലോകംകൊണ്ടു പറയുന്നതു്. പദാർത്ഥത്തിൻെറ അന്വയവ്യതിരേകങ്ങളെന്നാൽ ആത്മാവെന്ന പദാർത്ഥം ദ്രഷ്ടാവാണു്; സാക്ഷിയാണു്; സ്വതസ്സിദ്ധമാണു്; അനന്യാശ്രയമാണു്. അഹങ്കാരംമുതൽ വിഷയങ്ങൾവരെയുള്ള പദാർത്ഥങ്ങളാകട്ടെ, സാക്ഷ്യവും ദൃശ്യവും അന്യാശ്രയവുമാണു് എന്നു ചിന്തനം. പദത്തിൻെറ അന്വയവ്യതിരേകങ്ങളെന്നാൽ, ആത്മാചൈതന്യം, ജ്ഞാനം ബ്രഹ്മം എന്നീ പദങ്ങളെല്ലാം കേവലാത്മാവിനെ പറയുന്നവയാണു്. കർത്താ; ഭോക്താ, ജ്ഞാതാ, ദ്രഷ്ടാ, വക്താ തുടങ്ങിയ പദങ്ങളെല്ലാം അഹങ്കാരാദിസഹിതമായ അപൂർണ്ണാത്മാവിനെ പറയുന്നവയാണു് എന്ന വിവേകചിന്തതന്നെ. ഇങ്ങനെയുള്ള ആത്മവിഷയമായ അനുകൂലപ്രതികൂലതർക്കങ്ങൾ ആത്മവിവേചനത്തിനുള്ള ഉപായംമാത്രമാണു്. അതുകൊണ്ടു് 'തത്വമസി' എന്ന വാക്യംകൊണ്ടുള്ള യഥാർത്ഥബോധമുണ്ടാകുന്നതുവരെ ആ വിവേകജ്ഞാനം മാത്രം ആത്മബോധസമർപ്പകമായിത്തീരുന്നില്ലെന്നു സാരം.

നാദ്രാക്ഷമഹമിത്യസ്മിൻ സുഷുപ്തേഽന്യന്മനാഗപി
ന വാരയതി ദൃഷ്ടിം സ്വാം പ്രത്യയം തു നിഷേധതി. 97

അന്വയം: അഹം സുഷുപ്തേ മനാക് അപി അന്യത് ന അദ്രാക്ഷം ഇതി അസ്മിൻ സ്വാം ദൃഷ്ടിം ന വാരയതി പ്രത്യയം തു നിഷേധതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സുഷുപ്തിയിൽ 'ഞാൻ ഒന്നുംതന്നെ അല്പവും അറിഞ്ഞില്ല' എന്ന ബോധം ആത്മസ്വരൂപമായ ജ്ഞാനത്തെ നിഷേധിക്കുന്നില്ല; അറിയുന്നവൻ അറിയപ്പെടുന്ന വസ്തു അറിയൽ എന്നിങ്ങനെയുള്ള ബോധത്തെയാണ് നിഷേധിക്കുന്നത്. ദ്രഷ്ടാവായ ആത്മാവ് അപ്പോഴും ഉള്ളതുതന്നെ എന്ന് അഭിപ്രായം. 97

സ്വയംജ്യോതിർ ന ഹി ദ്രഷ്ടു-
രിത്യേവം സംവിദോഽസ്തിതാം
കൗടസ്ഥ്യം ച തഥാ തസ്യാഃ
പ്രത്യയസ്യ തു ലുപ്തതാം

സ്വയമേവാബ്രവീച്ഛാസ്ത്രം പ്രത്യയാവഗതീ പൃഥക്. 98

അന്വയം: സ്വയംജ്യോതിഃ നഹിദ്രഷ്ടുഃ ഇതി ഏവം ശാസ്ത്രം സ്വയം ഏവ സംവിദഃ അസ്തിതാം തഥാ തസ്യാഃ കൗടസ്ഥ്യം പ്രത്യയസ്യ തു ലുപ്തതാം പ്രത്യയാ-വഗതീ പൃഥക് അബ്രവീത്.

സാരം: 'അത്രായം പുരുഷഃ സ്വയംജ്യോതി' 'നഹി ദ്രഷ്ടുർ ദ്രഷ്ടേർവിപരിലോപോ വിദ്യതേ' എന്നീ ശ്രുതിവാക്യങ്ങൾ, ദ്രഷ്ടൃരൂപമായ ജ്ഞാനം നിത്യമായി എപ്പോഴും ഉള്ളതാണെന്നും, അന്തഃകരണവൃത്തിരൂപങ്ങളായ ബോധങ്ങൾ അനിത്യങ്ങളാണെന്നും, അങ്ങനെ ജ്ഞാനവും ബോധവും വിഭിന്നമാണെന്നും മുക്തകണ്ഠം പറഞ്ഞിരിക്കുന്നു. 98

ഏവം വിജ്ഞാതവാക്യാർത്ഥേ ശ്രുതിലോകപ്രസിദ്ധിതഃ
ശ്രുതിസ്തത്ത്വമസീത്യാഹ ശ്രോതുർമോഹാപനുത്തയേ. 99

ബ്രഹ്മാ ദാശരഥേര്യദ്വത്കൃത്യവാപാനുദത്തമഃ
തസ്യ വിസ്മൃതസംബോധേ ന യത്നാന്തരമൂചിവാൻ. 100

അന്വയം: ഏവം ശ്രുതിലോകപ്രസിദ്ധിതഃ വി-ജ്ഞാതവാക്യാർത്ഥേ ശ്രോതുഃ മോഹാപനുത്തയേ ശ്രുതിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'ത്വമസി' ഇതി ആഹ യദ്വത് ബ്രഹ്മഃ ഉക്ത്യാ ഏവ ദാശരഥേഃ തമഃ അപാനുദത് തസ്യ വിഷ്ണുത്വസംബോധേ യത്നാന്തരം ന ഊചിവാൻ.

സാരം: വേദപ്രസിദ്ധിയും ലോകപ്രസിദ്ധിയുമനുസരിച്ച് വാക്യാർത്ഥജ്ഞാനം വന്ന പുരുഷനെ ശ്രുതി 'നീ അതാകുന്നു' എന്നിങ്ങനെ ഉദ്ബോധിപ്പിക്കുന്നു. അതു്, ആ പുരുഷൻെറ മിഥ്യാജ്ഞാനത്തെ അകററുവാൻ മാത്രമാകുന്നു. പണ്ടു ശ്രീരാമനോടു് ബ്രഹ്മാവു് 'നീ വിഷ്ണുവാണു്; മനുഷ്യനല്ല' എന്ന വാക്യം മാത്രമേ, സ്വതഃസിദ്ധമായ വിഷ്ണുത്വത്തെ ബോധിപ്പിക്കുവാൻ ഉപായമായി സ്വീകരിച്ചുള്ളു. മററൊരു യത്നവും ചെയ്യുകയുണ്ടായില്ല. അതാണിവിടെ ദൃഷ്ടാന്തം. 99–100

അഹം ശബ്ദസ്യ നിഷ്ഠാ യാ ജ്യോതിഷി പ്രത്യഗാത്മനി
സൈവോക്താ സദസീത്യേവം ഫലം തത്ര വിമുക്തതാ.

അന്വയം: പ്രത്യഗാത്മനി ജ്യോതിഷി അഹം—ശബ്ദസ്യ യാ നിഷ്ഠാ സാ ഏവ സദ് അസി ഇതി ഏവം ഉക്താ തത്ര വിമുക്തതാ ഫലം.

സാരം: 'ഞാൻ' എന്ന ശബ്ദത്തിനു് ലാക്ഷണീകമായി സ്വയംപ്രകാശവും സാക്ഷിരൂപവുമായ പ്രത്യഗാത്മാവാണെന്നർത്ഥം. 'നീ സദ്രൂപമാകുന്നു' എന്ന ഉപദേശത്തിൻെറ പൊരുളും അതുതന്നെ അതിൻെറ ഫലം മോക്ഷവുമാകുന്നു.

ശ്രുതമാത്രേണ ചേന്ന സ്യാത് കാര്യം തത്ര ഭവേദ്ധ്രുവം
വ്യവഹാരാത് പുരാപീഷ്ടഃ സദ്ഭാവഃ സ്വയമാത്മനഃ

അന്വയം: ശ്രുതമാത്രേണ ന സ്യാത് ചേത് തത്ര ധ്രുവം കാര്യം ഭവേത് വ്യവഹാരാത് പുരാ അപി ആത്മനഃ സ്വയം സദ്ഭാവഃ ഇഷ്ടഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: 'തത്വമസി' എന്ന ഉപദേശം കഴിഞ്ഞ ഉടൻതന്നെ 'ഞാൻ സദ്രൂപമാകുന്നു' എന്ന ജ്ഞാനം ഉദിക്കുന്നില്ലെങ്കിൽ അവിടെ കർമ്മകാണ്ഡത്തിലെന്നപോലെ വിധിയുണ്ടെന്നും മോക്ഷം കാര്യമാണെന്നും, കല്പിക്കപ്പെടേണ്ടതാണെന്നും വരും. വേദാന്തശാസ്ത്രത്തിലാകട്ടെ, ഈ ഉപദേശത്തിനു മുമ്പുതന്നെ ആത്മാവ് സ്വാഭാവികമായും അനുഭവസിദ്ധമെന്നത്രെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ഉപദേശം മിഥ്യാജ്ഞാനനിവൃത്തി മാത്രമാണെന്നർത്ഥം. 102

അശനായാദി നിർമുക്ത്യൈ തത്കാലാ ജായതേ പ്രമാ
തത്വമസ്യാദിവാക്യാർത്ഥേ ത്രിഷു കാലേഷ്വസംശയഃ.

അന്വയം: തത്കാലാ പ്രമാ അശനായാദിനിർമുക്ത്യൈ ജായതേ തത്വമസ്യാദിവാക്യാർത്ഥേ ത്രിഷു കാലേഷു അസംശയഃ.

സാരം: വാക്യശ്രവണകാലത്തിൽതന്നെ ഉണ്ടാകുന്ന യഥാർത്ഥജ്ഞാനം സംസാരശാന്തിക്കു കാരണമാകുന്നു. 'തത്വമസി' മുതലായ വാക്യങ്ങളുടെ അർത്ഥത്തെസംബന്ധിച്ചിടത്തോളം ഭൂതവർത്തമാനഭാവികാലങ്ങളിലൊന്നിലും സംശയമേ ഇല്ല. 103

പ്രതിബന്ധവിഹീനത്വാത് സ്വയം ചാനുഭവാത്മനഃ
ജായേതൈവ പ്രമാ തത്ര സ്വാത്മന്യേവ ന സംശയഃ. 104

അന്വയം: തത്ര സ്വയം അനുഭവാത്മനഃ പ്രമാ ച പ്രതിബന്ധവിഹീനത്വാത് സ്വാത്മനി ജായേത ഏവ ന സംശയഃ.

സാരം: അപ്പോാം സ്വതവേ അനുഭവരൂപമായ ആത്മാവിനെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനം പ്രതിബന്ധമൊന്നുമില്ലാത്തതിനാൽ വാക്യശ്രവണകാലത്തുതന്നെ ആത്മാവിൽ ഉണ്ടാകുകതന്നെചെയ്യും. സംശയമില്ല. 104

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിം സദേവാഹമസ്മീതി കിം വാന്യത് പ്രതിപദ്യതേ
സദേവ ചേദഹംശബ്ദഃ സതാ മുഖ്യാർത്ഥ ഇഷ്യതാം. 105

അന്യച്ചേത്സദഹംഗ്രാഹപ്രതിപത്തിർമൃഷൈവ സാ
തസ്മാന്മുഖ്യഗ്രഹേ നാസ്തി വാരണാവഗതേരിഹ. 106

അന്വയം: കിം സദ് ഏവ അഹം അസ്മി ഇതി കിം. വാ അന്യത് പ്രതിപദ്യതേ സദ് ഏവ ചേത് അഹം ശബ്ദഃ സതാ മുഖ്യാർത്ഥഃ ഇഷ്യതാം അന്യത് ചേത് സാ സദഹംഗ്രാഹ പ്രതിപത്തിഃ മൃഷാ ഏവ തസ്മാത് മുഖ്യഗ്രഹേ ഇഹ അവഗതേ വാരണാ നാസ്തി ഇത്യർത്ഥഃ.

സാരം: 'തത്വമസി' എന്ന ഉപദേശംകൊണ്ട് 'അഹം അസ്മി' എന്ന ജ്ഞാനമുണ്ടാകുന്നു. ഇവിടെ ഞാൻ 'സദ്രൂപമാണെന്നാണൊ' ജ്ഞാനം അല്ല മററുവല്ല രൂപവുമോ? എന്നാണ് ജ്ഞാനമെങ്കിൽ 'ഞാൻ' എന്നതും 'സത്' എന്നതും ഒന്നുതന്നെ. എന്നതു് അതല്ലെങ്കിൽ 'ഞാൻ' സത്താണ് എന്ന ജ്ഞാനം മിഥ്യയായിത്തീരും. അതിനാൽ ഞാൻ സത്താണ് എന്നിങ്ങനെ 'ഞാൻ' 'സത്തു്' എന്നീ പദാർത്ഥങ്ങൾ ഒന്നുതന്നെയെന്ന ബോധത്തിന് ഇവിടെ യാതൊരു പ്രതിബന്ധവുമില്ല. 105,106

പ്രത്യയീ പ്രത്യയശ്ചൈവ യദാഭാസൗ തദർത്ഥതാ
തയോരചിതിമത്വാച്ച ചൈതന്യേ കല്പ്യതേ ഫലം. 107

അന്വയം: പ്രത്യയീ പ്രത്യയഃ ച ഏവ യദാഭാസൗ തദർത്ഥതാ തയോഃ അചിതിമത്വാത് ഫലം ചൈതന്യേ കല്പ്യതേ.

സാരം: അന്തഃകരണവും അന്തഃകരണവൃത്തികളും ആത്മചൈതന്യാഭാസത്തോടുകൂടിയവയാകയാൽ ആത്മ

CC-0. In Public Domain. Gurukul Kangri Collection, Haridwar

ചൈതന്യത്തിനുവേണ്ടിയുള്ളവ മാത്രമാകുന്നു. അവ

Digitized by Arya Samaj Foundation Chennai and eGangotri

ജഡങ്ങളുമാണ്. ആയതിനാൽ ഫലമെല്ലാം അവയുടെ ശേഷിയായ ചേതനാത്മാവിൽതന്നെ കല്പിക്കപ്പെടുന്നു. ആരോപിക്കപ്പെടുന്നു. 107

കൂടസ്ഥേऽപി ഫലം യോഗ്യം രാജനീവ ജയാദികം
തദനാത്മത്വഹേതുഭ്യാം ക്രിയായാഃ പ്രത്യയസ്യ ച. 108

അന്വയം: ക്രിയായാഃ പ്രത്യയസ്യ ച തദനാത്മത്വ-ഹേതുഭ്യാം രാജനി ജയാദികം ഇവ കൂടസ്ഥേ അപി ഫലം യോഗ്യം.

സാരം: ആത്മാഭാസത്തോടുകൂടിയ അന്തഃകരണമോ അതിന്റെ വൃത്തിയോ ഫലരൂപമോ, ഫലകാരണമോ അല്ലാത്തതിനാൽ നിത്യമാണെങ്കിലും ആത്മാവിൽ ഫലം ആരോപിക്കപ്പെടുന്നു. സൈന്യാധിപന്റെ ജയം രാജാവിൽ ആരോപിക്കപ്പെടുന്നതു് ഇവിടെ ദൃഷ്ടാന്തമാണ്. 108

ആദർശസ്ഥ യദാഭാസോ മുഖാകാരഃ സ ഏവ സഃ
യഥൈവം പ്രത്യയാദർശോ യഥാഭാസസ്തദാ ഹ്യഹം. 109

അന്വയം: യദാഭാസഃ ആദർശഃ മുഖാകാരഃ സഃ തു സഃ ഏവ യഥാ ഏവം പ്രത്യയാദർശഃ യദാഭാസഃ തദാ അഹം ഹി.

സാരം: കണ്ണാടിയിൽ നിഴലിച്ച മുഖവും ബിംബഭൂതമായ യഥാർത്ഥമുഖവും ഒന്നുതന്നെ. അതുപോലെ വൃത്തിരൂപത്തിൽ അന്തഃകരണത്തിൽ പ്രതിബിംബിച്ച ആത്മാവും ശുദ്ധാത്മാവും ഭിന്നങ്ങളല്ല. 'ഞാൻ ബ്രഹ്മമാണ്'' എന്ന ബോധത്തിൽ എനിക്കും ശുദ്ധാത്മാവിന്നും ഐക്യംതന്നെയാണനുഭവം. 109

ഇത്യേവം പ്രതിപത്തിഃ സ്യാത് സദസ്മീതി ന ചാന്യഥാ
തത്ത്വമിത്യുപദേശോऽപി ദ്വാരാഭാവാദനർത്ഥകഃ, 110

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഇതി ഏവം സദ് അസ്മി ഇതി പ്രതിപത്തിഃ സ്യാത് ന ച അന്യഥാ 'തത് ത്വം' ഇതി ഉപദേശഃ അപി ദ്വാരാ ഭാവാത് അനർത്ഥകഃ.

സാരം: മുൻപറഞ്ഞതരത്തിൽ സ്വീകരിച്ചാൽമാത്രമേ അന്തഃകരണപ്രതിബിംബമായ ആത്മാഭാസമാണ് പ്രമാതാവ്, അന്തഃകരണമോ ആത്മാവോ ഒററക്കൊററയ്ക്ക് പ്രമാതാവല്ല എന്നംഗീകരിച്ചാൽ മാത്രമേ—'ഞാൻ സത്താകുന്നു' എന്ന ബോധത്തിന്നു ഗതി കല്പിക്കാൻ കഴിയൂ. അല്ലാത്തപക്ഷം 'നീ അതാകുന്നു' എന്ന ഉപദേശത്തിന്നു മററു മാർഗ്ഗമൊന്നുമില്ലാത്തതിനാൽ നിരർത്ഥകത്വം വന്നുചേരും. 110

ശ്രോതുഃസ്യാദുപദേശശ്ചേദർത്ഥവത്ത്വം തദാ ഭവേത്
അദ്ധ്യക്ഷസ്യ ന ചേദിഷ്ടം ശ്രോതൃത്വം കസ്യ തദ്ഭവേത്

അന്വയം: ഉപദേശഃ ശ്രോതു സ്യാദ് ചേത് തദാ അർത്ഥവത്വം ഭവേത് അദ്ധ്യക്ഷസ്യ ശ്രോതൃത്വം ന ഇഷ്ടം ചേത് തദ് കസ്യ ഭവേത്,

സാരം: ഉപദേശം അർത്ഥവത്താവുന്നതു് അതൊരു ശ്രോതാവിനെ ഉദ്ദേശിച്ചായാൽ മാത്രമാണ്. സാക്ഷിയല്ലാതെ മററാരാണ് ശ്രോതാവ്. 111

അദ്ധ്യക്ഷസ്യ സമീപേ സ്യാദ് ബുദ്ധേരേവേതി ചേന്മതം
ന തത്കൃതോപകാരോഽസ്തി കാഷ്ഠാദ്യദ്വന്നകല്പ്യതേ.

അന്വയം: അദ്ധ്യക്ഷസ്യ സമീപേ ബുദ്ധേഃ ഏവ സ്യാത് ഇതി മതം ചേത് തത്കൃതോപകാരഃ ന അസ്തി യദ്വത് കാഷ്ഠാത് ന കല്പ്യതേ.

സാരം: കൂടസ്ഥനായ സാക്ഷിയുടെ സാമീപ്യമുള്ള ബുദ്ധിതന്നെയാണ് ശ്രോതാവെന്ന അഭിപ്രായം ശരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാവില്ല. ഉദാസീനമായ സാക്ഷിയിൽനിന്നു ബുദ്ധി യ്ക്കെന്തെങ്കിലും പ്രയോജനമുള്ളതായി വിചാരിക്ക വയ്യ. മരക്കുറ്റിയിൽനിന്നോ മറേറാ പ്രയോജനമുണ്ടാവുന്നതായി കല്പിക്കുക സാദ്ധ്യമല്ലല്ലോ? 112

ബുദ്ധൗ ചേത്തത്കൃതഃ കശ്ചിന്നന്വേവം പരിണാമിതാ
ആഭാസേഽപി ച കോ ദോഷഃ സതി ശ്രുത്യാദ്യനുഗ്രഹേ

അന്വയം: ബുദ്ധൗ തത്കൃതഃ കശ്ചിത് ചേത് ഏവം പരിണാമിതാ നനു ശ്രുത്യാദ്യനുഗ്രഹേ സതി ആഭാസേ അപി ച കഃ ദോഷഃ?

സാരം: സാക്ഷിനിമിത്തം ബുദ്ധിയിൽ ഏതെങ്കിലും പ്രയോജനമുണ്ടാവുന്നു എന്നു പറയുന്നപക്ഷം സാക്ഷിയും പരിണാമിയാണെന്നു വന്നുകൂടും. ശ്രുതിസ്മൃതികളുടെ പിൻബലമുണ്ടെങ്കിൽ, അന്തഃകരണപ്രതിബിംബിതമായ ചൈതന്യമാണു് ശ്രോതാവെന്നു് കല്പിക്കുന്നതിൽ എന്താണു് ദോഷമുള്ളതു്? 113

ആഭാസേ പരിണാമശ്ചേന്ന രജ്ജ്വാദിനിഭത്വവത്
സപ്പാദേശ്ച തഥാവോചമാദർശേ ച മുഖത്വവത്, 114

അന്വയം: ആഭാസേ പരിണാമഃ ചേത് ന സപ്പാദേഃ രജ്ജ്വാദിനിഭത്വവത് തഥാ ആദർശേ മുഖത്വവത് ച അവോചം.

സാരം: ആത്മാവു് പ്രതിബിംബിക്കുന്നു എന്ന പക്ഷത്തിലും അതിന്നു പരിണാമം വന്നുചേരും എന്നതു ശരിയല്ല. സർപ്പം കയറുപോലെ തോന്നുന്നതിലും കണ്ണാടിയിലെ മുഖപ്രതിബിംബംപോലെയും പ്രതിബിംബം അസത്യമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞതാണു്. 114

നാത്മാഭാസത്വസിദ്ധിശ്ചേദാത്മനോ ഗ്രഹണാത് പൃഥക്
മുഖാദേശ്ച പൃഥക്സിദ്ധിരിഹ ത്വന്യോന്യസംശ്രയഃ 115

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്ധ്യക്ഷസ്യ പൃഥക്സിദ്ധാവാഭാസസ്യ തദീയതാ
ആഭാസസ്യ തദീയത്വേ ഹ്യദ്ധ്യക്ഷവ്യതിരിക്തതാ. 116

അന്വയം: ആത്മനഃ ഗ്രഹണാത് പൃഥക് ആത്മാഭാസത്വസിദ്ധിഃ ചേത് ഇഹ തു അന്യോന്യസംശ്രയഃ മുഖാദേഃ ച പൃഥക്സിദ്ധിഃ അദ്ധ്യക്ഷസ്യ പൃഥക്സിദ്ധൗ ആഭാസസ്യ തദീയതാ ആഭാസസ്യ തദീയത്വേ അദ്ധ്യക്ഷവ്യതിരിക്തതാ ഹി.

സാരം: ആത്മാവിൻെറ അവഭാസത്തിൽനിന്നും വേറിട്ടുനില്ക്കുന്ന ഒരു ആത്മപ്രതിബിംബം ഇല്ലെന്നു പറഞ്ഞാൽ അന്യോന്യാശ്രയദോഷം വരുമല്ലൊ എന്നു സംശയിക്കുന്നു. ദൃഷ്ടാന്തമായ കണ്ണാടിയിലെ മുഖപ്രതിബിംബത്തിലാകട്ടെ പ്രതിബിംബമുള്ളപ്പോഠംതന്നെ കഴുത്തിൽ സ്ഥിതിചെയ്യുന്ന ബിംബമുഖം ദൃശ്യമാകയാൽ ദോഷമൊന്നുമില്ല. അന്യോന്യാശ്രയമെങ്ങനെ വരുമെന്നു പറയാം: സാക്ഷി പൃഥക് ആണെന്നു പറയുമ്പോഠം പ്രതിബിംബം സാക്ഷിസംബദ്ധമാണെന്നർത്ഥം. പ്രതിബിംബം സാക്ഷിസംബദ്ധമാണെങ്കിൽ, സാക്ഷിയും പ്രതിബിംബവും ഭിന്നമാണെന്നുമർത്ഥം. 115-116

നൈവം സ്വപ്നേ പൃഥക്സിദ്ധേഃ പ്രത്യയസ്യ ദൃശേസ്തഥാ
രഥാദേസ്തത്ര ശൂന്യത്വാത് പ്രത്യയസ്യാത്മനാ ഗ്രഹഃ. 117

അന്വയം: ന ഏവം സ്വപ്നേ പ്രത്യയസ്യ തഥാ ദൃശേഃ പൃഥക്സിദ്ധേഃ തത്ര രഥാദേഃ ശൂന്യത്വാത് പ്രത്യയസ്യ ആത്മനാ ഗ്രഹഃ.

സാരം: മുൻപറഞ്ഞ ആക്ഷേപം ശരിയല്ല. സ്വപ്നത്തിൽ ജ്ഞാനരൂപമായ അന്തഃകരണവും ജ്ഞാതാവായ സാക്ഷിയും ഭിന്നമായിട്ടാണല്ലൊ അനുഭവപ്പെടുന്നതു്. സ്വപ്നത്തിൽ രഥം മുതലായി കാണപ്പെടുന്ന വസ്തുക്കളും ഇല്ലാത്തവയാണു്. അവിടെ അന്തഃകരണം തന്നെയാണു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഥാദി പദാർത്ഥങ്ങളായി പരിണമിക്കുന്നതു്. അവിടെ സ്വപ്രകാശമായ സാക്ഷിചൈതന്യം അന്തഃകരണത്തേയും സ്വപ്നപദാർത്ഥങ്ങളേയും അവഭാസിപ്പിക്കുന്നു.

അവഗത്യാ ഹി സംവ്യാപ്തഃ പ്രത്യയോ വിഷയാകൃതിഃ
ജായതേ സ യദാകാരഃ സ ബാഹ്യോ വിഷയോ മതഃ 118

കർമ്മേപ്സിതതമത്വാത്സ തദ്വാൻ കാര്യേ നിയുജ്യതേ
ആകാരോ യത്ര ചാർപ്പ്യേത കരണം തദിഹോച്യതേ.

അന്വയം: വിഷയാകൃതിഃ പ്രത്യയഃ അവഗത്യാ സംവ്യാപ്തഃ ഹി സഃ യദാകാരഃ ജായതേ സഃ ബാഹ്യഃ-വിഷയഃ മതഃ സഃ ഈപ്സിതതമത്വാത് കർമ്മ തദ്വാൻ കാര്യേ നിയുജ്യതേ യത്ര ച ആകാരഃ അർപ്പ്യേത തദ് ഇഹ കരണം ഉച്യതേ.

സാരം: ബോധരൂപമായ സാക്ഷിചൈതന്യത്താൽ വ്യാപ്തമായ അന്തഃകരണവൃത്തികൾ ബാഹ്യവിഷയരൂപമായി പരിണമിക്കുന്നു. ബാഹ്യവിഷയങ്ങൾ ഈ അന്തഃകരണവൃത്തികൾക്കു രൂപമുള്ളതുപോലെ തോന്നിക്കുന്നു. ഒരു കർത്താവിനു് ഏററവും ഇച്ഛാവിഷയമായതിനേയാണു് കർമ്മമെന്നു പറയുന്നതു്. ഈ ബാഹ്യവിഷയങ്ങൾ ഇച്ഛാവിശിഷ്ടനായ ആത്മാവിൻെറ കർമ്മമാണെന്നു പറയപ്പെടുന്നു. അങ്ങനെ വിഷയങ്ങളിലാഗ്രഹമുള്ളവനെ കർമ്മാനുഷ്ഠാനത്തിനായി ശ്രുതി നിയോഗിക്കുന്നു. ബാഹ്യവിഷയങ്ങളുടെ രൂപങ്ങൾ ഇരിക്കുന്നതായ അന്തഃകരണവൃത്തികളെ ഉപകരണങ്ങളാണെന്നും പറയുന്നു. 118_119

യദാഭാസേന സംവ്യാപ്തഃ സംജ്ഞാതേതി നിഗദ്യതേ
ത്രയമേതദ്വിവിച്യാത്ര യോ ജാനാതി സ ആത്മവിത്.

അന്വയം: യദാഭാസേന സംവ്യാപ്തഃ സംജ്ഞാതാ ഇതി നിഗദ്യതേ അത്ര യഃ ഏതത്രയം വിവിച്യ ജാനാതി സഃ ആത്മവിത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ശുദ്ധചൈതന്യത്തിൻെറ പ്രതിബിംബ ത്താൽ വ്യാപ്തമാവുമ്പോഴാം അഹങ്കാരത്തെ അറിയുക എന്ന ക്രിയയുടെ കർത്താവായി ലോകം ഗണിക്കുന്നു. എന്നാൽ കർത്താവു് കർമ്മം കരണം ഇവയെ വേർതിരിച്ചറിഞ്ഞു് ഈ മൂന്നിൽനിന്നും ഭിന്നമാണു് താനെന്നു് ആരറിയുന്നുവോ അവനാണു് ആത്മജ്ഞാനി. 120

സമ്യക്സംശയമിഥ്യോക്താഃ പ്രത്യയാ വ്യഭിചാരിണഃ
ഏകൈവാവഗതിസ്തേഷു ഭേദസ്തു പ്രത്യയാർപ്പിതഃ. 121

അന്വയം: സമ്യക്സംശയമിഥ്യോക്താ പ്രത്യയാഃ വ്യഭിചാരിണഃ തേഷു അവഗതിഃ ഏകാ ഏവ ഭേദഃ തു പ്രത്യയാർപ്പിതഃ

സാരം: യഥാർത്ഥജ്ഞാനം, സംശയജ്ഞാനം, മിഥ്യാജ്ഞാനം എന്നെല്ലാം പറയുന്നതു് അന്തഃകരണവൃത്തികളെയാണു്. അവ സ്ഥിരങ്ങളല്ല. അവയിൽ എല്ലാം തന്നെ ബോധരൂപമായ ചൈതന്യം ഒന്നുമാത്രമാണു്. അതു ഭിന്നമാണെന്നു തോന്നുന്നതു് അന്തഃകരണവൃത്തികളുടെ ഭിന്നതനിമിത്തമാണു്. 121

ആധിഭേദാദ്യഥാ ഭേദോ മണേരവഗതേസ്തഥാ
അശുദ്ധിഃ പരിണാമശ്ച സർവ്വം പ്രത്യയസംശ്രയാത്.

അന്വയം: യഥാ ആധിഭേദാത് മണേഃ ഭേദഃ തഥാ അവഗതേഃ അശുദ്ധിഃ പരിണാമഃ ച സർവ്വം പ്രത്യയ-സംശ്രയാത്.

സാരം: പ്രതിബിംബനസമർത്ഥമായ രത്നത്തിൻെറ നിറം അതിൻെറ അടുത്തിരിക്കുന്ന വസ്തുക്കളുടെ നിറമനുസരിച്ചു മാറുന്നതുപോലെ ശുദ്ധബോധമായ ചൈതന്യവും അന്തഃകരണവൃത്തികളോടുള്ള ചേർച്ചകൊണ്ടു് അശുദ്ധിയുള്ളതായും മാററമുള്ളതായും തോന്നിക്കുന്നു. 122
ബോധത്തിനു് ഒരിക്കലും മാററമില്ലെന്നർത്ഥം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥനം ഗ്രഹണം സിദ്ധിഃ പ്രത്യയാനാമിഹാന്യതഃ
അപരോക്ഷ്യാത്തദേവോക്തമനുമാനം പ്രദീപവത്. 123

അന്വയം: ഇഹ പ്രത്യയാനാം പ്രഥനം ഗ്രഹണം സിദ്ധിഃ അപരോക്ഷ്യാത് അന്യതഃ തദ് ഏവ പ്രദീപ-വത് അനുമാനം ഉക്തം.

സാരം: അന്തഃകരണവൃത്തികൾ സ്ഫുരിക്കുന്നതും അറിയപ്പെടുന്നതും നിലനില്ക്കുന്നതും നിത്യാപരോക്ഷമായ ആത്മാവുകാരണമാണ്. അതുകൊണ്ടുതന്നെയാണ് വിളക്ക് മുതലായ ദൃഷ്ടാന്തങ്ങൾ എടുത്തുകൊണ്ട് ആത്മാവ് സ്വയംപ്രകാശമാണെന്ന് ശ്രുതികളിൽ അനുമാനിച്ചിരിക്കുന്നത്. 123

കിമന്യദ്ഗ്രാഹയേത് കശ്ചിത്
പ്രമാണേന തു കേനചിത്
വിനൈവ തു പ്രമാണേന
നിവൃത്ത്യാന്യസ്യ ശേഷതഃ. 124

അന്വയം: കശ്ചിത് കേനചിത് പ്രമാണേന തു അന്യത് ഗ്രാഹയേത് കിം പ്രമാണേന വിനാ ഏവ അന്യസ്യ നിവൃത്ത്യാ ശേഷതഃ

സാരം: ദേഹാദിവ്യതിരിക്തമായ ആത്മതത്വത്തെ ഗ്രഹിപ്പിക്കേണ്ടതു്, വിധിമുഖേനയാണോ, അല്ല, 'ഇതല്ല, ഇതല്ല' എന്നിങ്ങനെ നിഷേധമുഖേനയാണോ എന്നു ചോദ്യം.

ശബ്ദേനൈവ പ്രമാണേന നിവൃത്തിശ്ചേദിഹോച്യതേ
അദ്ധ്യക്ഷസ്യാപ്രസിദ്ധത്വാച്ഛൂന്യതൈവ പ്രസജ്യതേ.

അന്വയം: ശബ്ദേന പ്രമാണേന ഇഹ നിവൃത്തിഃ ഏവ ഉച്യതേ ചേത് അദ്ധ്യക്ഷസ്യ അപ്രസിദ്ധത്വാത് ശൂന്യതാ ഏവ പ്രസജ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ശ്രുതിപ്രമാണംമുഖേന അനാത്മവസ്തുക്കളുടെ നിവൃത്തിയാണ് നിഷേധരൂപത്തിൽ പറയുന്നതെങ്കിൽ, ആത്മവസ്തു പ്രസിദ്ധമല്ലായ്കയാൽ എല്ലാം നിഷേധിക്കപ്പെട്ടപ്പോഴ് ശൂന്യവാദം വന്നുചേരും. ആത്മാസ്തിത്വം സിദ്ധിക്കാതെ പോകുമെന്നർത്ഥം. 125

ചേതനസ്ത്വം കഥം ദേഹ ഇതിചേന്നാപ്രസിദ്ധിതഃ
ചേതനസ്യാന്യതഃ സിദ്ധാവേവംസ്യാദന്യഹാനതഃ. 126

അന്വയം: ചേതനഃ ത്വം കഥം ദേഹഃ ഇതി ചേത് ന അപ്രസിദ്ധിതഃ ചേതനസ്യ അന്യതഃ സിദ്ധൗ അന്യ- ഹാനതഃ ഏവം സ്യാത്.

സാരം: നിഷേധമുഖേന ആത്മാസ്തിത്വം സാധിക്കുക സാദ്ധ്യമല്ലെന്നു പറയുന്നു. 'നീ ചേതനനാണ്, ദേഹമല്ല എന്നുപദേശിച്ചാൽ അതു ബോധ്യമാവുന്നതെങ്ങനെ? ചേതനനായ ആത്മാവ് പ്രസിദ്ധനല്ലല്ലൊ, മററുള്ളതിനെയെല്ലാം നിഷേധിച്ച് ആത്മാവിനെ ബോധിപ്പിക്കാൻ സാധിക്കണമെങ്കിൽ ചേതനനായ ആത്മാവ് അന്യപ്രമാണങ്ങൾകൊണ്ട് സിദ്ധനായിരിക്കണം. അല്ലെങ്കിൽ ശൂന്യത വന്നുചേരുകതന്നെ ചെയ്യും. 126

അദ്ധ്യക്ഷഃ സ്വയമസ്ത്യേവ ചേതനസ്യാപരോക്ഷതഃ
തുല്യ ഏവം പ്രബോധഃ സ്യാദന്യസ്യാസത്വവാദിനാ.

അന്വയം: ചേതനസ്യ അപരോക്ഷതഃ അദ്ധ്യക്ഷഃ സ്വയം അസ്തി ഏവ ഏവം അന്യസ്യ അസത്വവാദിനാ തുല്യഃ പ്രബോധഃ സ്യാത്.

സാരം: ചൈതന്യം നിരപരോക്ഷമാകയാൽ ആത്മാവ് സ്വയംസിദ്ധമാണെന്ന് പറയുന്നപക്ഷം ശൂന്യവാദത്തോട തുല്ല്യമാണ് ആത്മജ്ഞാനമെന്നുവന്നുകൂടും. 127

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹമജ്ഞാസിഷം ചേദമിതി ലോകസ്മൃതേരിഹ
കരണം കമ്മ കത്താ ച സിദ്ധാസ്ത്വേകക്ഷണേ കില. 128

അന്വയം: ഇഹ അഹം അജ്ഞാസിഷം ഇദം ച ഇതി ലോകസ്മൃതേഃ കരണം കമ്മ കത്താ ച ഏകക്ഷണേ തു സിദ്ധാഃ കിം?

സാരം: ഇനിയുമാശങ്കിക്കുന്നു. ഞാൻ ഇതിനെ അറിഞ്ഞു എന്നിങ്ങനെ ജനങ്ങൾ സ്മരിക്കാറുണ്ട്. അതിനാൽ ഒരേ നിമിഷത്തിൽത്തന്നെ കത്താവ്, കമ്മം, കരണം എന്നിവ ഒരുമിച്ച് ഒരേ ക്ഷണത്തിലിരിക്കുന്നതായി സിദ്ധമാവുന്നുണ്ടല്ലൊ. 128

പ്രാമാണ്യേഽപി സ്മൃതേഃ ശൈഘ്ര്യാ-
ദ്യൗഗപദ്യം വിഭാവ്യതേ
ക്രമേണ ഗ്രഹണം പൂവ്വം
സ്മൃതേഃ പശ്ചാത്തഥൈവ ച. 129

അന്വയം: സ്മൃതേഃ പ്രാമാണ്യേ അപി യൗഗപദ്യം ശൈഘ്ര്യാത് വിഭാവ്യതേ പൂവ്വം ക്രമേണ ഗ്രഹണം പശ്ചാത് സ്മൃതേഃ ച തഥാ ഏവ.

സാരം: സ്മരണം പ്രമാണംതന്നെ. പക്ഷെ കത്താവ് കർമ്മം കരണം എന്നിവ ഏകകാലികങ്ങളാണെന്ന ബോധം, വേഗംനിമിത്തമാണ്. ആദ്യം ഇവ മൂന്നിന്റേയും അനുഭവം ക്രമികമായതിനാൽ പിന്നീടുണ്ടാകുന്ന സ്മരണവും ക്രമികംതന്നെയാണ്. ഏകകാലികമെന്ന ബോധം അയഥാത്ഥമാണെന്നത്ഥം. 129

അജ്ഞാസിഷമിദം മാം ചേത്യപേക്ഷാ ജായതേ ധ്രുവം
വിശേഷോഽപേക്ഷ്യതേ യത്ര തത്ര നൈവൈകകാലതാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഇദം മാം ച അജ്ഞാസിഷം ഇതി അപേക്ഷാ ധ്രുവം ജായതേ യത്ര വിശേഷഃ അപേക്ഷ്യതേ തത്ര ഏകകാലതാ ന.

സാരം: സ്മരണത്തിന്ന് യൗഗപദ്യമില്ല. കാരണം 'ഞാൻ ഇതിനേയും എന്നേയും അറിഞ്ഞു,' എന്ന ബോധത്തിൽ 'ഞാനും' 'ഇതും' സംബദ്ധങ്ങളെങ്കിലും പരസ്പര വിലക്ഷണങ്ങളാണ്. പരസ്പരവൈലക്ഷണ്യമപേക്ഷിക്കുന്നിടത്തു് സ്മരണത്തിന്ന് ഏകകാലികത്വം ഉണ്ടാകുക സാദ്ധ്യമല്ലല്ലൊ. 130

ആത്മനോ ഗ്രഹണേ ചാപി ത്രയാണാമിഹ സംഭവാത്
ആത്മന്യാസക്തകർത്തൃത്വം ന സ്യാത് കരണകർമ്മണോഃ

അന്വയം: ആത്മനഃ ഗ്രഹണേ അപി ച ഇഹ ത്രയാണാം സംഭവാത് ആത്മനി കർത്തൃത്വം കരണ–കർമ്മണോഃ സ്യാത്.

സാരം: കർത്താ, കരണം, കർമ്മം എന്നിങ്ങനെ ഓരോന്നിൻേറയും ജ്ഞാനത്തിൽ കർത്താവും കർമ്മവും കരണവും വെവ്വേറെ വേണം. അതിനാൽ അനവസ്ഥാദോഷം വന്നുചേരും. ഈ അനവസ്ഥാദോഷത്തെ പരിഹരിക്കാനായി ഇവയോരോന്നും സ്വതഃസിദ്ധമാണെന്നു കല്പിക്കുവാനും നിവൃത്തിയില്ല. കർത്താവിൻെറ കർത്തൃത്വം തൻെറ സിദ്ധതയെ തെളിയിക്കുന്നതിൽ ഉപക്ഷീണമായിപ്പോകെ, അതു പിന്നീട് കരണത്തിൻേറയും കർമ്മത്തിൻേറയും അസ്തിത്വത്തെ തെളിയിക്കാൻ പര്യാപ്തമാകയില്ല. 131

വ്യാപ്തുമിഷ്ടം ച യത് കർത്തുഃ
ക്രിയയാ കർമ്മ തത് സ്മൃതം
അതോ ഹി കർത്തൃതന്ത്രത്വം
തസ്യേഷ്ടം നാന്യതന്ത്രതാ. 132

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: കർത്തുഃ ക്രിയയാ വ്യാപ്തും ഇഷ്ടം യത് തത് ച കർമ്മ സ്മൃതം അതഃ തസ്യ കർത്തൃതന്ത്രത്വം ഇഷ്ടം ന അന്യതന്ത്രതാ ഹി.

സാരം: 'കർത്തുരീപ്സിതതമം കർമ്മ'. അതായത്, കർത്താവിന്ന് പ്രവൃത്തിയിലൂടെ പ്രാപിക്കാൻ ഇഷ്ടപ്പെട്ട താണ് കർമ്മം, എന്നു വ്യാകരണം. അതിനാൽ കർമ്മം എപ്പോഴും കർത്താവിനെ ആശ്രയിച്ചുള്ളതാണ്. മററൊന്നിനേയും ആശ്രയിച്ചിരിക്കുന്നതല്ല. 132

ശബ്ദാദ്വാനുമിതേർവാപി പ്രമാണാദ്വാ തതോഽന്യതഃ
സിദ്ധിഃ സർവ്വപദാർത്ഥാനാം സ്യാദജ്ഞം പ്രതി നാന്യഥാ.

അന്വയം: അജ്ഞം പ്രതി ശബ്ദാത് വാ അനുമിതേഃ വാ തതഃ അന്യതഃ പ്രമാണത്വാ അപി സർവ്വപദാർത്ഥാനാം സിദ്ധിഃ സ്യാത് അന്യഥാ ന.

സാരം: വസ്തുജ്ഞാനമുണ്ടാകുന്നതു് ശബ്ദം അനുമാനം തുടങ്ങിയ പ്രമാണങ്ങളാലാണ്. മററൊരു വഴിയും അതിനു വേറെയില്ല. 133

അദ്ധ്യക്ഷസ്യാപി സിദ്ധിഃ സ്യാത്
പ്രമാണേന വിനൈവ വാ
വിനാ സ്വസ്യ പ്രസിദ്ധിസ്തു
ജ്ഞാനം പ്രത്യുപയുജ്യതേ. 134

അന്വയം: അദ്ധ്യക്ഷസ്യ സിദ്ധിഃ അപി പ്രമാണേന സ്യാത് വിനാ ഏവ വാ വിനാ സ്വസ്യ പ്രസിദ്ധിഃ തു ജ്ഞാനംപ്രതി ഉപയുജ്യതേ.

സാരം: സാക്ഷിയായ ആത്മാവും പ്രമാണമില്ലാതെ തന്നെ സിദ്ധമാണൊ? സാക്ഷി സ്വയം പ്രമാണസഹായംകൂടാതെതന്നെ സിദ്ധമാണെങ്കിലും, അതിനെ അറിയുവാൻ പ്രമാണം കൂടിയേ കഴിയൂ. 134

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തസ്യൈവാജ്ഞത്വമിഷ്ടം ചേത്
ജ്ഞാനത്വേƒന്യാ മതിർഭവേത്
അന്യസ്യൈവാജ്ഞതായാം ച
തദ്വിജ്ഞാനേ ധ്രുവാ ഭവേത്. 135

അന്വയം: തസ്യ ഏവ അജ്ഞത്വം ഇഷ്ടം ചേത് ജ്ഞാനത്വേ അന്യാ മതിഃ ഭവേത് അന്യസ്യ ഏവ അജ്ഞതായാം തദ്വിജ്ഞാനേ ധ്രുവാ ഭവേത് ച.

സാരം: സ്വയംപ്രകാശമായ ആത്മാവു് അജ്ഞമാണെന്നെടുക്കുകയാണെങ്കിൽ അതിനു് തന്നത്താനറിയുവാൻ മറെറാരു പ്രമാണത്തിൻെറ അപേക്ഷയുണ്ടാകും. ആത്മഭിന്നമായ അഹങ്കാരമാണു് അജ്ഞമെന്നാണെങ്കിൽ തീർച്ചയായും ആത്മാവിനെ അറിയുവാൻ അതിനു് പ്രമാണത്തെ അപേക്ഷിക്കേണ്ടിവരികയും ചെയ്യും. 135

ജ്ഞാതതാ സ്വാത്മലാഭോ വാ സിദ്ധിഃസ്യാദന്യദേവ വാ
ജ്ഞാതത്വേƒനന്തരോക്തൗ ത്വം പക്ഷൗ സംസ്മർത്തുമർഹസി

സിദ്ധിഃ സ്യാത്സ്വാത്മലാഭശ്ചേദ്യത്നസ്തത്ര നിരർത്ഥകഃ
സർവ്വലോകപ്രസിദ്ധത്വാത്സ്വഹേതുഭ്യസ്തു വസ്തുനഃ 137

അന്വയം: സിദ്ധിഃ ജ്ഞാതതാ സ്വാത്മലാഭഃ വാ അന്യത് ഏവ വാ സ്യാത് ജ്ഞാതത്വേ അനന്തരോക്തൗ പക്ഷൗ ത്വം സംസ്മർത്തും അർഹസി സ്വാത്മലാഭഃ സിദ്ധിഃ ചേത് തത്ര യത്നഃ നിരർത്ഥകഃ വസ്തുതഃ തു സ്വഹേതുഭ്യഃ സർവ്വലോകപ്രസിദ്ധത്വാത്.

സാരം: സാക്ഷിചൈതന്യം സിദ്ധമാണെന്നു പറഞ്ഞതിൽ സിദ്ധത്വമെന്നാലെന്തു്? ജ്ഞാതത്വമോ സ്വയമസ്തിത്വമോ? ജ്ഞാതത്വമാണെന്നാണെങ്കിൽ മുൻശ്ലോകത്തിൽ പറഞ്ഞ രണ്ടു പക്ഷങ്ങളും നീ ഓർമ്മിക്കുക. സ്വയമസ്തിത്വമാണെങ്കിൽ ആത്മസിദ്ധിക്കായുള്ള പ്രയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തം നിഷ്പ്രയോജനവുമാണ്. എല്ലാ വസ്തുക്കളും താന്താങ്ങളുടെ കാരണങ്ങളിൽനിന്നുണ്ടാകുന്നവയാണെന്ന കാര്യം സർവ്വജനവിദിതമാണല്ലൊ. 136_137

ജ്ഞാനജ്ഞേയാദിവാദേfതഃ
സിദ്ധിർജ്ഞാതത്വമുച്യതേ
അദ്ധ്യക്ഷാദ്ധ്യക്ഷ്യയോഃ സിദ്ധിർ–
ജ്ഞേയത്വം നാത്മലാഭതോ. 138

അന്വയം: അതഃ ജ്ഞാനജ്ഞേയാദിവാദേ ജ്ഞാത–ത്വം സിദ്ധിഃ ഉച്യതേ അദ്ധ്യക്ഷാദ്ധ്യക്ഷ്യയോഃ സിദ്ധിഃ ജ്ഞേയത്വം ന ആത്മലാഭതോ.

സാരം: അതിനാൽ ജ്ഞാനം ജ്ഞേയം ജ്ഞാതാവ് എന്നെല്ലാം അനുവദിച്ചുകൊണ്ടുള്ള പക്ഷത്തിൽ ജ്ഞേയത്തിന്റേയും ജ്ഞാതാവിന്റേയും സിദ്ധിയെന്നുവച്ചാൽ ജ്ഞേയത്വംതന്നെയാണ്; സ്വയം അസ്തിത്വമല്ലതന്നെ.

സ്പഷ്ടത്വം കർമ്മകർത്ത്രാദേഃ സിദ്ധിതാ യദി കല്പ്യതേ
സ്പഷ്ടതാസ്പഷ്ടതേ സ്യാതാമന്യസ്യൈവ ന ചാത്മനഃ.

അന്വയം: കർമ്മകർത്ത്രാദേഃ സ്പഷ്ടത്വം സിദ്ധിതാ കല്പ്യതേ യദി സ്പഷ്ടതാസ്പഷ്ടതേ അന്യസ്യ ഏവ സ്യാതാം ന ച ആത്മനഃ.

സാരം: കർത്താവ്, കർമ്മം മുതലായവയുടെ സ്പഷ്ടത തന്നെയാണ് അവയുടെ സിദ്ധി എന്നു കല്പിക്കുന്ന പക്ഷം, അതും ശരിയല്ല. സ്ഫുടതയും അസ്ഫുടതയും എല്ലാം വേറിട്ടുനില്ക്കുന്ന സാക്ഷിചൈതന്യത്തിനേ ഉണ്ടാകൂ. കർത്തൃത്വവും മററുമുള്ള ആത്മാവിന് അതുണ്ടാവില്ല. സാക്ഷിയൊഴിച്ച് മറെറല്ലാം ജഡപ്രകൃതികളാണല്ലൊ. 139

അദൃഷ്ടൈർനൈവ ചാന്ധസ്യ സ്പഷ്ടീഭാവോ ഘടസ്യ തു
കർത്ത്രാദേഃ സ്പഷ്ടതേഷ്ടാ ചേദ്ദൃഷ്ട്യതാദ്ധ്യക്ഷകർത്തൃതാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഘടസ്യ സ്പഷ്ടീഭാവഃ തു അദ്രഷ്ടുഃ അന്ധസ്യ ച ന ഏവ കര്‍ത്രാദേഃ സ്പഷ്ടതാ ഇഷ്ടാ ചേത് ദ്രഷ്ടൃതാ അദ്ധ്യക്ഷകര്‍ത്തൃതാ.

സാരം: കുടമിരിക്കുന്നതു് കാണാത്ത ഒരു കുരുടനെ സംബന്ധിച്ചിടത്തോളം ആ കുടം സ്പഷ്ടമല്ല. എന്നാലും കര്‍ത്താവു് മുതലായവസ്തുസ്പഷ്ടതയുണ്ടെന്നു വാദിക്കുന്ന പക്ഷം മീമാംസകന്മാര്‍ക്കു് ജ്ഞാനക്രിയയുടെ കര്‍ത്തൃത്വം ആത്മാവിനുണ്ടെന്നു പറയേണ്ടിവരും. 140

അനുഭൂതേഃ കിമന്യസ്മിന്‍ സ്യാത്തവാപേക്ഷയാ വദ
അനുഭവിതരീഷ്ടാ സ്യാത്സോഽപ്യനുഭൂതിരേവ നഃ 141

അന്വയം: അനുഭൂതേഃ അന്യസ്മിന്‍ അപേക്ഷയാ തവ കിം സ്യാത് വദ അനുഭവിതരി ഇഷ്ടാ സ്യാത് സഃ അപി നഃ അനുഭൂതിഃ ഏവ.

സാരം: ജ്ഞാനം മറ്റൊന്നില്‍ ആശ്രയിച്ചുനില്ക്കുന്നതാണെന്ന വാദംകൊണ്ടുള്ള ലാഭമെന്തു്? അനുഭോക്താവില്‍ ആശ്രയിച്ചിരിക്കുന്ന ധര്‍മ്മമാണു് ജ്ഞാനമെന്നാണെങ്കില്‍ അതു ശരിയല്ല. ഞങ്ങള്‍ പറയുന്നതു് ആ അനുഭോക്താവുതന്നെ ജ്ഞാനസ്വരൂപമാണെന്നാകുന്നു.

അഭിന്നോഽപി ഹി ബുദ്ധ്യാത്മാ വിപര്യാസിതദര്‍ശനൈഃ
ഗ്രാഹ്യഗ്രാഹകസംവിത്തിഭേദവാനിവ ലക്ഷ്യതേ. 142

അന്വയം: ഹി അഭിന്നഃ അപി ബുദ്ധ്യാത്മാ വിപര്യാസിതദര്‍ശനൈഃ ഗ്രാഹ്യഗ്രാഹകസംവിത്തി–ഭേദവാന്‍ ഇവ ലക്ഷ്യതേ.

സാരം: കാരണം ജ്ഞാനം ഏകവും അഖണ്ഡവും ആണു്. എന്നാല്‍, മിഥ്യാജ്ഞാനം വച്ചുപുലര്‍ത്തുന്നവര്‍ അതില്‍, ജ്ഞാതാവു്, ജ്ഞേയം, ജ്ഞാനം എന്നീ ഭേദങ്ങളുള്ളതായി വെറുതെ സങ്കല്പിക്കുന്നു. 142

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൃതിര്യേഷാം ക്രിയാ സൈവ
കാരകം സൈവ ചോച്യതേ
സത്ത്വം നാശിത്വമസ്യാശ്ചേത്—
സകർത്തൃത്വം തഥേഷ്യതാം. 143

അന്വയം: യേഷാം ഭൃതിഃ സാ ഏവ ക്രിയാ സാ ഏവ കാരകം ച ഉച്യതേ അസ്യാഃ സത്ത്വം നാശിത്വം ചേത് തഥാ സകർത്തൃത്വം ഇഷ്യതാം.

സാരം: ക്രിയകളും കാരകങ്ങളുമെല്ലാം ഞങ്ങളുടെ പക്ഷത്തിൽ ജ്ഞാനംമാത്രമാണ് എന്നു പറയുന്നപക്ഷം ഈ ജ്ഞാനത്തിന്റെ ഉണ്മയെന്നതു് നിങ്ങളുടെ മതത്തിൽ ക്ഷണഭംഗുരത്വമാകയാൽ ജ്ഞാനം സകർത്തൃകമാണെന്നും പറയേണ്ടിവരും. 143

ന കശ്ചിച്ചേഷ്യതേ ധർമ്മ ഇതി ചേത്പക്ഷഹാനതാ
നന്വസ്തിത്വാദയോ ധർമ്മാ നാസ്തിത്വാദിനിവൃത്തയഃ

ന ഭൃതേസ്തർഹി നാശിത്വം സ്വാലക്ഷണ്യം മതം ഹി തേ

അന്വയം: കശ്ചിത് ധർമ്മഃ ന ഇഷ്യതേ ഇതി ചേത് പക്ഷഹാനതാ നനു അസ്തിത്വാദയഃ ധർമ്മാഃ നാസ്തിത്വാദിനിവൃത്തയഃ തർഹി ഭൃതേഃ നാശിത്വം ന ഹി തേ സ്വാലക്ഷണ്യം മതം.

സാരം: ഉണ്മ മുതലായ ധർമ്മങ്ങൾകൂടി ജ്ഞാനത്തിലില്ലെന്നു പറയുന്നപക്ഷം സ്വീയമായ ക്ഷണികപക്ഷവും പൊളിഞ്ഞുപോകും. ഉണ്മയെന്നതു് ഇല്ലായ്മയുടെ അഭാവമാണ്; സത്വമല്ല എന്നു പറയുന്നപക്ഷം ജ്ഞാനത്തിനു് നാശമുണ്ടെന്നു പറയാൻ വയ്യ. നിന്റെ മതത്തിൽ എല്ലാം സ്വലക്ഷണം—നിർവ്വികല്പംമാത്രമാണല്ലോ. സവികല്പമായതിനേ നാശമുണ്ടാകാൻ പാടുള്ളു. 144

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വലക്ഷണാവധിർനാശോ നാശോfനാശനിവൃത്തിതാ
അഗോരസത്വം ഗോത്വം തേ ന തു തദ്ഗോത്വലക്ഷണം.

അന്വയം: നാശഃ സ്വലക്ഷണാവധി നാശഃ അനാശനിവൃത്തിതാ തേ ഗോത്വം അഗോഃ അസത്വം തത് തു ന ഗോത്വലക്ഷണം.

സാരം: ഇവിടെ ബൗദ്ധൻെറ വാദത്തെ അനുവദിച്ചു ദൂഷിക്കുന്നു. നാശമുണ്ടാകണമെങ്കിൽ അതിന്നെതിരായി സ്വയം ഉണ്മയുള്ള ഒരു വസ്തു വേണം. നാശമെന്നതാകട്ടെ, ബൗദ്ധപക്ഷത്തിൽ നാശമില്ലായ്മയുടെ നിവൃത്തിയാണ്, അതുപോലെ ഗോത്വമുള്ളതു് ഗോവു് എന്നല്ല ബൗദ്ധൻ കല്പിക്കുന്ന ഗോലക്ഷണം. ഗോവല്ലാത്തതിൻെറ ഇല്ലായ്മയാണ് അയാളുടെ പക്ഷത്തിൽ ഗോത്വം. അതു ഗോലക്ഷണമല്ല. 145

ക്ഷണവാച്യോfപി യോfത്ഥഃ സ്യാത്—
സോപ്യന്യാഭാവ ഏവ തേ. 146

അന്വയം: യഃ അപി അത്ഥഃ ക്ഷണവാച്യഃ സഃ അപി തേ അന്യാഭാവ ഏവ സ്യാത്.

സാരം: ഏതൊരു വസ്തുവിനെ ബൗദ്ധൻ ക്ഷണികശബ്ദംകൊണ്ടു് വ്യവഹരിക്കാമെന്നു് വിചാരിക്കുന്നുവോ ആ വസ്തുവും അപോഹരൂപമാകയാൽ, ക്ഷണികമല്ലാത്തതിൽനിന്നു് ഭിന്നം എന്നുതന്നെ പറയേണ്ടിവരും. 146

ഭേദാഭാവേfപ്യഭാവസ്യ ഭേദോ നാമഭിരിഷ്യതേ
നാമഭേദൈരനേകത്വമേകസ്യ സ്യാത് കഥം തവ. 147

അന്വയം: അഭാവസ്യ ഭേദാഭാവേ അപി നാമഭിഃ ഭേദഃ ഇഷ്യതേ തവ ഏകസ്യ നാമഭേദൈഃ ഭേദഃ കഥം സ്യാത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ബൗദ്ധന്റെ മതമിതാണ്. അഭാവം—ശൂന്യത—ഏകമാണ്. എങ്കിലും നാമങ്ങൾകൊണ്ട് അനേകമാണെന്നു വ്യവഹരിക്കുന്നു. ഇവിടെ ബൗദ്ധനോട് സിദ്ധാന്തി ചോദിക്കുകയാണ്: ഒരേ വസ്തുവേ ഉള്ളുവെങ്കിൽ, അതിനു നാമഭേദങ്ങളെ നിമിത്തീകരിച്ചുള്ള ഭേദം എങ്ങിനെ ഉണ്ടാകുമെന്നാണ് നിങ്ങൾ പറയുന്നത്? 147

അപോഹോ യദി ഭിന്നാനാം വൃത്തിസ്തസ്യ കഥം ഗവി
നാഭാവാ ഭേദകാഃ സർവ്വേ വിശേഷാ വാ കഥംചന 148

അന്വയം: യദി ഭിന്നാനാം അപോഹഃ തസ്യ ഗവി വൃത്തിഃ കഥം അഭാവാഃ സർവ്വേ വിശേഷാഃ വാ കഥംചന ന ഭേദകാഃ.

സാരം: അപോഹമെന്നാൽ ഇതരവ്യാവൃത്തി. ഇതു് ഭിന്നവസ്തുക്കളുടെ നിവൃത്തിയാണെന്നു പറയുന്നപക്ഷം, അഗോവിന്റെ അപോഹം ഗോവിനെപ്പറയാൻ എങ്ങനെ ശക്തമാകും? മാത്രമല്ല ഒരു അഭാവത്തിനും രണ്ടു വസ്തുക്കളുടെ ഭേദകമായിരിപ്പാൻ കഴിയില്ല. വിശേഷധർമ്മങ്ങൾക്കും അതു സാദ്ധ്യമല്ല. 148

നാമജാത്യാദയോ യദ്വത് സംവിദസ്തേഽവിശേഷതഃ 149

അന്വയം: യദ്വത് തേ നാമജാത്യാദയഃ സംവിദഃ അവിശേഷതഃ.

സാരം: മുൻപറഞ്ഞതിന് ബൗദ്ധമതത്തിൽനിന്നു തന്നെ ദൃഷ്ടാന്തം കാണിക്കുന്നു. ബൗദ്ധപക്ഷത്തിൽ, നാമം ജാതി തുടങ്ങിയതൊന്നും ജ്ഞാനത്തിന് ഭേദകമായിത്തീരുന്നില്ലല്ലൊ. കാരണം ജ്ഞാനം വിശേഷാഹിതമാണെന്നതുതന്നെ. 149

*45

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യക്ഷമനുമാനം വാ വ്യവഹാരേ യദീച്ഛസി
ക്രിയാകാരകഭേദൈസ്തദഭ്യുപേയം ധ്രുവം ഭവേത് 150

അന്വയം: വ്യവഹാരേ, പ്രത്യക്ഷം അനുമാനം വാ യദി ഇച്ഛസി ക്രിയാകാരകഭേദൈഃ തത് ധ്രുവം അഭ്യു-പേയം ഭവേത്.

സാരം: സാധാരണ വ്യവഹാരത്തിൽ പ്രത്യക്ഷവും അനുമാനവും അംഗീകരിക്കുന്ന ബൗദ്ധന്, ക്രിയാ, കർത്താവ്, കാര്യം, കാരണം എന്നീ ഭേദങ്ങളേയും അംഗീ കരിക്കാതെ കഴിയുന്നതല്ലല്ലൊ. 150

തസ്മാന്നീലം തഥാ പീതം ഘടാദിർവാ വിശേഷണം
സംവിദസ്തദുപേയം സ്യാദ്യേന ചാപ്യനുഭൂയതേ. 151

അന്വയം: തസ്മാദ് സംവിദഃ വിശേഷണം നീലം പീതം ഘടാദിഃ വാ യേന ച അനുഭൂയതേ തദപി ഉപേയം

സാരം അതിനാൽ ജ്ഞാനവിശേഷണങ്ങളായ മഞ്ഞ, നീല, ഘടം, പടം മുതലായതും, ജ്ഞാന കർത്താവും എല്ലാം അംഗീകരിക്കുകതന്നെവേണം. 151

രൂപാദീനാം യഥാന്യഃ സ്യാദ്-
ഗ്രാഹ്യത്വാദ്ഗ്രാഹകസ്തഥാ
പ്രത്യയസ്തത്ഥാന്യഃ സ്യാദ്-
വ്യഞ്ജകത്വാത്പ്രദീപവത് 152

അന്വയം: രൂപാദീനാം ഗ്രാഹ്യത്വാത്, ഗ്രാഹകഃ യഥാ അന്യഃ സ്യാത് തഥാ പ്രത്യയസ്യ അന്യഃ സ്യാത് വ്യഞ്ജകത്വാത് പ്രദീപവത്.

സാരം: രൂപാദികൾ വിഷയങ്ങളാണ്. അവ യിൽനിന്നും ഭിന്നനായൊരു ജ്ഞാതാവുണ്ട്. അതുപോ ലെതന്നെ അന്തഃകരണവൃത്തികളിൽനിന്നും ഭിന്നനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മാവുണ്ട്. വിഷയങ്ങളെ പ്രകാശിപ്പിക്കുന്ന ദീപം വിഷയങ്ങളിൽനിന്നും ഭിന്നമാണല്ലൊ. 152

അധ്യക്ഷസ്യ ദൃശേഃകീദൃക്സംബന്ധഃ സംഭവിഷ്യതി
അധ്യക്ഷേണ തു ദൃശ്യേന മുക്ത്വാന്യോദ്രഷ്ടൃദൃശ്യതാം 153

അധ്യക്ഷേണ കൃതാ ദൃഷ്ടിർദൃശ്യം വ്യാപ്നോത്യഥാപി വാ
നിത്യാധ്യക്ഷകൃതഃ കശ്ചിദുപകാരോ ഭവേദ്ധിയാം. 154

അന്വയം: ദൃശേഃ അധ്യക്ഷസ്യ അധ്യക്ഷേണ ദൃശ്യേന ദ്രഷ്ടൃദൃശ്യതാം മുക്ത്വാ അന്യഃ കീദൃക് സംബന്ധഃ തു സംഭവിഷ്യതി അധ്യക്ഷേണ കൃതാ ദൃഷ്ടിഃ ദൃശ്യം വ്യാപ്നോതി അഥ അപി വാ ധിയാം നിത്യാധ്യക്ഷകൃതഃ കശ്ചിദ് ഉപകാരഃ ഭവേത്.

സാരം: സാക്ഷിയായ ആത്മാവിന്നും, ദൃശ്യങ്ങളായ അന്തഃകരണവൃത്തികൾക്കും തമ്മിൽ ദ്രഷ്ടാവും ദൃശ്യവും തമ്മിലുള്ള ബന്ധമല്ലാതെ മറ്റെന്തു ബന്ധമുണ്ടാവാം. ഇവിടെ ഒരു ചോദ്യം, ആത്മാവിന്റെ ബോധം അന്തഃകരണവൃത്തികളെ വാസ്തവമായിട്ടോ, ആഭാസമായിട്ടോ വ്യാപിക്കുന്നതു്? ഇതിന്നുത്തരം:– ആഭാസമായിട്ടാണെന്ന പക്ഷത്തിൽ, നിത്യമായ ആത്മാവു് അന്തഃകരണത്തിനു് സഹായകമാണെന്നു പറയാൻ കഴിയും. 153,154

സ ചോക്തസ്തന്നിഭത്വം പ്രാക് സംവ്യാപ്തിശ്ച ഘടാദിഷു
യഥാ//ലോകാദിസംവ്യാപ്തിർവ്യഞ്ജകത്വാദ്ധിയസ്തഥാ

അന്വയം: സഃ ച തന്നിഭത്വം പ്രാക് ഉക്തഃ ഘടാദിഷു യഥാ ആലോകാദിസംവ്യാപ്തിഃ തഥാ വ്യഞ്ജകത്വാത് ധിയഃ സംവ്യാപ്തിഃ.

സാരം: ആത്മാവു് അന്തഃകരണത്തിനു് സഹായമാകുന്നതെങ്ങനെയെന്നു മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു. ആത്മ... ...ത്താൽ ജഡമായ അന്തഃകരണവും, ചേത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നംപോലെ തോന്നുന്നു. ഘടാദിവസ്തുക്കളിൽ വെളിച്ചം മുതലായവ വ്യാപിക്കുമ്പോലെതന്നെ അന്തഃകരണവും വിഷയവ്യാപകമാകയാൽ വ്യാപിക്കുന്നു എന്നു പറയാം. 155

ആലോകസ്ഥോ ഘടോ യദ്വത്
ബുദ്ധ്യാരൂഢോ ഭവേത്തഥാ
ധീവ്യാപ്തിഃ സ്യാത്ഘടാരോഹോ
ധിയോ വ്യാപ്തൗ ക്രമോ ഭവേത് 156

അന്വയം: യദ്വത് യഥാ ആലോകസ്ഥഃ ഘടഃ ബുദ്ധ്യാരൂഢോ ഭവേത് തഥാ ഘടാരോഹഃ ധീവ്യാപ്തിഃ സ്യാത് ധിയഃ വ്യാപ്തൗ ക്രമഃ ഭവേത്.

സാരം: പ്രകാശത്തിൽ ഇരിക്കുന്ന കടം പ്രകാശം കൊണ്ടു വ്യാപിക്കുന്നതുപോലെ ബുദ്ധിയിൽ പ്രവേശിച്ച കടം മുതലായവ ബുദ്ധികൊണ്ടു് വ്യാപ്തമായിത്തീരും. ബുദ്ധി ഘടാകാരമായിത്തീരുന്നതാണു് ധീവ്യാപ്തി. ബുദ്ധിയുടെ വിഷയാകാരത്തിലുള്ള വ്യാപ്തിയാണു് വിഷയപ്രകാശകത്വമെങ്കിൽ ആത്മാവിനും ബുദ്ധിക്കും തമ്മിൽ ഭേദമെന്തു്, എന്നാണെങ്കിൽ ബുദ്ധിയുടെ വ്യാപ്തിക്കു് ക്രമമുണ്ടു്. 156

പൂർവ്വം സ്യാത് പ്രത്യയവ്യാപ്തി-
സ്തതോഽനുഗ്രഹ ആത്മനഃ
കൃത്സ്നാദ്ധ്യക്ഷസ്യ നോ യുക്തഃ
കാലാകാശാദിവത്ക്രമഃ. 157

അന്വയം: പൂർവ്വം പ്രത്യയവ്യാപ്തിഃ സ്യാത് തതഃ ആത്മനഃ അനുഗ്രഹഃ കൃത്സ്നാദ്ധ്യക്ഷസ്യ കാലാകാശാദിവത് ക്രമഃ ന യുക്തഃ.

സാരം: ബുദ്ധിയുടെ വിഷയവ്യാപ്തിക്കു് ക്രമമുണ്ടു്. ആത്മാവിനില്ല എന്നു് ... താതായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധി വിഷയാകാരമായി പരിണമിക്കും. പിന്നെ അവിടെ ചൈതന്യം പ്രതിബിംബിക്കും. അപ്പോൾ വിഷയത്തെ കാണാം. എന്നാൽ ചൈതന്യം പരിണമിക്കുന്നില്ല. ബുദ്ധി വിഷയഭേദേന പരിണമിക്കുന്നു. സർവ്വവ്യാപിയും സർവ്വവിക്ഷേപസ്ഥാനവും അപരിച്ഛിന്നവുമായ ആത്മാവിന്ന് പൗർവ്വാപര്യമില്ല. അതിന്ന് ദേശകാലങ്ങൾ ദൃഷ്ടാന്തം. 157

വിഷയഗ്രഹണം യസ്യ കാരണാപേക്ഷയാ ഭവേത്
സത്യേവ ഗ്രാഹ്യശേഷേ ച പരിണാമീ സ ചിത്തവത്.

അന്വയം: കാരണാപേക്ഷയാ ഗ്രാഹ്യവിശേഷേ സതി ഏവ യസ്യ വിഷയഗ്രഹണം ഭവേത് സ ച ചിത്തവത് ന പരിണാമീ.

സാരം: ആത്മാവ് ഭോഗ്യവിഷയങ്ങളെ ഭാസിപ്പിക്കുന്നുണ്ടെങ്കിലും ബുദ്ധിയെപ്പോലെ പരിണാമമുണ്ടാകുന്നില്ല. കർത്താവ് മുതലായ കാരകങ്ങളുള്ളപ്പോൾ ഗ്രാഹ്യവിഷയങ്ങളെ ഗ്രഹിക്കുന്നതേതോ അത് പരിണാമിയാണ്. നിത്യശുദ്ധബുദ്ധമുക്തസ്വഭാവനായ ആത്മാവ് തന്നിൽ അദ്ധ്യസ്തങ്ങളായ പദാർത്ഥങ്ങളെ ഭാസിപ്പിക്കുന്നുവെന്നുമാത്രം. അതിനാൽ അവിടെ പരിണാമശങ്കയ്ക്ക് അവകാശമില്ല. 158

അദ്ധ്യക്ഷോഽഹമിതി ജ്ഞാനം ബുദ്ധേരേവ വിനിശ്ചയഃ
നാദ്ധ്യക്ഷസ്യാവശേഷിത്വാന്ന തസ്യാസ്തി പരോ യതഃ.

അന്വയം: അഹം അദ്ധ്യക്ഷ ഇതി ജ്ഞാനം ബുദ്ധേഃ ഏവ വിനിശ്ചയഃ യതഃ അദ്ധ്യക്ഷസ്യ അവശേഷി- ത്വാത് തസ്യ പരഃ ന അസ്തി.

സാരം: ആത്മാവിന്ന് വിഷയാകാരേണ പരിണാമമില്ലെങ്കിലും ബ്രഹ്മജ്ഞാനാകാരേണ പരിണാമമുണ്ടല്ലോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നാണെങ്കിൽ അതു് ആഗന്തുകജ്ഞാനത്തെ അപേക്ഷിച്ചുകൊണ്ടാണു്. 'തത്ത്വമസി' മുതലായ വാക്യംകൊണ്ടു് പരമാത്മാവുതന്നെയാണു് ഞാൻ എന്ന ജ്ഞാനമുണ്ടാകുന്നു. അതു് ആത്മാവിന്റെ പരിണാമമല്ല. നിരവയവമാകയാൽ ആത്മാവിൽ വിശേഷം സംഭവിക്കുകയില്ല. അതുകൊണ്ടു് ആഭാസത്തോടുകൂടിയ ബുദ്ധിയുടെ തന്നെ അവസ്ഥാവിശേഷമാണു് അതു്. അനേക ജന്മങ്ങൾകൊണ്ടു് അനുഷ്ഠിക്കപ്പെട്ട യാഗങ്ങൾകൊണ്ടു് പാപങ്ങൾ നശിച്ചു് സഗുണബ്രഹ്മോപാസനകൊണ്ടു് ഇളക്കമില്ലാതാക്കി വിവേകം, വൈരാഗ്യം, ശമം മുതലായ ഗുണങ്ങളെക്കൊണ്ടു് സംസ്കാരമുണ്ടാക്കി തത്ത്വംപദാർത്ഥങ്ങളെക്കൊണ്ടു് ശുദ്ധി വരുത്തി സംസ്കാരം ദൃഢമാക്കിയ ബുദ്ധിക്കു് 'തത്ത്വമസി' എന്ന വാക്യശ്രവണംകൊണ്ടു് ജീവേശ്വരന്മാർക്കുള്ള കല്പിതഭേദമില്ലാതായി അഖണ്ഡാകാരമായ അവസ്ഥയുണ്ടാകുന്നു. അതിൽ പ്രതിബിംബിക്കുന്ന ചൈതന്യം ആ വൃത്തിയുമായി അഭേദംപ്രാപിച്ചു് താൻ ബ്രഹ്മസ്വരൂപമാണെന്നു് കാണുന്നു. ആത്മാവു് നിർവ്വിശേഷമാകുന്നു, പരിണമിക്കുന്നില്ല. പരിണാമമുണ്ടായാൽ ചിത്തത്തെപ്പോലെ അന്യവേദ്യത്വം വരും. അതിനു് മറെറാരു സാക്ഷിയെ സ്വീകരിക്കേണ്ടിവരും. അതു് യുക്തമല്ല. അനവസ്ഥയും അപ്രാമാണ്യവും വരുമെന്ന അഭിപ്രായത്തിലാണു്, യാതൊരു ആത്മാവിൽനിന്നും പരമായി ഒന്നുമില്ലെന്നു പറഞ്ഞിട്ടുള്ളതു്. 159

കർത്താ ചേദഹമിത്യേവമനുഭൂയേത മുക്തതാ
സുഖദുഃഖവിനിർമോകോ നാഹംകർത്തരി യുജ്യതേ. 160

അന്വയം: കർത്താ അഹം മുക്ത ഇതി മുക്തതാ അനുഭൂയേത ചേത് തദാ അഹംകർത്തരി സുഖദുഃഖവിനിർമ്മോകോ ന യുജ്യതേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: കർത്താവ് ഞാൻ മുക്തനാണ്; എന്നിങ്ങനെ മോക്ഷാവസ്ഥ അനുഭവിക്കുകയാണെങ്കിൽ ഞാൻ കർത്താവല്ല എന്ന അനുഭവത്താൽ കർതൃത്വനാശംകൊണ്ടുണ്ടാകുന്ന സുഖദുഃഖാദികളുടെ ചേർച്ചയില്ലായ്മ, അയാളിൽ യോജിക്കുന്നില്ല. ക്രിയയോടുകൂടി കർതൃത്വവും ലയിക്കുന്നതിനാൽ ഫലസംബന്ധമുണ്ടാവില്ലെന്നു സാരം. 160

ബാദ്ധ്യതേ പ്രത്യയേനേഹ വിവേകേനാവിവേകവാൻ
ദേഹാദാവഭിമാനോത്ഥോ ദുഃഖീതിപ്രത്യയോ ധ്രുവം
കുണ്ഡലീപ്രത്യയോയദ്വത് പ്രത്യഗാത്മാഭിമാനിനാ 161

അന്വയം: വിവേകേന പ്രത്യയേന ദേഹാദൗ അഭിമാനോത്ഥഃ ദുഃഖീ ഇതി പ്രത്യയഃ, പ്രത്യഗാത്മാഭിമാനിനാ യദ്വത് കുണ്ഡലീപ്രത്യയഃ തദ്വത് ധ്രുവം ബാദ്ധ്യതേ

സാരം: പ്രത്യഗാത്മജ്ഞാനംകൊണ്ട് ഞാൻ കുണ്ഡലമുള്ളവനാണ് എന്ന അഭിമാനം നശിക്കുന്നതുപോലെ വിവേകവിജ്ഞാനംകൊണ്ട് അവിവേകംമൂലമുണ്ടാകുന്ന ദേഹാദിയിലുള്ള ആത്മാഭിമാനജന്യമായ അഹം സുഖീ–ദുഃഖീ എന്നീ ജ്ഞാനം നിശ്ചയമായും സാധിക്കപ്പെടുന്നു. 161

വിപര്യാസേ/സദന്തംസ്യാത് പ്രമാണസ്യാപ്രമാണതഃ

അന്വയം: വിപര്യാസേ പ്രമാണസ്യ അപ്രമാണതഃ അസദന്തം സ്യാത്.

സാരം: വിവേകിജ്ഞാനംകൊണ്ട് അവിവേകിജ്ഞാനം ബാധിക്കുന്നതുപോലെ അവിവേകിജ്ഞാനംകൊണ്ട് വിവേകിജ്ഞാനം എന്തുകൊണ്ട് ബാധിച്ചുകൂടാ. വിരോധം തുല്യമാണല്ലോ എന്നാണെങ്കിൽ പറയാം. ബാദ്ധ്യബാധകഭാവം വിപരീതമായാൽ പ്രമാണം അപ്രമാണമായി തീരുകയും എല്ലാം ശൂന്യത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പര്യാവസാനിക്കുകയും ചെയ്യും. പ്രാമാണികമായ വസ്തുവില്ലെങ്കിൽ പ്രതിഭാസം നിരാലംബവും ശൂന്യവുമായി തീരുന്നു. 162

ദാഹച്ഛേദവിനാശേഷു
ദുഃഖിത്വം നാന്യഥാത്മനഃ
നൈവ ഹ്യന്യസ്യ ദാഹാദാ-
വന്യോ ദുഃഖീ ഭവേത്കദാചിത് 163

അന്വയം: ദാഹച്ഛേദഃ വിനാശേഷു ആത്മനഃ ദുഃഖിത്വം ന അന്യഥാ ഹി അന്യസ്യ ദാഹാദൗ അന്യഃ കദാചിത് ദുഃഖീ ന ഭവേത് ഏവ.

സാരം: ദേഹത്തിന് ദാഹം, ച്ഛേദം, വിനാശം ഇവ ഉണ്ടാകുമ്പോഴാണ് ദുഃഖമുണ്ടാകുന്നത്. അല്ലെങ്കിലില്ല. അന്യന് ദാഹാദികളുണ്ടാകുമ്പോൾ ഒരിടത്തും മറ്റൊരുവന് ദുഃഖമുണ്ടാകുന്നില്ലതന്നെ. 163

അസ്പർശത്വാദദേഹത്വാന്നാഹം ദാഹ്യോ യതഃ സദാ.
തസ്മാന്മിഥ്യാഭിമാനോത്ഥം മൃതേ പുത്രേ മൃതിര്യഥാ. 164

അന്വയം: യതഃ അസ്പൃശ്ത്വാത് അദേഹത്വാത് അഹം സദാ ന ദാഹ്യഃ തസ്മാത് യഥാ പുത്രേ മൃതേ മൃതിഃ തഥാ മിഥ്യാഭിമനോത്ഥം.

സാരം: ആത്മാവിന് സ്വാഭാവികമായി ദാഹാദിസംബന്ധമില്ലെന്നതിന് പ്രമാണം പറയുന്നു. സ്പർശം, ദേഹത്വം മുതലായവ ഇല്ലാത്തതുകൊണ്ട് ആത്മാവ് (ഞാൻ) എല്ലാപ്പോഴും അദാഹ്യനാകുന്നു. പുത്രൻ മൃതനാകുമ്പോൾ താൻ മൃതനായി എന്നു തോന്നുന്നതുപോലെ ദേഹത്തിന് ദാഹമുണ്ടാകുമ്പോൾ ആത്മാവ് (താൻ) ദഗ്ധനായി എന്ന ബോധം മിഥ്യാഭിമാനംകൊണ്ടുണ്ടാകുന്നതാണ്. 164

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുണ്ഡല്യഹമിതി ഹ്യേതത്
ബാദ്ധ്യേതൈവ വിവേകിനാ
ദുഃഖീതി പ്രത്യയസ്തദ്വത്—
കേവലാഹംധിയാ സഹ. 165

അന്വയം: അഹം കുണ്ഡലീ ഇതി ഹി ഏതത് വിവേകിനാ ബാദ്ധ്യേത ഏവ തദ്വത് അഹം ദുഃഖീ ഇതി പ്രത്യയഃ കേവലാഹംധിയാ സഹ ബാദ്ധ്യേത.

സാരം: ഞാൻ കുണ്ഡലമുള്ളവനാണ് എന്ന അഭിമാനം പോയവന്ന് ഞാൻ കുണ്ഡലിയാണ് എന്നു തോന്നാത്തതുപോലെ ഞാൻ ദുഃഖിയാണ് എന്ന അഭിമാനം ഞാൻ കേവലാത്മാവാണ് എന്ന ബുദ്ധിയുണ്ടാകുന്നതോടെ ഇല്ലാതാകുന്നു. 165

സിദ്ധേ ദുഃഖിത്വ ഇഷ്ടം സ്യാത് തച്ഛക്തിച്ഛന്ദസാത്മനഃ
മിഥ്യാഭിമാനതോ ദുഃഖീ തേനാത്ഥാപാദനക്ഷമഃ. 166

അന്വയം: ആത്മനഃ ദുഃഖിത്വേ സിദ്ധേ ച്ഛന്ദസാ തച്ഛക്തിഃ സ്യാത് മിഥ്യാഭിമാനതഃ ദുഃഖീ തേന അത്ഥാ-പാദനക്ഷമഃ

സാരം: ഏതെങ്കിലും അവസ്ഥയിൽ കേവലാത്മാവിന്ന് ദുഃഖിത്വം പ്രമാണസിദ്ധമാണെങ്കിൽ ഇഷ്ടംപോലെ ദുഃഖിത്വശക്തിയുണ്ടെന്നു പറയാം. എന്നാൽ ദുഃഖദർശനം മററു വിധത്തിൽ ഉപപാദിക്കാവുന്നതിനാൽ ദുഃഖിത്വകല്പനം സാദ്ധ്യമല്ല. ദുഃഖിത്വാനുഭവം മിഥ്യാഭിമാനംനിമിത്തമാണ്. മിഥ്യാജ്ഞാനമുണ്ടോ ദുഃഖിത്വാനുഭവമുണ്ട്. ഇല്ലെങ്കിൽ ഇല്ല. അതിനാൽ ആത്മാവിൽ കാണുന്ന ദുഃഖിത്വം വാസ്തവമല്ല. മിഥ്യാഭൂതമാണ്. 166

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്പൃശ്യോഽപി യഥാ സ്പൃശ്മചലശ്ചലനാദി ച
അവിവേകാത്തഥാ ദുഃഖം മാനസം ചാത്മനീക്ഷതേ. 167

അന്വയം: അസ്പൃശഃ അപി യഥാസ്പൃശഃ അചലഃ ചലനാദി ച തഥാ അവിവേകാത് മാനസം ച ദുഃഖം ആത്മനി ഈക്ഷതേ.

സാരം: സ്പർശചലനാദികളില്ലാത്ത പൂർണ്ണാത്മാവിന് അവിവേകത്താൽ സ്പർശം, ചലനം, ശയനം, ഉത്ഥാനം, ഉപവേശനം മുതലായവ ഗ്രഹിക്കപ്പെടുന്നതുപോലെ മനഃകല്പിതങ്ങളായ സുഖദുഃഖാദികൾ അവിവേകത്താൽ ആത്മാവിൽ കാണപ്പെടുന്നു. 167

വിവേകാത്മധിയാ ദുഃഖം നദൃതേ ചലനാദിവത്
അവിവേകസ്വഭാവേന മനോ ഗച്ഛത്യനിച്ഛതഃ 168

അന്വയം: വിവേകാത്മധിയാ ദുഃഖം ചലനാദിവത് നദൃതേ അനിച്ഛതഃ മനഃ അവിവേകസ്വഭാവേന ഗച്ഛതി.

സാരം: വിവേകരൂപമായ ആത്മജ്ഞാനംകൊണ്ടു് ആത്മാവിൽ തോന്നുന്ന സ്ഥൂലദേഹത്തിലുള്ള ചലനാദികൾ ഇല്ലാതാകുന്നതുപോലെ സൂക്ഷ്മദേഹത്തിൻെറ അവിവേകംകൊണ്ടുണ്ടാകുന്ന ദുഃഖാദികൾ ബ്രഹ്മജ്ഞാനം കൊണ്ടു് സമൂലം ഇല്ലാതാകുന്നു. ഇച്ഛിക്കാതെതന്നെ അവിവേകസ്വഭാവംകൊണ്ടു് മനസ്സ് എല്ലായിടത്തും പോകുന്നു 168

തദാനദൃശ്യതേ ദുഃഖം നൈശ്ചല്യേനൈവ തസ്യ തത്
പ്രത്യഗാത്മനി തസ്മാത്തത് ദുഃഖം നൈവോപപദ്യതേ.

അന്വയം: തദാ തസ്യ നൈശ്ചല്യേന ഏവ തദ് ദുഃഖം പ്രത്യഗാത്മനി ന ഉപപദ്യത ഏവ.

സാരം: ആത്മാവിൻെറ നിശ്ചലത്വംകൊണ്ടുതന്നെയാണ് അപ്പോൾ ആ ദുഃഖം അനുഭവപ്പെടാത്തത്. അതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊണ്ടു് കേവലാത്മാവിൽ ദുഃഖം ഉപപന്നമാകുന്നില്ല തന്നെ. മനസ്സ് ഇളകുമ്പോൾ ദുഃഖം തോന്നുകയും അല്ലാത്തപ്പോൾ തോന്നാതിരിക്കുകയും ചെയ്യുന്നുവെന്നു സാരം. 169

ത്വം സതോസ്തുല്യനീഡത്വാന്നീലാശ്വവദിദം ഭവേത്

അന്വയം: ഇദം ത്വം സതോഃ തുല്യനീഡത്വാത് നീലാശ്വവത് ഭവേത്.

സാരം: 'ത്വം സത്' എന്ന വാക്യം അഖണ്ഡാർത്ഥ നിഷ്ഠമാണു്. ത്വം സത് എന്ന പദങ്ങൾക്കു് ഏകാർത്ഥ വൃത്തിത്വം ഉണ്ടു്. 'നീലാശ്വഃ' എന്ന വാക്യംപോലെ യാണു് ഇതു് 'നീലോഽശ്വഃ' എന്ന സ്ഥലത്തു് ഗുണ ഗുണീരൂപേണ സംസർഗ്ഗം തോന്നുന്നുണ്ടെങ്കിലും ഒരേ ദ്രവ്യ ത്തിൽ പര്യവസാനിക്കുന്നതുകൊണ്ടു് ഒരേ അധികരണ ത്തിൽ വർത്തിക്കുന്നു എന്നു കാണിക്കുവാനുള്ള ദൃഷ്ടാന്തം മാത്രമാണു്. 170

നിർദ്ദുഃഖവാചിനാ യോഗാത് ത്വംശബ്ദസ്യ തദർത്ഥതാ
പ്രത്യഗാത്മാഭിധാനേന തച്ഛബ്ദസ്യ യുതേസ്തഥാ. 171

അന്വയം: നിർദ്ദുഃഖവാചിനാ യോഗാത് ത്വം ശബ്ദസ്യ തദർത്ഥതാ തഥാ പ്രത്യഗാത്മാഭിധാനേന തച്ഛബ്ദസ്യ യുതേഃ തദർത്ഥതാ (സിദ്ധ്യതി)

സാരം: ദുഃഖമില്ലായ്മയെ പറയുന്ന തത് എന്ന ശബ്ദ ത്തോടു് ത്വം എന്ന ശബ്ദം ഒരേ അധികരണത്തിൽ വർത്തിക്കുന്നതിനാൽ അതിനു് സദർത്ഥകത്വം കിട്ടുന്നു. അതുപോലെ 'ത്വം' എന്ന ശബ്ദത്തോടെ സത് ശബ്ദ ത്തിനു് യോഗമുള്ളതിനാൽ അതിനു് അപരോക്ഷാത്മ കത്വം സിദ്ധിക്കുന്നുവെന്നു സാരം. 171

ദശമസ്ത്വമസീത്യേവം .... സ്യാത് പ്രത്യഗാത്മനി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ത്വം ദശമഃ അസി ഇതി ഏവം വാക്യം പ്രത്യഗാത്മനി സ്യാത്.

സാരം: വാക്യവും അപരോക്ഷവസ്തുവിനെ പ്രതിപാദിക്കുന്നതാണെന്നതിന് ദൃഷ്ടാന്തമാണ് ഇതു്. ഒരാൾ ഒമ്പതു പേരെ എണ്ണുമ്പോൾ, നീ പത്താമനാകുന്നു. എന്നു് അവർ പറയുന്ന വാക്യം പത്താമന്റെ പ്രത്യക്ഷമുണ്ടാക്കുന്നു എന്നു സാരം. 172

സ്വാർത്ഥസ്യ ഹ്യപ്രഹാണേന
വിശിഷ്ടാർത്ഥസമർപ്പകൗ
പ്രത്യഗാത്മാവഗത്യന്തൗ
നാന്യോഽർത്ഥോഽർത്ഥാദ്വിരോധ്യതഃ. 173

അന്വയം: (തത്ത്വംപദാർത്ഥൗ) സ്വാർത്ഥസ്യ അപ്രഹാണേന വിശിഷ്ടാർത്ഥസമർപ്പകൗ പ്രത്യഗാത്മാവഗത്യന്തൗ ഹി. അതഃ അന്യഃ അർത്ഥഃ അർത്ഥാത് ന വിരോധീ.

സാരം: തത്പദാർത്ഥവും ത്വംപദാർത്ഥവും പരോക്ഷത്വാപരോക്ഷത്വസ്വരൂപമായ വാച്യാർത്ഥത്തെ വിടാതെ വിശിഷ്ടാർത്ഥങ്ങളെ സമർപ്പിക്കുന്നവയാണ്. വാച്യഭേദമുള്ളതിനാൽ പര്യായങ്ങളല്ലെന്നു സാരം. ശുദ്ധസാക്ഷിയായ പ്രത്യഗാത്മാവിന്റെ അവബോധത്തിൽ ചെന്നവസാനിക്കുന്നവയാണ് തത്ത്വംപദാർത്ഥങ്ങൾ. തത്ത്വംപദവാച്യാർത്ഥങ്ങളും പരസ്പരവിരുദ്ധങ്ങളുമായ പരോക്ഷത്വാപരോക്ഷത്വങ്ങളെ വിട്ടു് 'തത്ത്വമസി' വാക്യം ലക്ഷണകൊണ്ടു് സ്വരൂപമാത്രബോധത്തിൽ ചെന്നവസാനിക്കുന്നു. സോഽയം ദേവദത്തഃ എന്നു് ലൗകികോദാഹരണം. തച്ഛബ്ദേദംശബ്ദങ്ങളുടെ വാച്യാർത്ഥങ്ങളായ തദ്ദേശ–തത്കാലങ്ങളേയും ഏതദ്ദേശ-ഏതത്കാലങ്ങളേയും വിട്ടാൽ ദേവദത്തസ്വരൂപബോധ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാണല്ലൊ ഉണ്ടാകുന്നതു്. അതുകൊണ്ടു് 'തത്ത്വമസി' വാക്യത്തിന്നു് ഏകരസമായ അഖണ്ഡാൎത്ഥബോധത്തിന്നു വിപരീതമായ ഒരൎത്ഥം വേദാന്തശാസ്ത്രത്തിൽ ഒരിടത്തും സ്വീകരിക്കുന്നില്ല. 173

നവബുദ്ധ്യപഹാരാദ്ധി സ്വാത്മാനം ദശപൂരണം
അപശ്യഞ്ജ്ഞാതുമേവേച്ഛേത് സ്വമാത്മാനം ജനസ്തഥാ.

അന്വയം: (യഥാ) നവബുദ്ധ്യപഹാരാത് സ്വാത്മാനം ദശപൂരണം അപശ്യൻ ജനഃ തഥാ സ്വം ആത്മാനം ജ്ഞാതും ഇച്ഛേത് ഹി.

സാരം: പത്തു പേരിൽ ഒരാൾ താൻ പത്താമത്തെ സംഖ്യയെ പൂരിപ്പിക്കുന്നവനാകുന്നുവെന്നറിയാതെ നാം ഒമ്പതു പേരാകുന്നു എന്നു പറയുമ്പോൾ ആ ഭ്രമബുദ്ധിയെ ഇല്ലാതാക്കുന്നതിനാണു് നീ പത്താമനാകുന്നു എന്ന വാക്യം പ്രവൎത്തിക്കുന്നതു്. അതുപോലെ മോക്ഷമിച്ഛിക്കുന്ന ഒരുവൻ ഏതോ കാരണത്താൽ മറന്നിരിക്കുന്ന തന്റെ ആത്മാവിനെ അറിയുവാൻ ആഗ്രഹിക്കുന്നു. അവിടെ ആത്മാജ്ഞാനനിവൃത്തിയാണു് ഫലം. ക്രിയാപരത്വമല്ല. 174

അവിദ്യാബദ്ധചക്ഷുഷ്ട്വാത് കാമാപഹൃതധീഃ സദാ
വിവിക്തം ദൃശ്യമാത്മാനം നേക്ഷതേ ദശമം യഥാ. 175

അന്വയം: അവിദ്യാബദ്ധചക്ഷുഷ്ട്വാത് കാമാപഹൃതധീഃ സദാ ദൃശ്യം വിവിക്തം ആത്മാനം ദശമം യഥാ ന ഈക്ഷതേ

സാരം: അനാദിയായ അജ്ഞാനംകൊണ്ടു് ജീവന്റെ ദൃഷ്ടി മറയപ്പെട്ടിരിക്കുന്നതിനാൽ കാമങ്ങളാൽ വിക്ഷിപ്തചിത്തനായ ഒരുവൻ ദൃശ്യസംഘാതത്തിൽ നിന്നും വേർപെട്ടു നില്ക്കുന്ന ആത്മാവിനെ കാണുന്നില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒമ്പതു പേരിൽത്തന്നെ ബദ്ധശ്രദ്ധനായ ഒരുവൻ അവരിൽനിന്നും വേർപെട്ടു നില്ക്കുന്ന തന്നെ കാണുന്നില്ല എന്നതു് ദൃഷ്ടാന്തം. 175

ദശമസ്ത്വമസീത്യേവം തത്ത്വമസ്യാദിവാക്യതഃ
സ്വമാത്മാനം വിജാനാതി കൃത്സ്നാന്തഃകരണേ ക്ഷണം.

അന്വയം: 'ദശമഃ ത്വം അസി' ഇതി ഏവം 'തത് ത്വം അസി' ഇതി വാക്യതഃ കൃത്സ്നാന്തഃകരണേ ക്ഷണം സ്വം ആത്മാനം വിജാനാതി.

സാരം: 'നീ പത്താമനാകുന്നു എന്ന വാക്യംപോലെ' അതു നീ ആകുന്നു എന്ന ശാസ്ത്രാചാര്യോപദേശത്തിൽ നിന്നു് സകല അന്തഃകരണങ്ങളിൽനിന്നും വിവിക്തനും അവയുടെ സാക്ഷിഭൂതനുമായ തൻെറ ആത്മാവിനെ അറിയുന്നു. 176

ഇദം പൂർവ്വമിദം പശ്ചാത്പദം വാക്യം ഭവേദിതി
അന്വയവ്യതിരേകാഭ്യാം തതോ വാക്യാർത്ഥബോധനം.

അന്വയം: ഇദം, പൂർവ്വം, ഇദം പശ്ചാത് ഇതി പദം വാക്യം ഭവേത് അന്വയവ്യതിരേകാഭ്യാം തതഃ വാക്യാർത്ഥബോധനം ഭവേത്.

സാരം: വേദപദങ്ങൾക്കു് പാഠനിയമങ്ങൾ ഇല്ലെങ്കിലും പ്രസിദ്ധമായ പദത്തെ അനുവദിച്ചു് അപ്രസിദ്ധമായ പദത്തെ ബോധിപ്പിക്കണം എന്ന ന്യായപ്രകാരം പ്രസിദ്ധാർത്ഥകമായ ത്വം അഹം മുതലായ പദങ്ങൾ മുമ്പും ബ്രഹ്മ സത് മുതലായ അപ്രസിദ്ധ പദങ്ങൾ പിന്നീടും പ്രയോഗിച്ചു് 'തത്ത്വം അസി, അഹം ബ്രഹ്മ അസ്മി' മുതലായ വാക്യങ്ങൾ ഉണ്ടാകുന്നു. ത്വംപദാർത്ഥമുള്ളിടത്തു് തത്പദാർത്ഥമുണ്ടു്. തത്പദമില്ലാത്തിടത്തു് ത്വംപദാർത്ഥമില്ല എന്ന അന്വയവ്യതിരേകങ്ങളെക്കൊണ്ടു ത്വംപദാർത്ഥത്തിനു് തത്പദാർത്ഥാത്മകത്വം ബോധിപ്പിക്കുന്നു. 177

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്യേ ഹി ശ്രൂയമാണാനാം പദാനാമർത്ഥസംസ്മൃതിഃ
നിയമോ നൈവ വേദേഽസ്തി പദസാങ്ഗത്യമർത്ഥതഃ 178

അന്വയം: വാക്യേ ഹി ശ്രൂയമാണാനാം പദാനാം അർത്ഥസംസ്മൃതിഃ വേദേ നിയമഃ ന അസ്തി ഏവ. പദസാങ്ഗത്യം അർത്ഥതഃ.

സാരം: ഒന്നാമതായി വേദവാക്യങ്ങളിൽ കേൾക്കപ്പെടുന്ന പദങ്ങളുടെ അർത്ഥസ്മൃതി നല്ലപോലെ ഉണ്ടാകുന്നു. അർത്ഥമനുസരിച്ചാണ് വേദങ്ങളിൽ പദങ്ങളെ സംഘടിപ്പിക്കുന്നത്. അല്ലാതെ ഒരു പദനിയമം അവിടെ ഇല്ലതന്നെ. 178

യദാ നിത്യേഷു വാക്യേഷു പദാർത്ഥസ്തു വിവിച്യതേ
വാക്യാർത്ഥജ്ഞാനസംക്രാന്ത്യൈ തദാ പ്രശ്നോ ന യുജ്യതേ

അന്വയം: യദാ തു നിത്യേഷു വാക്യേഷു പദാർത്ഥഃ വിവിച്യതേ തദാ വാക്യാർത്ഥജ്ഞാനസംക്രാന്ത്യൈ പ്രശ്നഃ ന യുജ്യതേ.

സാരം: എപ്പോൾ അർത്ഥങ്ങൾക്ക് മാററമില്ലാത്ത വാക്യങ്ങളിലെ പദാർത്ഥം വേർതിരിക്കപ്പെടുന്നുവോ അപ്പോൾ വാക്യാർത്ഥങ്ങളുടെ അർത്ഥബോധത്തെ മാററുവാൻവേണ്ടി പ്രശ്നത്തിൻെറ ആവശ്യം വരുന്നില്ല. 179

അന്വയവ്യതിരേകോക്തിഃ
പദാർത്ഥസ്മരണായ തു
സ്മൃത്യഭാവേ ന വാക്യാർത്ഥോ
ജ്ഞാതും ശക്യോ ഹി കേനചിത്. 180

അന്വയം: അന്വയവ്യതിരേകോക്തിഃ തു പദാർത്ഥസ്മരണായ സ്മൃത്യഭാവേ കേനചിത് വാക്യാർത്ഥഃ ജ്ഞാതും ന ശക്യഃ ഹി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഭാവാഭാവങ്ങളെ പറയുന്നതു് അവാന്തര വാക്യങ്ങളെക്കൊണ്ടും അതിനു് അനുകൂലമായ യുക്തി കളെക്കൊണ്ടും ആത്മാനാത്മവിവേചനം ചെയ്യുന്നതി നാണു്. പദാർത്ഥങ്ങളെക്കൊണ്ടു് ഉണ്ടായിത്തീരുന്ന അർത്ഥസ്മൃതിയില്ലെങ്കിൽ ആർക്കുംതന്നെ വാക്യാർത്ഥ ജ്ഞാനമുണ്ടാകുക സാദ്ധ്യമല്ല. 180

തത്ത്വമസ്യാദിവാക്യേഷു ത്വംപദാർത്ഥവിവേകതഃ
വ്യജ്യതേ നൈവ വാക്യാർത്ഥോ നിത്യമുക്തോഽഹമിത്യതഃ

അന്വയവ്യതിരേകോക്തിസ്തദ്വിവേകായ നാന്യഥാ
ത്വംപദാർത്ഥവിവേകേ ഹി പാണാവർപ്പിത ബില്വവത്

വാക്യാർത്ഥോ വ്യജ്യതേ ചൈവം
കേവലോഽഹംപദാർത്ഥതഃ
ദുഃഖീത്യേതദപോഹേന
പ്രത്യഗാത്മവിനിശ്ചയാത്. 183

അന്വയം: തത്ത്വമസ്യാദി വാക്യേഷു ത്വംപദാ-ർത്ഥവിവേകതഃ അഹം നിത്യമുക്തഃ ഇതി വാക്യാർത്ഥഃ ന വ്യജ്യത ഏവ. അതഃ അന്വയവ്യതിരേകോക്തിഃ തദ്വിവേകായ—ന അന്യഥാ ത്വംപദാർത്ഥവിവേകേ ഹി പാണൗ അർപ്പിതബില്വവത് അഹംപദാർത്ഥതഃ ദുഃഖീ ഇത്യേതദപോഹേന പ്രത്യഗാത്മവിനിശ്ചയാത് കേവലഃ വാക്യാർത്ഥഃ ഏവം വ്യജ്യതേ ച.

സാരം: 'തത്ത്വമസി' മുതലായ വാക്യങ്ങളിൽ 'ത്വം'പദാർത്ഥത്തിന്റെ വിവേചനംകൊണ്ടു് 'ഞാൻ നിത്യമുക്തനാകുന്നു' എന്ന വാക്യത്തിന്റെ അർത്ഥം വ്യക്തമാകുന്നില്ല. അതുകൊണ്ടു് ഭാവാഭാവകഥനം 'ത്വം'പദാർത്ഥവിജ്ഞാനത്തിനല്ലാതെ മറ്റൊന്നിനു മല്ല. 'ത്വം'പദാർത്ഥം തിരിച്ചറിഞ്ഞാൽ ഉള്ളംകയ്യി ലിരിക്കുന്ന കൂവളക്കായപോലെ 'അഹം ദുഃഖീ' എന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്യത്തിലെ 'അഹം'പദാർത്ഥത്തിൽനിന്നു് ദുഃഖീ എന്ന പദം മാററുമ്പോരം കേവലമായ വാക്യാർത്ഥം വ്യക്തമാകുന്നു. 181, 182, 183

തത്രൈവം സംഭവത്യർത്ഥേ ശ്രുതഹാനാശ്രുതാർത്ഥധീഃ
നൈവ കല്പയിതും യുക്താ പദവാക്യാർത്ഥകോവിദൈഃ.

അന്വയം: തത്ര ഏവം അർത്ഥേ സംഭവതി പദ-വാക്യാർത്ഥകോവിദൈഃ ശ്രുതഹാനാശ്രുതാർത്ഥധീഃ കല്പ-യിതും ന യുക്താ ഏവ.

സാരം: അവിടെ വാക്യത്തിനു് ഇങ്ങനെ അർത്ഥം സംഭവിക്കാമെന്നിരിക്കെ പദവാക്യാർത്ഥങ്ങളെ അറിയുന്നതിനു് സമർത്ഥന്മാരായവക്കു് ശ്രുതഹാനം അശ്രുതകല്പനം എന്നീ ദോഷങ്ങരം ഉന്നയിക്കുന്നതിനു് സാദ്ധ്യമല്ല. 184

പ്രത്യക്ഷാദീനി ബാധേരൻ കൃഷ്ണലാദിഷു പാകവത്
അക്ഷജാദിനിഭൈരേതൈഃ കഥം സ്യാദ്വാക്യബാധനം.

അന്വയം: കൃഷ്ണലാദിഷു പാകവത് പ്രത്യക്ഷാ-ദീനി ബാധേരൻ അക്ഷജാദിനിഭൈഃ ഏതൈഃ വാക്യ-ബാധനം കഥം സ്യാത്?

സാരം: 'കൃഷ്ണലാൻ ശ്രപയേത്' കൃഷ്ണലങ്ങളെ പാകംചെയ്യണം എന്നിടത്തു് 'കൃഷ്ണല'ശബ്ദംകൊണ്ടു് പറയപ്പെടുന്ന സുവർണ്ണമണികളിൽ കേരംക്കപ്പെടുന്ന പാകം പ്രത്യക്ഷംകൊണ്ടു് ബാധിക്കപ്പെടുന്നു. എന്തെന്നാൽ അവയിൽ പാകം കാണുന്നില്ല. എന്നാൽ അദൃഷ്ടമായ ഒരു സംസ്കാരമാണു് പാകക്രിയകൊണ്ടു സാധിക്കുന്നതു്. അതുപോലെ ഇവിടെയും വാക്യത്തിന്റെ അഖണ്ഡാർത്ഥത്തെ ഭേദഗ്രാഹികളായ പ്രമാണങ്ങരം ബാധി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കും. ആത്മാവ്ു് ബ്രഹ്മമാണെന്നു കേട്ടാലും പൂർണ്ണത കാണാത്തതിനാൽ ആത്മസംസ്കാരമാണു് വാക്യത്തിനു് അർത്ഥമെങ്കിൽ കർത്തൃത്വപ്രതിഭാസത്തിനു് പ്രാമാണ്യം ഉണ്ടാകണം. അതില്ല. അദ്ധ്യസിക്കപ്പെട്ട അഹങ്കാരാദികളുടെ സംബന്ധംകൊണ്ടാണു് ആത്മാവിൽ ദുഃഖിത്വാദികം നിരാകരിച്ചിട്ടുള്ളതു്. അതുകൊണ്ടു് പ്രമാണഭൂതമായ വാക്യത്തിനു് ബാധനം സംഭവിക്കുകയില്ല. 185

ദുഃഖ്യസ്മീതി സതി ജ്ഞാനേ നിർദുഃഖീതി ന ജായതേ
പ്രത്യക്ഷാദിനിഭതോഽപി വാക്യാന്ന വ്യഭിചാരതഃ 186

അന്വയം: ദുഃഖീ അസ്മി ഇതി ജ്ഞാനേ സതി നിർദുഃഖീ ഇതി (ജ്ഞാനം) ന ജായതേ. വാക്യാത് പ്രത്യക്ഷാദിനിഭതോ അപി ന വ്യഭിചാരതഃ.

സാരം: ഞാൻ ദുഃഖിയാണു് എന്ന ജ്ഞാനമുള്ളപ്പോൾ ദുഃഖിയല്ല എന്ന ജ്ഞാനം ഉണ്ടാകുന്നില്ല. വ്യഭിചാരദോഷംകൊണ്ടു് വാക്യത്തിൽനിന്നു് പ്രത്യക്ഷാദിസാദൃശ്യവും വരുന്നതല്ല. 186

സ്വപ്നേ ദുഃഖ്യഹമദ്ധ്യാസം ദാഹഛേദാദിഹേതുതഃ
തത്കാലഭാവിഭിർവാക്യൈർ ന ബാധഃ ക്രിയതേ യദി

അന്വയം: സ്വപ്നേ ദാഹഛേദാദിഹേതുതഃ അഹം ദുഃഖീ ഇതി അദ്ധ്യാസം തത്കാലഭാവിഭിർവാക്യൈഃ ബാധഃ യദി ന ക്രിയതേ.

സാരം: വ്യഭിചാരദോഷം എങ്ങനെയെന്നു പറയുന്നു. സ്വപ്നത്തിൽ ദഹിക്കുക, മുറിയുക മുതലായവ നിമിത്തം ഞാൻ ദുഃഖിയാകുന്നു എന്ന അദ്ധ്യാസമുണ്ടാകുന്നു. ആ സമയത്തുണ്ടാകാവുന്ന വാക്യങ്ങളെക്കൊണ്ടു് അതു് ബാധിക്കപ്പെടുന്നില്ല. 187

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമാപ്തേസ്തർഹി ദുഃഖസ്യപ്രാക്ച തദ്ബാധ ഇഷ്യതാം
ന ഹി ദുഃഖസ്യ സന്താനോ ഭ്രാന്തേർവാ ദൃശ്യതേ കചചിത്

അന്വയം: തർഹി ദുഃഖസ്യ സമാപ്തേഃ പ്രാക് ച തദ്ബാധ ഇഷ്യതാം ദുഃഖസ്യ സന്താനഃ ഭ്രാന്തേഃ കചചിത് വാ ന ദൃശ്യതേ.

സാരം: ദുഃഖം അവസാനിച്ചതിനുശേഷം എന്നപോലെ അതിനുമുമ്പും ദുഃഖമില്ലാതിരുന്നതിനാൽ മദ്ധ്യത്തിൽ കാണുന്ന ശുക്തിരൂപത്തിന് എന്നപോലെ ദുഃഖത്തിന് ബാധ ഇഷ്ടപ്പെടരുതോ എന്നാണെങ്കിൽ പറയാം. അവികാരിയാകയാൽ ആത്മാവിൽ ദുഃഖത്വാദികളില്ല. അവ അവിടെ ആരോപിക്കപ്പെട്ടവയാണ്. ശുക്തിജ്ഞാനംകൊണ്ട് രജതം ബാധിക്കപ്പെടുന്നതുപോലെ, ദുഃഖിത്വാദികളെ ബാധിച്ചുകൊണ്ടാണ് വാക്യാർത്ഥജ്ഞാനം ഉണ്ടാകുന്നത്. അതിനുള്ള സാമർത്ഥ്യം 'തത്ത്വമസി' വാക്യത്തിനുണ്ട്. 188

പ്രത്യഗാത്മന ആത്മത്വം ദുഃഖ്യസ്മീത്യസ്യ ബാധയാ
ദശമം നവമസ്യേവ വേദ ചേദവിരുദ്ധതാ. 189

അന്വയം: അവിരുദ്ധതാ ചേത് ദശമം നവമസ്യ ഇവ (അഹം) ദുഃഖീ അസ്മി ഇത്യസ്യ ബാധയാ പ്രത്യ-ഗാത്മന ആത്മത്വം (ഭവതി).

സാരം: വിരോധമില്ലെങ്കിൽ ഒമ്പതാമത്തേതിന്റെ ബാധനത്താൽ പത്താമത്തേതു സിദ്ധിക്കുന്നതുപോലെ ഞാൻ ദുഃഖിയാകുന്നു എന്നതിന്റെ ബാധനംകൊണ്ട പ്രത്യഗാത്മാവിന് ആത്മത്വം ഉണ്ടാകുന്നു. 189

നിത്യമുക്തത്വവിജ്ഞാനം വാക്യാത് ഭവതി നാന്യതഃ
വാക്യാർത്ഥസ്യാപി വിജ്ഞാനം പദാർത്ഥസ്മൃതിപൂർവ്വകം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയവ്യതിരേകാഭ്യാം പദാൎത്ഥഃ സ്മര്യതേ ധ്രുവം.
ഏവം നിർദ്ദുഃഖമാത്മാനമക്രിയം പ്രതിപദ്യതേ. 191

സദേവേത്യാദിവാക്യേഭ്യഃ പ്രമാ സ്ഫുടതരാ ഭവേത്
ദശമസ്ത്വമസീത്യസ്മാത് യഥൈവം പ്രത്യഗാത്മനി. 192

പ്രബോധേന യഥാ സ്വാപ്നം സൎവ്വദുഃഖം നിവൎത്തതേ
പ്രത്യഗാത്മധിയാ തദ്വത് ദുഃഖിത്വം സൎവ്വമാത്മനഃ. 193

അന്വയം: നിത്യമുക്തത്വവിജ്ഞാനം വാക്യാത് ഭവതി ന അന്യതഃ വാക്യാൎത്ഥസ്യ അപി വിജ്ഞാനം പദാൎത്ഥസ്മൃതിപൂൎവ്വകം (ഭവതി) പദാൎത്ഥഃ അന്വയ-വ്യതിരേകാഭ്യാം സ്മര്യതേ ധ്രുവം ഏവം ആത്മാനം നിർദ്ദുഖം അയം (ച) പ്രതിപദ്യതേ 'ത്വം ദശമഃ' അസി ഇതി വാക്യാത് യഥാ പ്രത്യഗാത്മനി ഏവം 'സദേവ' ഇത്യാദി വാക്യേഭ്യഃ പ്രമാ സ്ഫുടതരാ ഭവേത് യഥാ പ്രബോധേന സ്വാപ്നം സൎവ്വദുഃഖം (തഥാ) പ്രത്യഗാത്മ-ധിയാ സൎവ്വദാ ആത്മനഃ തത് ദുഃഖിത്വം നിവൎത്തതേ.

സാരം: വാക്യത്തിൽനിന്നു് നിത്യമുക്തനാണു് എന്ന ജ്ഞാനം ഉണ്ടാകുന്നു. പദാർത്ഥസ്മൃതിയിൽ നിന്നു് വാക്യാർത്ഥത്തിൻെറ വിജ്ഞാനം ഉണ്ടാകുന്നു. പദാർത്ഥമുണ്ടാകുന്നതു് അന്വയവ്യതിരേകങ്ങളെക്കൊണ്ടാണു്. ഇങ്ങനെ ആത്മാവു് ദുഃഖരഹിതനും നിഷ്ക്രിയനുമായിത്തീരുന്നു. 'നീ പത്താമനാകുന്നു' എന്ന വാക്യത്തിൽനിന്നു് ഒമ്പതാമനെ ബാധിച്ചു് പത്താമൻെറ ബോധമുണ്ടാകുന്നതുപോലെ 'ഇതു്' സത്തുതന്നെ ആയിരുന്നു മുതലായ വാക്യങ്ങളിൽനിന്നു്, ഉണരുമ്പോൾ സ്വപ്നത്തിലെ ദുഃഖങ്ങൾ ഇല്ലാതാകുന്നതുപോലെ, പ്രത്യഗാത്മബോധം ഉണ്ടാകുമ്പോൾ ആത്മാവിൻെറ ദുഃഖങ്ങളെല്ലാം ഇല്ലാതായിത്തീരുന്നു. 190, 191, 192, 193.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണലാദൗ പ്രമാജന്മ തദന്യാത്മാമൂഢത്വതഃ
തത്ത്വമസ്യാദിവാക്യേഷു ന ത്വേവമവിരോധതഃ. 194

അന്വയം: പ്രമാജന്മ കൃഷ്ണലാദൗ അമൂഢത്വതഃ അന്യാത്മാ തത്ത്വമസ്യാദിവാക്യേഷു തു അവിരോധതഃ ഏവം ന.

സാരം: സുവര്‍ണ്ണമണികളില്‍ പാകാനുഭവമുണ്ടാകാതിരിക്കുന്നതു് മൂഢത്വമില്ലാത്തതുകൊണ്ടാണു്. 'തത്ത്വമസി' (അതു് നീയാകുന്നു) മുതലായ വാക്യങ്ങളില്‍ ലക്ഷ്യാര്‍ത്ഥത്തിനു് വിരോധമില്ലാത്തതിനാല്‍ അങ്ങിനെയല്ല. 194

വാക്യേ തത്ത്വമസീത്യസ്മിന്‍
ജ്ഞാനാത്ഥം തദസിദ്വയം
ത്വമര്‍ത്ഥേ സത്യസാഹായ്യാദ്
വാക്യം നോത്പാദയേത്പ്രമാം. 195

അന്വയം: 'തത് ത്വം അസി' ഇതി അസ്മിന്‍ വാക്യേ തത് അസി ദ്വയം ജ്ഞാതാര്‍ത്ഥം ത്വമര്‍ത്ഥേ സതി അസാഹായ്യാത് വാക്യം പ്രമാം ന ഉത്പാദയേത്.

സാരം: തത് ത്വം അസി എന്നിങ്ങനെ മൂന്നു പദങ്ങളുള്ള ഈ വാക്യത്തില്‍ തത് എന്നും അസി എന്നുമുള്ള രണ്ടു പദങ്ങള്‍ പ്രസിദ്ധാത്മകങ്ങളാണു്. 'ത്വം'പദത്തിന്റെ അര്‍ത്ഥം അറിയാതിരുന്നാല്‍ സഹായമില്ലാത്തതുകൊണ്ടു് ഈ വാക്യം അപരോക്ഷജ്ഞാനരൂപമായ പ്രമയെ ഉത്പാദിപ്പിക്കുകയില്ല. 195

ത്ത്വമോസ്തുല്യനീഡാത്ഥമസീത്യേത്പദം ഭവേത്.

അന്വയം: അസി ഇതി ഏതത് പദം ത്വമോഃ തുല്യനീഡാര്‍ത്ഥം ഭവേത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: 'അസി' എന്ന ഈ പദം തത് എന്നും 'ത്വം' എന്നും ഉള്ള പദാർത്ഥങ്ങൾക്ക് തുല്യനീഡാർത്ഥത്തെ (ഐക്യാലംബനമായ സാമാനാധികരണ്യ) സ്പഷ്ടമാക്കുവാൻ ഉപയോഗപ്പെടുന്നു. 196

തച്ഛബ്ദഃ പ്രത്യഗാത്മാർത്ഥസ്തച്ഛബ്ദാർത്ഥസ്ത്വമസ്തഥാ
ദുഃഖിത്വാപ്രത്യഗാത്മത്വം വാരയേതാമുഭാവപി. 197

അന്വയം: പ്രത്യഗാത്മാർത്ഥഃ തച്ഛബ്ദഃ തഥാ ത്വമഃ തച്ഛബ്ദാർത്ഥഃ ഉഭൗ അപി ദുഃഖിത്വാപ്രത്യഗാത്മത്വം വാരയേതാം.

സാരം: തത് എന്ന പദത്തിന് ത്വം പദവുമായി സാമാനാധികരണ്യമുണ്ടാകയാൽ പ്രത്യഗാത്മാവ് എന്നർത്ഥം. അതുപോലെ 'ത്വം' എന്ന പദത്തിന് തത്പദാർത്ഥവുമായി സാമാനാധികരണ്യമുണ്ടാകയാൽ തത് എന്ന പദാർത്ഥത്തിൻെറ അർത്ഥമുണ്ടാകുന്നു. അപ്പോൾ ഈ രണ്ടു ശബ്ദങ്ങളും ത്വംപദാർത്ഥത്തിൻെറ ദുഃഖിത്വാംശത്തേയും തദ്പദാർത്ഥത്തിൻെറ പ്രത്യഗാത്മത്വത്തേയും (പരോക്ഷത്വാംശത്തേയും) ഇല്ലാതാക്കുന്നു. 197

ഏവം ച നേതിനേത്യർത്ഥം ഗമയേതാം പരസ്പരം 198

അന്വയം: ഏവം ച പരസ്പരം നേതി, നേതി ഇതി അർത്ഥം ഗമയേതാം.

സാരം: അപ്പോൾ തത്പദവും ത്വംപദവും അന്യോന്യം നേതി നേതി എന്ന വാക്യംകൊണ്ടു സിദ്ധിക്കുന്ന അർത്ഥത്തെ കാണിക്കുന്നു. 198

ഏവം തത്ത്വമസീത്യസ്യ ഗമ്യമാനേ ഫലേ കഥം
അപ്രമാണത്വമസ്യോക്തം ക്രിയാപേക്ഷത്വമുച്യതേ.

അന്വയം: ഏവം തത് ത്വം അസി ഇതി അസ്യ ഫലേ ഗമ്യമാനേ അസ്യ ഉക്തം ക്രിയാപേക്ഷത്വം അപ്രമാണത്വം കഥം ഉച്യതേ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ഇപ്രകാരം 'തത്' ത്വം അസി എന്ന മഹാവാക്യത്തിന് ജീവബ്രഹ്മൈക്യരൂപമായ ഫലം അറിയപ്പെട്ടപ്പോൾ തുല്യനീഡാർത്ഥം കുരു, ചിന്തയ, മുതലായ ക്രിയകളെ അപേക്ഷിച്ചുകൊണ്ടുള്ള അപ്രമാണ്യം പറയപ്പെടുന്നതെങ്ങിനെ? 199

തസ്മാദാദ്യന്തമദ്ധ്യേഷു കുർവ്വിത്യേതദ്വിരോധ്യതഃ
ന കല്പ്യാമോഽശ്രുതത്വാച്ച ശ്രുതത്യാഗോഽപ്യനർത്ഥകഃ. 200

അന്വയം: തസ്മാത് ആദ്യന്തമദ്ധ്യേഷു കുരു ഇതി ഏതത് വിരോധീ അതഃ ന കല്പ്യാമഃ ശ്രുതത്യാഗഃ അപി അനർത്ഥകഃ.

സാരം: അതുകൊണ്ട് തത്ത്വം അസി എന്ന ആദ്യോപദേശത്തിലും പദാർത്ഥപരിശോധനാത്മകമായ അന്വയവ്യതിരേകങ്ങളെ ഗ്രഹിക്കുന്ന കാലത്തും നിർവ്വികല്പകബ്രഹ്മാനുഭവകാലത്തും കുരു മുതലായ അനുഷ്ഠാനകല്പനം അതാതർത്ഥങ്ങളുടെ ബോധത്തിന് വിരോധിയാകയാൽ ക്രിയ കല്പിക്കുന്നില്ല. ശ്രുതിസിദ്ധമല്ലായ്കയാലും കല്പനമില്ല. ശ്രുതത്യാഗവും അശ്രുതകല്പനവും അനർത്ഥകങ്ങളുമാണ്. 200

യഥാനുഭൂയതേ തൃപ്തിർഭുജേർവാക്യാന്ന ഗമ്യതേ
വാക്യസ്യ വിധൃതിസ്തദ്വത് ഗോശകൃത്പായസീക്രിയാ.

അന്വയം: യഥാ ഭുജേഃ തൃപ്തിഃ (ഫലം) അനുഭൂയതേ തഥാ വാക്യാത് (മോക്ഷഫലം) ന ഗമ്യതേ യഥാ ഗോശകൃത്പായസീക്രിയാ ന തഥാ വാക്യസ്യ വിധൃതിഃ ന.

സാരം: ഭോജനക്രിയയ്ക്കു് തൃപ്തി എങ്ങിനെ പ്രത്യക്ഷഫലമായിത്തീരുമോ അതുപോലെ തത് ത്വം അസി എന്ന വാക്യത്തിൽനിന്നു് മോക്ഷസ്വരൂപമായ പ്രത്യക്ഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലം ഉണ്ടാകുന്നില്ല. ഗോമയം പായസസാമഗ്രിയല്ലാത്തതുകൊണ്ടു് അതിൽനിന്നു് പായസകരണം യുക്തമാകാത്തതുപോലെ വാക്യത്തിനു മോക്ഷസാധനത്വമില്ലാത്തതുകൊണ്ടു് വാക്യാർത്ഥം ആത്മസാക്ഷാത്കാരം ജനിപ്പിക്കുന്നില്ലെന്നുസാരം. 201

സത്യമേവമനാത്മാർത്ഥവാക്യാത് പാരോക്ഷ്യബോധനം
പ്രത്യഗാത്മനി ന ത്വേവം സംഖ്യാപ്രാപ്തിവദ്ധ്രുവം. 202

അന്വയം: ഏവം അനാത്മാർത്ഥവാക്യാത് പാരോക്ഷ്യബോധനം സത്യം സംഖ്യാപ്രാപ്തിവത് പ്രത്യഗാത്മനി തു ധ്രുവം ഏവം ന.

സാരം; ആത്മസ്വരൂപകപ്രതിപാദകമല്ലാത്ത വാക്യത്തിൽനിന്നു് ആത്മാവിന്റെ പരോക്ഷത്വബോധമാണുണ്ടാകുന്നതെന്നതു് സത്യം. 'ദശമഃ ത്വം അസി' എന്ന വാക്യത്തിൽ ദശമത്വസംഖ്യ പ്രത്യക്ഷമായി അറിയുന്നതുപോലെ 'തത് ത്വം അസി' എന്ന വാക്യത്തിൽനിന്നും ആത്മാവിന്റെ അപരോക്ഷജ്ഞാനമുണ്ടാകും. 202

സ്വയംവേദ്യത്വപര്യായഃ സ്വപ്രമാണക ഇഷ്യതാം
നിവൃത്താവഗമഃ സിദ്ധഃ സ്വാത്മനോഽനുഭവശ്ച നഃ. 203

അന്വയം: സ്വപ്രമാണകഃ സ്വയം വേദ്യത്വപര്യായഃ ഇഷ്യതാം നിവൃത്തൗ സ്വാത്മനഃ അനുഭവഃ ച നഃ സിദ്ധഃ അഗമഃ.

സാരം: പ്രമാണങ്ങളുടെ അപേക്ഷ കൂടാതെ പ്രകാശിക്കുന്ന സ്വഭാവമുള്ളതാണു് ആത്മാവു് എന്നറിയണം. സ്വയംജ്യോതിസ്സ്വഭാവനെന്നു സാരം. ആത്മഭേദകാരണങ്ങൾ നിവൃത്തിക്കുമ്പോൾ നമുക്കു് സ്വാത്മാനുഭവം സിദ്ധി[illegible]ല്ല. 203

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധീനാം വിഷയോ ദുഃഖം
നോ യസ്യ വിഷയാ മതാഃ
കുതോഽസ്യ ദുഃഖസംബന്ധോ
ദൃശേഃ സ്യാത്പ്രത്യഗാത്മനഃ. 204

അന്വയം: ദുഃഖം ബുദ്ധീനാം വിഷയഃ യസ്യ വിഷയാഃ ന മതാഃ അസ്യ ദൃശേഃ പ്രത്യഗാത്മനഃ ദുഃഖസംബന്ധഃ കുതഃ സ്യാത്?

സാരം: ദുഃഖമെല്ലാം ബുദ്ധിവൃത്തിക്കു് വിഷയമാണു്. ബുദ്ധിവൃത്തികൾക്കു് ആശ്രയമായ സാക്ഷിക്കു് വിഷയമല്ല. ജ്ഞാനസ്വരൂപനായ പ്രത്യഗാത്മാവിന്നു് ദുഃഖസംബന്ധമുണ്ടാകുകയില്ലല്ലൊ. 204

ദൃശിരേവാനുഭൂയേത സ്വേനൈവാനുഭവാത്മനാ
തദാഭാസതയാ ജന്മ ധിയോഽസ്യാനുഭവഃ സ്മൃതഃ. 205

അന്വയം: ദൃശിഃ ഏവ സ്വേന ഏവ അനുഭവാത്മനാ അനുഭൂയേത തദാഭാസതയാ ധിയോ ജന്മ അസ്യ അനുഭവഃ സ്മൃതഃ.

സാരം: ഒരു ധർമ്മവുമില്ലാത്ത പ്രത്യഗാത്മാവിന്നു് അനുഭവമുണ്ടാകുന്നതെങ്ങനെ, എന്നു പറയുന്നു. ദൃശി (ജ്ഞാനം) തന്നെ അനുഭവാത്മകമാകയാൽ അതിൻെറ അനുഭവത്തിന്നു് മററൊരനുഭവത്തെ ആശ്രയിക്കേണ്ടതില്ല. ചൈതന്യാഭാസത്തിൻെറ വ്യാപ്തിയാണു് ബുദ്ധി. ആ ബുദ്ധിയുടെ ജനനമാണു് ആത്മാവിൻെറ ആഗന്തുകമായ അനുഭവമെന്നു് വിദ്വാന്മാരാൽ സ്മരിക്കപ്പെട്ടിട്ടുണ്ടു്. 205

അശനായാദിനിർമുക്തഃ സിദ്ധോ മോക്ഷസ്ത്വമേവ സഃ
ശ്രോതവ്യാദി തവേത്യേതദ്വിരുദ്ധം കഥമുച്യതേ. 206

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: അശനായാദിനിർമുക്തഃ സിദ്ധഃ സഃ മോക്ഷഃ ത്വം ഏവ. തവ ശ്രോതവ്യാദി ഇതി കഥം വിരുദ്ധം ഉച്യതേ.

സാരം: വിശപ്പ്, ദാഹം മുതലായ എല്ലാ ധർമ്മങ്ങളേയും വിട്ടു നില്ക്കുന്നതും നിത്യസിദ്ധവുമായ മോക്ഷം നീ തന്നെയാകുന്നുവെന്ന് ആചാര്യോപദേശമുണ്ടെന്നിരിക്കേ നിനക്കു് ശ്രവണാദികൾ അനുഷ്ഠിക്കപ്പെടേണ്ടവയാണ് എന്നു പറയുന്നതു് വിരുദ്ധമല്ലേ? അവിക്രിയമായ ബ്രഹ്മത്വവും കർതൃത്വവുമുണ്ടു് എന്നതു് പ്രമാണമാവുകയില്ല. 206

സേത്സ്യതീത്യേവ ചേത്തദ്സ്യാ-
ച്ഛ്രവണാദി തദാ ഭവേത്
മോക്ഷസ്യാനിത്യതൈവം സ്യാത്
വിരോധേ നാന്യഥാ വചഃ 207

അന്വയം: സേത്സ്യതി ഇതി ഏവ തത് സ്യാത് തദാ ശ്രവണാദി ഭവേത് ഏവം മോക്ഷസ്യ അനിത്യതാ സ്യാത് വിരോധേ വചഃ അന്യഥാ ന.

സാരം: ഉപദേശവാക്യത്തിന് മാററം സ്വീകരിക്കുകയാണെങ്കിൽ അപ്പോൾ ശ്രവണാദികൾ സിദ്ധിക്കും. പക്ഷെ, മോക്ഷത്തിൽ അനിത്യത്വം വരും. അങ്ങനെ മാററം സ്വീകരിച്ചാലും സ്വീകരിച്ചില്ലെങ്കിലും വിരോധം വരുമെന്നിരിക്കേ മാററത്തിൻെറ ആവശ്യമില്ല. 207

ശ്രോതൃശ്രോതവ്യയോർഭേദോ യദീഷ്ടഃ സ്യാത് ഭവേദിദം
ഇഷ്ടാർത്ഥകോപ ഏവം സ്യാന്ന യുക്തം സർവ്വഥാ വചഃ 208

അന്വയം: യദി ശ്രോതൃശ്രോതവ്യയോഃ ഭേദഃ ഇഷ്ടഃ സ്യാദ് ഇദം ഭവേത്. ഏവം ഇഷ്ടാർത്ഥകോപഃ സ്യാത് സർവ്വഥാ വചഃ ന യുക്തം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: കേൾക്കുന്നവനും കേൾക്കപ്പെടേണ്ടതിന്നും തമ്മിൽ ഭേദം സമ്മതമാണെങ്കിൽ കർത്താവിനും കർമ്മത്തിനും ഭേദമുണ്ട്. കർത്തൃകർമ്മഭേദമില്ലെങ്കിൽ ഒരു കാര്യവും ഉണ്ടാകുന്നില്ല. ഭേദം ഉണ്ടായിക്കൊള്ളട്ടെ എന്നാണെങ്കിൽ ഇഷ്ടാത്ഥകോപം വരും. ജീവന് ബ്രഹ്മഭാവമാണ് ഇഷ്ടമായ അത്ഥം. അതുകൊണ്ട് ഭേദപക്ഷത്തിൽ ഉപദേശവാക്യം എല്ലാ വിധത്തിലും പ്രമാണത്തിന് യോജിക്കാതെ വരും. 208

സിദ്ധോ മോക്ഷോഽഹമിത്യേവ
ജ്ഞാത്വാത്മാനം ഭവേദ്യദി
ചികീർഷുര്യഃ സ മൂഢാത്മാ
ശാസ്ത്രം ചോദ്ഘടായത്യപി. 209

അന്വയം: അഹം ഇതി ഏവ മോക്ഷഃ സിദ്ധഃ ആത്മാനം ജ്ഞാത്വാ യദി ചികീർഷുഃ ഭവേത് സഃ മൂഢാത്മാ ശാസ്ത്രം ച അപി ഉദ്ഘാടയതി.

സാരം: മോക്ഷം എന്നാൽ ഞാൻ എന്ന അനുഭവമാണ്. ആത്മാവിനെ അറിഞ്ഞിട്ട് മോക്ഷം വേണമെന്ന് ആഗ്രഹിക്കുന്നവൻ മൂഢാത്മാവാണ്. അവൻ ശാസ്ത്രത്തെ ദൂഷിപ്പിക്കുകയും ചെയ്യുന്നു. 209

ന ഹി സിദ്ധസ്യ കത്തവ്യം സകാര്യസ്യ ന സിദ്ധതാ
ഉഭയാലംബനം കുവ്വന്നാത്മാനം വഞ്ചയത്യപി 210

അന്വയം: സിദ്ധസ്യ കത്തവ്യം നഹി സകാര്യസ്യ സിദ്ധതാ ന ഉഭയാലംബനം കുവ്വൻ ആത്മാനം വഞ്ചയതി അപി.

സാരം: മോക്ഷം സിദ്ധിച്ചവന് കത്തവ്യമൊന്നുമില്ല. കത്തവ്യമുള്ളവന് മോക്ഷസിദ്ധിയുമില്ല. കാര്യാകാര്യങ്ങൾ രണ്ടുമവലംബിക്കുന്നവൻ ആത്മാവിനെ വഞ്ചിക്കുകയുമാണ് ചെയ്യുന്നത്. 210

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിദ്ധോ മോക്ഷസ്ത്വമിത്യേതത്
വസ്തുമാത്രം പ്രദശ്യതേ
ശ്രോതുസ്തഥാത്വവിജ്ഞാനേ
പ്രവൃത്തിഃ സ്യാത്കഥംത്വിതി. 211

അന്വയം: സിദ്ധഃ മോക്ഷഃ ത്വം ഇതി ഏതത് വസ്തുമാത്രം പ്രദർശ്യതേ ശ്രോതുഃ തഥാത്വവിജ്ഞാനേ പ്രവൃത്തിം തു കഥം സ്യാത് ഇതി.

സാരം: സിദ്ധമായ മോക്ഷമാകുന്നു നീ എന്നതു് വസ്തുമാത്രത്തെ പറയുന്നതാണു്. ശ്രോതാവിനു് അജ്ഞാനമുണ്ടായാൽ പ്രവൃത്തിയുണ്ടാകുന്നതെങ്ങിനെ? അതുകൊണ്ടു് ശ്രോതാവായ മുമുക്ഷുവിനു് പ്രവൃത്തിയുണ്ടാകാൻവേണ്ടിയാണു് നീ മോക്ഷമാകുന്നു എന്നു പറയുന്നതു്. 211

കത്താ ദുഃഖ്യഹമസ്മീതി പ്രത്യക്ഷേണാനുഭൂയതേ
കത്താ ദുഃഖീ ച മാ ഭൂവമിതി യത്നോ ഭവേത്തതഃ. 212

അന്വയം: അഹം കത്താ ദുഃഖീ ഇതി പ്രത്യക്ഷേണ അനുഭൂയതേ തതഃ കത്താ ദുഃഖീ ച മാ ഭൂവം ഇതി യത്നഃ ഭവേത്.

സാരം: ഞാൻ പ്രവർത്തിക്കുന്നവനും ദുഃഖിയുമാകുന്നു എന്നു് പ്രത്യക്ഷമായി അറിയുന്നു. അപ്പോാം താൻ കർത്താവും ദുഃഖിയുമാകാതിരിക്കുവാൻവേണ്ടി പ്രയത്നമുണ്ടാകുന്നു. 212

തദ്വിജ്ഞാനായ യുക്ത്യാദി കത്തവ്യം ശ്രുതിരബ്രവീത്
കർതൃത്വാദ്യനുവാദേന സിദ്ധത്വാനുഭവായ തു. 213

അന്വയം: തദ്വിജ്ഞാനായ ശ്രുതിഃ കർതൃത്വാദ്യനു—വാദേന സിദ്ധത്വാനുഭവായ യുക്ത്യാദി തു കത്തവ്യം അബ്രവീത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ശ്രുതി നീ കർത്താവും ദുഃഖിയുമാണെന്ന് അനുവദിച്ചുകൊണ്ടു് ആത്മജ്ഞാനമാകുന്ന മോക്ഷസിദ്ധിക്കുവേണ്ടി യുക്തി മുതലായവ സ്വീകരിക്കണം എന്ന് പറഞ്ഞിട്ടുണ്ടു്. 213

നിർദ്ദുഃഖോ നിഷ്ക്രിയോഽകാമോ
സിദ്ധോ മോക്ഷോഽഹമിത്യപി
ഗൃഹീത്വൈവ വിരുദ്ധാർത്ഥ–
മാദദ്ധ്യാത് കഥമേവ സഃ. 214

അന്വയം: അഹം നിർദ്ദുഃഖഃ നിഷ്ക്രിയഃ അകാമഃ സിദ്ധഃ മോക്ഷഃ അപി ഇതി ഗൃഹീത്വാ ഏവ കഥം വിരുദ്ധാർത്ഥം ആദദ്ധ്യാത്.

സാരം: ഞാൻ ദുഃഖമില്ലാത്തവനും ക്രിയാരഹിതനും അകാമനും സിദ്ധനും മോക്ഷവുമാകുന്നു എന്നു ഗ്രഹിച്ചാൽ പിന്നെ അതിന് വിരുദ്ധമായ അർത്ഥബോധം ഉണ്ടാകുന്നതെങ്ങിനെ? 214

സകാമഃ സക്രിയോഽസിദ്ധ ഇതി മേഽനുഭവഃ കഥം
അതോ യേ വിപരീതസ്യ തദ് ഭവാൻ വക്തുമർഹതി. 215

അന്വയം: അഹം സകാമഃ സക്രിയഃ അസിദ്ധഃ ഇതി മേ അനുഭവഃ അതഃ വിപരീതസ്യ യേ തത് ഭവാൻ വക്തും അർഹതി.

സാരം: അതുപോലെ ഞാൻ സകാമനും ക്രിയയുള്ളവനും അസിദ്ധനുമാകുന്നുവെന്ന് എനിക്ക് അനുഭവമുള്ളപ്പോൾ അതിന് വിപരീതമായ അനുഭവങ്ങൾ എനിക്കെങ്ങിനെയുണ്ടാകുമെന്ന് അങ്ങുതന്നെ പറയേണ്ടതാണു്. 215

ഇഹൈവ ഘടതേ പ്രശ്നോ ന മുക്തത്വാൻ്ഭൃതയേ
പ്രമാണേന വിരോധീ യഃ സോഽത്രാർത്ഥഃ പ്രശ്നമർഹതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഇഹ ഏവ മുക്തത്വാനുഭൂതയേ പ്രശ്നഃ ന ഘടതേ യഃ പ്രമാണേന വിരോധീ സഃ അർത്ഥഃ അത്ര പ്രശ്നം അർഹതി.

സാരം: ഇവിടെത്തന്നെയാണ് മുക്തത്വാനുഭവത്തിനു വേണ്ടിയുള്ള പ്രശ്നം യോജിക്കാതെ വരുന്നത്. ഏതു പ്രമാണത്തിനു വിരോധിയാണോ അതാണിവിടെ പ്രശ്ന ത്തെ അർഹിക്കുന്നത്. 216

അഹം നിർമുക്ത ഇത്യേവ സദസീത്യന്യമാനജഃ
പ്രത്യക്ഷാഭാസജന്യത്വാത് ദുഃഖിത്വം പ്രശ്നമർഹതി. 217

അന്വയം: സദ് അസി ഇതി അന്യമാനജഃ ഏവ അഹം നിർമുക്ത ഇതി ദുഃഖിത്വം പ്രത്യക്ഷാഭാസ-ജന്യത്വാദ് പ്രശ്നം അർഹതി.

സാരം: 'നീ സത്താകുന്നു' എന്ന മററൊരു പ്രമാണം കൊണ്ടുതന്നെയാണ് ഞാൻ നിർമുക്തനാണ് എന്ന ജ്ഞാനം ഉണ്ടാകുന്നത്. അപ്പോൾ പ്രത്യക്ഷാഭാസം കൊണ്ടുണ്ടായതാകയാൽ ദുഃഖിത്വം എങ്ങിനെ ഉണ്ടാകുന്ന വെന്നതാണ് പ്രശ്നം. 217

പൃഷ്ടമാകാംക്ഷിതം വാച്യം ദുഃഖാഭാവമഭീപ്സിതം 218

അന്വയം: പൃഷ്ടം ആകാംക്ഷിതം വാച്യം ദുഃഖാ-ഭാവം അഭീപ്സിതം.

സാരം: ശിഷ്യനാൽ ചോദിക്കപ്പെട്ട ആകാംക്ഷിത മേതോ അതിനാണ് ഉത്തരം പറയേണ്ടത്. ദുഃഖമില്ലാ തിരിക്കുന്ന അവസ്ഥയാണ് ശിഷ്യൻ അറിയുവാൻ ആഗ്രഹിച്ചിട്ടുള്ളത്. 218

കഥം ഹീദം നിവർത്തേത ദുഃഖം സർവ്വാത്മനാ മമ
ഇതി പ്രശ്നാനുരൂപം യദ് വാച്യം ദുഃഖനിവർത്തകം. 219

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: ഇദം ഹി മമ ദുഃഖം സർവ്വാത്മനാ കഥം നിവർത്തേത ഇതി പ്രശ്നാനുരൂപം ദുഃഖനിവർത്തകം യത് തത് വാച്യം

സാരം: 'എന്റേതായ ഈ ദുഃഖം സമ്പൂർണ്ണമായി എങ്ങിനെ ഇല്ലാതാകും?' എന്ന ചോദ്യത്തിന്നനുസരിച്ച് ദുഃഖത്തെ ഇല്ലാതാക്കുന്നതേതോ അതാണ് പറയപ്പെടേണ്ടതു്. 219

ശ്രുതേഃ സ്വാത്മനി നാശങ്കാ
പ്രാമാണ്യേ സതി വിദ്യതേ
തസ്മാദാത്മവിമുക്തത്വം
പ്രത്യായയതി തദ്വചഃ.
വക്തവ്യം തത്തഥാർത്ഥംസ്യാ–
ദ്വിരോധേഽസതി കേനചിത്. 220

അന്വയം: ശ്രുതേഃ പ്രാമാണ്യേ സതി സ്വാത്മനി ആശങ്കാ ന വിദ്യതേ തസ്മാത് തത് വചഃ ആത്മവിമു–ക്തത്വം പ്രത്യായയതി കേനചിത് വിരോധേ അസതി തത് തഥാർത്ഥം വക്തവ്യം സ്യാത്.

സാരം: ശ്രുതിക്കു പ്രാമാണ്യമുള്ളപ്പോഠം അതിന്റെ പ്രമേയമായ ആത്മവിഷയത്തിൽ സംശയത്തിനു് അവകാശമില്ല. അതിനാൽ ആ വാക്കു് ആത്മാവു് നിത്യമുക്തസ്വഭാവമെന്നു് ബോധിപ്പിക്കുന്നു. മററൊന്നിനോടും വിരോധമില്ലെങ്കിൽ ആ വാക്യത്തിനു് അതിന്റേതായ അർത്ഥംതന്നെ പറയേണ്ടതാണു്. 220

ഇതോഽന്യോനുഭവഃ കശ്ചിദാത്മനോ നോപപദ്യതേ
അവിജ്ഞാതം വിജാനതാം വിജ്ഞാതാരമിതിശ്രുതേഃ

അന്വയം: ഇതഃ അന്യഃ കശ്ചിത് അനുഭവഃ ആത്മനഃ ന ഉപപദ്യതേ വിജാനതാം അവിജ്ഞാതം വിജ്ഞാതാരം ഇതി ശ്രുതേഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: അറിയാവുന്നവക്ക് അറിയപ്പെടാതെ കിടക്കുന്നതാണ് വിജ്ഞാതാവ് എന്ന ശ്രുതിപ്രകാരം ഇതിൽനിന്നുമന്യമായ ഒരാത്മാനുഭവം യുക്തിയുക്തമായിത്തീരുകയില്ല. 221

തപംപദാത്ഥവിവേകായ സന്ന്യാസഃ സവ്വകമ്മണാം
സാധനത്വം വ്രജത്യേവ ശന്തോ ദാന്താനുശാസനാത്. 222

അന്വയം: ത്വംപദാത്ഥവിവേകായ സവ്വകമ്മണാം സന്ന്യാസഃ ശാന്തോദാന്താനുശാസനാത് സാധനത്വം വ്രജതി ഏവ.

സാരം: 'ശാന്തോദാന്തഉപരതസ്തിതിക്ഷുഃ സമാഹിതോ ഭൂത്വാ ആത്മന്യേവാത്മാനം പശ്യതി' എന്ന ശ്രുതിയാൽ ഉപരതിശബ്ദംകൊണ്ട് പറഞ്ഞിട്ടുള്ള സന്യാസത്തിന് ആത്മജ്ഞാനത്തെക്കുറിച്ച് സാധനത്വം (കാരണം) അറിയുന്നതിനാൽ ത്വംപദാർത്ഥം തിരിച്ചറിയുന്നതിന് എല്ലാ കർമ്മങ്ങളുടേയും സന്യാസം അപേക്ഷിതമാണ്. പദാർത്ഥജ്ഞാനംകൊണ്ട് വാക്യാർത്ഥജ്ഞാനമുണ്ടായാൽ ഒരുവന് ആത്മതത്ത്വജ്ഞാനം ഉണ്ടാകുന്നു. ആ പദാർത്ഥജ്ഞാനമുണ്ടാകുന്നതിനുമുമ്പ് ആശ്രമധർമ്മങ്ങളും വിധിപ്രകാരം അനുഷ്ഠിക്കുകയും വേണം. 222

ത്വമത്ഥം പ്രത്യഗാത്മാനം പശ്യേദാത്മാനമാത്മനി
വാക്യാത്ഥം തത ആത്മാനം സവ്വം പശ്യതി കേവലം.

അന്വയം: ത്വമത്ഥം പ്രത്യഗാത്മാനം ആത്മാനം ആത്മനി പശ്യേത് തതഃ വാക്യാത്ഥം കേവലം ആത്മാനം സവ്വം പശ്യതി.

സാരം: ത്വംപദാർത്ഥവും പ്രത്യഗാത്മാവുമായ ആത്മാവിനെ ആത്മാവിൽ കാണാം. അതിനുശേഷം വാക്യാർത്ഥഭൂതവും കേവലവുമായ ആത്മസ്വരൂപത്തെ മുഴുവൻ കണ്ടറിയുന്നു. 223

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വമാത്മേതി വാക്യാർത്ഥേ വിജ്ഞാതേഽസ്യ പ്രമാണതഃ
അസത്വേ ഹ്യന്യമാനസ്യ വിധിസ്തം യോജയേത് കഥം.

അന്വയം: സർവ്വം ആത്മാ ഇതി വാക്യാർത്ഥേ വിജ്ഞാതേ അസ്യ പ്രമാണതഃ അന്യമാനസ്യ ഹി അന്യത്വേ വിധിഃ തം കഥം യോജയേത്?

സാരം: എല്ലാം ആത്മാവാണെന്നുള്ള വാക്യാർത്ഥം ഗ്രഹിച്ചുകഴിഞ്ഞാൽ ഈ പ്രമാണത്തിൽനിന്നും അന്യമായ പ്രമാണം ഇല്ലാതിരിക്കേ അവനെ വിധി എങ്ങിനെ യോജിപ്പിക്കും? 224

തസ്മാദവാക്യാർത്ഥവിജ്ഞാനാ–
ന്നോർദ്ധ്വം കർമ്മവിധിർഭവേത്
നഹി ബ്രഹ്മാസ്മി കർത്തേതി
വിരുദ്ധേ ഭവതോ ധിയൗ. 225

അന്വയം: തസ്മാത് വാക്യാർത്ഥജ്ഞാനാത് ഊർദ്ധ്വം കർമ്മവിധിഃ ന ഭവേത് ബ്രഹ്മാസ്മി കർത്താ ഇതി വിരുദ്ധേ ധിയൗ നഹി ഭവതഃ.

സാരം: അതിനാൽ തത് ത്വം അസി എന്ന മഹാവാക്യത്തിന്റെ അർത്ഥബോധത്തിനുശേഷം കർമ്മവിധി സംഭവിക്കുകയില്ല. ഞാൻ ബ്രഹ്മമാകുന്നുവെന്നും കർത്താവാകുന്നുവെന്നും വിരുദ്ധങ്ങളായ രണ്ടു ജ്ഞാനങ്ങൾ ഒരേ സമയത്തു് ഉണ്ടാകുന്നില്ലല്ലൊ? 225

ബ്രഹ്മാസ്മീതി ച വിദ്യേയം നൈവ കർത്തേതി ബാദ്ധ്യതേ
സകാമോ ബദ്ധ ഇത്യേവം പ്രമാണാഭാസജാതയാ. 226

അന്വയം: അഹം ബ്രഹ്മാസ്മി ഇതി ഇയം വിദ്യാ (അഹം, കർത്താ, ഇതി) (ബുദ്ധ്യാ) ന ഏവ ബാദ്ധ്യതേ

*49

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(അഹം) സകാമഃ ബദ്ധഃ ഇതി ഏവം ധീഃ പ്രമാണാ-ഭാസജാതയാ (ബാദ്ധ്യതേ)

സാരം: 'ഞാൻ ബ്രഹ്മമാകുന്നു' എന്ന ജ്ഞാനം 'ഞാൻ കർത്താവാകുന്നു' എന്ന ജ്ഞാനംകൊണ്ട് ബാധിക്കപ്പെടുന്നില്ലതന്നെ. 'ഞാൻ സകാമനാകുന്നു, ബദ്ധനാകുന്നു' എന്ന ജ്ഞാനം പ്രമാണാഭാസത്തിൽനിന്നുണ്ടായതാണ്. അതു്, 'ഞാൻ ബ്രഹ്മമാകുന്നു' എന്ന ജ്ഞാനത്താൽ ബാധിക്കപ്പെടുന്നു. 226

ശാസ്ത്രാത് ബ്രഹ്മാസ്മി നാന്യോഽഹ-
മിതിബുദ്ധിർഭവേത് ദൃഢാ
യദാ യുക്താ തദൈവം ധീർ
യഥാ ദേഹാത്മധീരിതി. 227

അന്വയം: ശാസ്ത്രാത് അഹം ബ്രഹ്മാസ്മി ന അന്യഃ ഇതി ദൃഢാ ധീഃ ഭവേത് യദാ ഏവം ധീഃ യുക്താ തദാ യഥാ ഇതി ദേഹാത്മധീഃ ന (ഭവതി).

സാരം: വേദാന്തശാസ്ത്രത്തിൽനിന്നു് 'ഞാൻ ബ്രഹ്മമാകുന്നു, അന്യം ബ്രഹ്മമല്ല' എന്ന ഉറച്ച നിശ്ചയം ഉണ്ടാകുന്നു. അങ്ങിനെയുള്ള ബുദ്ധിയുണ്ടായാൽ ദേഹം ആത്മാവാണ് എന്ന ബുദ്ധിയുണ്ടാകുകയില്ല. 227

സഭയാദഭയം പ്രാപ്തസ്തദർത്ഥം യതതേ ച യഃ
സ പുനഃ സഭയം ഗന്തും സ്വതന്ത്രശ്ചേന്ന ഗച്ഛതി. 228

അന്വയം: യഃ സഭയാത് അഭയം പ്രാപ്തഃ തദർത്ഥം യതതേ ച സ സ്വതന്ത്രശ്ചേത് പുനഃ സഭയം ഗന്തും ന ഇച്ഛതി.

സാരം: യാതൊരുവനാണോ ഭയമുള്ള അവസ്ഥയിൽനിന്നു് ഭയമില്ലാത്ത അവസ്ഥയെ പ്രാപിക്കുകയും അതിനുവേണ്ടി യത്നിക്കുകയും ചെയ്യുന്നതു് അവൻ സ്വത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ദനാണെങ്കിൽ വീണ്ടും സഭയാവസ്ഥയിലേയ്ക്കു് പോകു വാൻ ആഗ്രഹിക്കുന്നില്ല. 228

യഥേഷ്ടാചരണപ്രാപ്തിഃ സന്ന്യാസാദിവിധൗ കുതഃ
പദാർത്ഥജ്ഞാനബുദ്ധസ്യ വാക്യാർത്ഥാനുഭവാർത്ഥിനഃ. 229

അന്വയം: പദാർത്ഥജ്ഞാനബുദ്ധസ്യ വാക്യാർത്ഥാനുഭവാർത്ഥിനഃ സന്ന്യാസാദിവിധൗ യഥേഷ്ടാചരണപ്രാപ്തിഃ കുതഃ

സാരം: 'തത്''പദത്തിന്റേയും 'ത്വം'പദത്തിന്റേയും അർത്ഥസ്വരൂപാലോചനംകൊണ്ടു് ഉണർന്നവനു്, ദേഹാദ്യഭിമാനമില്ലാത്തവനു്, വാക്യാർത്ഥജ്ഞാനത്തെ അർത്ഥിക്കുന്നവനു്, അതിൽത്തന്നെ ചിത്തം ലയിച്ചവനു് സന്ന്യാസം, ശ്രവണം മുതലായ വിധികളിൽ യഥേഷ്ടാചരണം വരുന്നതല്ല. എന്തെന്നാൽ അതിനുള്ള നിമിത്തവും അവസരവും ഇല്ല. മിഥ്യാജ്ഞാനമാണല്ലൊ യഥേഷ്ടാചരണത്തിനു കാരണം. അല്പംപോലും മിഥ്യാജ്ഞാനം അവനില്ലാതാകുന്നു. 229

അതഃ സർവ്വമിദം സിദ്ധം യത്പ്രാഗസ്മാഭിരീരിതം 230

അന്വയം: അതഃ യത് പ്രാക് അസ്മാഭിഃ ഈരിതം തത് ഇദം സർവ്വം സിദ്ധം.

സാരം; അതുകൊണ്ടു് മുമ്പു ഞങ്ങൾ പറഞ്ഞ സകല കാര്യങ്ങളും സിദ്ധിച്ചുകഴിഞ്ഞു. 230

യോ ഹി യസ്മാദ്വിരക്തഃ സ്യാ-
ന്നാസൗ തസ്മൈ പ്രവർത്തതേ
ലോകത്രയാദ്വിരക്തത്വാത്
മുമുക്ഷുഃ കിമിതീഹതേ. 231

അന്വയം: യഃ ഹി യസ്മാത് വിരക്തഃ സ്യാത് അസൗ തസ്മൈ ന പ്രവർത്തതേ മുമുക്ഷുഃ ലോകത്രയവിരക്തത്വാത് കിം ഇതി ഈഹതേ?

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: യാതൊരുവൻ ഏതിൽനിന്നു് വിരക്തനായോ അവൻ അതിനുവേണ്ടി പ്രവൎത്തിക്കുകയില്ല. മുമുക്ഷുവാകട്ടെ മൂന്നു ലോകങ്ങളിൽനിന്നും വിരക്തനാകയാൽ ഒന്നിനുവേണ്ടിയും ഇച്ഛിക്കുന്നില്ല. 231

ക്ഷുധയാ പീഡ്യമാനോഽപി ന വിഷം ഹ്യത്തുമിച്ഛതി
മൃഷ്ടാന്നധ്വസ്തതൃട് ജാനന്നാമൂഢസ്തത് ജിഘത്സതി. 232

അന്വയം: ക്ഷുധയാ പീഡ്യമാനഃ അപി വിഷം അത്തും ന ഇച്ഛതി ഹി. മൃഷ്ടാന്നധ്വസ്തതൃട് അമൂഢഃ ജാനൻ തത് ന ജിഘത്സതി.

സാരം: ഒരുവൻ വിശപ്പുകൊണ്ടു് വിഷമിച്ചിരിക്കുകയാണെങ്കിലും വിഷം ഭക്ഷിക്കുവാൻ ഇച്ഛിക്കുന്നില്ല. മൃഷ്ടാന്നംകൊണ്ടു് വിശപ്പും ദാഹവും തീൎത്ത മൂഢനല്ലാത്ത ഒരുവനും അറിഞ്ഞുകൊണ്ടു് അതു് ഭക്ഷിക്കുന്നില്ല. വിഷയങ്ങളെ വിഷംപോലെ ത്യജിക്കുന്നു എന്നു സാരം. 232

വേദാന്തവാക്യപുഷ്പേഭ്യോ ജ്ഞാനാമൃതമധൂത്തമം
ഉജ്ജഹാരാളിവദ്യോ നസ്തസ്മൈ സദ്ഗുരവേ നമഃ. 233

അന്വയം: യഃ അളിവത് വേദാന്തവാക്യപുഷ്പേഭ്യഃ ഉത്തമം ജ്ഞാനാമൃതമധു ഉജ്ജഹാര തസ്മൈ നഃ സദ്—ഗുരവേ നമഃ.

സാരം: യാതൊരുവൻ വണ്ടിനെപ്പോലെ വേദാന്തവാക്യങ്ങളാകുന്ന പൂക്കളിൽനിന്നു് അത്യുത്തമമായ ജ്ഞാനാമൃതമാകുന്ന തേൻ ഉദ്ധരിച്ചു നല്കിയോ ആ നമ്മുടെ സദ്ഗുരുവിനായിക്കൊണ്ടു നമസ്കാരം. 233

ഇങ്ങനെ തത്ത്വമസിപ്രകരണം കഴിഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആത്മമനഃസംവാദപ്രകരണം

അന്വയമാത്ര

സംക്ഷിപ്തമായും വിസ്തൃതമായും 'തത് ത്വം അസി' എന്ന വാക്യത്തിലെ 'തത്' എന്നും 'ത്വം' എന്നുമുള്ള പദാർത്ഥങ്ങളെ പരിശോധിച്ച് ബ്രഹ്മാത്മൈക്യസ്വരൂപവും സഫലവുമായ സർവ്വവേദാന്തവിജ്ഞാനം പ്രമാണങ്ങൾകൊണ്ടും യുക്തികൾകൊണ്ടും ഉപപാദിച്ചു. അഹങ്കാരം, മനസ്സ്, ബുദ്ധി, ചിത്തം എന്നിങ്ങനെ പറയപ്പെടുന്ന അന്തഃകരണമാണ് നിത്യശുദ്ധബുദ്ധമുക്തസ്വഭാവവും സത്യജ്ഞാനാനന്താനന്ദാത്മകവുമായ പരമാത്മാവിന്റെ ഭേദജ്ഞാനാദികളായ അനേകം അനർത്ഥങ്ങൾക്കു കാരണമെന്നും അങ്ങിങ്ങായി പറഞ്ഞു. ഇപ്പോൾ പ്രധാനമായി ആത്മാവിനു് സംസാരമുണ്ടാകുന്നതു് മനസ്സിന്റെ അദ്ധ്യാസംകൊണ്ടാണെന്നുള്ളതിനാൽ മനഃസ്വരൂപത്തിൽനിന്നു് ചേഷ്ടകളെ അനുസന്ധാനംചെയ്തു് അവയെ നശിപ്പിക്കുന്നതിനു് യതിക്കേണ്ടതാണു് എന്ന അഭിപ്രായത്തിൽ ആത്മമനഃസംവാദരൂപമായ പ്രകരണം ആരംഭിച്ചുകൊണ്ടു് ഭാഷ്യകാരനായ ശ്രീശങ്കരഭഗവത്പാദങ്ങൾ പ്രകരണത്തിന്റെ പ്രയോജനം കാണിക്കുന്നു.

> പ്രയുജ്യ തൃഷ്ണാജ്വരനാശകാരണം
> ചികിത്സിതം ജ്ഞാനവിരാഗഭേഷജം
> ന യാതി കാമജ്വരസന്നിപാതജാം
> ശരീരമാലാം ശതയോഗദുഃഖിതാം. 1

അന്വയം: തൃഷ്ണാജ്വരനാശകാരണം ജ്ഞാനവിരാഗഭേഷജം ചികിത്സിതം പ്രയുജ്യ കാമജ്വരസന്നിപാതജാം ശതയോഗദുഃഖിതാം ശരീരമാലാം ന യാതി.

സാരം: മനുഷ്യൻ തൃഷ്ണയാകുന്ന ജ്വരത്തെ നശിപ്പിക്കുന്നതിനു് കാരണമായ നിത്യാനിത്യവസ്തുവിവേക

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

സ്വരൂപവും വൈരാഗ്യാത്മകവുമായ ഔഷധംകൊണ്ടു് ചികിത്സചെയ്തു് കാമമാകുന്ന ജ്വരത്തിന്റെ ആധിക്യം കൊണ്ടുണ്ടാകുന്നതും അനേകശരീരസമ്പർക്കംകൊണ്ടുണ്ടാകുന്ന ദുഃഖത്തോടുകൂടിയതുമായ ശരീരപരമ്പരയെ പ്രാപിക്കുന്നില്ല. ജ്ഞാനവൈരാഗ്യങ്ങളെക്കൊണ്ടു ജനനമരണരൂപമായ സംസാരത്തെ തരണംചെയ്യുന്നുവെന്നു സാരം.

ഔഷധപ്രയോഗമാകുന്ന പ്രകരണം ആത്മാവും മനസ്സും തമ്മിലുള്ള സംഭാഷണംകൊണ്ടു വിവരിക്കുന്നു. 1

അഹം മമേതി ത്വമനർത്ഥമീഹസേ
പരാർത്ഥമിച്ഛന്തി തവാന്യ ഈഹിതം
ന തേഽർത്ഥബോധോ ന ഹി മേഽസ്തി ചാർത്ഥിതാ
തതശ്ച യുക്തഃ ശമ ഏവ തേ മനഃ. 2

അന്വയം: ഹേ! മനഃ ത്വം അഹം മമ ഇതി അനർത്ഥം ഈഹസേ അന്യേ തവ ഈഹിതം പരാർത്ഥം ഇച്ഛന്തി. തേ അനർത്ഥബോധോ ന മേ അർത്ഥിതാ ച ന ഹി അസ്തി തതഃ തേ ശമ ഏവ യുക്തഃ.

സാരം: അല്ലയോ മനസ്സേ നീ ഞാനെന്നും എന്റേതെന്നും കരുതി പ്രവർത്തിക്കുന്നതു് വെറുതെയാണു്. പുരുഷനുവേണ്ടിയാണു് നിന്റെ പ്രവൃത്തി. അപ്പോൾ അതു വെറുതെയാകുന്നതെങ്ങിനെ? എന്നാണെങ്കിൽ എനിക്കു നിന്നിൽനിന്നും ഒന്നും വേണമെന്നുള്ള ആഗ്രഹമില്ല. അചേതനമാകയാൽ നിനക്കു് അർത്ഥബോധവുമില്ല. അതുകൊണ്ടു ലയംതന്നെയാണു് നിനക്കു യോജിച്ചതു്.

ആത്മാവിനു് അർത്ഥിത്വമില്ല എന്നു സാധിക്കുന്നു. 2

യതോ ന ചാന്യഃ പരമാത്സനാതനാത്
സദൈവ തൃപ്തോഽഹമതോ ന മേഽർത്ഥിതാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സദൈവ തൃപ്തശ്ച ന കാമയേ ഹിതം
യതസ്വ ചേതഃ പ്രശമായ തേ ഹിതം· 3

അന്വയം: ഹേ! ചേതഃ പരമാത് സനാതനാത് യതഃ അന്യഃ ന അഹം സദാ ഏവ യതഃ തൃപ്തഃ അതഃ മേ അർത്ഥിതാ തം അഹം സദാ ഏവ തൃപ്തഃ ച അതഃ ഹിതം ന കാമയേ. അതഃ ത്വം തേ ഹിതം പ്രശമായ യതസ്വ.

സാരം: സനാതനവും പൂർണ്ണാനന്ദസ്വരൂപവും സർവ്വോത്കൃഷ്ടവും നിർവ്വികാരവുമായ പരമാത്മാവിൽ നിന്നു് ഞാൻ അന്യനല്ലായ്കയാൽ നിത്യതൃപ്തനാകുന്നു. അതുകൊണ്ടു് എനിക്കു് അർത്ഥിത്വം ഇല്ല. ഹിതമായ ഒന്നിനേയും കാമിക്കുന്നില്ല. അതിനാൽ അല്ലയോ മനസ്സേ നീ പ്രശമത്തിനായി പ്രയത്നിക്കുകയാണു് നല്ലതു്. 3

ഷഡൂർമ്മിമാലാഭ്യതിവൃത്ത ഏവ യഃ
സ ഏവ ചാത്മാ ജഗതശ്ച നഃ ശ്രുതേഃ
പ്രമാണതശ്ചാപി മയാ പ്രവേദ്യതേ
മുധൈവ തസ്മാച്ച മനസ്തവേഹിതം. 4

അന്വയം: യഃ ഷഡൂർമ്മിമാലാഭ്യതിവൃത്തഃ സ ഏവ ജഗതഃ നഃ തവ ച ആത്മാ ശ്രുതേഃ മായ പ്രമാണതഃ ച അപി പ്രവേദ്യതേ തസ്മാത് ച ഹേ! മനഃ തവ ഈഹിതം മുധാ ഏവ.

സാരം: പ്രാണൻ, മനസ്സു്, ശരീരം ഇവയുടെ ധർമ്മങ്ങളായ അശനായാ (ഭക്ഷിക്കുവാനുള്ള ആഗ്രഹം) പിപാസാ (കുടിക്കുവാനുള്ള ആഗ്രഹം) ശോകമോഹങ്ങൾ, ജരാമരണങ്ങൾ എന്നിങ്ങനെ വന്നും പോയുമിരിക്കുന്ന ആറു വികാരങ്ങളുടെ ഇടതടവില്ലാതെയുള്ള പരമ്പരകളെ അതിക്രമിച്ചുനില്ക്കുന്നതും പ്രപഞ്ചാതീതവുമായ യാതൊരാത്മാവുണ്ടോ അതാണ് [illegible] അല്ലയോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസ്സേ! നിൻേറയും ആത്മാവായിരിക്കുന്നതു്. 'യത് സാക്ഷാദപരോക്ഷാത് ബ്രഹ്മ' (ബ്രഹ്മം അപരോക്ഷാനുഭവസിദ്ധമാകുന്നു) എന്നും 'യ ആത്മാ സർവ്വാന്തരഃ' (യാതൊരാത്മാവു് സർവ്വാന്തര്യാമിയാകുന്നു) എന്നുമുള്ള ശ്രുതികൾകൊണ്ടും അഹമാത്മാ ഗുഡാകേശ! സർവ്വഭൂതാശയസ്ഥിതഃ (അല്ലയോ അർജ്ജുന! ഞാൻ സകല ചരാചരങ്ങളുടേയും അന്തർഭാഗത്തു സ്ഥിതിചെയ്യുന്ന ആത്മാവാകുന്നു) എന്ന സ്മൃതികൊണ്ടും കാര്യകാരണരൂപങ്ങളായ ഉപാധികളോടുകൂടാതെ അഭേദരൂപമായ വിദ്വാന്മാരുടെ അനുഭവത്തിൽനിന്നും ആ ആത്മാവിനെ ഞാൻ നല്ലവണ്ണം അറിയുന്നു. അതിനാൽ മനസ്സേ! പ്രശമം കൂടാതെയിരിക്കാമെന്ന നിൻെറ ആഗ്രഹം വെറുതേയാണു്.

പ്രത്യഗാത്മാവിൻെറയും പരമാത്മാവിൻെറയും അഭേദം പ്രമാണസിദ്ധമാകയാൽ ഭേദബുദ്ധി മനഃകല്പിതമാണെന്നു് ഉപപാദിക്കുന്നു. 4

ത്വയി പ്രശാന്തേ നഹി ചാസ്തി ഭേദധീഃ
യതോ ജഗന്മോഹമുപൈതി മായയാ
ഗ്രഹോ ഹി മായാ പ്രഭവസ്യ കാരണം
ഗ്രഹാദ്വിമോകേ നഹി സാസ്തി കസ്യചിത്. 5

അന്വയം: ഹേ! മനഃ ത്വയി പ്രശാന്തേ നഹി ഭേദധീഃ ച അസ്തി യത് മായയാ ജഗത് മോഹം ഉപൈതി. മായാപ്രഭവസ്യ ഹി കാരണം ഗ്രഹഃ ഗ്രഹാത് വിമോകേ കസ്യചിത് സാ നഹി അസ്തി.

സാരം: മനസ്സുകൊണ്ടു ഭേദബുദ്ധിയും ഭേദബുദ്ധികൊണ്ടു മായയും ഉണ്ടാകുന്നു. ആ മായകൊണ്ടാണു് ജീവജാലം കൃതാർത്ഥതയെ പ്രാപിക്കാതിരിക്കുന്നതു്. മായയുടെ ഉല്പത്തിക്കു കാരണം ഭേദബുദ്ധിയാണു്. ഭേദ

CC-0. In Public Domain. Gurukul Kangri Collection, Haridwar.

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധിയില്ലെങ്കിൽ ആ മായ ആർക്കും ഉണ്ടാകുന്നില്ല. അല്ലയോ മനസ്സേ! നീ ഉണ്ടെങ്കിലെ ഭേദബുദ്ധിയുള്ളു. സുഷുപ്തിയിൽ നീ ഇല്ല. അതിനാൽ ഭേദബുദ്ധികൊണ്ടു ണ്ടാകുന്ന മായാമോഹങ്ങളുമില്ല. 5

മനസ്സിൻെറ ചേഷ്ട വെറുതെയാണെന്നു പറയുന്നു.

ന മേ/സ്തി മോഹസ്തവ ചേഷ്ടിതേന ഹി
പ്രബുദ്ധതത്ത്വസ്വസിതോ ഹ്യവിക്രിയഃ
ന പൂർവ്വതത്തോത്തരഭേദതാ ഹി നോ
വൃഥൈവ തസ്മാച്ച മനസ്തവേഹിതം. 6

അന്വയം: തവ ചേഷ്ടിതേന മേ മോഹഃ നഹി. (അഹം) പ്രബുദ്ധതത്ത്വഃ അസിതഃ അവിക്രിയഃ ഹി. നഃ പൂർവ്വതത്തോത്തരഭേദതാ ന. തസ്മാത് ച ഹേ! മനഃ! തവ ഈഹിതം വൃഥാ ഏവ.

സാരം: അല്ലയോ മനസ്സേ! നിൻെറ ചേഷ്ടിതം കൊണ്ടു് എനിക്കു മോഹമുണ്ടാകുന്നില്ല. എന്തെന്നാൽ ഞാൻ പ്രബുദ്ധതത്ത്വസ്വഭാവനും ബന്ധരഹിതനും വികാരമില്ലാത്തവനും ആകുന്നു. പൂർവ്വാവസ്ഥ ഉത്തരാവസ്ഥ എന്നിങ്ങനെ കാലഭേദമനുസരിച്ചു് എന്നിൽ തത്ത്വഭേദമുണ്ടാകുന്നില്ല. അതുകൊണ്ടു് എന്നെ ബന്ധത്തിൽ പെടുത്താമെന്ന നിൻെറ ആഗ്രഹം നിഷ്ഫലമാണു്.

ആത്മാവു് എല്ലാ ദൃശ്യപദാർത്ഥങ്ങളേയും അതിവർത്തിക്കുന്നതാകയാൽ ആഗന്തുകങ്ങളായ അതിശയങ്ങളോടു് അതിനു ബന്ധമില്ലെന്നു സാധിക്കുന്നു. 6

യതശ്ച നിത്യോ/ഹമതോ ന ചാന്യഥാ
വികാരയോഗേ ഹി ഭവേദനിത്യതാ
സദാ പ്രഭാതോ/ഹമതോ ഹി ചാദ്വയോ
വികല്പിതം ചാപ്യസദിത്യവസ്ഥിതം 7

*50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: യതഃ ച അഹം നിത്യഃ അതഃ ച അന്യഥാ ന. വികാരയോഗേഹി അനിത്യതാ ഭവേത് അഹം സദാ പ്രഭാതഃ അതഃ അദ്വയഃ ച ഹി. വികല്പിതം ച അസദ് ഇതി അവസ്ഥിതം.

സാരം: വികാരമുള്ള വസ്തുക്കളുടെ സമ്പർക്കം കൊണ്ടാണ് എനിക്ക് അനിത്യത്വമുണ്ടെന്ന് തോന്നുന്നത്. വാസ്തവത്തിൽ ഞാൻ നിത്യനാകയാൽ അനിത്യവസ്തുക്കളുമായി എനിക്ക് ബന്ധമില്ല. ബ്രഹ്മാദിലോകങ്ങൾക്ക് ചിലപ്പോൾ പ്രകാശമുണ്ട്, ചിലപ്പോൾ ഇല്ല. ഞാൻ എപ്പോഴും പ്രകാശിക്കുന്നവനാണ്, അതിനാൽ അദ്വയനുമാണ്. കയറിൽ പാമ്പെന്ന ബുദ്ധി പോലെ മനസ്സുകൊണ്ടു കല്പിക്കപ്പെടുന്നതെല്ലാം തീരെ ഇല്ലാത്തവയാണ്.

ആത്മാവ് ഉണ്ടെന്നു തോന്നുന്നത് മനസ്സുകൊണ്ടാണെന്ന് സംശയിച്ചു പറയുന്നു. 7

അഭാവരൂപം ത്വമസീഹ ഹേ മനോ
നിരീക്ഷ്യമാണേ ന ഹി യുക്തിതോഽസ്തിതാ
സതോ ഹ്യനാശാദസതോഽപ്യജന്മതോ
ദ്വയം ച ചേതസ്തവ നാസ്തിതേഷ്യതേ. 8

അന്വയം: ഹേ! മനഃ ത്വം അഭാവരൂപം അസി. യുക്തിതഃ വിചാര്യമാണേ തേ അസ്തിതാ ന ഹി. ഹി സതഃ അനാശാത് അസതഃ അജന്മതഃ ച ഹേ! ചേതഃ ദ്വയം ച തവ നാസ്തിതാ ഇഷ്യതേ.

സാരം: അല്ലയോ മനസ്സേ നീ തീരെ ഇല്ലാത്തതായ ഒരു വസ്തുവാണ്. ആലോചിച്ചുനോക്കിയാൽ നീ ഉള്ളതാണെന്നതിന് ഒരു യുക്തിയുമില്ല. എന്തെന്നാൽ ഉള്ള വസ്തുവിനു നാശമില്ല. ഇല്ലാത്തതാണെങ്കിൽ ജനിക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയുമില്ല. ജന്മവും നാശവും നിനക്കുള്ളതിനാൽ പരമാത്മാവസ്ഥ നിനക്കു് ഇഷ്ടപ്പെടുന്നില്ല.

വിത്തില്ലാതെ എവിടെനിന്നു ഫലം? എന്ന ന്യായമനുസരിച്ചു് ആത്മാവിന്റെ അദ്വിതീയത്വം വിശദമാക്കുന്നു. 8

ദ്രഷ്ടാ ച ദൃശ്യം ച തഥാ ച ദർശനം
ഭ്രമസ്തു സർവ്വസ്തവ കല്പിതോ ഹി സഃ
ദൃശേശ്ച ഭിന്നം ന ഹി ദൃശ്യമീക്ഷ്യതേ
സ്വപൻ പ്രബോധേന തഥാ ന ഭിദ്യതേ. 9

അന്വയം: ദ്രഷ്ടാ ച ദൃശ്യം ച തഥാ ദർശനം ച സർവ്വഃ സഃ തവ കല്പിതഃ ഭ്രമഃ ഹി ദൃശേഃ ഭിന്നം ദൃശ്യം നഹി ഈക്ഷ്യതേ തഥാ സ്വപൻ പ്രബോധേന ന ഭിദ്യതേ.

സാരം: ദ്രഷ്ടാവു്, ദൃശ്യം, ദർശനം എന്നിങ്ങനെയുള്ള നിന്റെ എല്ലാ കല്പനകളും യഥാർത്ഥമല്ല. ജഡം സ്വപ്രകാശമല്ലായ്കയാൽ അതിനു സ്ഫുരണമില്ല. സ്ഫുരിക്കാത്ത വസ്തു ഉണ്ടെന്നതിലേയ്ക്കു് പ്രമാണവുമില്ല. സ്വപ്നാവസ്ഥയിലും മററവസ്ഥകളിലും ആത്മാവിനു ഭേദമില്ല. അതിനാൽ ആത്മാവു് അദ്വിതീയനാണു്. ദൃശി(ദർശനം)യിൽ നിന്നു ഭിന്നമായ ഒരു ദൃശ്യം കാണപ്പെടുന്നില്ല. 9

വികല്പം ഇല്ലെങ്കിലും വികല്പനം സത്യമായിട്ടുള്ളതിനാൽ അദ്വൈതം അയുക്തമാകുമല്ലോ എന്നു ശങ്കിച്ചിട്ടു് പറയുന്നു.

വികല്പനാ വാപി തഥാദ്വയാ ഭവേ-
ദവസ്തുയോഗാത്തദലാതചക്രവത്
ന ശക്തിഭേദോഽസ്തി യതോ ന ചാത്മനാം
തതോഽദ്വയത്വം ശ്രുതിതോഽവസീയതേ. 10

അന്വയം: തഥാ വികല്പനാ വാ അപി അവസ്തു-യോഗാത് അലാതചക്രവത് അദ്വയാ ഭവേത്. യഥാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച ആത്മനാം ശക്തിഭേദഃ ന അസ്തി തതഃ ശ്രുതിതഃ അദ്വയത്വം അവസീയതേ.

സാരം: ചുററിക്കറങ്ങുന്ന തീക്കൊള്ളിയുടെ ചക്രാകൃതി അതിൽനിന്നും അന്യമല്ലാത്തതുപോലെ വികല്പനയും ചിദാത്മാവിൽനിന്നും അന്യമായി തോന്നുകയാണ്, വാസ്തവത്തിൽ അന്യമല്ല. കാണുക, കേൾക്കുക മുതലായ വിവിധശക്തിരൂപത്തിൽ സ്വഗതഭേദവും ശരീരംതോറും ആത്മഭേദം കാണുന്നതിനാൽ സ്വസജാതീയഭേദവും വരുന്നുണ്ട്. അപ്പോൾ ആത്മാവിന് അഭേദം വരികയില്ലല്ലൊ എന്നാണെങ്കിൽ ശ്രുതികൾ കൊണ്ടാണ് അതു നിശ്ചയിക്കേണ്ടതു്. 'അകൃത്സ്നോ ഹി സപ്രാണന്നേവ പ്രാണോ നാമ ഭവതി വദൻ വാക് പശ്യംശ്ചക്ഷുഃ ശൃണ്വൻ ശ്രോത്രം മന്വാനോ മനസ്താന്യസ്യൈതാനി കർമ്മനാമാന്യേവ (ആത്മാവു് പ്രാണനം ചെയ്യുമ്പോൾ പ്രാണനും പറയുമ്പോൾ വാക്കും കേൾക്കുമ്പോൾ കാതും മനനംചെയ്യുമ്പോൾ മനസ്സുമാകുന്നു. ഇവ ആത്മാവിൻെറ കർമ്മനാമങ്ങൾതന്നെ.) ഇവിടെ ആത്മാവിൻെറ ഉപാധികൃതങ്ങളായ നാമങ്ങളെ കാണിക്കുന്നു.

ആഗമബാഹ്യങ്ങളായ ആത്മഭേദകല്പനകളെ യുക്തി കൊണ്ടു് നിരാകരിക്കുന്നു. 10

മിഥശ്ച ഭിന്നാഃ യദി തേ ഹി ചേതനാഃ
ക്ഷയസ്തു തേഷാം പരിണാമയോഗതഃ
ധ്രുവോ ഭവേത് ഭേദവതാം ഹി ദൃഷ്ടതോ
ജഗത്ക്ഷയശ്ചാപി സമസ്തമോക്ഷതഃ. 11

അന്വയം: തേ ച ചേതനാഃ യദി മിഥഃ ഭിന്നാഃ പരിണാമയോഗതഃ തേഷാം തു ക്ഷയഃ ഹി. ദൃഷ്ടതോ ഭേദവതാം (ക്ഷയഃ) ധ്രുവഃ ഹി. സമസ്തമോക്ഷതഃ ച അപി ജഗത് ക്ഷയഃ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: ചേതനങ്ങളായ ആത്മാക്കൾ പരസ്പരം ഭിന്നങ്ങളാണെങ്കിൽ അവ പരിമിതങ്ങളായിത്തീരുന്നു. അതിനാൽ നശിക്കുന്നവയുമാകുന്നു. പരിമിതങ്ങളായ വസ്തുക്കൾക്കു് ഭേദമുള്ളതിനാൽ നാശം പ്രത്യക്ഷമായി കാണുന്നുണ്ടു്. മാത്രമല്ല, കല്പംതോറും ജീവന്മാർക്കു മുക്തി ലഭിച്ചു് സകലർക്കും മുക്തി വന്നാൽ ഭോക്താക്കൾ ഇല്ലാത്തതിനാൽ ഭോഗ്യങ്ങളായ ലോകങ്ങൾതന്നെ ഇല്ലാതാകും. അതുകൊണ്ടു് അനേകജീവവാദം യുക്തിഹീനമാണു്. 11

ജഗത്തു്, ജീവൻ, ഈശ്വരൻ എന്ന ഭേദം നിത്യവും ഉള്ളതിനാൽ മേൽകാണിച്ച ദോഷപരിഹാരം എങ്ങിനെയുണ്ടാകുന്നുവെന്നു് ശങ്കിച്ചു പറയുന്നു.

ന മേഽസ്തി കശ്ചിന്ന ച സോഽസ്തി കസ്യചിത്
യതോഽദ്വയോഽഹം ന ഹി ചാസ്തി കല്പിതം
അകല്പിതശ്ചാസ്തി പുരാ പ്രസിദ്ധിതോ
വികല്പനായാ ദ്വയമേവ കല്പിതം. 12

അന്വയം: യതഃ അഹം അദ്വയഃ അസ്മി തതഃ മേ കശ്ചിത് അസ്തി സഃ കസ്യചിത് ന അസ്തി കല്പിതം ച അപി ഹി ന പുരാ പ്രസിദ്ധിതഃ അകല്പിതഃ ച അസ്മി. വികല്പനായാഃ ദ്വയം ഏവ കല്പിതം.

സാരം: ഞാൻ അദ്വയവസ്തുവാണു്. അതിനാൽ അപ്രധാനഭൂതമോ പ്രധാനഭൂതമോ ആയ മറ്റൊന്നില്ല. എന്നിൽ കല്പിതമായ ജഗത്തും ഇല്ലാത്തതാണു്. ജീവൻ, ഈശ്വരൻ, ജഗത്തു് എന്നീ ഭേദങ്ങൾ എന്നിൽ കല്പിക്കപ്പെട്ടവയാണു. ദ്വൈതവസ്തുവിനെപ്പോലെ അദ്വൈതവസ്തുവും കല്പിതമാണെങ്കിൽ കല്പനകൾക്കു് അധിഷ്ഠാനവും ബാധനങ്ങൾക്കു് അവധിയും ഇല്ലാതാകും. അതുകൊണ്ടു് സർവ്വകല്പനാധിഷ്ഠാനവും സർവ്വഭേദാവധിഭൂതവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ആയ ഞാൻ കല്പിതനല്ല എന്നതു് മുമ്പുതന്നെ പ്രസിദ്ധ മാണു്. ആദിമദ്ധ്യാന്തങ്ങളിൽ സാക്ഷിയാകയാൽ ഞാൻ അകല്പിതനും ദ്വൈതം സാപേക്ഷമാകയാൽ കല്പിതവു മാകുന്നുവെന്നു് സാരം. 12

ആത്മാവു് വികല്പനാദികൾക്കു് വിഷയമല്ലെന്നു പറയുന്നു.

വികല്പനാ ചാപ്യഭവേ ന വിദ്യതേ
സദന്യദിത്യേവമതോ ന നാസ്തിതാ
യതഃ പ്രവൃത്താ തവ ചാപി കല്പനാ
പുരാ പ്രസിദ്ധേർന ച തദ്വികല്പിതം. 13

അന്വയം: അഭവേ സദ് അന്യദ് ഇതി ഏവം വികല്പനാ ച അപി കല്പനാ യതഃ പ്രവൃത്താ പുരാ- പ്രസിദ്ധേഃ തത് ച വികല്പിതം.

സാരം: നിത്യമായ ആത്മാവിൽ കല്പനകൾ സംഭ വിക്കുന്നില്ല. അതു് സത്താണു്. അസത്തായ വസ്തു വിനു് ഉണ്മയുമില്ല. മനസ്സില്ലെങ്കിൽ കല്പനകളില്ല. മനസ്സു് കല്പിതമാണു്. അതിനു് സ്വരൂപസത്തയില്ല. അതുകൊണ്ടു് എല്ലാം എവിടെ കല്പിക്കപ്പെട്ടിരിക്കു ന്നുവോ അതു് സർവ്വകല്പനാസാക്ഷിയും കൂടസ്ഥനിത്യവു മാകുന്നു. അല്ലയോ മനസ്സേ! നിന്റെ കല്പിതത്വമാകട്ടെ മുമ്പുതന്നെ പ്രസിദ്ധവുമാണു്. 13

ഒരു വസ്തു ഉണ്ടെന്നും ഇല്ലെന്നും പറയുന്നതു് ദർശനാ ദർശനങ്ങൾകൊണ്ടല്ല. അതിനു കാരണം വേറെയാണെ ന്നു നിശ്ചയിച്ചുകൊണ്ടു പറയുന്നു.

അസദ്ദ്വയം തേഽപി ഹി യദ്യദീക്ഷ്യതേ
ന ദൃഷ്ടമിത്യേവ ന ചൈവ നാസ്തിതാ
യതഃ പ്രവൃത്താ സദസദ്വികല്പനാ
വിചാരവദ്വാപി തഥാദ്വയം ച സത്. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: തേ അപി ഹി യത് യത് ഈക്ഷ്യതേ തത് ദ്വയം അസത് ന ദൃഷ്ടം ഇതി ഏവ നാസ്തിതാ ച ന ഏവ. യതഃ സദസദ്വികല്പനം പ്രവൃത്തം തഥാ വിചാരവത് വാ അപി സത് അദ്വയം ച.

സാരം: അല്ലയോ മനസ്സേ! ദ്വൈതം കാണപ്പെടുന്നുണ്ടെങ്കിലും സ്വപ്നംപോലെ ഇല്ലാത്തതാണ്. വായു കാണപ്പെടാത്തതാണെങ്കിലും ഇല്ലാത്തതല്ല. ഉള്ള വസ്തുതന്നെ കാണുന്നവൻെറ സാമർത്ഥ്യക്കുറവുകൊണ്ടോ ദർശനവിഷയമല്ലാത്തതുകൊണ്ടോ അറിയാതിരിക്കാം. അതിനാൽ ദ്വൈതം ഉള്ളതോ ഇല്ലാത്തതോ എന്ന സംശയത്തിനു് ഒരു ആലംബനം വേണം. അതുകൊണ്ടു് എവിടെനിന്നും എല്ലാ കല്പനകളും ഉണ്ടാകുന്നുവോ അതു് അകല്പിതമാകുന്നു. അദ്വയമായ അതിൻെറ നിർണ്ണയംകൂടാതെ വികല്പങ്ങൾ ശമിക്കുകയില്ല. അതുകൊണ്ടു് കല്പിതസർപ്പാദികൾക്കു് കയറു് മുതലായവ ആലംബനമായിരിക്കുന്നതുപോലെ സകല ദ്വൈതപദാർത്ഥങ്ങൾക്കും ആലംബനവും അവധിഭൂതവുമാകുന്ന ആത്മതത്ത്വമെന്നു സാരം. 14

ഉണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കുന്നതിനു വിചാരമാണു് ആവശ്യം. അങ്ങനെ വിചാരംചെയ്താൽ അവശേഷിക്കുന്നതു് അദ്വൈതമാണെന്നു പറയുന്നു:

സദഭ്യുപേതം ഭവതോപകല്പിതം
വിചാരഹേതോര്യദി തസ്യ നാസ്തിതാ
വിചാരഹാനാച്ച തഥൈവ സംസ്ഥിതം
ന ചേത്തദിഷ്ടം നിതരാം സദിഷ്യതേ. 15

അന്വയം: തസ്യ നാസ്തിതാ യദി വിചാരഹേതോഃ ഭവതാ ഉപകല്പിതം സദ് അഭ്യുപേതം. വിചാര-ഹാനാത് ച തഥാ ഏവ സംസ്ഥിതം തദ് ന ഇഷ്ടം ചേത് നിതരാം സത് ഇഷ്യതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സത്തായ വസ്തു ഇല്ലെന്നു പറയുന്നവൻ അതു നിർണ്ണയിക്കുന്നതിന്ന് വിചാരം സ്വീകരിക്കുന്നുവോ? ഇല്ലയോ? സ്വീകരിക്കുന്നെങ്കിൽ സദ്വസ്തു സ്വീകൃതമായി; എന്തെന്നാൽ വിചാരസിദ്ധിക്കുവേണ്ടി എല്ലാ വിചാരകന്മാരാലും ഒരു വസ്തു സ്ഥാപിക്കപ്പെടുന്നുവല്ലോ. വിചാരമെന്നതു് പ്രമാണവ്യാപാരത്തിന്റെ പര്യവസിതഫലത്തെ നിശ്ചയിക്കുന്നതിനുള്ള യുക്തിയാണ്. അതു പ്രമേയമില്ലാതെ സാദ്ധ്യമല്ല. പ്രമേയം പ്രമാണസിദ്ധമായാൽ ബാധിക്കപ്പെടുകയുമില്ല. അപ്പോഠം സദ്വസ്തു സിദ്ധമായി എന്നു സാരം. സദ്വസ്തു ഇല്ലെന്നു പറയുകയാണെങ്കിൽ പ്രമാണം, പ്രമേയം, പ്രമാതാവ് ഇവകൊണ്ടു സാധിക്കേണ്ട വിചാരം ഇല്ലെന്നു വരും. അപ്പോഠം വസ്തുനിർണ്ണയമില്ലാത്തതിനാൽ ഐഹികാമുഷ്മികകാര്യങ്ങളിൽ പ്രവൃത്തി ഇല്ലെന്നുവരും. അതിനാൽ ഏതെങ്കിലും വസ്തു അവിചാരിതവും അനിശ്ചിതവുമാണെങ്കിൽ വിചാരനിർണ്ണയങ്ങളുടെ പര്യവസാനത്തിനു സദ്വസ്തു സ്വീകരിക്കുകതന്നെവേണം. 15

വിചാരത്തിനുവേണ്ടി സദ്വസ്തു സ്വീകരിച്ചാൽ അവിടെ പ്രയോജനവും പ്രവൃത്തിയും ഉണ്ടോ? ഇല്ലയോ? ഉണ്ടെങ്കിൽ ക്ഷണികവാദവും ഇല്ലെങ്കിൽ നരശൃംഗം പോലെ അസദ്വാദവും വരുമെന്നു ബൗദ്ധൻ ശങ്കിക്കുന്നു.

അന്യത്സമം ചൈവ സദിത്യപീതി ചേ—
ദനർത്ഥവത്വാന്നരശൃംഗതുല്യതഃ
അനർത്ഥവത്വം ത്വസതി ഹ്യകാരണം
ന ചൈവ തസ്മാന്ന വിപര്യയേഽന്യഥാ. 16

അന്വയം: സത് ച ഏവ അസത് സമം അനർത്ഥവത്വാത് നരശൃംഗതുല്യതഃ ഇതി ചേത് അസതി അനർത്ഥവത്വം അകാരണം നഹി. തസ്മാത് വിപര്യയേ അന്യഥാ ന.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാരം: സദ്വസ്തുവായ ബ്രഹ്മവും അസദ്വസ്തുവായ നരശൃങ്ഗവും തുല്യമാകുന്നു. എന്തെന്നാൽ അസദ്വസ്തുവിൽ അർത്ഥക്രിയാകാരിത്വമില്ലാത്തതുപോലെ സദ്വസ്തുവിലും അതില്ല. ഏതു് അസത്തോ അതു് അർത്ഥക്രിയാകാരിയല്ല. ഏതു സത്തോ അതു് അർത്ഥക്രിയാകാരിയാണു് എന്നു് കാര്യകാരണഭാവവുമില്ല. അതിനാൽ ബ്രഹ്മം അസത്താണു്.

ശ്രുതിസിദ്ധമായ സദ്വസ്തു അർത്ഥക്രിയാകാരിത്വമില്ലാത്തതിനാൽ നരശൃംഗംപോലെ അസദ്വസ്തുവിനു തുല്യമാണു്. അർത്ഥവത്വമില്ലായ്മ ഒരു വസ്തു അസത്താണെന്നു സാധിക്കുവാൻ കാരണമാകുന്നില്ല. എന്തെന്നാൽ അതിനു സ്വാഭാവികമായ ഒരു സത്തയുണ്ടു്. അതിനാൽ ഏതു് അസത്തോ അതു് അർത്ഥക്രിയാകാരിയല്ല എന്നും പറഞ്ഞുകൂടാ. ഏതു സത്തോ അതു് അർത്ഥക്രിയാകാരിയാകണമെന്നുമില്ല. എന്തെന്നാൽ മുള്ളു് മുതലായവ ഇല്ലെങ്കിലും പാദന്യാസം മുതലായ അർത്ഥക്രിയകൾ കാണുന്നുണ്ടു്. അർത്ഥക്രിയകൾ ഇല്ലെങ്കിലും അസത്തും വേണമെന്നില്ല. ക്രിയാദികൾ ഉണ്ടാകുന്നതിനു മുൻപു് ഉദാസീനവസ്തുദർശനംകൊണ്ടു് അവിടെ പ്രവൃത്തി മുതലായവ ഉണ്ടാകുന്നില്ലല്ലൊ. 16

അർത്ഥക്രിയകൾ ഇല്ലായ്മ എന്ന ഹേതു അസിദ്ധമെന്നു കാണിക്കുന്നു.

അസിദ്ധതശ്ചാപി വിചാരകാരണാ–
ദ്വയം ച തസ്മാത് പ്രസൃതിം ച മായയാ
ശ്രുതേഃ സ്മൃതേശ്ചാപി തഥാ ഹി യുക്തിതഃ
പ്രസിദ്ധ്യതീത്ഥം ന തു യുജ്യതേ⁄ന്യഥാ. 17

അന്വയം: വിചാരകാരണാത് അസിദ്ധതഃ ചാപി ദ്വയം ച തസ്മാത് മായയാ പ്രസൃതിം ച. ശ്രുതേഃ

*51

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്മൃതേഃ തഥാ യുക്തിതഃ ച അപി ഹി ഇത്ഥം പ്രസിദ്ധ്യതി. അന്യഥാ ന തു യുജ്യതേ.

സാരം: അതിന് ഉത്തരം പറയുന്നു: അസത്തിൽ അർത്ഥക്രിയാകാരിത്വമില്ലെന്നതിന് കാരണമില്ല. ബ്രഹ്മത്തിലാകട്ടെ, മായകൊണ്ട് അർത്ഥക്രിയാകാരിത്വ രൂപപ്രപഞ്ചമാകുന്ന ദ്വൈതം പ്രസരിക്കുന്നു. 'മായാം തു പ്രകൃതിം വിദ്യാത് മായിനം തു മഹേശ്വരം', മായ പ്രകൃതിയും ഈശ്വരൻ മായയുള്ളവനുമാകുന്നു, എന്ന ശ്രുതികൊണ്ടും 'മയാധ്യക്ഷേണ പ്രകൃതിഃ സൂയതേ സചരാചരം, 'ഞാൻ സാക്ഷിയായി നിന്നുകൊണ്ടു പ്രകൃതി ചരാചരാത്മകമായ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു', എന്ന സ്മൃതികൊണ്ടും, നാമരൂപങ്ങൾ വാചാരംഭണമാത്രമാണെന്ന യുക്തികൊണ്ടും ബ്രഹ്മത്തിന് അർത്ഥക്രിയാകാരിത്വമുണ്ടാകാമെന്നിരിക്കേ, അതില്ലാത്തതിനാൽ അസത്പദാർത്ഥതുല്യത്വം സിദ്ധിക്കുന്നില്ല. 17

അദ്വയമായ വസ്തു എല്ലാ വികല്പങ്ങൾക്കും കാരണമാകയാൽ അതു് എല്ലാ വികല്പങ്ങളോടുംകൂടിയതാണല്ലോ എന്നു സംശയിച്ചു പറയുന്നു.

വികല്പനാച്ചാപി വിധർമ്മകം ശ്രുതേഃ
പുരാ പ്രസിദ്ധേശ്ച വികല്പതോഽദ്വയഃ
ന ചേതി നേതീതി യഥാ വികല്പിതം
നിഷിദ്ധ്യതേഽത്രാപ്യവശേഷസിദ്ധയേ. 18

അന്വയം: വിധർമ്മകം ശ്രുതേഃ വികല്പനാത് പുരാ പ്രസിദ്ധേഃ ച വികല്പതഃ അദ്വയഃ ന ചേതി നേതീതി ച യഥാ വികല്പിതം നിഷിദ്ധ്യതേ തഥാ അവശേഷസിദ്ധയേ അദ്വയം ന നിഷിദ്ധ്യതേ.

സാരം: ബ്രഹ്മം വികല്പനംകൊണ്ട് വിരുദ്ധസ്വഭാവമായിത്തോന്നുന്നുവെങ്കിലും നിഷ്കളം, നിഷ്ക്രിയം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാന്തം എന്ന ശ്രുതികൊണ്ടും അധിഷ്ഠാനമില്ലാതെ വികല്പനങ്ങളുണ്ടാകുകയില്ല എന്ന യുക്തികൊണ്ടും നിർവ്വികല്പവും വികല്പാധിഷ്ഠാനവുമാണെന്നു സിദ്ധിക്കുന്നു. നേതി, നേതി എന്ന ശ്രുതികൊണ്ടു് നിഷേധിക്കപ്പെട്ടുന്ന ചേതനാചേതനങ്ങളായ സകല വികല്പങ്ങളുടേയും പര്യവസാനസിദ്ധിക്കുവേണ്ടി നിർവ്വിശേഷമായ ആത്മതത്ത്വത്തെ സ്വീകരിക്കുന്നു. അതു നിഷേധിക്കപ്പെടുന്നുമില്ല. 18

ഈ ശ്രുതിയുടെ അർത്ഥത്തിൽ സംശയിക്കുന്നവർക്കു് അനർത്ഥമുണ്ടാകുന്നുവെന്നു പറയുന്നു:

അകല്പിതേഽപ്യേവമജേഽദ്വയേഽക്ഷരേ
വികല്പയന്തഃ സദസച്ച ജന്മഭിഃ
സ്വചിത്തമായാപ്രഭവം ച തേ ഭവം
ജരാം ച മൃത്യും ച നിയാന്തി സന്തതം. 19

അന്വയം: ഏവം അകല്പിതേ അജേ അദ്വയേ അക്ഷരേ സത് അസത് ച ഇതി അപി വികല്പയന്തഃ സ്വചിത്തമായാപ്രഭവം ച തേ ഭവം ജരാം ച മൃത്യും ച സതതം നിയാന്തി.

സാരം: ഭേദവികാരാദിശൂന്യവും ശ്രുതിസിദ്ധവും നിത്യവുമദ്വയവുമായ ബ്രഹ്മത്തിൽ സത്തോ അസത്തോ സവിശേഷമോ നിർവിശേഷമോ എന്നിങ്ങനെ തൻെറ ബുദ്ധിഭ്രമംകൊണ്ടു സംശയിക്കുന്നവൻ പക്ഷിമൃഗാദിരൂപങ്ങളെക്കൊണ്ടു് ഇടവിടാതെ ജരാമരണാദികളെ പ്രാപിക്കുന്നു. 19

സദസദ്വസ്തുവിൻെറ വികല്പനം പുരുഷബുദ്ധിഭ്രമംനിമിത്തമാണെന്നു് യുക്തികൊണ്ടു് ഉറപ്പിക്കുന്നു:

ഭവാഭവത്വം തു ന ചേദവസ്ഥിതിർ–
ന ചാസ്യ ചാന്യസ്ഥിതിജന്മ നാന്യഥാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സതോഽഹ്യസത്ത്വാദസതശ്ച സത്ത്വതോ
ന ച ക്രിയാകാരകമിത്യതോഽപ്യജഃ. 20

അന്വയം: തു ഭവാഭവത്വം ന ചേത് ന ച അസ്യ അവസ്ഥിതിഃ അന്യസ്ഥിതിജന്മ ച ന. സതഃ ഹി അസത്ത്വാത് അസതഃ ച സത്ത്വതഃ ന ച ക്രിയാകാരകം ഇതി അതഃ അപി അജം.

സാരം: ദ്വൈതം സത്സ്വഭാവമോ? അസത്സ്വഭാവമോ? സത്സ്വഭാവമാണെങ്കിൽ മുത്തുച്ചിപ്പിയിലെ രജതംപോലെ മിഥ്യയാകും. അസത്സ്വഭാവമാണെങ്കിൽ ഒരു വസ്തുവില്ലെന്ന വ്യവഹാരമുണ്ടാകുകയില്ല. സദസത്സ്വഭാവം പരസ്പരവിരുദ്ധമാകയാൽ ഒരിടത്തും നടക്കുകയില്ല. സത്തിൽനിന്ന് അസത്തോ അസത്തിൽനിന്നു സത്തോ ഉണ്ടാകുന്നില്ല. മാത്രമല്ല അവിടെ ക്രിയാകാരകങ്ങളും ഉണ്ടാകുന്നില്ല. അതിനാൽ സദ്വസ്തു നിർവിശേഷവും അദ്വയവുമായ ആത്മതത്ത്വമാകുന്നു. 20

ക്രിയാകാരകത്വമില്ലെന്നതു സ്പഷ്ടമാക്കിക്കൊണ്ടു വസ്തുനിത്യത്വം സാധിക്കുന്നു:

അകൃദിഷ്ടം യദി വാസ്യ കാരകം
ന കിഞ്ചിദന്യന്നനു നാസ്ത്യകാരകം
സതോഽവിശേഷാദസതശ്ച സച്ച്യുതൗ
തുലാം തയോര്യദ്വദനിശ്ചയാന്ന ഹി. 21

അന്വയം: അസ്യ കാരകം അകൃത് ഇഷ്ടം അന്യത് കിഞ്ചിത് അകാരകം ന അസ്തി നനു സതഃ വിശേഷാത് അസതഃ ച സച്ച്യുതൗ യദ്വത് തയോഃ അനിശ്ചയാത് തുലാം നഹി.

സാരം: ദ്വൈതത്തിന് നിഷ്ക്രിയമായ കാരകം ഇഷ്ടമാണെങ്കിൽ സക്രിയമായ കാരകവുമുണ്ടോ ഉണ്ടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്കിൽ എല്ലാം എല്ലാത്തിനും എപ്പോഴും കാരകമാണെന്നും വരും. നിത്യവസ്തുവിനു ക്രിയാവത്വം ഉണ്ടെങ്കിൽ എപ്പോഴും കാര്യമുണ്ടാകട്ടെ എന്നു വരും. അനിത്യവസ്തുവിൽ മററൊരു ക്രിയാവത്വം സ്വീകരിക്കുകയാണെങ്കിൽ അനവസ്ഥയും അല്ലെങ്കിൽ ആത്മാശ്രയവും വരും. ക്രിയാവത്വരൂപകാരകം സദവസ്ഥയാലോ അസദവസ്ഥയാലോ സദസദവസ്ഥകളിൽ ക്രിയാവത്വമില്ല. സത്തിൻെറ ച്യുതിയാലും അസത്തിൻെറ ച്യുതിയാലും സാദൃശ്യത്തിൻെറ കോടികളിൽ നമനവും ഉന്നമനവും അനുഭവിക്കുന്നതിനാൽ കാര്യകാരണഭാവനിശ്ചയം ഉണ്ടാകുന്നില്ല. 21

വസ്തുവിനു് അവസ്ഥാന്തരം സ്വീകരിച്ചുകൊണ്ടാണു് ഇങ്ങനെ പറഞ്ഞതു്. വാസ്തവത്തിൽ അതിനു് അവസ്ഥാന്തരത്വം യുക്തമല്ല. അതു് ഒന്നിൻേറയും കാര്യമോ കാരണമോ ആകുന്നുമില്ല.

ന ചേത് സ ഇഷ്ടഃ സദസദ്വിപര്യയഃ
കഥം ഭവഃ സ്യാത് സദസദ്വ്യവസ്ഥിതൗ
വിഭക്തമേതത് ദ്വയമപ്യവസ്ഥിതം
ന ജന്മ തസ്മാച്ച മനോ ഹി കസ്യചിത്. 22

അന്വയം: സ ച സദസദ്വിപര്യയഃ ന ഇഷ്ടഃ ചേത് സദസദ്വ്യവസ്ഥിതൗ ഭവഃ കഥം ഏതദ്ദ്വയം അപി വിഭക്തം അവസ്ഥിതം ഹേ മനഃ തസ്മാത് കസ്യചിത് ജന്മ ന.

സാരം: ഇങ്ങനെ മുൻപറഞ്ഞ ദോഷം പരിഹരിച്ചുവെങ്കിലും സത്തിൻേറയും അസത്തിൻേറയും മാററം ഇഷ്ടമല്ലെങ്കിൽ സദസത്തുകൾ സ്വസ്വരൂപത്തിൽതന്നെ സ്ഥിതിചെയ്യുകയാണെങ്കിൽ ദ്വൈതം എങ്ങിനെയുണ്ടാകും. എന്തെന്നാൽ സത്തും അസത്തുമാകുന്ന രണ്ടും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യോന്യം സംബന്ധമില്ലാതെ വിഭക്തമായി നില്ക്കുകയാണ്. അവയ്ക്കു പൂർവ്വാപരഭാവവും ഇല്ല. അതുകൊണ്ട് അല്ലയോ മനസ്സേ! ഒന്നുംതന്നെ ഉണ്ടാകുന്നില്ലെന്ന് അറിയണം. 22

ഒരു വസ്തുവും ഉണ്ടാകുന്നില്ല എന്നുവരികിലും ബ്രഹ്മഭൂതനായ എനിക്കു ക്ഷയമോ വൃദ്ധിയോ ഇല്ലെന്നു പറയുന്നു:

അഥാഭ്യുപേത്യാപി ഭവം തവേച്ഛയാ
ബ്രവീമി നാർത്ഥസ്തവ ചേഷ്ടിതേന മേ
ന ഹാനവൃദ്ധീ ന യതഃ സ്വതോഽസതോ
ഭവോഽന്യതോ വാ യദി വാസ്തിതാ തയോഃ 23

അന്വയം: അഥ ഇച്ഛതഃ തവ ഭവം അഭ്യുപേത്യ അപി തവ ചേഷ്ടിതേന മേ ന അർത്ഥഃ യദി വാ തയോഃ അസ്തിതാ യതഃ ഹാനവൃദ്ധീ ന സ്വതഃ അസതോ വാ ഭവോ ന.

സാരം: മനസ്സിന്റെ ചേഷ്ടകൊണ്ട് ആത്മാവിന് യാതൊരു പ്രയോജനവുമുണ്ടാകുന്നില്ലെന്നു കാണിക്കുന്നു. ആത്മാവിൽ ഇല്ലാത്തതായ ക്ഷയത്തിന്റേയോ വൃദ്ധിയുടേയോ ഉല്പത്തി തന്നിൽനിന്നോ മററൊന്നിൽനിന്നോ മററേതെങ്കിലും കാരണത്തിൽനിന്നോ ഉണ്ടാകുന്നില്ല. ആ വൃദ്ധിക്ഷയങ്ങൾ ആത്മാവിൽ ഉണ്ടെങ്കിൽത്തന്നെ അല്ലയോ മനസ്സേ! നിന്റെ ചേഷ്ടകൊണ്ട് എനിക്കു കാര്യമില്ല. കാര്യം സിദ്ധിച്ചുകഴിഞ്ഞാൽ നിന്റെ ചേഷ്ട നിഷ്പ്രയോജനമാണെന്നു സാരം. 23

ക്ഷയവൃദ്ധികളുള്ള പദാർത്ഥങ്ങൾക്ക് ആത്മാവിനോട് ബന്ധമില്ലാത്തതിനാൽ ക്ഷയവൃദ്ധികൾ ഇല്ലാത്തവയാണെന്നു കാണിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധ്രുവാ ഹ്യനിത്യാശ്ച ന ചാന്യയോഗിനോ
മിഥശ്ച കാര്യം ന ച തേഷു യുജ്യതേ
അതോ ന കസ്യാപി ഹി കിഞ്ചിദിഷ്യതേ
സ്വയം ച തത്ത്വം ന നിരുക്തിഗോചരം. 24

അന്വയം: ഹി ധ്രുവാഃ അനിത്യാഃ ച അന്യ-യോഗിനഃ ന. തേഷു ച മിഥഃ കാര്യം ന യുജ്യതേ. അതഃ കസ്യാപി കിഞ്ചിത് ന ഇഷ്യതേ ഹി. സ്വയം ച ഗോചരം തത്ത്വം ന നിരുക്തി.

സാരം: സ്ഥിരങ്ങളും ക്ഷണികങ്ങളുമായ പദാർത്ഥങ്ങൾ മററൊന്നുമായി ബന്ധമുള്ളവയല്ല. സ്ഥിരങ്ങൾക്കു വികാരമില്ലാത്തതും ക്ഷണികങ്ങൾക്കു സംബന്ധകാലത്തു് അവസ്ഥയില്ലാത്തതുമാണു് അതിനു കാരണം. അവ അന്യോന്യസംബദ്ധങ്ങളുമാകയില്ല. അതിനാൽ ഒന്നിനും ഒന്നിനോടും സംബന്ധമില്ലെന്നു സാരം. ആത്മതത്ത്വം സ്വയം നിരുപാധികമാകുന്നു. അതിനാൽ മുഖ്യവൃത്തികൊണ്ടു് അതു് വാക്യത്തിനു് വിഷയമാകുന്നില്ല. ലക്ഷണകൊണ്ടു വേദാന്തപ്രമേയമായ ആത്മതത്ത്വനിർണ്ണയത്തിൽ വാക്യം പര്യവസാനിക്കുകയാണു് ചെയ്യുന്നതു്. 24

ദുർന്നിരൂപവും അദ്വൈതസാക്ഷിയും സങ്ഗരഹിതവും അദ്വയാനന്ദാത്മകവും സ്വപ്രകാശവുമായ പരമാത്മവസ്തുസ്വരൂപം ശ്രുതിയുക്തികളെക്കൊണ്ടു നിശ്ചയിച്ച് കൃതകൃത്യനായിത്തീരുകയും ദ്വൈതം തോന്നൽ മാത്രമാകയാൽ അതിനെ നിരാകരിക്കുകം ചെയ്യുന്നുവെന്നുപറയുന്നു:

സമം തു തസ്മാത് സതതം വിഭാതവത്
ദ്വയാദ്വിമുക്തം സദസദ്വികല്പിതാത്
നിരീക്ഷ്യ യുക്ത്യാ ശ്രുതിതസ്തു ബുദ്ധിമാ-
[illegible] 25

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്വയം: തസ്മാത് സദസദ്വികല്പിതാത് തു ദ്വയാത് വിമുക്തം സതതം സമം വിഭാതവത് യുക്ത്യാ ശ്രുതിതഃ ച നിരീക്ഷ്യ ബുദ്ധിമാൻ തു ദീപവത് അശേഷനിർവ്വാണം ഉപൈതി.

സാരം: സത്തു് അസത്തു് എന്നിവകൊണ്ടു് വികല്പിതമായിരിക്കുന്ന ദ്വൈതത്തിൽനിന്നു് എപ്പോഴും വിമുക്തവും ഒരുപോലെ പ്രകാശിക്കുന്നതുമാകുന്ന ബ്രഹ്മം. ശ്രുതിയുക്തികളെക്കൊണ്ടു ബുദ്ധിമാനായ ഒരുവൻ ഒരു വിളക്കു് എന്നപോലെ പെട്ടെന്നു് എല്ലാ ബന്ധങ്ങളേയും നീക്കി ബ്രഹ്മത്തെ സാക്ഷാത്കരിക്കുന്നു. 25

ആത്മതത്ത്വത്തിൻെറ നിരീക്ഷണം സവിഷയകമോ നിർവിഷയകമോ ആകേണ്ടതു് എന്ന ജിജ്ഞാസയിൽ നിർവിഷയകംതന്നെയാകണം എന്നു പറയുന്നു:

അവേദ്യമേകം യദനന്യവേദിനാം
കുതാർക്കികാണാം ച സുവേദ്യമന്യഥാ
നിരീക്ഷ്യ ചേത്ഥം ത്വഗുണഗ്രഹോഽഗുണം
ന യാതി മോഹം ഗ്രഹദോഷമുക്തിതഃ. 26

അന്വയം: അനന്യവേദിനാം അവേദ്യം അന്യഥാ കുതാർക്കികാണാം സുവേദ്യം ച യദ് ഏകം ഇത്ഥം നിരീക്ഷ്യ തു അഗുണഗ്രഹഃ അഗുണം ഗ്രഹദോഷമുക്തിതഃ മോഹം ച ന യാതി.

സാരം: അദ്വിതീയമായ ബ്രഹ്മം സർവ്വസാക്ഷിയായ പ്രത്യഗാത്മാവിൽനിന്നും അന്യമല്ലെന്നു് അറിയുന്നവർക്കു് അതു് അവിഷയമാകുന്നു. ഭേദദൃഷ്ടിയോടെ അന്യമെന്നറിയുന്ന കുതാർക്കികന്മാർക്കു് ആത്മാവു് ജ്ഞാനവിഷയമാകുന്നു. ശാസ്ത്രവിചാരം മുതലായ ക്ലേശങ്ങൾ കൂടാതെ സ്വന്തം ബുദ്ധിയനുസരിച്ചു് ആത്മാവിനെ അറിയുന്നുവെന്നു സാരം. സവികാരങ്ങളായ സത്ത്വാദിഗുണങ്ങളിൽ അഭിനിവേശമില്ലാത്തവൻ ദേഹാദ്യഭിമാനം വിട്ടു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർഗ്ഗുണവും നിർവ്വിശേഷവുമായ ബ്രഹ്മം അവിഷയമാണെന്നു കണ്ടു് അപരോക്ഷാനുഭവം വന്നു് മോഹകാരണമായ അജ്ഞാനാദിയിൽനിന്നു് മുക്തനായിത്തീരുന്നു. 26

അതിപ്രയത്നംകൊണ്ടു് ഇന്ദ്രിയാദികൾക്കു് അവിഷയമായ ആത്മതത്ത്വമറിയുന്നതെന്തിനു് എന്നു പറയുന്നു.

അതോऽന്യഥാ ന ഗ്രഹനാശ ഇഷ്യതേ
വിമോഹബുദ്ധേർഗ്രഹ ഏവ കാരണം
ഗ്രഹോऽപ്യഹേതുസ്ത്വനലസ്ത്വനിന്ധനോ
യഥാ പ്രശാന്തിം പരമാം തഥാ വ്രജേത്. 27

അന്വയം: അതഃ അന്യഥാഗ്രഹനാശഃ ന ഇഷ്യതേ വിമോഹബുദ്ധേഃ ഗ്രഹഃ ഏവ കാരണം യഥാ അനിന്ധനഃ അനലഃ പരമാം പ്രശാന്തിം വ്രജേത് തഥാ ഗ്രഹഃ അപി അഹേതുഃ പരമാം ശാന്തിം വ്രജേത്.

സാരം: ഇപ്രകാരമുള്ള ആത്മജ്ഞാനത്തിൽനിന്നല്ലാതെ മറേറതെങ്കിലും പ്രകാരത്തിൽ മിഥ്യാജ്ഞാനത്തിൽനിന്നും നിവൃത്തിയുണ്ടാകുന്നില്ല. 'നാന്യഃ പന്ഥാ വിദ്യതേऽയനായ' (മുക്തിക്കു് ആത്മജ്ഞാനമല്ലാതെ മററു മാർഗ്ഗമില്ല) എന്നു ശ്രുതിയുമുണ്ടു്. മിഥ്യാജ്ഞാനനിവൃത്തിയുണ്ടാകുന്നില്ലെങ്കിൽ ദേഹം, ഗൃഹം മുതലായവയിൽ ഞാനെന്നും എൻേറതെന്നുമുള്ള അഭിനിവേശത്തിൽനിന്നും മോക്ഷമുണ്ടാകാതെ പോകട്ടെ എന്നാണെങ്കിൽ തീ ജ്വലിക്കുന്നതിനു കാരണമായ വിറകു് ഇല്ലാതിരുന്നാൽ തീ തന്നത്താൻ കെട്ടടങ്ങുന്നതുപോലെ ആത്മജ്ഞാനംകൊണ്ടു് അജ്ഞാനമാകുന്ന കാരണം ഇല്ലാതെ വന്നാൽ അതിൻെറ കാര്യമായ അഹന്താമമതാദികളും തീരെ ഇല്ലാതായിത്തീരുന്നു. അഹന്താമമതകളുടെ കാരണമായ മിഥ്യാജ്ഞാനമില്ലെന്നു വന്നാൽ അവ തന്നത്താൻ അടങ്ങി മോക്ഷസ്വരൂപവും നിരതിശയവുമായ ശാന്തിയുണ്ടാകും. 27

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രകരണത്തിൻെറ ഒടുവിൽ ഗുരുനമസ്കാരരൂപമായ മംങ്ഗളംചെയ്യുന്നു:

വിമഥ്യ വേദോദധിതഃ സമുദ്ധൃതം
സുരൈർമഹാംബ്ധേസ്സു യഥാ മഹാത്മഭിഃ
തഥാഽമൃതം ജ്ഞാനമിദം ഹി യൈഃ പുരാ
നമോ ഗുരുഭ്യഃ പരമീക്ഷിതം ച യൈഃ. 28

അന്വയം: യഥാ സുരൈഃ വിമഥ്യ മഹാബ്ധേഃ അമൃതം സമുദ്ധൃതം. തഥാ മഹാത്മഭിഃ യൈഃ പുരാ വേദോദധിതഃ ഇദം ഹി അമൃതം പരം ജ്ഞാനം ഈക്ഷിതം തേഭ്യഃ ഗുരുഭ്യഃ നമഃ.

സാരം: പണ്ട മഹാത്മാക്കളായ ദേവന്മാർ പാൽക്കടലിൽനിന്നു് അമൃതം കടഞ്ഞെടുത്തതുപോലെ ഏതു മഹാത്മാക്കളായ ഗുരുനാഥന്മാരാണോ വേദമാകുന്ന മഹാസമുദ്രത്തെ കടഞ്ഞു് പ്രകരണരൂപത്തിൽ എന്നാൽ പ്രകാശിതമായ ജ്ഞാനമാകുന്ന അമൃതത്തെ സമുദ്ധരിക്കുകയും ആത്മതത്ത്വത്തെ സാക്ഷാത്കരിക്കുകയും ചെയ്തതു് ആ ഗുരുക്കന്മാർക്കായിക്കൊണ്ടു് നമസ്കാരം. 'തസ്മാദാത്മജ്ഞം ഹ്യർച്ചയേത് ഭൂതികാമഃ' (ഐശ്വര്യം വേണമെന്നു് ആഗ്രഹിക്കുന്നവർ ആത്മജ്ഞാനിയെ അർച്ചിക്കണം) എന്നു് ശ്രുതി. നിരപേക്ഷം മുനിം ശാന്തം നിർവ്വൈരം സമദർശനം അനുവ്രജ്യാമ്യഹംനിത്യം പൂയേയമങ്ഘ്രിരേണുഭിഃ, 'ഞാൻ നിരപേക്ഷനും മുനിയും ശാന്തനും വൈരമില്ലാത്തവനും സമദർശിയുമായ ഗുരുവിനെ അനുസരിക്കുന്നു. അദ്ദേഹത്തിൻെറ പാദപാംസുക്കൾകൊണ്ടു ഞാൻ പരിശുദ്ധനാകണം, എന്നു് സ്മൃതി.

ഇങ്ങനെ ശ്രീ ഗോവിന്ദഭഗവത്പാദശിഷ്യനായ ശ്രീ ശങ്കരഭഗവത്പൂജ്യപാദരുടെ സകല വേദോപനിഷത്സാരഭൂതമായ ഉപദേശസാഹസ്രി പര്യവസാനിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അ

ഗദ്യം	പേജ്
അത്രാപി	74
അത്രാപി ചോദക	77
അത്രോച്യതേ	34
അതോത്രുപാദി	29
അഥ മോക്ഷസാധനോ	1
അനിത്യത്വേ	66
അഭേദപ്രതിപത്തേ	21
അമാനിത്വാദി	5
അവിദ്യായാ	35

പദ്യം	
അകാര്യശേഷമാത്മാനം	170
അകാല ത്വാദ്	4
അകര്‍ത്തൃന്‍	285
അക്രിയത്വേ	325
അകല്പിതോ	403
അകര്‍ത്തൃദിഷ്ടം	404
അചക്ഷുഷ്ട്വാദി	154
അചക്ഷുഷ്ട്വാദി	,,
അചക്ഷുഷ്ട്വാ	150
അജ്ഞാനം തസ്യമൂലം	91
അജോമരശ്ചൈവ	127
അജ്ഞാനം കല്പനാമൂലം	218
അജോഹം	277
അജ്ഞാസിഷമിദം	345
അതഃ സര്‍വ്വമിദം	387
അതോന്യഥാ	409
അത്യദൃഷ്ടി	250
അത്യരേചയദി	98
അത്വയീഗ്രാഹക	322
അത്ഥിദുഃഖീ	323
അഥ നിദോപപത്തേശ്ച	242
അഥാദ്യപേത്യാ	406
അദൃശിര്‍	326
അദൃശ്യോഹി	263
അദൃഷ്ടം ദൃഷ്ടവിജ്ഞാനം	203
അദ്ധ്യക്ഷസ്യ	322
അദ്ധ്യക്ഷസ്യ	338
അദ്ധ്യക്ഷസ്യ	355
അദ്ധ്യക്ഷസ്യാപി	347
അദ്ധ്യക്ഷേണ	355
അദ്ധ്യക്ഷസ്വയം	344
അദ്ധ്യക്ഷോഹമിതി	357
അനാദിതോ	129
അനിത്യാ	153
അനുഭൂതേ	350
അനേകജന്മാന്തര	245
അന്യച്ചേദ്	330
അന്യത്സമം	400
അന്യദൃഷ്ടി	275
അന്യോന്യാ	336
അന്വയവ്യതിരേക	367
അന്വയവ്യതിരേക	368
അന്വയവ്യതിരേക	372
അപായോദ് ഭൃതി	275
അപേക്ഷാ യദി	244
അപോഹോ യദി	353
അപ്രകാശോ യഥാ	228
അപ്രാണസ്യ	150

In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപ്രാണസ്യ 175
അപ്രാപ്യൈവ 199
അബദ്ധചക്ഷുഷോ 261
അഭാവരൂപം 394
അഭിന്നോപി 350
അഭിയുക്തപ്രസിദ്ധി 316
അഭ്രഷ്ടുർ 349
അമനസ്ത്വസ്യ 155
അമനസ്ത്വസ്യ 177
അമൂർത്തമൂർത്തിനി 182
അമൃതം ചാഭയം 140
അമൃതത്വം 98
അല്പഷ്ഠാ 147
അവഗത്യാ 341
അവസ്ഥാന്തര 241
അവികല്പംതദസ്ത്യേവ 218
അവിദ്യയാ 130
അവിദ്യാപ്രഭവം 256
അവിദ്യാബദ്ധ 365
അവിദ്യാമാത്ര 310
അവിവേകാദ് 118
അവിവേച്യോ 323
അവേദ്യമേകം 408
അശനായാദി 377
അശനായാദി 335
അശനായാദ്യതി 165
അശബ്ദാദി 263
അസദേതത്ത്രയം 252
അസദേതത്തതേ ,,
അസമാധിം 176
അസദ്ദ്വയം 398
അസിദ്ധതശ്ചാപി 401
അസ്തി താവദ് 225
അസ്പൃശ്ത്വാ 151
അസ്പൃശ്ത്വാ 360
അസ്പൃശ്ശോപി 362
അഹമജ്ഞാസിഷം 345
അഹമേവ 281
അഹമേവ 284
അഹംകർത്താ 94
അഹംകർത്രാ 301
അഹംകാര്യാദി 306
അഹംകൃത്യാത്ത്ര 304
അഹംക്രിയാദ്യാ 180
അഹംധീരിദ 102
അഹംനിർമുക്ത 382
അഹംപരം 131
അഹംപ്രത്യയബീജം 107
അഹംബ്രഹ്മാസ്മി 137
അഹംബ്രഹ്മാസ്മി 150
അഹംമമൈകേ 120
അഹംമമേത്യേ 179
അഹമിത്യാത്മ 173
അഹംശബ്ദസ്യ 334

ആ

ഗദ്യം

ആചാര്യസ്തു ഊഹാപോഹ ഗ്രഹണ 5
ആചാര്യോ ബ്രൂയാത്— [illegible] 9
ആചാര്യോബ്രൂയാത്— സാധ്വവാദീ 10
ആചാര്യോബ്രൂയാത്— [illegible] 12

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആചാര്യോബ്രൂയാത് —
നൈവംസോമ്യ 20

ആചാര്യോബ്രൂയാത് —
അവിദ്യാകൃതം 33

പദ്യം

ആത്മജ്ഞസ്യാപി 106
ആത്മനീഹ 300
ആത്മനോന്യസ്യ 104
ആത്മനോഗ്രഹണേ 346
ആത്മപ്രത്യായികാ 288
ആത്മബുദ്ധി 201
ആത്മബുദ്ധി മന 219
ആത്മരൂപവിധേ 271
ആത്മലാഭ 231
ആത്മലാഭാത് 248
ആത്മാഗ്നേരി 194
ആത്മാജ്ഞേയ 247
ആത്മാത്ഥതാച്ച 231
ആത്മാത്ഥോ 249
ആത്മാഭാസാ 309
ആത്മാഭാസാ പരിജ്ഞാന 311
ആത്മാഭാസാശ്രയ 311
ആത്മാഭാസാസ്ഥ 313
ആത്മാഭാസോ 304
ആത്മാഹ്യാത്മീയ 169
ആത്മൈക: 189
ആദശ്സ്ഥ 337
ആദശാനുവിധായിത്വം 320
ആദശേ 317
ആധാരസ്യാപ്യ 223
ആധിഭേദാദ്യ 342
ആപേഷാദ് 139
ആഭാസേ പരിണാമ 339
ആഭാസോ 303
ആരബ്ധസ്യ 108
ആലോകസ്ഥോ 356

ഇ

ഗദ്യം

ഇതിഉക്ത:-ശിഷ്യഉവാച 39
ഇത്യുക്തോ ഗുരുരുവാച 50
ഇത്യുക്ത:ശിഷ്യആപി 50
ഇത്യുക്ത: ശിഷ്യആപി 55
ഇത്യുക്ത: ശിഷ്യആപി 59
ഇഹത്വ അസംഹത 74

പദ്യം

ഇതരേതര 232
ഇതിപ്രണുന്നാ 243
ഇതീദമുക്തം 133
ഇത്യേവം 337
ഇതോ 383
ഇത്യേത 156
ഇത്യേവം 159
ഇദംത്വ 129
ഇദംപൂവ്വമിദം 366
ഇദമംശോ 115
ഇദം രഹസ്യം 244
ഇദം വനമതിക്രമ്യ 103
[illegible] 381

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ

ഈക്ഷിതൃത്വം സ്വത: 134
ഈശ്വരത്വേന കിം 173
ഈശ്വരശ്ചേദനാത്മാ 104

ഗദ്യം

ഉ

ഉപദിശ്യ ഗ്രാഹയേദ് 6
ഉച്യതേ-പ്രമായാഃ 72
ഉച്യതേ:- ശൃണു 60

പദ്യം

ഉദ്പാദ്യാപ്യ വികാര്യാണി 272
ഉപലബ്ധി: സ്വയം ജ്യോതിർ 302

ഗദ്യം

ഏ

ഏതാ ഏവശ്രുതയോ 21
ഏവംശ്രുതിസ്മൃതിഭി 8

പദ്യം

ഏതാവദ്ധ്യമൃതത്വം 134
ഏവം ശാസ്ത്രാനുമാനാഭ്യാം 149
ഏവം ച നേതി 374
ഏവംതത്ത്വമസീത്യ ,,
ഏവം തർഹി ന മോക്ഷോസ്തി 239
ഏവം വിജ്ഞാത വാക്യാത്ഥേ 333

ഓ

ഓം ഇതി 81

ഗദ്യം

ക

കഥംചാ 17
കഥം തർഹി 48
കമ്മാദ്സംബന്ധി 24
കിംച യ 87
കിം ഭഗവൻ 49
കിമാശ്രയാഃ 28

പദ്യം

കഥം ഹീദം 382
കർതൃകമ്മ 168
കർതൃത്വം 148
കത്താദ്ധ്യക്ഷ 323
കത്താ 380
കർത്രാ 358
കമ്മകാര്യ 250
കമ്മസ്വാത്മാ 188
കമ്മാണി 91
കമ്മൈ... 341

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരണം കമ്മ 164
കല്പ്യോ 254
കാരകാണ്യ 95
കിമന്യദ് 343
കിംസദേവാ 336
കണ്ഡല്യോ 361
കരു 294
കൂടസ്ഥോ 337
കോശാദിവ 138
കൃതകൃത്യശ്ച 160
കൃപണാ 284
കൃഷ്ണായോ 328
കൃഷ്ണലാഭൗ 373
കൃഷ്യാദി 99
ക്രിയോൽപത്തൗ 234
ക്ഷണവാച്യോ 352
ക്ഷണികംവി 221
ക്ഷീരാത് 278
ക്ഷുധയാ 388

ഖ

ഖമി വൈകരസി 191

ഗ

ഗദ്യം

ഗുരുരാഹ- ശൃണു 43
ഗുരുരുവാച— അവിദ്യാ നിമിത്തം 40
ഗുരുരുവാച— ത്വം പരമാത്മാനം 40
ഗുരുരുവാച- യദി 49
ഗുരുരുവാച - കിംസുഖദുഃഖ 51
ഗുരുരുവാച— സത്യമേവം സ്യാദ് 59

പദ്യം

ഗന്തവ്യം ച തഥാ നൈവ 176
ഗുണാനാം സമഭാവസ്യ 231

ഘ

ഘടാദിരൂപം 181
ഘ്രാണാദീനി 210

ച

ചക്ഷുർയുക്തി 265
ചക്ഷുർവത് കമ്മകർതൃത്വം 215
ചിതിസ്വരൂപേ 118
ചിത്തേപ്യാദശ്വദ്യസ്ഥ 257
ചിത്തം ചേതനമിത്യേത 328
ചിന്മാത്ര ജ്യോതിഷോ 177
ചേതനസ്ത്വം 344
ചേതനോ ചേതനോ 199
ചേഷ്ടിതം ച തഥാ 295
ചൈതന്യപ്രതിബിംബേന 111
ചൈതന്യ ഭാസ്യതാപി 111
ചൈതന്യാഭാസതാ 312

ഛ

ഛായാക്രാന്തേർ 308
ഛരിതാത്മ്യക്തേന 112

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ

ജനിമജ്ഞാന 113
ജന്മമൃത്യു 209
ജാഗ്രത് 218
ജാഗ്രത 255
ജാതികർമ്മ 303
ജാത്യാദീൻ 188
ജിഘത്സാ 151
ജിവശ്ചേദ് 283
ജ്ഞാതതാ 348
ജ്ഞാതൃ 125
ജ്ഞാതുർജ്ഞേയ 168
ജ്ഞാതൈവാ 113
ജ്ഞാതൈ 147
ജ്ഞാന 349
ജ്ഞാനൈ 251
ജ്ഞാതായതോ 207
ജ്ഞാതയതാ 215
ജ്ഞാനേനൈവ 237
ജ്ഞാനംജ്ഞേയം 290
ജൈഞക 306
ജ്യോതിഷോ 216

ഗദ്യം

ത

ത ഇഹ വ്യാഘ്രോവാ 22
തച്ചൈതദ് പരമാത്മ ദർശനം 36
തജ്ജ്ഞാനം 16
തതോപി സ്ഥൂലഭാവ 15
തത്രശബ്ദസ്പർശരൂപ 82
തത്രശബ്ദാദിഭി: 83
തത്രാമി–ഉപലബ്ധിർ 57
തദൈവേദി ഏഷാ അവിദ്യ 80
തദിദം മോക്ഷസാധനം 1
തസ്യാസംഹതസ്യ 47
തേ നാമരൂപേ 14
തംഗുരുരുവാച– ഏവംതർഹി 53
തം ഗുരുരുവാച– നയുക്തസ്തവ 56
തം ഗുരുരുവാച– സത്യമവോചം 60
തം ഗുരുരുവാച- കിം തു അനുഭൂയേതേ 61
തംഗുരുരുവാച-തർഹി 62
തം ഗുരുരുവാച–ശൃണുവത്സ 39
തം ഗുരുരുവാച ന വ്യഭി ചാരാത്ത് 42
തം പ്രതി ബ്രൂയാത്ത് 26
തം പ്രതിബ്രൂയാദാചാര്യഃ 11
തസ്മാദ് പ്രതിഷിദ്ധ തപാത് 23

പദ്യം

തച്ഛബ്ദപ്രത്യഗാത്മാ 374
തത്രൈവം സംഭവത്യത്ഥേ 369
തത്രൈവംസതി 197
തത്വമസ്യാദിവാക്യോത്ഥ 373
തത്വമസ്യാദി വാക്യേഷു 368
തഥാദ്ധ്രുവഫലാ 93
തഥാന്യേന്ദ്രിയ 152
തഥാന്യേഷാം ച 236

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തഥാ വിക്രിയ രൂപത്വാ 228
തഥൈവ ചേതനാഭാസം 328
തദപ്യസ്ത്വിനി 329
തദാനുദൃശ്യതേ ദുഃഖം 362
തദേവൈകം 259
തദ്വിജ്ഞാനായ 380
തസ്മാത്യക്തേന ഹസ്തേന 112
തസ്മാദജ്ഞാനഹാനായ 100
തസ്മാജ്ഞാഭാസ ബുദ്ധീ 320
തസ്മാദനുഭവായൈവ 298
തസ്യൈവാജ്ഞത്വമിഷ്ടം 348
തസ്മാദാദ്യന്തമദ്ധ്യേഷു 375
തസ്മാദദ്വാകൃാത്ഥ 385
തസ്മാദ് ഭ്രാന്തിരതോ 342
തസ്മാന്നീലം തഥാപീതഃ 354
താപാന്തത്വാദനിത്യത്വാ 272
തുല്യകാല സമുദ്ഭൂതാ 224
ത്വം ച മൂഢം ച 144
ത്വമിത്യദ്ധ്യക്ഷ നിഷ്ഷേധ 324
ത്വംസരോസ്തുല്യ
നീഡത്വാ 363
ത്വമത്ഥം പ്രത്യഗാത്മാനം 384
ത്വം പദാത്ഥ വിവേകായ 384
ത്വം കരുത്വം 142

ദ

ദക്ഷിണാക്ഷിപ്രധാനേഷു 195
ദഗ്ദ്ധൈവമൂഢ്യ: 207
ദദതശ്ചാത്മനോജ്ഞാനം 290
ദശമസ്യ നവാത്മത്വ 142
ദശമസ്ത്വമസീതേവ്യം 363
ദശമസ്ത്വമസീത്യേവം 366
ദശാഹാശൌചകാര്യാണാം 270
ദാഹച്ഛേദ വിനാശേഷു 360
ദു:ഖീസ്യാദുഃഖ്യഹം 215
ദു:ഖ്യസ്മീതി 370
ദേഹലിംഗാത്മനാകാര്യാ 140
ദേഹാത്മജ്ഞാനവജ്ഞാനം 109
ദേഹാദ്യാരംഭസാമത്ഥ്യാദ് 108
ദേഹാദ്യൈരവിശേഷേണ 96
ദേഹാത്മബുദ്ധ്യപേക്ഷ
ത്വാത് 148
ദേഹാഭിമാനിനോ ദു:ഖം 143
ദേഹേ[illegible] 319
ദൃശിത്വാദഹമിത്യേഷ 192
ദൃശിരൂപേ സദാ 144
ദൃശിരേവാനുഭൂതതേ 377
ദൃശിസ്തു ശുദ്ധോഹ 126
ദൃശിസ്വരൂപം
ഗഗനോപമം 126
ദൃശി സ്വരൂപേണ 180
ദൃശേശ്ഛായായാ 143
ദൃഷ്ടവച്ഛേദ് പ്രരോഹ 107
ദൃഷ്ടം ചാപി യഥാരൂപം 252
ദൃഷ്ടം ജാഗരിതി 258
ദൃഷ്ടംഹിത്വാ 200
ദൃഷ്ടി: ശ്രുതിർമ്മതി 172
ദൃഷ്ടി:സ്പൃഷ്ടി: 274
ദൃഷ്ട്വാ ബാഹ്യം 276
ദ്രഷ്ടൃശ്രോതൃതഥാമന്തൃ 169
ദ്രഷ്ടാ ച ദൃശ്യം 395
ദ്രഷ്ടുശ്ചാന്യദ് 186
ദ്രഷ്ടൃദൃശ്യത്വസംബന്ധോ 324
ദ്വയോരേവേതി 307

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധ

ധർമ്മാധർമ്മൗതതോജ്ഞസ്യ 91

ധർമ്മാധർമ്മഫലൈർയോഗ 137

ധർമ്മാധർമ്മവിനിർമുക്തം 285

ധീരേവാർത്ഥസ്വതന്ത്രാപാഹി 162

ധ്യായതീത്യവികാരിത്വം 266

ധ്രുവാഹ്യനിത്യാശ്ച 407

ന

ഗദ്യം

ന അനിത്യത്വ പരാർത്ഥ 46

ന അവഗതേഃ നിത്യത്വാ 67

ന അവഗന്തുഃ അവഗതേ 70

ന തർഹി 51

ന ത്വഹം ഭഗവൻ 63

നധാത്വർത്ഥവിക്രിയായാം 58

നനുഅവിദ്യാധ്യാരോപിതം 44

നനു ഉപലബ്ധി 60

നനു ഏവം സതി 72

നനു ചിതിമത്വേ 53

നനുദേഹസ്യാവഗതൗ 76

നനുവ്യഭിചാരോ 64

നനുപ്രമാതൃവിഷയാവഗത്യ 70

ന, പശ്യ, തദനുപപത്തേ 63

നവ്യാഹതത്വാദ് 64

ന സ്വത ഏവാത്മന 47

നായം ദോഷഃ 49

നിത്യായാം പ്രമാതൃ 67

നൈവം അഗ്നേ 54

നൈവ ഭഗവൻ ശക്നോമി 51

പദ്യം

നകശ്ചിച്ചേഷ്യതേ ധർമ്മ 351

നചേദ്ഭ്രയഃ പ്രസൂയേതേ 97

നചേദ് സ ഇഷ്ടഃ 405

ന ചാസ്തി ശബ്ദാദി 178

ന തതോമൃതതാ ശാസ്തി 140

ന തസ്യൈവാന്യതോ 204

ന ത്വേവം ദൃശിസംക്രാന്തി 327

ന ദൃഷ്ടിർലുപ്യതേ 193

ന ദൃശേരവികാരി 309

നനു കർമ്മതഥാ 92

നനു ധ്രുവഫലാ 93

നപ്രകാശ്യം 235

നപ്രിയാപ്രിയ 187

നബാഹ്യം മദ്ധ്യതോ 282

നബുദ്ധേരവബോധോ 314

നബുദ്ധേർ ബുദ്ധി വാച്യത്വം 314

നമേഹേയം ന ചാദേയം 159

നമേസ്തിമോഹസ്തവ 393

നമേസ്തി കശ്ചിന്ന 397

നയേഷാമേക ഏവാത്മാ 315

നവബുദ്ധ്യപഹാരാദ്ധി 365

ന സച്ചാഹം നചാസച്ച 157

ന സ്മരത്യാത്മനോഹ്യാത്മാ 167

ന സ്വയംസ്വസ്യ 288

നഹീഹ ലോഭോ 246

ന ഹസ്തീ ന തദാരൂഢോ 261

നഹിദീപാന്തരി 267

[illegible] 303

നഹിസിദ്ധ്യസ്യ 379

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാത്മഭാസത്വ 339
നാദ്രാക്ഷമഹമിത്യ 332
നാന്യദന്യ 184
നാനയോർദ്വ്യാശ്രയത്വം 312
നാന്യേന ജ്യോതിഷി 204
നാപ്യതോ ഭാവശബ്ദേന 314
നാമജാത്യാദയോ 353
നാമരൂപക്രിയാദ്യോ 136
നാമാദിഭ്യ: പരേഭ്രന്തി 279
നാഹോരാത്രേ 208
നിത്യമുക്തസ്യ 150
നിത്യമുക്തസദേവാസ്മി 292
നിത്യമുക്തത്വ വിജ്ഞാനം 371
നിമീലോന്മീലനേ 219
നിയോഗോപ്രതിപന്ന ത്വാദ് 295
നിർദു:ഖ വാചിനാ 363
നിർദു:ഖോ നിഷ്ക്രിയോ 381
നിർഗ്ഗുണം നിഷ്ക്രിയം 287
നിർദു:ഖോതീത ദേഹേഷു 297
നിവൃത്താ സാകഥം 97
നിശ്ചയാത്മാ ഭവേദ് 212
നേതിനേതീദ 96
നേതിനേത്യാദി 282
നൈക കാരക 99
നൈതദ്ദേയ 289
നൈവംസ്വപ്നേ 340
നൗസ്ഥസ്യ പ്രാതിലോമ്യേന 110

പ

പ്രമാതൃ 68

പദ്യം

പദവാക്യപ്രമാണ 248
പരലോകഭയം 172
പരസ്യദേഹേന 246
പാർത്ഥിവാകഠിനോ 210
പാരഗസ്സു യഥാ 166
പുത്രദു:ഖം യഥാദ്ധ്യസ്തം 299
പൂർവ്വദേഹ പരിത്യാഗേ 269
പൂർവ്വംസ്യാദ് 356
പൂർവ്വബുദ്ധിമബാധിത്വാ 102
പൃഷ്ടമാകാംക്ഷിതം 382
പ്രകാശസ്ഥം യഥാ 141
പ്രകൃതിപ്രത്യയാർത്ഥൗ 312
പ്രജ്ഞാ പ്രാണാനാ 175
പ്രതിബന്ധ വിഹീനത്വാദ് 335
പ്രതിവ്യയസ്തത്വൈസ്യവ 100
പ്രതിഷേദ്ധുമശക്യത്വാ 101
പ്രതിഷിദ്ധേദമംശോ 145
പ്രതിലോമമിദം 331
പ്രത്യയീപ്രത്യയശ്ചൈവ 336
പ്രത്യക്ഷമനുമാനം 354
പ്രത്യക്ഷാദീനി 369
പ്രത്യഗാത്മന 371
പ്രഥമം ഗ്രഹണം 343
പ്രധാനസ്യ ച പാരാർത്ഥ്യ 233
പ്രബോധേന യഥാ 372
പ്രയുജ്യ തൃഷ്ണാജ്വര 389
പ്രശാന്ത ചിത്തായ 245
പ്രസന്നേ വിമലേ 174
പ്രാണാദ്യേവം 277

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രാപ്തശ്ചേദ് 300
പ്രസിദ്ധിർ മൂഢ
ലോകസ്യ 316

ഗദ്യം

ബാഢം അനുഭവാമി 62

പദ്യം

ബന്ധം മോക്ഷം ച 287
ബാദ്ധ്യതേ പ്രത്യ
യേനവാ 359
ബിലാത് സർപ്പസ്യ 206
ബാഹ്യാകാരത്വ 222
ബീജം ചൈകം 260
ബുദ്ധിസ്ഥശ്ചലതീ
വാത്മാ 110
ബുദ്ധീനാം വിഷയോ 377
ബുദ്ധേഃ കർത്തൃത്വ
മധ്യസ്യ 318

ബുദ്ധേസ്തൽപ്രത്യയാ 321
ബുദ്ധൗ ചേത്തത്കൃതഃ 339

ഭവാഭവത്വം തു ന 403
ഭാനോർബിംബ 264
ഭാരൂപത്വാദ് യഥാ 280
ഭിദ്യതേ ഹൃദയഗ്രന്ഥി 209
ഭിക്ഷാമടൻ യഥാസ്വപ്നേ 161

ഗദ്യം

മനശ്ചേന്ദ്രിയാണി 17

പദ്യം

മച്ചൈതന്യാ 124
മണൗ പ്രകാശ്യതേ 117
മദന്യഃ സർവ്വഭൂതേഷു 157
മനസേശ്ചേന്ദ്രിയാണാം 258

പ്രാഗേവൈതദ്വിധേ 269
ഫലാന്തം ചാനുഭൂതം 185
ഫലേ ച ഹേതൗ 120

ബ

ബാഢം ജാഗ്രതി 76

ബുദ്ധ്യാദീനാമനാ
ത്മത്വം 164
ബുദ്ധ്യാദൗ സത്യപാധൗ 173
ബുദ്ധ്യാദ്യദൃശ്യം ഭവേദ് 117
ബുദ്ധ്യാരൂഢം സദാ 331
ബുദ്ധ്യാരൂഢം സദാ 115
ബുഭുക്ഷോര്യദി ചാന്യത്ര 105
ബുദ്ധ്യർത്ഥാന്യാഹ 212
ബോധസ്യാത്മ സ്വരൂപ 240
ബോധാത്മ ജ്യോതിഷാ 240
ബൗദ്ധൈസ്തു- 319
ബ്രഹ്മാദാശരഥേ 333
ബ്രഹ്മാദ്യാഃ സ്ഥാവരാന്താ 123
ബ്രഹ്മാസ്മീദി ചവിദ്യേയം 385

ഭ

ഭേദാഭാവേ 352
ഭേദാഭേദസ്തഥാ 158
ഭൂതദോഷൈ 123
ഭൂതിരേഷാം 351

മ

മുമുക്ഷൂണാം ഉപാത്തപുണ്യാ 82

മനോബുദ്ധീന്ദ്രിയാണാം 197
മനോവൃത്തം മനശ്ചൈവ 135
മമാഹങ്കാര 170
മമാത്മാ 158

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മമാഹം ചേത്യതോ 270
മമേദം ദ്വയമപ്യേ 330
മമേദം പ്രത്യയൗ 330
മമേദമിത്ഥം 132
മഹാരാജാദയോ 139
മാധുര്യാദി 309
മാനസേത്തു 193
മാനസ്യസ്ത്ഥദ്വദസ്യ 152
മാമാഹമിത്യേതദ 210
മായാഹസ്തീന 260

ഗദ്യം

യതസ്ത്വം ഭിന്നജാത്യ 11
യദി ഭഗവൻ 61
യദ്യേവം ഭഗവൻ 34
യദ്പുനരുക്തം 48

പദ്യം

യത്സ്ഥ സ്താപോ 145
യതശ്ചനിത്യോ 393
യതോഭൃത്വാഭവേദ്യച്ച 205
യതോനചാര്യ: 390
യആത്മനേതി 165
യദ്കാമസ്തത് ക്രതുർ 271
യത്രയസ്യാവഭാസസ്ത്ഥ 317
യഥാത്മബുദ്ധി
ചാരാണാം 116
യഥാനഭ്രയന്തേ 375
യഥാന്യത്വേപി
താദാത്മ്യം 171
യഥാവിദ്യാതഥാ കർമ്മ 93
യഥാ വിശുദ്ധം ഗഗനം 182
യഥാസ്വപ്നാന്തരം 149
യഥാഹ്യന്യ ശരീരേഷു 190
യഥേഷ്ടാചരണേ 387

മിഥശ്ചഭിന്നാഃ 396
മിഥ്യാദ്ധ്യാസ 105
മുഖാദന്യോ 304
മുഖേന വ്യപദേശാത് 307
മൂഢയാമൂഢ 153
മൂത്രാശങ്കോയഥോദങ്കോ 109
മൂഷാസിക്തം
യഥാതാമ്രം 161
മോക്ഷോവസ്ഥാന്തരം 229
മൃഷാധ്യാസസ്ഥ 225

യ

യദ്യചേതനോഹം 51
യദ്യേവം ഭഗവൻ 61
യദ്യേവം ഭഗവൻ 78
യഥോക്തം ബ്രഹ്മ 209
യദദ്വയംജ്ഞാനമതീവ 132
യദാനിത്യേഷു 367
യദാഭാസേന 341
യദായം കല്പയേദ്ഭേദം 256
യദാഹം കർത്തുരാത്മത്വം 315
യദേവദൃശ്യതേ 141
യദ്ധർമ്മായ പദാർത്ഥാ 216
യദ്വാക് സൂര്യാംശു 248
യന്മനാസ്തന്മയോ 191
യസ്മാദ് ഭീതാ 279
യദ്യേവം നാന്യദൃശ്യാസ്സേ 322
യസ്മിൻ ദേവാശ്ച 178
യാത്തുസ്യാന്മാനസീ 152
യാമഹാരജനാദ്യാസ്ഥാ 138
യാവാൻസ്യാദിദമം 114
യശ്ചപത്ത്സമവേതത്വം 235

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോവേദാല്യ 146
യേനാധി ഗമ്യതേ 226
യേനവേത്തി 253
യേന സ്വപ്ന 254
യേനാത്മനാ 291
യോഹിയസ്മാദവിരക്ത 387
യോഹം കത്താര 171

ര

രാഹോ പ്രാഗേവ 308
രജ്ജുസപ്പോ 310
രഹസ്യം സവ്വവേദാനാം 289
രാഗദ്വേഷക്ഷയാഭാവേ 92
രാജവത്തു് സാക്ഷിമാത്ര 286
രൂപവത്വാ 125
രൂപസംസ്കാര 190
രൂപസ്മൃത്യ 201
രൂപാദീനാം 354

ല

ലബ്ദപരമാത്മ 13

വ

വാക്യാത്ഥ പ്രത്യയീ 287
വാക്യാത്ഥോ വ്യജ്യതേ 368
വാക്യേഹി ശ്രൂയമാണാനാം 367
വാക്യോ തത്വമസി 373
വാചാരംഭണേ 280
വാചാരംഭണ ശാസ്ത്രാച്ച 227
വാച്യഭേദാത്തു 251
വായ്വാദീനാംയഥോദ്
പത്തേ 123
വാസുദേവോ യഥാംശംസ്തഥ 189
വികാരിത്വമശുദ്ധത്വം 116
വിദ്യായാഃ പ്രതികൂലം 94
വിദ്യൈവാജ്ഞാന 92
വിമത്യവേദോധിതഃ 409
വിരുദ്ധത്വാദതഃ ശക്യം 95
വിശേഷണമിദംസവ്വം 113

ശ

ഗദ്യം

ശബ്ദസ്സധ്വനി സാമാന്യ 84
ശിഷ്യസ്യ ജ്ഞാനാഗ്രഹണം 4
ശിഷ്യഉവാച-
കാസാ അവിദ്യ 40
ശിഷ്യ ഉവാച-യദ്യപ്യഹം 41
ശിഷ്യ ആഹ-പ്രസിദ്ധ 43
ശിഷ്യ ഉവാച-നാഹം 52
ശിഷ്യ ഉവാച:-കഥംതർഹി 60
ശ്രുതിശ്ച:—പരീക്ഷ്യ
ലോകാൻ 2

പദ്യം

ശക്തിലോപാദ് 266
ശബ്ദാദീനാമഭാവശ്ച 154
ശബ്ദാനാമ 316
ശബ്ദാദ്വാന്ത 347
ശബ്ദൈനൈവ 343
ശരീരബുദ്ധി 128

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരീരബുദ്ധ്യോർ 181
ശരീരേന്ദ്രിയ 214
ശാന്തേശ്ചായ 222
ശാന്തം പ്രാജ്ഞം 273
ശാരീരാദിതപ: 258
ശാരീരാപൃഥ്വീവി 122
ശാസ്ത്രയുക്തി 242
ശാസ്ത്രസ്യാനതിശങ്ക്യ 281
ശാസ്ത്രപ്രാമണ്യതോ 292
ശാസ്ത്രാദ് ബ്രഹ്മാസ്മി 386
ശിരോദ്ഃഖാദി 214
ശൂന്യതാപി 217
ശ്രദ്ധാഭക്തി 242
ശ്രുതമാത്രേണ 334
ശ്രുതാനുമാന 296
ശ്രുതേസ്വാത്മനി 383
ശ്രോത-സ്യാദ്ദപദേശ 338
ശ്രോത്രശ്രോതവ്യ 378

ഷ

ഷഡൂർമ്മിമാലാഭ്യതിവൃത്ത 391

സ

ഗദ്യം

സത്യം നാസ്ത്യപരാധ 61
സ യദിബ്രൂയാദ്- ബ്രാഹ്മണപുത്ര: 9
സ യദി ബ്രൂയാദ്— അന്യോഹം 10
സ യദി പൃഛേദ്— കഥം 12
സയദിബ്രൂയാദ്അന്യഏവാ 19
സ യദിബ്രൂയാദ് ഭഗവൻ 25
സ യദിബ്രൂയാദ്— യദി ഭഗവൻ 32
സിദ്ധാ തർഹി 67
സുഖമാസീനം ബ്രാഹ്മണ 38
സ്മൃതയോപി— ആത്മൈവ 19
സ്മൃതിഭ്യശ്ച - പുഃപ്രാണിന 30
സ്മൃതിഭിശ്ച—നജായതേ— 7
സ്വയം ച നോപലഭ്യതേ 27

പദ്യം

സകാമഃസക്രിയോ 381
സകൃദ്ദക്തം ന ഗൃഹ്ണാതി 294
സ ഗുരുസ്താരയേദ്യക്തം 274
സചോക്തസ്തന്നിഭത്വം 355
സത്താമാത്രേ 206
സത്യംജ്ഞാനമനന്തം 278
സത്യമേവ 376
സദാച ഭൂതേഷു 119
സദേവതത്വമസി 294
സദേത്രപനിപൂർവ്വസ്യ 101
സദസത്സദസച്ചേതി 206
സദ് ബ്രഹ്മാഹം 293
സദദൃ[illegible] 399
സഭയാദഭയം 386
സദേവേത്യാദി 372
സദസീതി ഫലം 297
സദസ്മീതി ച വിജ്ഞാന 296
സദസ്മീതിധിയോ 329
സങ്കല്പാദ്ധ്യവസായൗ 220
സന്നിധൗ സർവ്വദാ 302
സബാഹ്യാഭ്യന്തരേ 165
സബാഹ്യാഭ്യന്തരേ 268
സമസ്തം സർവ്വഗം 202
സമാധിർവ്വാ സമാധിർവ്വാ 156
സമാപദ്യ ക്രിയാഃ 90
സമാപ്തേ സ്മഹി 371
സമം തു തസ്മാദ് 407
സമ്യക്സംശയമിഥ്യോക്ത 342
[illegible] 158
സർവ്വപ്രത്യയ 192

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സർവ്വജ്ഞോപ്യത 198
സർവ്വപ്രത്യയ 202
സർവ്വസ്യാത്മാ 283
സർവ്വമാത്മേതി 385
സാക്ഷാദ്ദേവ 262
സാദിത്യം ഹി ജഗത് 167
സിദ്ധാദേവാഹ 292
സിദ്ധിസ്യാദ് 308
സിദ്ധേദൃഖിത്വ 361
സിദ്ധോമോക്ഷാ 379
സിദ്ധോമോക്ഷസ്ത്വ 380
സുഖാദേർ നാത്മധർമ്മ 237
സുഷുപ്ത ജാഗ്രത് 127
സുഷുപ്തവജ്ജാഗ്രതി 133
സുഷുപ്താഖ്യ 259
സൂക്ഷ്മതാപ്യാപിതേ 121
സൂക്ഷ്മൈക്യകാംഗോചരേഭ്യ 239
സേത്രും സർവ്വ വ്യവസ്ഥാ 285
സേത്സ്യതീത്യേയ 378
സോദ്ധ്യാസോ നേതി 299
സോപാധിശ്ചൈവ 198
സംഘാതോ വാസ്തി 193
സംബന്ധാനുപപത്തേശ്ച 234
സംബന്ധഗ്രഹണം 325
സംഭവേദ്യാഗോചരേ 301
സംയോഗസ്യാപി 229
സംവാദമേതം 121
സംസാരിണാം 306
സംസാരീച സ ഇത്യേക 305
സംസാരോവസ്ഥ 311
സ്ഥാനാവച്ഛേദ ദൃഷ്ടി 220
സ്ഥാവരംജംഗമം 169
സ്ഥിതോദീപോ 213
സ്വഷ്ടത്വം കർമ്മ 349
സ്വാത്മാലാപരിഹാര്യ 238
സ്വപ്നസത്യോ 135
സ്വപ്നസ്മൃത്യോ 161
സ്വപ്നേതദ്വത് 255
സ്വപ്നേ ദുഃഖ്യാപി 370
സ്വഭാവശുദ്ധേ 184
സ്വയം ലബ്ധസ്വഭാവ 244
സ്വയം ജ്യോതിർ 333
സ്വയമേവാവഭാസതേ 321
സ്വയം വേദ്യ 376
സ്വരൂപസ്യാനിമിത്ത
ത്വാദ് 229
സ്വരൂപത്വാന്നു 230
സ്വരൂപംചാത്മനോ 318
സ്വരൂപാവ്യവധാനാദ്യാ 203
സ്വലക്ഷണാവധിർ 352
സ്വസാക്ഷികം 244
സ്വാത്മബുദ്ധി 187
സ്വാകാരാന്യവഭാസം 221
സ്വരതോ ദൃശ്യതേ 185

ഹ

ഹന്തതർഹി 316
ഹിത്വാ ജാത്യാദി 284
ഹൃദയന്തേ തു ഹവീം 195

7812

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

GURU... LIBRARY
Ac... 18/4/82
Cl
Ca
Tag etc.
Checked
Any Other

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

In Budha we had the great, universal heart and infinite patience, making religion practical and bringing it to every one's door. In Sankaracharya we saw tremendous intellectual power, throwing the scorching light of reason upon everything. We want today that bright sun of intellectuality, joined with the heart of Budha, the wonderful infinite heart of love and mercy. This union will give us the highest philosophy. Science and religion will meet and shake hands. Poetry and philosophy will become friends. This will be the religion of the future, and if we can work it out, we may be sure that it will be for all times and peoples.

— SWAMI VIVEKANANDA

"The life of Sankara makes a strong impression of contraries. He is a philosopher and a poet, a savant and a saint, a mystic and a religious reformer. Such diverse gifts did he possess that different images present themselves, if we try to recall his personality......he is the mystic who declares that we are all greater than we know. There have been few minds more universal than his."

— Dr. S. RADHAKRISHNAN

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

1	അപരോക്ഷാനുഭൂതി	2–25
2	വിവേകചൂഡാമണി	5–00
3	പ്രബോധസുധാകരം	2–50
4	വാക്യവൃത്തിയും ലഘുവാക്യവൃത്തിയും	4–25
5	ആത്മബോധം	5–00
6	വിഷ്ണുസഹസ്രനാമഭാഷ്യം	13–50
7	ശ്രീരാമകൃഷ്ണസൂക്തികൾ Vol. I	5–00
	Vol. II	15–00
8	ബ്രഹ്മാനന്ദീയം	15–00
9	പരമാത്മപ്രസംഗം	12–00
10	ശ്രീരാമകൃഷ്ണസഹസ്രനാമം	1–50
11	ശ്രീരാമകൃഷ്ണസുപ്രഭാതം	0–50
12	വിഷ്ണുസഹസ്രനാമസ്തോത്രം	2–50
13	വേദസാരശിവസഹസ്രനാമസ്തോത്രം	2–50
14	ഹരിനാമകീർത്തനവും രാമനാമസങ്കീർത്തനവും	2-25
15	ലഘുരാജയോഗം	0–50
16	വീരവാണി III	12–00
17	Quintessence of Vedanta (സർവ്വസിദ്ധാന്തസാരസംഗ്രഹം)	24–00
18	Kalady a Pilgrim Centre	1–00
19	Upanishadic Stories & their Significance	7–50
20	Sri Ramakrishna & Saradadevi	(in Press)

CC-0. In Public Domain. Gurukul Kangri Collection, Haridwar